اَلْكَوْكَبُ السَّاطِعُ مِنَ الْخُطَبِ الْجَوَامِعِ

مَجْمُوعُ خُطَبٍ فِي أُصُولِ الدِّينِ وَمَحَاسِنِهِ وَفَضَائِلِهِ وَمَزَايَاهُ وَنَوَاقِضِهِ

ഖുത്ബകളുടെ സമാഹാരം

[അടിസ്ഥാന വിശ്വാസ കാര്യങ്ങൾ -
ഇസ്‌ലാമിന്റെ മേന്മകളും മഹത്വങ്ങളും
പ്രത്യേകതകളും - ഇസ്‌ലാമിൽ നിന്ന്
പുറത്ത് പോകുന്ന കാര്യങ്ങൾ]

തയ്യാറാക്കിയത് :

ശൈഖ് മാജിദ് ബ്നു സുലൈമാൻ അർ-റസ്സി

مَجْمُوعُ خُطَبٍ

فِي أُصُولِ الدِّينِ وَمَحَاسِنِهِ وَفَضَائِلِهِ وَمَزَايَاهُ وَنَوَاقِضِهِ

(النسخة المليبارية)

إعداد : ماجد بن سليمان الرسي

ترجمها :

مجموعة من طلاب الجامعات السعودية

anaskc٠٨@gmail.com

اَلْكَوْكَبُ السَّاطِعُ مِنَ الْخُطَبِ الْجَوَامِعِ

مَجْمُوعُ خُطَبٍ فِي أُصُولِ الدِّينِ وَمَحَاسِنِهِ وَفَضَائِلِهِ وَمَزَايَاهُ وَنَوَاقِضِهِ

ഖുത്ബകളുടെ സമാഹാരം

[അടിസ്ഥാന വിശ്വാസ കാര്യങ്ങൾ - ഇസ്‌ലാമിന്റെ
മേന്മകളും മഹത്വങ്ങളും പ്രത്യേകതകളും –
ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന കാര്യങ്ങൾ]

തയ്യാറാക്കിയത് :
ശൈഖ് മാജിദ് ബ്നു സുലൈമാൻ അർ-റസ്സി

ഉള്ളടക്കം

മുഖവുര 9

ഈമാൻ കാര്യങ്ങൾ..... 10

1-അല്ലാഹുവിലുള്ള വിശ്വാസം.....11

അല്ലാഹു ഉണ്ട് എന്ന വിശ്വാസം. 12

അല്ലാഹുവിന്റെ റുബൂബിയത്തിലുള്ള വിശ്വാസം 20

ഇബാദത്തുകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഏകനാക്കൽ..... 26

അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം. 36

2-മലക്കുകളിലുള്ള വിശ്വാസം.....47

മലക്കുകളിലുള്ള വിശ്വാസം 48

3-കിതാബുകളിലുള്ള വിശ്വാസം. 60

കിതാബുകളിലുള്ള വിശ്വാസം. 61

4-റസൂലുകളിലുള്ള വിശ്വാസം 71

റസൂലുകളിലുള്ള വിശ്വാസം – 1 72

റസൂലുകളിലുള്ള വിശ്വാസം - 2..... 80

5-അന്ത്യദിനത്തിലുള്ള വിശ്വാസം 89

അന്ത്യദിനത്തിലുള്ള വിശ്വാസം – 1.....90

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങൾ -1..... 97

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങൾ -2..... 104

അന്ത്യദിനത്തിലുള്ള വിശ്വാസം -2 112

അന്ത്യദിനത്തിലുള്ള വിശ്വാസം -3 125

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങൾ -2..... 138

അന്ത്യദിനത്തിലുള്ള വിശ്വാസം -4 146

ശഫാഅത്തിന്റെ ഇനങ്ങൾ..... 146

അന്ത്യദിനത്തിലുള്ള വിശ്വാസം -5 154

6-ഖദറിലുള്ള വിശ്വാസം.....164

ഖദറിലുള്ള വിശ്വാസം 165

നബി ﷺ യിലുള്ള വിശ്വാസം.....172

മുഹമ്മദുർറസൂലുല്ലാഹ്; സാക്ഷ്യവും, നിബന്ധനകളും 173

നബിﷺ യിലുള്ള വിശ്വാസം നമ്മിൽ നിന്നും തേടുന്നത്.....181

റസൂൽ ﷺ യുടെ മഹത്വത്തെ അറിയിക്കുന്ന 10 തെളിവുകൾ..... 193

റസൂൽ ﷺ യോടുള്ള അനുസരണം 200

അവിടുത്തോട് അനുസരണക്കേട് കാണിക്കാതിരിക്കൽ..... 205

നബി ﷺ യെ സ്നേഹിക്കൽ..... 213

സ്വഹാബികളുടെ പ്രത്യേകതകൾ 222

നബി ﷺ യുടെ ഭാര്യമാരെ ആദരിക്കൽ..... 232

നബി ﷺ യുടെ കുടുംബത്തെ ആദരിക്കൽ 238

നബി ﷺ ക്ക് വേണ്ടി സ്വലാത്തും, സലാമും തേടൽ..... 243

നബി ﷺ ക്ക് വേണ്ടി സ്വലാത്ത് ചോദിക്കുന്നതിന്റെ നേട്ടങ്ങൾ..... 250

നബി ﷺ യുടെ ഹിജ്റയിൽ നിന്നുള്ള പതിനാറ് ഗുണപാഠങ്ങൾ.....257

ഇസ്ലാമിൽ നിന്ന് പുറത്തുപോകുന്ന കാര്യങ്ങൾ.....268

ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന ഒന്നാമത്തെ കാര്യം :
അല്ലാഹുവിൽ പങ്കു ചേർക്കൽ 269

ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന രണ്ടാമത്തെ കാര്യം ; 281

മുശ്രിക്കുകളെ, കാഫിറാക്കാതിരിക്കൽ, അല്ലെങ്കിൽ അതിൽ സംശയിക്കൽ, അവരുടെ നിലപാടുകളെ ശരിവെക്കൽ 281

ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന മൂന്നാമത്തെ കാര്യം ; നബി ﷺ യുടെ മാർഗത്തേക്കാൾ ശ്രേഷ്ഠമായ മറ്റൊരു മാർഗമുണ്ടെന്ന് വിശ്വസിക്കൽ..... 292

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന നാലാം കാര്യം : ഇസ്‌ലാമിലെ വല്ല കാര്യത്തെയും വെറുക്കൽ..... 299

ഇസ്ലാമിൽ നിന്നും പുറത്തു പോകുന്ന അഞ്ചാമത്തെ കാര്യം :ദീനുമായി ബന്ധപ്പെട്ട വല്ല കാര്യത്തേയും പരിഹസിക്കൽ.....307

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ആറാമത്തെ കാര്യം : മാരണം ചെയ്യൽ.....317

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ഏഴാമത്തെ കാര്യം : ജ്യോത്സ്യം 329

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന എട്ടാമത്തെ കാര്യം : മുസ്‌ലീമിങ്ങൾക്കെതിരെ നിലകൊള്ളൽ 341

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ഒമ്പതാമത്തെ കാര്യം : ഇസ്‌ലാമിന്റെ മത നിയമങ്ങളിൽ നിന്ന് പുറത്തു കടക്കൽ അനുവദനീയമാണെന്ന് വിശ്വസിക്കൽ..... 345

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന പത്താമത്തെ കാര്യം : ദീനിൽ നിന്നും പൂർണ്ണമായും തിരിഞ്ഞു കളയൽ..... 353

ഇസ്‌ലാമിക ശരീഅത്തിന്റെ സവിശേഷതകൾ..... 360

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (1/8)..... 361

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (2/8).....367

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (3/8) 374

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (4/8) 379

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (5/8)..... 385

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (6/8) 390

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (7/8) 396

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (8/8)..... 400

നിസ്കാരം..... 406

വെള്ളിയാഴ്ചയുടെ പ്രത്യേകതകൾ 407

ജുമുഅ നമസ്കാരത്തിന്റെ പ്രത്യേകതകളും ശ്രേഷ്ഠതകളും 414

നിസ്കാരത്തിന്റെ പ്രാധാന്യം 421

ജമാഅത്ത് നമസ്കാരം നിർബന്ധമാണെന്നും ജമാഅത്തിൽ നിന്ന് വിട്ടുനിൽക്കുന്നത് നിഷിദ്ധമാണെന്നതിനുമുള്ള തെളിവുകൾ 426

നിസ്കാരത്തിലേക്ക് നേരത്തെ ചെല്ലുന്നതിന്റെ മഹത്വം 436

പുണ്യദിനങ്ങളിലെ ഇബാദത്തുകൾ 441

ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങളുടെ പ്രത്യേകതകൾ..... 442

അറഫാ ദിനത്തിന്റെ പത്ത് സവിശേഷതകൾ.....451

ബലിപെരുന്നാൾ ഖുതുബ ; 20 പാഠങ്ങൾ.....457

മുഹർറം, ആശൂറാഅ് നോമ്പ് ; ശ്രേഷ്ഠതയും മഹത്ത്വവും 463

റമദ്വാൻ.....473

റമദാന് മാസം - പത്ത് യുക്തികൾ 474

റമളാൻ മാസത്തിന്റെ മുപ്പത് പ്രത്യേകതകൾ -1 481

റമളാൻ മാസത്തിന്റെ മുപ്പത് പ്രത്യേകതകൾ -2 487

റമദാന് മാസം - ഖുർആൻ പാരായണം അധികരിപ്പിക്കുക. 495

ലയ്ലത്തുൽ ഖദ്ർ - പത്ത് പ്രത്യേകതകൾ.....501

ഈദ് ഫിത്ർ ഖുതുബ 508

മസ്ജിദുൽ അഖ്സാ 514

ബൈത്തുൽ മഖ്ദിസിന്റെയും മസ്ജിദുൽ അഖ്സയുടെയും പത്ത് സവിശേഷതകൾ.....515

ഭൂമിയിലെ കുഴപ്പങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്.....525

ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്..... 526

കൊറോണ : രോഗവും ചികിത്സയും.....532

കൊറോണ, രോഗവും പ്രതിവിധിയും..... 533

മുഖവുര

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെയും മതവിധികളെയും പ്രതിപാദിക്കുന്ന ഖുതുബകളുടെ ലളിതമായ ഒരു സമാഹാരമാണിത്. ഇതിൽ ഇസ്‌ലാമിന്റെ മനോഹാരിതയും ശ്രേഷ്ഠതകളും വിശദീകരിക്കുന്നുണ്ട്. കൂടാതെ, ഇസ്‌ലാമിന്റെ പൂർണ്ണതയെ ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ചും പുണ്യകാലങ്ങളെക്കുറിച്ചും പരാമർശിക്കുന്ന ഖുത്ബകൾ ഇതിലുണ്ട്.

വെള്ളിയാഴ്ചയിലെ ഖുത്ബകൾക്ക് സമൂഹത്തിൽ വലിയ സ്വാധീനവും ഗുണപരമായ മാറ്റങ്ങൾ വരുത്താനുള്ള കഴിവുമുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് ഇങ്ങനെയൊന്ന് തയ്യാറാക്കാൻ തീരുമാനിച്ചത്. ഖത്തീബുമാർക്കും ഉപദേശകർക്കും ഉപകാരപ്പെടട്ടെ എന്ന ഉദ്ദേശ്യത്തോടെയാണ് നൂറ്റിയെട്ട് ഖുത്ബകൾ ഉൾക്കൊള്ളുന്ന ഈ സമാഹാരം ഞാൻ തയ്യാറാക്കിയിരിക്കുന്നത്.

ഇത് എഴുതിയവർക്കും വായിക്കുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും അല്ലാഹു പ്രയോജനം ചെയ്യട്ടെ.

وصلى الله وبارك على نبينا محمد، وآله وصحبه وسلم تسليما كثيرا،

മാജിദ് ബിൻ സുലൈമാൻ അർ-റസ്സി

17 ജുമാദൽ ആഖിറ 1447

majed.alrassi@gmail.com

1

ഈമാൻ കാര്യങ്ങൾ

1- അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹു ഉണ്ട് എന്ന വിശ്വാസം.

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങളറിയുക, 'അല്ലാഹുവിലുള്ള വിശ്വാസം' നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നു ;

- അവൻ ഉണ്ട് എന്ന വിശ്വാസവും
- അവന്റെ റുബൂബിയത്തിലുള്ള വിശ്വാസവും
- ഉലൂഹിയത്തിലുള്ള വിശ്വാസവും
- നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള വിശ്വാസവും. ഇതിൽ ഒന്നാമത്തെ ഭാഗത്തെ കുറിച്ചാണ് ഈ ഖുതുബ.

ശുദ്ധ പ്രകൃതിയും ബുദ്ധിയും മതവും മനുഷ്യന്റെ ഇന്ദ്രിയങ്ങളും അല്ലാഹു ഉണ്ട് എന്ന വിശ്വാസത്തെ അറിയിക്കുന്നു.

യാതൊരു ചിന്തയും പഠനവും കൂടാതെ തന്നെ തനിക്കൊരു സൃഷ്ടാവുണ്ട് എന്ന് വിശ്വാസം മനുഷ്യന്റെ ശുദ്ധ പ്രകൃതിയിൽ ഊട്ടപ്പെട്ടതാണ്. ഇക്കാര്യം ഖുർആനും സത്യപ്പെടുത്തുന്നുണ്ട്:

﴿ وَإِذْ أَخَذَ رَبُّكَ مِن بَنِي آدَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا بَلَىٰ ۛ شَهِدْنَا ۛ أَن تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَٰذَا غَافِلِينَ ﴾

"നിന്റെ റബ്ബ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം ഓർക്കുക. അവൻ ചോദിച്ചു: ഞാൻ നിങ്ങളുടെ റബല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വാഹിച്ചിരിക്കുന്നു.'തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു' എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.)"

മറ്റുള്ള പ്രേരകങ്ങളും കാരണങ്ങളും കൊണ്ടല്ലാതെ ഈ ശുദ്ധ പ്രകൃതിയിൽ നിന്ന് മനുഷ്യൻ പുറത്തു പോകുന്നില്ല. നബി ﷺപറഞ്ഞു:

"ഏതൊരു കുട്ടിയും ശുദ്ധമായ പ്രകൃതിയിലായിട്ടാണ് പിറന്ന് വീഴുന്നത്, പിന്നീട് അവന്റെ മാതാപിതാക്കളാണ് അവനെ യഹൂദിയും നസ്രാണിയും മജൂസിയുമെല്ലാമാക്കുന്നത്"

ഈയൊരു കാരണം കൊണ്ട് തന്നെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ അവിചാരിതമായി മനുഷ്യർ അല്ലാഹുവിനെ വിളിക്കുന്നത് കാണാൻ സാധിക്കും. മക്കാ മുശ്രിക്കുകളും അല്ലാഹു ഉണ്ട് എന്ന കാര്യം അംഗീകരിച്ചിരുന്നു. അല്ലാഹു പറയുന്നു :

﴿ وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ اللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴾

"ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്."

ഈ അർത്ഥത്തിലുള്ള ഒരു പാട് ആയത്തുകളുണ്ട്.

ബുദ്ധിപരമായി; ഈ സൃഷ്ടികൾക്കെല്ലാം ഒരു സ്രഷ്ടാവുണ്ടാകൽ നിർബന്ധമാണ്. അവ അവയെ സ്വയം സൃഷ്ടിച്ചു എന്നത് അസാധ്യമാണ്. കാരണം അവയെല്ലാം ഉണ്ടാകുന്നതിന് മുമ്പ് ശൂന്യതയായിരുന്നു. ശൂന്യത ഒന്നിനെയും സൃഷ്ടിക്കുകയില്ല. അവയെല്ലാം വെറുതെ ഉണ്ടായതുമല്ല. കാരണം;

ഒന്നാമതായി; എല്ലാ നിർമിതിക്കും പിന്നിൽ ഒരു നിർമാതാവ് നിർബന്ധമായും ഉണ്ടാകും. ബുദ്ധിയും ഖുർആനും ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. അല്ലാഹു പറയുന്നു:

﴿ أَمْ خُلِقُوا مِنْ غَيْرِ شَيْءٍ أَمْ هُمُ الْخَالِقُونَ ﴾

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?"

രണ്ടാമതായി ; സുന്ദരമായ ഈ പ്രപഞ്ച വ്യവസ്ഥയും അതിന്റെ അടുക്കും ചിട്ടയും കൂട്ടി മുട്ടലോ താളപ്പിഴവോ ഇല്ലാത്ത പരസ്പരക്രമവുമെല്ലാം അവ സ്വാഭാവികമായി ഉണ്ടായതാണെന്നതിനെ പൂർണമായും നിരാകരിക്കുന്നു. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

﴿ لَا الشَّمْسُ يَنْبَغِي لَهَا أَنْ تُدْرِكَ الْقَمَرَ وَلَا اللَّيْلُ سَابِقُ النَّهَارِ وَكُلٌّ فِي فَلَكٍ يَسْبَحُونَ ﴾

“സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ നിശ്ചിത ഭ്രമണപഥത്തിൽ നീന്തികൊണ്ടിരിക്കുന്നു.”

എങ്ങനെയാണ് നീ നിന്റെ റബ്ബിനെ അറിഞ്ഞത് എന്ന് ചോദിച്ചപ്പോൾ അഅ്റാബി പറഞ്ഞുവത്രേ; ഒട്ടകത്തിന്റെ കാഷ്ടം ഒട്ടകത്തെ അറിയിക്കുന്നു,. കഴുതയുടെത് കഴുതയെ അറിയിക്കുന്നു, കാൽപ്പാടുകൾ അതിലൂടെ സഞ്ചരിച്ചയാളെ അറിയിക്കുന്നു. എങ്കിൽ നക്ഷത്രങ്ങൾ വിധാനിച്ച ആകാശവും താഴ്വരകളുള്ള ഭൂമിയും തിരമാലകൾ അടിച്ചു വീശുന്ന കടലുകളും എല്ലാം കേൾക്കുകയും കാണുന്നവനുമായ സ്രഷ്ടാവിനെ അറിയിക്കുന്നില്ലേ?!

അല്ലാഹുവിന്റെ സൃഷ്ടികളിലെ അത്ഭുതങ്ങളിൽ ഒന്നാണ് കൊതുക്. അവൻ ധാരാളം യുക്തി അതിന്റെ സൃഷ്ടിപ്പിൽ ഒളിപ്പിച്ചു വച്ചിട്ടുണ്ട്. ചിന്തയും ഓർമ്മശക്തിയും സ്പർശിക്കാനും കാണാനും കേൾക്കാനും ഉള്ള കഴിവും ഭക്ഷണം കഴിക്കാനുള്ള അവയവങ്ങളും വയറും ഞരമ്പുകളും മജ്ജയും എല്ലുകളും അല്ലാഹു ചെറിയ സൃഷ്ടിയിൽ സംവിധാനിച്ചിട്ടുണ്ട്. സൃഷ്ടിക്കുകയും ശേഷം വഴി കാണിക്കുകയും ചെയ്തവനായ അല്ലാഹു പരിശുദ്ധനാകുന്നു. അവൻ ഒന്നും തന്നെ വെറുതെ വിട്ടു പോയിട്ടില്ല. ഒരു കവി പറയുന്നു:

ഇരുണ്ട രാത്രിയിൽ കൊതുക് തന്നെ ചിറക് വിരിക്കുന്നത് കാണുന്നവനെ...

അതിന്റെ ശരീരത്തിലെ ഞരമ്പുകളും നേരത്തെ എല്ലുകളിലെ മജ്ജയും കാണുന്നവനെ...

അതിന്റെ ഒരു സന്ധിയിൽ നിന്ന് മറ്റൊരു സന്ധിയിലേക്ക് രക്തക്കുഴലുകളിലൂടെ രക്തം സഞ്ചരിക്കുന്ന ശബ്ദം അറിയുന്നവനെ..

അതിന്റെ കുഞ്ഞിന് വേണ്ട ഭക്ഷണം അതിന്റെ വയറിന്റെ ഇരുട്ടുകളിലെത്തുന്നത് യാതൊരു പ്രയാസവും ഇല്ലാതെ കാണുന്നവനെ...

ധൃതിയിലത് സഞ്ചരിക്കുമ്പോഴും അതിന്റെ കാൽപാദങ്ങൾ പതിഞ്ഞ സ്ഥലങ്ങൾ കാണുന്നവനെ...

അതിനേക്കാൾ സൂക്ഷ്മമായ കാര്യങ്ങൾ ഇരുട്ടും ഭീതിയും നിറഞ്ഞ ആഴക്കടലിൽ നിന്നു പോലും കേൾക്കുകയും കാണുകയും ചെയ്യുന്നവനെ...ഞാൻ മുമ്പ് ചെയ്തു പോയ തെറ്റുകളെല്ലാം മായ്ച്ചു കളയുന്ന തൗബ കൊണ്ട് എന്നെ നീ അനുഗ്രഹിക്കേണമേ..

ചുരുക്കത്തിൽ അനിവാര്യമായും ഈ സൃഷ്ടികൾക്കെല്ലാം ഒരു സൃഷ്ടാവ് ഉണ്ട്. അത് ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവാണ്. ബുദ്ധിപരവും പ്രാമാണികവുമായ ഈ ഖണ്ഡിതമായ തെളിവ് അല്ലാഹു ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു :

﴿ أَمْ خُلِقُوا مِنْ غَيْرِ شَيْءٍ أَمْ هُمُ الْخَالِقُونَ ﴾

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?"

അതായത് അവർ ഒരു സൃഷ്ടാവില്ലാതെ സൃഷ്ടിക്കപ്പെട്ടതല്ല. അവരെ അവർ തന്നെ സൃഷ്ടിച്ചതും അല്ല. എങ്കിൽ പിന്നെ അവരെ സൃഷ്ടിച്ചത് ഉന്നതനും അനുഗ്രഹീതനുമായ അല്ലാഹുവാണ്.

ജുബൈറുബ്നു മുത്വ്ഇം -റളിയല്ലാഹു അൻഹു- മുശ്രിക്കായിരുന്ന സന്ദർഭത്തിൽ,

﴿ أَمْ خُلِقُوا مِنْ غَيْرِ شَيْءٍ أَمْ هُمُ الْخَالِقُونَ ۝ أَمْ خَلَقُوا السَّمَاوَاتِ وَالْأَرْضَ ۚ بَل لَّا يُوقِنُونَ ۝ أَمْ عِندَهُمْ خَزَائِنُ رَبِّكَ أَمْ هُمُ الْمُصَيْطِرُونَ ﴾

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?"

ഈ ആയത്തുകൾ നബി ﷺ പാരായണം ചെയ്യുന്നത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു : "എന്റെ ഹൃദയം പറന്നു പോകുമാറായി. അപ്പോഴായിരുന്നു ആദ്യമായി ഈമാൻ എന്റെ ഹൃദയത്തിൽ ഉറച്ചത്"

بارك الله لي ولكم في القرآن العظيم، ونفعني وإياكم بما فيه من الآيات والذكر الحكيم، أقول قولي هذا واستغفر الله لي ولكم من كل ذنب فاستغفروه، إنه كان للتوابين غفورا.

രണ്ടാമത്തെ ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിന് തഖ് വഉള്ളവരാവുക. അല്ലാഹുവിന്റെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും അർത്ഥമറിയുന്നതിൽ ഹൃദയത്തിനും ബുദ്ധിക്കും അവയവങ്ങൾക്കും ധാരാളം പ്രയോജനങ്ങളുണ്ട്.

അല്ലാഹു ഉണ്ട് എന്നതിനുള്ള മതപരമായ തെളിവ്; ആകാശത്തിനു മുകളിൽ നിന്ന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളിലും മുഴുവനും അത് തന്നെയാണ്. മനുഷ്യന്റെ നന്മക്കായി നിശ്ചയിച്ചിട്ടുള്ള വിധിവിലക്കുകൾ അവന്റെ നന്മ തിന്മകളെ കുറിച്ച് അറിയുന്ന യുക്തിമാനും എല്ലാം അറിയുന്നവനുമായ റബ്ബിനെ കുറിച്ച് അറിയിക്കുന്നു. പ്രാപഞ്ചികമായി അവൻ അറിയിച്ച കാര്യങ്ങൾ പുലർന്നു കാണുന്നത്, അറിയിച്ചത് നടപ്പിലാക്കാൻ കഴിവുള്ള റബ്ബിനെ കുറിച്ച് അറിയിക്കുന്നു.

വൈരുദ്ധ്യങ്ങൾ ഇല്ലാത്ത പരിശുദ്ധ ഖുർആൻ യുക്തിമാനും എല്ലാം അറിയുന്നവനുമായ റബ്ബിന്റെ അടുക്കൽ എന്നാണത് എന്നുള്ളതിനുള്ള ഖണ്ഡിതമായ തെളിവാണ്.

അല്ലാഹു പറയുന്നു :

﴿ أَفَلَا يَتَدَبَّرُونَ الْقُرْآنَ وَلَوْ كَانَ مِنْ عِندِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا ﴾

“അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു. അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു.”

ഇത് ഖുർആൻ കൊണ്ട് സംസാരിച്ച അല്ലാഹുവിനെ കുറിച്ച് അറിയിക്കുന്ന തെളിവാണ്. ഇന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ച് അറിയാവുന്ന കാര്യങ്ങൾ കൊണ്ടും അല്ലാഹു ഉണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കും. അത് രണ്ട് നിലക്കാണ് ;

ഒന്നാമതായി; പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉള്ളവർ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അതിനുത്തരം ലഭിക്കുന്നത് നാം കാണുന്നു, അത് അല്ലാഹു ഉണ്ട് എന്നുള്ളതിന് വ്യക്തമായ തെളിവാണ്. കാരണം അത് പ്രാർത്ഥന കേൾക്കുന്ന ഉത്തരം നൽകുന്ന ഒരു റബ്ബുണ്ട് എന്ന് അറിയിക്കുന്നു. അല്ലാഹു പറയുന്നു :

﴿ وَنُوحًا إِذْ نَادَىٰ مِن قَبْلُ فَاسْتَجَبْنَا لَهُ ﴾

“നൂഹിനെയും ഓർക്കുക. മുമ്പ് അദ്ദേഹം വിളിച്ചുപ്രാർത്ഥിച്ച സന്ദർഭം. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകി.”

അവൻ പറയുന്നു :

﴿ إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَبَ لَكُمْ ﴾

“നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം ഓർക്കുക. അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി.”

അനസ് -റളിയല്ലാഹു അൻഹു- പറയുന്നു: “ഒരിക്കൽ റസൂൽ ﷺ ഖുതുബ പറഞ്ഞു കൊണ്ടിരിക്കെ ഒരു വെള്ളിയാഴ്ച ഒരാൾ മിമ്പറിന് നേരെയുള്ള വാതിലിലൂടെ അകത്തേക്ക് പ്രവേശിച്ചു. റസൂലിന് അഭിമുഖമായി നിന്ന് കൊണ്ട് അയാൾ പറഞ്ഞു : അല്ലാഹുവിന്റെ റസൂലെ, കന്നുകാലികളെല്ലാം നശിച്ചു. യാത്രകളെല്ലാം തടസ്സപ്പെട്ടു. അതുകൊണ്ട് ഞങ്ങൾക്ക് മഴ ലഭിക്കാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കണം. ഇത് കേട്ടപ്പോൾ റസൂൽ ﷺ രണ്ട് കൈകളും ഉയർത്തി പ്രാർത്ഥിച്ചു; അല്ലാഹുവെ, ഞങ്ങൾക്ക് മഴയെ തരണേ. അല്ലാഹുവെ, ഞങ്ങൾക്ക് മഴയെ തരണേ. അല്ലാഹുവെ, ഞങ്ങൾക്ക് മഴയെ തരണേ.

അനസ് -റളിയല്ലാഹു അൻഹു- പറയുന്നു: സല്അ് പർവ്വതം വരെ വീടോ മറ്റോ മറയില്ലാതെ തെളിഞ്ഞ് കാണാവുന്ന ആകാശത്ത് മേഘങ്ങളോ മഴയുടെ മറ്റെന്തെങ്കിലും അടയാളങ്ങളോ ഉണ്ടായിരുന്നില്ല. പൊടുന്നനെ മലയുടെ പിറകിൽ നിന്ന് ഒരു പരിച പോലെ ഒരു മേഘം പ്രത്യക്ഷപ്പെട്ടു. അത് മധ്യത്തിൽ എത്തിയപ്പോൾ പല ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും മഴ ചൊരിയുകയും ചെയ്തു. ഒരാഴ്ച സൂര്യനെ കാണാൻ കഴിയാത്ത വിധം ശക്തമായി മഴ പെയ്തു. അടുത്ത വെള്ളിയാഴ്ച അല്ലാഹുവിന്റെ റസൂൽ നിർവഹിച്ചുകൊണ്ടിരിക്കെ അതേ വാതിലിലൂടെ അയാൾ പ്രവേശിച്ചു. റസൂലിന് അഭിമുഖമായി നിന്നുകൊണ്ട് അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, സമ്പത്തെല്ലാം നശിച്ചു, യാത്ര വഴികൾ തടസ്സപ്പെട്ടു, അതുകൊണ്ട് മഴ നിർത്താൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും. ഉടനെ അല്ലാഹുവിന്റെ റസൂൽ തന്റെ ഇരു കൈകൾ ഉയർത്തി പ്രാർത്ഥിച്ചു :അല്ലാഹുവേ മഴയെ നീ ഞങ്ങളിൽ നിന്നു മാറ്റി ഞങ്ങൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ വർഷിപ്പിക്കേണമേ, മലനിരകളിലും കുന്നുകളിലും ഉയർന്ന പ്രദേശങ്ങളിലേക്കും താഴ്വരകളിലേക്കും വൃക്ഷലതാദികളിലേക്കും വർഷിപ്പിക്കേണമേ. അങ്ങനെ മഴ നിൽക്കുകയും സൂര്യന്റെ വെയിലിൽ ഞങ്ങൾ നടന്നു പോവുകയും ചെയ്തു.”

ഇപ്രകാരം എക്കാലത്തും അല്ലാഹുവിലേക്ക് സത്യസന്ധമായി അഭയം തേടിക്കൊണ്ട് ശരിയായ നിലക്ക് പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചു കൊണ്ടിരിക്കുന്നു.

രണ്ടാമതായി; അല്ലാഹു മുർസലീങ്ങൾക്ക് നൽകുന്ന മുഅ്ജിസത്തുകൾ എന്ന് വിളിക്കപ്പെടുന്ന ദൃഷ്ടാന്തങ്ങൾ ആ മുർസലീങ്ങളെ നിയോഗിച്ച അല്ലാഹുവിനെ കുറിച്ച് അറിയിക്കുന്ന വ്യക്തമായ തെളിവുകളാണ്. കാരണം ആ ദൃഷ്ടാന്തങ്ങൾ മനുഷ്യരുടെ കഴിവിന് അപ്പുറം ഉള്ളതും അല്ലാഹു അവന്റെ മുർസലീങ്ങൾക്ക് പിൻബലമെന്നോണം നടപ്പിലാക്കുന്നവയുമാണ്.

ഉദാഹരണമായി, അല്ലാഹു മൂസാ അലൈഹിസ്സലാമിന് നൽകിയ ദൃഷ്ടാന്തം, അല്ലാഹു കൽപ്പിച്ച പ്രകാരം തന്റെ വടികൊണ്ട് കടലിൽ അടിച്ചപ്പോൾ പർവ്വതങ്ങൾ കണക്ക് സമുദ്രം ഇരുവശങ്ങളിലേക്ക് മാറി ഉണങ്ങിയ 12 വഴികൾ കടലിൽ രൂപപ്പെട്ടു.

﴿ فَأَوْحَيْنَا إِلَىٰ مُوسَىٰ أَنِ اضْرِب بِّعَصَاكَ الْبَحْرَ ۖ فَانفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ ﴾

“അപ്പോൾ നാം മൂസായ്ക്ക് ബോധനം നൽകി; നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കൂ എന്ന്. അങ്ങനെ അത് (കടൽ) പിളരുകയും എന്നിട്ട് (വെള്ളത്തിന്റെ) ഓരോ പൊളിയും വലിയ പർവ്വതം പോലെ ആയിത്തീരുകയും ചെയ്തു.”

അല്ലാഹു ഉണ്ട് എന്നുള്ള കാര്യം അംഗീകരിക്കുന്നത് മനുഷ്യ പ്രകൃതി ആയതുകൊണ്ടും പ്രാപഞ്ചികമായ ദൃഷ്ടാന്തങ്ങൾ കൊണ്ട് തിരിച്ചറിയാൻ കഴിയുന്നതായതുകൊണ്ടും മുർസലീങ്ങൾ അവരുടെ സമുദായത്തോട് ചോദിച്ചു :

﴿ أَفِي اللَّهِ شَكٌّ فَاطِرِ السَّمَاوَاتِ وَالْأَرْضِ ﴾

“ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവായ അല്ലാഹുവിന്റെ കാര്യത്തിലാണോ സംശയമുള്ളത്?”

മുസ്‌ലിമീങ്ങളെ, ചുരുക്കത്തിൽ അല്ലാഹു ഉണ്ട് എന്നുള്ള വിശ്വാസം മനുഷ്യന്റെ പ്രകൃതിയിൽ ഊട്ടപ്പെട്ടതും കേവല ബുദ്ധി കൊണ്ടും അനുഭവേദ്യമായ കാര്യങ്ങൾ കൊണ്ടും മതത്തിന്റെ പ്രമാണങ്ങൾ കൊണ്ടും അറിയപ്പെട്ട കാര്യമാണ്. ഹൃദയത്തിന് വക്രതയുള്ള വളരെ ന്യൂനപക്ഷമായ മതനിഷേധികൾ അല്ലാതെ ഇക്കാര്യം നിഷേധിക്കുകയില്ല.

നിങ്ങൾ അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

അല്ലാഹുവിന്റെ റുബൂബിയത്തിലുള്ള വിശ്വാസം

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്‌ലിമീങ്ങളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങളറിയുക, 'അല്ലാഹുവിലുള്ള വിശ്വാസം' നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നു ;

- അവൻ ഉണ്ട് എന്ന വിശ്വാസവും
- അവന്റെ റുബൂബിയത്തിലുള്ള വിശ്വാസവും
- ഉലൂഹിയത്തിലുള്ള വിശ്വാസവും
- നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള വിശ്വാസവും.

ഇതിൽ റുബൂബിയത്തിലുള്ള വിശ്വാസത്തെ കുറിച്ചാണ് ഈ ഖുതുബ.

അല്ലാഹുവിന്റെ അടിമകളെ, അല്ലാഹുവാണ് റബ്ബ്, അവൻ ഏകനാണ്, അവന് പങ്കുകാരോ സഹായികളോ ഇല്ല എന്ന വിശ്വാസമാണ് അല്ലാഹുവിന്റെ റുബൂബിയ്യത്തിലുള്ള വിശ്വാസം കൊണ്ടുദ്ദേശിക്കുന്നത്. സൃഷ്ടിപ്പും അധികാരവും നിയന്ത്രണവും ഉടമപ്പെടുത്തുന്നവനാണ് റബ്ബ്. അതായത് അല്ലാഹുവല്ലാതെ സ്രഷ്ടാവോ ഉടമസ്ഥനോ നിയന്താവോ ഇല്ല.

സൃഷ്ടിപ്പിലുള്ള അല്ലാഹുവിന്റെ ഏകത്വം വിശദീകരിച്ചു കൊണ്ട് അവൻ പറഞ്ഞു :

﴿ أَلَا لَهُ الْخَلْقُ وَالْأَمْرُ ﴾

"അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാകുന്നു."

അല്ലാഹു പറയുന്നു:

﴿ بَدِيعُ السَّمَاوَاتِ وَالْأَرْضِ ﴾

“ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ.”

അല്ലാഹു പറയുന്നു:

﴿ الْحَمْدُ لِلَّهِ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ ﴾

“ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനായ അല്ലാഹുവിന് സ്തുതി.”

മുഅ്മിനീങ്ങളെ, അല്ലാഹുവിന്റെ അതിമഹത്തായ സൃഷ്ടികൾ പത്തെണ്ണമാണ്; ആകാശങ്ങളും ഭൂമിയും സൂര്യനും ചന്ദ്രനും രാവും പകലും ജനങ്ങളും മൃഗങ്ങളും മഴയും കാറ്റുമാണവ. ഇവയുടെ സൃഷ്ടിപ്പ് പലയിടങ്ങളിലും അവൻ പ്രതേക എടുത്തു പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും സൂറത്തുൽ ജാസിയ പോലുള്ള ചില സൂറത്തുകളുടെ തുടക്കത്തിൽ, അവൻ പറയുന്നു:

﴿ حم ۝ تَنزِيلُ الْكِتَابِ مِنَ اللَّهِ الْعَزِيزِ الْحَكِيمِ ۝ إِنَّ فِي السَّمَاوَاتِ وَالْأَرْضِ لَآيَاتٍ لِّلْمُؤْمِنِينَ ۝ وَفِي خَلْقِكُمْ وَمَا يَبُثُّ مِن دَابَّةٍ آيَاتٌ لِّقَوْمٍ يُوقِنُونَ ۝ وَاخْتِلافِ اللَّيْلِ وَالنَّهَارِ وَمَا أَنزَلَ اللَّهُ مِنَ السَّمَاءِ مِن رِّزْقٍ فَأَحْيَا بِهِ الأَرْضَ بَعْدَ مَوْتِهَا وَتَصْرِيفِ الرِّيَاحِ آيَاتٌ لِّقَوْمٍ يَعْقِلُونَ ﴾

“ഹാമീം. ഈ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു. തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിങ്ങളുടെ സൃഷ്ടിപ്പിലും ജന്തുജാലങ്ങളെ അവൻ വിന്യസിക്കുന്നതിലുമുണ്ട് ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും. രാവും പകലും മാറിമാറി വരുന്നതിലും, അല്ലാഹു ആകാശത്തു നിന്ന് ഉപജീവനം ഇറക്കി അതുമുഖേന ഭൂമിക്ക് അതിന്റെ നിർജീവാവസ്ഥയ്ക്ക് ശേഷം ജീവൻ നൽകിയതിലും, കാറ്റുകളുടെ ഗതി നിയന്ത്രണത്തിലും ചിന്തിച്ചു മനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.”

അവൻ മാത്രമാണ് ഉടമസ്ഥൻ എന്നതിനുള്ള തെളിവ്;

﴿ وَقُلِ الْحَمْدُ لِلَّهِ الَّذِي لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُ شَرِيكٌ فِي الْمُلْكِ وَلَمْ يَكُن لَّهُ وَلِيٌّ مِّنَ الذُّلِّ وَكَبِّرْهُ تَكْبِيرًا ﴾

“സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും, ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി! എന്ന് നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്വപ്പെടുത്തുകയും ചെയ്യുക”

അല്ലാഹു പറയുന്നു:

﴿ ذَٰلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ ﴾

“അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.”

നിയന്ത്രണം അവന് മാത്രമാണെന്നതിന്റെ തെളിവ് ;

﴿ أَلَا لَهُ الْخَلْقُ وَالْأَمْرُ ﴾

“അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്.”

അല്ലാഹു പറയുന്നു:

﴿ إِنَّمَا قَوْلُنَا لِشَيْءٍ إِذَا أَرَدْنَاهُ أَن نَّقُولَ لَهُ كُن فَيَكُونُ ﴾

“നാം ഒരു കാര്യം ഉദ്ദേശിച്ചാൽ അത് സംബന്ധിച്ച നമ്മുടെ വചനം "ഉണ്ടാകൂ" എന്ന് അതിനോട് നാം പറയുക മാത്രമാകുന്നു. അപ്പോഴതാ അതുണ്ടാകുന്നു.”

അല്ലാഹു പറയുന്നു:

﴿ وَإِلَيْهِ يُرْجَعُ الْأَمْرُ كُلُّهُ ﴾

“അവങ്കലേക്ക് തന്നെ കാര്യമെല്ലാം മടക്കപ്പെടുകയും ചെയ്യുന്നു.”

മുസ്‌ലിമീങ്ങളെ, അല്ലാഹുവിന്റെ കൽപ്പനകൾ രണ്ടു തരമാണ്; മതപരമായ കൽപ്പനകളും പ്രാപഞ്ചികമായ കൽപ്പനകളും.

മത നിയമങ്ങളുമായി ബന്ധപ്പെട്ട കൽപ്പനകളാണ് ഒന്നാമത്തേത്. അല്ലാഹു മാത്രമാണ് മത നിയമങ്ങൾ കൽപ്പിക്കുന്നത്. സൃഷ്ടികളുടെ അവസ്ഥക്ക് യോജിച്ച രൂപത്തിൽ അവന്റെ യുക്തി താൽപര്യപ്പെടുന്ന രീതിയിൽ അവൻ കൽപ്പിക്കുകയും ഉദ്ദേശിക്കുന്നത് അവൻ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. അവൻ കൽപ്പിച്ച രൂപത്തിൽ പ്രവർത്തിക്കുന്നതാണ് അവന്റെ അടുക്കൽ സ്വീകാര്യമായത്.കാരണം അവനാണ് സൃഷ്ടികളുടെ അവസ്ഥയെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനും അവരോട് അങ്ങേയറ്റം കരുണയുള്ളവനും.

രണ്ടാമത്തേത്; പ്രാപഞ്ചികമായ കൽപ്പനയാണ്.അത് പ്രപഞ്ചത്തിന്റെ നിയന്ത്രണവുമായി ബന്ധപ്പെട്ടതാണ്. മേഘങ്ങൾ സഞ്ചരിക്കുന്നതും മഴ വർഷിക്കുന്നതും ജീവിതവും മരണവും ഉപജീവനവും സൃഷ്ടിപ്പും ഭൂചലനങ്ങളും പ്രയാസങ്ങൾ നീങ്ങുന്നതും ലോകത്തിന്റെ അവസാനവുമെല്ലാം അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് മാത്രമാണ്. അപ്രകാരം അല്ലാഹു കൽപ്പിക്കുന്ന കാര്യങ്ങൾ സംഭവിക്കുക തന്നെ ചെയ്യും. അവയെ

തടയാനോ അതിജയിക്കാനോ മറ്റൊരു ശക്തിയും തന്നെ ഇല്ല. അവൻ പറഞ്ഞതു പോലെ;

﴿ إِنَّمَا قَوْلُنَا لِشَيْءٍ إِذَا أَرَدْنَاهُ أَن نَّقُولَ لَهُ كُن فَيَكُونُ ﴾

“നാം ഒരു കാര്യം ഉദ്ദേശിച്ചാൽ അത് സംബന്ധിച്ച നമ്മുടെ വചനം "ഉണ്ടാകൂ" എന്ന് അതിനോട് നാം പറയുക മാത്രമാകുന്നു. അപ്പോഴതാ അതുണ്ടാകുന്നു.”

അവൻ പറയുന്നു:

﴿ وَمَا أَمْرُنَا إِلَّا وَاحِدَةٌ كَلَمْحٍ بِالْبَصَرِ ﴾

“നമ്മുടെ കൽപന ഒരൊറ്റ പ്രഖ്യാപനം മാത്രമാകുന്നു. കണ്ണിന്റെ ഒരു ഇമവെട്ടൽ പോലെ.”

അതായത് അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ “കുൻ” എന്ന് പറയുകയേ വേണ്ടു, കണ്ണിമ വെട്ടുന്നത് പോലെ അല്പം പോലും താമസമില്ലാതെ അതുണ്ടാകും

ചുരുക്കത്തിൽ അല്ലാഹുവിന്റെ കല്പനകൾ മതപരമായ പ്രാപഞ്ചികമായതും ഉണ്ട്. മതപരമായ കൽപ്പനകളുടെ അടിസ്ഥാനത്തിലാണ് ഖിയാമത്ത് നാളിൽ പ്രതിഫല നടപടികൾ ഉണ്ടാവുക

രണ്ടാമത്തെ ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിനോട് തക് വ കാണിക്കുക, നിങ്ങൾ അറിയുക, സൃഷ്ടികളിൽ ആരെങ്കിലും അല്ലാഹുവിന്റെ റൂമിയത്ത് നിഷേധിച്ചിട്ടുണ്ടെങ്കിൽ അത് അഹങ്കാരത്തോടെയും പറയുന്ന കാര്യത്തിൽ അവർക്ക് പോലും വിശ്വാസമില്ലാതെയും ആയിരുന്നു. ഫിർഔനിന്റെ കാര്യം പോലെ; ഫിർഔൻ തന്റെ ആളുകളോട് പറഞ്ഞു :

﴿ أَنَا رَبُّكُمُ الْأَعْلَىٰ ﴾

“ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു.”

അവൻ പറഞ്ഞു :

﴿ يَا أَيُّهَا الْمَلَأُ مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِي ﴾

“പ്രമുഖൻമാരെ, ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല.”

പക്ഷേ ഇതൊന്നുംഅവൻ സത്യസന്ധമായും വിശ്വാസത്തോടുകൂടിയും പറയുന്നതായിരുന്നില്ല, മറിച്ച് അഹങ്കാരവും ധിക്കാരവുമായിരുന്നു ഫിർഔനിനെ ഇതിന് പ്രേരിപ്പിച്ചത്. അല്ലാഹു പറയുന്നു:

﴿ وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا ﴾

“അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവരതിനെ നിഷേധിച്ചുകളഞ്ഞു.”

നബി ﷺ യുടെ കാലത്തുള്ള മുശ്രിക്കുകളും അല്ലാഹുവിന്റെ അല്ലാഹുവിന്റെ അംഗീകരിക്കുന്നവരായിരുന്നു. അല്ലാഹുവാണ് സൃഷ്ടാവ്, അവനാണ് ഉപജീവനം നൽകുന്നവൻ,പ്രപഞ്ചത്തെ നിയന്ത്രിക്കുന്നവൻ എന്നെല്ലാം അവർ വിശ്വസിച്ചിരുന്നു. എന്നാൽ അല്ലാഹുവിന്റെ കൂടെ വിഗ്രഹങ്ങളെയും ബിംബങ്ങളെയും ഇബാദത്തുകളുടെ കാര്യത്തിൽ അവർ പങ്കുചേർത്തി.പ്രാർത്ഥനയും അറവും നേർച്ചയും സുജൂദും പോലുള്ള ഇബാദത്തുകൾ അവക്കും അവർ അർപ്പിച്ചു. അതുകൊണ്ടാണ് അവർ കാഫിറുകളായത്. അല്ലാഹുവാണ് റബ്ബ് എന്ന് വിശ്വസിച്ചത് അവർക്ക് പ്രയോജനം

ചെയ്തില്ല. കാരണം അല്ലാഹു മാത്രമാണ് റബ്ബ് എന്ന വിശ്വാസത്തിന്റെ അനിവാര്യമായ ഫലമായ ഉലൂഹിയത്തിലുള്ള അവന്റെ ഏകത്വത്തെ അവർ അംഗീകരിച്ചില്ല. ഇത് രണ്ടു അംഗീകരിക്കാതെ ഒരാളും മുസ്ലിമാവുകയില്ല. മക്കത്തെ മുശ്രിക്കുകൾ അല്ലാഹുവിന്റെ റുബൂബിയത്ത് അംഗീകരിച്ചിരുന്നു എന്ന് വെക്തമാക്കുന്ന അല്ലാഹുവിന്റെ വചനങ്ങൾ കാണുക:

﴿ قُل لِّمَنِ الْأَرْضُ وَمَن فِيهَا إِن كُنتُمْ تَعْلَمُونَ ۝ سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَذَكَّرُونَ ۝ قُلْ مَن رَّبُّ السَّمَاوَاتِ السَّبْعِ وَرَبُّ الْعَرْشِ الْعَظِيمِ ۝ سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَتَّقُونَ ۝ قُلْ مَن بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِن كُنتُمْ تَعْلَمُونَ ۝ سَيَقُولُونَ لِلَّهِ ۚ قُلْ فَأَنَّىٰ تُسْحَرُونَ ﴾

“നബിയേ, ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടെതാണ്? നിങ്ങൾക്കറിയാമെങ്കിൽ പറയൂ.

അവർ പറയും; അല്ലാഹുവിന്റേതാണെന്ന്. നീ പറയുക: എന്നാൽ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?

നീ ചോദിക്കുക: ഏഴു ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവും ആരാകുന്നു?

അവർ പറയും: അല്ലാഹുവാകുന്നു. നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവനെതിരായി എവിടെ നിന്നും അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ പറയൂ.

അവർ പറയും: അതെല്ലാം അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ സത്യത്തിൽ നിന്നും തെറ്റിപ്പോകുന്നത്?”

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ, നിങ്ങൾ അറിയുക, അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

ഇബാദത്തുകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഏകനാക്കൽ

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങൾ അറിയുക,

അല്ലാഹു കൽപ്പിച്ചതിൽ വച്ച് ഏറ്റവും ഗൗരവമേറിയ തൗഹീദ്, അഥവാ ഇബാദത്തുകളിൽ അവനെ ഏകനാക്കണമെന്നതും, അവനു മാത്രം ആരാധനകൾ അർപ്പിക്കണം, അവനിൽ യാതൊന്നിനെയും പങ്കു ചേർക്കരുത് എന്നതും ആകുന്നു. ആ ലക്ഷ്യത്തിനു വേണ്ടിയാണ് അല്ലാഹു മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചത്. അവൻ പറയുന്നു:

﴿ وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴾

“എനിക്ക് ഇബാദത്ത് ചെയ്യാൻ വേണ്ടിയല്ലാതെ ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചിട്ടില്ല”

അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകൾക്കും പ്രവർത്തികൾക്കും പറയുന്ന പേരാണ് ഇബാദത്ത്.

ഇബ്നു തൈമിയ്യ -റഹിമഹുല്ലാഹ്- പറഞ്ഞു : 'നിസ്കാരവും സക്കാത്തും നോമ്പും ഹജ്ജും സത്യസന്ധമായ സംസാരവും അമാനത്ത് നിർവഹിക്കലും മാതാപിതാക്കൾക്ക് പുണ്യം ചെയ്യലും കുടുംബ ബന്ധം ചേർക്കലും കരാറുകൾ പാലിക്കലും നന്മ കൽപ്പിക്കലും തിന്മ വിലക്കലും കാഫിറുകളോടും മുനാഫിക്കുകളോടും ജിഹാദ് ചെയ്യലും അയൽവാസിക്കും യത്തീമിനും സാധുക്കൾക്കും വഴിയാത്രക്കാർക്കും അടിമകൾക്കും നന്മ ചെയ്യലും മൃഗങ്ങളോട് നന്മ കാണിക്കലും പ്രാർത്ഥനയും ദിക്റുകളും ഖുർആൻ പാരായണവും പോലുള്ള ഇബാദത്തുകളും.

അതുപോലെതന്നെ അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഉള്ള സ്നേഹവും അല്ലാഹുവിനോടുള്ള ഭയഭക്തിയും അവനിലേക്ക് ഖേദിച്ച് മടങ്ങുന്നതും ഇഖ് ലാസും അല്ലാഹുവിന്റെ വിധികളിൽ ക്ഷമിക്കലും അവൻ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കലും അവന്റെ തീരുമാനങ്ങളിൽ തൃപ്തിപ്പെടലും അവനിൽ ഭരമേൽപ്പിക്കലും അവന്റെ കാരുണ്യത്തിൽ പ്രതീക്ഷിക്കലും അവന്റെ ശിക്ഷയെ ഭയപ്പെടലും പോലുള്ളവയും അല്ലാഹുവിനുള്ള ഇബാദത്തുകളിൽ പെട്ടവയാണ്'.

അല്ലാഹുവിന്റെ അടിമകളെ,

മുർസലീങ്ങളുടെ പ്രബോധനം തൗഹീദിന്റെ ഈ ഇനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരുന്നു. അല്ലാഹു പറയുന്നു :

﴿وما أرسلنا من قبلك من رسول إلا نوحي إليه أنه لا إله إلا أنا فاعبدون﴾.

"ഞാൻ അല്ലാതെ ഇബാദത്തുകൾക്ക് അർഹനായി മറ്റാരുമില്ല അതുകൊണ്ട് എനിക്ക് ഇബാദത്ത് ചെയ്യുവിൻ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ താങ്കൾക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല."

മുർസലീങ്ങൾ എല്ലാം തങ്ങളുടെ സമുദായത്തോട് പറയുന്നതായി അള്ളാഹു സൂചിപ്പിച്ചു :

﴿اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ﴾.

“നിങ്ങൾ അല്ലാഹുവിനെ ഇബാദത്ത് ചെയ്യുക അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനില്ല.”

മുഅ്മിനീങ്ങളെ,

അല്ലാഹു മാത്രമേ ഇബാദത്തുകൾക്ക് അർഹനായുള്ളൂ എന്നതിനുള്ള ഏറ്റവും മഹത്തായ തെളിവ് റുബൂബിയത്തിലുള്ള അവന്റെ ഏകത്വമാണ്. റുബൂബിയത്തിൽ അവനെ യാതൊരു പങ്കാളികളും ഇല്ല. റുബൂബിയത്ത് സൃഷ്ടിപ്പും ഉടമസ്ഥതയും നിയന്ത്രണവും ഉപജീവനവും എല്ലാം ഉൾക്കൊള്ളുന്നതാണ്. അല്ലാഹുവല്ലാതെ മറ്റൊരു സ്രഷ്ടാവില്ല, അവനല്ലാതെ മറ്റൊരു ഉടമസ്ഥൻ ഇല്ല, അവൻ അല്ലാതെ ഉപജീവനം നൽകുന്നവനില്ല, അവനല്ലാതെ മറ്റൊരു നിയന്താവില്ല.

സൃഷ്ടിപ്പിൽ ഉള്ളവന്റെ ഏകത്വം വിശദീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു :

﴿الله خالق كل شيء وهو على كل شيء وكيل﴾.

“അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു.”

ഉടമസ്ഥതയിലുള്ള അവന്റെ ഏകത്വത്തെ കുറിച്ച് വിശദീകരിച്ചുകൊണ്ട് അവൻ പറയുന്നു:

﴿ذَٰلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ﴾،

“നിങ്ങളുടെ റബ്ബായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.”

നിയന്ത്രണത്തിലുള്ള അവന്റെ ഏകത്വത്തിൽ ഉള്ള തെളിവ്:

﴿وإليه يُرجع الأمر كله﴾،

“അവനിലേക്കാണ് എല്ലാ കാര്യങ്ങളും മടക്കപ്പെടുന്നത്.”

ഈ പ്രപഞ്ചത്തിന്റെ നിയന്ത്രണവും ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും മഴ വർഷിപ്പിക്കുന്നതും വരൾച്ചയുണ്ടാക്കുന്നതും ധന്യതയും ദാരിദ്ര്യവും നൽകുന്നതും ആരോഗ്യവും രോഗവും തുടങ്ങി ഈ പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ തീരുമാനവും കൽപ്പനയും അനുസരിച്ചാണ്.

ഉപജീവനം നൽകുന്ന കാര്യത്തിൽ അവന്റെ ഏകത്വം വിശദീകരിച്ചുകൊണ്ട് അവൻ പറയുന്നു :

﴿إن الله هو الرزاق ذو القوة المتين﴾.

“തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും.”

മുസ്ലിമീങ്ങളെ, ഉലൂഹിയത്തിലുള്ള തൗഹീദിന്റെ വിപരീതം ഇബാദത്തിൽ അവന് പങ്കു ചേർക്കലാണ്. അഥവാ ഇബാദത്തുകളിൽ നിന്ന് വല്ലതും അല്ലാഹുവല്ലാത്തവർക്ക് വേണ്ടി നിർവഹിക്കലാണ്. അല്ലാഹു ഇബാദത്ത് ചെയ്യുന്നതുപോലെ അവന് പങ്കുകാരൻ നിശ്ചയിച്ചുകൊണ്ട് അവർക്ക് ഇബാദത്ത് ചെയ്യുക. അല്ലാഹുവിനെ ഭയപ്പെടുന്നതു പോലെ അവരെ ഭയപ്പെടുക. അല്ലാഹുവിലേക്ക് സാമീപ്യം തേടുന്നത് പോലെ അവരിലേക്ക് സാമീപ്യം തേടുക. കബറുകളെ ആരാധിക്കുകയും അവർക്കുവേണ്ടി അറവും നേർച്ചയും ത്വവാഫും പ്രത്യേകമായ തടവലുകളും അവയിൽ നിന്ന് ഉപജീവനം പ്രതീക്ഷിച്ചുകൊണ്ട് ഉപകാരങ്ങളും ഉപദ്രവങ്ങളും ഉണ്ടാകുമെന്ന് വിശ്വസിച്ചു കൊണ്ട് ബറക്കത്ത് തേടലും. ഇതെല്ലാം അല്ലാഹു മാത്രമാണ് ഇബാദത്തുകൾക്ക് അർഹൻ എന്ന ഈമാനിനെ പൊളിച്ചു കളയുന്ന ചെറുക്കൻ പ്രവർത്തികളാണ്.

അല്ലാഹുവിന്റെ അടിമകളെ, അല്ലാഹു വിലക്കിയ കാര്യങ്ങളിൽ വെച്ച് ഏറ്റവും ഗൗരവമേറിയതാണ് ശിർക്ക്. അവൻ തന്നെ നബിയോട് പറയുന്നു:

﴿ولقد أوحي إليك وإلى الذين من قبلك لئن أشركت ليحبطن عملك ولتكونن من الخاسرين * بل الله فاعبد وكن من الشاكرين﴾.

“താങ്കളെങ്ങാനും ശിർക്ക് ചെയ്താൽ താങ്കളുടെ കർമ്മങ്ങൾ പൊളിഞ്ഞു പോകുകയും നഷ്ടക്കാരിൽ പെട്ടുപോവുകയും ചെയ്യുമെന്ന് താങ്കൾക്കും താങ്കളുടെ മുമ്പുള്ളവർക്കും നാം ബോധനം നൽകിയിട്ടുണ്ട്. മറിച്ച് അല്ലാഹുവിനെ ഇബാദത്ത് ചെയ്യുകയും നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിലാവുകയും ചെയ്യുക.”

വളരെ ഗുരുതരമായ ശിക്ഷയാണ് അല്ലാഹു ശിർക്കിന് നിശ്ചയിച്ചിട്ടുള്ളത്. അവൻ പറയുന്നു:

﴿إنه من يشرك بالله فقد حرم الله عليه الجنة ومأواه النار وما للظالمين من أنصار﴾.

“ആരാണോ അല്ലാഹുവിൽ പങ്കു ചേർക്കുന്നത് അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു, അവന്റെ സങ്കേതം നരകമത്രേ, അക്രമികൾക്ക് യാതൊരു സഹായിയും ഉണ്ടാകുന്നതല്ല”

അല്ലാഹു മതപരവും ബുദ്ധിപരവുമായ തെളിവുകൾ കൊണ്ട് ശിർക്ക് നിരർത്ഥകമാണെന്ന് സ്ഥാപിച്ചിരിക്കുന്നു. മതപരമായ ഉദാഹരണം :

﴿إنه من يشرك بالله فقد حرم الله عليه الجنة ومأواه النار وما للظالمين من أنصار﴾.

“ആരാണോ അല്ലാഹുവിൽ പങ്കു ചേർക്കുന്നത് അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു, അവന്റെ സങ്കേതം നരകമത്രേ, അക്രമികൾക്ക് യാതൊരു സഹായിയും ഉണ്ടാകുന്നതല്ല”

ബുദ്ധിപരമായ തെളിവുകളും ധാരാളമുണ്ട്. അവയിൽ പ്രധാനപ്പെട്ടത് രണ്ടെണ്ണമാണ്.

ഒന്നാമതായി: അല്ലാഹുവിനെ പുറമെ ആരാധികപ്പെടുന്ന സൃഷ്ടികളിൽ ഒന്നും തന്നെ ഇബാദത്തിന് അർഹനാക്കുന്ന യാതൊരു ഗുണങ്ങളും ഇല്ല. അവയൊന്നും സൃഷ്ടിക്കുന്നില്ല, സൃഷ്ടികൾ മാത്രമാണ്. എന്തെങ്കിലും ഒരു ഉപകാരം ചെയ്യുവാനോ ഉപദ്രവം തടുക്കുവാനോ ജീവിപ്പിക്കാനോ മരിപ്പിക്കുവാനോ അവർക്ക് സാധ്യമല്ല. ആകാശഭൂമികളിൽ നിന്ന് ഒന്നും തന്നെ അവർ ഉടമപ്പെടുത്തുന്നില്ല, അല്ലാഹുവിന്റെ അധികാരത്തിൽ നിന്ന് അവർക്ക് യാതൊരു പങ്കുമില്ല. അല്ലാഹു പറയുന്നു :

﴿وَاتَّخَذُوا مِن دُونِهِ آلِهَةً لا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ وَلا يَمْلِكُونَ لأَنفُسِهِمْ ضَرًّا وَلا نَفْعًا وَلا يَمْلِكُونَ مَوْتًا وَلا حَيَاةً وَلا نُشُورًا﴾،

“അവന്ന് പുറമെ പല ആരാധ്യരെയും അവർ സ്വീകരിച്ചിരിക്കുന്നു. അവർ (ആരാധ്യർ) യാതൊന്നും സൃഷ്ടിക്കുന്നില്ല. അവർ തന്നെയും സൃഷ്ടിക്കപ്പെടുകയാകുന്നു. തങ്ങൾക്ക് തന്നെ ഉപദ്രവമോ ഉപകാരമോ അവർ അധീനപ്പെടുത്തുന്നുമില്ല. മരണത്തെയോ ജീവിതത്തെയോ ഉയിർത്തെഴുന്നേൽപിനെയോ അവർ അധീനപ്പെടുത്തുന്നില്ല.”

അല്ലാഹു പറയുന്നു :

﴿قُلِ ادْعُوا الَّذِينَ زَعَمْتُم من دُونِ اللَّهِ لا يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَاوَاتِ وَلا فِي الأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُ مِنْهُم من ظَهِيرٍ * وَلا تَنفَعُ الشَّفَاعَةُ عِندَهُ إِلاَّ لِمَنْ أَذِنَ لَهُ حَتَّى إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا مَاذَا قَالَ رَبُّكُمْ قَالُوا الْحَقَّ وَهُوَ الْعَلِيُّ الْكَبِيرُ﴾.

“പറയുക, അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ചു നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു ചെറിയ ഉറുമ്പിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല. ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.അങ്ങനെ അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങികഴിയുമ്പോൾ അവർ ചോദിക്കും; നിങ്ങളുടെ രക്ഷിതാവ് എന്താണു പറഞ്ഞതെന്ന്.അവർ മറുപടി പറയും: സത്യമാണ് അവൻ പറഞ്ഞത്. അവൻ ഉന്നതനും മഹാനുമാകുന്നു.”

ഇതാണ് അവസ്ഥയെങ്കിൽ ഇത്തരത്തിലുള്ള സൃഷ്ടികൾക്ക് ഇബാദത്ത് ചെയ്യുക എന്നുള്ളത് ഏറ്റവും വലിയ വിഡ്ഢിത്തവും നിരർത്ഥകതയുമാണ്.

രണ്ടാമതായി: അല്ലാഹു മാത്രമാണ് റബ്ബ് അവനാണ് സൃഷ്ടാവ് അവന്റെ കയ്യിൽ മാത്രമാണ് എല്ലാത്തിന്റെയും ഉടമസ്ഥത ഉള്ളത്, അവനാണ് അഭയം നൽകുന്നവൻ. അവരിൽ നിന്ന് അഭയം നൽകുവാൻ ആരും തന്നെയില്ല എന്നെല്ലാം ബഹുദൈവാരാധകരും അംഗീകരിച്ചിരുന്നു. എങ്കിൽ ഇക്കാര്യത്തിൽ അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ചവർക്ക് ഇബാദത്തിന്റെ കാര്യത്തിലും അവന്റെ ഏകത്വം അംഗീകരിക്കാൻ അനിവാര്യമാണ്. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا النَّاسُ اعْبُدُواْ رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُون * الَّذِي جَعَلَ لَكُمُ الأَرْضَ فِرَاشاً وَالسَّمَاءَ بِنَاء وَأَنزلَ مِنَ السَّمَاء مَاء فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقاً لَّكُمْ فَلاَ تَجْعَلُواْ لِلّهِ أَندَاداً وَأَنتُمْ تَعْلَمُون﴾.

“ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച് ജീവി)ക്കുവാൻ വേണ്ടിയത്രെ അത്.

നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത്

മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത നാഥനെ. അതിനാൽ ഇതെല്ലാം അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്.”

ഇത്രയും വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിനെ പുറമേ മറ്റ് ആർക്കുവേണ്ടിയും നിർവഹിക്കപ്പെടുന്ന ഇബാദത്തുകൾ ബാത്തിലാണ്.

അല്ലാഹു പറയുന്നു :

﴿ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرِ﴾.

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ.അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.”

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

നിങ്ങൾ അറിയുക,

അല്ലാഹു നിങ്ങളോട് കരുണ ചെയ്യട്ടെ, ഇബാദത്തുകളിൽ ശിർക്ക് ഏറ്റവും കൂടുതൽ വ്യാപകമായിരിക്കുന്നത് പ്രാർത്ഥനയിലാണ്. അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യം ഖുർആനും സുന്നത്തും ഊന്നി പറഞ്ഞിട്ടുണ്ട്.

അല്ലാഹു പറയുന്നു :

﴿ادعوا ربكم تضرعا وخفية﴾،

“താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പ്രാർത്ഥിക്കുക.”

അല്ലാഹു പറയുന്നു :

﴿أمن يجيب المضطر إذا دعاه ويكشف السوء ويجعلكم خلفاء الأرض﴾

“അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?)”

അല്ലാഹു പറയുന്നു :

﴿وإذا سألك عبادي عني فإني قريب أجيب دعوة الداع إذا دعان﴾،

“നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്”

അല്ലാഹു പറയുന്നു :

﴿واسألوا الله من فضله﴾.

“അല്ലാഹുവിനോട് അവന്റെ ഔദാര്യത്തിൽ നിന്ന് നിങ്ങൾ ചോദിച്ചു കൊള്ളുക”

പ്രാർത്ഥന അല്ലാഹുവിനോട് മാത്രമേ നിർവഹിക്കാവൂ എന്നത് പലതരത്തിൽ മുന്നൂറോളം സ്ഥലങ്ങളിൽ പരിശുദ്ധ ഖുർആൻ സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ അടിമകളെ, പ്രാർത്ഥന അല്ലാഹുവിനോട് മാത്രം നിർവഹിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ കാണിക്കുക, നിങ്ങൾക്ക് വിജയിക്കാം.

നബി പറഞ്ഞു ﷺ : "ആരെങ്കിലും അല്ലാഹുവിനെ പുറമേ മറ്റു സമാന്മാരോട് ദുആ ചെയ്തു കൊണ്ട് മരണപ്പെട്ടാൽ അവൻ നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും."

ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന ഹദീസിൽ നബി ﷺ യോട് ചോദിക്കപ്പെട്ടു:

"ഏതാണ് ഏറ്റവും ഗൗരവമേറിയ തിന്മ ?"

അവിടുന്ന് പറഞ്ഞു: "അല്ലാഹുവാണ് നിന്നെ സൃഷ്ടിച്ചത് എന്നിരിക്കെ അവന് നീ സമന്മാരെ നിശ്ചയിക്കലാണ്"

ആരെങ്കിലും അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുകയോ സഹായം തേടുകയോ അവർക്കുവേണ്ടി നേർച്ച നിർവഹിക്കുകയോ അറവു നിർവഹിക്കുകയോ അല്ലെങ്കിൽ ഇബാദത്തിന്റെ ഏതെങ്കിലും ഇനം അവർക്ക് വേണ്ടി നിർവഹിച്ചാൽ അവൻ അവരെ അല്ലാഹുവിന് സമന്മാരാക്കിയിരിക്കുന്നു. അത് നബിമാരോ ഔലിയാക്കളോ മലക്കുകളോ ജിന്നുകളോ വിഗ്രഹങ്ങളോ മറ്റേതെങ്കിലും സൃഷ്ടികളോ ആയാലും ശരി.

അല്ലാഹുവല്ലാത്തവർക്കുള്ള പ്രാർത്ഥന ബാത്തിലാണ് രണ്ട് സ്ഥലത്ത് ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ഒന്നാമത്തെ സൂറത്തുൽ ഹജ്ജിലാണ്:

﴿ذلك بأن الله هو الحق وأن ما يدعون من دونه هو الباطل﴾.

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്."

രണ്ടാമത്തേത് സൂറത്തു ലുഖ്മാനിലാണ്:

﴿ذلك بأن الله هو الحق وأن ما يدعون من دونه الباطل﴾.

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അത് നിരർത്ഥകമാണ്."

മുസ്ലിമീങ്ങളെ, പ്രാർത്ഥനയിൽ ഉള്ള ശിർക്ക് പണ്ടുകാലത്തും ഇന്നും ജനങ്ങൾക്കിടയിൽ ഉണ്ട്. മസീഹിനെ വിളിച്ച് പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനികളെ പോലെ അല്ലെങ്കിൽ പശുവിനെയും കൊത്തിയുണ്ടാക്കപ്പെട്ട വിഗ്രഹങ്ങളെയും വിളിച്ചു പ്രാർത്ഥിക്കുന്ന ഹിന്ദുക്കളെപ്പോലുള്ള അടിസ്ഥാനപരമായ കാഫിറുകൾക്കിടയിലും ഇസ്ലാമിലേക്ക് ചേർത്തു വിളിക്കപ്പെടുന്ന ചില കക്ഷികൾക്കിടയിലും ഇത് വ്യാപകമാണ്. ഉദാഹരണമായി തങ്ങളുടെ ശൈഖന്മാരോട് പ്രാർത്ഥിക്കുകയും അവരിൽ നിന്ന് ബറക്കത്ത് തേടുകയും ചെയ്യുന്ന കടുത്ത സൂഫികളെ പോലെ, നബി കുടുംബത്തെ വിളിച്ചു പ്രാർത്ഥിക്കുന്ന റാഫിദികളെ പോലെ, ഖബറിലുള്ളവരെ വിളിച്ച് പ്രാർത്ഥിക്കുന്ന കബറാളികളെ പോലെ. ഈ കടുത്ത ശിർക്ക് ചെയ്തുകൊണ്ടിരിക്കുകയും ഇവരൊക്കെയും തങ്ങൾ മുസ്ലിമീങ്ങൾ ആണെന്നും നബിയേ സ്നേഹിക്കുന്നവർ ആണെന്നും വാദിച്ചുകൊണ്ടിരിക്കുന്നു. ഇസ്ലാമിന് ഇവരുടെ ശിർക്കുമായി യാതൊരു ബന്ധവുമില്ല. ഉൾക്കാഴ്ച നഷ്ടപ്പെട്ട അന്ധത ബാധിക്കുന്നതിൽ നിന്നും നാം അല്ലാഹുവിനോട് അഭയം തേടുന്നു. തൗഹീദും സുന്നത്തും ആകുന്ന അനുഗ്രഹങ്ങൾ നമുക്ക് നിലനിർത്തി തരാൻ അവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നബി ﷺ പറഞ്ഞു : “നിങ്ങളുടെ ദിവസ്സങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് വെള്ളിയാഴ്ച ദിവസമാകുന്നു. അതിലാണ് അദം അലൈഹിസ്സലാം സൃഷ്ടിക്കപ്പെട്ടതും മരിപ്പിക്കപ്പെട്ടതും. അതിലാണ് അന്ത്യനാളിൽ സൂറിൽ ഊതപ്പെടുന്നതും ആളുകൾ മരിച്ചു വീഴുന്നതും. അതുകൊണ്ട് അന്ന് എന്റെ മേൽ നിങ്ങൾ സ്വലാത്ത് ചോദിക്കുന്നത് വർധിപ്പിക്കുക. നിങ്ങൾ ചോദിക്കുന്നത് എനിക്ക് പ്രദർശിപ്പിക്കപ്പെടും.”

അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം.

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰه إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിന് തഖ് വയുള്ളവരാക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, ധിക്കരിക്കാതിരിക്കുക, നിങ്ങളറിയുക, അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങളിലുള്ള വിശ്വാസത്തിന് ഇസ്‌ലാമിക വിശ്വാസ കാര്യങ്ങളിൽ വലിയ സ്ഥാനമുണ്ട്. പരിശുദ്ധ ഖുർആനിൽ പലയിടങ്ങളിലും അല്ലാഹു അവന്റെ നാമങ്ങളും വിശേഷണങ്ങളും എടുത്തു പറഞ്ഞിട്ടുണ്ട്.

﴿ إِنَّ اللَّهَ سَمِيعٌ بَصِيرٌ ﴾

“അല്ലാഹു സമീഉം (എല്ലാം കേൾക്കുന്നവനും) ബസീറും (എല്ലാം കാണുന്നവനും) ആകുന്നു.”

﴿ إِنَّ اللَّهَ غَفُورٌ رَّحِيمٌ ﴾

“അല്ലാഹു ഗഫൂറും (ഏറെ പൊറുക്കുന്നവനും) റഹീമും (അങ്ങേയറ്റം കരുണ ചെയ്യുന്നവനും) ആകുന്നു.”

സമാനമായ ധാരാളം ആയത്തുകൾ ഉദാഹരണം.

നബി ﷺയും ഒരുപാട് ഹദീസുകളിൽ അല്ലാഹുവിനെ പുകഴ്ത്തുകയും മഹത്വത്തിന്റെയും പൂർണ്ണതയുടെയും വിശേഷണങ്ങൾ കൊണ്ട് അവനെ വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അല്ലാഹുവിന്റെ നാമ-ഗുണ വിശേഷങ്ങളിലുള്ള വിശ്വാസം അവനോടുള്ള ഭയഭക്തിയുണ്ടാക്കുകയും അത് മുഖേന അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ അവനെ ഇബാദത്ത് ചെയ്യാൻ സാധ്യമാവുകയും ചെയ്യുന്നു.

"അല്ലാഹുവിനെ കുറിച്ച് കൂടുതൽ അറിയുന്നവർ അവനെ കൂടുതൽ ഭയപ്പെടും"

അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ നാമ ഗുണവിശേഷണങ്ങളിൽ പാണ്ഡിത്യമുള്ളവരാണ് ജനങ്ങളുടെ കൂട്ടത്തിൽ അല്ലാഹുവിനെ ഏറ്റവുമധികം ഭയപ്പെടുന്നവർ. അല്ലാഹു -തആലാ- പറയുന്നു:

﴿ إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ ﴾

"തീർച്ചയായും അല്ലാഹുവിന്റെ അടിമകളിൽ അറിവുള്ളവർ മാത്രമാണ് അവനോട് ഭയഭക്തി കാണിക്കുക."

അല്ലാഹുവിന്റെ നാമ-ഗുണവിശേഷണങ്ങളിലുള്ള വിശ്വാസം ഇത്രത്തോളം പ്രധാനപ്പെട്ടതായതുകൊണ്ട് തന്നെ അത് പ്രയോഗവൽക്കരിക്കലും പ്രാവർത്തികമാക്കലും മുഅ്മിനീങ്ങൾക്ക് നിർബന്ധമാണ്. അല്ലാഹു അവന്റെ ഗ്രന്ഥത്തിലും റസൂൽ ﷺ അവിടുത്തെ സുന്നത്തിലും അല്ലാഹുവിന് സ്ഥിരപ്പെടുത്തിയിട്ടുള്ള നാമ-ഗുണ വിശേഷണങ്ങൾ അവന് യോജിച്ച രീതിയിൽ സ്ഥിരീകരിക്കുക എന്നതാണ് അതിന്റെ പ്രായോഗിക രൂപം.

മുഅ്മിനീങ്ങളെ,

അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം രണ്ട് കാര്യങ്ങൾ താൽപര്യപ്പെടുന്നു;

ഒന്നാമതായി; പ്രമാണങ്ങളിൽ വന്ന പ്രകാരം കൃത്രിമത്വം കാണിക്കാതെ, നിഷേധിക്കാതെ, രൂപം കൽപ്പിക്കാതെ, സാദൃശ്യപ്പെടുത്താതെ പ്രത്യക്ഷ അർത്ഥത്തിൽ അവയെ മനസ്സിലാക്കുക എന്നതാണ്. അല്ലാഹുവിന്റെ വചനമാണ് അതിനുള്ള തെളിവ് ;

﴿ وَلِلَّهِ الْمَثَلُ الْأَعْلَىٰ ﴾

"അല്ലാഹുവിന്നാകുന്നു അത്യുന്നതമായ വിശേഷണം."

അല്ലാഹു പറയുന്നു :

﴿ لَيْسَ كَمِثْلِهِ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ ﴾

“അവനെപ്പോലെ യാതൊന്നും തന്നെയില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.”

രണ്ടാമതായി; അല്ലാഹുവിന്റെ നാമ-ഗുണ വിശേഷണങ്ങൾ ഖുർആനിലും ഹദീസിലും സ്ഥിരപ്പെട്ടവയിൽ പരിമിതിപ്പെടുത്തുക. സ്ഥിരപ്പെടാത്ത ഒരു നാമമോ വിശേഷണമോ പുതുതായി ഉണ്ടാക്കാതിരിക്കുക.

ഇമാം അഹ്മദ് റഹിമഹുല്ലാഹ് പറഞ്ഞു :

“അല്ലാഹു സ്വയം വിശേഷിപ്പിച്ചതിലധികം ഒരു വിശേഷണവും അവന്ന് നൽകി കൂടാ.”

അല്ലാഹുവിന്റെ അടിമകളെ,

അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള വിശ്വാസത്തിന്റെ വിപരീതം അവയിൽ കൃത്രിമത്വം കാണിക്കലാകുന്ന ‘ഇൽഹാദാ’കുന്നു. ‘ഇൽഹാദ്’ എന്നാൽ ചായുക, തെന്നുക എന്നെല്ലാമാണ് ഭാഷയിൽ അർത്ഥം. അതിൽ നിന്നാണ് ഖബ്ർ ഒരു വശത്തേക്ക് കുഴിക്കുന്നതിന് ‘ലഹദ്’ എന്ന് പറയുന്നത്. അപ്രകാരം അല്ലാഹുവിന്റെ നാമ-ഗുണ വിശേഷങ്ങളിലുള്ള ‘ഇൽഹാദ്’ കൊണ്ടുദ്ദേശിക്കുന്നത് പ്രസ്തുത വിഷയത്തിൽ സലഫുകൾ മനസ്സിലാക്കിയതും അറബി ഭാഷയുടെ താൽപര്യവുമായ ശരിയായ നിലപാടിൽ നിന്ന് വ്യതിചലിക്കുന്നതിനെയാണ്.

‘ഇൽഹാദ്’ പലയിനങ്ങളാണ്, എല്ലാറ്റിനെയും അടിസ്ഥാനം ശരിയായ അർത്ഥത്തിൽ മാറ്റം വരുത്തലോ അല്ലെങ്കിൽ പൂർണ്ണമായും നിഷേധിക്കലോ ആണ്. അതെല്ലാം തന്നെ ശരിയായ വിശ്വാസത്തിന് എതിരാണ്. സച്ചരിതരായ സലഫുകളും അവരെ പിന്തുടർന്നവരും കണിശമായി എതിർത്ത, അല്ലാഹുവിനെ കുറിച്ച് അറിവില്ലാതെ സംസാരിക്കുന്നതിൽ പെട്ടതാണ്. അല്ലാഹു ശിക്ഷയുണ്ടെന്ന് താക്കീത് ചെയ്ത തിന്മയാണ്. അല്ലാഹുവിൽ അഭയം!

അല്ലാഹു -തആലാ- പറയുന്നു:

﴿ وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا ۖ وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ ۚ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ ﴾

“അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ ‘ഇൽഹാദ്’

കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും."

അല്ലാഹു -തആലാ- പറയുന്നു:

﴿ وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ ۚ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَٰئِكَ كَانَ عَنْهُ مَسْئُولًا ﴾

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്."

മുസ്ലിമീങ്ങളെ,

'ഇൽഹാദി'ന്റെ ഏറ്റവും വ്യാപകമായ ഇനമാണ് അല്ലാഹുവിന്റെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും അർത്ഥത്തിൽ കൃത്രിമത്വം കാണിക്കുക അഥവാ 'തഹ് രീഫ്' എന്നത്. അതായത് സ്വഹാബത്തും താബിഈങ്ങളും നന്മയിൽ അവരെ പിന്തുടർന്നവരും മനസ്സിലാക്കിയതും, അറബി ഭാഷയുടെ താല്പര്യവുമായ അർത്ഥത്തിൽ നിന്ന് വ്യതിചലിക്കുക എന്നത്. അവർ അപ്രകാരം മനസ്സിലാക്കിയത് നബി ﷺ യിൽ നിന്നാണ്. എങ്കിൽ എത്ര നല്ല നിലപാടാണത്. അവരാണ് ഏറ്റവും ഉത്തമരെന്ന് നബി ﷺ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്, അവിടുന്ന് പറഞ്ഞു :

"ഏറ്റവും നല്ല തലമുറ എന്റെ തലമുറയാകുന്നു. പിന്നീട് അവർക്ക് ശേഷമുള്ള തലമുറയും പിന്നീട് അവർക്ക് ശേഷമുള്ള തലമുറയും."

അതു കൊണ്ട് തന്നെ ആ സ്വഹാബത്തിന്റെ നിലപാടിനെതിരായതെല്ലാം ദീനുമായി യാതൊരു ബന്ധവുമില്ലാത്തവയാണ്, പുതുനിർമ്മിതിയും പുത്തനാശയവുമാണ്. അങ്ങനെയുള്ള ദുർവ്യാഖ്യാനത്തിന് ഉദാഹരണമാണ് അല്ലാഹു അർശിന്റെ മുകളിലായിരിക്കുന്നു എന്ന് അർത്ഥമുള്ള 'ഇസ്താവാഅ്' എന്ന സ്വിഫത്തിനെ 'ഇസ്തീലാഅ്' അഥവാ ആധിപത്യം നേടി എന്ന് വ്യാഖ്യാനിക്കുകയും അല്ലാഹു അർശിന്റെ മുകളിലാണ് എന്ന ശരിയായ അർത്ഥത്തെ നിഷേധിക്കുകയും ചെയ്യുക എന്നത്.

'ഇൽഹാദി'ന്റെ മറ്റൊരു ഇനമാണ് 'തക് യീഫ്' അഥവാ രൂപം കൽപ്പിക്കൽ. അതായത് അല്ലാഹുവിന്റെ സ്വിഫത്തുകളുടെ രൂപം അറിയുമെന്ന് വാദിക്കൽ. ഇത്

നിഷിദ്ധമാണ്. അല്ലാഹു അവന്റെ സ്വിഫത്തുകൾ ഒന്നും തന്നെ പൂർണമായി മനസ്സിലാക്കാൻ സാധിക്കില്ല എന്ന് വെക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു :

﴿ وَلَا يُحِيطُونَ بِهِۦ عِلْمًا ﴾

"അവർക്കാകട്ടെ അവനെ പരിപൂർണ്ണമായി അറിയാനാവുകയില്ല."

അല്ലാഹുവിന്റെ വിശേഷണങ്ങളുടെ രൂപം കണ്ടെത്താനുള്ള താൽപര്യത്തെ പൂർണ്ണമായും അവൻ ഈ ആയത്തിലൂടെ നിരാകരിച്ചിരിക്കുന്നു.

അപ്രകാരം തന്നെ അവക്ക് രൂപം സങ്കൽപ്പിക്കുകയും രൂപത്തെ കുറിച്ച് അന്വേഷിക്കുകയും ചെയ്യുന്നവരെ സലഫുകളിൽ പെട്ട ഇമാമീങ്ങൾ ശക്തമായി എതിർത്തിട്ടുണ്ട്. ഒരിക്കൽ ഒരാൾ ഇമാം മാലിക് ബ്നു അനസ് -റഹിമഹുല്ലാഹ്- യുടെ അടുക്കൽ വന്നു ചോദിച്ചു:

يا أبا عبد الله، ﴿ٱلرَّحۡمَٰنُ عَلَى ٱلۡعَرۡشِ ٱسۡتَوَىٰ ۝٥﴾ فكيف استوى؟

അല്ലയോ അബു അബ്ദില്ല, "അർറഹ്മാനായ അല്ലാഹു അർശിന്റെ മുകളിലായിരിക്കുന്നു അഥവാ ഇസ്തിവാഅ് ചെയ്തിരിക്കുന്നു." എങ്ങനെയാണതിന്റെ രൂപം ?

സംഭവം വിവരിക്കുന്നയാൾ പറയുന്നു : ഇത് കേട്ടപ്പോൾ ഇമാം മാലിക് -റഹിമഹുല്ലാഹ്- തലതാഴ്ത്തുകയും വല്ലാതെ വിയർക്കുകയും ചെയ്തു. എന്നിട്ടദ്ദേഹം പറഞ്ഞു :

"ഇസ്തിവാഅ് (അർത്ഥം) അറിയപ്പെടാത്തതല്ല, അതിന്റെ രൂപമാകട്ടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതുമല്ല, അത് വിശ്വസിക്കലാകട്ടെ നിർബന്ധവും അതിനെക്കുറിച്ച് ചോദിക്കുന്നത് ബിദ്അത്തുമാകുന്നു. നീ ഒരു ബിദ്അത്തുകാരൻ തന്നെയാണെന്ന് ഞാൻ മനസ്സിലാക്കുന്നു."

ശേഷം അയാളെ സദസ്സിൽ നിന്ന് പുറത്താക്കാൻ അദ്ദേഹം കൽപ്പിച്ചു.

ഇബ്നു ഉസൈമീൻ -റഹിമഹുല്ലാഹ്- ഇമാം മാലിക്കിന്റെ വാചകത്തിന് അടിക്കുറിപ്പെന്നോണം പറഞ്ഞതിന്റെ ചുരുക്കമിതാണ് ; ഇമാം മാലിക്കിന്റെ വാചകങ്ങൾ അല്ലാഹുവിന്റെ എല്ലാ വിശേഷണങ്ങളെയും മനസ്സിലാക്കാനുള്ള അളവുകോലാണ്. അല്ലാഹുവിന്റെ ഏതൊരു സ്വിഫത്തിന്റെയും രൂപത്തെക്കുറിച്ച് കുറിച്ചും ചോദിക്കുന്നവരുടെ ചോദ്യം ബിദ്അത്താണ്. കാരണം സ്വഹാബത്തായിരുന്നു അവർക്ക് ശേഷം വന്നവരെക്കാളും നന്മകൾ കരസ്ഥമാക്കാനും സ്വിഫാത്തുകളെ സംബന്ധിച്ച് നിർബന്ധമായ അറിവ്

കരസ്ഥമാക്കാനും കൂടുതൽ താൽപര്യം കാണിച്ചിരുന്നത്. എന്നിരുന്നിട്ട് കൂടി അവർ അല്ലാഹുവിന്റെ ഒരു വിശേഷണത്തിന്റെയും രൂപത്തെക്കുറിച്ച് ഒരിക്കൽ പോലും ചോദിച്ചിട്ടില്ല.

അല്ലാഹുവിന്റെ അടിമകളെ,

'ഇവൽഹാദി'ന്റെ മറ്റൊരു ഇനമാണ് 'തശ്ബീഹ്' അഥവാ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തൽ. അല്ലാഹുവിന്റെ കൈ സൃഷ്ടികളുടെ കൈയ്യുമായി സാദൃശ്യപ്പെടുത്തുന്നത് പോലെ. അല്ലാഹു തന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുന്നതിൽ നിന്നും ഉന്നതനാകുന്നു.

ബുഖാരിയുടെ ശൈഖായ നുഐം ബ്നു ഹമ്മാദ് -റഹിമഹുല്ലാഹ്- പറയുന്നു:

"ആരെങ്കിലും അല്ലാഹുവിനെ അവന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തിയാൽ അവൻ കാഫിറായിരിക്കുന്നു. ആരെങ്കിലും അല്ലാഹു സ്വയം വിശേഷിപ്പിച്ചതിൽ നിന്ന് വല്ലതും നിഷേധിച്ചാൽ അവനും കാഫിറായിരിക്കുന്നു. അല്ലാഹുവിനെ കുറിച്ച് അവനും അവന്റെ റസൂലും വിശേഷിപ്പിച്ചതിലൊന്നും തന്നെ സൃഷ്ടികളോട് സാദൃശ്യപെടുത്തലില്ല."

മുഅ്മിനീങ്ങളെ,

അല്ലാഹുവിന്റെ നാമങ്ങളെയും വിശേഷണങ്ങളെയും യാതൊരു കൃത്രിമത്വവും കാണിക്കാതെ മനസ്സിലാക്കുക എന്നത് നാലു മദ്ഹബുകളുടെയും പണ്ഡിതന്മാരടക്കമുള്ള സർവ്വ മുസ്ലിമീങ്ങളും യോജിച്ച കാര്യമാകുന്നു.

അബൂ ഹനീഫ -റഹിമഹുല്ലാഹ്-യുടെ ശിഷ്യനായ ഇമാം മുഹമ്മദ് ബ്നുൽ ഹസൻ അശ്ശൈബാനി -റഹിമഹുല്ലാഹ്- പറയുന്നു :

"റബ്ബിന്റെ സിഫാത്തുകളുടെ വിഷയത്തിൽ വന്ന ആയത്തുകളും സ്വീകാര്യന്മാരായ റിപ്പോർട്ടർമാരിലൂടെ വന്ന ഹദീസുകളും വ്യാഖ്യാനമോ, മറ്റു വിവരണങ്ങളോ, സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലോ ഇല്ലാതെ വിശ്വസിക്കണം എന്ന കാര്യത്തിൽ കിഴക്കിലും പടിഞ്ഞാറിലുമുള്ള മുഴുവൻ പണ്ഡിതന്മാരും ഐക്യപ്പെട്ടിരിക്കുന്നു. അവ വല്ലതും ആരെങ്കിലും വ്യാഖ്യാനിച്ചാൽ അവൻ നബി ﷺ യുടെ മാർഗത്തിൽ നിന്ന് പുറത്തു പോവുകയും മുസ്ലിമീങ്ങളുടെ ജമാഅത്തിനെ വെടിയുകയും ചെയ്തിരിക്കുന്നു. കാരണം അവരെന്നും തന്നെ അവയെ വിവരിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്തിട്ടില്ല. മറിച്ച് ഖുർആനിലും

സുന്നത്തിലും വന്നതനുസരിച്ച് അവർ വിധിപറയുകയും അതിനപ്പുറത്തുള്ളതിനെക്കുറിച്ച് മൗനം അവലംബിക്കുകയും ചെയ്തു.”

ഇമാം ഷാഫിഈ -റഹിമഹുല്ലാഹ്- പറയുന്നു:

“അല്ലാഹുവിന്റെ വചനങ്ങളെ അവന്റെ ഉദ്ദേശമനുസരിച്ച് ഞാൻ വിശ്വസിക്കുന്നു. അവന്റെ റസൂലിന്റെ സംസാരങ്ങളെ റസൂലിന്റെ ഉദ്ദേശമനുസരിച്ച് ഞാൻ വിശ്വസിച്ചിരിക്കുന്നു.”

ഇബ്നു തൈമിയ്യ -റഹിമഹുല്ലാഹ്- പറയുന്നു :

“ഖുർആനിലുള്ള സ്വിഫാത്തുകൾ പരാമർശിക്കുന്ന ആയത്തുകൾ വ്യാഖ്യാനിക്കാമോ എന്ന വിഷയത്തിൽ സ്വഹാബത്തിനിടയിൽ അഭിപ്രായ വ്യത്യാസമില്ല. അവരിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട തഫ്സീറുകളും അവർ ഉദ്ധരിച്ച ഹദീസുകളും ഞാൻ വായിച്ചു.

അല്ലാഹു ഉദ്ദേശിച്ച അത്രയും ചെറുതും വലുതുമായ ഗ്രന്ഥങ്ങളായി നൂറിലധികം തഫ്സീറുകൾ പ്രസ്തുത വിഷയത്തിൽ ഞാൻ പരിശോധിച്ചു. എന്നിട്ടൊന്നും, ഈ സമയം വരെ സ്വഹാബികളിൽ ഒരാൾ പോലും സ്വിഫാത്തുകൾ പരാമർശിക്കുന്ന ഏതെങ്കിലും ഒരു ആയത്തോ ഹദീസോ അവയുടെ വ്യക്തമായ ആശയത്തിന് വിരുദ്ധമായി വ്യാഖ്യാനിച്ചതായി ഞാൻ കണ്ടില്ല. മറിച്ച് അവർ അവയെ സ്ഥാപിക്കുകയും സ്ഥിരീകരിക്കുകയും വ്യാഖ്യാനിക്കുന്നവരുടെ വാദങ്ങൾക്ക് വിരുദ്ധമായി അവ സ്വിഫാത്തുകളാണെന്ന് വിശദീകരിക്കുകയും ചെയ്തത് അല്ലാഹുവിന് മാത്രം കണക്കാക്കാവുന്നത്രയുമുണ്ട്.”

﴿ ثُمَّ اسْتَوَىٰ عَلَى الْعَرْشِ ﴾

“ശേഷം അല്ലാഹു അർശിന്റെ മുകളിലായി അഥവാ ഇസ്തിവാഅ് ചെയ്തു.”

എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഇബ്നു കസീർ -റഹിമഹുല്ലാഹ്- പറയുന്നു:

“ഈ ആയത്തിനോടുള്ള നിലപാടിൽ ആളുകൾക്ക് വിവിധങ്ങളായ അഭിപ്രായങ്ങളുണ്ട്. വിശദമായി പരാമർശിക്കേണ്ട സന്ദർഭമല്ല ഇത്. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നിലപാട് സച്ചരിതരായ സലഫുകളുടെ മാർഗമാണ്, ഇമാമീങ്ങളായ മാലിക്, അൽ ഔസാഈ, അസ്സൗരി, അല്ലൈസ് ബ്നു സഅദ്, അശ്ശാഫിഈ, അഹ്മദ്, ഇസ്ഹാഖ് ബ്നു റാഹൂയ പോലുള്ള പൗരാണികരും പിൻകാലക്കാരുമായ ഇമാമീങ്ങളുടെ മാർഗം; അഥവാ, രൂപം കൽപ്പിക്കാതെ,

സാദൃശ്യപ്പെടുത്താതെ, നിഷേധിക്കാതെ വന്നതു പോലെ സ്വീകരിക്കലാണ് അവരുടെ നിലപാട്. സൃഷ്ടികളോട് അവയെ സാദൃശ്യപ്പെടുത്തുന്നവരുടെ മനസ്സിൽ തോന്നുന്നത് അല്ലാഹുവിന്റെ കാര്യത്തിൽ നിഷേധിക്കപ്പെട്ടതാണ്. സൃഷ്ടികളിൽ ഒന്നും തന്നെ അവനോട് സാദൃശ്യപ്പെടുന്നില്ല

﴿ لَيْسَ كَمِثْلِهِ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ ﴾

“അവനെപ്പോലെ യാതൊന്നും തന്നെയില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.”

മറിച്ച് ബുഖാരിയുടെ ശൈഖായ നുഐം ബ്നു ഹമ്മാദ് -റഹിമഹുല്ലാഹ്- പോലുള്ള ഇമാമീങ്ങൾ പറഞ്ഞതുപോലെയാണ് കാര്യം :

“ആരെങ്കിലും അല്ലാഹുവിനെ അവന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തിയാൽ അവൻ കാഫിറായിരിക്കുന്നു. ആരെങ്കിലും അല്ലാഹു സ്വയം വിശേഷിപ്പിച്ചതിൽ വല്ലതും നിഷേധിച്ചാൽ അവനും കാഫിറായിരിക്കുന്നു. അല്ലാഹുവിനെ കുറിച്ച് അവനും അവന്റെ റസൂലും വിശേഷിപ്പിച്ചതിലൊന്നും തന്നെ സൃഷ്ടികളോട് സാദൃശ്യപെടുത്തലില്ല.”

അതുകൊണ്ട് ആരെങ്കിലും വ്യക്തമായ ആയത്തുകളിലും സ്ഥിരപ്പെട്ട ഹദീസുകളിലും വന്ന സ്വിഫത്തുകൾ അല്ലാഹുവിന്റെ മഹത്വത്തിന് യോജിക്കുന്ന രീതിയിൽ സ്ഥിരപ്പെടുത്തുകയും കുറവുകളും പോരായ്മകളും അല്ലാഹുവിനെ തൊട്ട് നിഷേധിക്കുകയും ചെയ്താൽ അവൻ സന്മാർഗത്തിന്റെ വഴിയിൽ പ്രവേശിച്ചിരിക്കുന്നു.“

മാലികി മദ്ഹബുകാരനായ ഇമാം അബ്ദുർറഹ്മാൻ ബ്നുൽ ഖാസിം -റഹിമഹുല്ലാഹ്- പറയുന്നു :

“അല്ലാഹു ഖുർആനിൽ വിശേഷിപ്പിച്ചതല്ലാത്ത മറ്റൊന്നു കൊണ്ടും അവനെ വിശേഷിപ്പിക്കുക എന്നത് ഒരാൾക്കും പാടുള്ളതല്ല. അവന്റെ കൈകളെയോ മുഖത്തെയോ യാതൊന്നുമായും സാദൃശ്യപ്പെടുത്താവതല്ല. മറിച്ച്; അവൻ ഖുർആനിൽ സ്വയം വിശേഷിപ്പിച്ചത് പ്രകാരം അവന് രണ്ട് കൈകളുണ്ട്, അവൻ സ്വയം വിശേഷിപ്പിച്ചത് പോലുള്ള മുഖം അവനുണ്ട് എന്ന് നീ പറയുക. ഖുർആനിൽ അവനെ കുറിച്ച് വിശേഷിപ്പിച്ചിടത്ത് നീ നിൽക്കുക. കാരണം ഉന്നതനും അനുഗ്രഹീതനുമായ അവന് തുല്യരായോ സാദൃശ്യമുള്ളവരായോ യാതൊന്നും തന്നെയില്ല. ആരാധനക്ക് അർഹനായി അവനല്ലാതെ മറ്റാരുമില്ലാത്ത അല്ലാഹു,

അവൻ സ്വയം വിശേഷിപ്പിച്ചത് പ്രകാരമാകുന്നു. അവൻ വിശേഷിപ്പിച്ചതുപോലെ അവന്റെ ഇരു കൈകളും നിവർത്തി വെക്കപ്പെട്ടതാണ്.

﴿ وَالْأَرْضُ جَمِيعًا قَبْضَتُهُ يَوْمَ الْقِيَامَةِ وَالسَّمَاوَاتُ مَطْوِيَّاتٌ بِيَمِينِهِ ﴾

"ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും."

അപ്രകാരമാണ് അവൻ സ്വയം വിശേഷിപ്പിച്ചത്."

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിന് തഖ് വഉള്ളവരാവുക. അല്ലാഹുവിന്റെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും അർത്ഥമറിയുന്നതിൽ ഹൃദയത്തിനും ബുദ്ധിക്കും അവയവങ്ങൾക്കും ധാരാളം പ്രയോജനങ്ങളുണ്ട്.

ഇബ്നുൽ ഖയ്യിം -റഹിമഹുല്ലാഹ്- പറയുന്നു:

“അല്ലാഹുവിന്റെ ഉൽകൃഷ്ടമായ നാമങ്ങൾക്കും അത്യുന്നതമായ വിശേഷണങ്ങൾക്കും സൃഷ്ടിപ്പിലും പ്രപഞ്ചത്തിന്റെ രൂപകല്പനയിലും സ്വാധീനമുള്ളതുപോലെതന്നെ ഇബാദത്തുകളിലും വിധിവിലക്കുകളിലും സ്വാധീനവും ഫലങ്ങളുമുണ്ട്. ഓരോ സിഫത്തുകളും പ്രത്യേകമായ ‘ഉബൂദിയ്യത്ത്’ അഥവാ ‘അനുസരണവും വിധേയത്വവും’ താൽപര്യപ്പെടുന്നുണ്ട്. അതെല്ലാം അവ ശരിയായ വിധം അറിയുന്നതനുസ്സരിച്ച് ലഭിക്കുന്ന ഫലങ്ങളാണ്. ഹൃദയം കൊണ്ടും അവയവങ്ങൾ കൊണ്ടുമുള്ള എല്ലായിനം ‘ഉബൂദിയ്യത്തി’ന്റെയും അവസ്ഥ ഇത് തന്നെയാണ്.

ഉപകാര-ഉപദ്രവങ്ങൾ ചെയ്യുന്നവനും, നൽകുന്നവനും തടയുന്നവനും, സൃഷ്ടിക്കുന്നവനും ഉപജീവനം നൽകുന്നവനും മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നവനും റബ്ബ് മാത്രമാണെന്ന അറിവ് ആന്തരികമായ തവക്കുലാകുന്ന ‘ഉബൂദിയ്യത്തും’ ആ തവക്കുലിന്റെ പ്രത്യക്ഷമായ ഫലങ്ങളും അടിമയിൽ ഉണ്ടാക്കുന്നു.

അല്ലാഹുവിന്റെ കേൾവിയെയും കാഴ്ചയെയും അറിവിനെയും കുറിച്ചും, ആകാശഭൂമികളിൽ ഒരു ചെറിയ ഉറുമ്പിന്റെ അത്ര പോലും അവൻ അറിയാതെ പോകുന്നില്ല, രഹസ്യങ്ങളും പരസ്യങ്ങളും അവൻ അറിയുന്നു, കണ്ണിന്റെ കട്ടുനോട്ടവും ഹൃദയങ്ങൾ ഒളിപ്പിച്ചുവെച്ചതും അവനറിയുന്നു എന്നെല്ലാമുള്ള അറിവ് നാവിനെയും അവയവങ്ങളെയും ഹൃദയത്തിന്റെ ചിന്തകളെയും അല്ലാഹുവിന് തൃപ്തികരമല്ലാത്ത എല്ലാ കാര്യങ്ങളിൽ നിന്നും സംരക്ഷിക്കുകയും ഈ അവയവങ്ങളെയെല്ലാം അല്ലാഹുവിന് ഇഷ്ടവും തൃപ്തിയുമുള്ള കാര്യങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമെന്നോണം പരോക്ഷമായ ലജ്ജയുണ്ടാവുകയും ആ ലജ്ജ മുഖേന നിഷിദ്ധമായതും മോശപ്പെട്ടതുമായ കാര്യങ്ങളെ ഉപേക്ഷിക്കാനും സാധിക്കുന്നു.

അല്ലാഹുവിന്റെ ധന്യതയെയും ഔദാര്യത്തെയും പുണ്യത്തെയും നന്മകളെയും കാരുണ്യത്തെയും കുറിച്ചുള്ള അറിവ് അവനിൽ പ്രതീക്ഷ വർദ്ധിപ്പിക്കുകയും ആ അറിവിന്റെ ദൃഢതയനുസ്സരിച്ച് പ്രത്യക്ഷവും പരോക്ഷവുമായ പലയിനം 'ഉബൂദിയ്യത്തു'കൾ ഫലം ചെയ്യുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ മഹത്വത്തെയും പ്രതാപത്തെയും കുറിച്ചുള്ള അറിവ് അവനോടുള്ള താഴ്മയും വിധേയത്വവും സ്നേഹവുമുണ്ടാക്കുന്നു. കൂടാതെ മറ്റു പ്രത്യക്ഷമായ 'ഉബൂദിയ്യത്തി'ന്റെ ഇനങ്ങളും അത് ഫലം ചെയ്യുന്നു.

അല്ലാഹുവിന്റെ പൂർണ്ണതയെയും ഭംഗിയെയും ഉന്നതമായ വിശേഷണങ്ങളെയും കുറിച്ചുള്ള അറിവ് പലയിനം 'ഉബൂദിയ്യത്തു'കൾക്ക് സമമായ അല്ലാഹുവിനോടുള്ള സ്നേഹം ഫലം ചെയ്യുന്നു. അങ്ങനെ എല്ലാത്തരം 'ഉബൂദിയ്യത്തു'കളുടെയും ഉത്ഭവം അല്ലാഹുവിന്റെ നാമങ്ങളുടെയും വിശേഷണങ്ങളുടെയും താൽപര്യമാണ്. അവന്റെ നാമ-ഗുണ വിശേഷണങ്ങൾക്ക് സൃഷ്ടിപ്പുമായുള്ള ബന്ധവും അങ്ങനെ തന്നെയാണ്. അല്ലാഹുവിന്റെ സൃഷ്ടിപ്പും അവന്റെ വിധിവിലക്കുകളും സർവ്വലോകരിലും അല്ലാഹുവിന്റെ നാമ-ഗുണവിശേഷണങ്ങളുടെ തേട്ടവും താൽപര്യവും ഫലവുമാണ്."

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

2- മലക്കുകളിലുള്ള വിശ്വാസം

മലക്കുകളിലുള്ള വിശ്വാസം

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰه إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്ലിമീങ്ങളെ, ആദ്യകാലക്കാർക്കും അവസാനകാലക്കാർക്കും അല്ലാഹു നൽകിയ വസ്വിയത്തായ തഖ് വ കൊണ്ട് ഞാൻ നിങ്ങളുടെ ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ولقد وصينا الذين أوتوا الكتاب من قبلكم وإياكم أن اتقوا الله﴾،

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക,മലക്കുകളിൽ ഉള്ള വിശ്വാസത്തിന് ഇസ്ലാമിൽ വളരെ മഹത്തായ സ്ഥാനമുണ്ട്, ഇസ്ലാമിന്റെ സ്തംഭങ്ങളിൽ രണ്ടാമത്തെ സ്തംഭം ആണത്. അല്ലാഹുവിനും അവന്റെ സൃഷ്ടികൾക്കും ഇടയിലുള്ള മദ്ധ്യവർത്തികളാണ് അവർ. അവർ ഗൈബിയ്യായ ലോകത്തുള്ള സൃഷ്ടികളാണ്. അല്ലാഹുവിനെ ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുന്നവരാണ്. റുബൂബിയ്യത്തിന്റെയോ ഉലൂഹിയത്തിന്റെയോ യാതൊരു അംശവും അവർക്കില്ല. പ്രകാശത്തിൽ നിന്ന് അല്ലാഹു അവരെ സൃഷ്ടിച്ചു. അല്ലാഹുവിന്റെ കല്പനകൾ പൂർണമായി നടപ്പിലാക്കുന്നവരും അതിനുശേഷം ഉള്ളവരും ആക്കി അല്ലാഹു അവരെ സൃഷ്ടിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿لا يعصون الله ما أمرهم ويفعلون ما يؤمرون﴾،

അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.

അവൻ പറയുന്നു:

﴿وَمَنْ عِندَهُ لا يَسْتَكْبِرُونَ عَنْ عِبَادَتِهِ وَلا يَسْتَحْسِرُون * يُسَبِّحُونَ اللَّيْلَ وَالنَّهَارَ لا يَفْتُرُون﴾،

അവന്റേതാകുന്നു ആകാശങ്ങളിലും, ഭൂമിയിയും ഉള്ളവരെല്ലാം. അവന്റെ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നത് വിട്ട് അഹങ്കരിക്കുകയില്ല. അവർക്ക് മടുപ്പു തോന്നുകയുമില്ല.

അവർ രാവും പകലും (അല്ലാഹുവിന്റെ പരിശുദ്ധിയെ) പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവർ തളരുകയില്ല.

മലക്കുകളുടെ എണ്ണം അല്ലാഹുവിനല്ലാതെ തിട്ടപ്പെടുത്താനാകാത്തത്രയും അധികമുണ്ട്.

﴿وما يعلم جنود ربك إلا هو﴾

നിന്റെ റബ്ബിന്റെ സൈന്യങ്ങളുടെ ആധിക്യം അവനല്ലാതെ മറ്റാരും അറിയുകയില്ല.

ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച മിഅ്റാജ് വിവരിക്കുന്ന ഹദീസിൽ അൽ ബൈത്തുൽ മഅ്മൂറിനെ കുറിച്ച് ജബ്രീൽ പറയുന്നത് കാണാം :

ഇവിടെ എല്ലാ ദിവസവും എഴുപതിനായിരം മലക്കുകൾ നിസ്കരിക്കുന്നു. നിസ്കരിച്ച് അവർ പുറത്ത് പോയാൽ അവസാനം വരെ അവർ രണ്ടാമത് തിരിച്ച് വരികയില്ല.

മുഅമീനീങ്ങളേ, മലക്കുകളിലുള്ള വിശ്വാസം നാല് കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്;

ഒന്ന് : അവർ ഉണ്ട് എന്ന വിശ്വാസം..

രണ്ട് : അവരെ സ്നേഹിക്കൽ അവരോട് ശത്രുത വെക്കൽ കുഫ്റാണ്. അല്ലാഹു പറയുന്നു. :

﴿مَن كَانَ عَدُوًّا لِّلَّهِ وَمَلَائِكَتِهِ وَرُسُلِهِ وَجِبْرِيلَ وَمِيكَالَ فَإِنَّ اللَّهَ عَدُوٌّ لِّلْكَافِرِينَ﴾.

ആർക്കെങ്കിലും അല്ലാഹുവോടും അവന്റെ മലക്കുകളോടും അവന്റെ ദൂതൻമാരോടും ജിബ്രീലിനോടും മീകാഈലിനോടുമെല്ലാം ശത്രുതയാണെങ്കിൽ ആ നിഷേധികളുടെ ശത്രുതന്നെയാകുന്നു അല്ലാഹു.

മൂന്ന് : നമുക്ക് അറിയാവുന്ന അവരുടെ പേരുകളിൽ വിശ്വസിക്കൽ . ഉദാഹരണമായി ജിബ്രീൽ പോലെ, പേര് പഠിപ്പിക്കപ്പെടാത്തവ മൊത്തത്തിലും നാം വിശ്വസിക്കുന്നു .

നാല് : നമുക്ക് പഠിപ്പിക്കപ്പെട്ട അവരുടെ ശാരീരിക വിശേഷണങ്ങളിൽ വിശ്വസിക്കൽ. ഉദാഹരണമായ ജിബ്രീലിനെ കുറിച്ച് നബി ﷺ അറിയിച്ചു തന്നു: അദ്ദേഹത്തെ സൃഷ്ടിക്കപ്പെട്ട രൂപത്തിൽ 600 ചിറകുള്ളതായി ആകാശം നിറഞ്ഞുനിൽക്കുന്നതായി നബി ﷺ കണ്ടു

ചിലപ്പോൾ മലക്ക് മനുഷ്യരൂപം പ്രാപിക്കും. മറിയം -അലൈഹസ്സലാം- യുടെ അടുത്തേക്ക് മനുഷ്യരൂപത്തിൽ വന്നത് അതിനുദാഹരണമാണ്. അതുപോലെതന്നെ നബി ﷺ സഹാബികളും ആയിരിക്കുമ്പോൾ തൂവെള്ള വസ്ത്രം ധരിച്ച, കറുകറുത്ത മുടിയുള്ള, യാത്രയുടെ യാതൊരു അടയാളങ്ങളും ഇല്ലാത്ത, ഒരാൾക്കും പരിചയം ഇല്ലാത്ത, ഒരു വ്യക്തി അവിടേക്ക് കടന്നുവന്നു. നബി ﷺ യുടെ അടുക്കൽ ഇരുന്ന് അയാൾ നബി ﷺ യുടെ കാൽമുട്ടുകളോട് കാൽമുട്ടുകൾ ചേർത്തുവയ്ക്കുകയും തുടയിൽ കൈവെക്കുകയും ചെയ്തു. ശേഷം നബിയോട് ഇസ്ലാമിനെക്കുറിച്ചും ഈമാനിനെക്കുറിച്ചും ഇഹ്സാനിനെകുറിച്ചും അന്ത്യനാളിനെ കുറിച്ചും അതിന്റെ അടയാളങ്ങളെ കുറിച്ചും ചോദിക്കുകയും നബി ﷺ അവർക്ക് ഉത്തരം നൽകുകയും ചെയ്തപ്പോൾ അയാൾ പിരിഞ്ഞു പോയി. ശേഷം സഹാബികൾ അയാളെ കുറിച്ച് ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു :

“അത് ജനങ്ങൾക്ക് അവരുടെ ദീൻ പഠിപ്പിക്കാനായി വന്ന ജിബ്രീയിലാണ്” .

ഇബ്രാഹിം നബിയുടെയും ലൂത്ത് നബിയുടെയും അടുത്തേക്ക് നിയോഗിക്കപ്പെട്ട മലക്കുകളും മനുഷ്യരൂപത്തിൽ ആയിരുന്നു മലക്കുകളുടെ നേതാവ് ജിബ്രീലാണ്.

അതി മഹത്തായ രൂപമുള്ള ജിബ്രീലിനെ കുറിച്ച് അല്ലാഹു പറഞ്ഞു:

﴿رسول كريم * ذي قوة عند ذي العرش مكين﴾

തീർച്ചയായും ഇത് (ഖുർആൻ) മാന്യനായ ഒരു ദൂതന്റെ വാക്കാകുന്നു. ശക്തിയുള്ളവനും, സിംഹാസനസ്ഥനായ അല്ലാഹുവിങ്കൽ സ്ഥാനമുള്ളവനുമായ (ദൂതന്റെ).

﴿مُطاعٍ ثَمَّ أمين﴾،

അവിടെ അനുസരിക്കപ്പെടുന്നവനും വിശ്വസ്തനുമായ (ദൂതന്റെ).

അല്ലാഹു പറഞ്ഞു:

﴿علَّمه شديد القوى * ذو مِرّة فاستوى﴾،

ശക്തിമത്തായ കഴിവുള്ളവനാണ് (ജിബ്‌രീൽ എന്ന മലക്കാണ്) അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്. കരുത്തുള്ള ഒരു വ്യക്തി.അങ്ങനെ അദ്ദേഹം (സാക്ഷാൽ രൂപത്തിൽ) നിലകൊണ്ടു.

അഥവാ അല്ലാഹുവിന്റെ കല്പനകൾ നടപ്പിലാക്കുവാനും അവന്റെ സന്ദേശങ്ങൾ മുർസലീങ്ങളിലേക്ക് എത്തിക്കുവാനും പിശാച് തട്ടിയെടുക്കുന്നതിൽ നിന്നും അതിനെ സംരക്ഷിക്കുവാനും ആവശ്യമായ ശക്തി അദ്ദേഹത്തിനുണ്ട് എന്ന് ഉദ്ദേശം.

അഞ്ച് : അല്ലാഹു നമുക്ക് പഠിപ്പിച്ചു തന്ന അവരുടെ സ്വഭാവപരമായ വിശേഷണങ്ങളിൽ വിശ്വസിക്കൽ.

അവരുടെ വിശേഷങ്ങൾ പെട്ടതാണ് ലജ്ജ. ഉസ്മാൻ -റളിയള്ളാഹു അന്ഹു- വിനെ കുറിച്ച് നബി ﷺ പറഞ്ഞു :

“മലക്കുകൾ പോലും ലജ്ജിക്കുന്ന ഒരു മനുഷ്യനിൽ നിന്ന് ഞാൻ ലജ്ജിക്കേണ്ടതല്ലേ”

അല്ലാഹു വെറുക്കുന്ന കാര്യങ്ങൾ മലക്കുകളും വെറുക്കുന്നു. രൂപങ്ങളും നായകളും ഉള്ള വീടുകളിൽ അവർ പ്രവേശിക്കുകയില്ല. നബി ﷺ പറഞ്ഞു :

“നായയോ രൂപങ്ങളോ ഉള്ള വീടുകളിൽ മലക്കുകൾ പ്രവേശിക്കുകയില്ല”

മനുഷ്യർക്ക് പ്രയാസം ഉണ്ടാക്കുന്ന കാര്യങ്ങൾ മലക്കുകൾക്കും പ്രയാസം ഉണ്ടാക്കും. അതുകൊണ്ടുതന്നെ ഉള്ളിയോ വെളുത്തുള്ളിയോ കഴിച്ചവർ പള്ളിയിലേക്ക് പ്രവേശിക്കുന്നത് നബി വിലക്കി. പുകവലി പോലുള്ള മറ്റു ദുർഗന്ധങ്ങളും ഇതുപോലെ തന്നെയാണ്.

നബി ﷺ പറഞ്ഞു :

“ആരെങ്കിലും ഉള്ളിയോ വെളുത്തുള്ളിയോ തിന്നാൽ അവൻ നമ്മുടെ പള്ളിയിലേക്ക് അടുക്കാതിരിക്കട്ടെ. തീർച്ചയായും മനുഷ്യന് പ്രയാസമുണ്ടാകുന്ന കാര്യങ്ങൾ കൊണ്ട് മലക്കുകൾക്കും പ്രയാസമുണ്ടാകും”

ആറാമതായി; അല്ലാഹുവിന്റെ കല്പന അനുസരിച്ച് കൊണ്ട് അവർ നിർവഹിക്കുന്ന പ്രവർത്തനങ്ങളിൽ വിശ്വസിക്കുക. അവയിൽ പൊതുവായ കാര്യങ്ങൾ ഉണ്ട്, അല്ലാഹുവിനെ തസ്ബീഹ് ചെയ്യുന്നത് പോലെ, രാപ്പകൽ വ്യത്യാസമില്ലാതെ, ക്ഷീണമില്ലാതെ അവനുവേണ്ടി ഇബാദത്തുകളിൽ മുഴുകുന്നതുപോലെ.

അല്ലാഹു പറഞ്ഞു

﴿فالتاليات ذكرا﴾.

എന്നിട്ട് കീർത്തനം ചൊല്ലുന്നവരുമായവരെ (മലക്കുകളെ) തന്നെയാണ സത്യം;

അവരിൽ ചിലർക്ക് ചില പ്രത്യേകമായ ഉത്തരവാദിത്തങ്ങൾ ഉണ്ട്. വഹ്യിന്റെ ഉത്തരവാദിത്വം ജിബ്‌രീലിനാണ്. മറ്റു ചില മലക്കുകൾ മുഖേനയും ചില സന്ദർഭങ്ങളിൽ അല്ലാഹു അവന്റെ സന്ദേശങ്ങൾ എത്തിക്കും.

അല്ലാഹു പറയുന്നു :

﴿فالمُلقيات ذكرا * عذرا أو نذرا﴾

ഒരു ഒഴികഴിവായികൊണ്ടോ താക്കീതായിക്കൊണ്ടോ അല്ലാഹുവിന്റെ സന്ദേശം ഇട്ടുകൊടുക്കുന്നവയുമായിട്ടുള്ളവർ തന്നെ സത്യം.

മഴയുടെ ഉത്തരവാദിത്വം മിഖായിൽ എന്ന മലക്കിനാണ്. നാളിനോട് അടുത്തും സൃഷ്ടികളെ പുനര എഴുന്നേൽപ്പിക്കുമ്പോഴും കാഹളത്തിൽ ഊതുന്നതിന്റെ ഉത്തരവാദിത്വം ഇസ്രാഫീൽ എന്ന മലക്കിനാണ്.

ഈ മൂന്നുപേരാണ് മലക്കുകളുടെ കൂട്ടത്തിൽ ഏറ്റവും മഹത്വം ഉള്ളവർ. ഹൃദയങ്ങളുടെ ജീവനായ വഹിയിന്റെ ഉത്തരവാദിത്വമുള്ള ജിബ്രീലും ഭൂമിയുടെ ജീവനായ മഴയുടെ ഉത്തരവാദിത്വമുള്ള മീഖായീലും ശരീരത്തിന്റെ ജീവനുമായി ബന്ധപ്പെട്ട കാഹളത്തിൽ ഊതുന്നതിന്റെ ഉത്തരവാദിത്വമുള്ള ഇസ്രാഫീലും.

ആത്മാവ് പിടിക്കാനുള്ള ഉത്തരവാദിത്വം മലക്കുൽ മൗത്തിനാണ്. അല്ലാഹു പറയുന്നു:

﴿قل يتوفاكم ملك الموت الذي وُكِّل بكم ثم إلى ربكم ترجعون﴾.

(നബിയേ,) പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മലകുൽ മൗത്ത് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ റബ്ബിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതുമാണ്.

എന്നാൽ ഈ മരണത്തിന്റെ മലക്കിന് അസ്റാഈൽ എന്ന പേര് ഖുർആനിലോ സുന്നത്തിലോ സ്ഥിരപ്പെട്ടിട്ടില്ല. സ്ഥിരപ്പെട്ടത് മലക്കുൽ മൗത്ത് എന്നാണ്.

﴿وهو القاهر فوق عباده ويرسل عليكم حفظة حتى إذا جاء أحدكم الموت توفته رسلنا وهم لا يُفَرِّطون﴾،

അവനത്രെ തന്റെ ദാസൻമാരുടെ മുകളിൽ അവരെ അടക്കിഭരിക്കുന്നവൻ. നിങ്ങളുടെ മേൽനോട്ടത്തിനായി അവൻ കാവൽക്കാരെ അയക്കുകയും ചെയ്യുന്നു. അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ നമ്മുടെ ദൂതൻമാർ (മലക്കുകൾ) അവനെ പൂർണ്ണമായി ഏറ്റെടുക്കുന്നു. (അക്കാര്യത്തിൽ) അവർ ഒരു വീഴ്ചയും വരുത്തുകയില്ല.

അറിവിന്റെ മജ്ലിസുകൾ അന്വേഷിച്ചു കൊണ്ട് ഭൂമിയിൽ ചുറ്റിത്തിരിയുന്ന മലക്കുകൾ ഉണ്ട്. അങ്ങനെ ഒരു മജ്ലിസ് അവർ കണ്ടാൽ അവർ പരസ്പരം വിളിച്ചു കൂട്ടുകയും അവിടെ അവർ ഇരിക്കുകയും ആ മജ്ലിസിലെ ആളുകളെ ആകാശം വരെ ചിറകുകൾ കൊണ്ട് അവർ പൊതിയുകയും ചെയ്യും.

ഗർഭസ്ഥ ശിശുവിന് നാലുമാസം കഴിഞ്ഞാൽ അവിടേക്ക് നിയോഗിക്കപ്പെടുകയും അതിന്റെ ഉപജീവനവും ആയുസ്സും കർമ്മങ്ങളും സൗഭാഗ്യവാൻ ആണോ ദുർഭാഗ്യവാണോ എന്നതും എഴുതി രേഖപ്പെടുത്താൻ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടിട്ടുള്ള മലക്കുകൾ ഉണ്ട്. മനുഷ്യന്റെ കർമ്മങ്ങൾ എഴുതി സൂക്ഷിക്കാൻ ഏൽപ്പിക്കപ്പെട്ട മലക്കുകൾ ഉണ്ട്. ഓരോ വ്യക്തിയുടെയും കൂടെ വലതും ഇടതുമായി രണ്ട് മലക്കുകൾ.

അല്ലാഹു പറയുന്നു :

﴿إذ يتلقى المتلقيان عن اليمين وعن الشمال قعيد * ما يلفظ من قول إلا لديه رقيب عتيد﴾،

വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നു കൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം.

അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.

അല്ലാഹു പറയുന്നു :

﴿وإن عليكم لحافظين * كراما كاتبين * يعلمون ما تفعلون﴾.

തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യൻമാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.

കബറിൽ ചോദ്യങ്ങൾ ചോദിക്കാൻ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ട മലക്കുകളും ഉണ്ട്. സ്വർഗ്ഗക്കാർക്ക് സേവനം ചെയ്യാനായി ഏൽപ്പിക്കപ്പെട്ട മലക്കുകളെ കുറിച്ച് അല്ലാഹു പറയുന്നു :

﴿وَالْمَلَائِكَةُ يَدْخُلُونَ عَلَيْهِم من كُلِّ بَابٍ * سَلَامٌ عَلَيْكُم بِمَا صَبَرْتُمْ فَنِعْمَ عُقْبَى الدَّار﴾.

മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നുവരും (എന്നിട്ടവർ പറയും:) നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ അന്തിമ ഗൃഹം (സ്വർഗം) എത്ര നല്ലത്!

നരകത്തിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ട മലക്കുകളുടെ നേതാവ് നരകത്തിന്റെ സൂക്ഷിപ്പുകാരനായ മാലിക്കാണ്. നരകക്കാർ പറയുന്നതായി അള്ളാഹു പറയുന്നു :

﴿ونادوا يا مالك ليقض علينا ربك قال إنكم ماكثون﴾.

അവർ വിളിച്ചുപറയും; ഹേ, മാലിക്!താങ്കളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ (മരണം) വിധിക്കട്ടെ. അദ്ദേഹം (മാലിക്) പറയും: നിങ്ങൾ (ഇവിടെ) താമസിക്കേണ്ടവർ തന്നെയാകുന്നു.

പർവതങ്ങളുടെ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ട മലക്കുണ്ട്. നബി ﷺ ക്ക് തന്റെ ജനങ്ങളിൽ നിന്നും പ്രയാസം നേരിട്ടപ്പോൾ ആ മലക്ക് വന്നു കൊണ്ട് നബി ﷺ യോട് പറഞ്ഞു: താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ മക്കയിലെ ഭീമാകാരികളായ രണ്ടു പർവ്വതങ്ങൾക്കിടയിൽ അവരെ എടുക്കാം.

അവിടുന്ന് പറഞ്ഞു : അങ്ങനെയല്ല, അവരുടെ മുതുകിൽ നിന്ന് അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യുന്ന അവനിൽ യാതൊന്നിനെയും പങ്കു ചേർക്കാത്തവരെ അല്ലാഹു പുറത്തുകൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മേഘങ്ങളെ അല്ലാഹു ഉദ്ദേശിക്കുന്നിടത്തേക്ക് തെളിച്ചു കൊണ്ടുപോകുന്ന മലക്കുകൾ ഉണ്ട്. അല്ലാഹു പറയുന്നു :

﴿فالزاجرات زجرا﴾.

ശബ്ദം ഉണ്ടാക്കിക്കൊണ്ട് തളിക്കുന്നവയും തന്നെയാണ് സത്യം.

മലക്കുകൾ മുഅ്മിനീങ്ങളെ ഇഷ്ടപ്പെടുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പാപമോചനത്തിന് തേടുകയും ചെയ്യുന്നു. അർഷിന്റെ വാഹകരായ മലക്കുകളെ കുറിച്ച് അല്ലാഹു പറയുന്നു:

﴿الذين يحملون العرش ومن حوله يسبحون بحمد ربهم ويؤمنون به ويستغفرون للذين آمنوا ربنا وسعت كل شيء رحمة وعلما فاغفر للذين تابوا واتبعوا سبيلك وقهم عذاب الجحيم * ربنا وأدخلهم جنات عدن التي وعدتهم ومن صلح من آبائهم وأزواجهم وذرياتهم إنك أنت العزيز الحكيم * وقِهِم السيئات ومن تقِ السيئات يومئذ فقد رحمته وذلك هو الفوز العظيم﴾.

സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ റബ്ബിനെ സ്തുതിക്കുന്നതോടൊപ്പം (അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കുകയും അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്ക് വേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും ചെയ്യുന്നു: ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ റബ്ബേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കൾ, ഭാര്യമാർ, സന്തതികൾ എന്നിവരിൽ നിന്നു സദ്വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും.

അവരെ നീ തിൻമകളിൽ നിന്ന് (അതിന്റെ അനന്തര ഫലത്തിൽ നിന്ന്) കാക്കുകയും ചെയ്യേണമേ. അന്നേ ദിവസം നീ ഏതൊരാളെ തിൻമകളിൽ നിന്ന് കാക്കുന്നുവോ, അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതു തന്നെയാകുന്നു മഹാഭാഗ്യം.

നിസ്കാരം പ്രതീക്ഷിച്ചിരിക്കുന്നവർക്ക് വേണ്ടി മലക്കുകൾ പാപമോചനത്തെ തേടും, അവർ പറയും : അല്ലാഹുവേ നീ അദ്ദേഹത്തിന് പൊറുത്തു കൊടുക്കേണമേ, അദ്ദേഹത്തോട് കരുണ കാണിക്കേണമേ.

ഒന്നാമത്തെ സ്വഫ്ഫിൽ നിസ്കരിക്കുന്നവർക്ക് കാരുണ്യത്തിനും പാപമോചനത്തിനും വേണ്ടി പ്രാർത്ഥിക്കുന്ന മലക്കുകൾ ഉണ്ട്.

നബി ﷺ പറഞ്ഞു :

അല്ലാഹുവും അവന്റെ മലക്കുകളും ഒന്നാമത്തെ വേണ്ടി സ്വലാത്ത് ചെയ്യുന്നുണ്ട്.

നന്മ പഠിപ്പിക്കുന്നവർക്ക് വേണ്ടി അവർ സ്വലാത്തിനെ ചോദിക്കും.

അബു ഉമാമ നിവേദനം ചെയ്യുന്ന ഹദീസിൽ നബി പറഞ്ഞു : അല്ലാഹുവും അവന്റെ മലക്കുകളും ആകാശഭൂമികളിലുള്ള മുഴുവൻ ആളുകളും മാളങ്ങളിലുള്ള ഉറുമ്പു വരെ, മത്സ്യങ്ങൾ വരെ ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നവർക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നുണ്ട്.

തന്റെ സഹോദരനെതിരെ ഇരുമ്പോ ആയുധമോ ഉയർത്തിയവനെ മലക്കുകൾ ശപിക്കും.

അബൂ ഹുറൈറ നിവേദനം ചെയ്യുന്ന ഹദീസിൽ നബി പറഞ്ഞു: ആരെങ്കിലും തന്റെ സഹോദരന്റെ നേരെ ആയുധം ചൂണ്ടിയാൽ അവൻ അത് താഴ്ത്തുന്നത് വരെ മലക്കുകൾ അവനെ ശപിക്കും, അത് അവന്റെ സ്വന്തം സഹോദരൻ ആയാലും ശരി.

മുഅ്മിനീങ്ങളുടെ കൂടെ അവർ ഫജ്ർ നിസ്കാരത്തിന് സന്നിഹിതരാകും.

﴿وَقُرْآنَ الْفَجْرِ إِنَّ قُرْآنَ الْفَجْرِ كَانَ مَشْهُودًا﴾.

ഖുർആൻ പാരായണം ചെയ്തുകൊണ്ടുള്ള പ്രഭാത നമസ്കാരവും (നിലനിർത്തുക.) തീർച്ചയായും പ്രഭാതനമസ്കാരത്തിലെ ഖുർആൻ പാരായണം മലക്കുകളാൽ സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.

ഫജ്ർ നിസ്കാരത്തിന് ഖുർആൻ എന്ന് ആയത്തിൽ പറയാൻ കാരണം അതിൽ ദീർഘമായി ഖുർആൻ പാരായണം ചെയ്യുന്നതും ഖുർആൻ പാരായണത്തിന് അതിൽ പ്രത്യേകമായ ശ്രേഷ്ഠതയുള്ളതുകൊണ്ടുമാണ്.

ചുരുക്കത്തിൽ അല്ലാഹു ഏൽപ്പിച്ചിട്ടുള്ള പ്രാപഞ്ചിക നിയന്ത്രണങ്ങൾ അല്ലാഹുവിന്റെ കല്പനപ്രകാരം മലക്കുകൾ നിർവഹിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു അവരെ റുസുൽ അഥവാ ദൂതന്മാർ എന്ന് വിളിച്ചത്.

﴿الحمد لله فاطر السماوات والأرض جاعل الملائكة رسلا أولي أجنحة﴾،

ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെദൂതൻമാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി.

മലക്കുകൾ അല്ലാഹു ഏൽപ്പിച്ച വ്യത്യസ്തങ്ങളായ ജോലികളുമായി നിയോഗിക്കപ്പെട്ട ദൂതന്മാരാണ്.

ഇബ്നു തൈമിയ്യ പറയുന്നു :

മലക്കുകളുടെ കാര്യം വളരെ മഹത്വമുള്ളതാണ്, പ്രപഞ്ചം നിയന്ത്രിക്കാനുള്ള അല്ലാഹുവിന്റെ ദൂതന്മാർ ആണ് അവർ. അല്ലാഹു പറയുന്നു :

﴿فالمدبرات أمرا﴾،

കാര്യങ്ങൾ നിയന്ത്രിക്കുന്നവരും തന്നെയാണ് സത്യം.

അവൻ പറഞ്ഞു :

﴿فالمقسمات أمرا﴾،

കാര്യങ്ങൾ വിഭജിച്ചു കൊടുക്കുന്നവരും തന്നെയാണ് സത്യം.

അല്ലാഹു അവരെ കുറിച്ചുള്ള വിവരങ്ങളും അവരുടെ വിശേഷണങ്ങളും വളരെ ദൈർഘ്യമായി ഖുർആനിൽ പരാമർശിച്ചിരിക്കുന്നു. അവരുടെ ഇടപെടലുകൾ ലോകത്തുണ്ട് താനും.

ഈ ആയത്തുകളിൽ അല്ലാഹു അവരെ വെച്ച് സത്യം ചെയ്തത് അവരുടെ ശ്രേഷ്ഠതയെ അറിയിക്കുന്നു.

നിരന്തരമായി അല്ലാഹുവിന് ഇബാദത്തിൽ മുഴുകിക്കൊണ്ടിരിക്കുന്ന വിഭാഗമാണ് മലക്കുകൾ. നബി ﷺ പറഞ്ഞു :

ആകാശം അതു വഹിക്കുന്ന ഭാരം കൊണ്ട് ശബ്ദം പുറപ്പെടുവിച്ചിരിക്കുന്നു. അത് അപ്രകാരം ചെയ്യേണ്ടത് തന്നെയാകുന്നു. ഏതെങ്കിലും ഒരു മലക്ക് സുജൂദ് ചെയ്തു കൊണ്ട് നെറ്റിത്തടം വയ്ക്കാത്തതായി ഒരു നാല് വിരലുകളുടെ സ്ഥലം പോലും അവിടെ ബാക്കിയില്ല.

എങ്കിൽ മഹത്തായ മലക്കുകളുടെ സൃഷ്ടിപ്പിനെക്കുറിച്ച് നീ ചിന്തിച്ച് നോക്കുക.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ. മലക്കുകളിലുള്ള വിശ്വാസത്തിന് മഹത്തായ ഫലങ്ങൾ ഉണ്ട്. അവയിൽ പെട്ടതാണ്;

1. അല്ലാഹുവിന്റെ മഹത്വത്തെയും കഴിവിനെയും അധികാരത്തെയും കുറിച്ചുള്ള അറിവ്, അവന്റെ സൃഷ്ടികളുടെ മഹത്വം അതിന്റെ സൃഷ്ടാവായ അല്ലാഹുവിന്റെ മഹത്വത്തെ അറിയിക്കുന്നു.

2. നമ്മുടെ കാര്യങ്ങൾ നിയന്ത്രിക്കാനും സംരക്ഷിക്കുവാനും നമ്മുടെ കർമ്മങ്ങൾ എഴുതി രേഖപ്പെടുത്താനും മറ്റുമായി മലക്കുകളെ നിയോഗിച്ച അല്ലാഹുവിനെ നന്ദി കാണിക്കൽ.

3. അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നതിന്റെ പേരിൽ മലക്കുകളെ സ്നേഹിക്കൽ.

നിങ്ങൾ അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ. മനുഷ്യരിലെ സ്വാലിഹീങ്ങളാണ് മലക്കുകളേക്കാൾ ശ്രേഷ്ഠർ എന്നതാണ് അഹ്ലുസ്സുന്നയുടെ വീക്ഷണം. കാരണം മനുഷ്യരെ സംബന്ധിച്ചിടത്തോളം ദേഹേച്ഛകളും തിന്മ കൊണ്ട് കൽപ്പിക്കുന്ന മനസ്സും വഴിപിഴപ്പിക്കുന്ന ശൈത്താനും എല്ലാം ഉണ്ട്.എന്നാൽ മലക്കുകൾ അങ്ങനെയല്ല. അവർ അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നതിലും അനുസരിക്കുന്നതിലും അവന്റെ കൽപ്പനകൾക്ക് അനുസരിച്ച് നേരെ ചൊവ്വയെ നിലകൊള്ളുന്നതിലും ഊട്ടപ്പെട്ടവരാണ്. പിശാചിന് അവരുടെമേൽ ആധിപത്യം നേടാൻ കഴിയില്ല. അതുകൊണ്ടെല്ലാം തന്നെ മനുഷ്യരിൽ നിന്ന് നേരായ വഴിക്ക് നിലകൊള്ളുന്നവരാണ് മലക്കുകളേക്കാൾ ശ്രേഷ്ഠർ.

നിങ്ങൾ അറിയുക,

ഷഅ്ബാനിലെ നോമ്പ് പ്രത്യേകം പുണ്യമാക്കപ്പെട്ടതാണ്. ആയിഷ - റളിയള്ളാഹു അൻഹ- പറയുന്നു :

…..റസൂൽ ﷺ ഷഅ്ബാനിലെക്കാൾ അധികം മറ്റൊരു മാസത്തിലും നോമ്പ് അനുഷ്ഠിക്കുന്നത് ഞാൻ കണ്ടിട്ടില്ല.

ഉസാമത്ത് ബ്നു സൈദ് പറയുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ, ശഅ്ബാനിനെ പോലെ മറ്റൊരു മാസത്തിലും താങ്കൾ നോമ്പ് എടുക്കുന്നത് കാണുന്നില്ലല്ലോ? അവിടുന്ന് പറഞ്ഞു: റമളാനിനും റജബിനും ഇടയിൽ ആടുകൾ

അശ്രദ്ധയിൽ ആകുന്ന മാസമാണത്. കർമ്മങ്ങൾ ലോകങ്ങളുടെ റബ്ബിന്റെ അടുത്തേക്ക് ഉയർത്തപ്പെടുന്ന മാസമാണത്. നോമ്പുകാരൻ ആയിരിക്കെ എന്റെ കർമ്മങ്ങൾ ഉയർത്തപ്പെടാൻ ഞാൻ ഇഷ്ടപ്പെടുന്നു.

റമദാനിലെ നോമ്പിലേക്കുള്ള പരിശീലനമാണ് എന്നതും ഈ മാസത്തിലെ നോമ്പിന്റെ ശ്രേഷ്ഠതയാണ്. കാരണം ഇത് നോമ്പിലേക്കുള്ള ഒരു ചവിട്ടുപടിയാണ്. ഈ മാസത്തിൽ നോമ്പ് എടുത്തവർക്ക് ഉന്മേഷത്തോടെ റമദാനിലെ നോമ്പിലേക്ക് പ്രവേശിക്കാൻ സാധിക്കും.

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

3- കിതാബുകളിലുള്ള വിശ്വാസം.

കിതാബുകളിലുള്ള വിശ്വാസം.

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار. أما بعد،

മുസ്ലിമീങ്ങളെ, ആദ്യകാലക്കാർക്കും അവസാനകാലക്കാർക്കും അല്ലാഹു നൽകിയ വസ്വിയത്തായ തഖ് വ കൊണ്ട് ഞാൻ നിങ്ങളുടെ ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ولقد وصينا الذين أوتوا الكتاب من قبلكم وإياكم أن اتقوا الله﴾،

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, കിതാബുകളിലുള്ള വിശ്വാസത്തിന് ഇസ്ലാമിൽ വളരെ മഹത്തായ സ്ഥാനമുണ്ട്, ഇസ്ലാമിന്റെ സ്തംഭങ്ങളിൽ മൂന്നാമത്തെ സ്തംഭമാണത്.

അല്ലാഹു മുർസലീങ്ങളെ അയക്കുകയും അവർക്ക് ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തു, അത് മുഖേന അവർ ഇരുലോകത്തും സൗഭാഗ്യം കൈവരിക്കാൻ വേണ്ടി.

അല്ലാഹു പറയുന്നു:

﴿لقد أرسلنا رسلنا بالبينات وأنزلنا معهم الكتاب والميزان﴾.

തീർച്ചയായും നാം നമ്മുടെ ദൂതൻമാരെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് അയക്കുകയും അവരോടൊപ്പം വേദഗ്രന്ഥവും തുലാസും ഇറക്കികൊടുക്കുകയും ചെയ്തു.

അല്ലാഹു അവതരിപ്പിച്ച എല്ലാ ഗ്രന്ഥങ്ങളിലും വിശ്വസിക്കൽ അവൻ നിർബന്ധമാക്കി.

അവൻ പറയുന്നു:

﴿قولوا آمنا بالله وما أنزل إلينا وما أنزل إلى إبراهيم وإسماعيل وإسحاق ويعقوب والأسباط وما أوتي موسى وعيسى وما أوتي النبيون من ربهم لا نفرق بين أحد منهم ونحن له مسلمون﴾.

നിങ്ങൾ പറയുക: "അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു.".

മുഅ്മിനീങ്ങളെ, കിതാബുകളിൽ ഉള്ള വിശ്വാസം ഏഴു കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട് :

1. അല്ലാഹുവിങ്കൽ എന്നാണ് അവ അവതരിപ്പിക്കപ്പെട്ടത് എന്ന വിശ്വാസം.

വഹ് യ് മുഖേനയാണ് അല്ലാഹു ഗ്രന്ഥങ്ങൾ അവതരിപ്പിച്ചത്. അതിനായി ഏൽപ്പിക്കപ്പെട്ട മലക്ക് ജിബ്രീൽ ആയിരുന്നു.

2. അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടുള്ള ഗ്രന്ഥങ്ങളുടെ പേരുകളിൽ വിശ്വസിക്കൽ. അവ ആറെണ്ണമാണ്. മൂസയുടെയും ഈസയുടെയും - അലൈഹിസ്സലാം - ഏടുകൾ, മൂസാ നബിക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്ത്, ഈസാ നബിക്ക് അവതരിപ്പിക്കപ്പെട്ട ഇഞ്ചീൽ, ദാവൂദ് നബിക്ക് അവതരിപ്പിക്കപ്പെട്ട സബൂർ, മുഹമ്മദ് നബി ﷺ ക്ക് അവതരിപ്പിക്കപ്പെട്ട ഖുർആൻ എന്നിവയാണവ. പണ്ഡിതന്മാരിൽ ചിലർ മൂസാനബിക്ക് നൽകപ്പെട്ട ഏടും തൗറാത്തും ഒന്നുതന്നെയാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ നിലക്ക് പേര് പരാമർശിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ എണ്ണം അഞ്ചെണ്ണം ആയിരിക്കും.

പേര് നമുക്ക് അറിയിച്ചു തരാത്ത ഗ്രന്ഥങ്ങളിൽ നാം മൊത്തത്തിൽ വിശ്വസിക്കുകയും ചെയ്യുന്നു.

3. അല്ലാഹു അവന്റെ നബിമാർക്ക് അവതരിപ്പിച്ച യഥാർത്ഥ ഗ്രന്ഥങ്ങളിൽ - മാറ്റം വരുത്തപ്പെട്ടതിൽ അല്ല -വിശ്വസിക്കൽ. അപ്രകാരം നാം ജൂത ക്രിസ്ത്യാനികൾ മാറ്റം വരുത്തുന്നതിനു മുമ്പുള്ള തൗറാത്തിലും ഇഞ്ചീലിലുമെല്ലാം വിശ്വസിക്കുന്നു. എന്നാൽ നിലവിൽ അവരുടെ കൈകളിൽ ഉള്ളതിൽ ശരിക്കും തെറ്റുമുണ്ട്. അതവർ അവരുടെ മുൻഗാമികളിൽ നിന്ന് എഴുതിയെടുക്കുകയും തൗറാത്ത് എന്നും ഇഞ്ചീൽ എന്നും അവർക്ക് നാമകരണം ചെയ്യുകയും തലമുറകൾ

അതിൽ വിശ്വസിച്ചു പോരുകയും ചെയ്തു. അത് മുഖേന അവർ വഴിപിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്തു. അവയൊന്നും യഥാർത്ഥ തൗറാത്തോ ഇഞ്ചീലോ അല്ല.

മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങൾ മാറ്റി തിരുത്തലുകൾക്ക് വിധേയമായപ്പോൾ, സംരക്ഷിക്കപ്പെടാതെ വന്നപ്പോൾ അല്ലാഹു മുഹമ്മദ് നബി ﷺ ക്ക് അവതരിപ്പിക്കുകയും അതിന്റെ സംരക്ഷണം അവൻ ഏറ്റെടുക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു :

﴿إنا نحن نزلنا الذِّكر وإنا له لحافظون﴾،

“നാം ആണ് ഉദ്ബോധനം ആകുന്ന ഈ ഖുർആൻ അവതരിപ്പിച്ചത്, നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും. “

. 4. ആ ഗ്രന്ഥങ്ങൾ അറിയിച്ചു തന്ന വിവരങ്ങൾ വിശ്വസിക്കൽ. ഖുർആനിലെ വിവരങ്ങളും മുൻ കഴിഞ്ഞ വേദഗ്രന്ഥങ്ങളിലെ മാറ്റ തിരുത്തലുകൾക്ക് വിധേയമാകാത്ത വിവരങ്ങളും. അവയിൽ ഖുർആൻ ശരിയെന്നോ തെറ്റാണെന്ന് സാക്ഷ്യപ്പെടുത്താത്തവ നാം കളവാക്കുകയോ സത്യപ്പെടുത്തുകയോ ചെയ്യുകയില്ല. നബി ﷺ പറഞ്ഞു : “വേദക്കാർ നിങ്ങൾക്ക് പറഞ്ഞു തരുന്നത് നിങ്ങൾ സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യരുത്. മറിച്ച് ഞങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചിരിക്കുന്നു എന്ന് നിങ്ങൾ പറയുക. അങ്ങനെ ചെയ്താൽ അവ ബാതിൽ ആണെങ്കിൽ അവയെ സത്യപ്പെടുത്തുകയോ സത്യമാണെങ്കിൽ അതിനെ കളവാക്കുകയോ ചെയ്യുന്നില്ല.”

5. ആ ഗ്രന്ഥങ്ങളിൽ ദുർബലപ്പെടുത്തപ്പെടാത്ത മതവിധികൾ കൊണ്ട് അമൽ ചെയ്യൽ. അല്ലാഹു പറയുന്നു :

﴿يريد الله ليبين لكم ويهديكم سنن الذين من قبلكم ويتوب عليكم﴾،

“നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചുതരുവാനും, നിങ്ങളുടെ മുൻഗാമികളുടെ നല്ല നടപടികൾ നിങ്ങൾക്ക് കാട്ടിത്തരുവാനും നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുവാനും, അല്ലാഹു ഉദ്ദേശിക്കുന്നു.”

അവൻ പറയുന്നു :

﴿أولئك الذين هدى الله فبهداهم اقتده﴾

“അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക.”

അതിൽ പെട്ടതാണ് പ്രതിക്രിയയുമായി ബന്ധപ്പെട്ട മതവിധികൾ. തൗറാത്തിനെ കുറിച്ച് അല്ലാഹു പറഞ്ഞതുപോലെ ;

﴿وكتبنا عليهم فيها أن النفس بالنفس والعين بالعين والأنف بالأنف والأذن بالأذن والسن بالسن والجروح قصاص﴾،

"ജീവന് ജീവൻ, കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, ചെവിക്ക് ചെവി, പല്ലിന് പല്ല്, മുറിവുകൾക്ക് തത്തുല്യമായ പ്രതിക്രിയ എന്നിങ്ങനെയാണ് അതിൽ (തൗറാത്തിൽ) നാം അവർക്ക് നിയമമായി വെച്ചിട്ടുള്ളത്."

ഈ പറഞ്ഞ മത വിധികൾ നമ്മുടെ മതനിയമത്തിലും ഉള്ളതാണ്. കാരണം അവയദുർബലപ്പെടുത്തുന്ന ഒന്നും തന്നെ നമ്മുടെ ശരീഅത്തിൽ വന്നിട്ടില്ല.

6. ഈ ഗ്രന്ഥങ്ങൾ എല്ലാം ഒരേ അഖീദയിലേക്കാണ് ക്ഷണിക്കുന്നത് എന്ന് വിശ്വസിക്കൽ. ഉലൂഹിയ്യത്തിലും റുബൂബിയ്യത്തിലും അസ്മാഇലും സ്വിഫാത്തിലുമുള്ള അല്ലാഹുവിന്റെ ഏകത്വത്തെ അറിയിക്കുന്ന തൗഹീദാണ് അഖീദയുടെ അടിസ്ഥാനം.

7. ഖുർആൻ മുൻകഴിഞ്ഞ് മറ്റെല്ലാ ഗ്രന്ഥങ്ങളെയും ദുർബലപ്പെടുത്തുന്നതും അവയുടെ മേൽ വിധിക്കുന്നതുമാണ് എന്ന് വിശ്വസിക്കുന്നു. അല്ലാഹു പറയുന്നു :

﴿وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ﴾،

"നബിയേ, നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്."

വിശ്വാസകാര്യങ്ങളും ഖുർആൻ അംഗീകരിച്ച മറ്റു മത നിയമങ്ങളും ഇതിൽനിന്ന് ഒഴിവാണ്.

ഇബ്നു തൈമിയ്യ പറഞ്ഞു : അപ്രകാരമാണ് ഖുർആൻ, മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ അന്ത്യനാളിനെ കുറിച്ചും അല്ലാഹുവിനെ കുറിച്ചും പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഖുർആൻ അംഗീകരിക്കുകയും കൂടുതൽ വിശദീകരിക്കുകയും വ്യക്തമാക്കുകയും അതിനുള്ള തെളിവുകളും ന്യായങ്ങളും വിശദമാക്കുകയും ചെയ്തു. അതുപോലെതന്നെ മുമ്പുള്ള അമ്പിയാക്കളുടെ എല്ലാം നുബുവ്വത്തിനെയും രിസാലത്തിനെയും അംഗീകരിക്കുകയും എല്ലാ മുസ്ലീങ്ങളും യോജിച്ച പൊതുവായ മത നിയമങ്ങളെ സ്ഥിരപ്പെടുത്തുകയും ഗ്രന്ഥങ്ങളെയും മുർസലീങ്ങളെയും കളവാക്കിയവരോട് വിവിധയിനം തെളിവുകളും രേഖകളും സ്ഥാപിച്ചുകൊണ്ട് സംവദിക്കുകയും ചെയ്തു . അത്തരക്കാർക്കുള്ള അല്ലാഹുവിനുള്ള അല്ലാഹുവിന്റെ ശിക്ഷയും അവനവതരിപ്പിച്ച ഗ്രന്ഥങ്ങളെ പിൻപറ്റുന്ന വർക്കുള്ള സഹായവും വ്യക്തമാക്കുകയും ആ ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള

കൈകടത്തലുകളെയും മുൻപ് വേദം ലഭിച്ചവർ അവരുടെ ഗ്രന്ഥങ്ങളിൽ കാണിച്ച കൃത്രിമത്വങ്ങൾ വിശദീകരിക്കുകയും ചെയ്തു.കൂടാതെ അവർ മൂടിവച്ച അല്ലാഹുവിന്റെ കൽപ്പനകളും എല്ലാ നുബുവ്വത്തിന്റെയും സത്ത ഏറ്റവും നല്ല രീതിയിലും മത നിയമങ്ങളിലൂടെയും ഖുർആൻ വ്യക്തമാക്കി. അപ്രകാരം പലനിലക്കും മുമ്പുള്ള വേദഗ്രന്ഥങ്ങളെ സംരക്ഷിക്കുന്നതായി തീർന്നു ഖുർആൻ. അവ സത്യസന്ധമാണെന്നതിനും അതിൽ കൈകടത്തിയവരുടെ കളവിനും സാക്ഷിയായി കൊണ്ടാണ് ഖുർആൻ അവതരിച്ചത്. അല്ലാഹു അംഗീകരിച്ച കാര്യങ്ങൾ സ്ഥാപിക്കുന്ന, അവൻ ദുർബലപ്പെടുത്തിയ കാര്യങ്ങൾ ദുർബലപ്പെടുത്തുന്ന വിധികർത്താവാണത്. അപ്രകാരം വിധിവിലക്കുകളിൽ ഹാക്കിമും മറ്റു വിവരങ്ങളിൽ സാക്ഷിയുമാണ് ഖുർആൻ.

അദ്ദേഹം തുടരുന്നു : ഖുർആൻ സ്വതന്ത്രമാണ്. അതിന്റെ അനുയായികൾക്ക് മറ്റൊരു ഗ്രന്ഥം ആവശ്യമില്ല. മറിച്ച് മുമ്പുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും നന്മകളും അതിൽ അധികവും ഖുർആൻ ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടുതന്നെ മുൻ കഴിഞ്ഞ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതും അവയെ സംരക്ഷിക്കുന്നതും ആണ് ഖുർആൻ. അവയിലുള്ള സത്യത്തെ സ്ഥാപിക്കുകയും അവയിൽ കടത്തപ്പെട്ട ബാത്തിലുകളെ നിഷേധിക്കുകയും ചെയ്യുന്നു. അല്ലാഹു ദുർബലപ്പെടുത്തിയവ ദുർബലപ്പെടുത്തുകയും ശരിയായ ദീൻ സ്ഥാപിക്കുകയും ചെയ്യുന്നു. അതാണ് ഖുർആനിന്റെ ഭൂരിഭാഗവും. മുമ്പുള്ള വേദഗ്രന്ഥങ്ങളിൽ പഠിപ്പിച്ചിട്ടില്ലാത്ത നിരർത്ഥകമായ മതങ്ങളെയും ദുർബലപ്പെടുത്തപ്പെട്ട അല്പം മതവിധികളെയും അത് നിഷേധിക്കുന്നു. ദുർബലപ്പെടുത്തപ്പെട്ട മതവിധികൾ അല്ലാത്തവയപേക്ഷിച്ചു വളരെ കുറവാണ്.

മുസ്ലിമീങ്ങളെ, അല്ലാഹുവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ എല്ലാം ആറു കാര്യങ്ങളിൽ യോജിക്കുന്നവയാണ്;

ഒന്ന് : അവയെല്ലാം അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യാനും അവൻ അല്ലാത്തവർക്ക് ഇബാദത്ത് ചെയ്യുന്നതിനെ വർജിക്കുവാനും ക്ഷണിക്കുന്നവയാണ്. ആ നിലക്ക് അമ്പിയാക്കളുടെ എല്ലാം ദീൻ ഒന്നാണ്.അഥവാ അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യലാണ്.

രണ്ട് : അള്ളാഹുവിലുള്ള വിശ്വാസം, മലക്കുകളിലുള്ള വിശ്വാസം, അല്ലാഹുവിന്റെ കിത്താബുകളിലും മുർസലീങ്ങളിലും അന്ത്യനാളിലും വിധിയിലും ഉള്ള വിശ്വാസം എന്നീ അടിസ്ഥാനപരമായ വിശ്വാസ കാര്യങ്ങളിൽ യോജിക്കുന്നവയാണ് എല്ലാ ഗ്രന്ഥങ്ങളും.

മൂന്ന് : നിസ്കാരം നോമ്പ് സക്കാത്ത് ഹജ്ജ് പോലുള്ള വിവിധങ്ങളായ കർമ്മങ്ങൾകൊണ്ട് അല്ലാഹുവിനെ ഇബാദത്ത് ചെയ്യൽ നിർബന്ധമാണെന്ന്

കാര്യത്തിൽ ഈ ഗ്രന്ഥങ്ങൾക്കിടയിൽ യോജിപ്പുണ്ട്. പക്ഷേ അവയുടെ രൂപങ്ങളും രീതികളും ജനങ്ങളുടെ അവസ്ഥയനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഉദാഹരണമായി ഖുർആനും തൗറാത്തും ഇഞ്ചീലും നിസ്കരിക്കാൻ കൽപ്പിക്കുന്നുണ്ട്. പക്ഷേ അവയുടെ രൂപവും സമയക്രമവും എല്ലാം മൂന്ന് മതനിയമങ്ങളിലും വ്യത്യാസപ്പെട്ടിരിക്കും അപ്രകാരം തന്നെ നോമ്പിന്റെ കാര്യവും.

മറ്റു മത നിയമങ്ങളിൽ അല്ലാഹുവിന്റെ യുക്തിയോടെ താൽപര്യം അനുസരിച്ച് മതവിധികളിൽ വ്യത്യാസമുണ്ടാകും. അല്ലാഹു പറയുന്നു :

﴿وربك يخلق ما يشاء ويختار ما كان لهم الخيرة﴾،

നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല.

അവൻ പറയുന്നു :

﴿لِكُلٍّ جَعَلْنَا مِنْكُمْ شِرْعَةً وَمِنْهَاجًا﴾.

നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു.

നല്ല ഭക്ഷണപദാർത്ഥങ്ങൾ മുഹമ്മദ് നബി ﷺ യുടെ സമുദായത്തിന് അല്ലാഹു ഹലാൽ ആക്കിയപ്പോൾ ബനു ഇസ്രായേലിലെ ആളുകൾക്ക് അവയിൽ ചിലത് ആദ്യം ഹലാലാക്കുകയും പിന്നീട് നിഷിദ്ധമാക്കുകയും ചെയ്തു. അല്ലാഹു പറയുന്നു :

﴿فبظلم من الذين هادوا حرمنا عليهم طيبات أحلت لهم وبصدهم عن سبيل الله كثيرا﴾.

അങ്ങനെ യഹൂദമതം സ്വീകരിച്ചവരുടെ അക്രമം കാരണമായി അവർക്ക് അനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാമവർക്ക് നിഷിദ്ധമാക്കി. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ ജനങ്ങളെ ധാരാളമായി തടഞ്ഞതുകൊണ്ടും.

നാല്: നീതിയും ന്യായവും കൽപ്പിക്കുന്ന കാര്യത്തിലും അല്ലാഹുവിന്റെ ഗ്രന്ഥങ്ങൾ യോജിച്ചിരിക്കുന്നു. അവൻ പറയുന്നു :

﴿لقد أرسلنا رسلنا بالبينات وأنزلنا معهم الكتاب والميزان ليقوم الناس بالقسط﴾.

തീർച്ചയായും നാം നമ്മുടെ ദൂതൻമാരെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് അയക്കുകയുണ്ടായി. ജനങ്ങൾ നീതിപൂർവ്വം നിലകൊള്ളുവാൻ വേണ്ടി അവരോടൊപ്പം വേദഗ്രന്ഥവും തുലാസുംഇറക്കികൊടുക്കുകയും ചെയ്തു.

അഞ്ച് : മനുഷ്യന്റെ അത്യന്താപേക്ഷികമായി സംരക്ഷിക്കപ്പെടേണ്ട ആറ് അടിയന്തര കാര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും അവ യോജിച്ചിരിക്കുന്നു. ദീൻ, ബുദ്ധി, സമ്പത്ത്, അഭിമാനം, ശരീരം എന്നിവയാണവ.

ആറ് : മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നതുപോലെ, അതിഥികളെ ആദരിക്കുന്നതുപോലെ, കുടുംബബന്ധം ചേർക്കുന്നതും സാധുക്കളോട് അലിവു കാണിക്കുന്നതും നല്ലത് സംസാരിക്കുന്നതും പോലുള്ള സൽസ്വഭാവങ്ങൾ കൽപ്പിക്കുന്ന കാര്യത്തിലും, അക്രമവും അന്യായവും മാതാപിതാക്കളോട് മോശമായ പെരുമാറ്റവും റീബത്തും കളവും മോഷണവും പോലുള്ള നികൃഷ്ടമായ സ്വഭാവങ്ങളിൽ നിന്ന് വിലക്കുന്ന കാര്യത്തിലും അവ യോജിച്ചിരിക്കുന്നു.

കിതാബുകളിൽ ഉള്ള വിശ്വാസവുമായി ബന്ധപ്പെട്ട ഒരു മുഖവുരയാണ് ഇത്രയും വിശദീകരിച്ചത്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് ഖുർആനും തൗറാത്തും ആണ്. പലയിടങ്ങളിലും അല്ലാഹു അവ രണ്ടും ഒരുമിച്ച് പറഞ്ഞിട്ടുണ്ട്. അവരണ്ടിന്റെയും മത നിയമങ്ങളാണ് ഏറ്റവും പൂർണമായ മതനിയമങ്ങൾ.

അവയിൽ തന്നെ ഏറ്റവും ശ്രേഷ്ഠമായത് പരിശുദ്ധ ഖുർആനാണ് എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ അല്ലാഹു ഖുർആനിനെ അവൻ അവതരിപ്പിച്ച എല്ലാ ഗ്രന്ഥങ്ങളെയും സംരക്ഷിക്കുന്നതും, അത്ഭുത ദൃഷ്ടാന്തങ്ങളും മറ്റു ഗ്രന്ഥങ്ങളിൽ ഒന്നുമില്ലാത്ത അറിവും വിവരണവും ഉൾക്കൊള്ളുന്നതും ആക്കി. ഖുർആൻ അല്ലാഹുവിന്റെ സംസാരമാണ്. അല്ലാഹു അത് ശരിക്കും സംസാരിക്കുകയും ജിബ്‌രീൽ ആ സംസാരം മുഹമ്മദ് നബിക്ക് എത്തിച്ചുകൊടുക്കുകയും പ്രവാചകർ തന്റെ അനുചരന്മാർക്ക് കൈമാറുകയും പിന്നീട് ഹൃദയങ്ങളിലും പേജുകളിലുമായി സംരക്ഷിക്കപ്പെടുകയും ചെയ്തു. ശേഷം ഉസ്മാൻ റളിയള്ളാഹുവിന്റെ കാലത്ത് ഒരു ഏടിലായി അത് ക്രോഡീകരിക്കപ്പെടുകയും ഇന്നുവരെ അതിൽ നിന്ന് ഖുർആൻ പകർത്തപ്പെടുകയും ചെയ്തു. അല്ലാഹു പറഞ്ഞത് എത്ര സത്യം:

﴿إنا نحن نزلنا الذِّكر وإنا له لحافظون﴾.

നാം ആകുന്നു ഖുർആനിനെ അവതരിപ്പിച്ചത് നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും.

ഖുർആൻ അവതരിപ്പിച്ചതിൽ പല യുക്തികളും ലക്ഷങ്ങളും അടങ്ങിയിട്ടുണ്ട്. അവയിൽ പെട്ടതാണ്;

1. ഉറ്റാലോചിക്കുകയും അതു മുഖേന ഉദ്ബോധനവും മതബോധവും കരസ്ഥമാക്കുക. അല്ലാഹു പറയുന്നു :

﴿كتاب أنزلناه إليك مبارك ليدبروا آياته وليتذكر أولوا الألباب﴾،

നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ആയത്തുകളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി.

അല്ലാഹു പറയുന്നു :

﴿وكذلك أنزلناه قرآنا عربيا وصرَّفنا فيه من الوعيد لعلهم يتقون أو يحدث لهم ذكرا﴾.

അപ്രകാരം അറബിയിൽ പാരായണം ചെയ്യപ്പെടുന്ന ഒരു ഗ്രന്ഥമായി നാം ഇതിനെ അവതരിപ്പിച്ചിരിക്കുന്നു. ഇതിൽ നാം താക്കീത് വിവിധ തരത്തിൽ വിവരിച്ചിരിക്കുന്നു. അവർ സൂക്ഷ്മതയുള്ളവരാകുകയോ, അവർക്കത് ബോധമുളവാക്കുകയോ ചെയ്യുന്നതിനുവേണ്ടി.

2. തഖ്വ പാലിക്കുന്നവർക്കുള്ള സന്തോഷവാർത്തയും ഖുർആനിൽ നിന്ന് തിരിഞ്ഞു കളയുന്നവർക്കുള്ള താക്കീത്.

അല്ലാഹു പറയുന്നു :

﴿فإنما يسرناه بلسانك لتبشر به المتقين وتنذر به قوما لُدًّا﴾.

ഇത് ഖുർആൻ നിന്റെ ഭാഷയിൽ നാം ലളിതമാക്കിത്തന്നിരിക്കുന്നത് ധർമ്മനിഷ്ഠയുള്ളവർക്ക് ഇത് മുഖേന നീ സന്തോഷവാർത്ത നൽകുവാനും, മർക്കടമുഷ്ടിക്കാരായ ആളുകൾക്ക് ഇത് മുഖേന നീ താക്കീത് നൽകുവാനും വേണ്ടി മാത്രമാകുന്നു.

3. ജനങ്ങൾക്ക് അവരുടെ മതവിധികൾ വിവരിക്കുക.

അല്ലാഹു പറയുന്നു :

﴿وأنزلنا إليك الذكر لتبين للناس ما نُزِّل إليهم ولعلهم يتفكرون﴾

വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി അവരെ നാം നിയോഗിച്ചു. നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും.

അല്ലാഹു പറയുന്നു :

﴿وما أنزلنا عليك الكتاب إلا لتبين لهم الذي اختلفوا فيه﴾.

അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചുപോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കികൊടുക്കുവാൻ വേണ്ടിയുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നത്.

4. വിശ്വാസികളെ ഈമാനിലും സന്മാർഗത്തിലും ഉറപ്പിച്ചുനിർത്തൽ.

അല്ലാഹു പറയുന്നു :

﴿قل نزله روح القدس من ربك بالحق ليثبت الذين آمنوا وهدى وبشرى للمسلمين﴾.

പറയുക: വിശ്വസിച്ചവരെ ഉറപ്പിച്ചു നിർത്താൻ വേണ്ടിയും, (അല്ലാഹുവിന്) കീഴ്പെട്ടുജീവിക്കുന്നവർക്ക് മാർഗദർശനവും സന്തോഷവാർത്തയും ആയിക്കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് (ജിബ്രീൽ) നിന്റെ റബ്ബിങ്കൽ നിന്ന് അത് ഇറക്കിയിരിക്കുകയാണ്.

5. ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കൽ.

അല്ലാഹു പറയുന്നു :

﴿إنا أنزلنا إليك الكتاب بالحق لتحكم بين الناس بما أراك الله﴾،

നിനക്ക് അല്ലാഹു കാണിച്ചുതന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ നീ വിധികൽപിക്കുവാൻ വേണ്ടിയാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടുള്ളത്.

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

4- റസൂലുകളിലുള്ള വിശ്വാസം

റസൂലുകളിലുള്ള വിശ്വാസം – 1

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങൾ അറിയുക,

1. അല്ലാഹു അവന്റെ അടിമകളോട് ചെയ്ത കാരുണ്യത്തിന്റെ ഭാഗമാണ് ദീനിലും ദുനിയാവിലും അവർക്ക് ഉപകാരപ്രദമായ കാര്യങ്ങൾ പഠിപ്പിക്കാനും ദുനിയാവിലെ സൗഭാഗ്യ ജീവിതത്തിന്റെയും പരലോകത്ത് വിജയത്തിന്റെയും വഴി കാണിക്കാനും മുർസലീങ്ങളെ അയച്ചു എന്നത്. കാരണം മനുഷ്യർ എത്ര തന്നെ അറിവും ബുദ്ധിയും ഉണ്ടായാലും ശരി അവർക്ക് ഏറ്റവും ശരിയായ രൂപത്തിൽ ഏറ്റവും ഗുണകരമായ രീതിയിൽ പൊതുവായ നിയമങ്ങളെയും ചിട്ടവട്ടങ്ങളെയും ക്രമപ്പെടുത്തുക സാധ്യമല്ല. കാരണം മനുഷ്യരുടെ ബുദ്ധിക്ക് പോരായ്മ ഉണ്ട്. എന്നാൽ അല്ലാഹു എല്ലാമറിയുന്നവനും ഏറ്റവും യുക്തിമാനുമാണ്. അവന്റെ സൃഷ്ടികളുടെ ഗുണങ്ങളെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവനാണ്. അവൻ പറയുന്നു :

﴿ألا يعلم من خلق وهو اللطيف الخبير﴾

സൃഷ്ടിച്ചുണ്ടാക്കിയവൻ എല്ലാം അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

അതായത് അല്ലാഹുവിന്റെ മത നിയമങ്ങൾ എത്തിക്കാൻ അവനും സൃഷ്ടികൾക്കും ഇടയിലുള്ള ഇടയാളന്മാരാണ് മുർസലീങ്ങൾ. അല്ലാഹു പറഞ്ഞു :

﴿يا أيها الرسول بلغ ما أنزل إليك من ربك﴾.

ഹേ; റസൂലേ, താങ്കളുടെ റബ്ബിൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക.

അതുകൊണ്ടുതന്നെ ആ മുർസലീങ്ങളെ വിശ്വസിക്കൽ ഇസ്ലാം അടക്കമുള്ള എല്ലാ മത നിയമങ്ങളും മതത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിൽ പെട്ടതായിരുന്നു. ഇസ്ലാമിൽ ഈമാനിന്റെ സ്തംഭങ്ങളിൽ ഒന്നാണത്. അതുകൂടാതെ ഒരാളുടെയും ഈമാൻ ശരിയാവുകയില്ല. അല്ലാഹു പറഞ്ഞു :

﴿آمن الرسول بما أنزِل إليه من ربه والمؤمنون كل آمن بالله وملائكته وكتبه ورسله لا نفرق بين أحد من رسله﴾.

തന്റെ റബ്ബിൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. അതിനെ തുടർന്ന് സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല.

2. മുർസലീങ്ങളിൽ ഉള്ള വിശ്വാസത്തിന്റെ ഭാഗമാണ് ഒന്നാമത്തെ റസൂൽ നൂഹ് അലൈഹിസ്സലാം ആണ് എന്ന് വിശ്വാസം. അല്ലാഹു പറഞ്ഞു:

﴿إنا أوحينا إليك كما أوحينا إلى نوح والنبيين من بعده﴾.

നബിയേ, നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു.

അനസ് റളിയള്ളാഹു അൻഹു നിവേദനം ചെയ്യുന്ന ഷഫാഅത്തിന്റെ ഹദീസിൽ ജനങ്ങൾ ശുപാർഷ ആവശ്യപ്പെട്ടുകൊണ്ട് ആദം അലൈഹി സലാമയുടെ അടുക്കൽ ചെല്ലുമ്പോൾ അദ്ദേഹം പറയും : “നിങ്ങൾ നൂഹിന്റെ അടുക്കൽ ചെല്ലുക, അദ്ദേഹം ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട ആദ്യത്തെ റസൂൽ ആണ്.”

3. മുർസലീങ്ങളിൽ ഉള്ള വിശ്വാസത്തിന്റെ ഭാഗമാണ് അവസാനത്തെ റസൂൽ മുഹമ്മദ് നബിയാണ് എന്നത്.

﴿ما كَانَ مُحَمَّدٌ أَبَا أَحَدٍ من رجَالِكُمْ وَلَكِن رسُولَ اللَّهِ وَخَاتَمَ النَّبِيِّين﴾.

മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല.പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു.

4. മുർസലീലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്, പുതിയ മത നിയമങ്ങളുമായി ഒരു റസൂലോ അല്ലെങ്കിൽ മുൻകഴിഞ്ഞ മത നിയമങ്ങളെ പുതുക്കിക്കൊണ്ട് ഒരു നബിയോ നിയോഗിക്കപ്പെടാതെ ഒരു സമുദായവും കഴിഞ്ഞു പോയിട്ടില്ല എന്നത്. അല്ലാഹു പറയുന്നു :

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللَّهَ وَاجْتَنِبُواْ الطَّاغُوتَ﴾،

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് പ്രബോധനം ചെയ്യുന്നതിന് വേണ്ടി.

﴿وَإِن مِّنْ أُمَّةٍ إِلاَّ خلا فِيهَا نَذِيرٌ﴾ .

ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല.

5. അല്ലാഹുവിന്റെ അടിമകളെ, എല്ലാ റസൂലുകളുടെയും പ്രബോധനം ഒന്നായിരുന്നു. അഥവാ ഇബാദത്തുകളിൽ ഉള്ള അല്ലാഹുവിന്റെ ഏകത്വം ആയിരുന്നു. അല്ലാഹു പറയുന്നു :

﴿وما أرسلنا من قبلك من رسول إلا نوحي إليه أنه **لا إله إلا أنا فاعبدون**﴾

ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.

എന്നാൽ അവരുടെ മറ്റു മത നിയമങ്ങൾ വ്യത്യാസമുണ്ടായിരുന്നു.

﴿لكل جعلنا منكم شِرعة ومنهاجا﴾.

നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു.

6. റസൂലുകളും അള്ളാഹു തിരഞ്ഞെടുത്ത മനുഷ്യരാണ്. അവർക്ക് അല്ലാഹു രിസാലത്താവുന്ന ദൗത്യം നിർവഹിക്കാനുള്ള കഴിവും അതിലുണ്ടാകുന്ന പ്രയാസങ്ങളിൽ ക്ഷമിക്കാനുള്ള സഹനശക്തിയും നൽകിയിരിക്കുന്നു. പ്രത്യേകിച്ചും ഉലുൽ അസ്മിൽ പെട്ട മുർസലീങ്ങൾക്ക്. അല്ലാഹു പറയുന്നു :

﴿الله يصطفي من الملائكة رسلا ومن الناس﴾.

മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു ദൂതൻമാരെ തെരഞ്ഞെടുക്കുന്നു.

7. മുർസലീങ്ങളും സൃഷ്ടികളാണ്, മനുഷ്യരാണ്. അവർക്ക് റുബൂബിയത്തിന്റെയോ ഉലൂഹിയത്തിന്റെയോ യാതൊരു ഗുണങ്ങളും ഇല്ല. മുർസലീങ്ങളുടെ നേതാവായ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും സ്ഥാനവും പദവിയുമുള്ള നമ്മുടെ നബിയോട് അല്ലാഹു പറയുന്നു :

﴿قُل لاَّ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًّا إِلاَّ مَا شَاء اللَّهُ وَلَوْ كُنتُ أَعْلَمُ الْغَيْبَ لاَسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَاْ إِلاَّ نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ﴾.

നബിയേ, പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു.തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്.

8. മനുഷ്യരുടെ വിശേഷണങ്ങളായ രോഗവും മരണവും വിശപ്പും ദാഹവും എല്ലാം മുർസലീങ്ങൾക്കും ഉണ്ടാകും. ഇബ്രാഹിം അലൈഹിസ്സലാം റബ്ബിനെ കുറിച്ച് പരിചയപ്പെടുത്തിയതായി അള്ളാഹു പറയുന്നു :

﴿وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ * وَإِذَا مَرِضْتُ فَهُوَ يَشْفِينِ * وَالَّذِي يُمِيتُنِي ثُمَّ يُحْيِينِ﴾.

എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ.

നബി ﷺ പറഞ്ഞു : "തീർച്ചയായും ഞാൻ നിങ്ങളെ പോലൊരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങൾ മറവി സംഭവിക്കുന്നത് പോലെ എനിക്കും മറവി സംഭവിക്കുന്നു. അതുകൊണ്ട് എനിക്ക് മറവി സംഭവിച്ചാൽ നിങ്ങൾ എന്നെ ഓർമ്മപ്പെടുത്തുക."

9. മുർസലീങ്ങളും അല്ലാഹുവിന്റെ അടിമകളാണ്. അല്ലാഹു അവന് ഏറെ പ്രിയപ്പെട്ട റസൂലുകളെ അല്ലാഹുവിന്റെ അടിമകൾ എന്ന് വിശേഷിപ്പിച്ചുകൊണ്ട് പ്രശംസിച്ചിട്ടുണ്ട്. നൂഹ് നബിയെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿إِنَّهُ كَانَ عَبْدًا شَكُورا﴾

തീർച്ചയായും അദ്ദേഹം (നൂഹ്) വളരെ നന്ദിയുള്ള ഒരു ദാസനായിരുന്നു.

ഇബ്രാഹിം നബിയെക്കുറിച്ചും ഇസ്ഹാഖ് നബിയെ കുറിച്ചും യാക്കൂബ് നബിയെ കുറിച്ചും അല്ലാഹു പറയുന്നു :

﴿وَاذْكُرْ عِبَادَنَا إِبْرَاهِيمَ وَإِسْحَاقَ وَيَعْقُوبَ أُوْلِي الأَيْدِي وَالأَبْصَار﴾

കൈക്കരുത്തും കാഴ്ചപ്പാടുകളും ഉള്ളവരായിരുന്ന നമ്മുടെ ദാസൻമാരായ ഇബ്രാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരെയും ഓർക്കുക.

ഈസ ബ്നു മറിയമിനെ കുറിച്ച് അല്ലാഹു പറഞ്ഞു

﴿إِنْ هُوَ إِلاَّ عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَاهُ مَثَلاً لِّبَنِي إِسْرَائِيل﴾

അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേഹത്തെ ഇസ്രായീൽ സന്തതികൾക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു.

മുഹമ്മദ് നബി ﷺ യെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿تَبَارَكَ الَّذِي نزلَ الْفُرْقَانَ عَلَى عَبْدِهِ لِيَكُونَ لِلْعَالَمِينَ نَذِيرا﴾.

തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്.

മുർസലീങ്ങൾ എല്ലാവരും അല്ലാഹുവിന്റെ അടിമകളായതുകൊണ്ടുതന്നെ അവരോട് യാതൊരുവിധ ഇബാദത്തുകളും നിർവഹിച്ചു കൂടാ. പ്രാർത്ഥനയോ അറവു നേർച്ചയോ സുജൂദോ അവർക്ക് വേണ്ടി നിർവഹിക്കരുത്. അതിനെല്ലാം അർഹപ്പെട്ടവൻ ഏകനായ അല്ലാഹു മാത്രമാണ്. ഇത് ആകാശ ലോകത്തുനിന്ന് അവതരിച്ച എല്ലാ മത നിയമങ്ങളും ഐക്യകണ്ഠേന പരാമർശിക്കപ്പെട്ട കാര്യമാണ്. അല്ലാഹു പറയുന്നു :

﴿وما أرسلنا من قبلك من رسول إلا نوحي إليه أنه لا إله إلا أنا فاعبدون﴾

ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

റസൂലുകളിലുള്ള വിശ്വാസത്തിൽ പെട്ടതാണ് അല്ലാഹു അവരിൽ ചിലരെ മറ്റുചിലരേക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നു എന്ന് വിശ്വസിക്കൽ. അല്ലാഹു പറയുന്നു :

﴿ولقد فضلنا بعض النبيين على بعض﴾

തീർച്ചയായും പ്രവാചകൻമാരിൽ ചിലർക്ക് ചിലരേക്കാൾ നാം ശ്രേഷ്ഠത നൽകിയിട്ടുണ്ട്.

അവരിൽ ഏറ്റവും ശ്രേഷ്ഠർ ആണ് ഉലുൽ അസ്മുകളാണ്. നൂഹ്, ഇബ്രാഹിം, മൂസ, ഈസ, മുഹമ്മദ് അലൈഹിസ്സലാം എന്നിവരാണ് അവർ.

സൂറത്തുൽ അഹ്സാബിലും സൂറത്ത് ഷൂറയിലും അങ്ങനെ രണ്ടു സ്ഥലങ്ങളിൽ അല്ലാഹു അവരെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അള്ളാഹു പറയുന്നു :

﴿وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَاهِيمَ وَمُوسَى وَعِيسَى ابْنِ مَرْيَمَ﴾،

പ്രവാചകൻമാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം ശ്രദ്ധേയമാണ്. നിന്റെ പക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും നാം കരാർ വാങ്ങിയ സന്ദർഭം.

﴿شرع لكم من الدين ما وصى به نوحا والذي أوحينا إليك وما وصينا به إبراهيم وموسى وعيسى أن أقيموا الدين ولا تتفرقوا فيه﴾.

നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്നകാര്യം - അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു.

റസൂലുകളിലുള്ള വിശ്വാസത്തിന്റെ 10 താല്പര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഇക്കാര്യങ്ങൾ ഓരോ വിശ്വാസിയും അറിയുകയും കൃത്യമായി മനസ്സിലാക്കുകയും അടിയുറച്ച് വിശ്വസിക്കുകയും ചെയ്യണം. ഖുതുബ ചുരുക്കണമെന്ന സുന്നത്ത് പരിഗണിച്ചുകൊണ്ട് ശേഷമുള്ള പത്തു കാര്യങ്ങൾ കൂടി അടുത്ത ഖുതുബയിൽ സൂചിപ്പിക്കാം.

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾،

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

റസൂലുകളിലുള്ള വിശ്വാസം - 2

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങൾ അറിയുക,

അല്ലാഹു അവന്റെ അടിമകളോട് ചെയ്ത കാരുണ്യത്തിന്റെ ഭാഗമാണ് ദീനിലും ദുനിയാവിലും അവർക്ക് ഉപകാരപ്രദമായ കാര്യങ്ങൾ പഠിപ്പിക്കാനും ദുനിയാവിലെ സൗഭാഗ്യ ജീവിതത്തിന്റെയും പരലോകത്ത് വിജയത്തിന്റെയും വഴി കാണിക്കാനും മുർസലീങ്ങളെ അയച്ചു എന്നത്. കാരണം മനുഷ്യർ എത്ര തന്നെ അറിവും ബുദ്ധിയും ഉണ്ടായാലും ശരി അവർക്ക് ഏറ്റവും ശരിയായ രൂപത്തിൽ ഏറ്റവും ഗുണകരമായ രീതിയിൽ പൊതുവായ നിയമങ്ങളെയും ചിട്ടവട്ടങ്ങളെയും ക്രമപ്പെടുത്തുക സാധ്യമല്ല. കാരണം മനുഷ്യരുടെ ബുദ്ധിക്ക് പോരായ്മ ഉണ്ട്. എന്നാൽ അല്ലാഹു എല്ലാമറിയുന്നവനും ഏറ്റവും യുക്തിമാനുമാണ്. അവന്റെ സൃഷ്ടികളുടെ ഗുണങ്ങളെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവനാണ്. അവൻ പറയുന്നു :

﴿ألا يعلم من خلق وهو اللطيف الخبير﴾

സൃഷ്ടിച്ചുണ്ടാക്കിയവൻ എല്ലാം അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

അതായത് അല്ലാഹുവിന്റെ മത നിയമങ്ങൾ എത്തിക്കാൻ അവനും സൃഷ്ടികൾക്കും ഇടയിലുള്ള ഇടയാളന്മാരാണ് മുർസലീങ്ങൾ. അല്ലാഹു പറഞ്ഞു :

﴿يا أيها الرسول بلغ ما أنزل إليك من ربك﴾.

ഹേ; റസൂലേ, താങ്കളുടെ റബ്ബിൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക.

അതുകൊണ്ടുതന്നെ ആ മുർസലീങ്ങളെ വിശ്വസിക്കൽ ഇസ്ലാം അടക്കമുള്ള എല്ലാ മത നിയമങ്ങളും മതത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിൽ പെട്ടതായിരുന്നു. ഇസ്ലാമിൽ ഈമാനിന്റെ സ്തംഭങ്ങളിൽ ഒന്നാണത്. അതുകൂടാതെ ഒരാളുടെയും ഈമാൻ ശരിയാവുകയില്ല. അല്ലാഹു പറഞ്ഞു :

﴿آمن الرسول بما أنزِل إليه من ربه والمؤمنون كل آمن بالله وملائكته وكتبه ورسله
لا نفرق بين أحد من رسله﴾.

തന്റെ റബ്ബിൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. അതിനെ തുടർന്ന് സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല.

റസൂലുകളിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട 10 കാര്യങ്ങളാണ് കഴിഞ്ഞ ഖുതുബയിൽ സൂചിപ്പിച്ചത്. ബാക്കി ചില കാര്യങ്ങളാണ് ഈ ഖുതുബയിൽ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

1. റസൂലുകളിൽ ഏറ്റവും ശ്രേഷ്ഠർ അല്ലാഹു ഖലീലായി തിരഞ്ഞെടുത്ത മുഹമ്മദ് നബി ﷺ യും ഇബ്രാഹിം നബിയും ആണ്. സ്നേഹത്തിന്റെ ഏറ്റവും ഉയർന്ന പദവിയാണ് ഖുല്ലത്ത്. അല്ലാഹു അവരെ ഖലീലുകളായി തിരഞ്ഞെടുത്തിരിക്കുന്നു എന്നതിനുള്ള തെളിവുകൾ,

﴿واتخذ الله إبراهيم خليلا﴾

അല്ലാഹു ഇബ്രാഹിമിനെ ഖലീലായി സ്വീകരിച്ചിരിക്കുന്നു

നബി ﷺ സ്വന്തത്തെ തന്നെ ഉദ്ദേശിച്ചുകൊണ്ട് പറഞ്ഞു : "അല്ലാഹു നിങ്ങളുടെ കൂട്ടുകാരനെ ഖലീലായി സ്വീകരിച്ചിരിക്കുന്നു"

2. ഈ രണ്ടുപേരിൽ ഏറ്റവും ഉത്തമർ മുഹമ്മദ് നബി ﷺ യാണ്. അവിടുന്ന് പറഞ്ഞു : " ഞാൻ ഖിയാമത്ത് നാളിൽ ആദം സന്തതികളുടെ നേതാവാണ്"

മറ്റുള്ള മുസ്ലീങ്ങൾക്ക് നൽകിയതിനെക്കാൾ മികച്ച ദൃഷ്ടാന്തങ്ങളാണ് അല്ലാഹു മുഹമ്മദ് നബി ﷺ ക്ക് നൽകിയിട്ടുള്ളത്. മറ്റെല്ലാവർക്കും നൽകപ്പെട്ട ദൃഷ്ടാന്തങ്ങൾ അവരുടെ മരണത്തോടുകൂടി നിലക്കുമെങ്കിൽ മുഹമ്മദ് നബി ﷺ ക്ക് നൽകപ്പെട്ട ഖുർആൻ എന്നൊന്നും നിലനിൽക്കുന്ന ദൃഷ്ടാന്തമാണ്

മറ്റുള്ള നബിമാരെക്കാളും മുർസലീങ്ങളെക്കാളും മുഹമ്മദ് നബിക്ക് അല്ലാഹു നൽകിയ ശ്രേഷ്ഠതയെ അറിയിക്കുന്ന കാര്യമാണ് അല്ലാഹു അവിടുത്തേക്ക് നൽകിയ നാല് പ്രത്യേകതകൾ, അഥവാ സ്നേഹത്തിന്റെ ഏറ്റവും ഉയർന്ന പദവിയായ ഖുല്ലത്തും ആകാശ ലോകത്ത് വെച്ച് അല്ലാഹു അവിടുത്തെ നേരിട്ട് സംസാരിച്ചു എന്നതും -മൂസാ നബിയോടും അള്ളാഹു അപ്രകാരം നേരിട്ട് സംസാരിച്ചിട്ടുണ്ട്- അതുപോലെ തന്നെ രിസാലത്തും നുബുവ്വത്തും.

അവിടുത്തെ നുബുവ്വത്തിനും രിസാലത്തിനും ഉള്ള തെളിവുകൾ ധാരാളമാണ്.

അല്ലാഹു പറയുന്നു:

﴿يا أيها الرسول بلغ ما أنزل إليك من ربك﴾،

അല്ലയോ റസൂലേ, താങ്കളുടെ റബ്ബിങ്കൽ നിന്ന് താങ്കൾക്ക് അവതരിപ്പിച്ചത് താങ്കൾ എത്തിച്ചു കൊടുക്കുക

അല്ലാഹു പറയുന്നു:

﴿وأرسلناك للناس رسولا﴾.

താങ്കളെ നാം ജനങ്ങൾക്ക് റസൂലായി അയച്ചിരിക്കുന്നു.

മുകളിൽ പറഞ്ഞ ഈ നാലു ഗുണങ്ങൾ മുഹമ്മദ് നബി ﷺ ക്ക് അല്ലാതെ മറ്റൊരു പ്രവാചകനും ഒരുമിച്ച് ലഭിച്ചിട്ടില്ല. അത് അവിടുത്തെ ശ്രേഷ്ഠത അറിയിക്കുന്നു.

ഖുർആനിൽ അല്ലാഹു ചരിത്രം വിശദീകരിച്ച പ്രവാചകന്മാർ ചരിത്രം വിശദീകരിക്കാത്ത പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠരാണ്. അതിന് കാരണം ഖുർആനിന്റെ ശ്രേഷ്ഠതയാണ്.

3. ചില മുർസലീങ്ങളിൽ വിശ്വസിക്കുകയും മറ്റു ചിലരിൽ അവിശ്വസിക്കുകയും ചെയ്യാതെ അവർ എല്ലാവരിലും യാതൊരു ഏറ്റ വ്യത്യാസവും ഇല്ലാതെ വിശ്വസിക്കൽ റസൂലള്ള വിശ്വാസത്തിന്റെ ഭാഗമാണ്.

എല്ലാ മുസ്ലീങ്ങളിലും വിശ്വസിക്കൽ നിർബന്ധമാണെന്ന് അറിയിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു :

﴿قولوا آمنا بالله وما أنزل إلينا وما أنزل إلى إبراهيم وإسماعيل وإسحاق ويعقوب والأسباط وما أوتي موسى وعيسى وما أوتي النبيون من ربهم لا نفرق بين أحد منهم ونحن له مسلمون﴾.

നിങ്ങൾ പറയുക: "അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി സന്ദേശങ്ങളിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു."

ആയത്തിന്റെ അവസാന ഭാഗത്ത് വിശദീകരിച്ചുകൊണ്ട് ഖുർആൻ വ്യാഖ്യാതാവായ ഇബിനു ജരീർ പറയുന്നു :

"അതായത് നബിമാരിൽ ചിലരിൽ വിശ്വസിക്കുകയും മറ്റു ചില അവശേഷിക്കുകയും ചെയ്യുകയില്ല, ചിലരോട് ബന്ധം വെക്കുകയും മറ്റു ചിലരോട് ബന്ധം മുറിക്കുകയും ചെയ്യുകയില്ല, ജൂതന്മാർ ഈസാ നബിയിലും മുഹമ്മദ് നബിയിലും അവിശ്വസിക്കുകയും മറ്റുള്ള നബിമാര അംഗീകരിക്കുകയും ചെയ്തത് പോലെ, ക്രിസ്ത്യാനികൾ മുഹമ്മദ് നബി ഒഴികെയുള്ള മറ്റു നബിമാരെ അംഗീകരിച്ചതുപോലെ, മറിച്ച് നാം അവരെല്ലാവരും അല്ലാഹുവിന്റെ റസൂലുകളും നബിമാരും ആയിരുന്നു എന്നും അവർ സത്യവും സന്മാർഗവുമായാണ് നിയോഗിക്കപ്പെട്ടത് എന്നും സാക്ഷ്യം വഹിക്കുന്നു."

4. ഖുർആനും സുന്നത്തും നമുക്ക് പഠിപ്പിച്ചു തന്ന അവരുടെ നാമങ്ങളിൽ വിശ്വസിക്കാൻ. അവരിൽ 26 പേരുടെ പേരുകൾ പരിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുണ്ട് ആദം, നൂഹ്, ഇബ്രാഹിം, ഇസ്ഹാഖ്, യഅ്ക്കൂബ്, ഇസ്മായിൽ,

ദാവൂദ്, സുലൈമാൻ, അയ്യൂബ്, ഇല്യാസ്, യൂനുസ്, അൽയസഅ്, ലൂത്ത്, ഇദ്രീസ്, ഹൂദ് , ശുഐബ്, സ്വാലിഹ്, ദുൽകിഫ്ൽ, യൂസുഫ്, മൂസ, ഹാറൂൺ, ഖിള്ർ, സക്കരിയ്യ, യഹിയ, ഈസ , മുഹമ്മദ് എന്നിവരാണ് അവർ.

ഖുർആനിൽ പരാമർശിക്കപ്പെടാത്ത എന്നാൽ ഹദീസുകളിൽ പരാമർശിക്കപ്പെട്ട നബിയാണ് യൂശഅ് ബ്നു നൂൻ, അദ്ദേഹം ബനു ഇസ്രായേലിലെ പ്രവാചകനാണ്. മൂസാ നബിയുടെ വിയോഗത്തിന് ശേഷം ബനൂ ഇസ്രായേലുകാരുടെ നേതൃത്വം അദ്ദേഹത്തിനായിരുന്നു ,

ചുരുക്കത്തിൽ ഈ 27 പ്രവാചകന്മാരാണ് ഖുർആനിലും ഹദീസിലും പേരു പറയപ്പെട്ടവർ.

എന്നാൽ ഖുർആനിലോ ഹദീസിലോ പേര് പരാമർശിക്കപ്പെടാത്തവരിൽ നാം മൊത്തത്തിൽ വിശ്വസിക്കുന്നു. അവരെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു :

﴿وَلَقَدْ أَرْسَلْنَا رُسُلاً من قَبْلِكَ مِنْهُم من قَصَصْنَا عَلَيْكَ وَمِنْهُم من لم نَقْصُصْ عَلَيْك﴾.

നിനക്ക് മുമ്പ് നാം പല ദൂതൻമാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല.

5. ഖുർആനിലും സുന്നത്തിലും പേര് പരാമർശിക്കപ്പെട്ട വരും പരാമർശിക്കപ്പെടാത്തവരുമായി ആകെയുള്ള മുസ്ലീങ്ങളുടെ എണ്ണം 315 ആണ്. അബൂ ഉമാമ -റളിയള്ളാഹു അന്ഹു- പറയുന്നു ഒരാൾ നബി ﷺ യോട് ചോദിച്ചു : അല്ലാഹുവിന്റെ റസൂലേ ആദം നബിയായിരുന്നോ ?

അവിടുന്ന് പറഞ്ഞു : അതെ അള്ളാഹു അദ്ദേഹത്തെ പഠിപ്പിക്കുകയും അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

അയാൾ ചോദിച്ചു: അദ്ദേഹത്തിനും നൂഹ് നബിക്കും ഇടയിൽഎത്ര കാലം ഉണ്ടായിരുന്നു?

നബി ﷺ പറഞ്ഞു: 20 നൂറ്റാണ്ട്.

അയാൾ ചോദിച്ചു : നൂഹ് നബിക്കും ഇബ്രാഹിം നബിക്കും ഇടയിൽ എത്ര കാലം ഉണ്ടായിരുന്നു ?

നബി ﷺ പറഞ്ഞു: 20 നൂറ്റാണ്ട്.

അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ആകെ എത്ര റസൂലുകൾ ആയിരുന്നു യോഗിക്കപ്പെട്ടത് ?

അവിടുന്ന് പറഞ്ഞു : 315 , വലിയൊരു സംഘം"

6. റസൂലുകളിലുള്ള ഈമാനിന്റെ ഭാഗമാണ് അവരെക്കുറിച്ച് ഖുർആനിലും സുന്നത്തിലും പരാമർശിക്കപ്പെട്ട വിവരങ്ങളും വിശ്വസിക്കൽ.

ചരിത്ര ഗ്രന്ഥങ്ങളിൽ ശരിയായ സ്ഥിരപ്പെട്ട കാര്യങ്ങളും അതിൽ ഉൾപ്പെടും. . എന്നാൽ വേദക്കാരുടെ ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ വിശ്വസിക്കലോ കളവാക്കാലോ മുസ്ലിമീങ്ങൾക്ക് നിർബന്ധമല്ല. മുസ്ലിമീങ്ങളുടെ ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ട കാര്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ അവയെ കളവാക്കൽ നിർബന്ധമാണ് താനും.

നബി ﷺ പറഞ്ഞു: “നിങ്ങൾ വേദക്കാരെ കളവാക്കുകയോ അവരെ വിശ്വസിക്കുകയോ ചെയ്യരുത്. അല്ലാഹുവിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് നിങ്ങൾ പറയുക.”

അവർക്ക് അവതരിപ്പിക്കപ്പെട്ടതുകൊണ്ട് ഉദ്ദേശിക്കുന്നത് മൂസ അലൈഹി സലാമിനും ഈസാ അലൈഹി സലാമിനും അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥങ്ങളാണ്. ഇന്ന് അവരുടെ കയ്യിലുള്ള കൈകടത്തലുകൾക്ക് വിധേയമായ ഗ്രന്ഥങ്ങളല്ല.

7. റസൂലുകളിൽ എല്ലാവരും അവരോട് അല്ലാഹു കൽപിക്കപ്പെട്ട വിധത്തിൽ അവരുടെ ഉത്തരവാദിത്വം നിർവഹിക്കുകയും ഒരാൾക്കും അറിയാതെ പോകാൻ സാധ്യമല്ലാത്ത വിധം അവർ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് വിശ്വസിക്കൽ.

അല്ലാഹു പറയുന്നു

﴿فهل على الرسل إلا البلاغ المبين﴾،

എന്നാൽ അല്ലാഹുവിന്റെ ദൂതൻമാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ല ബാധ്യതയുമുണ്ടോ?

അങ്ങനെ വിശദീകരിച്ചത് കൊണ്ട് തന്നെ മുർസലീങ്ങൾ സൃഷ്ടികളുടെ മേലുള്ള അല്ലാഹുവിന്റെ ന്യായവും രേഖയും ആണ്..

﴿رسلا مبشرين ومنذرين لئلا يكون للناس على الله حجة بعد الرسل وكان الله عزيزا حكيما﴾.

സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

8. റസൂലുകൾക്ക് പിന്തുണയായി കൊണ്ട് അല്ലാഹു അവർക്ക് നൽകിയിട്ടുള്ള ദൃഷ്ടാന്തങ്ങൾ ആകുന്ന അത്ഭുതങ്ങളിൽ വിശ്വസിക്കൽ. അവരുടെ നുബൂവത്തിനുള്ള തെളിവന്നോണം അവരുടെ കൈകളിലൂടെ അല്ലാഹു അത് നടപ്പിലാക്കുന്നു. അവരുടെ കാര്യത്തിൽ ജനങ്ങൾക്ക് വ്യക്തത ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അങ്ങനെ അല്ലാഹു അവരെ അയച്ചതാണെന്ന് അവർക്ക് ബോധ്യപ്പെടാനും അവരുടെ ഹൃദയം ദീനിൽ അടിയുറച്ചതാവാനും വേണ്ടി.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

9. റസൂലുകളിലുള്ള ഈമാനിന്റെ ഭാഗമാണ് അവരെ അനുസരിക്കുക എന്നത്. അല്ലാഹു റസൂലുള്ള നിയോഗിച്ചിട്ടുള്ളത് അവന്റെ നിയമങ്ങളും ആയാണ്. എല്ലാ റസൂലുകളുടെയും കൂടെ പിൻപറ്റപ്പെടേണ്ട വിധിവിലക്കുകൾ ഉണ്ട്. എല്ലാം മനുഷ്യരുടെ നന്മക്കും അവരുടെ വിശ്വാസകാര്യങ്ങളും കർമ്മകാര്യങ്ങളും സ്വഭാവ കാര്യങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഇസ്ലാമിന്റെ അതിമഹത്തായ സന്ദേശവുമായാണ് അവസാന പ്രവാചകനായ മുഹമ്മദ് നബി ﷺ നിയോഗിക്കപ്പെട്ടത്. ജനങ്ങളോട് മുഴുവനും അവിടുത്തെ അനുസരിക്കുവാൻ അല്ലാഹു കൽപ്പിച്ചു. അവിടുത്തെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കുന്ന ഭാഗമായി നിശ്ചയിച്ചു. അല്ലാഹു പറയുന്നു :

﴿من يُطع الرسول فقد أطاع الله﴾،

ആരാണ് റസൂലിന് അനുസരിക്കുന്നത് അവൻ അല്ലാഹുവിനെ അനുസരിച്ചു.

അല്ലാഹു പറയുന്നു:

﴿وإن تطيعوه تهتدوا﴾.

നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾ സന്മാർഗം പ്രാപിക്കും.

10. അല്ലാഹുവിന്റെ റസൂലുകളിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ് അവരായിരിക്കും എപ്പോഴും വിജയികൾ എന്ന വിശ്വാസം.

അല്ലാഹു പറയുന്നു :

﴿كتب الله لأغلبن أنا ورسلي إن الله قوي عزيز﴾،

അല്ലാഹു പറയുന്നു തീർച്ചയായും ഞാനും എന്റെ ദൂതൻമാരും തന്നെയാണ് വിജയം നേടുക എന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു.

അല്ലാഹു പറയുന്നു :

﴿إنا لننصر رسلنا والذين آمنوا في الحياة الدنيا ويوم يقوم الأشهاد﴾،

തീർച്ചയായും നാം നമ്മുടെ ദൂതൻമാരെയും വിശ്വസിച്ചവരെയും ഐഹികജീവിതത്തിലും സാക്ഷികൾ രംഗത്തു വരുന്ന ദിവസത്തിലുംസഹായിക്കുക തന്നെ ചെയ്യും

ശൻഖീത്വി -റഹിമഹുല്ല- പറയുന്നു :

“മുർസലീങ്ങളുടെ എതിരിടുന്നവരോട് എല്ലാവരോടും അവർ വിജയിക്കുമെന്ന് ഈ ആയത്ത് അറിയിക്കുന്നു. മുസ്ലീങ്ങൾക്കുള്ള വിജയം രണ്ട് രൂപത്തിൽ ആയിരിക്കും, ഒന്നാമത്തെ പ്രമാണങ്ങൾ കൊണ്ടുള്ള വിജയം, ഇത് എല്ലാ റസൂലുകൾക്കും ഉള്ളതാണ്. രണ്ടാമത്തേത് വാളുകൊണ്ടും ആയുധങ്ങൾ കൊണ്ടുമുള്ള വിജയം. ഇത് അല്ലാഹു യുദ്ധത്തിനായി കൽപ്പിച്ച റസൂലുകൾക്ക് ഉള്ളതാണ്"

പ്രമാണങ്ങൾ കൊണ്ടും തെളിവുകൾ കൊണ്ടും ശത്രുക്കളെ വിജയിച്ചടക്കുന്നത് ആയുധങ്ങൾ കൊണ്ട് വിജയിച്ചടക്കുന്ന യോദ്ധാക്കളെ പോലെ തന്നെയാണ് എന്നും വാളുകൊണ്ട് അവരെ കീഴടക്കുന്ന നബിമാർ ശത്രുക്കളെ കൊലപ്പെടുത്തുന്ന യോദ്ധാക്കളെ പോലെയാണ് എന്നും ഇബ്നു തൈമിയ്യ പറഞ്ഞിട്ടുണ്ട്.

ഒരു നബിയും ജിഹാദിൽ കൊല്ലപ്പെട്ടിട്ടില്ല എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

റസൂലുകളിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട 20 കാര്യങ്ങളാണ് ഇവിടെ പരാമർശിച്ചത്. ഇവ മനസ്സിലാക്കുകയും കൃത്യമായി ഉൾക്കൊള്ളുകയും ചെയ്യുന്നതിലൂടെ ഈമാനിന്റെ മാർഗത്തിൽ കാലുറപ്പിക്കാൻ സാധിക്കും.

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

5- അന്ത്യദിനത്തിലുള്ള വിശ്വാസം

അന്ത്യദിനത്തിലുള്ള വിശ്വാസം – 1

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد،

فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങളറിയുക, അല്ലാഹു മതനിയമങ്ങൾ നിശ്ചയിക്കുന്നതിലും കാര്യങ്ങൾ തീരുമാനിക്കുന്നതിലും പ്രതിഫല നടപടികളിലും അങ്ങേയറ്റം ഹിക്മത് അഥവാ യുക്തിയുള്ളവനാണ്. അല്ലാഹുവിന്റെ ഹിക്മത്തിന്റെ ഭാഗമാണ് സൃഷ്ടികൾക്ക് പ്രതിഫലം നൽകാനായി അവങ്കലേക്ക് ഒരു മടക്കം നിശ്ചയിച്ചു എന്നത്.

അല്ലാഹു പറയുന്നു :

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لا تُرْجَعُون * فتعالى الله الملك الحق﴾.

“അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.”

അതിനുശേഷം ഒരു ദിവസം ഇല്ലാത്തതുകൊണ്ട് അന്ത്യദിനം എന്ന് ആ ദിവസത്തിന് പേരുപറയുന്നു. അന്നേദിവസം സ്വർഗ്ഗാവകാശികൾ സ്വർഗ്ഗത്തിലും നരകാവകാശികൾ നരകത്തിലും സ്ഥിരതാമസമാക്കും. ജനങ്ങൾ അന്ന് റബ്ബിന്റെ അടുത്തേക്ക് എഴുന്നേറ്റ് ചെല്ലുന്നതിനാൽ ഖിയാമത്ത് നാൾ എന്നും പേര് പറയുന്നു.

അല്ലാഹു പറയുന്നു :

﴿يوم يقوم الناس لرب العالمين﴾.

“അതെ, ലോകങ്ങളുടെ റബ്ബിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റു വരുന്ന ദിവസം.”

മുഅ്മിനീങ്ങളെ,

അന്ത്യദിനത്തിലുള്ള വിശ്വാസം ആറു കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതിൽ ഒന്നാമത്തെ സ്വൂർ അഥവാ ഒരുതരം കാഹളത്തിനുള്ള ഊതലാണ്. രണ്ടാമത്തേത് ഖിയാമത്ത് നാൾ സംഭവിക്കുന്നതിന്റെ ഭീതിജനകമായ സംഭവങ്ങളാണ്. മൂന്നാമത്തേത് സൃഷ്ടികളെ പുനര എഴുന്നേൽപ്പിക്കലും നാലാമത്തേത് മഹ്ശറിൽ ജനങ്ങളെ ഒരുമിച്ചു കൂട്ടരും അഞ്ചാമത്തേത് വിചാരണയും പ്രതിഫല നടപടികളും ആറാമത്തേത് സ്വർഗ-നരക പ്രവേശനവും ആണ്.

1. സ്വൂർ എന്ന കാഹളത്തിലുള്ള ഊത്ത് ഖിയാമത്ത് നാളിനെ അറിയിക്കുന്ന വിളംബരമാണ്. ഇസ്രാഫീൽ എന്ന മലക്ക് രണ്ടു തവണ അതിൽ ഊതും. ഒന്നാമത്തെ ഊത്തിൽ സൃഷ്ടികൾ മുഴുവനും മരിച്ചുവീഴും. അത് വളരെ ദീർഘമായ ഊത്തായിരിക്കും. ലോകത്തെ മുഴുവൻ സൃഷ്ടികളും മരിച്ച് തീരുന്നത് വരെ അത് തുടരും. അല്ലാഹു പറയുന്നു :

﴿وما ينظر هؤلاء إلا صيحة واحدة ما لها من فَواق﴾ .

“ഒരൊറ്റ ഘോരശബ്ദമല്ലാതെ മറ്റൊന്നും ഇക്കൂട്ടർ നോക്കിയിരിക്കുന്നില്ല. അതു സംഭവിച്ചു കഴിഞ്ഞാൽ ഒട്ടും സാവകാശമുണ്ടായിരിക്കുകയില്ല.”

അഥവാ, അതിനുശേഷം പിന്നീട് ദുനിയാവിലേക്ക് ഒരു മടക്കം ഉണ്ടായിരിക്കുകയില്ല.

പിന്നീട് രണ്ടാമത്തെ ഊത്തിൽ ജനങ്ങൾ കബറുകളിൽ നിന്ന് എഴുന്നേറ്റു വരും.

അല്ലാഹു പറയുന്നു :

﴿فإنما هي زجرة واحدة فإذا هم ينظرون﴾

“എന്നാൽ അത് ഒരു ഘോരശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ എഴുന്നേറ്റ് നിന്ന് നോക്കുന്നു.”

അതായത് ഒന്നാമത്തെ ഊത്ത് മരിപ്പിക്കാനുള്ളതും രണ്ടാമത്തേത് ജീവിപ്പിക്കാനുള്ളതുമാണ്.

പരിശുദ്ധ ഖുർആൻ ഈ ഓതുന്ന കാഹളത്തെ നാകൂർ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്

﴿فإذا نقر في الناقور﴾

“എന്നാൽ നാകൂർ എന്ന കാഹളത്തിൽ മുഴക്ക ഊതപ്പെട്ടാൽ”

2. തുടർന്ന് അന്ന് സംഭവിക്കുന്ന ഭീതിജനകമായ സംഭവങ്ങളിൽ പെട്ടതാണ്; ഭൂമിക്ക് സംഭവിക്കുന്ന കിടുക്കവും പ്രകമ്പനവും.

അല്ലാഹു പറയുന്നു :

﴿إذا زلزلت الأرض زلزالها﴾

“ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ - അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം.”

അല്ലാഹു പറയുന്നു :

﴿إذا رجت الأرض رجا﴾

“ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും ചെയ്താൽ”

അന്ന് ആകാശങ്ങൾ പൊട്ടിപിളരും.

അല്ലാഹു പറയുന്നു :

﴿فإذا انشقت السماء فكانت وردة كالدِّهان﴾

“എന്നാൽ ആകാശം പൊട്ടിപ്പിളരുകയും, അത് കുഴമ്പു പോലുള്ളതും റോസ് നിറമുള്ളതും ആയിത്തീരുകയും ചെയ്താൽ.”

“മറ്റൊരായത്തിൽ അന്നേ ദിവസത്തെ ആകാശത്തെ അല്ലാഹു ഉരുകിയ ഒരു വസ്തുവിനോടാണ് ഉപമിച്ചത്.”

﴿يوم تكون السماء كالمهل﴾

“ആകാശം ഉരുകിയ ലോഹം പോലെ ആകുന്ന ദിവസം!”

അന്നേദിവസം പർവ്വതങ്ങൾ ഇതുവഴികൾ ആയി പിടിക്കപ്പെടുകയും മണൽത്തരികൾ പോലെ, അല്ലെങ്കിൽ പഞ്ഞി പോലെ പറത്തപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു :

﴿وبُسَّت الجبال بسا﴾

“പർവ്വതങ്ങൾ ഇടിച്ച് പൊടിയാക്കപ്പെടുകയും ചെയ്താൽ”

അവൻ പറയുന്നു :

﴿وتكون الجبال كالعهن المنفوش﴾

“പർവ്വതങ്ങൾ കടഞ്ഞു വിതറപ്പെട്ട പഞ്ഞി പോലെയും ആയിത്തീരും.”

അവൻ പറയുന്നു :

﴿وكانت الجبال كثيبا مهيلا﴾

“പർവ്വതങ്ങൾ ഒലിച്ചു പോകുന്ന മണൽ കുന്ന് പോലെയാവുകയും ചെയ്യുന്ന ദിവസത്തിൽ.”

അന്നേദിവസം പർവതങ്ങൾ സഞ്ചരിപ്പിക്കപ്പെടുകയും അങ്ങനെ അവ ഒരു മരീചിക പോലെ ആയിത്തീരുകയും ചെയ്യും.

അല്ലാഹു പറയുന്നു :

﴿وسُيرت الجبال فكانت سرابا﴾

“പർവ്വതങ്ങൾ സഞ്ചരിപ്പിക്കപ്പെടുകയും അങ്ങനെ അവ മരീചിക പോലെ ആയിത്തീരുകയും ചെയ്യും”

അവൻ പറയുന്നു :

﴿وترى الجبال تحسبها جامدة وهي تمر مر السحاب صنع الله الذي أتقن كل شيء﴾

“പർവ്വതങ്ങളെ നീ കാണുമ്പോൾ അവ ഉറച്ചുനിൽക്കുന്നതാണ് എന്ന് നീ ധരിച്ചുപോകും. എന്നാൽ അവ മേഘങ്ങൾ ചലിക്കുന്നതുപോലെ ചലിക്കുന്നതാണ്.എല്ലാകാര്യവും കുറ്റമറ്റതാക്കിത്തീർത്ത അല്ലാഹുവിന്റെ പ്രവർത്തനമത്രെ അത്.”

സൂര്യൻ അന്ന് ചുറ്റിപ്പൊതിയപ്പെടും. അല്ലാഹു പറയുന്നു :

﴿إذا الشمس كورت﴾

“സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമ്പോൾ,”

അഥവാ, ഒരു തലപ്പാവ് പോലെ സൂര്യനെ ചുരുട്ടുകയും ശേഷം എറിയപ്പെടുകയും ചെയ്യും. അതോടുകൂടി അതിന്റെ പ്രകാശം അണഞ്ഞു പോകും.

വാനിലെ നക്ഷത്രങ്ങൾ അന്ന് ഉതിർന്നു വീഴും. അല്ലാഹു പറയുന്നു :

﴿وإذا النجوم انكدرت﴾

“നക്ഷത്രങ്ങൾ ഉതിർന്നു വീഴുമ്പോൾ.”

കടലുകൾ ഒന്ന് കത്തിക്കപ്പെടും.

﴿وإذا البحار سُجِّرت﴾

“സമുദ്രങ്ങൾ ആളിക്കത്തിക്കപ്പെടുമ്പോൾ.”

പ്രകൃതിയിലെ സംവിധാനങ്ങളും ചിട്ടവട്ടങ്ങളും ഉദ്ദേശിക്കുമ്പോൾ ഉദ്ദേശിക്കുന്ന രൂപത്തിൽ മാറ്റാൻ കഴിവുള്ളവനായ അല്ലാഹു എത്ര പരിശുദ്ധൻ.

﴿إِنَّمَا قَوْلُنَا لِشَيْءٍ إِذَآ أَرَدْنَٰهُ أَن نَّقُولَ لَهُۥ كُن فَيَكُونُ﴾

“നാം ഒരു കാര്യം ഉദ്ദേശിച്ചാൽ അത് സംബന്ധിച്ച നമ്മുടെ വചനം "ഉണ്ടാകൂ" എന്ന് അതിനോട് നാം പറയുക മാത്രമാകുന്നു. അപ്പോഴതാ അതുണ്ടാകുന്നു.”

3. അന്ത്യനാളിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ് ; ബഅ്സ് അഥവാ,

മരണത്തിനു ശേഷം അല്ലാഹു രണ്ടാമത് നമ്മെ ഉയിർത്തെഴുന്നേൽപ്പിക്കും എന്നുള്ള വിശ്വാസം. ഇത് ഖുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും ഇജ്മാഅ് കൊണ്ടും സ്ഥിരപ്പെട്ടതാണ്.

അല്ലാഹു പറയുന്നു:

﴿ثُمَّ إِنَّكُمْ بَعْدَ ذَلِكَ لَمَيِّتُون * ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ تُبْعَثُون﴾.

“പിന്നീട് തീർച്ചയായും നിങ്ങൾ അതിനു ശേഷം മരിക്കുന്നവരാകുന്നു. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്.”

അന്ന് മനുഷ്യർ മുഴുവനും നഗ്ന പാദകരായി, വിവസ്ത്രരായി, ചേലാകർമ്മം ചെയ്യാത്തവരായി, ദുനിയാവിൽ ഉണ്ടായിരുന്ന യാതൊരുവിധ വൈകല്യങ്ങളും ഇല്ലാത്തവരായി അല്ലാഹുവിന്റെ മുമ്പിൽ എഴുന്നേറ്റു നിൽക്കും.

അല്ലാഹു പറയുന്നു :

﴿كَمَا بَدَأْنَا أَوَّلَ خَلْقٍ نُعِيدُهُ وَعْدًا عَلَيْنَا إِنَّا كُنَّا فَاعِلِين﴾.

“ആദ്യമായി സൃഷ്ടി ആരംഭിച്ചതു പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്.”

അല്ലാഹു പരിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബർക്കത്ത് നൽകട്ടെ.

രണ്ടാമത്തെ ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവനോട് തഖ്വ പുലർത്തുന്നവരാവുക. നിങ്ങൾ അറിയുക,

4. അന്ത്യനാളിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്; മഹ്ശറയിൽ സൃഷ്ടികളെ മുഴുവൻ ഒരുമിച്ചുകൂട്ടുമെന്നത്. അഥവാ മരണത്തിനുശേഷം ഖബറുകളിൽ നിന്നും പുനരെഴുന്നേൽപ്പിക്കപ്പെട്ട മനുഷ്യരെ അല്ലാഹു മഹ്ശറിലേക്ക് ഒരുമിച്ചു കൂട്ടും.

അല്ലാഹു പറയുന്നു :

﴿وهو الذي ذرأكم في الأرض وإليه تحشرون﴾.

“അവനാകുന്നു ഭൂമിയിൽ നിങ്ങളെ സൃഷ്ടിച്ചു വ്യാപിപ്പിച്ചവൻ. അവന്റെ അടുക്കലേക്കാകുന്നു നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതും.”

ഇബ്നു അബ്ബാസ് -റളിയല്ലാഹു അൻഹു- പറയുന്നു : നബി ﷺ ഞങ്ങൾക്ക് ഖുത്ബ നിർവഹിക്കെ പറഞ്ഞു :

يا أيها الناس، إنكم تُحشرون إلى الله حُفاة عُراة غُـرْلاً.

“ജനങ്ങളെ, നിങ്ങൾ അല്ലാഹുവിന്റെ അടുത്തേക്ക് നഗ്നരും നഗ്നപാദകരും ചേലാകർമ്മം ചെയ്യാത്തവരുമായി ഒരുമിച്ചു കൂട്ടപ്പെടും.”

ചുമപ്പ് കലർന്ന വെളുത്ത നിറമുള്ള സ്ഥലത്ത് എല്ലാ സൃഷ്ടികളും ഒരുമിച്ചു കൂട്ടപ്പെടും. അവിടെ യാതൊരുവിധ അടയാളങ്ങളോ മറ്റോ ഉണ്ടായിരിക്കുകയില്ല. നിരപ്പായിരിക്കും. കാണാനോ കേൾക്കാനോ യാതൊരു തടസ്സങ്ങളും ഉണ്ടായിരിക്കുകയില്ല. ഇക്കാര്യങ്ങളെല്ലാം ബുഖാരിയിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

അന്ന് മനുഷ്യരും ജിന്നുകളും മലക്കുകളും മൃഗങ്ങളുമെല്ലാം ഒരുമിച്ചു കൂട്ടപ്പെടും.

മുകളിൽ വിശദീകരിച്ച തെളിവുകളിൽ മനുഷ്യരുടെ കൂടെ ജിന്നുകളും ഉൾപ്പെടുന്നു. മൃഗങ്ങളും ഒരുമിച്ചു കൂട്ടപ്പെടും എന്നതിനുള്ള തെളിവ് :

﴿وما من دابة في الأرض ولا طائر يطير بجناحيه إلا أمم أمثالكم ما فرطنا في الكتاب من شيء ثم إلى ربهم يحشرون﴾

“ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു. ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല. പിന്നീട് തങ്ങളുടെ റബ്ബിങ്കലേക്ക് അവർ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ്.”

﴿وإذا الوحوش حُشرت﴾.

“വന്യമൃഗങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ.”

മലക്കുകളെ ഒരുമിച്ചുകൂട്ടും എന്നതിനുള്ള തെളിവ്:

﴿وجاء ربك والمَلَك صفا صفا﴾،

“നിന്റെ റബ്ബും, അണിയണിയായി മലക്കുകളും വരുകയും,”

മലക്കുകൾ അന്ന് അണികളായി ഒരുമിച്ചു കൂട്ടപ്പെടും എങ്കിലും അവർക്ക് വിചാരണയില്ല. കാരണം അവർ അല്ലാഹുവിനെ ധിക്കരിക്കാതെ അവന്റെ കൽപ്പനകൾ അവൻ കൽപ്പിച്ച പ്രകാരം അനുസരിക്കുന്നവരാണ്. ഇക്കാര്യം അല്ലാഹു വിശദീകരിച്ചിട്ടുണ്ട്.

അന്ത്യനാളിലുള്ള വിശ്വാസത്തിന്റെ ഭാഗമായ നാലു കാര്യങ്ങളാണ് ഈ ഖുത്ബയിൽ വിശദീകരിച്ചത്. അഞ്ചാമത്തെയും ആറാമത്തെയും കാര്യം അടുത്ത ഖുതുബയിൽ വിശദീകരിക്കാം.

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങൾ -1

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد،

فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലാഹുവിന്റെ അടിമകളെ

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

അറിയുക, അല്ലാഹു അവന്റെ മതനിയമങ്ങളും വിധിനിർണയങ്ങളിലും പ്രതിഫലം നൽകുന്നതിലും ഏറെ യുക്തിയുള്ളവത്രെ . അവന്റെ യുക്തിയിൽ പെട്ടതത്രെ, പ്രവാചകന്മാരിലൂടെ കല്പിക്കപ്പെട്ട കാര്യങ്ങൾക്ക് ഈ കാണും സൃഷ്ടികൾക്ക് പ്രതിഫലം നൽകാൻ ഒരു ഉയർത്തിയെഴുന്നേൽപ്പ് നിശ്ചയിച്ചിരിക്കുന്നു എന്ന്. അല്ലാഹു പറഞ്ഞു:

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ﴾

അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?

﴿ فَتَعَالَى اللَّهُ الْمَلِكُ الْحَقُّ ﴾

എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.

ഓ വിശ്വാസികളെ, അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ഖുത്ബയിൽ നാം സംസാരിച്ചിരുന്നു. കാഹളത്തിലുള്ള ഊതൽ, അന്നേ ദിവസം സംഭവിക്കുന്ന ഭയാനകമായ സംഭവങ്ങൾ, സൃഷ്ടികളുടെ ഉയർത്തിയെഴുന്നേൽപ്പ്, മഹ്ശറിൽ ആകമാന ജനങ്ങളെ ഒരുമിച്ചുകൂട്ടൽ എന്നീ കാര്യങ്ങളിലുള്ള വിശ്വാസം എന്നതായിരുന്നു അവ.

മഹ്ശറിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെ കുറിച്ചുള്ള വിശദീകരണമാണ് ഇന്ന് നാം സംസാരിക്കാൻ ഉദ്ദേശിക്കുന്നത്.

അല്ലാഹുവിന്റെ അടിമകളെ, നാല് കാര്യങ്ങൾ ആണ് മഹ്ശറിന്റെ ഭൂമിയിൽ സംഭവിക്കുക:

ഒന്ന്) ജനങ്ങൾ പരിഭ്രാന്തിയിലാകുക. സൂറത്തുൽ ഹജ്ജിന്റെ തുടക്കത്തിൽ അല്ലാഹു പറഞ്ഞു:

﴿ إِنَّ زَلْزَلَةَ السَّاعَةِ شَيْءٌ عَظِيمٌ ﴾

തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു.

﴿ يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّا أَرْضَعَتْ وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى النَّاسَ سُكَارَىٰ وَمَا هُم بِسُكَارَىٰ وَلَٰكِنَّ عَذَابَ اللَّهِ شَدِيدٌ ﴾

നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. യഥാർത്ഥത്തിൽ അവർ ലഹരി ബാധിച്ചവരല്ല.പക്ഷെ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു.

അന്നേ ദിവസത്തെ കാഠിന്യവും കടുത്ത പ്രയാസവും കാരണത്താൽ തങ്ങൾ എത്ര കാലമായിരുന്നു ഭൂമിയിൽ കഴിഞ്ഞത് എന്നത് ഓർത്തെടുക്കുന്നതിൽ പോലും മനുഷ്യരുടെ ബുദ്ധികൾ ആശയക്കുഴപ്പത്തിൽ ആകും അവരിൽ ഇപ്രകാരം പറയുന്നവരുണ്ട്:

﴿إِن لَّبِثْتُمْ إِلَّا عَشْرًا﴾

പത്ത് ദിവസമല്ലാതെ നിങ്ങൾ ഭൂമിയിൽ താമസിക്കുകയുണ്ടായിട്ടില്ല.

ഇപ്രകാരം പറയുന്നവരും:

﴿لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ فَاسْأَلِ الْعَادِّينَ﴾

ഞങ്ങൾ ഒരു ദിവസമോ, ഒരു ദിവസത്തിന്റെ അൽപഭാഗമോ താമസിച്ചിട്ടുണ്ടാകും. എണ്ണിത്തിട്ടപ്പെടുത്തിയവരോട് നീ ചോദിച്ചു നോക്കുക.

മറ്റൊരു ആയത്തിൽ അല്ലാഹു അവരെ കുറിച്ചു പറഞ്ഞു:

﴿وَيَوْمَ تَقُومُ السَّاعَةُ يُقْسِمُ الْمُجْرِمُونَ مَا لَبِثُوا غَيْرَ سَاعَةٍ﴾

അന്ത്യസമയം നിലവിൽ വരുന്ന ദിവസം കുറ്റവാളികൾ സത്യം ചെയ്ത് പറയും; തങ്ങൾ (ഇഹലോകത്ത്) ഒരു നാഴിക നേരമല്ലാതെ കഴിച്ചുകൂട്ടിയിട്ടില്ലെന്ന് .

ആ ദിവസത്തെ കാഠിന്യവും ഭയാനകതായും കാരണത്താൽ മനുഷ്യർ പരസ്പരം അവഗണനയിലാകുന്നതാണ്. അല്ലാഹു പറഞ്ഞു:

﴿يَوْمَ يَفِرُّ الْمَرْءُ مِنْ أَخِيهِ﴾

അതായത് മനുഷ്യൻ തന്റെ സഹോദരനെ വിട്ട് ഓടിപ്പോകുന്ന ദിവസം.

﴿وَأُمِّهِ وَأَبِيهِ﴾

തന്റെ മാതാവിനെയും പിതാവിനെയും.

﴿وَصَاحِبَتِهِ وَبَنِيهِ﴾

തന്റെ ഭാര്യയെയും മക്കളെയും.

﴿لِكُلِّ امْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ﴾

അവരിൽപ്പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര ചിന്താ വിഷയം അന്ന് ഉണ്ടായിരിക്കും.

അല്ലാഹുവിന്റെ അടിമകളെ, ഈ ഭയവും പരിഭ്രാന്തിയും പിടിപെടുന്നത് കാഫിരീങ്ങൾക്കും ബിദ്അതതിന്റെ ആളുകൾക്കും പാപികളായ വിശ്വാസികൾക്കുമായിരിക്കും. അല്ലാഹു പറഞ്ഞു:

﴿وَكَانَ يَوْمًا عَلَى الْكَافِرِينَ عَسِيرًا﴾

സത്യനിഷേധികൾക്ക് വിഷമകരമായ ഒരു ദിവസമായിരിക്കും അത്.

എന്നാൽ യാഥാർത്ഥ വിശ്വാസികൾ ഇവയൊന്നും സഹിക്കേണ്ടി വരുകയില്ല. അല്ലാഹുവിനുള്ള അനുസരണയിൽ നിലകൊണ്ടവരാണവർ, അല്ലാഹു നിഷിദ്ധമാക്കിയത് വെടിഞ്ഞവർ. ആരാണോ ദുനിയാവിൽ അല്ലാഹുവിനെ ഭയപ്പെട്ടത്, ആഖിറത്തിൽ അല്ലാഹു അവൻ നിർഭയത്തം നൽകുന്നതാണ്. ആരാണോ ദുനിയാവിൽ അല്ലാഹുവിനെ തൊട്ട് നിർഭയമായി ജീവിച്ചത്, ആഖിറത്തിൽ അവനെ ഭയപ്പെടുത്തുന്നതാണ്. ഇരുലോകത്തും ഭയമോ അല്ലെങ്കിൽ നിർഭയമോ ഒരുമിപ്പിക്കുകയില്ല എന്നത് അല്ലാഹുവിന്റെ നീതിയിൽ പെട്ടതാകുന്നു. സത്യമായ വിശ്വാസികളെ കുറിച്ചു അല്ലാഹു പറഞ്ഞു:

﴿لَا يَحْزُنُهُمُ الْفَزَعُ الْأَكْبَرُ وَتَتَلَقَّاهُمُ الْمَلَائِكَةُ هَٰذَا يَوْمُكُمُ الَّذِي كُنتُمْ تُوعَدُونَ﴾

ഏറ്റവും വലിയ ആ സംഭ്രമം അവർക്ക് ദുഃഖമുണ്ടാക്കുകയില്ല. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന നിങ്ങളുടേതായ ദിവസമാണിത് എന്ന് പറഞ്ഞ് കൊണ്ട് മലക്കുകൾ അവരെ സ്വാഗതം ചെയ്യുന്നതാണ്.

അവൻ പറഞ്ഞു:

﴿وَهُم مِّن فَزَعٍ يَوْمَئِذٍ آمِنُونَ﴾

അന്ന് ഭയവിഹ്വലതയിൽ നിന്ന് അവർ സുരക്ഷിതരായിരിക്കുകയും ചെയ്യും.

അവൻ പറഞ്ഞു:

﴿أَفَمَن يُلْقَىٰ فِي النَّارِ خَيْرٌ أَم مَّن يَأْتِي آمِنًا يَوْمَ الْقِيَامَةِ﴾

അപ്പോൾ നരകത്തിലെറിയപ്പെടുന്നവനാണോ ഉത്തമൻ അതല്ല ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിർഭയനായിട്ട് വരുന്നവനോ?

രണ്ട്) മഹ്ശറിന്റെ ഭൂമിയിൽ നടക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, ഒരു മീൽ കണക്കെ സൃഷ്ടികളോട് സൂര്യൻ അടുപ്പിക്കപ്പെടും എന്നത്. മീൽ എന്നാൽ ഒരു സുറുമക്കോലിന്റെ അത്ര എന്നും അല്ല മീൽ എന്ന വഴിദൂരം എന്നും ആശയം പറയപ്പെട്ടിട്ടുണ്ട്. ഏതു തന്നെ ആയാലും സൂര്യൻ അത്രയും അടുത്ത അവസ്ഥയിൽ ആയിരിക്കും.

ഈ അവസ്ഥയിലുള്ള സൂര്യനിൽ നിന്ന് ആർകെങ്കിലും രക്ഷയുണ്ടോ? അതെ ഉണ്ട്. അന്നേ ദിവസത്തെ സൂര്യന്റെ ചൂടിൽ നിന്നും അല്ലാഹു രക്ഷ നൽകുന്ന വ്യത്യസ്ത കൂട്ടം ആളുകളുണ്ട്. അവരിൽ പെട്ടതാണ് അല്ലാഹു അവന്റെ തണൽ നൽകുന്ന ഏഴ് വിഭാഗം ആളുകൾ. അവന്റെ തണലല്ലാതെ മറ്റൊരു തണലുമില്ലാത്ത ദിവസം. അല്ലാഹു സൃഷ്ടിക്കുന്ന തണൽ ആണ് അത്. അർശിന്റെ തണൽ. ആ തണൽ മുഖേന വ്യത്യസ്ത വിഭാഗം ആളുകളെ സൂര്യനിൽ നിന്നും രക്ഷിക്കുന്നതാണ്. അല്ലാഹു നമ്മെയും അവരിൽ ഉൾപ്പെടുത്തട്ടെ.

നീതിമാനായ ഭരണാധികാരി, അല്ലാഹുവിനുള്ള അനുസരണയിൽ വളർന്ന യുവാവ്, അല്ലാഹുവിന്റെ പേരിൽ സ്നേഹിക്കുകയും അതിലായി തന്നെ ഒരുമിക്കുകയും വേർപെടുകയും ചെയ്ത രണ്ട് ആളുകൾ, മസ്ജിദുമായി ഹൃദയം ബന്ധപ്പെട്ട് വ്യക്തി അവിടം നിന്ന് പുറത്തുപോയാൽ അവിടേക്ക് തന്നെ തിരിച്ചു വരുന്നവൻ, ഒറ്റയ്ക്കുള്ളപ്പോൾ അല്ലാഹുവിനെ ഓർത്ത് കരഞ്ഞ വ്യക്തി, സൗന്ദര്യവും സ്ഥാനവും ഉള്ള ഒരു സ്ത്രീ ക്ഷണിക്കുകയും എന്നിട്ട് ഞാൻ അല്ലാഹുവിനെ ഭയക്കുന്നു എന്ന് പറഞ്ഞ് മാറി നിന്നുവന്, വലത് കൈ കൊണ്ട് നൽകിയത് ഇടത് കൈ പോലും അറിയാത്ത രൂപത്തിൽ ദാനം നൽകിയവർ, എന്നിവരാണ് ആ ഏഴു വിഭാഗം ആളുകൾ.

മൂന്ന്) മഹ്ശറിന്റെ ഭൂമിയിൽ നടക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് നബി ﷺ യുടെ ഹൗദിന്റെ അടുക്കലേക്ക് ആളുകൾ വരിക എന്നത്. ദീനിൽ അടിയുറച്ച് നിന്ന വിശ്വാസികൾ അതിൽ നിന്നും കുടിക്കുന്നതാണ്. രണ്ട് വിഭാഗം ആളുകൾ അതിൽ നിന്നും അകറ്റപ്പെടുന്നതാണ്. ഇസ്ലാമിൽ നിന്നും മുർതദ്ദായി പോയവരാണ് ഒന്നാമത്തെ വിഭാഗം. നബി ﷺ യുടെ മരണത്തിന് ശേഷം ഇസ്ലാം വിട്ട് പോയവരും

അവർക്ക് ശേഷം അന്ത്യദിനം വരെ ആരെല്ലാം അങ്ങനെ ഉപേക്ഷിച്ച് പോയോ അവരെല്ലാവരും. ദീനിൽ പ്രവർത്തികളിലോ വാക്കുകളിലോ പുത്തൻ കാര്യങ്ങൾ അഥവാ ബിദ്അത്ത് കൊണ്ട് വന്നവരാണ് രണ്ടാമത്തെ വിഭാഗം. അന്യമായ ഒട്ടകങ്ങൾ അകറ്റപ്പെടുന്നത് പോലെ അവർ ഹൌദിൽ നിന്നും അകറ്റപ്പെടുന്നതാണ്. സ്വർഗ്ഗത്തിലെ കൗഥർ എന്ന നദിയിൽ നിന്നുള്ള രണ്ട് ജലനാളികളാണ് ഹൌദിൽ ഉണ്ടായിരിക്കുക. കൗഥർ എന്ന് വെച്ചാൽ ധാരാളം നന്മകൾ എന്നതാണ് അർത്ഥം. ഹൌദിന്റെ നീളം ഒരു മാസത്തെ വഴിദൂരമാണ്. നക്ഷത്രങ്ങളുടെ എണ്ണമെത്രയായും കോപ്പകളുണ്ട് അതിൽ. പാലിനേക്കാൾ വെളുത്ത, മിസ്കിനെക്കാൾ സുഗന്ധമുള്ള, തേനിനേക്കാൾ മധുരമുള്ള വെള്ളമാണ് അതിൽ. ഒരു തവണ അതിൽ നിന്നും കുടിച്ചവൻ പിന്നീട് ദാഹിക്കുകയേയില്ല. സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുള്ള ഇരു ജലനാളികളാണ് അതിൽ. അതിന്റെ വീതി നീളമത്രെ തന്നെയാണ്. സന്'ആഇനും മദീനക്കും ഇടയിലുള്ള അത്ര ദൂരം.

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ ഹൌദ് ഇപ്പോൾ നിലവിലുള്ള ഒന്നാണ്. നബി ﷺ പറഞ്ഞത് പോലെ:

"ഞാൻ എന്റെ ഹൌദിലേക്ക് ഇപ്പോൾ നോക്കിക്കൊണ്ടിരുന്നു."

ഹൌദിന്റെ വിഷയത്തിൽ പറയപ്പെട്ടതിൽ പെട്ടതാണ് എല്ലാ നബിമാർക്കും ഹൌദ് ഉണ്ട് എന്നത്. നബി ﷺ പറഞ്ഞു:

"എല്ലാ നബിമാർക്കും ഹൌദുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് കണക്കെ അവർ പരസ്പരം പെരുമ നടിക്കുന്നതാണ്. എന്റെ ഹൌദിലാകും ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് എന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

അല്ലാഹുവിന്റെ യുക്തിയിലും അടിമകളോടുള്ള അവന്റെ കാരുണ്യത്തിലും പെട്ടതാകുന്നു ഇത്. അവരവരുടെ നബിമാരുടെ ഹൌദുകളിൽ നിന്നും അവരിൽ വിശ്വസിച്ച് പിന്പറ്റിയവർക്ക് യോജിച്ച പ്രതിഫലമെന്നോണം കുടിക്കാൻ നൽകുക എന്നത്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുക.

നിങ്ങളറിയുക, മഹ്ശറിൽ നടക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് അത്യുന്നതമായ ആ ശുപാർശ. മനുഷ്യരുടെ മുകളിൽ, -വിശ്വാസികളുടെയും അവിശ്വാസികളുടെയും - ആ ദിവസം ദൈർഘ്യമേറും, അങ്ങനെ അവർ ഓരോ നബിമാരുടെ അടുക്കലേക്കും അല്ലാഹുവോട് ഇത് അവസാനിപ്പിക്കണം എന്നും സ്വർഗ്ഗത്തിലേക്കോ നരഗത്തിലേക്കോ എന്ന് അറിയാൻ വിചാരണ തുടങ്ങണമെന്നും ആവശ്യപ്പെടാനായി ശുപാർശ ചെയ്യണം എന്ന ആവശ്യവുമായി അവർ വരും. ആദം, നൂഹ് , ഇബ്രാഹീം, മൂസ, ഈസ ﷺ എന്നീ അഞ്ച് നബിമാർ ഒഴിവ്കഴിവ് പറയും. അങ്ങനെ ഈസ ' മുഹമ്മദ് ﷺ യുടെ അടുക്കലേക്ക് അവരെ അയക്കും. അങ്ങനെ അവർ അവിടത്തേക്ക് വരികയും അവരുടെ ആവശ്യം ഉന്നയിക്കുകയും ചെയ്യും. നബി ﷺ മറുപടി പറയും "ഞാനുണ്ട് അതിന്". അങ്ങനെ അർശിന്റെ ചുവട്ടിൽ അല്ലാഹു ഉദ്ദേശിക്കുന്ന അത്ര സുജൂദിൽ കിടക്കും. ഇത് വരെ ആർക്കും പകർന്ന് നല്കിയിട്ടില്ലാത്ത സ്തുതികളും മഹത്വം വാഴ്ത്തുന്ന ദിക്റുകളും അല്ലാഹു നബി ﷺ യ്ക്ക് തുറന്ന് നൽകും, അതു മുഖേന അല്ലാഹുവോട് പ്രാർത്ഥിക്കും. അങ്ങനെ നബിﷺ യോട് പറയപ്പെടും "ഉയരൂ മുഹമ്മദേ, നീ പറയൂ അത് കേൾക്കപ്പെടും, നീ ശുപാർശ ചെയ്തോളൂ നിന്റെ ശുപാർശ സ്വീകരിക്കപ്പെടും, നീ ചോദിച്ചോളൂ ഉത്തരം നൽകപ്പെടും."

മഹ്ശറിലുള്ള നിർത്തം അവസാനിപ്പിക്കാനും, വിചാരണ തുടങ്ങാനും നബി ﷺ ശുപാർശ ചെയ്യും, അത് സ്വീകരിക്കപ്പെടുകയും ചെയ്യും.

അങ്ങനെ ആദം عليه السلام മുതൽ അന്ത്യനാൾ വരെയുള്ള എല്ലാവരുടെയും വിചാരണ തുടങ്ങും, അവർക്കിടയിൽ തീർപ്പ് കല്പിക്കപ്പെടും.

ഈ ശുപാർശയാണ് ഖുർആനിൽ വന്ന

﴿عَسَىٰ أَن يَبْعَثَكَ رَبُّكَ مَقَامًا مَّحْمُودًا﴾

നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം.

مقاما محمودا 'സ്തുത്യർഹമായ സ്ഥാനം' എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ആദ്യകാലക്കാരും പിൽകാലകാരും സ്തുതിക്കുകയും അസൂയപ്പെടുകയും ചെയ്യുന്ന സ്ഥാനമാണ് അത്. വിചാരണക്ക് തുടങ്ങുന്നതിൽ എല്ലാ സൃഷ്ടികൾക്കും -

ജിന്നുകൾക്കും മനുഷ്യർക്കും, വിശ്വാസികൾക്കും അവിശ്വാസികൾക്കും- ഒരു ഔദാര്യം ഉണ്ടാകും ആ സ്ഥാനത്തിന്.

ഈ ശുപാർശയുടെ മഹത്തരമായ സ്ഥാനം കാരണം പണ്ഡിതന്മാർ അതിനെ വിശേഷിപ്പിച്ചത് الشفاعة العظمى അത്യുന്നതമായ ശുപാർശ എന്നാണ്. അന്ത്യ ദിനത്തിലെ ശുപാർശകളിൽ ഒന്നാമതായി നടക്കുന്നതും ഈ ശുപാർശയാണ്.

അല്ലാഹുവിന്റെ അടിമകളെ, മഹ്ശറിൽ നടക്കുന്ന നാല് കാര്യങ്ങളാകുന്നു ഇവ. അല്ലാഹുവേ ഭയപ്പെട്ട് ജീവിക്കാനും, നന്മകളിൽ മുന്നേറാനും, തിന്മകളെ തൊട്ട് സൂക്ഷ്മത പാലിക്കാൻ ഓരോ മുസ്ലിമും ഈ കാര്യങ്ങൾ സദാ സമയവും ഓർത്തു കൊണ്ട് ജീവിക്കേണ്ടതുണ്ട്.

പിന്നീട് നിങ്ങളറിയുക, ജുമുഅ ദിവസത്തെ പകലും രാത്രിയുമുള്ള നിങ്ങളുടെ ശ്രേഷ്ഠമായ പ്രവർത്തനങ്ങളിൽ പെട്ടതാണ് നബി യുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നത്.

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങൾ -2

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد،

فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലാഹുവിന്റെ അടിമകളെ

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

അറിയുക, അല്ലാഹു അവന്റെ മതനിയമങ്ങളും വിധിനിർണയങ്ങളിലും പ്രതിഫലം നൽകുന്നതിലും ഏറെ യുക്തിയുള്ളവത്രെ. അവന്റെ യുക്തിയിൽ പെട്ടതത്രെ, പ്രവാചകന്മാരിലൂടെ കല്പിക്കപ്പെട്ട കാര്യങ്ങൾക്ക് ഈ കാണും സൃഷ്ടികൾക്ക് പ്രതിഫലം നൽകാൻ ഒരു ഉയർത്തിയെഴുന്നേൽപ്പ് നിശ്ചയിച്ചിരിക്കുന്നു എന്ന്. അല്ലാഹു പറഞ്ഞു:

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ﴾

അപ്പോൾ നാം നിങ്ങളെ വ്യഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?

﴿فَتَعَالَى اللَّهُ الْمَلِكُ الْحَقُّ﴾

എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.

അല്ലയോ വിശ്വാസികളെ,

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ ചിലതിനെ കുറിച്ചു നാം കഴിഞ്ഞ രണ്ട് ഖുത്ബകളിലായി സംസാരിച്ചുവല്ലോ. കാഹളത്തിൽ ഊതൽ, അന്ത്യദിനത്തിൽ നടക്കുന്ന ഭീതിപ്പെടുത്തുന്ന സംഭവങ്ങൾ, സൃഷ്ടികളുടെ ഉയർത്തിഴുന്നേൽപ്പ്, മഹ്ശറിന്റെ ഭൂമിയിൽ ജനങ്ങളെ ഒരുമിച്ചുകൂട്ടൽ

എന്നതായിരുന്നു നാം അറിഞ്ഞ വിഷയങ്ങൾ. ഇന്ന് വിചാരണയെയും പ്രതഫലത്തെയും സംബന്ധിച്ചാകും നമ്മുടെ സംസാരം.

അല്ലാഹുവിന്റെ അടിമകളെ, വിചാരണയും പ്രതിഫലം നൽകുക എന്നതും ഖുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും മുസ്ലിമീങ്ങളുടെ ഏകോപനം കൊണ്ടും സ്ഥിരപ്പെട്ട കാര്യമാണ്. അല്ലാഹു തെളിവായി പറഞ്ഞു:

﴿إِنَّ إِلَيْنَا إِيَابَهُمْ﴾

തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം.

﴿ثُمَّ إِنَّ عَلَيْنَا حِسَابَهُم﴾

പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ.

അതു പോലെ തന്നെ അവൻ പറഞ്ഞു:

﴿مَن جَاءَ بِالْحَسَنَةِ فَلَهُ عَشْرُ أَمْثَالِهَا ۖ وَمَن جَاءَ بِالسَّيِّئَةِ فَلَا يُجْزَىٰ إِلَّا مِثْلَهَا وَهُمْ لَا يُظْلَمُونَ﴾

വല്ലവനും ഒരു നൻമ കൊണ്ടു വന്നാൽ അവന്ന് അതിന്റെ പതിൻമടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിൻമകൊണ്ടു വന്നാൽ അതിന് തുല്യമായ പ്രതിഫലം മാത്രമേ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല.

﴿وَنَضَعُ الْمَوَازِينَ الْقِسْطَ لِيَوْمِ الْقِيَامَةِ فَلَا تُظْلَمُ نَفْسٌ شَيْئًا ۖ وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا ۗ وَكَفَىٰ بِنَا حَاسِبِينَ﴾

ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണ്ണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമ്മം) ഒരു കടുക്മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ട് വരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി.

അല്ലാഹുവിന്റെ അടിമകളെ, വിചാരണയും പ്രതിഫലം നൽകലും യുക്തി തേടുന്ന കാര്യങ്ങളാണ്. അല്ലാഹു കിതാബുകൾ ഇറക്കി നൽകി, അവൻ ദൂതൻമാരെ നിയോഗിച്ചു എന്നിട്ട് അടിമകളുടെ മേൽ അവർ കൊണ്ട് വന്നത് സ്വീകരിക്കലും അത് അനുസരിച്ച് പ്രവർത്തിക്കലും നിർബന്ധമാക്കുകയും ചെയ്തു, എതിരാളികളോട് യുദ്ധം ചെയ്യൽ നിയമമാക്കുകയും അവരുടെ രക്തവും സന്താനങ്ങളും സ്ത്രീകളും സമ്പത്തും അനുവദിനീയമാക്കുകയും ചെയ്തു, ഒരു വിചാരണയും പ്രതിഫലവും ഒന്നും ഇല്ല എന്നായിരുന്നെങ്കിൽ ഈ നിയമങ്ങളെല്ലാം വെറുതെ ആയിപ്പോയേനെ. എന്നാൽ യുക്തിമാനായ അല്ലാഹു അതിൽ നിന്നെല്ലാം പരിശുദ്ധനാകുന്നു.

അല്ലാഹുവിന്റെ അടിമകളെ, വിചാരണ രണ്ട് ഇനങ്ങളാണ് ഉണ്ടായിരിക്കുക. തെറ്റുകളെല്ലാം അടിമയുടെ മുന്നിൽ പ്രദർശിപ്പിക്കുക മാത്രം ചെയതു കൊണ്ടുള്ള

വിചാരണയും വിശദമായ ചോദ്യം ചെയ്യലിന്റെയും ശിക്ഷയുടെയും വിചാരണയും. ഈ ഇരു ഇനങ്ങളെയും സൂചിപ്പിക്കുന്നതാണ് നബി ﷺ യുടെ ഈ ഹദീഥ്:

"അന്ത്യദിനത്തിൽ ആരും തന്നെ വിചാരണ ചെയ്യപ്പെടുന്നില്ല അവൻ നശിച്ചിട്ടല്ലാതെ."

അപ്പോൾ ആഇശ ചോദിച്ചു: "അല്ലയോ അല്ലാഹുവിന്റെ റസൂലേ, അങ്ങനെയാണെങ്കിൽ അല്ലാഹു ഇങ്ങനെ പറഞ്ഞുവല്ലോ"

﴿فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ﴾

എന്നാൽ പരലോകത്ത് ഏതൊരുവന്ന് തന്റെ രേഖ വലതുകൈയ്യിൽ നൽകപ്പെട്ടുവോ,

﴿سَوْفَ يُحَاسَبُ حِسَابًا يَسِيرًا﴾

അവൻ ലഘുവായ വിചാരണയ്ക്ക് മാത്രം വിധേയനാകുന്നതാണ്.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "അത് ഒരു പ്രദർശനം മാത്രമാണ്. എന്നാൽ വിശദമായി വിചാരണ ചെയ്യപ്പെടുന്നവൻ ശിക്ഷിക്കപ്പെട്ടത് തന്നെ."

അല്ലാഹുവിന്റെ അടിമകളെ, ഒന്നാമത്തെ ഇനം വിചാരണയുടെ ആളുകൾ അവരുടെ പാപങ്ങൾ അവർക്ക് പ്രദർശിക്കപ്പെടുകയും, ഇഹലോകത്ത് മറച്ച് വെക്കപ്പെടുകയും, അന്ത്യദിനത്തിൽ ആകട്ടെ അവ പൊറുക്കപ്പെടുകയും ചെയ്യുന്നവരാണ്. ഇബ്നു ഉമർ ﷺ ഉദ്ധരിക്കുന്ന ഹദീഥിൽ നബി ﷺ പറഞ്ഞു : അല്ലാഹു വിശ്വാസിയെ അവനിലേക്ക് അടുപ്പിക്കുകയും അവന്റെ മറകൊണ്ട് മറച്ചുവെക്കുകയും ചെയ്യും. എന്നിട്ട് അവനോട് ചോദിക്കും "ഇന്ന ഇന്ന തിന്മ നീ ഓർക്കുന്നുണ്ടോ?" അവൻ പറയും "അതേ റബ്ബേ" അങ്ങനെ അവന്റെ തിന്മകളെല്ലാം സമ്മതിച്ചു കഴിയുകയും താൻ നശിച്ചു എന്ന് അവൻ മനസ്സിലാക്കുകയും ചെയ്താൽ, അല്ലാഹു അവനോട് പറയും "ദുനിയാവിൽ ഞാൻ അത് മറ്റുള്ളവരിൽ നിന്നും മറച്ചു വെച്ചിരുന്നു, ഇന്നിതാ ഞാൻ അത് നിനക്ക് പൊറുത്തുതന്നിരിക്കുന്നു" അങ്ങനെ അവന്റെ നന്മയുടെ ഏടുകൾ നൽകപ്പെടും.

അല്ലാഹുവിന്റെ അടിമകളെ, അന്നേ ദിവസം മനുഷ്യരുടെ പ്രവർത്തനങ്ങൾ തുലാസിൽ അളക്കപ്പെടുന്നതാണ്, അല്ലാഹുവിന്റെ നീതി പ്രകടമായി കാണിക്കുവാൻ വേണ്ടിയത്രെ അത്.

അല്ലാഹു പറഞ്ഞു:

﴿وَنَضَعُ الْمَوَازِينَ الْقِسْطَ لِيَوْمِ الْقِيَامَةِ فَلَا تُظْلَمُ نَفْسٌ شَيْئًا ۖ وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا ۗ وَكَفَىٰ بِنَا حَاسِبِينَ﴾

ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണ്ണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് കർമ്മം ഒരു കടുക്മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ട് വരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി.

നന്മകളും തിന്മകളും അസ്തിത്വങ്ങളില്ലാത്ത കാര്യങ്ങളാണ് എന്നിരിക്കെ അവ എങ്ങനെയാണ് തുലാസിൽ തൂക്കപ്പെടുക എന്ന് ചോദിക്കപ്പെട്ടാൽ അതിനുള്ള ഉത്തരം, പ്രവർത്തനങ്ങളെ അല്ലാഹു അവന്റെ കഴിവിനാൽ അസ്തിത്വമുള്ളവയാക്കി മാറ്റും എന്നതാണ്. പ്രവർത്തനങ്ങളല്ലാത്തതിന്റെ അവസ്ഥയും ഇപ്രകാരം തന്നെയാണ്. ഉദാഹരണമായി മരണം എന്നത് അസ്തിത്വമില്ലാത്ത ഒന്നാണ്. എന്നാൽ, അന്ത്യദിനത്തിൽ മരണത്തെ ഒരു ആടിന്റെ രൂപത്തിൽ കൊണ്ടുവരപ്പെടുകയും സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ഇടയിൽ വെച്ച് അറുക്കപ്പെടുന്നതുമാണ് എന്നിട്ട് വിളിച്ച് പറയപ്പെടും "ഓ സ്വർഗ്ഗ നിവാസികളെ, അനശ്വരമായ ജീവിതമാണ് ഇനി മരണമില്ല. ഓ നരക നിവാസികളെ, അനശ്വരമായ ജീവിതമാണ് ഇനി മരണമില്ല."

വിശ്വാസികളുടെയും സത്യനിഷേഷികളുടെയും പ്രവർത്തനങ്ങൾ അളന്നു തൂക്കപ്പെടുമോ, അതല്ല വിശ്വാസികളുടേത് മാത്രമാണോ എന്ന് ചോദിക്കപ്പെടുകയാണെങ്കിൽ, അതിനുള്ള ഉത്തരം, അളക്കപ്പെടുക വിശ്വാസികളുടെ പ്രവർത്തനങ്ങൾ മാത്രമാണ്. ഒരു വിശ്വാസിക്ക് തിന്മകളൊന്നും തന്നെ ഇല്ലെങ്കിൽ, അവൻ നേരിട്ട് സ്വർഗ്ഗത്തിലേക്ക് കടക്കുന്നതാണ്. ഇനി തിന്മകൾ വല്ലതുമുണ്ടെങ്കിൽ, തോതനുസരിച്ച് ശിക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ അല്ലാഹു തന്നെ അവ പൊറുത്തുനൽകുകയോ അല്ലെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശുപാർശകരുടെ ശുപാർശയിൽ സ്വർഗ്ഗത്തിലേക്ക് കടക്കുന്നതുമാണ്. എന്നാൽ സത്യനിഷേധിയുടെ പ്രവർത്തനങ്ങൾ തൂക്കപ്പെടുന്നതല്ല. കാരണം, വിശാലമായ ഉപജീവനമായോ ആരോഗ്യവും സൗഖ്യവുമായോ അവന്റെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം അല്ലാഹു ദുനിയാവിൽ തന്നെ നൽകുന്നതാണ്. അങ്ങനെ പരലോകത്ത് അല്ലാഹുവിനെ കണ്ടുമുട്ടിക്കഴിഞ്ഞാൽ അവൻ നരകം മാത്രമാണ് ഉണ്ടാവുക. നന്മകളിൽ നിന്ന് അവൻ വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ കൂടി.

സത്യനിഷേധികളെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿ أُولَٰئِكَ الَّذِينَ لَيْسَ لَهُمْ فِي الْآخِرَةِ إِلَّا النَّارُ ۖ وَحَبِطَ مَا صَنَعُوا فِيهَا وَبَاطِلٌ مَّا كَانُوا يَعْمَلُونَ﴾

പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ.

അവൻ പറഞ്ഞു :

﴿وَقَدِمْنَا إِلَىٰ مَا عَمِلُوا مِنْ عَمَلٍ فَجَعَلْنَاهُ هَبَاءً مَّنثُورًا﴾

അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും.

അവൻ പറഞ്ഞു :

﴿مَّثَلُ الَّذِينَ كَفَرُوا بِرَبِّهِمْ ۖ أَعْمَالُهُمْ كَرَمَادٍ اشْتَدَّتْ بِهِ الرِّيحُ فِي يَوْمٍ عَاصِفٍ ۖ لَّا يَقْدِرُونَ مِمَّا كَسَبُوا عَلَىٰ شَيْءٍ ۚ ذَٰلِكَ هُوَ الضَّلَالُ الْبَعِيدُ ﴾

തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമ്മങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അത് തന്നെയാണ് വിദൂരമായ മാർഗഭ്രംശം.

അവൻ പറഞ്ഞു:

﴿وَالَّذِينَ كَفَرُوا أَعْمَالُهُمْ كَسَرَابٍ بِقِيعَةٍ يَحْسَبُهُ الظَّمْآنُ مَاءً حَتَّىٰ إِذَا جَاءَهُ لَمْ يَجِدْهُ شَيْئًا وَوَجَدَ اللَّهَ عِندَهُ فَوَفَّاهُ حِسَابَهُ ۗ وَاللَّهُ سَرِيعُ الْحِسَابِ﴾

അവിശ്വസിച്ചവരാകട്ടെ അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായി തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ അല്ലാഹു അവന്ന് അവന്റെ കണക്ക് തീർത്തു കൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ.

ചുരുക്കം എന്തെന്നാൽ, സത്യനിഷേധികളും കപടവിശ്വാസികളും നന്മതിന്മകൾ അടിസ്ഥാനപ്പെടുത്തി വിചാരണ ചെയ്യപ്പെടുകയില്ല. എന്നാൽ അവരുടെ തിന്മകൾ പ്രദർശിപ്പിച്ചു കൊടുത്ത് അവയെല്ലാം സമ്മതിപ്പിക്കുന്ന വിചാരണയാണ് അവർക്കുണ്ടാകുക. അവർ ആ തിന്മകളെ നിഷേധിക്കുകയാണെങ്കിൽ അവരുടെ അവയവങ്ങൾ സാക്ഷ്യം പറയുന്നതാണ്. എന്നിട്ട് സൃഷ്ടികൾക്ക് മുകളിൽ ഇങ്ങനെ വിളിച്ചു പറയപ്പെടും:

﴿هَٰؤُلَاءِ الَّذِينَ كَذَبُوا عَلَىٰ رَبِّهِمْ ۚ أَلَا لَعْنَةُ اللَّهِ عَلَى الظَّالِمِينَ﴾

ഇവരാകുന്നു തങ്ങളുടെ രക്ഷിതാവിന്റെ പേരിൽ കള്ളം പറഞ്ഞവർ, ശ്രദ്ധിക്കുക: അല്ലാഹുവിന്റെ ശാപം ആ അക്രമികളുടെ മേലുണ്ടായിരിക്കും.

അങ്ങനെ അവരെ നരകത്തിലേക്ക് ആനയിക്കപ്പെടും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. വിശ്വാസിക്കുള്ള അല്ലാഹുവിന്റെ മറയും സത്യനിഷേഷിക്കുള്ള അവന്റെ അവഹേളനവും ഇതിൽ നിന്നും നമ്മുക്ക് മനസ്സിലാക്കാവുന്നതാണ്.

ഓ വിശ്വാസികളെ, വിചാരണയിലേക്ക് വിളിക്കപ്പെടുമ്പോൾ ജനങ്ങൾ ഭയത്താൽ മുട്ടുകുത്തി വീഴുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ تُدْعَىٰ إِلَىٰ كِتَابِهَا الْيَوْمَ تُجْزَوْنَ مَا كُنتُمْ تَعْمَلُونَ

അന്ന് എല്ലാ സമുദായങ്ങളെയും മുട്ടുകുത്തിയ നിലയിൽ നീ കാണുന്നതാണ്. ഓരോ സമുദായവും അതിന്റെ രേഖയിലേക്ക് വിളിക്കപ്പെടും. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിന് ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്. എന്ന് അവരോട് പറയപ്പെടുകയും ചെയ്യും.

അല്ലയോ വിശ്വാസികളെ, അല്ലാഹുവുമായി ബന്ധപ്പെട്ട അടിമയുടെ പ്രവർത്തനങ്ങളിൽ നിന്ന് ആദ്യമായി വിചാരണ ചെയ്യപ്പെടുക അവന്റെ നിസ്കാരണമാണ്. അത് ശരിയാണെങ്കിൽ ബാക്കിയെല്ലാം ശരിയാകും. അതെങ്ങാനും കുഴപ്പത്തിലാണെങ്കിൽ ബാക്കിയെല്ലാ പ്രവർത്തനങ്ങളും കുഴപ്പത്തിലായിരിക്കും.

മനുഷ്യരുമായി ബന്ധപ്പെട്ട ബാധ്യതകളിൽ ആദ്യം വിചാരണ ചെയ്യപ്പെടുക രക്തത്തിന്റെ വിഷയത്തിലാണ്. നബി പറഞ്ഞു: "അന്ത്യദിനത്തിൽ ജനങ്ങൾക്കിടയിൽ ആദ്യം തീർപ്പ് കല്പിക്കപ്പെടുക രക്തമാണ്."

അന്നേ ദിവസം മനുഷ്യൻ അവന്റെ തിന്മകളെ നിഷേധിക്കുകയാണെങ്കിൽ അവന്റെ അവയവങ്ങൾ അവർക്കെതിരിൽ സാക്ഷ്യം പറയുന്നതാണ്. അവന്റെ കേൾവിയും, കാഴ്ചയും, തൊലിയും അങ്ങനെ സാക്ഷ്യം പറയും. അല്ലാഹു പറഞ്ഞു:

﴿ وَيَوْمَ يُحْشَرُ أَعْدَاءُ اللَّهِ إِلَى النَّارِ فَهُمْ يُوزَعُونَ﴾

അല്ലാഹുവിന്റെ ശത്രുക്കളെ നരകത്തിലേക്ക് പോകാനായി വിളിച്ചുകൂട്ടുകയും, എന്നിട്ടവരെ തെളിച്ചുകൂട്ടികൊണ്ടുപോകുകയും ചെയ്യുന്ന ദിവസം ശ്രദ്ധേയമാകുന്നു.

﴿حَتَّىٰ إِذَا مَا جَاءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَارُهُمْ وَجُلُودُهُم بِمَا كَانُوا يَعْمَلُونَ ﴾

അങ്ങനെ അവർ അവിടെ നരകത്തിൽ ചെന്നാൽ അവരുടെ കാതും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവർക്ക് എതിരായി അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി സാക്ഷ്യം വഹിക്കുന്നതാണ്.

﴿وَقَالُوا لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوا أَنطَقَنَا اللَّهُ الَّذِي أَنطَقَ كُلَّ شَيْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ﴾

തങ്ങളുടെ തൊലികളോട് അവർ പറയും: നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി സാക്ഷ്യം വഹിച്ചത്? അവ തൊലികൾ പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു. ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

ഹസൻ അൽ ബസ്വരി رحمه الله

اقْرَأْ كِتَابَكَ كَفَىٰ بِنَفْسِكَ الْيَوْمَ عَلَيْكَ حَسِيبًا

നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കുക. നിന്നെ സ്സംബന്ധിച്ചിടത്തോളം കണക്ക് നോക്കാൻ ഇന്ന് നീ തന്നെ മതി. എന്ന് അവനോട് അന്ന് പറയപ്പെടും

എന്ന ആയത്തിനെ സംബന്ധിച്ച് പറഞ്ഞു: "ഓ മനുഷ്യാ, നിന്നെ സൃഷ്ടിച്ചവൻ നിന്നോട് നീതി കാണിച്ചിക്കുന്നു. നിന്റെ വിചാരണ അവൻ നിന്നെ തന്നെ ഏല്പിച്ചിരിക്കുന്നു."

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു ജരീർ ത്വബരി ﵀, ഖതാഥ ﵀ ഉദ്ദരിച്ച് പറഞ്ഞു: "ദുനിയാവിൽ വായിക്കാൻ അറിയാത്തവൻ പോലും അന്ന് വായിക്കുന്നതാണ്."

ഓ മുസ്ലിമീങ്ങളെ, അന്നേ ദിവസം എഴുപതിനായിരം ആളുകൾ വിചാരണയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്. വിചാരണയോ ശിക്ഷയോ അവർക്കുണ്ടാകുകയില്ല. അല്ലാഹു നമ്മെയും അവരിൽ ഉൾപെടുത്തട്ടെ. ഈമാനിന്റെ പൂർണതയിൽ എത്തിയവർ ആണവർ. അല്ലാഹു നിർബന്ധമാക്കിയ പ്രവർത്തനങ്ങൾ മുറപോലെ നിർവഹിക്കുകയും, നന്മകളിൽ മുന്നേറുകയും, നിഷിദ്ധമാക്കപ്പെട്ടതും വെറുക്കപ്പെട്ടതുമായ കാര്യങ്ങൾ വെടിയുകയും ചെയ്തവരാണവർ.

അബൂ ഉമാമ നിവേദനം ചെയ്ത ഹദീഥിൽ ഈ സ്ഥാനം നേടിയവർ എഴുപത്തിനായിരത്തെക്കാൾ അധികമാണെന്ന് കാണാം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

വിചാരണയോ ശിക്ഷയോ ഇല്ലാതെ എന്റെ സമുദായത്തിൽ നിന്ന് എഴുപതിനായിരം ആളുകളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാമെന്ന് എന്റെ റബ്ബ് എനിക്ക് വാഗ്ദാനം നൽകിയിരിക്കുന്നു. ഓരോ ആയിരത്തിന്റെ കൂടെയും മറ്റൊരു എഴുപത്തിനായിരവും, അല്ലാഹുവിന്റെ പിടുത്തത്തിൽ ഒരു മൂന്ന് പിടുത്തം ആളുകളും അധികം അവൻ ഉള്പെടുത്തുന്നതാണ്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുക. അറിയുക, വിചാരണ മനുഷ്യർക്കും ജിന്നുകൾക്കും ഉള്ളതാകുന്നു. നബി പ്രബോധനം ജിന്നുകൾക്ക് കൂടിയുള്ളതാണല്ലോ. അവരും ദീനിന്റെ നിയമങ്ങൾ കൊണ്ട് കല്പിക്കപ്പെട്ടവരാണ്. അല്ലാഹു പറഞ്ഞു:

﴿ قَالَ ادْخُلُوا فِي أُمَمٍ قَدْ خَلَتْ مِن قَبْلِكُم مِّنَ الْجِنِّ وَالْإِنسِ فِي النَّارِ﴾

അവൻ അല്ലാഹു പറയും: ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമായി നിങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമൂഹങ്ങളുടെ കൂട്ടത്തിൽ നരകത്തിൽ പ്രവേശിച്ചുകൊള്ളുക.

സ്വർഗ്ഗത്തിലെ ഹൂറികളെ കുറിച്ചു അവൻ പറഞ്ഞപ്പോൾ പറഞ്ഞു:

﴿لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَانٌّ﴾

അവർക്ക് മുമ്പ് മനുഷ്യനോ ജിന്നോ അവരെ സ്പർശിച്ചിട്ടില്ല.

സ്വർഗ്ഗത്തിൽ ജിന്നുകളും ഉണ്ട് എന്ന് ഈ ആയത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. മനുഷ്യർ പ്രവേശിക്കുന്നത് പോലെ അവരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.

അല്ലാഹുവിന്റെ അടിമകളെ, അന്നേ ദിവസം മൃഗങ്ങൾക്ക് തമ്മിൽ അല്ലാഹു നീതിയോടെ തുല്ല്യശിക്ഷ നടപ്പിലാക്കുന്നതാണ്. അബൂ ഹുറൈറ ﷺ വിൽ നിന്ന് നിവേദനം അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

"ഓരോ വിഭാഗത്തിന്റെയും ബാധ്യതകൾ അന്ത്യദിനത്തിൽ നടപ്പാക്കപ്പെടുന്നതാണ്. കൊമ്പില്ലാത്ത ആടിനെ കൊണ്ട് കൊമ്പുള്ള ആടിനെ വരെ തിരിച്ചു കുത്ത് കൊടുക്കപ്പെടുന്നതാണ്."

കൊമ്പില്ലാത്ത ആടിനെ കൊമ്പുള്ളത് കുത്തി വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ആ മൃഗങ്ങളുടെ വിഷയത്തിൽ പോലും അല്ലാഹു എതിർ ശിക്ഷ നടപ്പിലാക്കുന്നതാണ്. തന്റെ നീതിയാലും യുക്തിയാലും ബുദ്ധികളെ ആശ്ചര്യപ്പെടുത്തിക്കളഞ്ഞവൻ എത്രയോ പരിശുദ്ധനാകുന്നു.

അന്ത്യദിനത്തിലെ വിചാരണയിലും പ്രതിഫല നടപടിയിലുമുള്ള വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന പത്ത് കാര്യങ്ങളാകുന്നു ഈ പറയപ്പെട്ടത് . വലം കൈകൊണ്ട് ഗ്രന്ഥം വാങ്ങുകയും ലഘുവായി വിചാരണ ചെയ്യപ്പെടുന്നവരുടെയും കൂട്ടത്തിൽ അല്ലാഹു നമ്മെ ചേർക്കുമാറാകട്ടെ.

അന്ത്യദിനത്തിലുള്ള വിശ്വാസം -2

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰه إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ. أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار، أما بعد،

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, നിങ്ങൾ അറിയുക അല്ലാഹു അവന്റെ മതനിയമങ്ങൾ നിശ്ചയിക്കുന്നതിലും അതനുസരിച്ച് ജീവിക്കുന്നവർക്ക് പ്രതിഫലം നൽകുന്നതിലും അങ്ങേയറ്റത്തെ യുക്തിയുള്ളവനാണ്. അവന്റെ യുക്തിയുടെ ഭാഗമാണ് സൃഷ്ടികളുടെ മേൽ പ്രതിഫല ശിക്ഷാനടപടികൾ നടപ്പിലാക്കാനായി അവന്റെ അടുത്തേക്ക് ഒരു മടക്കം നിശ്ചയിച്ചു എന്നത്. അല്ലാഹു പറയുന്നു :

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لا تُرْجَعُون * فتعالى الله الملك الحق﴾.

അപ്പോൾ നാം നിങ്ങളെ വ്യർഥം സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.

മുഅ്മിനീങ്ങളെ, പരലോകത്തിലുള്ള വിശ്വാസത്തിന്റെ ഭാഗമായ ചില കാര്യങ്ങളാണ് കഴിഞ്ഞ ഖുതുബകളിൽ വിശദീകരിച്ചത്. സ്വൂറിൽ ഊതുന്നതും ഖിയാമത്ത് നാളിന്റെ ഭീതി നിറഞ്ഞ സംഭവങ്ങളും സൃഷ്ടികളെ പുനരെഴുന്നേൽപ്പിക്കുന്നതും മഹ്ഷറിൽ അവരെ ഒരുമിച്ചുകൂട്ടുന്നതും പ്രതിഫല-വിചാരണ നടപടികളുമായിരുന്നു ഇതുവരെ നാം സംസാരിച്ച വിഷയങ്ങൾ. ഇന്ന് അല്ലാഹു മുഅ്മിനീങ്ങൾക്ക് സ്വർഗ്ഗത്തിൽ ഒരുക്കി വെച്ചിട്ടുള്ള സുഖാനുഭൂതികളെക്കുറിച്ചാണ് സംസാരിക്കാനുദ്ദേശിക്കുന്നത്.

1. അല്ലാഹുവിന്റെ അടിമകളെ, സ്വർഗ്ഗത്തെയും നരകത്തെയും കുറിച്ചുള്ള വിശ്വാസം അന്ത്യനാളിൽ ഉള്ള വിശ്വാസത്തിന്റെ ഭാഗമാണ്. അവ രണ്ടുമാണ് സൃഷ്ടികൾക്ക് എന്നെന്നേക്കുമായുള്ള സങ്കേതം.

വിശ്വസിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുകയും ചെയ്ത മുത്തഖീങ്ങൾക്ക് അള്ളാഹു ഒരുക്കിവെച്ചതാണ് സ്വർഗ്ഗം.

ഒരു കണ്ണും കണ്ടിട്ടില്ലാത്ത, ഒരു കാതും കേട്ടിട്ടില്ലാത്ത, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ ഭാവനയിൽ വന്നിട്ടില്ലാത്ത അത്രയും സുഖാനുഭൂതികൾ അള്ളാഹു അവിടെ ഒരുക്കി വെച്ചിട്ടുണ്ട്.

﴿إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أُوْلَئِكَ هُمْ خَيْرُ الْبَرِيَّةِ * جَزَاؤُهُمْ عِندَ رَبِّهِمْ جَنَّاتُ عَدْنٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ﷺ وَرَضُوا عَنْهُ ذَلِكَ لِمَنْ خَشِيَ رَبَّهُ﴾

തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ.

അവർക്ക് അവരുടെ റബ്ബിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ റബ്ബിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്.

അല്ലാഹു പറയുന്നു :

﴿فَلا تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُم من قُرَّةِ أَعْيُنٍ جَزَاء بِمَا كَانُوا يَعْمَلُون﴾

എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കി വെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല.

2. മുഅ്മിനീങ്ങളെ, സ്വർഗ്ഗം 100 ദറജകളാണ്. നബി ﷺ പറഞ്ഞതായി ഉബാദത്ത് ബ്നു സ്വാമിത്ത് -റളിയല്ലാഹു അൻഹു- പറയുന്നു :

الجنة مئة درجة، ما بين كل درجتين مسيرة مئة عام، وقال عَفان: كما بين السماء إلى الأرض –، والفردوس أعلاها درجة، ومنها تخرج الأنهار الأربعة، والعرشُ من فوقها، وإذا سألتم الله فاسألوه الفردوس.

സ്വർഗ്ഗം 100 ദറജകളാണ്. ഓരോ രണ്ട് ദറജകൾക്കും ഇടയിൽ നൂറു വർഷത്തെ യാത്രാ ദൂരം ഉണ്ട്. -അഫ്ഫൻ പറയുന്നു : അതായത് ആകാശഭൂമികൾക്കിടയിൽ ഉള്ള ദൂരം- ഏറ്റവും മുകളിലെ ദർജയാണ് ഫിർദൗസ്.

3. മുസ്ലിങ്ങളെ, സ്വർഗ്ഗം ഒന്നുമാത്രമല്ല, വിവിധങ്ങളായ സ്വർഗ്ഗങ്ങളുണ്ട്. അവിടെ ഓരോന്നിലും ഉള്ള സുഖാനുഭൂതികൾ തുല്യമല്ല, വ്യത്യസ്തമാണ്. അതിലെ താമസക്കാരും അവരുടെ കർമ്മങ്ങൾക്ക് അനുസരിച്ച് വ്യത്യസ്തരാണ്. അതിലെ രണ്ടു സ്വർഗ്ഗങ്ങളിൽ മുഴുവനും സ്വർണം കൊണ്ടാണ്. മറ്റു രണ്ടെണ്ണം മുഴുവനും വെള്ളി കൊണ്ടാണ്.

അല്ലാഹു പറയുന്നു :

﴿ولمن خاف مقام ربه جنتان﴾

തന്റെ റബ്ബിന്റെ സന്നിധിയെ ഭയപ്പെട്ടവന്ന് രണ്ട് സ്വർഗത്തോപ്പുകളുണ്ട്.

ശേഷം മറ്റു രണ്ട് സ്വർഗ്ഗത്തോപ്പുകളെ കുറിച്ച് അല്ലാഹു പറഞ്ഞു:

﴿ومن دونهما جنتان﴾

അവ രണ്ടിനും പുറമെവേറെയും രണ്ടു സ്വർഗത്തോപ്പുകളുണ്ട്.

ഇബ്നു ജരീർ ഉദ്ദരിക്കുന്ന അബൂ മൂസാ അൽ അശ്അരിയുടെ ഹദീസിൽ ഇപ്രകാരം കാണാം :

جنتان من ذهب للمقربين، وجنتان من وَرِق أي فضة لأصحاب اليمين.

മുഖർറബിങ്ങൾക്ക് സ്വർണ്ണത്തിന്റെ 2 ജന്നത്തുകളും അസ്വ് ഹാബുൽ യമീനിന് വെള്ളിയുടെ രണ്ട് ജന്നത്തുകളും.

നബി ﷺ പറഞ്ഞു :

جنتان من فضة آنيتهما وما فيهما، وجنتان من ذهب آنيتهما وما فيهما، وما بين القوم وبين أن ينظروا إلى ربهم إلا رداء الكبرياء على وجهه في جنة عدن.

“രണ്ട് സ്വർഗ്ഗങ്ങൾ, അതിനുള്ള പാത്രങ്ങളും മറ്റെല്ലാ വസ്തുക്കളും സ്വർണ്ണം കൊണ്ടുള്ളവ യാണ്. മറ്റ് രണ്ട് സ്വർഗ്ഗങ്ങൾ, അതിനുള്ള പാത്രങ്ങളും മറ്റെല്ലാ വസ്തുക്കളും വെള്ളി കൊണ്ടുള്ളവയാണ്. ജനങ്ങൾ അവരുടെ റബ്ബിലേക്ക് നോക്കുന്നതിനിടയിൽ മറയായി ജന്നാത്തു അദ്നിൽ അവന്റെ മുഖത്തുള്ള അഹമ്മതിയുടെ വസ്ത്രമല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കുകയില്ല.”

ഇവിടെ പ്രത്യേക മനസ്സിലാക്കേണ്ട കാര്യം; നിർബന്ധമായ കാര്യങ്ങളും സുന്നത്തായ കാര്യങ്ങളും അനുഷ്ഠിക്കുകയും വിലക്കപ്പെട്ട ഹറാമായ കാര്യങ്ങളും നിരുത്സാഹപ്പെടുത്തപ്പെട്ട കറാഹത്തായ കാര്യങ്ങളും

ഉപേക്ഷിക്കുകയും ചെയ്യുന്നവരാണ് മുഖർറബീങ്ങൾ. നിർബന്ധമായ കാര്യങ്ങൾ അനുഷ്ഠിക്കുകയും നിഷിദ്ധമായ കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നതിൽ ഒതുങ്ങി നിൽക്കുന്നവരാണ് അസ്ഹാബുൽ യമീൻ. സുന്നത്തായ കാര്യങ്ങളിൽ അവർ നഷ്ട പുലർത്തുന്നവർ അല്ല എങ്കിൽ കൂടി നിശിദ്ധമായ കാര്യങ്ങൾ അവരിൽനിന്ന് സംഭവിക്കുകയില്ല. സംഭവിച്ചു പോയാൽ അതിൽ നിന്ന് അവർ ഖേദിച്ചു മടങ്ങുകയും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് മാറുകയും ചെയ്യും.

ഈ രണ്ടു വിഭാഗങ്ങൾക്കിടയിൽ അല്ലാഹു വേർതിരിവ് കാണിച്ചത് എന്തുകൊണ്ടാണ് എന്നുള്ളത് വ്യക്തമാണ്. ആദ്യത്തെ വിഭാഗക്കാർ നിർബന്ധ

കാര്യങ്ങൾ അനുഷ്ഠിക്കുകയും വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്നതിന് പുറമേ, ഐച്ഛികമായ കർമ്മങ്ങൾ അനുഷ്ഠിക്കുകയും ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങളിലും പ്രബോധന പ്രവർത്തനങ്ങളിലും നന്മ കൽപ്പിക്കുന്നതിനും തിന്മവിലക്കുന്നതിനും ദാനധർമ്മങ്ങളിലും ജിഹാദിലും ജനങ്ങൾക്കിടയിൽ ഇസ്ലാഹുണ്ടാക്കുന്നതിനും എല്ലാം മുന്നേറിയവരാണ്.

എന്നാൽ രണ്ടാമത്തെ വിഭാഗക്കാർ അക്കാര്യങ്ങളിൽ എല്ലാം അവരെക്കാൾ താഴെയാണ്. അതുകൊണ്ടാണ് പ്രതിഫലത്തിന്റെ കാര്യത്തിലും അവർ രണ്ടാമതായത്. ഇതിനുള്ള തെളിവ് ഖുർആനിൽ തന്നെയുണ്ട്. സാബിഖീങ്ങളെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿يحلون فيها من أساور من ذهب﴾

അവർക്കവിടെ സ്വർണം കൊണ്ടുള്ള വളകൾ അണിയിക്കപ്പെടുന്നതാണ്.

രണ്ടാമത്തെ വിഭാഗക്കാരെ കുറിച്ച് പറഞ്ഞത് കാണുക :

﴿وحُلُّوا أساور من فضة﴾

വെള്ളിയുടെ വളകളും അവർക്ക് അണിയിക്കപ്പെടുന്നതാണ്.

സൂറത്തുൽ വാഖിഅയുടെ പ്രാരംഭത്തിൽ ഈ വ്യത്യാസം അല്ലാഹു വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്.

4. അല്ലാഹുവിന്റെ അടിമകളെ, മുകളിൽ വിശദീകരിച്ച, സ്വർഗ്ഗാവകാശികളിലെ ഓരോ വിഭാഗക്കാരിലും അവരുടെ കർമ്മങ്ങൾ അനുസരിച്ച് ഏറ്റവ്യത്യാസമുണ്ടായിരിക്കും.

അബൂ സഈദുൽ ഖുദ്രി - റളിയല്ലാഹു അൻഹു - റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു :

إن أهل الجنة ليتراءون أهل الغرف من فوقهم كما تتراءون الكوكب الدُّري الغابر من الأفق من المشرق أو المغرب لتفاضل ما بينهم. قالوا: يا رسول الله، تلك منازل الأنبياء لا يبلغها غيرهم. قال: بلى والذي نفسي بيده، رجال آمنوا بالله وصدقوا المرسلين.

കിഴക്കോ പടിഞ്ഞാറോ ചക്രവാളത്തിൽ മാഞ്ഞു തുടങ്ങിയ പ്രകാശിക്കുന്ന നക്ഷത്രത്തെ നോക്കുന്നത് പോലെ സ്വർഗ്ഗക്കാർ അവർക്ക് മുകളിലുള്ള താമസക്കാരെ നോക്കും. അത്രമാത്രം അവർക്കിടയിൽ സ്വർഗത്തിൽ ഏറ്റ വ്യത്യാസമുണ്ടായിരിക്കും. സ്വഹാബികൾ ചോദിച്ചു : അല്ലാഹുവിന്റെ റസൂലേ, അത് അമ്പിയാക്കൾക്ക് മാത്രമുള്ള സ്ഥാനമാണോ? അവിടുന്ന് പറഞ്ഞു : അല്ല, എന്റെ

ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. അല്ലാഹുവിൽ വിശ്വസിക്കുകയും മുർസലീങ്ങളെ സത്യപ്പെടുത്തുകയും ചെയ്ത ആളുകൾ ആ പദവിയിലെത്തും.

5. അല്ലാഹുവിന്റെ അടിമകളെ, സ്വർഗ്ഗത്തിലെ അതി മഹത്തായ അനുഗ്രഹങ്ങളിൽ പെട്ടതാണ് അവിടെയുള്ള സ്ത്രീകൾ. എല്ലാ മുഅ്മിനീങ്ങൾക്കും സ്വർഗത്തിൽ രണ്ട് ഹൂറുൽ ഈനുകൾ ഉണ്ടായിരിക്കും എന്നെ തെളിവുകൾ അറിയിക്കുന്നു. കൂടെ ദുനിയാവിൽ ഉണ്ടായിരുന്ന സ്ത്രീകളും ഉണ്ടായിരിക്കും. അതിന് പുറമേ അവരുടെ കർമ്മങ്ങൾ അനുസരിച്ച് അല്ലാഹു കൂടുതൽ ഹൂറുൽ ഈനുകളെ നൽകും.

അല്ലാഹു പറയുന്നു :

﴿وَحُورٌ عِينٌ * كَأَمْثَالِ اللُّؤْلُؤِ الْمَكْنُونِ﴾

ചിപ്പികളിൽ ഒളിച്ചു വെക്കപ്പെട്ട മുത്തുപോലെയുള്ള വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികളും അവർക്കുണ്ട്.

സഅ്ദി -റഹിമഹുല്ലാഹ്- പറഞ്ഞു :

“ഹൂറുകൾ എന്നാൽ കണ്ണുകളിൽ സുറുമയും ഭംഗിയും സൗരഭ്യവും തെളിച്ചവും ഉള്ളവരാണ്. ഈൻ എന്നാൽ വിശാലവും ഭംഗിയുള്ള കണ്ണുകൾ ഉള്ളവരാണ്. സ്ത്രീയുടെ കണ്ണിന്റെ ഭംഗി അവളുടെ സൗന്ദര്യത്തിന്റെ അടയാളമാണ്.

﴿كَأَمْثَالِ اللُّؤْلُؤِ الْمَكْنُونِ﴾

ചിപ്പികളിൽ ഒളിച്ചു വെക്കപ്പെട്ട മുത്തുപോലെയുള്ള

എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശ്യം കണ്ണുകളിൽ നിന്നും കാറ്റുകളിൽ നിന്നും സൂര്യപ്രകാശത്തിൽ നിന്നും സംരക്ഷിക്കപ്പെട്ട വെളുത്ത തെളിഞ്ഞ ഭംഗിയുള്ള മുത്തുകൾ പോലെ എന്നതാണ്. അഥവാ ഏറ്റവും നല്ല നിറമുള്ള, ഒരു നിലക്കും പോരായ്മകൾ ഇല്ലാത്ത മുത്തുകൾ. അതുപോലെയാണ് സ്വർഗീയ സ്ത്രീകൾ. അവർ ഏറ്റവും നല്ല വിശേഷങ്ങൾ ഉള്ളവരാണ്. ഏറ്റവും സൗന്ദര്യമുള്ള ഗുണങ്ങളുള്ളവരാണ്. അവരെക്കുറിച്ച് വിവരിക്കപ്പെട്ടിട്ടുള്ള വിശേഷങ്ങൾ ചിന്തിക്കുന്നവർക്ക് സന്തോഷവും ആനന്ദവും നൽകുന്നതല്ലാതെ കാണാൻ സാധിക്കില്ല."

മറ്റൊരായത്തിൽ അല്ലാഹു പറഞ്ഞു :

﴿كأنهن الياقوت والمرجان﴾

അവർ മാണിക്യവും പവിഴവും പോലെയായിരിക്കും.

അഥവാ, തെളിമയുടെ കാര്യത്തിൽ മാണിക്യം പോലെയും വെളുപ്പിന്റെ കാര്യത്തിൽ പവിഴം പോലെയുമായിരിക്കും.

സൂറത്തുൽ വാഖിഅയിൽ അല്ലാഹു പറയുന്നു :

﴿إِنَّا أَنْشَأْنَاهُنَّ إِنْشَاءً * فَجَعَلْنَاهُنَّ أَبْكَارًا * عُرُبًا أَتْرَابًا﴾

തീർച്ചയായും അവരെ -സ്വർഗസ്ത്രീകളെ - നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുകയാണ്. അങ്ങനെ അവരെ നാം കന്യകമാരാക്കിയിരിക്കുന്നു. ഭർത്താക്കന്മാരോട് സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു.

സമപ്രയമെന്നാൽ അവർക്ക് എല്ലാവർക്കും 33 വയസ്സായിരിക്കും.

അവരുടെ പരിശുദ്ധിയും അള്ളാഹു വിശദീകരിച്ചു :

﴿وَلَهُمْ فِيهَا أَزْوَاجٌ مُطَهَّرَةٌ وَهُمْ فِيهَا خَالِدُونَ﴾

പരിശുദ്ധരായ ഇണകളും അവർക്കവിടെ ഉണ്ടായിരിക്കും. അവർ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും.

ഇബ്നുൽ ഖയ്യിം -റഹിമഹുല്ലാഹ്- പറഞ്ഞു :

“ഹൈദിൽ നിന്നും മലമൂത്ര വിസർ ജനങ്ങളിൽ നിന്നും ദുനിയാവിലെ സ്ത്രീകളിൽ ഉണ്ടാകുന്ന എല്ലാ അഴുക്കുകളിൽ നിന്നും അവർ ശുദ്ധിയുള്ളവർ ആയിരിക്കും. അവരുടെ അകവും അനാവശ്യമായ രോഷങ്ങളിൽ നിന്നും ഭർത്താക്കന്മാരെ ഉപദ്രവിക്കുന്നതിൽ നിന്നും സ്വന്തം ഭർത്താവിനെ അല്ലാതെ മറ്റുള്ളവരെ ആഗ്രഹിക്കുന്നതിൽ നിന്നും പരിശുദ്ധി ഉള്ളതായിരിക്കും."

അവരുടെ ദൃഷ്ടികൾ അവരുടെ ഭർത്താക്കന്മാരിൽ മാത്രം ഒതുങ്ങുന്നതായിരിക്കും എന്നും അല്ലാഹു വിശേഷിപ്പിച്ചു :

﴿فِيهِنَّ قَاصِرَاتُ الطَّرْفِ﴾

അവയിൽ ദൃഷ്ടി നിയന്ത്രിക്കുന്നവരായ സ്ത്രീകളുണ്ടായിരിക്കും.

അവൻ പറയുന്നു :

﴿حُورٌ مَقْصُورَاتٌ فِي الْخِيَامِ﴾

കൂടാരങ്ങളിൽ ഒതുക്കി നിർത്തപ്പെട്ട വെളുത്ത തരുണികൾ!

ഇബ്നുൽ ഖയ്യിം -റഹിമഹുല്ലാഹ്- പറഞ്ഞു :

“അഥവാ, തങ്ങളുടെ ഭർത്താക്കന്മാർ അല്ലാത്തവർക്ക് മുന്നിൽ അലങ്കാരം പ്രദർശിപ്പിക്കുന്നതിൽ നിന്നും ഭംഗി കാണിക്കുന്നതിൽ നിന്നും അകന്നുനിൽക്കുന്ന, അവരുടെ ഭർത്താക്കന്മാരിൽ മാത്രം ഒതുങ്ങിനിൽക്കുന്ന, തങ്ങളുടെ വീടുകളിൽ അടങ്ങി കഴിയുന്ന സ്ത്രീകൾ ആയിരിക്കും അവർ. അപ്രകാരമാണ് അല്ലാഹു വിശേഷിപ്പിച്ചത്:

﴿قاصرات الطَّرف﴾

ദൃഷ്ടി നിയന്ത്രിക്കുന്നവരായ സ്ത്രീകൾ.

ഇത് മുകളിൽ വിശദീകരിച്ചതിനേക്കാൾ ഉൽകൃഷ്ടമായ ഗുണമാണ്. ആ സ്ത്രീകളുടെ ഭർത്താക്കന്മാരിൽ അവർക്കുള്ള തൃപ്തിയും സ്നേഹവും കാരണം അവരുടെ ദൃഷ്ടികൾ അവരിൽ മാത്രം ഒതുങ്ങുന്നതായിരിക്കും."

ഭാവനകൾക്ക് അതീതമായ രൂപത്തിൽ ഹദീസുകളിൽ അവരെ കുറിച്ചുള്ള വിശേഷണങ്ങൾ സ്ഥിരപ്പെട്ടിട്ടുണ്ട്.

നബി ﷺ പറഞ്ഞു :

إن أول زمرة يدخلون الجنة على صورة القمر ليلة البدر، ثم الذين يلونهم كأشد كوكب دُرِّي في السماء إضاءة، قلوبهم على قلب رجل واحد، لا اختلاف بينهم ولا تباغض، لكل امرئ منهم زوجتان من الحور العين، يُرى مُخُّ سوقِهن من وراء العظم واللحم من الحُسن.

“സ്വർഗ്ഗത്തിൽ ആദ്യമായി പ്രവേശിക്കുന്ന വിഭാഗം ആളുകൾ പൂർണ്ണരാവിലെ ചന്ദ്രനെ പോലെയായിരിക്കും. അതിനുശേഷം പ്രവേശിക്കുന്നവർ ആകാശത്ത് അതിശക്തമായി വെട്ടി തിളങ്ങുന്ന നക്ഷത്രം പോലെയായിരിക്കും. അവരുടെ ഹൃദയങ്ങൾ ഒരു ഹൃദയം പോലെയായിരിക്കും. അവർക്കിടയിൽ ചിത്രതകളോ പരസ്പര വെറുപ്പോ പകയോ ഉണ്ടായിരിക്കുകയില്ല. അവരിൽ ഓരോരുത്തർക്കും സ്വർഗ്ഗീയ സ്ത്രീകളിൽ നിന്നുള്ള രണ്ട് ഇണകൾ ഉണ്ടായിരിക്കും. ഭംഗി കാരണത്താൽ അവരുടെ,കാൽതണ്ടയുടെ എല്ലിന്റെ ഉൾഭാഗം പുറമെ നിന്ന് കാണാൻ സാധിക്കും.”

ഇബ്നു ഹജർ പറഞ്ഞു : “അങ്ങേയറ്റത്തെ ഭംഗി വിവരിക്കാനാണ് നബി , ഇപ്രകാരം വിവരിച്ചത്”.

നബി ﷺ പറഞ്ഞു :

لو أن امرأة من نساء أهل الجنة اطلعت إلى الأرض لأضاءت ما بينهما، ولمَلأت ما بينهما ريحا، ولَنصيفها –أي: خمارها– على رأسها خير من الدنيا وما فيها.

“സ്വർഗീയ സ്ത്രീകളിൽ ഒരാൾ ഭൂമിയിലേക്ക് എത്തിനോക്കുകയാണെങ്കിൽ സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ മുഴുവനും സുഗന്ധവും പ്രകാശവും പരക്കും. അവളുടെ തലയിലുള്ള മക്കന ദുനിയാവിനെക്കാളും അതിലുള്ള സകലതിനേക്കാളും ശ്രേഷ്ഠമായതാണ്.”

ഇബ്നു ഉസൈമീൻ റഹിമഹുല്ലായോട് ചോദിക്കപ്പെട്ടു : ഹൂറുൻ ഈനിനെ കുറിച്ച് വന്നിട്ടുള്ള വിശേഷങ്ങൾ ദുനിയാവിലെ സ്ത്രീകൾക്കും അവർ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ ബാധകമായിരിക്കുമോ?

അദ്ദേഹം പറഞ്ഞു : അവർ സ്വർഗീയ സ്ത്രീകളെക്കാൾ കൂടുതൽ ശ്രേഷ്ഠമായ അവസ്ഥയിൽ ആയിരിക്കും എന്നാണ് മനസ്സിലാകുന്നത്. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

6.മുഅ്മിനീങ്ങളെ, സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളിൽ പെട്ടതാണ് അവിടെയുള്ള പാനീയം. സ്വർഗ്ഗത്തിലെ പാനീയങ്ങൾ നാല് തരത്തിലാണ്; വെള്ളം, പാൽ, കള്ള്, തേൻ. ഇവൻ നാലു അരുവികളായി ഒഴുകിക്കൊണ്ടിരിക്കും.

അല്ലാഹു പറയുന്നു :

﴿مَّثَلُ الْجَنَّةِ الَّتِي وُعِدَ الْمُتَّقُونَ فِيهَا أَنْهَارٌ مِّن مَّاءٍ غَيْرِ آسِنٍ وَأَنْهَارٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُ وَأَنْهَارٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّارِبِينَ وَأَنْهَارٌ مِّنْ عَسَلٍ مُّصَفًّى﴾،

സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും, കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും, ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്.

സ്വർഗ്ഗത്തിലെ മദ്യത്തെക്കുറിച്ച് അല്ലാഹു മറ്റൊരു ഇടത്ത് പറഞ്ഞു :

﴿ولا هم عنها يُنزَفون﴾

അതു കുടിക്കുക മൂലം അവർക്ക് ലഹരി ബാധിക്കുകയില്ല.

7. മുഅ്മിനീങ്ങളെ, സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളിൽ പെട്ടതാണ് അവിടെയുള്ള പഴങ്ങളും ഭക്ഷണ വിഭവങ്ങളും. സ്വർഗത്തിലെ ആദ്യ വിരുന്ന് മത്സ്യത്തിന്റെ കരളിന്റെ മുകളിലെ ചെറിയ ഭാഗമായിരിക്കും.

ഒരു ജൂത പുരോഹിതൻ നബി ﷺ യുടെ അടുക്കൽ വന്ന് ചോദിച്ചു :

فَمَا تُحْفَتُهُمْ حِينَ يَدْخُلُونَ الْجَنَّةَ؟

“സ്വർഗക്കാർ സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ അവർക്ക് ലഭിക്കുന്ന ആദ്യ വിരുന്ന് എന്തായിരിക്കും.?

അവിടുന്ന് ﷺ പറഞ്ഞു :

زِيَادَةُ كَبِدِ النُّون

മത്സ്യത്തിന്റെ കരളിന്റെ മുകളിലെ ചെറിയ ഭാഗമായിരിക്കും.

فَمَا غِذَاؤُهُمْ عَلَى إِثْرِهَا؟

അതിനെ തുടർന്ന് അവർക്ക് ലഭിക്കുന്ന ഭക്ഷണമെന്തായിരിക്കും?

അവിടുന്നു ﷺ പറഞ്ഞു :

يُنْحَرُ لَهُمْ ثَوْرُ الْجَنَّةِ الَّذِي كَانَ يَأْكُلُ مِنْ أَطْرَافِهَا.

സ്വർഗത്തിന്റെ ഓരങ്ങളിൽ മേഞ്ഞിരുന്ന സ്വർഗീയ കാളയെ അവർക്കുവേണ്ടി അറുക്കും.

അദ്ദേഹം ചോദിച്ചു :

فَمَا شَرَابُهُمْ عَلَيْهِ؟

അതിന്റെ കൂടെ അവർ എന്താണ് കുടിക്കുക ?

قَالَ: مِنْ عَيْنٍ فِيهَا تُسَمَّى سَلْسَبِيلًا. ..

സ്വർഗത്തിലെ സൽസബീൽ എന്ന അരുവിയിൽ നിന്ന് ....."

ഒരുപാട് ഹദീസുകളും ആയത്തുകളും ഈ വിഷയത്തിൽ വന്നിട്ടുണ്ട്.

ഏറ്റവും ചുരുങ്ങിയ രൂപത്തിൽ ഈ ആയത്തിൽ അവയെ കുറിച്ചുള്ള പരാമർശമുണ്ട്.

﴿وأمددناهم بفاكهة ولحم مما يشتهون﴾

അവർ കൊതിക്കുന്ന തരത്തിലുള്ള പഴവും മാംസവും നാം അവർക്ക് അധികമായി നൽകുകയും ചെയ്യും.

8. മുഅ്മിനീങ്ങളെ, സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തായതാണ് അല്ലാഹുവിനെ കാണൽ.

നബി ﷺ പറഞ്ഞു :

إذا دخل أهلُ الجنةِ الجنةَ؛ يقولُ اللهُ تعالى: تُريدون شيئًا أزِيدُكم؟ فيقولونَ: ألَم تُبَيِّضْ وجوهَنا؟ ألَم تُدخلْنا الجنةَ وتُنَجِّنا من النارِ؟ فيُكشفُ الحجابُ، فما أُعطوا شيئًا أحبَّ إليهم من النظرِ إلى ربِّهم.

“സ്വർഗാവകാശികൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ അല്ലാഹു ചോദിക്കും : ഇനിയും ഞാൻ നിങ്ങൾക്ക് എന്തെങ്കിലും വർദ്ധിപ്പിച്ചു തരേണ്ടതുണ്ടോ? അവർ പറയും : നീ ഞങ്ങളുടെ മുഖങ്ങൾക്ക് നിറം തന്നില്ലേ. ഞങ്ങളെ നീ നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തില്ലേ. അങ്ങനെയിരിക്കെ അല്ലാഹുവിനെ കാണുന്നതിന് തടസ്സമായുള്ള മറ നീക്കപ്പെടും. തങ്ങളുടെ റബ്ബിലേക്ക് നോക്കുന്നതിനേക്കാൾ പ്രിയപ്പെട്ട മറ്റൊന്നും അവർക്ക് നൽകപ്പെട്ടിട്ടില്ല.”

9. സ്വർഗ്ഗത്തിലെ സുഖാനുഭൂതികൾ വർധിക്കുകയേയുള്ളൂ. തീർന്നു പോവുകയില്ല. നബി ﷺ പറഞ്ഞു :

إن في الجنة لسوقا يأتونها كل جمعة، فتهُب ريح الشمال فتحثو في وجوههم وثيابهم، فيزدادون حسنا وجمالا، فيرجعون إلى أهليهم وقد ازدادوا حسنا وجمالا، فيقول لهم أهلوهم: والله لقد ازددتم بعدنا حسنا وجمالا، فيقولون: وأنتم والله، لقد ازددتم بعدنا حسنا وجمالا.

“സ്വർഗ്ഗത്തിൽ സ്വർഗാവകാശികൾ എല്ലാ വെള്ളിയാഴ്ചയും സന്ദർശിക്കുന്ന ഒരു അങ്ങാടിയുണ്ട്. അങ്ങനെ അവർ അവിടെയായിരിക്കെ വടക്കുനിന്ന് അവരുടെ മുഖത്തിലൂടെയും വസ്ത്രങ്ങളിലൂടെയും ഒരു കാറ്റ് വീശുകയും അത് മുഖേന അവർക്ക് ഭംഗിയും സൗന്ദര്യവും വർധിക്കുകയും ചെയ്യും. അങ്ങനെ കൂടുതൽ സൗന്ദര്യവുമായി അവർ അവരുടെ വീട്ടുകാരിലേക്ക് മടങ്ങിച്ചെല്ലും. അപ്പോൾ വീട്ടുകാർ പറയും : അല്ലാഹുവാണ് സത്യം ഇവിടെ നിന്നും പോയതിനുശേഷം നിങ്ങൾക്ക് ഭംഗിയും സൗന്ദര്യവും വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ അവർ തിരിച്ചു പറയും : അല്ലാഹുവാണ് സത്യം തീർച്ചയായും നിങ്ങൾക്കും ഭംഗിയും സൗന്ദര്യവും വർധിച്ചിരിക്കുന്നു

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, അവന്റെ വിധിവിലക്കുകൾ ഉറപ്രകാരം പാലിക്കുക. നിങ്ങൾ അറിയുക, സ്വർഗ്ഗത്തിലെ സുഖാനുഭൂതികൾ പലതരത്തിലുള്ളവയാണ്.

നബി ﷺ പറഞ്ഞു :

سأل موسى ربَّهُ فقال: يا ربِّ ما أدنى أهلِ الجنةِ منزلَةً؟ قال: هو رجلٌ يجيءُ بعدما يدْخُلُ أهلُ الجنةِ الجنةَ فيقالُ لَهُ: ادخلِ الجَنَّةَ، فيقولُ: أيْ ربِّ، كيفَ وقد نزل الناسُ منازِلَهم وأخذُوا أخَذَاتِهم؟ فيقالُ لَهُ: أترْضَى أنْ يكونَ لَكَ مثلُ مُـلْكِ ملِكٍ مِنْ ملوكِ الدنيا؟ فيقولُ: رضيتُ ربِّ، فيقولُ: لكَ ومثْلُهُ ومثلُهُ ومثلُهُ، فقال في الخامِسَةِ: رضيتُ ربِّ، فيقولُ: هذا لَكَ وعشرةُ أمثالِهِ، ولَكَ ما اشتَهَتْ نفْسُكَ ولذَّتْ عينُكَ. فيقولُ رضيتُ ربِّ.

قال: ربِّ فأعلاهم منزِلَةً؟ قال: أولئكَ الذينَ أردْتُ، غرسْتُ كرامتَهم بيدِي، وختمْتُ عليها، فلَمْ تَرَ عينٌ، ولم تسمعْ أُذُنٌ، ولم يخْطُرْ على قلْبِ بشرٍ.

“മൂസ തന്റെ റബ്ബിനോട് ചോദിച്ചു : റബ്ബേ, സ്വർഗ്ഗക്കാരിൽ ഏറ്റവും താഴെ സ്ഥാനമുള്ളത് ആർക്കാണ്?

അല്ലാഹു പറഞ്ഞു : അത് സ്വർഗ്ഗക്കാരെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിച്ചു കഴിഞ്ഞതിനുശേഷം വരുന്ന ഒരു വ്യക്തിക്കാണ്. അങ്ങനെ അയാളോട് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ പറയപ്പെടുമ്പോൾ അയാൾ ചോദിക്കും : റബ്ബേ, എല്ലാവരും അവരുടെ താമസ സ്ഥലങ്ങളിൽ ചെല്ലുകയും അവർക്കുള്ളവ കൈവശപ്പെടുത്തുകയും ചെയ്തല്ലോ? അല്ലാഹു ചോദിക്കും : ദുനിയാവിലെ ഒരു രാജാവിന്റെ അത്രയും നിനക്ക് ലഭിച്ചാൽ നീ തൃപ്തനാണോ?

അയാൾ പറയും : അതെ, ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

അല്ലാഹു പറയും : നിനക്ക് അതും അത്രത്തോളവും വീണ്ടും അത്രത്തോളവും വീണ്ടും അത്രത്തോളം ഉണ്ട്.

അഞ്ചാമതും പറയുമ്പോൾ അയാൾ പറയും : റബ്ബേ, ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

അല്ലാഹു പറയും : നിനക്ക് അതും അതിന്റെ പത്തിരട്ടിയും ഉണ്ട്. നിനക്ക് നിന്റെ മനസ്സ് ആഗ്രഹിക്കുന്നതും നിന്റെ കണ്ണിന് കുളിർമ നൽകുന്നതുമായ എല്ലാം ഉണ്ട്.

അയാൾ പറയും : റബ്ബേ ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

മൂസ ചോദിച്ചു : റബ്ബേ, അവരുടെ ഏറ്റവും ഉയർന്ന പദവിയുള്ളയാളാരാണ് ?

അല്ലാഹു പറഞ്ഞു : ഞാൻ തെരഞ്ഞെടുക്കുകയും അവർക്കുള്ള ആദരവ് എന്റെ കൈകൾ കൊണ്ട് ഞാൻ നട്ടുപിടിപ്പിക്കുകയും അതിൽ സീൽ വെക്കുകയും ചെയ്ത ഒരു വിഭാഗമാണ് അവർ. അവർക്ക് ഞാൻ ഒരുക്കി വെച്ചത് ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെയും ഭാവനയിൽ വന്നിട്ടില്ലാത്തതുമാണ്."

വിശാലമായ വിഷയത്തെക്കുറിച്ച് കൂടുതൽ വായിക്കാൻ ഇബ്നു ഖയ്യിം റഹിമഹുല്ലായുടെ ഹാദിൽ അർവാഹ് വായിക്കുക.

10. മുഅ്മിനീങ്ങളെ, സ്വർഗ നരകങ്ങൾ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞതാണ്. അല്ലാഹു പറയുന്നു :

﴿وسارعوا إلى مغفرة من ربكم وجنة عرضها السماوات والأرض أُعدَّت للمتقين﴾

നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്.

ഒരുക്കിവെക്കപ്പെട്ടത് എന്നതാണ് അതിനുള്ള തെളിവ്.

നബി ﷺ ബിലാൽ റളിയല്ലാഹു അൻഹുവിനോട് പറഞ്ഞു :

حدِّثني بأرجى عملٍ عمِلتَه عندك في الإسلام منفعةً، فإني سمعت الليلة خَشْفَ نعليك بين يديَّ في الجنة.

"താങ്കൾ ഇസ്ലാമിൽ പ്രവർത്തിച്ച താങ്കൾക്ക് ഗുണം ചെയ്യുമെന്ന് ഏറ്റവും പ്രതീക്ഷയുള്ള കർമ്മം എന്താണ് ? ഈ രാത്രി എന്റെ മുന്നിൽ സ്വർഗത്തിൽ താങ്കളു ചെരിപ്പിന്റെ ശബ്ദം ഞാൻ കേട്ടു."

നബി ﷺ പറഞ്ഞു :

أُدخِلتُ الجنة، فإذا فيها جَنابِـذُ اللؤلؤ، وإذا ترابُها المِسك.

"ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടപ്പോൾ അവിടെ മുത്തു കൊണ്ടുള്ള കൂടാരങ്ങളുണ്ട്. അവിടുത്തെ മണ്ണ് കസ്തൂരിയായിരുന്നു."

നരകം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു എന്നതിന്റെ തെളിവ് :

﴿واتقوا النار التي أُعدَّت للكافرين﴾

സത്യനിഷേധികൾക്ക് ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

ഇബ്രാഹിം നബിയുടെ ദീൻ ആദ്യമായി മാറ്റിമറിക്കുകയും വിഗ്രഹാരാധന കൊണ്ടു വരികയും ചെയ്ത അംറ് ബ്നു ലുഹയ്യിനെ തന്റെ കുടൽ വലിച്ചിയച്ചുകൊണ്ട് നരകത്തിൽ നബി ﷺ കണ്ടു എന്ന് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

ഭക്ഷണം നൽകാതെ ഭൂമിയിലെ പ്രാണികളെ ഭക്ഷിക്കാൻ സമ്മതിക്കാതെ പൂച്ചയെ കെട്ടിയിട്ട സ്ത്രീ നരകത്തിൽ ശിക്ഷിക്കപ്പെടുന്നത് കണ്ടതായും നബി ﷺ അറിയിച്ചിട്ടുണ്ട്.

11. സ്വർഗ നരകങ്ങൾ നശിക്കുകയില്ല, അവ രണ്ടും എന്നെന്നും അവശേഷിക്കും. അതിനുള്ള തെളിവ് ഖുർആനാണ്. മുഅ്മിനീങ്ങൾ സ്വർഗത്തിലും കാഫിറുകൾ നരകത്തിലും ശാശ്വതരായിരിക്കുമെന്ന് ഖുർആൻ പലയിടങ്ങളിലായി പഠിപ്പിക്കുന്നു.

ഇതിനെതിരായ വാദങ്ങൾ ദുർബലമാണ്, ഖുർആനിന്റെ പ്രത്യക്ഷമായ വിവരണത്തിന് എതിരാണ്. പ്രസ്തുത വിവരണങ്ങൾ വ്യാഖാനിക്കാതെ വന്നതുപോലെ മനസ്സിലാക്കുകയാണ് വേണ്ടത്.

അന്ത്യദിനത്തിലുള്ള വിശ്വാസം -3

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ،

فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവനെ സൂക്ഷിക്കുകയും, ഭയക്കുകയും ചെയ്യുക നിങ്ങൾ അവനെ അനുസരിക്കുകും , ധിക്കരിക്കാതിരുകുകയും ചെയ്യുക. നിങ്ങൾ അറിയുക അല്ലാഹു അവന്റെ നിയമനിർമ്മാണത്തിലും, അവന്റെ വ്യവസ്തകളിലും, അവൻ നൽകുന്ന പ്രതഫലങ്ങളിലും അങ്ങേയറ്റം യുക്തിയുള്ളവനാണ്. അവന്റെ യുക്തിയിൽ പെട്ടകാര്യമാണ് അവന്റെ പ്രവാചകൻമാരുടെ നാവിലൂടെ അവൻ ഏൽപ്പിച്ച കാര്യങ്ങൾക്ക് പ്രതിഫലം നൽകുന്നതിനായി അവന്റെ പടപ്പുകൾക്ക് ഒരു മടക്കം നിശ്ചയിച്ചു എന്നുള്ളത്.

അല്ലാഹു പറഞ്ഞു:-

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَٰكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ﴾

അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ.

﴿ فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ﴾

എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല.

വിശ്വാസികളെ കഴിഞ്ഞ ഖുതുബകളിൽ അന്ത്യനാളിലെ വിശ്വാസത്തിൽ അടങ്ങിയ കാഹളത്തിലെ ഊത്ത് , ഖിയാമത്ത്നാളിലെ ഭീതികൾ,പുനരുത്ഥാനം, മഹ്ശർ , പ്രതിഫലവും, വിചാരണയും, സ്വർഗത്തിലെ അനുഗ്രഹങ്ങളും തുടങ്ങിയ വിഷയങ്ങളാണ് നാം സംസാരിച്ചത്.

ഇന്ന് അല്ലാഹുവിന്റെ അനുമതിയോടെ നരകത്തിന്റെ വിശേഷണങ്ങളെ കുറിച്ചാണ് നാം സംസാരിക്കുന്നത്.

1)അല്ലാഹുവിന്റെ അടിമകളെ, സ്വർഗനരകങ്ങളിലുള്ള വിശ്വാസം അന്ത്യനാളിലുള്ള വിശ്വാസത്തിൽ പെട്ടതാണ്.

സ്വർഗവും നരകവും അല്ലാഹു അവന്റെ പടപ്പുകൾക്ക് ഒരുക്കി വെച്ച ശാശ്വത ഭവനങ്ങളാണ്.

വിശ്വാസികളായ, സൂക്ഷ്മത പാലിക്കുന്നവരായവർക്ക് അല്ലാഹു ഒരിക്കിവെച്ച ഭവനമാണ് സ്വർഗം. നരമാകട്ടെ അത് ശിക്ഷയുടെ ഭവനമാണ്. രണ്ട് വിഭാഗം ആളുകൾക്കാണ് അത് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. അവർ സത്യ നിഷേധികളും, വിശ്വാസികളിൽ തന്നെയുള്ള വൻപാപങ്ങൾ പ്രവർത്തിച്ചവരുമാണ്.

2)വിശ്വാസികളെ, നരകക്കാരായ വിശ്വാസികളിൽപ്പെട്ട ആളുകളെ അല്ലാഹു ശിക്ഷിക്കുന്നതിന്റെ യുക്തി എന്നത് അവരെ തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുക എന്നതാണ്. പിന്നീട് അല്ലാഹു അവരെ അവന്റെ സ്വർഗത്തിലേക്ക് നയിക്കുന്നതാണ്.

അപ്പോൾ സ്വർഗം വളരെ വിശിഷ്ടമാണ്. അതിനാൽ തന്നെ അതിൽ ഏറ്റവും വിശിഷ്ടരായവരല്ലാതെ പ്രവേശിക്കുകയില്ല. തിന്മകളാകട്ടെ അവ മാലിന്യങ്ങളാണ്. അത് കൊണ്ട് തന്നെ ആദ്യം അതിൽ നിന്നും ശുദ്ധി പ്രാപിക്കുക എന്നത് നിർബന്ധമായി. ഇത് അല്ലാഹുവിന്റെ യുക്തിയാകുന്നു.

ചിലപ്പോൾ അല്ലാഹു വിശ്വാസികളിൽപ്പെട്ട വൻപാപങ്ങൾ ചെയ്ത ആളുകൾക്ക് ശിക്ഷ കൂടാതെ വിട്ടുവീഴ്ച ചെയ്തേക്കാം.

അല്ലാഹു പറഞ്ഞു:

﴿إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ﴾

തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്.

ആർക്കാണോ അല്ലാഹു വിട്ടുവീഴ്ച ചെയ്ത് കൊടുക്കുന്നത് അത് അവന്റെ ഔദാര്യമാണ്. ആരെയാണോ അല്ലാഹു ശിക്ഷിക്കുന്നത് അത് അവന്റെ നീതിയുമാണ്.

കാഫിറായവരെ ശിക്ഷിക്കുന്നതിലെ അല്ലാഹുവിന്റെ യുക്തിയെന്നാൽ അവരെ നിന്ദിക്കുകയും, അപമാനിക്കുകയും ചെയ്യുക എന്നതാണ്. അതല്ലാതെ അവർക്കുള്ള ശിക്ഷിയിൽ അവരെ ശുദ്ധീകരിക്കലൊ, സംസ്കരിക്കലോ

ഉണ്ടാകുന്നില്ല. കാരണം അവരിൽ വേരുറച്ച ആ മാലിന്യം നരകം കൊണ്ട് നീക്കപ്പെടുകയില്ല.

അങ്ങനെ അവൻ കാലാകാലം നരകത്തിൽ അവശേഷിക്കുന്നതാണ്. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ.

3)നരകത്തിൽ നമുക്ക് ചിന്തിക്കാൻ പോലും കഴിയാത്ത വിധത്തിലുള്ള വ്യത്യസ്ത ശിക്ഷകളാണുള്ളത്.

അല്ലാഹു പറഞ്ഞു.

﴿إِنَّآ أَعۡتَدۡنَا لِلظَّٰلِمِينَ نَارًا أَحَاطَ بِهِمۡ سُرَادِقُهَاۚ وَإِن يَسۡتَغِيثُواْ يُغَاثُواْ بِمَآءٖ كَٱلۡمُهۡلِ يَشۡوِي ٱلۡوُجُوهَۢۚ بِئۡسَ ٱلشَّرَابُ وَسَآءَتۡ مُرۡتَفَقًا﴾

അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കി വെച്ചിട്ടുണ്ട്. അതിന്റെ കൂടാരം അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം ഉരുക്കിയ ലോഹം പോലുള്ള ഒരു വെള്ളമായിരിക്കും അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അത് മുഖങ്ങളെ എരിച്ച് കളയും. വളരെ ദുഷിച്ച പാനീയം തന്നെ. അത് (നരകം) വളരെ ദുഷിച്ച വിശ്രമ സ്ഥലം തന്നെ.

അല്ലാഹു പറഞ്ഞു :

﴿إِنَّ ٱللَّهَ لَعَنَ ٱلۡكَٰفِرِينَ وَأَعَدَّ لَهُمۡ سَعِيرًا

خَٰلِدِينَ فِيهَآ أَبَدٗاۖ لَّا يَجِدُونَ وَلِيّٗا وَلَا نَصِيرٗا

يَوۡمَ تُقَلَّبُ وُجُوهُهُمۡ فِي ٱلنَّارِ يَقُولُونَ يَٰلَيۡتَنَآ أَطَعۡنَا ٱللَّهَ وَأَطَعۡنَا ٱلرَّسُولَا﴾

തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

എന്നെന്നും അവരതിൽ ശാശ്വതവാസികളായിരിക്കും. യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല.

അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

4)സത്യനിഷേധികൾ നരകത്തിൽ ശാശ്വതരാണ്. എന്നാൽ വിശ്വാസികളിലെ തിന്മകൾ പ്രവർത്തിച്ചവർ അവർക്ക് അല്ലാഹു പൊറുത്തു കൊടുത്തുട്ടില്ലെങ്കിൽ അവർക്ക് സംഭവിച്ച തിന്മകളുടെ [നാവിലൂടെ സഭവിക്കുന്നതിന്മകൾ, ലൈംഗികപരമായ തിന്മകൾ , കുടുംബ ബന്ധം മുറിക്കൽ ,

നിഷിദ്ധമായ കാര്യങ്ങൾ കേൾക്കലും കാണലും നിശിദ്ധമായവ ഭക്ഷിക്കൽ പോലുള്ളവ] തോതനുസരിച്ച് ഒരു നിശ്ചിത കാലം മാത്രമേ നരകത്തിൽ ശിക്ഷിക്കപ്പെടുകയുള്ളൂ.

എന്നാൽ സൂജൂദിന്റെ അവയവങ്ങളെ നരകം സ്പർശിക്കുകയില്ല. അതിൽ നിന്നും നിസ്കാരമെന്ന ഇബാദത്തിന്റെ ശ്രേഷ്ടത മനസ്സിലാക്കാം,

അവരിൽ അവരുടെ കണങ്കാൽ വരെ നരകാഗ്നി പിടികൂടുന്നവരുണ്ടായിരിക്കും.

അവരിൽ മുട്ട് വരെ നരകാഗ്നി പിടി കൂടുന്നവരുണ്ടായിരിക്കും.

അവരിൽ അടിവയർ വരെ നരകാഗ്നി പിടി കൂടുന്നവരുണ്ടായിരിക്കും.

അവരിൽ തോള് വരെ നരകാഗ്നി പിടികൂടുന്നവരുണ്ടയിരുക്കും.

ശിക്ഷകളിൽ. ഏറ്റവ്യത്യാസം ഉണ്ടാക്കുമെന്ന് ഇതിൽ നിന്നും മനസ്സലാക്കാം.

ലഘുവായതും, കഠിനമായതുമായ ശിക്ഷ തിന്മകളുടെ വലുപ്പവും തോതുമനുസരിച്ചും ഉണ്ടാകുന്നതാണ്.

നരകത്തിൽ അവർ അർഹിച്ച ശിക്ഷ അവസാനിച്ചാൽ അവർ അവിടെ നിന്നും പുറത്ത് കൊണ്ട് വരപ്പെടും. അവർ കരിക്കപ്പെട്ടിട്ടുണ്ടാകുന്നതാണ്. ശേഷം സ്വർഗത്തിന്റെ ആരംഭത്തിലുള്ള മാഉൽ ഹയാത്ത് (ജീവജലം) എന്ന് പറയപ്പെടുന്ന അരുവിയിൽ അവർ മുക്കപ്പെടുകയും, വെള്ളം സഞ്ചരിക്കുന്നിടത്ത് പുല്ല് മുളച്ച് പൊന്തുന്നത് പോലെ അവർ മുളച്ച് പൊന്തുന്നതുമാണ്.

അപ്രകാരം വിശ്വാസികളിലെ തിന്മകൾ സംഭവിച്ചവർ ശുദ്ധീകരിക്കപ്പെട്ടാൽ അവർ സ്വർഗത്തിലേക്ക് പ്രവേശിക്കപ്പെടുന്നതാണ്.

5)അല്ലാഹുവിന്റെ അടിമകളെ, നരകം ഭയാനകമായ സൃഷ്ടിയും, ഭീതിജനകമായ രൂപവും കഠിനമായ ചൂടുമുള്ളതാണ്.

അതിന്റെ ഭയാനതയെ അറിയിക്കുന്ന തെളിവായി അബ്ദുല്ലാഹിബ്നു മസ്ഊദ്-ﷺ- ഉദ്ദരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം: - നബി ﷺ പറഞ്ഞു:- നാളെ പരലോകത്ത് എഴുപതിനായിരം കടിഞ്ഞാണിനാലായിരിക്കും നരകത്തെ കൊണ്ട് വരിക. ഒരോ കടിഞ്ഞാണിൻ മേലും അതിനെ വലിച്ച് കൊണ്ട് വരുന്ന എഴുപതിനായിരം മലക്കുകൾ ഉണ്ടായിരിക്കും.

6)അതിന്റെ കാഴ്ചയിലെ ഭീതി അത് അല്ലാഹുവിന്റെ വചനങ്ങളാൽ അറിയപ്പെട്ട കാര്യമാണ്.

﴿إِنَّهَا تَرۡمِي بِشَرَرٖ كَٱلۡقَصۡرِ﴾

തീർച്ചയായും അത് (നരകം) വലിയ കെട്ടിടം പോലെ ഉയരമുള്ള തീപ്പൊരി തെറിപ്പിച്ചു കൊണ്ടിരിക്കും.

നരകാഗ്നിയിലെ ഏറ്റവും അപകടകാരിയായത് അതിന്റെ വലുപ്പത്തിൽ ഭീമമായ വൃക്ഷത്തിന്റെ അടിവേരിന് സമാനമായിരിക്കും

അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ.

7)നരകാഗ്നിയുടെ ചൂടിന്റെ കാഠിന്യം നബി ﷺ യുടെ വാക്കിൽ നിന്നും അറിയപ്പെട്ട കാര്യമാണ്.

അവിടുന്ന് പറഞ്ഞു: നാഗ്നിയുടെ എഴുപത് ഇരട്ടി ചൂടിൽ ഒരു ഭാഗം മാത്രമാണ് നിങ്ങളുടെ അഗ്നിയുടെ ചൂട്. അവിടെത്തോട് പറയപ്പെട്ടു. അല്ലാഹുവിന്റെ റസൂലെ: ഇത് തന്നെ മതിയായതാണ്. അവിടുന്ന് പറഞ്ഞു നിങ്ങളുടെ അഗ്നിയുടെ ചൂടിന് മേൽ തതുല്യമായ അറുപത്തിഒമ്പത് ഇരട്ടി ചൂടാണ് നരകാഗ്നിയുടെ ചൂടിന് വർധിക്കപ്പെടുന്നത്.

8)മുസ്ലിമീങ്ങളെ, നരകത്തിന് ഏഴ് കവാടങ്ങളുണ്ട്. ജനങ്ങളിൽ നിന്നും ഒരോ കവാടത്തിനും വീതിക്കപ്പെട്ട ആളുകൾ അതിലൂടെ പ്രവേശിക്കും. അല്ലാഹു പറഞ്ഞു:

﴿وَإِنَّ جَهَنَّمَ لَمَوْعِدُهُمْ أَجْمَعِينَ﴾

തീർച്ചയായും നരകം അവർക്കെല്ലാം നിശ്ചയിക്കപ്പെട്ട സ്ഥാനം തന്നെയാകുന്നു.

﴿لَهَا سَبْعَةُ أَبْوَابٍ لِّكُلِّ بَابٍ مِّنْهُمْ جُزْءٌ مَّقْسُومٌ﴾

അതിന് ഏഴ് കവാടങ്ങളുണ്ട്. ഓരോ വാതിലിലൂടെയും കടക്കുവാനായി വീതിക്കപ്പെട്ട ഓരോ വിഭാഗം അവരിലുണ്ട്.

9)നരകക്കാരുടെ ഭക്ഷണം അവരിലെ ആളുകൾക്കനുസരിച്ച് വ്യതാസപ്പെട്ടിരിക്കും.

നരകക്കാരുടെ ശിക്ഷയിൽ തന്നെ അവരുടെ തിന്മകളുടെ തോതും,വലിപ്പവും അനുസരിച്ച് വ്യത്യാസമുണ്ടായിരിക്കും.

അവരുടെ ഭക്ഷത്തിൽ പെട്ടതാണ് ഗിസ്ലീൻ എന്നത്. നരക്കാരുടെ ചലവും, രക്തവും, കലർന്ന ഒന്നാണത്.

അല്ലാഹു പറഞ്ഞു:

﴿وَلَا طَعَامٌ إِلَّا مِنْ غِسْلِينٍ﴾

ദുർനീരുകൾ ഒലിച്ചു കൂടിയതിൽ നിന്നല്ലാതെ മറ്റു ആഹാരവുമില്ല.

അത് പോലെ അവരുടെ മറ്റൊരു ഭക്ഷണമാണ് ളരീഉ എന്നത് . അഥവാ ഉണങ്ങിയാൽ വിഷമായിത്തിരുന്ന ഒരു തരം ചെടിയാണത്.

അല്ലാഹു പറഞ്ഞു.

﴿لَّيۡسَ لَهُمۡ طَعَامٌ إِلَّا مِن ضَرِيعٖ﴾

ദരീഇൽനിന്നല്ലാതെ അവർക്ക് യാതൊരു ആഹാരവുമില്ല.

അവരുടെ മറ്റൊരു ഭക്ഷണമാണ് സഖ്ഖൂം. അല്ലാഹു പറഞ്ഞു:-

﴿إِنَّ شَجَرَتَ ٱلزَّقُّومِ﴾

തീർച്ചയായും സഖ്ഖൂം വൃക്ഷമാകുന്നു;

﴿طَعَامُ ٱلۡأَثِيمِ﴾

(നരകത്തിൽ) പാപിയുടെ ആഹാരം.

﴿كَٱلۡمُهۡلِ يَغۡلِي فِي ٱلۡبُطُونِ﴾

ഉരുകിയ ലോഹം പോലിരിക്കും (അതിന്റെ കനി.) അത് വയറുകളിൽ തിളയ്ക്കും.

അഥവാ നരകത്തിന്റെ അടിത്തട്ടിൽ മുളക്കുന്ന കാഴ്ച്ചയിലും, രുചിയിലും വളരെ മോശമായ ഒരു വൃക്ഷമാണത്.

അല്ലാഹു പറഞ്ഞു :-

﴿أَذَٰلِكَ خَيۡرٞ نُّزُلًا أَمۡ شَجَرَةُ ٱلزَّقُّومِ﴾

അതാണോ വിശിഷ്ടമായ സൽക്കാരം? അതല്ല സഖ്ഖൂം വൃക്ഷമാണോ?

﴿إِنَّا جَعَلۡنَٰهَا فِتۡنَةٗ لِّلظَّٰلِمِينَ﴾

തീർച്ചയായും അതിനെ നാം അക്രമകാരികൾക്ക് ഒരു പരീക്ഷണമാക്കിയിരിക്കുന്നു.

﴿إِنَّهَا شَجَرَةٞ تَخۡرُجُ فِيٓ أَصۡلِ ٱلۡجَحِيمِ﴾

നരകത്തിന്റെ അടിയിൽ മുളച്ചു പൊങ്ങുന്ന ഒരു വൃക്ഷമത്രെ അത്.

﴿طَلۡعُهَا كَأَنَّهُۥ رُءُوسُ ٱلشَّيَٰطِينِ﴾

അതിന്റെ കുല പിശാചുക്കളുടെ തലകൾ പോലെയിരിക്കും.

﴿فَإِنَّهُمْ لَآكِلُونَ مِنْهَا فَمَالِـُٔونَ مِنْهَا ٱلْبُطُونَ﴾

തീർച്ചയായും അവർ അതിൽ നിന്ന് തിന്ന് വയറ് നിറക്കുന്നവരായിരിക്കും.

10)നരകക്കാരുടെ പാനീയം ഹമീം എന്നതാണ്. അതിൽ നിന്ന് അവർ കുടിപ്പിക്കപ്പെടും. ഹമീം എന്നാൽ തിളച്ച വെള്ളമാണ്. അതിൽ നിന്ന് അവരുടെ തലക്കുമുകളിലൂടെ ഒഴിക്കപ്പെടുകയും, ശരീരത്തിന് പുറത്തും അകത്തുമായി അവർ ശക്ഷിക്കപ്പെടുകയും ചെയ്യും. അപ്രകാരം അവരുടെ തൊലികൾ ഉരുകുകയും, അവരുടെ ആമാശയങ്ങൾ പൊട്ടുകയും ചെയ്യും. അല്ലാഹു പറഞ്ഞു:

﴿فَٱلَّذِينَ كَفَرُوا۟ قُطِّعَتْ لَهُمْ ثِيَابٌ مِّن نَّارٍ يُصَبُّ مِن فَوْقِ رُءُوسِهِمُ ٱلْحَمِيمُ﴾

എന്നാൽ അവിശ്വസിച്ചവരാരോ അവർക്ക് അഗ്നികൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ചുകൊടുക്കപ്പെടുന്നതാണ്. അവരുടെ തലയ്ക്കുമീതെ തിളയ്ക്കുന്ന വെള്ളം ചൊരിയപ്പെടുന്നതാണ്.

﴿يُصْهَرُ بِهِۦ مَا فِى بُطُونِهِمْ وَٱلْجُلُودُ﴾

അതു നിമിത്തം അവരുടെ വയറുകളിലുള്ളതും ചർമ്മങ്ങളും ഉരുക്കപ്പെടും.

﴿وَسُقُوا۟ مَآءً حَمِيمًا فَقَطَّعَ أَمْعَآءَهُمْ﴾

അത്തരക്കാർക്കാകട്ടെ കൊടും ചൂടുള്ള വെള്ളമായിരിക്കും കുടിക്കാൻ നൽകപ്പെടുക. അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കിക്കളയും.

ഇതെല്ലാത്ത മറ്റു ചില പാനീയങ്ങൾ കൂടി നരകക്കാർ കുടിപ്പിക്കപ്പെടും. അതിനെ കുറിച്ച്

അല്ലാഹു പറഞ്ഞു:

﴿هَٰذَا فَلْيَذُوقُوهُ حَمِيمٌ وَغَسَّاقٌ﴾

ഇതാണവർക്കുള്ളത്. ആകയാൽ അവർ അത് ആസ്വദിച്ചു കൊള്ളട്ടെ. കൊടും ചൂടുള്ള വെള്ളവും (നരകവാസികളുടെ ശരീരത്തിൽ നിന്നൊലിച്ച) കൊടും തണുപ്പുള്ള (ദുർഗന്ധം നിറഞ്ഞ) വെള്ളവും.

﴿وَءَاخَرُ مِن شَكْلِهِۦٓ أَزْوَٰجٌ﴾

ഇത്തരത്തിൽപ്പെട്ട മറ്റു പല ഇനം ശിക്ഷകളും.

ഗസ്സാഖ് എന്നാൽ നരകക്കാരുടെ തൊലിയിൽ നിന്നും ഉറ്റി വീഴുന്ന ദ്രാവകമാകുന്നു.

11)അല്ലാഹുവിന്റെ അടിമകളെ, നരകക്കാരിൽ ഏറ്റവും നിസ്സാരമായ ശിക്ഷ ലഭിക്കപ്പെടുന്നവന് രണ്ട് ചെരിപ്പുകൾ ധരിക്കുവാൻ നൽകുകയും അത് മുഖേന അവന്റെ തലച്ചോർ വരെ തിളച്ചു മറിയകയും ചെയ്യും.

12)നരകത്തിലെ ഏറ്റവും കഠിനമായ ശിക്ഷ ലഭിക്കുന്നവർ മൂന്ന് വിഭാഗം ആളുകളാണ്.

ഫിർഔനും, അവനെ പിൻപ്പറ്റിയവരും, ഈസാ നബിക്ക് അല്ലാഹു ദൃഷ്ടാന്തമായി നൽകിയ ഭക്ഷണത്തളികയിൽ അവിശ്വസിച്ചവരും, കപടവിശ്വാസികളുമാണവർ.

അല്ലാഹു പറഞ്ഞു :

﴿ٱلنَّارُ يُعۡرَضُونَ عَلَيۡهَا غُدُوّٗا وَعَشِيّٗاۚ وَيَوۡمَ تَقُومُ ٱلسَّاعَةُ أَدۡخِلُوٓاْ ءَالَ فِرۡعَوۡنَ أَشَدَّ ٱلۡعَذَابِ﴾

ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസം ഫിർഔന്റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിപ്പിക്കുക (എന്ന് കൽപിക്കപ്പെടും.)

ഭക്ഷണത്തളികയുടെ ആളുകളെക്കുറിച്ചു അല്ലാഹു പറഞ്ഞു :

﴿فَمَن يَكۡفُرۡ بَعۡدُ مِنكُمۡ فَإِنِّيٓ أُعَذِّبُهُۥ عَذَابٗا لَّآ أُعَذِّبُهُۥٓ أَحَدٗا مِّنَ ٱلۡعَٰلَمِينَ﴾

അല്ലാഹു പറഞ്ഞു: എന്നാൽ അതിനുശേഷവും നിങ്ങളിൽ ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം ലോകരിൽ ഒരാൾക്കും ഞാൻ നൽകാത്ത വിധമുള്ള (കടുത്ത) ശിക്ഷ അവന്ന് നൽകുന്നതാണ്.

കപട വിശ്വാസികളെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿إِنَّ ٱلۡمُنَٰفِقِينَ فِي ٱلدَّرۡكِ ٱلۡأَسۡفَلِ مِنَ ٱلنَّارِ وَلَن تَجِدَ لَهُمۡ نَصِيرًا﴾

തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല.

13)നരകത്തിന് മുകളിലൂടെ നടക്കുന്നവർ രണ്ട് കൂട്ടരാണ്. വിശ്വാസികളും, കപടവിശ്വാസികളുമാണവർ.

അല്ലാഹു പറഞ്ഞു:

﴿وَإِن مِّنكُمۡ إِلَّا وَارِدُهَاۚ كَانَ عَلَىٰ رَبِّكَ حَتۡمٗا مَّقۡضِيّٗا﴾

അതിനടുത്ത് (നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല. നിന്റെ രക്ഷിതാവിന്റെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു തീരുമാനമാകുന്നു അത്.

എന്നാൽ വിശ്വാസികളിൽപ്പെട്ട അല്ലാഹു രക്ഷിക്കാൻ ഉദ്ദേശിച്ച ആളുകളെ നരകം സ്പർശിക്കുകയില്ല. പക്ഷെ അവർ സിറാത്വ് പാലത്തിലൂടെ നടക്കുകയും. അവരെ നരകം സ്പർശിക്കുകയുമില്ല.

എന്നാൽ അല്ലാഹു ശിക്ഷിക്കാൻ ഉദ്ദേശിച്ച കപടവിശ്വാസികളെയും, വിശ്വാസികളിൽ പെട്ട തിന്മകൾ ചെയ്തവരെയും സിറാത്വിൽ ബന്ധിക്കപ്പെട്ട കുളത്തുകൾ പിടിച്ചുവലിച്ചു നരകത്തിൽ എറിയുകയും ചെയ്യും.

വിശ്വാസികളെ അവരുടെ ശിക്ഷയുടെ കാലാവധി കഴിഞ്ഞാൽ നരകത്തിൽ നിന്ന് സ്വർഗത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുകയും ചെയ്യും. എന്നാൽ കപട വിശ്വാസികൾ നരകത്തിൽ ശാശ്വതരായിരിക്കും.

ഇതാണ് അല്ലാഹു നേരത്തെ സൂചിപ്പിച്ച ആയത്തിന്റെ ബാക്കി ഭാഗത്തിലൂടെ അർത്ഥമാക്കുന്നത്.

﴿ثُمَّ نُنَجِّي ٱلَّذِينَ ٱتَّقَواْ وَّنَذَرُ ٱلظَّٰلِمِينَ فِيهَا جِثِيًّا﴾

പിന്നീട് ധർമ്മനിഷ്ഠ പാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്.

അല്ലാഹു ഈ ആയത്തിൽ പറഞ്ഞ നരകക്കാരുടെ ഇരുത്തത്തിന്റെ രൂപം ഏറ്റവും മോശമായ രൂപമാണ്.

ഒരു യാത്രക്കാരൻ വളരെ അത്യാസന്നഘട്ടത്തിൽ തന്റെ വാഹനമൃഗത്തിന്റെ മുകളിൽ നിന്ന് താഴെ ഇറങ്ങി ഇരിക്കുന്നതിനാണ് ഇപ്രകാരം പറയാറുള്ളത്.

14)എന്നാൽ അവിശ്വാസികളായവരെ നരകത്തിലേക്ക് ആട്ടിതെളിച്ച് കൊണ്ടുവരപ്പെടുകയാണുണ്ടാവുക.

അവർ അതിന് മുകളിലൂടെ നടക്കുകയില്ല.

അല്ലാഹു പറഞ്ഞത് പോലെ:

﴿وَسِيقَ ٱلَّذِينَ كَفَرُوٓاْ إِلَىٰ جَهَنَّمَ زُمَرًا﴾

സത്യനിഷേധികൾ കൂട്ടം കൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും.

15)നരകക്കാർ ധാഹിച്ചു വലഞ്ഞവരായാണ് അവിടെ എത്തുക. അല്ലാഹു പറഞ്ഞു:

﴿وَنَسُوقُ ٱلۡمُجۡرِمِينَ إِلَىٰ جَهَنَّمَ وِرۡدًا﴾

അന്ന് കുറ്റവാളികളെ ദാഹാർത്തരായ നിലയിൽ നരകത്തിലേക്ക് നാം തെളിച്ചു കൊണ്ട് പോവുകയും ചെയ്യും.

16)അന്നേ ദിവസം നരകത്തിന്റെ മലക്കുകൾക്ക് തിരിച്ചറിയുന്നതിനായി നരകക്കാർക്ക് ചില അടയാളങ്ങൾ ഉണ്ടായിരിക്കും.

മലക്കുകൾ അവരെ തിരിച്ചറിഞ്ഞാൽ അവരുടെ കാൽപാദങ്ങളും കുടുമകളും കൂട്ടി പിടികൂടുന്നതാണ്.

ശേഷം ശക്തിയായി നരകത്തിലേക്ക് അവരെ വലിച്ചെറിയുന്നതുമാണ്.

അല്ലാഹു നമ്മെ കാത്ത് രക്ഷിക്കുമാറാകട്ടെ,

അല്ലാഹു പറഞ്ഞു:

﴿يُعۡرَفُ ٱلۡمُجۡرِمُونَ بِسِيمَٰهُمۡ فَيُؤۡخَذُ بِٱلنَّوَٰصِي وَٱلۡأَقۡدَامِ﴾

കുറ്റവാളികൾ അവരുടെ അടയാളം കൊണ്ട് തിരിച്ചറിയപ്പെടും. എന്നിട്ട് അവരുടെ മൂർദ്ധാവിലും പാദങ്ങളിലും പിടിക്കപ്പെടും.

അല്ലാഹു പറഞ്ഞു :

﴿يَوۡمَ يُدَعُّونَ إِلَىٰ نَارِ جَهَنَّمَ دَعًّا﴾

അവർ നരകാഗ്നിയിലേക്ക് ശക്തിയായി പിടിച്ചു തള്ളപ്പെടുന്ന ദിവസം,

17)അല്ലാഹുവിന്റെ അടിമകളെ, നരകക്കാർക്കുള്ള മറ്റൊരു ശിക്ഷയാണ് അവരെ നരകത്തിൽ മുഖം കുത്തി വീഴ്ത്തപ്പെടും എന്നത്.

അല്ലാഹു പറഞ്ഞു:

﴿يَوۡمَ يُسۡحَبُونَ فِي ٱلنَّارِ عَلَىٰ وُجُوهِهِمۡ ذُوقُواْ مَسَّ سَقَرَ﴾

മുഖം നിലത്തു കുത്തിയനിലയിൽ അവർ നരകാഗ്നിയിലൂടെ വലിച്ചിഴക്കപ്പെടുന്ന ദിവസം. അവരോട് പറയപ്പെടും: നിങ്ങൾ നരകത്തിന്റെ സ്പർശനം അനുഭവിച്ചു കൊള്ളുക.

അവരുടെ മറ്റൊരു ശിക്ഷയാണ് മുമ്പ് പരാമർശിച്ച ആയത്തിലുള്ളത് പോലെ അവർക്ക് തീ കൊണ്ടുള്ള വസ്ത്രം നൽകപ്പെടും എന്നുള്ളത്.

അല്ലാഹു പറഞ്ഞു :

﴿قُطِّعَتۡ لَهُمۡ ثِيَابٞ مِّن نَّارٖ﴾

അവർക്ക് അഗ്നികൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ചുകൊടുക്കപ്പെടുന്നതാണ്.

അത് പോലെ തന്നെ ചുട്ടുപഴുപ്പിച്ച ടാർ കൊണ്ടുള്ള വസ്ത്രവും അവർക്ക് ധരിപ്പിക്കപ്പെടും.

അല്ലാഹു പറഞ്ഞു :

﴿سَرَابِيلُهُم مِّن قَطِرَانٍ وَتَغۡشَىٰ وُجُوهَهُمُ ٱلنَّارُ﴾

അവരുടെ കുപ്പായങ്ങൾ കറുത്ത കീല് (ടാർ) കൊണ്ടുള്ളതായിരിക്കും. അവരുടെ മുഖങ്ങളെ തീ പൊതിയുന്നതുമാണ്.

അവർക്കുള്ള മറ്റൊരു ശിക്ഷയാണ് ഇരുമ്പ് ധണ്ഡ് കൊണ്ട് പ്രഹരമേൽക്കുക എന്നത്.

അല്ലാഹു പറഞ്ഞു:

﴿وَلَهُم مَّقَٰمِعُ مِنۡ حَدِيدٖ﴾

അവർക്ക് ഇരുമ്പിന്റെ ദണ്ഡുകളുമുണ്ടായിരിക്കും.

മഖാമിഉ എന്നാൽ ഭാഷയിൽ മിഖ്മഅത്ത് എന്നത്തിന്റെ ബഹുവചനമാണ്. അത് ആനയുടെ തലയിൽ അടിക്കുന്ന ഇരുമ്പ് കൊണ്ടുള്ള കുന്തമാണ്. ആയത്തിൽ ഇത് കൊണ്ട് അർത്ഥമാക്കുന്നത് ഇരുമ്പ് കൊണ്ടുള്ള ചുറ്റികയെ ആണ്.

അത് കൊണ്ട് നരകത്തിന്റെ കാവൽക്കാരായ മലക്കുകൾ നരകക്കാരെ മർദ്ദിക്കുന്നതാണ്.

അല്ലാഹു കാത്തു രക്ഷിക്കുമാറാകട്ടെ.

നരകം കാണുകയും, വീക്ഷിക്കുകയും, കോപം നിമിത്തം അത് ക്ഷോഭിക്കുകയും, ഇരമ്പുകയും ചെയ്യുന്നതാണ്.

18)നരകം അവിശ്വാസികളെ മഹ്ശറിൽ വെച്ച് കണ്ടാൽ കോപം കൊണ്ട് അത് ക്ഷോബിച്ചു ഇരമ്പുന്നത് അവർക്ക് കേൾക്കാം.

അല്ലാഹു പറഞ്ഞു:

﴿إِذَا رَأَتۡهُم مِّن مَّكَانِۭ بَعِيدٖ سَمِعُواْ لَهَا تَغَيُّظٗا وَزَفِيرٗا﴾

ദൂരസ്ഥലത്ത് നിന്ന് തന്നെ അത് അവരെ കാണുമ്പോൾ ക്ഷോഭിച്ചിളകുന്നതും ഇരമ്പുന്നതും അവർക്ക് കേൾക്കാവുന്നതാണ്.

കോപം നിമിത്തം അത് പൊട്ടിത്തെറിക്കുമാറാകും.

അല്ലാഹു പറഞ്ഞു :

﴿إِذَآ أُلۡقُواْ فِيهَا سَمِعُواْ لَهَا شَهِيقٗا وَهِيَ تَفُورُ﴾

അവർ അതിൽ (നരകത്തിൽ) എറിയപ്പെട്ടാൽ അതിന്നവർ ഒരു ഗർജ്ജനം കേൾക്കുന്നതാണ്. അത് തിളച്ചു മറിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യും.

﴿تَكَادُ تَمَيَّزُ مِنَ ٱلْغَيْظِ﴾

കോപം നിമിത്തം അത് പൊട്ടിപ്പിളർന്ന് പോകുമാറാകും.

19﴾നരകം അത് ആളിക്കത്തുകയും, അണയുകയും ചെയ്യുന്നതാണ്.

അല്ലാഹു പറഞ്ഞു:

﴿وَمَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُمْ أَوْلِيَآءَ مِن دُونِهِۦ ۖ وَنَحْشُرُهُمْ يَوْمَ ٱلْقِيَٰمَةِ عَلَىٰ وُجُوهِهِمْ عُمْيًا وَبُكْمًا وَصُمًّا ۖ مَّأْوَىٰهُمْ جَهَنَّمُ ۖ كُلَّمَا خَبَتْ زِدْنَٰهُمْ سَعِيرًا﴾

അത് അണഞ്ഞ് പോകുമ്പോഴെല്ലാം നാം അവർക്ക് ജ്വാല കൂട്ടികൊടുക്കുന്നതാണ്.

20﴾നരകം നിറക്കപ്പെടുമെന്നത് (അതിന്റെ ആളുകളെ കൊണ്ട്) അതിന് വാഗ്ദാനം ചെയ്യപ്പെട്ടതാണ്.

അല്ലാഹു പറഞ്ഞു:

﴿وَلَٰكِنْ حَقَّ ٱلْقَوْلُ مِنِّى لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ﴾

എന്നാൽ 'ജിന്നുകൾ, മനുഷ്യർ എന്നീ രണ്ടുവിഭാഗത്തെയും കൊണ്ട് ഞാൻ നരകം നിറക്കുക തന്നെ ചെയ്യും' എന്ന എന്റെ പക്കൽ നിന്നുള്ള വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

അല്ലാഹുവിന്റെ അടിമകളെ, നരകത്തിൽ നിന്നും ജാഗ്രത പുലർത്താൻ ഒരോ മുസ്ലിമും അറിഞ്ഞിരിക്കൽ നിർബന്ധമായ പ്രധാനപ്പെട്ട ചില ആമുഖങ്ങളാണ് മേൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ.

രണ്ടാമത്തെ ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക

21﴾നിങ്ങൾ അറിയുക നരകം ഇപ്പോൾ തന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿وَٱتَّقُواْ ٱلنَّارَ ٱلَّتِيٓ أُعِدَّتۡ لِلۡكَٰفِرِينَ﴾

സത്യനിഷേധികൾക്ക് ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

നബി ﷺ അംറുബ്നു ലുഹയ്യ് നരകത്തിൽ അവന്റെ ആമാശയം വലിച്ചിഴച്ച് നടക്കുന്നതായി കാണുകയുണ്ടായി. അവനാണ് ആദ്യമായി ഇബ്റാഹീം നബിയുടെ മതം മാറ്റി മറിച്ചതും, അറേബ്യൻ ഉപഭൂകണ്ടത്തിലേക്ക് വിഗ്രഹാരാധന കൊണ്ടുവരികയും ചെയ്തത്.

അത് പോലെ തന്നെ ഒരു പൂച്ചയെ ഭക്ഷണം കൊടുക്കാതെ കെട്ടിയിട്ടതിന്റെ പേരിൽ ഒരു സ്ത്രീ നരകത്തിൽ ശിക്ഷിക്കപ്പെടുന്നതും അവിടുന്ന് കണ്ടു.

അല്ലാഹുവിന്റെ അടിമകളെ, നരകത്തിലുള്ള വിശ്വാസവും, അതിൽ പ്രവേശിക്കുന്നവരുടെ വിശേഷങ്ങളുമായും ബന്ധപ്പെട്ട ഇരുപതോളം കാര്യങ്ങളാണ് നാം സൂചിപ്പിച്ചത്. സദാ നരകത്തെ കുറിച്ച് ഓർക്കുവാനും, നന്മകൾ ചെയ്യുവാൻ ഉൻമേശം ലഭിക്കുവാനും, തിന്മകളിൽ നിന്നും മടിയിൽ നിന്നും അശ്രദ്ധയിൽ നിന്നും വിട്ടുനിൽക്കുവാനും

ഒരോ മുസ്ലിമും ഈ കാര്യങ്ങൾ മനസ്സിലാക്കിയിരിക്കൽ വളരെ അനിവാര്യമാണ്.

അന്ത്യദിനത്തിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങൾ -2

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ،

فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

അറിയുക, അല്ലാഹു അവന്റെ മതനിയമങ്ങളും വിധിനിർണയങ്ങളിലും പ്രതിഫലം നൽകുന്നതിലും ഏറെ യുക്തിയുള്ളവത്രെ . അവന്റെ യുക്തിയിൽ പെട്ടതത്രെ, പ്രവാചകന്മാരിലൂടെ കല്പിക്കപ്പെട്ട കാര്യങ്ങൾക്ക് ഈ കാണും സൃഷ്ടികൾക്ക് പ്രതിഫലം നൽകാൻ ഒരു ഉയർത്തിയെഴുന്നേൽപ്പ് നിശ്ചയിച്ചിരിക്കുന്നു എന്ന്. അല്ലാഹു പറഞ്ഞു:

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ﴾

അപ്പോൾ നാം നിങ്ങളെ വ്യഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?

﴿فَتَعَالَى اللَّهُ الْمَلِكُ الْحَقُّ﴾

എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.

ഓ വിശ്വാസികളെ, അന്ത്യ ദിനത്തിലെ വിശ്വാസം നമ്മിൽ നിന്നും തേടുന്ന കാര്യങ്ങളിൽ ചിലത് നാം കഴിഞ്ഞ ഖുതുബകളിൽ പ്രതിപാദിച്ചിരുന്നു. കാഹളത്തിൽ ഉള്ള ഊതൽ, ആ ദിനത്തിലെ ഭയാനകരമായ കാര്യങ്ങൾ, സൃഷ്ടികളുടെ ഉയർത്തെഴുന്നേൽപ്, മഹ്ശറിന്റെ ഭൂമിയിൽ മനുഷ്യരെ ഒരുമിച്ചുകൂട്ടൽ, വിചാരണ പ്രതിഫലം നൽകൽ, സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ, നരകത്തിന്റെ വിശേഷണം എന്നിവയായിരുന്നു നാം സംസാരിച്ചു കഴിഞ്ഞ വിഷയങ്ങൾ. ഇന്ന് നാം അന്ത്യ ദിനത്തിലെ രംഗങ്ങളെ കുറിച്ചാണ് സംസാരിക്കുക.

1- അല്ലാഹുവിന്റെ അടിമകളെ, അന്ത്യ ദിനത്തിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്ന കാര്യമാണ് ആ ദിവസത്തിൽ അരങ്ങേറുന്ന രംഗങ്ങളിൽ വിശ്വസിക്കുക എന്നത്. അതിൽ പെട്ടതാണ് എടുകൾ തുറന്ന് നൽകപ്പെടുക എന്നത്. അഥവാ കർമ്മങ്ങളുടെ എടുകൾ, അങ്ങനെ മനുഷ്യർ അവ സ്വീകരിക്കുന്നു. തന്റെ വലം കൈകൊണ്ട് സ്വീകരിക്കുന്നവർ അവരുലുണ്ട്, ദീനിൽ ദൃടത ഉള്ളവരായിരുന്നു അവർ, സ്വർഗ്ഗ പ്രവേശനത്തിന്റെ അവകാശികൾ. തന്റെ ഇടം കൈകൊണ്ട് സ്വീകരിക്കുന്നവരും അവരുലുണ്ട്, സത്യനിഷേധികളാണ് അവർ. സത്യവിശ്വാസി ഏറെ സന്തോഷത്തോടെയായിരിക്കും അവന്റെ കർമ്മരേഖ സ്വീകരിക്കുക. അല്ലാഹു تعالى പറഞ്ഞു

﴿ فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ فَيَقُولُ هَاؤُمُ اقْرَءُوا كِتَابِيَهْ ﴾

എന്നാൽ വലതുകൈയിൽ തന്റെ രേഖ നൽകപ്പെട്ടവൻ പറയും: ഇതാ എന്റെ ഗ്രന്ഥം വായിച്ചുനോക്കൂ.

﴿ إِنِّي ظَنَنتُ أَنِّي مُلَاقٍ حِسَابِيَهْ ﴾

തീർച്ചയായും ഞാൻ വിചാരിച്ചിരുന്നു. ഞാൻ എന്റെ വിചാരണയെ നേരിടേണ്ടി വരുമെന്ന്.

﴿ فَهُوَ فِي عِيشَةٍ رَّاضِيَةٍ ﴾

അതിനാൽ അവൻ തൃപ്തികരമായ ജീവിതത്തിലാകുന്നു.

﴿ فِي جَنَّةٍ عَالِيَةٍ ﴾

ഉന്നതമായ സ്വർഗത്തിൽ.

﴿ قُطُوفُهَا دَانِيَةٌ ﴾

അവയിലെ പഴങ്ങൾ അടുത്തു വരുന്നവയാകുന്നു.

﴿ كُلُوا وَاشْرَبُوا هَنِيئًا بِمَا أَسْلَفْتُمْ فِي الْأَيَّامِ الْخَالِيَةِ ﴾

കഴിഞ്ഞുപോയ ദിവസങ്ങളിൽ നിങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി നിങ്ങൾ ആനന്ദത്തോടെ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്ന് അവരോട് പറയപ്പെടും.

എന്നാൽ സത്യനിഷേധി അവന്റെ കർമ്മരേഖ കൈപറ്റുക അവന്റെ മുതുകിന്റെ ഭാഗത്തു കൂടെ ഇടം കയ്യിൽ ആയിരിക്കും. ഇഹലോകത്ത് അല്ലാഹുവിന്റെ ഗ്രന്ഥത്തെ തന്റെ പിന്നിലേക്ക് വച്ചതു പോലെ അവസാന ദിനത്തിൽ അപ്രകാരമായിരിക്കും തന്റെ കർമ്മങ്ങളുടെ ഗ്രന്ഥവും അവന് നൽകപ്പെടുക. ഏറെ ദുഃഖിതനും ഖേദമുള്ളവനുമായിട്ടായിരിക്കും അവൻ അത് സ്വീകരിക്കുക. അല്ലാഹു പറഞ്ഞു

﴿ وَأَمَّا مَنْ أُوتِيَ كِتَابَهُ بِشِمَالِهِ فَيَقُولُ يَا لَيْتَنِي لَمْ أُوتَ كِتَابِيَهْ ﴾

എന്നാൽ ഇടതു കയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവനാകട്ടെ ഇപ്രകാരം പറയുന്നതാണ്. ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ,

﴿ وَلَمْ أَدْرِ مَا حِسَابِيَهْ ﴾

എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ(എത്ര നന്നായിരുന്നു.

﴿ يَا لَيْتَهَا كَانَتِ الْقَاضِيَةَ ﴾

അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

﴿ مَا أَغْنَىٰ عَنِّي مَالِيَهْ ﴾

എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല.

﴿ هَلَكَ عَنِّي سُلْطَانِيَهْ ﴾

എന്റെ അധികാരം എന്നിൽ നിന്ന് നഷ്ടപ്പെട്ടുപോയി.

അല്ലാഹു പറഞ്ഞു

﴿ وَأَمَّا مَنْ أُوتِيَ كِتَابَهُ وَرَاءَ ظَهْرِهِ ﴾

എന്നാൽ ഏതൊരുവന് തന്റെ രേഖ അവന്റെ മുതുകിന്റെ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ

﴿ فَسَوْفَ يَدْعُو ثُبُورًا ﴾

അവൻ നാശമേ എന്ന് നിലവിളിക്കുകയും,

﴿ وَيَصْلَىٰ سَعِيرًا ﴾

ആളിക്കത്തുന്ന നരകാഗ്നിയിൽ കടന്ന് എരിയുകയും ചെയ്യും.

﴿ إِنَّهُ كَانَ فِي أَهْلِهِ مَسْرُورًا ﴾

തീർച്ചയായും അവൻ അവന്റെ സ്വന്തക്കാർക്കിടയിൽ സന്തോഷത്തോടെ കഴിയുന്നവനായിരുന്നു.

﴿ إِنَّهُ ظَنَّ أَن لَّن يَحُورَ ﴾

തീർച്ചയായും അവൻ ധരിച്ചു; അവൻ മടങ്ങി വരുന്നതേ അല്ല എന്ന്.

﴿ بَلَىٰ إِنَّ رَبَّهُ كَانَ بِهِ بَصِيرًا ﴾

അതെ, തീർച്ചയായും അവന്റെ രക്ഷിതാവ് അവനെപ്പറ്റി കണ്ടറിയുന്നവനായിരിക്കുന്നു.

അല്ലയോ വിശ്വാസികളെ, അന്ത്യ ദിനത്തിലെ രംഗങ്ങളിൽ പെട്ടതാണ് സ്വിറാത്ത് എന്ന പാലം നരകത്തിന് മുകളിലൂടെ നീട്ടപ്പെടും എന്നത്. കാലുകൾ അതിന് മുകളിൽ നിൽപ് ഉറയ്ക്കാതെ വഴുതുകയും തെന്നിപ്പോവുകയും ചെയ്യുന്ന

താരത്തിലാണ് അത്, അതിന് മുകളിൽ വലിച്ച് താഴെയിടുന്ന കൊളുത്തുകളുണ്ട്, വീതിയേറിയ മുള്ളുകളുണ്ട്,

എന്നിട്ട് മനുഷ്യർ അതിന് മുകളിലൂടെ കടക്കും, സമുദായങ്ങളിൽ ആദ്യം സ്വിറാത്ത് നടക്കുന്നവർ മുഹമ്മദ് നബി ﷺ യുടെ സമുദായമായിരിക്കും. സ്വിറാത്തിന് മുകളിൽ മൂന്ന് തരത്തിലായിരിക്കും ആളുകൾ: ഒന്നെങ്കിൽ രക്ഷപ്പെടുന്ന മുസ്ലിം, അല്ലെങ്കിൽ കൊളുത്തുകൾ കൊണ്ട് വലിക്കപ്പെടുകയും എന്നിട്ട് പരിക്കുകളാൽ രക്ഷപ്പെടുന്ന വ്യക്തി, അല്ലെങ്കിൽ മൂന്നാമത്തേത് നരകത്തിലേക്ക് തള്ളപ്പെടുന്ന വ്യക്തി. കൊളുത്തുകളിൽ നിന്നും മുള്ളുകളിൽ നിന്നും പരിക്കുകളൊന്നുമില്ലാതെ രക്ഷപ്പെടുന്ന ഒരു കൂട്ടം ആളുകളുണ്ട്. അല്ലാഹുവിനുള്ള ആരാധനകൾ നിർവഹിക്കുകയും അവന് വിരോധിച്ച പാപങ്ങളിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്ത ഈമാൻ പൂർണമായ വിശ്വാസികളാണ് അവർ. അവരാണ് ഒന്നാമത്തെ കൂട്ടർ.

രണ്ടാമത്തെ തരം ആളുകൾ, കൊളുത്തുകൾ കൊണ്ട് വലിക്കപ്പെടുകയും എന്നാൽ അവയാൽ നരകത്തിലേക്ക് തള്ളപ്പെടാതെ സ്വിറാത്ത് കടക്കുന്ന കൂട്ടർ, പാപങ്ങൾ സംഭവിച്ചുപോയ വിശ്വാസികൾ ആണ് അവർ. എന്നാൽ ആ പാപങ്ങൾ അവർക്ക് നരകം നിർബന്ധമാക്കിയിട്ടില്ല, കൊളുത്തുകൾ കാരണമുള്ള പരിക്കുകൾ ആണ് അവരുടെ ആഖിറത്തിലെ ശിക്ഷ.

മൂന്നാമത്തെ തരാം ആളുകൾ, കൊളുത്തുകൾ ശക്തിയോടെ നരകത്തിലേക്ക് തള്ളി വീഴ്ത്തുന്നവരാണ്, തങ്ങളുടെ ചെറുതും വലുതുമായ പാപങ്ങൾ കാരണം നരകത്തിന്റെ അവകാശികളായ വിശ്വാസികൾ ആണ് ഇവർ, അങ്ങനെ അവരുടെ പാപങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കുകയും പിന്നീട് അതിൽ നിന്ന് മോചിക്കപ്പെടുകയും ചെയ്യും.

അതുപോലെ തന്നെയാണ് കപടവിശ്വാസികളുടെ കാര്യവും, കൊളുത്തുകൾ അവരെ നരകത്തിലേക്ക് തള്ളിയിടുകയും അങ്ങനെ കാലാകാലം അവിടം തന്നെ ആയിരിക്കും അവർ, നരകത്തിന്റെ ഏറ്റവും അടിത്തട്ടിൽ ആണ് അവരുടെ സ്ഥാനം.

എന്നാൽ സത്യനിഷേധികൾ, സ്വിറാത്തിന് മുകളിലൂടെ അവർക്ക് കടക്കേണ്ടി വരികയില്ല, നരകത്തിന് മുകളിലൂടെ സ്വിറാത്ത് നീട്ടപ്പെടുന്നതിന് മുൻപ് തന്നെ അവരെ നരകത്തിലേക്ക് തളിക്കപ്പെടുന്നതാണ്. അല്ലാഹു പറഞ്ഞു

﴿ وَسِيقَ الَّذِينَ كَفَرُوا إِلَىٰ جَهَنَّمَ زُمَرًا ﴾

സത്യനിഷേധികൾ കൂട്ടം കൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും.

അവൻ ഫിർഔനിനെ സംബന്ധിച്ച് പറഞ്ഞു

﴿ يَقْدُمُ قَوْمَهُ يَوْمَ الْقِيَامَةِ فَأَوْرَدَهُمُ النَّارَ ۖ وَبِئْسَ الْوِرْدُ الْمَوْرُودُ ﴾

ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവൻ (ഫിർഔൻ) തന്റെ ജനതയുടെ മുമ്പിലുണ്ടായിരിക്കും. എന്നിട്ട് അവരെ അവൻ നരകത്തിലേക്കാനയിക്കും. അവർ ആനയിക്കപ്പെടുന്ന ആ സ്ഥാനം എത്ര ചീത്ത!

കാഫിരീങ്ങളിലെ ഓരോ കക്ഷികളും ബിംബങ്ങൾ, സൂര്യൻ, ചന്ദ്രൻ എന്നിവയെപ്പോലെ അവരവർ ആരാധിച്ചതിനെ പിൻപറ്റി നരകത്തിലേക്ക് എത്തിച്ചേരും. ഒരു മരീചിക പോലെ നരകം അവർക്ക് കാണിക്കപ്പെടും, അതിലെ ചില ഭാഗങ്ങൾ മറ്റു ചിലതിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അവിശ്വാസികൾ അതിലേക് വീഴും. എന്നെയും നിങ്ങളെയും അല്ലാഹു നരകത്തെ തൊട്ട് രക്ഷിക്കട്ടെ. പിന്നീട് സിറാത്ത് നീട്ടപ്പെടുകയും, നേരത്തെ വിശദീകരിച്ചത് പോലെ വിശ്വാസികളും മുനാഫിഖുകളുമെല്ലാം അതിന് മുകളിലൂടെ കടക്കും.

അല്ലാഹുവിന്റെ അടിമകളെ, സിറാത്തിന് മുകളിലുള്ള മനുഷ്യരുടെ വേഗത അവരുടെ ആഗ്രഹപ്രകാരമല്ല, അവരുടെ ശരീരത്തിന്റെ ശക്തിക്കനുസരിച്ചുമല്ല, പകരം അവരുടെ കർമ്മങ്ങൾ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഹദീഥിൽ വന്നത് പോലെ കർമ്മങ്ങൾ അനുസരിച്ചായിരിക്കും വേഗത

ആരുടെ പ്രവർത്തനമാണോ ഏറ്റവും നല്ല സ്വാലിഹായത്, അവർ നല്ല വേഗതയിൽ കടക്കും. കണ്ണിമ വെട്ടുന്ന നേരം കൊണ്ട് കടക്കുന്നവർ അവരുടെ കൂട്ടത്തിലുണ്ട്, മിന്നൽ വേഗതയിൽ കടക്കുന്നവർ, ആഞ്ഞു വീശുന്ന കാറ്റിന്റെ വേഗതയിൽ കടക്കുന്നവർ, പക്ഷിയെ പോലെ കടക്കുന്നവർ, കുതിരയെപ്പോലെ കടക്കുന്നവർ, ഒരു മനുഷ്യൻ ഓടുന്ന വേഗതയിൽ കടക്കുന്നവർ, അങ്ങനെ അവരിലെ അവസാനക്കാരൻ നരകത്തിലേക്ക് വലിക്കപ്പെടും. എന്നാൽ പ്രവർത്തനങ്ങൾ മോശമായി പോയവൻ വളരെ വേഗത കുറഞ്ഞായിരിക്കും കടക്കുക, നരകത്തിന് അവകാശിയാണെങ്കിൽ കൊളുത്തുകളാൽ വലിക്കപ്പെടുകയും ചെയ്യും.

അല്ലയോ വിശ്വാസികളെ, അന്ത്യദിനത്തിലെ രംഗങ്ങളിൽ പെട്ടതാണ്, വിശ്വാസികൾ പെട്ട ഒരു കൂട്ടം മനുഷ്യരെ സ്വർഗ്ഗത്തിനും നരകത്തിനും ഇടയിലുള്ള ഒരു പാളത്തിന് മുകളിൽ നിർത്തും എന്നത്. നരകത്തിൽ നിന്ന് ശിക്ഷിക്കപ്പെടുകയും പിന്നീട് അതിൽ നിന്ന് മോചനം നല്കപ്പെട്ടത്തിന് ശേഷം വിശ്വാസികൾ ആ പ്രഥലത്തിൽ നിൽക്കും, അവരുടെ ഹൃദയങ്ങളിൽ കടന്നു കൂടിയ വെറുപ്പും അസൂയയും വിദ്വേഷവുമെല്ലാം സംസ്കരിക്കാൻ വേണ്ടിയാണത്.

തങ്ങളുടെ ഹൃദയങ്ങൾ ശുദ്ധിയായതിന് ശേഷമല്ലാതെ അവർ സ്വർഗത്തിലേക്ക് പ്രവേശിക്കുകയില്ല.

﴿ وَنَزَعْنَا مَا فِي صُدُورِهِم مِّنْ غِلٍّ ﴾

വിശ്വാസികളുടെ മനസ്സുകളിലുള്ള ഉൾപകയെല്ലാം നാം നീക്കികളയുന്നതാണ്.

ഈ ആയത്തിന്റെ വ്യാഖ്യാനമായി ബുഖാരി رحمه الله കൊണ്ട് വന്നു, അബു സഈദ് അൽ ഖുദ്രിയിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

يَخْلُصُ الْمُؤْمِنُونَ مِنَ النَّارِ، فَيُحْبَسُونَ عَلَى قَنْطَرَةٍ بَيْنَ الْجَنَّةِ وَالنَّارِ، فَيُقَصُّ لِبَعْضِهِمْ مِنْ بَعْضٍ، مَظَالِمُ كَانَتْ بَيْنَهُمْ فِي الدُّنْيَا، حَتَّى إِذَا هُذِّبُوا وَنُقُّوا أُذِنَ لَهُمْ فِي دُخُولِ الْجَنَّةِ، فَوَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لأَحَدُهُمْ أَهْدَى بِمَنْزِلِهِ فِي الْجَنَّةِ مِنْهُ بِمَنْزِلِهِ كَانَ فِي الدُّنْيَا

നരകാഗ്നിയിൽ നിന്ന് രക്ഷപ്പെട്ട വിശ്വാസികളെ സ്വർഗത്തിനും നരകത്തിനും ഇടയിലുള്ള ഒരു പാലത്തിൽ നിർത്തുകയും ഇഹലോകത്ത് അവർ അന്യോന്യം ചെയ്ത തെറ്റുകളുടെ പേരിൽ അവർക്കിടയിൽ പരസ്പര പ്രതികാരം സ്ഥാപിക്കുകയും ചെയ്യും. അവർ ശുദ്ധീകരിക്കപ്പെടുകയും സാംസ്കരിക്കപ്പെടുകയും ചെയ്ത ശേഷം അവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടും. മുഹമ്മദിന്റെ ﷺ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണേ സത്യം, അവന്റെ ഇഹലോകത്തെ വാസസ്ഥലത്തെക്കാൾ നന്നായി അവരെല്ലാം അവന്റെ സ്വർഗത്തിലെ വസതിയെ അറിയും.

ഇബ്നു തയ്മിയ്യ رحمه الله പറഞ്ഞു :

നീചമായ നഫ്സുകൾ ഒരു മ്ലേച്ചതാകലുമില്ലാത്ത ശുദ്ധിയുള്ള സ്വർഗത്തിൽ പ്രവേശിക്കാൻ അർഹതപ്പെട്ടവയല്ല. എന്നാൽ നഫ്സിൽ വല്ല മ്ലേച്ചതാകളുമുണ്ടെങ്കിൽ, സ്വർഗപ്രവേശനത്തിന് പ്രാപ്തമാകുന്നത് വരെ ശുദ്ധീകരിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്യുന്നതാണ്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അന്ത്യദിനത്തിലെ രംഗങ്ങളിൽ പെട്ടതാണ് നബി യുടെ ശുപാർഷകൾ. കഴിഞ്ഞ ഖുത്ബയിൽ സൂചിപ്പിച്ച വലിയ ശുപാർശ ഒഴികെ നാല് ശുപാർശകളാണ് അവ. ഒന്നാമത്തേത് വിശ്വാസികളെ സ്വർഗ്ഗതത്തിലേക്ക് പ്രവേശിപ്പിക്കാനുള്ള ശുപാർശയാണ്. വിശ്വാസികൾ സ്വർഗ്ഗതത്തിന് അടുക്കലേക്ക് വന്നാൽ, വാതിലുകൾ അടഞ്ഞുകിടക്കുന്നതായിട്ട് ആയിരിക്കും അവർ കാണുക. അപ്പോൾ നബി സ്വർഗ്ഗത്തിന്റെ വാതിലിൽ കൊട്ടുകയും അങ്ങനെ സ്വർഗ്ഗത്തിന്റെ കാവൽക്കാരൻ ചോദിക്കും: ആരാണ് നിങ്ങൾ?

മറുപടി നൽകും : മുഹമ്മദ്.

അങ്ങനെ കാവൽക്കാരൻ പറയും : നിങ്ങൾക്ക് മുൻപ് മറ്റാർക്കും തുറന്ന് നൽകരുത് എന്നാണ് ഞാൻ കൽപ്പിക്കപ്പെട്ടത്.

അനസ് ഇബ്നു മാലിക് ﵁ ഉദ്ധരിക്കുന്ന ഹദീഥിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

أَنَا أَوَّلُ النَّاسِ يَشْفَعُ فِي الْجَنَّةِ وَأَنَا أَكْثَرُ الأَنْبِيَاءِ تَبَعًا

സ്വർഗത്തിൽ ശുപാർശ ചെയ്യുന്നവരിൽ ഒന്നാമൻ ഞാനായിരിക്കും, നബിമാരിൽ ഏറ്റവും കൂടുതൽ അനുയായികൾ ഉള്ളതും എനിക്കാണ്.

നബി ﷺ യാണ് ആദ്യമായി സ്വർഗ്ഗത്തിൽ പ്രവേശിക്കുക, അവിടുത്തതിന് മുൻപ് ആരും പ്രവേശിക്കുകയില്ല. നബിമാരിൽ ആദ്യമായി പ്രവേശിക്കുന്നത് മുഹമ്മദ് ﷺ ആണ് എന്നതും സമുദായങ്ങളിൽ ആദ്യം അവിടുത്തെ സമുദായം ആണ് എന്നതും ഇരുവരുടെയും ശ്രേഷ്ഠത പ്രകടിപ്പിക്കലാണ്.

രണ്ടാമത്തെ ശുപാർശ വിചാരണയില്ലാത്തവർക്കുള്ള സ്വർഗ്ഗപ്രവേശത്തിന് ഉള്ളതാണ്. അതിനുള്ള തെളിവ് അബു ഹുറൈറ ﵁ ഉദ്ധരിച്ച ദീർഘമായ ഹദീഥിൽ വന്നത് പോലെ, റസൂൽ ﷺ യോട് പറയപ്പെടും :

يَا مُحَمَّدُ أَدْخِلْ مِنْ أُمَّتِكَ مَنْ لاَ حِسَابَ عَلَيْهِمْ مِنَ الْبَابِ الأَيْمَنِ مِنْ أَبْوَابِ الْجَنَّةِ

ഓ മുഹമ്മദേ, നിന്റെ സമുദായത്തിൽ പെട്ട വിചാരണയില്ലാത്തവരെ സ്വർഗ്ഗത്തിലെ വലത് ഭാഗത്തെ കവാടത്തിലൂടെ നീ പ്രവേശിപ്പിക്കുക.

മൂന്നാമത്തെ ശുപാർശ, നരകത്തിൽ പ്രവേശിച്ച പാപികളായ വിശ്വാസികളെ അവിടെ നിന്നും മോചിപ്പിക്കാൻ വേണ്ടിയുള്ളതാണ്. ഈ ശുപാർശയെ കുറിച്ചാണ് നബി ﷺ ഇപ്രകാരം പറഞ്ഞത് :

لِكُلِّ نَبِيٍّ دَعْوَةٌ مُسْتَجَابَةٌ يَدْعُو بِهَا، وَأُرِيدُ أَنْ أَخْتَبِئَ دَعْوَتِي شَفَاعَةً لأُمَّتِي فِي الآخِرَةِ

ഓരോ പ്രവാചകനും നിരസിക്കപ്പെടാത്ത ഒരു പ്രാർത്ഥനയുണ്ട്, അതിലൂടെ അവൻ അല്ലാഹുവിനോട് അപേക്ഷിക്കുന്നു, പരലോകത്ത് എന്റെ അനുയായികൾക്കായി ശുപാർശ ചെയ്യുന്നതിനായി ആ പ്രാർത്ഥന നീട്ടിവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അതു പോലെ തന്നെ നബി ﷺ പറഞ്ഞു:

شَفَاعَتِي لأَهْلِ الْكَبَائِرِ مِنْ أُمَّتِي

എന്റെ ഉമ്മത്തിൽ പെട്ട വൻപാപം ചെയ്ത ആളുകൾക്ക് വേണ്ടിയാണ് എന്റെ ശുപാർശ.

നാലാമത്തെ ശുപാർശ, അവിടുത്തെ എളാപ്പ അബു താലിബിൻ ശിക്ഷയിൽ ഇളവ് ലഭിക്കാൻ വേണ്ടിയുള്ളതാണ്. കാരണം റസൂലിനെ സംരക്ഷിക്കുകയും മുഷ്രികീങ്ങളുടെ ഉപദ്രവങ്ങളെ തൊട്ട് തടയുകയും ചെയ്തവരായിരുന്നു അബു താലിബ്. അൽ അബ്ബാസ് ഇബ്നു അബ്ദുൽ മുത്തലിബ് ഒരിക്കൽ റസൂലിനോട് ചോദിച്ചു

مَا أَغْنَيْتَ عَنْ عَمِّكَ فَإِنَّهُ كَانَ يَحُوطُكَ وَيَغْضَبُ لَكَ.

"നിങ്ങളുടെ അമ്മാവന് (അബു താലിബ്) (അല്ലാഹുവാൽ) നിങ്ങൾ കാരണം വല്ല പ്രയോജനം ഉണ്ടായിട്ടുണ്ടോ, കാരണം അവർ നിങ്ങളെ സംരക്ഷിക്കുകയും നിങ്ങളുടെ പേരിൽ കോപിക്കുകയും ചെയ്യാറുണ്ടായിരുന്നു."

നബി ﷺ പറഞ്ഞു

هُوَ فِي ضَحْضَاحٍ مِنْ نَارٍ، وَلَوْلاَ أَنَا لَكَانَ فِي الدَّرَكِ الأَسْفَلِ مِنَ النَّارِ

"അവർ ഒരു ആഴമില്ലാത്ത തീയിലാണ്, ഞാനില്ലായിരുന്നുവെങ്കിൽ നരകാഗ്നിയുടെ അടിത്തട്ടിൽ ആയിരിക്കുമായിരുന്നു."

അല്ലയോ അല്ലാഹുവിന്റെ അടിമകളെ, അന്ത്യദിനത്തിലെ രാജ്യങ്ങളിലെ നാല് രംഗങ്ങളാണ് ഇവ. കർമ്മരേഖ നീട്ടി നൽകപ്പെടൽ, നരകത്തിന് മുകളിലൂടെ സ്വിറാത്ത് നീട്ടപ്പെടൽ, വിശ്വാസികളെ ഒരു കൂട്ടം ആളുകൾ സ്വർഗ്ഗ നരകങ്ങൾക്ക് ഇടയിൽ ഒരു പാലത്തിന് മുകളിൽ നിൽക്കൽ, നബി യുടെ അഞ്ച് ശുപാർഷകൾ എന്നിവയാണ് അവ.

അന്ത്യദിനത്തിലുള്ള വിശ്വാസം -4

ശഫാഅത്തിന്റെ ഇനങ്ങൾ

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ، فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങളറിയുക, അല്ലാഹു മതനിയമങ്ങൾ നിശ്ചയിക്കുന്നതിലും കാര്യങ്ങൾ തീരുമാനിക്കുന്നതിലും പ്രതിഫല നടപടികളിലും അങ്ങേയറ്റം ഹിക്മത് അഥവാ യുക്തിയുള്ളവനാണ്. അല്ലാഹുവിന്റെ ഹിക്മത്തിന്റെ ഭാഗമാണ് സൃഷ്ടികൾക്ക് പ്രതിഫലം നൽകാനായി അവങ്കലേക്ക് ഒരു മടക്കം നിശ്ചയിച്ചു എന്നത്.

അല്ലാഹു പറയുന്നു :

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لا تُرْجَعُون * فتعالى الله الملك الحق﴾.

“അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.”

അന്ത്യനാളിലുള്ള വിശ്വാസത്തിന്റെ ഭാഗമായ ചില കാര്യങ്ങളെയാണ് കഴിഞ്ഞ ഖുതുബകളിൽ സൂചിപ്പിച്ചത്. അതിന്റെ തുടർച്ചയെന്നോണം ചില കാര്യങ്ങളാണ് ഈ ഖുതുബയിൽ പരാമർശിക്കുന്നത്.

അല്ലാഹുവിന്റെ അടിമകളെ, ഖിയാം എന്നാളിൽ ഉണ്ടാകുന്ന കാര്യങ്ങളിൽ പെട്ടതാണ് ഷഫാഅത്ത് അഥവാ ശുപാർശ. ആറുവിഭാഗം ആളുകളാണ് ശുപാർശ ചെയ്യുക. ആറു പേരിൽ നബി ﷺ ക്ക് നൽകപ്പെട്ട 5 ഇനം ഷഫാഅത്തുകളെ കുറിച്ച് കഴിഞ്ഞ ഖുതുബകളിൽ പരാമർശിച്ചു. മറ്റുള്ള ശുപാർശകർ ; മുഅ്മിനീങ്ങൾ

മലക്കുകൾ ചെറുപ്പത്തിൽ മരണപ്പെട്ട കുട്ടികൾ ശുഹദാക്കൾ ഖുർആൻ എന്നിവയാണ്.

1. റുസുലുകൾ മുഅ്മിനീങ്ങൾക്ക് വേണ്ടി നിർവഹിക്കുന്ന ശഫാഅത്ത് നരകത്തിൽ പ്രവേശിച്ച പാപങ്ങൾ ചെയ്തവരെ നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരാൻ വേണ്ടിയുള്ളതാണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

إذا مُيِّز أهل الجنة وأهل النار، فدخل أهل الجنة الجنة، وأهل النار النار، قامت الرسل فشَفَعوا، فيقول: انطلِقوا – أو اذهبوا – فمن عرفتم فأخرجوه، فيُخرجونهم قد امتُحِشوا، فيُلقُونهم في نَهَرٍ – أو على نَهَرٍ – يقال له «الحياة»، فتسقط محاشُّهُم على حافةِ النَّهَرِ ويَخرُجون بِيضاً مثل الثَّعارير، ثم يَشفعون فيقول: ﴿اذهبوا – أو انطلقوا – فمن وجدتم في قلبه مِثقالَ قيراطٍ من إيمان فأخرِجوهم﴾، قال: فيُخرِجون بشرا ثم يشفعون، فيقول: ﴿اذهبوا – أو انطلقوا – فمن وجدتم في قلبه مثقال حبة من خردلة[1] من إيمان فأخرِجوه﴾ ... الحديث

സ്വർഗ്ഗക്കാരും നരകക്കാരും വേർതിരിക്കപ്പെട്ട് സ്വർഗ്ഗാവകാശികൾ സ്വർഗ്ഗത്തിലും നരകാവകാശികൾ നരകത്തിലും പ്രവേശിച്ചാൽ മുർസലീങ്ങൾ ശുപാർശ ചെയ്യും. അങ്ങനെ നരകത്തിൽ നിന്ന് അവർ തിരിച്ചറിയുന്ന വരെ പോയി പുറത്തുകൊണ്ടുവരാൻ അവർക്ക് അനുവാദം നൽകും. നരകത്തിൽ കരിഞ്ഞ ശരീരങ്ങളെ അവർ പുറത്തെടുക്കുകയും ശേഷം 'അൽ ഹയാത്ത്' എന്ന നദിയിൽ മുക്കുമ്പോൾ അവരുടെ ശരീരത്തിലെ കരിഞ്ഞ ഭാഗങ്ങൾ ആ നദിയിൽ പൊഴിഞ്ഞു വീഴുകയും ചെറിയ ഒരിനം കക്കരി പോലെ അവർ പെട്ടെന്ന് തന്നെ വെളുത്ത നല്ല ശരീരവുമായി പുറത്തുവരികയും ചെയ്യും. വീണ്ടും മുർസലീങ്ങൾ ശുപാർശ ചെയ്യും. അപ്പോൾ ഒരു കീറാ ത്തോളം (അഥവാ നാല് ഗോതമ്പ് മണികളുടെ തൂക്കം) ഈമാൻ ഹൃദയത്തിലുള്ളവരെ നരകത്തിൽ നിന്ന് പുറത്തു കൊണ്ടുവരാൻ അവർക്ക് അനുവാദം നൽകും. അങ്ങനെ അവരും പൂർണ്ണ മനുഷ്യരായി നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരപ്പെടും. വീണ്ടും ശുപാർശ ചെയ്യുമ്പോൾ ചെറിയ കനം കുറഞ്ഞ ഒരു ധാന്യമണിയോളം തൂക്കം ഈമാൻ ഹൃദയത്തിലുള്ളവരെ പുറത്തുകൊണ്ടുവരാൻ അവർക്ക് അനുവാദം നൽകും.

ഹുദൈഫ റളിയല്ലഹു അൻഹു ഉദ്ധരിക്കുന്ന ഹദീസിൽ കാണാം :

ഇബ്റാഹീം - അലൈഹിസ്സലാം- റബ്ബിനെ വിളിച്ചുകൊണ്ട് പറയും :

يا رب، حَرَّقْتَ بَنِيَّ،

റബ്ബേ നീ എന്റെ മക്കളെ കരിച്ചു കളഞ്ഞല്ലോ.

അപ്പോൾ അല്ലാഹു പറയും :

أخرجوا من النار من كان في قلبه ذرة أو شَعيرة من إيمان.

[1] . الخردل نبات عشبي، منه بزور يُتبل بها الطعام، واحدتها خردلة، يضرب بها المثل في الصغر. انظر «المعجم الوسيط»

അവരിൽ ഒരു ചെറിയ ഉറുമ്പിനെ തൂക്കമോ ഒരു ചെറിയ ഗോതമ്പിന്റെ തൂക്കമോ ഈമാൻ ഹൃദയത്തിലുള്ളവരെ നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരിക.

2. രണ്ടാമത്തേത് സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെട്ടവരായ മുഅ്മിനീങ്ങൾ നരകത്തിൽ കഴിയുന്ന അവരുടെ സഹോദരങ്ങളായ മറ്റു മുഅ്മിനീങ്ങൾക്ക് വേണ്ടി നടത്തുന്ന ശുപാർശയാണ്.

നബി ﷺ പറഞ്ഞു :

حتى إذا خَـلَصَ المؤمنون من النار، فوالذي نفسي بيده ما من أحد منكم بأشد مناشدة لله في استقصاء الحق من المؤمنين لله يوم القيامة لإخوانهم الذين في النار، يقولون: ربنا، كانوا يصومون معنا ويصلون ويحجون.

فيقال لهم: أخرجوا من عرفتم.

فتُـحَرَّم صُورُهم على النار ، فيُخرِجون خلقا كثيرا، قد أخذت النار إلى نصف ساقيه وإلى ركبتيه.

ثم يقولون: ربنا، ما بقي فيها أحد ممن أمرتنا به.

فيقول: ارجِعوا، فمن وجدتم في قلبه مثقال دينار من خيرٍ فأخرِجوه.

فيُخرِجون خلقا كثيرا، ثم يقولون: ربنا، لم نَذَرْ فيها أحدا ممن أمرتنا به.

ثم يقول: ارجِعوا، فمن وجدتم في قلبه مثقالَ نصف دينارٍ من خير فأخرِجوه.

فيُخرِجون خلقا كثيرا، ثم يقولون: ربنا، لم نَذَرْ فيها ممن أمرتنا أحدا.

ثم يقول: ارجِعوا، فمن وجدتم في قلبه مثقال ذرة من خير فأخرِجوه.

فيُخرِجون خلقا كثيرا، ثم يقولون: ربنا، لم نَذَرْ فيها خيرا.

وكان أبو سعيد الخدري يقول: إن لم تصدقوني بهذا الحديث فاقرأوا إن شئتم:

إن الله لا يظلم مثقال ذرة وإن تك حسنة يضاعفها ويؤت من لدنه أجرا عظيما

മുഅ്മിനീങ്ങൾ നരകത്തിൽ നിന്ന് രക്ഷപ്പെട്ടു കഴിഞ്ഞാൽ എന്റെ നഫ്സ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, തനിക്ക് ലഭിക്കേണ്ട ഒരു അവകാശം നഷ്ടപ്പെട്ടതിന്റെ പേരിൽ വാദിക്കുന്നതിനേക്കാൾ ശക്തമായി മുഅ്മിനീങ്ങൾ നരകത്തിലുള്ള അവരുടെ സഹോദരങ്ങളുടെ കാര്യത്തിൽ അല്ലാഹുവിനോട് സംസാരിക്കും. അവർ പറയും : റബ്ബേ, അവർ ഞങ്ങളുടെ കൂടെ നോമ്പെടുക്കുകയും നിസ്കരിക്കുകയും ഹജ്ജ് നിർവഹിക്കുകയും ചെയ്തിരുന്നവരാണ്. അവരോട് മറുപടി പറയപ്പെടും : നിങ്ങൾക്കറിയാവുന്ന വരെ നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരിക. അങ്ങനെ അവരുടെ ശരീരത്തെ ഉപദ്രവിക്കാൻ നരകത്തിന് സാധിക്കാതെയാക്കും. ശേഷം അവർ നരകത്തിൽ നിന്ന് ഒരുപാട് ആളുകളെ പുറത്തുകൊണ്ടുവരും. അവരുടെ കണങ്കാലിന്റെ പകുതി മുതൽ ഞരിയാണി വരെ നരകം സ്പർശിച്ചിട്ടുണ്ടാകും.

ശേഷം അവർ പറയും : റബ്ബേ നീ ഞങ്ങളോട് കൽപ്പിച്ച മുഴുവൻ ആളുകളും നരകത്തിൽ നിന്ന് പുറത്തുവന്നിട്ടുണ്ട്.

അപ്പോൾ അല്ലാഹു പറയും : നിങ്ങൾ തിരിച്ചു പോയി ഹൃദയത്തിൽ ഒരു ദിനാറിന്റെ അത്രയും നന്മശേഷിക്കുന്ന വരെ മുഴുവൻ നരകത്തിൽ നിന്ന് പൊറുത്തു കൊണ്ടുവരിക.

ശേഷം അവർ പറയും : റബ്ബേ നീ ഞങ്ങളോട് കൽപ്പിച്ച മുഴുവൻ ആളുകളും നരകത്തിൽ നിന്ന് പുറത്തുവന്നിട്ടുണ്ട്.

അപ്പോൾ അല്ലാഹു പറയും : നിങ്ങൾ തിരിച്ചു പോയി ഹൃദയത്തിൽ ഒരു ദിനാറിന്റെ പകുതിയോളം നന്മശേഷിക്കുന്ന വരെ മുഴുവൻ നരകത്തിൽ നിന്ന് പൊറുത്തു കൊണ്ടുവരിക.

ശേഷം അവർ പറയും : റബ്ബേ നീ ഞങ്ങളോട് കൽപ്പിച്ച മുഴുവൻ ആളുകളും നരകത്തിൽ നിന്ന് പുറത്തുവന്നിട്ടുണ്ട്.

അപ്പോൾ അല്ലാഹു പറയും : നിങ്ങൾ തിരിച്ചു പോയി ഹൃദയത്തിൽ ഒരു ചെറിയ ഉറുമ്പിനോളം നന്മശേഷിക്കുന്ന വരെ മുഴുവൻ നരകത്തിൽ നിന്ന് പൊറുത്തു കൊണ്ടുവരിക.

ശേഷം അവർ പറയും : റബ്ബേ നീ ഞങ്ങളോട് കൽപ്പിച്ച മുഴുവൻ ആളുകളും നരകത്തിൽ നിന്ന് പുറത്തുവന്നിട്ടുണ്ട്.

അബൂ സഈദുൽ ഖുദരി പറയുന്നു : ഇത് നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ വേണമെങ്കിൽ നിങ്ങൾക്ക് ഈ ആയത്ത് ഓതി നോക്കാവുന്നതാണ് :

“തീർച്ചയായും അല്ലാഹു ഒരു ചെറിയ ഉറുമ്പിനോളം അനീതി കാണിക്കുകയില്ല. വല്ല നൻമയുമാണുള്ളതെങ്കിൽ അതവൻ ഇരട്ടിച്ച് കൊടുക്കുകയും, അവന്റെ പക്കൽ നിന്നുള്ള വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്.”

3. മൂന്നാമത്തെ ഇനം ശുപാർശ മലക്കുകൾ മുഅ്മിനീങ്ങളിലെ പാപികൾക്ക് വേണ്ടി ചെയ്യുന്നതാണ്. ശേഷം ഒരു വിഭാഗത്തെ അല്ലാഹു തന്റെ ഔദാര്യത്തിന്റെ ഭാഗമായി മാത്രം നരകത്തിൽ നിന്ന് പുറത്തു കൊണ്ടുവരപ്പെടും.

അല്ലാഹു പറയും :

شفَعَت الملائكة، وشفع النبيون، وشفع المؤمنون، ولم يبق إلا أرحم الراحمين (وفي لفظ: وبقيت شفاعتي)، فيقبض قبضة من النار فيُخرج منها قوما لم يعملوا خيرا قط، قد عادوا حُمَماً، فيُلقيهم في نَهَرٍ في أفواه الجنة يقال له نَهَرُ الحياة، فيخرجون كما تخرج الحِبَّةُ في حَمِيل السَّيل

മലക്കുകൾ ശുപാർശ ചെയ്തു. നബിമാർ ശുപാർശ ചെയ്തു. കരുണ ചെയ്യുന്നവരിൽ ഏറ്റവും കാരുണ്യവാൻ മാത്രമാണ് ബാക്കിയുള്ളത്. ചില റിപ്പോർട്ടിൽ : എന്റെ ശുപാർശയാണ് ഇനി ബാക്കിയുള്ളത്. അങ്ങനെ നരകത്തിൽ നിന്ന് ഒരു പിടി പിടിക്കുകയും ഒരു നന്മയും ചെയ്തിട്ടില്ലാത്ത ഒരു കൂട്ടം കരിക്കട്ടകളായി മാറിയ ആളുകളെ നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരും. ശേഷം അൽ ഹയാത്ത് എന്ന് പേരുള്ള നദിയിൽ അവരെ പ്രവേശിപ്പിക്കുകയും അതിനെ തുടർന്ന് ഒലിച്ചുപോകുന്ന വെള്ളത്തിൽ നിന്ന് വിത്തുകൾ മുളച്ചു പൊന്തുന്നത് പോലെ അവർ പുറത്തുവരികയും ചെയ്യും.

മറ്റൊരു ഹദീസിൽ കാണാം :

أنا الآن أُخرج بعلمي ورحمتي. قال: فيُخرِجُ أضعافَ ما أخرجوا وأضعافَه، فيُكتبُ في رقابهم «عتقاء الله ﷻ»، ثم يدخلون الجنة، فيُسَمَّون فيها «الجهنَّميين».

ഇനി ഞാൻ എന്റെ കാരുണ്യവും എന്റെ അറിവും കൊണ്ട് ചിലരെ നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരികയാണ്. അങ്ങനെ ഇതുവരെ നരകത്തിൽ നിന്ന് പുറത്തുവന്നവരുടെ പല ഇരട്ടി ആളുകളെ നരകത്തിൽ നിന്ന് പുറത്തുകൊണ്ടുവരും. അവരുടെ പിരടിയിൽ അല്ലാഹു മോചിപ്പിച്ചവർ എന്ന് എഴുതപ്പെടും. ശേഷം അവർ സ്വർഗത്തിൽ പ്രവേശിക്കും. സ്വർഗ്ഗത്തിൽ അവർ ജഹാന്നമിയ്യൂൻ എന്ന് വിളിക്കപ്പെടും.

4. ശുഹദാക്കൾ അവരുടെ സഹോദരങ്ങളായ മുഅമിനീങ്ങൾക്ക് വേണ്ടി നിർവഹിക്കുന്ന ശുപാർശ.

നബി ﷺ പറഞ്ഞു :

للشهيد عند الله ست خصال: يُغفر له في أول دَفعةٍ، ويَرى مقـعده من الجنة، ويُجار من عذاب القبر، ويأمنُ من الفـزع الأكبر، ويوضعُ على رأسه تاجُ الوقار، الياقوتةُ منها خيرٌ من الدنيا وما فيها، ويُـزَوَّجُ اثنتين وسبعين زوجةً من الحور العين، ويُشَـفَّعُ في سبعين من أقاربه.

ശുഹദാക്കൾക്ക് അല്ലാഹുവിന്റെ അടുക്കൽ ആറ് കാര്യങ്ങളുണ്ട്. ആദ്യമായി അവരുടെ ശരീരത്തിൽ നിന്ന് രക്തം ചീറ്റുമ്പോഴേക്ക് അവരുടെ പാപങ്ങൾ പൊറുക്കപ്പെടും. സ്വർഗ്ഗത്തിൽ അവർ അവരുടെ ഇരിപ്പിടം കാണും. നരകത്തിൽ നിന്ന് അവർക്ക് സംരക്ഷണം നൽകപ്പെടും. ഏറ്റവും വലിയ ഭീതിയിൽ നിന്ന് അവർക്ക് നിർഭയത്വം ലഭിക്കും. അവരുടെ തലയിൽ താജുൽ വഖാർ എന്ന കിരീടം ചാർത്തപ്പെടും. അതിലെ മുത്ത് ദുനിയാവിലെ സർവ്വ വസ്തുക്കളെക്കാളും ഉത്തമമാണ്. സ്വർഗ്ഗീയ സ്ത്രീകളിൽ പെട്ട 72 ആളുകളെ അവർക്ക് വിവാഹം

ചെയ്ത് നൽകപ്പെടും. അവരുടെ ബന്ധുക്കളായ 70 ആളുകളുടെ കാര്യത്തിൽ അവരുടെ ശുപാർശ സ്വീകരിക്കും.

5. പ്രായപൂർത്തി എത്തുന്നതിന് മുമ്പ് മരണപ്പെട്ട ചെറിയ കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കൾക്ക് വേണ്ടി ശുപാർശ ചെയ്യും.

നബി ﷺ പറഞ്ഞു :

ما من مسلمَين يموت بينهما ثلاثة أولاد لم يبلغوا الحِنْثَ إلا أدخلهم الله بفضل رحمته إياهم الجنة. قال: يقال لهم: أُدخلوا الجنة. فيقولون: حتى يدخل آباؤنا. فيُقال: ادخلوا الجنة أنتم وآباؤكم.

മുസ്ലിങ്ങളിൽ ആർക്കാണോ പ്രായപൂർത്തി എത്താത്ത മൂന്നു മക്കൾ മരണപ്പെടുന്നത് അവരെ അല്ലാഹു അവന്റെ ഔദാര്യമെന്നോണം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. ആ മക്കളോട് സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക എന്ന് പറയപ്പെടുമ്പോൾ അവർ പറയും: ഞങ്ങളുടെ മാതാപിതാക്കൾ പ്രവേശിക്കട്ടെ, അതിനുശേഷം ഞങ്ങൾ പ്രവേശിക്കൂ. അപ്പോൾ അവരോട് പറയപ്പെടും: നിങ്ങളും നിങ്ങളുടെ മാതാപിതാക്കളും സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക.

6. ഖുർആൻ മുഅമിനീങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യും.

നബി ﷺ പറഞ്ഞു :

اقرأوا القرآن فإنه يأتي يوم القيامة شفيعا لأصحابه، اقرأوا الزَّهراوين؛ البقرة وسورة آل عمران، فإنهما يأتيان يوم القيامة كأنهما غمامتان أو كأنهما غَيايتان أو كأنهما فِرْقان من طيرٍ صوافَّ، تُحاجَّان عن أصحابهما.

നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. ഖുർആൻ അതിന്റെ ആളുകൾക്ക് ഖിയാമത്ത് നാളിൽ ശുപാർശയുമായി വരും. നിങ്ങൾ ബക്കറയും ആലു ഇമ്രാനും പാരായണം ചെയ്യുക. അവ രണ്ടും ഖിയാമത്ത് നാളിൽ തണൽ ഇടുന്ന രണ്ടു വസ്തുക്കളായി അല്ലെങ്കിൽ രണ്ട് മേഘങ്ങളെ പോലെ വരും. അല്ലെങ്കിൽ ചിറക് വിരിച്ച് പറക്കുന്ന രണ്ട് പക്ഷികളെ പോലെ വന്നു അതിന്റെ ആളുകൾക്ക് വേണ്ടി വാദിക്കും.

മുകളിൽ വിശദീകരിച്ചവയാണ് വിവിധയിനം ശുപാർശകൾ. അവ മുഖേന നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ട മുഅ്മിനീങ്ങൾ അതിൽനിന്ന് പുറത്തുകൊണ്ടുവരപ്പെടും.

അല്ലാഹു പരിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബർക്കത്ത് നൽകട്ടെ.

രണ്ടാമത്തെ ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവനോട് തഖ്വ പുലർത്തുന്നവരാവുക. നിങ്ങൾ അറിയുക,

മുകളിൽ വിശദീകരിച്ച ശുപാർശ എല്ലാവർക്കും ലഭിക്കുകയില്ല. മറിച്ച് അതിന് രണ്ട് നിബന്ധനകൾ ഉണ്ട്;

ഒന്നാമത്തേത്, ശുപാർശ ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ അനുവാദമാണ്.

﴿من ذا الذي يشفع عنده إلا بإذنه﴾.

അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്?

﴿ولا تنفع الشفاعة عنده إلا لمن أذن له﴾.

ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല.

രണ്ടാമത്തെ നിബന്ധന, ശുപാർശ ചെയ്യുന്നയാൾ അള്ളാഹു തൃപ്തിപ്പെട്ട ആളാകണം എന്നതാണ്.

﴿ولا يشفعون إلا لمن ارتضى﴾

അവൻ തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല.

﴿يومئذ لا تنفع الشفاعة إلا من أذن له الرحمٰن ورضي له قولا﴾.

അന്നേ ദിവസം പരമകാരുണികൻ ആരുടെ കാര്യത്തിൽ അനുമതി നൽകുകയും ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവന്നല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല.

ഈ രണ്ടു നിബന്ധനകളും അല്ലാഹു ഒരുമിച്ച് പരാമർശിച്ചിട്ടുണ്ട് :

﴿وكم من ملك في السماوات لا تغني شفاعتهم شيئا إلا من بعد أن يأذن الله لمن يشاء ويرضى﴾.

ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശയ്ക്ക്) അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ.

ഇബ്റാഹീം നബി തന്റെ പിതാവായ ആസറിന് ചെയ്യുന്ന ശുപാർശ സ്വീകരിക്കപ്പെടുകയില്ല എന്നതും ഇവിടെ വിശദീകരിച്ചതിനുള്ള തെളിവാണ്. അദ്ദേഹം അല്ലാഹുവിന്റെ ഖലീൽ ആയ പ്രവാചകനായിരുന്നു കൂടി.

മുഅ്മിനീങ്ങളെ, നിങ്ങളറിയുക. അല്ലാഹുവിന്റെ തൃപ്തി ലഭിക്കാൻ ഇബാദത്തുകൾ അവനു മാത്രമായി നിർവഹിക്കണം.

താങ്കളുടെ ശുപാർശ കൊണ്ട് സൗഭാഗ്യവാരായി തീരുന്നത് ആരാണെന്ന് ചോദിച്ചപ്പോൾ നബിﷺ മറുപടി നൽകിയത്:

أسعد الناس بشفاعتي يوم القيامة من قال «لا إله إلا الله» خالصا من قلبه، أو نفسه

എന്റെ ശുപാർശകൊണ്ട് ഖിയാമത്ത് നാളിൽ ഏറ്റവും സൗഭാഗ്യവാന്മാരായി തീരുന്നത് ഹൃദയത്തിൽ നിന്ന് അല്ലാഹുവിന്റെ ഏകത്വം ഉൾക്കൊണ്ടുകൊണ്ട് ലാ ഇലാഹ ഇല്ലല്ലാഹ് പറഞ്ഞവരാണ്.

അവിടുന്ന് ﷺ പറഞ്ഞു :

وإني اختبأت دعوتي شفاعةً لأمتي يوم القيامة، فهي نائلة، إن شاء الله، من مات من أمتي لم يشرك بالله شيئا.

എനിക്കുള്ള ഉത്തരം ലഭിക്കുന്ന പ്രാർത്ഥന എന്റെ ഉമ്മത്തിന് ശുപാർശിയായി കൊണ്ട് പരലോകത്തേക്ക് ഞാൻ മാറ്റിവച്ചിരിക്കുന്നു. എന്റെ ഉമ്മത്തിൽ നിന്ന് അല്ലാഹുവിൽ ഒന്നിനെയും പങ്കു ചേർക്കാതെ മരണപ്പെട്ടവർക്ക് ഇൻഷാ അല്ലാഹ്, അത് ലഭിക്കുന്നതാണ്.

അതുകൊണ്ട് അല്ലാഹുവിന്റെ റസൂൽ ശുപാർശ ലഭിക്കാൻ ആഗ്രഹിക്കുന്നവർ ഇബാദത്തിന്റെ ഒരു ഇനങ്ങളിലും അല്ലാഹുവിൽ പങ്കു ചേർക്കാതിരുന്നു കൊള്ളട്ടെ. അങ്ങനെ പങ്ക് ചേർക്കുന്നവർക്ക് ഒരാളുടെ ശുപാർശയും ഉപകാരപ്പെടുകയില്ല. അല്ലാഹുവിന്റെ റസൂൽ ﷺ തന്നെ അവരുടെ വിഷയത്തിൽ ശുപാർശ ചെയ്താലും ശരി. അത് അവർക്ക് ഉപകാരപ്പെടുകയില്ല.

അന്ത്യദിനത്തിലുള്ള വിശ്വാസം -5

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ، فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങളറിയുക, അല്ലാഹു മതനിയമങ്ങൾ നിശ്ചയിക്കുന്നതിലും കാര്യങ്ങൾ തീരുമാനിക്കുന്നതിലും പ്രതിഫല നടപടികളിലും അങ്ങേയറ്റം ഹിക്മത് അഥവാ യുക്തിയുള്ളവനാണ്. അല്ലാഹുവിന്റെ ഹിക്മത്തിന്റെ ഭാഗമാണ് സൃഷ്ടികൾക്ക് പ്രതിഫലം നൽകാനായി അവങ്കലേക്ക് ഒരു മടക്കം നിശ്ചയിച്ചു എന്നത്.

അല്ലാഹു പറയുന്നു :

﴿أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لا تُرْجَعُون * فتعالى الله الملك الحق﴾.

“അപ്പോൾ നാം നിങ്ങളെ വ്യർഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു.”

അന്ത്യ നാളിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളെക്കുറിച്ചാണ് കഴിഞ്ഞ ഖുതുബകളിൽ സൂചിപ്പിച്ചത്. സ്വൂറിൽ പോകുന്നതും ഖിയാമത്ത് നാളിന്റെ ഭീതികളും സൃഷ്ടികളെ പുനർ ഏഴുന്നേൽപ്പിക്കുന്നതും മഹ്ഷറിൽ ഒരുമിച്ചുകൂട്ടുന്നതും വിചാരണയും പ്രതിഫലവും സ്വർഗ്ഗത്തിലെ സുഖാനുഭൂതികളും നരകത്തിലെ ശിക്ഷകളും ഖിയാമത്ത് നാളിലെ ചില സംഭവങ്ങളും ശുപാർശയുടെ ഇനങ്ങളും.തുടങ്ങിയ ചില വിഷയങ്ങൾ കഴിഞ്ഞ ഖുതുബകളിൽ സൂചിപ്പിച്ചു. അതിന്റെ തുടർച്ചയാന്നോണം ഖബ്റിലെ ഫിത്നയെയും ശിക്ഷയേയും സുഖാനുഭൂതികളെയും കുറിച്ചാണ് ഇന്ന് സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

ഖബ്റിലെ ഫിത്ന കൊണ്ട് ഉദ്ദേശിക്കുന്നത് ഖബ്റിൽ വച്ച് റബ്ബിനെക്കുറിച്ചും ദീനിനെക്കുറിച്ചും നബിയെ കുറിച്ചും ചോദിക്കപ്പെടുന്ന ചോദ്യങ്ങളാണ്.

സ്വാലിഹീങ്ങളായ ആളുകൾക്ക് അതിനുള്ള ഉത്തരം പറയാൻ സാധിക്കുകയും അല്ലാത്തവർക്ക് ഉത്തരം പറയാൻ സാധിക്കാതെ ഖബ്റിൽ വച്ച് ശിക്ഷിക്കപ്പെടുകയും ചെയ്യും.

ഒരുപാട് ഹദീസുകളിൽ ഇക്കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്:

നബി ﷺ പറഞ്ഞു :

إن العبد إذا وُضِع في قبره وتولى عنه أصحابه، وإنه ليسمع قَرعَ نعالِهِم؛ أتاه مَلَكان فيُقعدانه فيقولان: ما كنت تقول في هذا الرجل، لمحمد صلى الله عليه وسلم ؟ فأما المؤمن فيقول: أشهد أنه عبد الله ورسوله. فيُقال له: انظر إلى مقعدك من النار، قد أبدلك الله به مقعدا من الجنة. فيراهما جميعا. وأما المنافق والكافر فيقال له: ما كنت تقول في هذا الرجل؟ فيقول: لا أدري، كنت أقول ما يقول الناس. فيقال: لا دَرَيت ولا تَلَيت ، ويُضرب بمطارقَ من حديدٍ ضربةً، فيَصيحُ صيحةً يسمعُها من يَليهِ[1] غيرُ الثَّقَلين

"ഒരു അടിമയെ ഖബ്റിൽ വെച്ച് ബന്ധുക്കൾ തിരിച്ചുപോയി കഴിഞ്ഞാൽ അദ്ദേഹം അവരുടെ ചെരുപ്പിന്റെ ശബ്ദം കേൾക്കും. അതിനുശേഷം അദ്ദേഹത്തിന്റെ അടുക്കൽ രണ്ട് മലക്കുകൾ വരികയും അദ്ദേഹത്തെ പിടിച്ചിരുത്തുകയും ചെയ്യും. അവർ അദ്ദേഹത്തോട് ചോദിക്കും : ഈ മനുഷ്യനെ കുറിച്ച് ﴾അഥവാ മുഹമ്മദ് നബിയെ കുറിച്ച്﴿ താങ്കൾ എന്താണ് പറയുന്നത്? അപ്പോൾ മുഅ്മിനീങ്ങൾ പറയും: അദ്ദേഹം അല്ലാഹുവിന്റെ അടിമയും റസൂലുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ അവനോട് പറയപ്പെടും: നരകത്തിൽ നിനക്ക് ഉണ്ടായിരുന്ന സ്ഥാനം നീ നോക്കുക. അല്ലാഹു അതിനു പകരമായി നിനക്ക് സ്വർഗ്ഗത്തിൽ സ്ഥാനം നൽകിയിരിക്കുന്നു. അങ്ങനെ ആ രണ്ട് സ്ഥാനങ്ങളും അവൻ കാണും. എന്നാൽ മുനാഫിക്കുകളും കാഫിറുകളും ആ ചോദ്യത്തിന് മറുപടി എന്നോണം പറയും : എനിക്കറിയില്ല, ജനങ്ങൾ പറയുന്നത് ഞാനും പറഞ്ഞിരുന്നു. അപ്പോൾ അവനോട് പറയപ്പെടും : നീ സത്യം മനസ്സിലാക്കുകയോ അത് പിൻപറ്റുകയോ ചെയ്തില്ല. ശേഷം ഇരുമ്പിന്റെ വലിയ ദണ്ഡുകൊണ്ട് അവൻ അടിക്കപ്പെടും. മനുഷ്യരൊഴികെ മറ്റെല്ലാ ജീവികളും കേൾക്കുന്ന രൂപത്തിൽ അടികൊണ്ട് അവൻ അട്ടഹസിക്കും."

നബി ﷺ പറഞ്ഞു :

أن الملكين يأتيان الميت المؤمن بعد دفنه فيُجلسانه فيقولان له: من ربك؟ فيقول: ربي الله. فيقولان له: ما دينك؟ فيقول: ديني الإسلام. فيقولان له: ما هذا الرجل الذي بُعث فيكم؟ فيقول: هو رسول الله صلى الله عليه وسلم، فيقولان له: وما عِلمُك؟ فيقول: قرأتُ كتاب الله، فآمنت به وصدّقت. فينادي مناد في السماء أن صدق عبدي، فافرِشوه من الجنة، وألبِسوه من الجنة، وافتحوا له بابا إلى الجنة. قال: فيأتيه من رَوْحِها وطيبها، ويُفسح له في قبره مدَّ بصره. قال: ويأتيه

[1] . الذي يظهر من كلام ابن حجر رحمه الله في «الفتح» أن المقصود بقوله (من يليه) أي الحيوانات، لحديث أبي هريرة رضي الله عنه عند البزار: (يسمَعُهُ كل دابة إلا الثقلين)

رجل حَسَن الوجه، حسن الثياب، طيب الريح، فيقول: أبشر بالذي يسُرُّك، هذا يومك الذي كنت توعد، فيقول له: من أنت؟ فوجهك الوجه يجيء بالخير. فيقول: أنا عملك الصالح. فيقول: رب أقم الساعة حتى أرجِع إلى أهلي ومالي. ثم قال في الكافر: ويأتيه ملكان فيُجلِسانه فيقولان له: من ربك؟ فيقول: هاه، هاه، لا أدري. فيقولان له: ما دينك؟ فيقول: هاه، هاه، لا أدري. فيقولان له: ما هذا الرجل الذي بُعث فيكم؟ فيقول: هاه، هاه، لا أدري. فينادي منادٍ من السماء أن كذَبَ، فافرشوا له من النار، وافتحوا له بابا إلى النار، فيأتيه من حرّها وسَمومها، ويُضيَّق عليه قبرُه حتى تختلف فيه أضلاعه، ويأتيه رجل قبيح الوجه، قبيح الثياب، مُنتِنُ الريح، فيقول: أبشر بالذي يسوؤك، هذا يومك الذي كنت توعد. فيقول: من أنت، فوجهُك الوجه يجيء بالشر؟ فيقول: أنا عملك الخبيث. فيقول: ربِّ لا تُـقِم الساعة.

മുഅ്മിനായ മയ്യിത്തിന്റെ അടുക്കൽ കബറടക്കിയ ശേഷം രണ്ട് മലക്കുകൾ വന്നു അദ്ദേഹത്തെ എഴുന്നേൽപ്പിച്ച് ഇരുത്തി ചോദിക്കും: ആരാണ് നിന്റെ റബ്ബ് ? അദ്ദേഹം പറയും : എന്റെ റബ്ബ് അല്ലാഹുവാണ്.

അവർ ചോദിക്കും : ഏതാണ് നിന്റെ ദീന് ?

അദ്ദേഹം പറയും: എന്റെ ദീൻ ഇസ്ലാമാണ്. അവർ ചോദിക്കും : നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ഈ മനുഷ്യൻ ആരാണ്? അദ്ദേഹം പറയും : അല്ലാഹുവിന്റെ റസൂൽ ആണ്.

എന്താണ് നിന്റെ കയ്യിലുള്ള അറിവ് എന്ന് അവർ ചോദിക്കുമ്പോൾ അദ്ദേഹം പറയും ഞാൻ അല്ലാഹുവിന്റെ കിത്താബ് പഠിക്കുകയും അതിൽ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്തു. ഉടനെ മുകളിൽ നിന്ന് ഒരാൾ വിളിച്ചു പറയും : എന്റെ അടിമ സത്യം പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവൻക്ക് സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു വിരിപ്പ് വിരിച്ചു കൊടുക്കുകയും സ്വർഗ്ഗത്തിൽ നിന്നുള്ള വസ്ത്രം ധരിപ്പിക്കുകയും സ്വർഗ്ഗത്തിൽ നിന്നുള്ള കവാടം അദ്ദേഹത്തിന് വേണ്ടി തുറന്നു കൊടുക്കുകയും ചെയ്യുക. അങ്ങനെ സ്വർഗത്തിൽ നിന്നുള്ള സുഗന്ധവും സൗരഭ്യവും മന്ദമാരുതനും അദ്ദേഹത്തിന്റെ അടുക്കൽ വന്നെത്തും. നോക്കിയാൽ എത്തുന്ന അത്രയും ദൂരം ഖബ്ർ അയാൾക്ക് വേണ്ടി വിശാലമാക്കപ്പെടും. മുഖ സൗന്ദര്യമുള്ള, സുഗന്ധം വമിക്കുന്ന ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറയും : നിനക്ക് സന്തോഷം ഉണ്ടാകുന്ന കാര്യങ്ങൾ കൊണ്ട് നീ സന്തോഷിച്ചുകൊള്ളുന്നത്. നിനക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദിവസമാണിത്. നിന്റെ മുഖം നന്മ കൊണ്ടുവന്ന് തരുന്നതാണല്ലോ, നീ ആരാണ് ? എന്ന് അദ്ദേഹം ചോദിക്കുമ്പോൾ അയാൾ പറയും : ഞാൻ നിന്റെ സൽകർമ്മങ്ങൾ ആണ്. ശേഷം അദ്ദേഹംപറയും : റബ്ബേ വീട്ടിൽ ഖിയാമത്ത് സംഭവിപ്പിക്കേണമേ. അങ്ങനെ എനിക്ക് എന്റെ വീട്ടുകാരിലേക്കും സമ്പത്തിലേക്കും തിരിച്ചു പോകാനാണ്.

കാഫിറായ ഒരാളുടെ അടുക്കൽ അതുപോലെ രണ്ടു മലക്കുകൾ വരികയും അദ്ദേഹത്തെ എഴുന്നേൽപ്പിച്ച് ഇരുത്തി ഇപ്രകാരം ചോദിക്കുകയും ചെയ്യും : ആരാണ് നിന്റെ റബ്ബ് ? അദ്ദേഹം പറയും : ആഹ്, ആഹ്, എനിക്കറിയില്ല.

അവർ ചോദിക്കും : ഏതാണ് നിന്റെ ദീന് ?

അദ്ദേഹം പറയും: ആഹ്, ആഹ്, എനിക്കറിയില്ല.

അവർ ചോദിക്കും : നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ഈ മനുഷ്യൻ ആരാണ്? അദ്ദേഹം പറയും : ആഹ്, ആഹ്, എനിക്കറിയില്ല.

ഉടനെ മുകളിൽ നിന്ന് ഒരാൾ വിളിച്ചു പറയും : അവൻ കളവാണ് പറഞ്ഞത്. അവൻക്ക് നരകത്തിൽ നിന്നുള്ള ഒരു വിരിപ്പ് വിരിച്ചു കൊടുക്കുകയും നരകത്തിൽ നിന്നുള്ള കവാടം അദ്ദേഹത്തിന് വേണ്ടി തുറന്നു കൊടുക്കുകയും ചെയ്യുക. അങ്ങനെ നരകത്തിൽ നിന്നുള്ള ശക്തമായ ചൂട് അയാളിലേക്ക് അടിച്ചു വീശും. വാരിയല്ലുകൾ കോർത്തു പോകുമാറ് ഖബ്ർ അദ്ദേഹത്തെ ഇടുക്കും. വളരെ വികൃതമായ മുഖമുള്ള, ദുർഗന്ധം വമിക്കുന്ന ഒരാൾ അദ്ദേഹത്തെ സമീപിക്കും. അയാൾ പറയും : നിനക്ക് ഉപദ്രവം ഉണ്ടാകുന്ന കാര്യങ്ങൾ കൊണ്ട് നീ സന്തോഷിച്ചു കൊള്ളുക. നിനക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദിവസമാണിത്. നീ ആരാണ് നിന്റെ മുഖം പ്രയാസമാണല്ലോ കൊണ്ടുവരുന്നത് ? എന്ന് അയാൾ ചോദിക്കുമ്പോൾ ആ ആഗതൻ മറുപടി പറയും : ഞാൻ നിന്റെ ചീത്ത പ്രവർത്തനങ്ങളാണ്. അങ്ങനെ അയാൾ പറയും : റബ്ബേ, നീ ഖിയാമത്ത് സംഭവിപ്പിക്കല്ലേ.

നബി ﷺ പറഞ്ഞു :

ولقد أوحِي إليَّ أنكم تُفتنون في القبور مثل – أو قريبا من فتنة الدجال، يؤتى أحدكم فيُقال له: ما عِلمك بهذا الرجل؟ فأما المؤمن – أو الموقن – فيقول: محمد رسول الله ﷺ، جاءنا بالبينات والهدى، فأجَبنا وآمنا واتبعنا. فيقال له :نَم صالحا، فقد علِمنا إن كنت لموقِنا. وأما المنافق أو المرتاب – لا أدري أيتهما قالت أسماء – فيقول: لا أدري، سمِعت الناس يقولون شيئا فقلته

നിങ്ങൾ ഖബ്റിൽ മസ്ജിദ്ദിച്ചാലിന്റെ പോലുള്ള അല്ലെങ്കിൽ അതിനോട് സാമ്യമുള്ള രൂപത്തിൽ പരീക്ഷിക്കപ്പെടും എന്ന് എനിക്ക് വഹ് യ് നൽകപ്പെട്ടിരിക്കുന്നു. നിങ്ങളുടെ അടുക്കൽ വന്നുകൊണ്ട് ചോദിക്കും : ഈ ആളെക്കുറിച്ച് നിനക്ക് എന്തറിയാം ? മുഅ്മിൻ മറുപടി പറയും : അല്ലാഹുവിന്റെ ഫസലായ മുഹമ്മദ് ﷺ ആണ്. വ്യക്തമായ തെളിവുകളും സന്മാർഗവുമായി ഞങ്ങൾ അടുക്കൽ വരികയും ഞങ്ങൾ അദ്ദേഹത്തിന് വിശ്വസിക്കുകയും അനുസരിക്കുകയും പിൻപറ്റുകയും ചെയ്തു. സുഖമായി ഉറങ്ങിക്കോളൂ എന്നും നീ ദൃഢമായി വിശ്വസിച്ചിരുന്ന ആളാണെന്ന് നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു എന്ന്

അവർ മറുപടി പറയും. എന്നാൽ മുനാഫിക്കുകളോടും സംശയമുള്ളവരോടും ചോദിക്കുമ്പോൾ അവർ പറയും : എനിക്കറിയില്ല, ജനങ്ങൾ ചിലത് പറയുന്നത് ഞാൻ കേട്ടിരുന്നു അത് ഞാൻ ഏറ്റു പറയുകയും ചെയ്തു.

ഈ മൂന്ന് ഹദീസുകളും ഖബ്റിൽ ചോദ്യം ഉണ്ട് എന്നും ആ ചോദ്യങ്ങൾക്ക് മുഅ്മിനീങ്ങൾ ഉറച്ചുനിന്നുകൊണ്ട് മറുപടി നൽകുമെന്നും മുനാഫിക്കുകളും കാഫിറുകളും മറുപടി നൽകില്ല എന്നും ഓരോരുത്തരോടും അവരുടെ മറുപടിക്ക് അനുസരിച്ച രക്ഷാശിക്ഷകളും പ്രതിഫലങ്ങളും ഉണ്ടാകുമെന്നും അറിയിക്കുന്നു.

﴿يُثَبِّتُ اللهُ الذين آمنوا بالقول الثابت في الحياة الدنيا وفي الآخرة﴾

ഐഹികജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്.

ഖബ്റിൽ ഉണ്ടാകുന്ന മറ്റൊരു കാര്യമാണ് ഖബ്റിലെ ശിക്ഷകളും സുഖാനുഭൂതികളും.

നബി ﷺ പറഞ്ഞു:

فلولا أن لا تدافنوا لدعوتُ اللهَ أن يُسمِعَكُم من عذابِ القبرِ الذي أسمعُ منه. ثم أقبل بوجهِهِ فقال: تعوَّذوا بالله من عذاب النار. فقالوا: نعوذ بالله من عذاب النار. فقال: تعوَّذوا بالله من عذاب القبر. فقالوا: نعوذ بالله من عذاب القبر. قال: تعوَّذوا بالله من الفتن، ما ظهر منها وما بطن. قالوا: نعوذ بالله من الفتن ما ظهر منها وما بطن. قال: تعوَّذوا بالله من فتنة الدجال.قالوا: نعوذ بالله من فتنة الدجال.

നിങ്ങൾ നിങ്ങളിൽ മരണപ്പെട്ടവരെ കബറടക്കുമായിരുന്നില്ല എന്നില്ലായിരുന്നുവെങ്കിൽ ഞാൻ കേൾക്കുന്ന ഖബ്ർ ശിക്ഷ നിങ്ങളെ കേൾപ്പിക്കാൻ അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിക്കുമായിരുന്നു. പിന്നീട് അവിടുന്ന് മുഖം ഞങ്ങൾക്ക് നേരെ തിരിച്ചുകൊണ്ടു പറഞ്ഞു : നരകത്തിന്റെ ശിക്ഷയിൽ നിന്നും നിങ്ങൾ അല്ലാഹുവിനോട് അഭയം തേടുക. സഹാബികൾ പറഞ്ഞു പോയി ഭക്ഷണം കഴിക്കാറില്ല : ഞങ്ങൾ നരക ശിക്ഷയിൽ നിന്ന് അഭയം ചോദിക്കുന്നു. പിന്നീട് അവിടുന്ന് പറഞ്ഞു : ഖബ്റിലെ നിങ്ങൾ അല്ലാഹുവിനോട് അഭയം ചോദിക്കുക. സഹാബികൾ പറഞ്ഞു : ഖബ്റിലെ ശിക്ഷയിൽ നിന്നും ഞങ്ങൾ അല്ലാഹുവിനോട് അഭയം ചോദിക്കുന്നു..

നബി ﷺ പറഞ്ഞു :

إذا تشهَّدَ أحدُكم فليَسْتعذ بالله من أربعٍ، يقول: اللهم إني أعوذ بك من عذاب جهنم، ومن عذاب القبر، ومن فتنة المحيا والممات، ومن شرِّ فتنة المسيح الدجال.

തശഹുദിൽ നിങ്ങൾ അല്ലാഹുവിനോട് നാലുകാര്യങ്ങളിൽ നിന്ന് അഭയം തേടുക, ഇപ്രകാരം പറയുക: അല്ലാഹുവേ നരകത്തിന്റെ ശിക്ഷയിൽ നിന്നും ഖബ്റിലെ ശിക്ഷയിൽ നിന്നും ജീവിതത്തിന്റെയും മരണത്തിന്റെയും പരീക്ഷണങ്ങളിൽ നിന്നും ദജ്ജാലിന്റെ പരീക്ഷണത്തിന്റെ കുഴപ്പത്തിൽ നിന്നും ഞാൻ നിന്നോട് അഭയം ചോദിക്കുന്നു.

അല്ലാഹുവിന്റെ അടിമകളെ, രണ്ടു വിഭാഗക്കാർക്കാണ് ഖബർ ശിക്ഷയുള്ളത്. കാഫിറുകൾക്കും പാപികളായ മുഅ്മിനീങ്ങൾക്കും. പാപികളായ മുഅ്മിനീങ്ങൾക്ക് ഖബ്ർ ശിക്ഷയുണ്ട് എന്നതിനുള്ള തെളിവ് ;

നബി ﷺ ഒരിക്കൽ രണ്ട് കബറുകൾ അടുത്തു കൂടി നടന്നു പോയപ്പോൾ പറഞ്ഞു :

أمَا إنهما ليعذبان، وما يعذبان في كبير، أمَّا أحدهما فكان يمشي بالنميمة،
وأما الآخر فكان لا يَستَتِر من بوله.

ഈ രണ്ടു ഖബ്റിലെയും ആളുകൾ ശിക്ഷിക്കപ്പെടുന്നുണ്ട്. വലിയൊരു കാര്യത്തിന് അല്ല അവർ ശിക്ഷിക്കപ്പെടുന്നത്. അവരിൽ ഒരാൾ നമീമത്തുമായി നടക്കുന്ന ആളായിരുന്നു. രണ്ടാമത്തെയാൾ മൂത്രമൊഴിക്കുമ്പോൾ നജസ് ശരീരത്തിൽ ആവാതിരിക്കാൻ മറ സ്വീകരിക്കാറില്ലായിരുന്നു.

നമീമത്ത് വൻപാപമാണ്. അതുപോലെ തന്നെയാണ് മൂത്രം ശരീരത്തിൽ ആകുന്നതിൽ നിന്നും ശുദ്ധി പാലിക്കാതിരിക്കലും. ഈ പാപങ്ങളിൽ നിന്നുള്ള ശുദ്ധീകരണം എന്ന നിലക്ക് ഖബ്റിൽ അവർ ശിക്ഷിക്കപ്പെടുന്നു. ഇതുപോലെ മറ്റു തിന്മകൾക്കും ഖബ്റിൽ ശിക്ഷ ഉണ്ടാകും. കാരണം ഖബർ പ്രതിഫലത്തിന്റെ ഗേഹമാണ്.

കാഫിറുകൾക്ക് ഖബ്ർ ശിക്ഷയുണ്ട് എന്നതിനുള്ള തെളിവ് താഴെ പറയുന്ന ആയത്തുകൾ ആണ് :

﴿وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ الْمَوْتِ والملائكة بَاسِطُوا أَيْدِيهِمْ أَخْرِجُواْ أَنفُسَكُمُ الْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنتُمْ تَقُولُونَ عَلَى اللَّهِ غَيْرَ الْحَقِّ وَكُنتُمْ عَنْ آيَاتِهِ تَسْتَكْبِرُونَ﴾

ആ അക്രമികൾ മരണവെപ്രാളത്തിലായിരിക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞ് കൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടികൊണ്ടിരിക്കുകയാണ്.'നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തത് പറഞ്ഞുകൊണ്ടിരുന്നതിന്റെയും, അവന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ അഹങ്കരിച്ച്

തള്ളിക്കളഞ്ഞിരുന്നതിന്റെയും ഫലമായി ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ് എന്ന് മലക്കുകൾ പറയും.

ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ് എന്ന് പറഞ്ഞതിൽ നിന്ന് അവർ ശിക്ഷ പെട്ടെന്ന് തന്നെ അനുഭവിക്കും എന്ന് മനസ്സിലാക്കാം.

﴿النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ﴾،

നരകം! രാവിലെയും വൈകുന്നേരവും അവർ അതിനുമുമ്പിൽ പ്രദർശിപ്പിക്കപ്പെടും.ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസം ഫിർഔന്റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിപ്പിക്കുക എന്ന് കൽപിക്കപ്പെടും.

ഇതിൽ ഉടനെ ലഭിക്കുന്ന ശിക്ഷയും പിന്നീട് ലഭിക്കുന്ന ശിക്ഷയും വേറെ വേറെ അല്ലാഹു പരാമർശിച്ചു.

മുഅ്മിനീങ്ങൾക്ക് ഖബർ ലഭിക്കുന്ന സുഖാനുഭൂതികളെക്കുറിച്ച് അല്ലാഹു പറയുന്നു :

﴿إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنزلُ عَلَيْهِمُ الْمَلائِكَةُ أَلاَّ تَخَافُوا وَلا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ﴾

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്:നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞു കൊള്ളുക.

ഇവിടെ സ്വർഗ്ഗം കൊണ്ട് സന്തോഷിച്ചു കൊള്ളുക എന്ന സന്തോഷവാർത്ത അറിയിക്കുന്നത് മരണത്തിന് ശേഷവും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതിന് മുമ്പുമാണ്.

﴿فَلَوْلا إِذَا بَلَغَتِ الْحُلْقُومَ * وَأَنتُمْ حِينَئِذٍ تَنظُرُونَ * وَنَحْنُ أَقْرَبُ إِلَيْهِ مِنكُمْ وَلَكِن لاَّ تُبْصِرُونَ * فَلَوْلا إِن كُنتُمْ غَيْرَ مَدِينِينَ * تَرْجِعُونَهَا إِن كُنتُمْ صَادِقِينَ * فَأَمَّا إِن كَانَ مِنَ الْمُقَرَّبِينَ * فَرَوْحٌ وَرَيْحَانٌ وَجَنَّةُ نَعِيمٍ﴾.

എന്നാൽ അത് ജീവൻ തൊണ്ടക്കുഴിയിൽ എത്തുമ്പോൾ എന്തുകൊണ്ടാണ് നിങ്ങൾക്കത് പിടിച്ചു നിർത്താനാകാത്തത്?

നിങ്ങൾ അന്നേരത്ത് നോക്കിക്കൊണ്ടിരിക്കുമല്ലോ.

നാമാണ് ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം നിങ്ങളെക്കാളും അടുത്തവൻ. പക്ഷെ നിങ്ങൾ കണ്ടറിയുന്നില്ല.അപ്പോൾ നിങ്ങൾ അല്ലാഹുവിന്റെ നിയമത്തിന് വിധേയരല്ലാത്തവരാണെങ്കിൽനിങ്ങൾക്കെന്തുകൊണ്ട് അത് ജീവന്

മടക്കി എടുക്കാനാവുന്നില്ല; നിങ്ങൾ സത്യവാദികളാണെങ്കിൽ.അപ്പോൾ അവൻ മരിച്ചവൻ സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ -അവന്ന് ആശ്വാസവും വിശിഷ്ടമായ ഉപജീവനവുംസുഖാനുഭൂതിയുടെ സ്വർഗത്തോപ്പും ഉണ്ടായിരിക്കും.

റൂഹ് തൊണ്ടക്കുയിൽ എത്തിക്കഴിഞ്ഞാൽ അഥവാ മരണത്തോട് കൂടി മുഅ്മിനീങ്ങൾക്ക് സുഖാനുഭൂതികളും പ്രതിഫലവും ആരംഭിക്കുമെന്ന് മനസ്സിലാക്കാം.

﴿كذلك يجزي الله المتقين * الذين تتوفاهم الملائكة طيبين يقولون سلام عليكم ادخلوا الجنة بما كنتم تعملون﴾

അപ്രകാരമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്.അതായത്, നല്ലവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുന്നുവോ അവർക്ക്. അവർ മലക്കുകൾ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.

﴿يا أيتها النفس المطمئنة * ارجعي إلى ربك راضية مرضية * فادخلي في عبادي * وادخلي جنتي﴾.

ഹേ; സമാധാനമടഞ്ഞ ആത്മാവേ,നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചു കൊണ്ടും മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാൻമാരുടെ കൂട്ടത്തിൽ പ്രവേശിച്ചു കൊള്ളുക. എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക.

മരണത്തോട് കൂടി മുഅ്മിനീങ്ങൾക്ക് സുഖാനുഭൂതികളും പ്രതിഫലവും ആരംഭിക്കുമെന്ന് ഈ ആയത്തുകളിൽ നിന്നും മനസ്സിലാക്കാം.

മുഅ്മിനിന്റെ റൂഹ് പിടിക്കുമ്പോൾ അവൻ ലഭിക്കാനിരിക്കുന്ന സുഖാനുഭൂതികളെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

أيتها النفس الطيبة، أُخرُجي إلى مغفرة من الله ورضوان، فتفرَح الروح وتخرُج خروجا سهلا

പരിശുദ്ധമായ ആത്മാവേ, അല്ലാഹുവിന്റെ പാപമോചനത്തിലേക്കും തൃപ്തിയിലേക്കും പുറത്തുവരിക. അപ്പോൾ റൂഹ് വളരെ എളുപ്പത്തിൽ പുറത്തോട്ട് വരും.

فينادي مناد في السماء أن صدق عبدي، فافرِشوه من الجنة، وألبِسوه من الجنة، وافتحوا له بابا إلى الجنة. قال: فيأتيه من رَوْحِها وطيبها، ويُفسح له في قبره مدَّ بصره. قال: ويأتيه رجل حَسَن الوجه، حسن الثياب، طيب الريح، فيقول: أبشر بالذي يسُرُّك، هذا يومك الذي كنت توعد، فيقول له: من أنت؟ فوجهك الوجه يجيء بالخير. فيقول: أنا عملك الصالح. فيقول: رب أقم الساعة حتى أرجِع إلى أهلي ومالي.

ഉടനെ മുകളിൽ നിന്ന് ഒരാൾ വിളിച്ചു പറയും : എന്റെ അടിമ സത്യം പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവൻക്ക് സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു വിരിപ്പ് വിരിച്ചു കൊടുക്കുകയും സ്വർഗ്ഗത്തിൽ നിന്നുള്ള വസ്ത്രം ധരിപ്പിക്കുകയും സ്വർഗ്ഗത്തിൽ നിന്നുള്ള കവാടം അദ്ദേഹത്തിന് വേണ്ടി തുറന്നു കൊടുക്കുകയും ചെയ്യുക. അങ്ങനെ സ്വർഗത്തിൽ നിന്നുള്ള സുഗന്ധവും സൗരഭ്യവും മന്ദമാരുതനും അദ്ദേഹത്തിന്റെ അടുക്കൽ വന്നെത്തും. നോക്കിയാൽ എത്തുന്ന അത്രയും ദൂരം ഖബ്ർ അയാൾക്ക് വേണ്ടി വിശാലമാക്കപ്പെടും. മുഖ സൗന്ദര്യമുള്ള, സുഗന്ധം വമിക്കുന്ന ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറയും : നിനക്ക് സന്തോഷം ഉണ്ടാകുന്ന കാര്യങ്ങൾ കൊണ്ട് നീ സന്തോഷിച്ചുകൊള്ളുന്നത്. നിനക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദിവസമാണിത്. നിന്റെ മുഖം നന്മ കൊണ്ടുവന്ന് തരുന്നതാണല്ലോ, നീ ആരാണ് ? എന്ന് അദ്ദേഹം ചോദിക്കുമ്പോൾ അയാൾ പറയും : ഞാൻ നിന്റെ സൽകർമ്മങ്ങൾ ആണ്. ശേഷം അദ്ദേഹംപറയും : റബ്ബേ വീട്ടിൽ ഖിയാമത്ത് സംഭവിപ്പിക്കേണമേ. അങ്ങനെ എനിക്ക് എന്റെ വീട്ടുകാരിലേക്കും സമ്പത്തിലേക്കും തിരിച്ചു പോകാനാണ്.

ഖബ്റിലെ പരീക്ഷണവും ശിക്ഷകളും സുഖനുഭൂതികളും സ്ഥിരീകരിക്കുന്ന വ്യക്തമായ തെളിവുകളാണ് ഇവിടെ വിവരിച്ചത്. പിഴച്ചു പോയവനല്ലാതെ ഇത് നിഷേധിക്കുകയോ ഇതിനെ എതിർക്കുകയോ ചെയ്യുകയില്ല.

രണ്ടാമത്തെ ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവനോട് തഖ്വ പുലർത്തുന്നവരാവുക. നിങ്ങൾ അറിയുക,

അന്ത്യനാളിൽ ഉള്ള വിശ്വാസത്തിന് നല്ല ഫലങ്ങൾ ഉണ്ട്; അതിൽ പ്രധാനപ്പെട്ടതാണ് ആ ദിവസത്തെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും അതിനുള്ള താല്പര്യം വർദ്ധിക്കുകയും ചെയ്യുമെന്ന്.

2. അന്നത്തെ ശിക്ഷ ഭയപ്പെട്ടുകൊണ്ട് തിന്മകളിൽ നിന്ന് മാറിനിൽക്കും.

3. ദുനിയാവിന്റെ സൗകര്യങ്ങളും സംവിധാനങ്ങളും നഷ്ടപ്പെടുന്നതിൽ നിന്നുള്ള ആശ്വാസമാണ്.

4. അല്ലാഹുവിന്റെ നീതിയെക്കുറിച്ചുള്ള ബോധം ഉണ്ടാക്കും. അവൻ സൃഷ്ടികൾക്ക് അവർ ചെയ്യുന്ന കർമ്മങ്ങൾക്ക് കൃത്യമായ പ്രതിഫലം നൽകുന്നു.

5. അല്ലാഹുവിന്റെ കുറിച്ചുള്ള അറിവ് പ്രധാനം ചെയ്യും. അവൻ സൃഷ്ടികളെ വെറുതെ സൃഷ്ടിച്ചതല്ല. മറിച്ച് സൽകർമ്മകൾ അനുഷ്ഠിക്കുകയും തിന്മകൾ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിനെ ഇബാദത്ത് ചെയ്യുക എന്ന എന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടി സൃഷ്ടിച്ചതാണ്.

6- ഖദറിലുള്ള വിശ്വാസം

ഖദറിലുള്ള വിശ്വാസം

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ، فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അവനെ സൂക്ഷിക്കുക, അവന്റെ മഹത്വവത്കരിക്കുക, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും പാപങ്ങൾ ഉപേക്ഷിക്കുന്നതിലും നിങ്ങൾ ക്ഷമിയോട് കൂടി നിലനിൽക്കുക. അറിയുക, ഖദറിലുള്ള വിശ്വാസം ഈമാനിന്റെ ആറ് സ്തംഭങ്ങളിൽ പെട്ട ഒന്നാണ്, ആ വിശ്വാസം ശരിയാവാതെ നമ്മുടെ ഈമാൻ ശരിയാവുകയോ പൂർത്തിയാവുകയോ ഇല്ല. ഖദർ എന്ന് വെച്ചാൽ എല്ലാത്തിനെയും മുൻകടന്ന അല്ലാഹുവിന്റെ അറിവും അവന്റെ യുക്തിയും തേടിയതനുസരിച്ച് ഓരോ സൃഷ്ടികൾക്കും അവൻ വിധിച്ച വിധികൾ എന്നുള്ളതാണ്.

അല്ലാഹുവിന്റെ അടിമകളെ, ഖദറിലുള്ള വിശ്വാസം നിലകൊള്ളുന്നത് നാല് സ്തംഭങ്ങൾക്ക് മുകളിലാണ്. അല്ലാഹുവിന്റെ അറിവിലുള്ള വിശ്വാസവും, എഴുത്തിലുള്ള വിശ്വാസവും, ഉദ്ദേശത്തിലുള്ള വിശ്വാസവും, സൃഷ്ടിപ്പിലുള്ള വിശ്വാസവും ആണ് അവ നാലെണ്ണം.

അറിവിലുള്ള വിശ്വാസം എന്നാൽ, എല്ലാ കാര്യത്തെ സംബന്ധിച്ചും മൊത്തമായും വിശദമായും തുടക്കമോ ഒടുക്കമോ ഇല്ലാതെ അല്ലാഹു അറിഞ്ഞിട്ടുണ്ട് എന്ന വിശ്വാസമാണ്. ജീവിതം നൽകൽ, മരിപ്പിക്കൽ, മഴ ഇറക്കി നൽകൽ എന്നിങ്ങെനെയുള്ള അവന്റെ പ്രവർത്തിനങ്ങളിൽ പെട്ടതാകട്ടെ അതല്ലെങ്കിൽ അവന്റെ അടിമകളുടെ പ്രവർത്തനങ്ങളിലോ വാക്കുകളിലോ പെട്ടതാകട്ടെ എല്ലാം അവന്റെ അടുക്കൽ അറിയപ്പെട്ടതാണ്. ഇതിന്റെ തെളിവായി അല്ലാഹു تعالى പറഞ്ഞു:

﴿وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا﴾

അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

അവൻ പറഞ്ഞു:

﴿وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ ۚ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِي ظُلُمَاتِ الْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِي كِتَابٍ مُّبِينٍ﴾

അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല.

ഓ വിശ്വാസികളെ, ഖദ്റിലുള്ള വിശ്വാസത്തിന്റെ സ്തംഭങ്ങളിൽ പെട്ട രണ്ടാമത്തേത് എഴുത്തിലുള്ള വിശ്വാസമാണ്. എന്നു വെച്ചാൽ, അന്ത്യ ദിനം വരെയുള്ള എല്ലാത്തിന്റെയും വിധികളും അല്ലാഹു تعالى ലൗഹുൽ മഹ്ഫൂദിൽ എഴുതി വെച്ചിട്ടുണ്ട് എന്ന വിശ്വാസം. ആകാശഭൂമികൾ സൃഷ്ടിക്കുന്നതിന് അൻപതിനായിരം വർഷങ്ങൾക്ക് മുൻപേ അവൻ അവ എഴുതി വെച്ചിട്ടുണ്ട്. ഇതിനുള്ള തെളിവ് അല്ലാഹു പറഞ്ഞു:

﴿قُل لَّن يُصِيبَنَا إِلَّا مَا كَتَبَ اللَّهُ لَنَا﴾

പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല.

അവൻ പറഞ്ഞു:

﴿مَا أَصَابَ مِن مُّصِيبَةٍ فِي الْأَرْضِ وَلَا فِي أَنفُسِكُمْ إِلَّا فِي كِتَابٍ مِّن قَبْلِ أَن نَّبْرَأَهَا﴾

ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ.

നാം സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുമ്പ് എന്ന്.

അബ്ദുല്ലാഹ് ഇബ്നു അംറ് ഇബ്നുൽ ആസ് ﷺ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു:

എല്ലാ സൃഷ്ടികളുടെ വിധികളും ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുന്നതിന് അൻപതിനായിരം വർഷങ്ങൾക്ക് മുൻപേ അല്ലാഹു എഴുതി വെച്ചിട്ടുണ്ട്.

ഉബാദഹ് ഇബ്നു സ്സാമിത് ﷺ ഉദ്ധരിക്കുന്ന ഹദീഥിൽ നബി ﷺ ഇപ്രകാരം പറയുന്നു:

ആദ്യമായി അല്ലാഹു പേനയെ സൃഷ്ടിച്ചപ്പോൾ അതിനോട് പറഞ്ഞു: "നീ എഴുതുക." പേന ചോദിച്ചു: "ഞാൻ എന്താണ് റബ്ബേ എഴുതേണ്ടത്?" അല്ലാഹു പറഞ്ഞു: "അന്ത്യ ദിനം വരെയുള്ള എല്ലാത്തിന്റെയും വിധികൾ നീ എഴുതുക."

എന്നിട്ട് ഉബാദഹ് ¢ തന്റെ മകനോട് പറഞ്ഞു: "എന്റെ മകനെ, ആരാണോ ഈ വിശ്വാസത്തിലല്ലാതെ മരിക്കുന്നത്, അവൻ എന്നിൽ പെട്ടവനല്ല."

മുസ്ലിമീങ്ങളെ, മൂന്നാമത്തെ സ്തംഭം ഉദ്ദേശത്തിലുള്ള വിശ്വാസമാണ്. അത് കൊണ്ട് സാരമാക്കുന്നത്, ഈ പ്രപഞ്ചത്തിൽ നടക്കുന്ന ഓരോ കാര്യങ്ങളും അല്ലാഹുവിന്റെ ഉദ്ദേശമനുസരിച്ച് അല്ലാതെ നടക്കുന്നില്ല എന്നതാണ്. അവന്റെ പ്രാപഞ്ചീകമായ ഉദ്ദേശം അനുസരിച്ച് കൊണ്ട്. അത് അവന്റെ പ്രവർത്തങ്ങളാകട്ടെ അല്ലെങ്കിൽ പോകുക, വരിക, പ്രവർത്തിക്കുക, ഉപേക്ഷിക്കുക, അനുസരിക്കുക, ധിക്കരിക്കുക എന്നിങ്ങനെയുള്ള എണ്ണിയാലൊതുങ്ങാത്ത സൃഷ്ടികളുടെ പ്രവർത്തങ്ങളാകട്ടെ എല്ലാം അവന്റെ ഉദ്ദേശങ്ങളനുസരിച്ചാണ് നടത്തപ്പെടുക. അവന്റെ പ്രവർത്തനങ്ങളെ കുറിച്ച് അവൻ പറഞ്ഞു:

﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ﴾

നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, ഇഷ്ടമുള്ളത് തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

അവൻ പറഞ്ഞു:

﴿وَيَفْعَلُ اللَّهُ مَا يَشَاءُ﴾

അല്ലാഹു താൻ ഉദ്ദേശിക്കുന്നതെന്തോ അത് പ്രവർത്തിക്കുന്നു.

സൃഷ്ടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉദ്ദേശത്തെ കുറിച്ചു അവൻ പറഞ്ഞു:

﴿وَلَوْ شَاءَ اللَّهُ لَسَلَّطَهُمْ عَلَيْكُمْ فَلَقَاتَلُوكُم﴾

അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളുടെ മേൽ അവർക്കവൻ ശക്തി നൽകുകയും, നിങ്ങളോടവർ യുദ്ധത്തിൽ ഏർപെടുകയും ചെയ്യുമായിരുന്നു.

പരസ്പരം യുദ്ധത്തിൽ ഏർപെടുക എന്ന അടിമകളുടെ പ്രവർത്തനം അവന്റെ പ്രാപഞ്ചീക അനുവാദവും ഉദ്ദേശവുമനുസരിച്ചല്ലാതെ നടക്കുകയില്ല.

﴿وَلَوْ شَاءَ رَبُّكَ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ﴾

നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അത് കൊണ്ട് അവർ കെട്ടിച്ചമയ്ക്കുന്ന കാര്യങ്ങളുമായി അവരെ നീ വിട്ടേക്കുക.

അവൻ പറഞ്ഞു:

﴿وَلَوْ شَاءَ اللَّهُ مَا أَشْرَكُوا﴾

അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ അവനോട് പങ്കുചേർക്കുമായിരുന്നില്ല.

അല്ലാഹുവിന്റെ ഉദ്ദേശം ഇല്ലാതെയും പ്രാപഞ്ചീകമായ അനുവാദം ഇല്ലാതെയും യാതൊന്നും തന്നെ ഈ പ്രപഞ്ചത്തിൽ നടക്കുന്നില്ല. അത് അവന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും അല്ലെങ്കിൽ അവന്റെ അടിമകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും ശരി. കാരണം, ഈ പ്രപഞ്ചം അല്ലാഹുവിന്റെ ഉടമസ്ഥതയിലാണ്. ഒരു കാര്യം അവന്റെ ഉടമസ്ഥതയിൽ ആണ് എന്നിരിക്കെ അവന്റെ ഉദ്ദേശവും അനുവാദവും കൂടാതെ ഒന്നും തന്നെ അതിൽ നടക്കുകയില്ല. അത് സൽകർമ്മങ്ങൾ പോലെ അവൻ ഇഷ്ടപ്പെടുന്നതായാലും അല്ലെങ്കിൽ പാപങ്ങൾ പോലെ അവൻ തൃപ്തിപ്പെടാത്തതായാലും അവന്റെ ഉദ്ദേശങ്ങൾക്ക് അനുസരിച്ചേ നടക്കുകയുള്ളൂ. അവന്റെ ഉടമസ്ഥതയിലുള്ളതിൽ വല്ലതും അവന്റെ അനുവാദം കൂടാതെ നടന്നിരുന്നുവെങ്കിൽ, ആ ഉടമസ്ഥത പോരായ്മയുള്ളതാകുമായിരുന്നു. അങ്ങനെ അവന്റെ ഉടമസ്ഥതയിൽ പോരായ്മ വരുന്നതിനെ തൊട്ട് അല്ലാഹു എത്രയോ ഉന്നതനാകുന്നു.

മുസ്ലിമീങ്ങളെ, നാലാമത്തെ സ്തംഭം സൃഷ്ടിപ്പിലുള്ള വിശ്വാസമാണ്. അഥവാ, എല്ലാത്തിനെയും അതിന്റെ അസ്തിത്വത്തോടെയും വിശേഷണങ്ങളോടെയും പ്രവർത്തങ്ങളോടെയും ഒന്നുമില്ലായ്മയിൽ നിന്ന് അല്ലാഹു സൃഷ്ടിച്ചു എന്ന വിശ്വാസം അല്ലാഹു പറഞ്ഞു:

﴿اللَّهُ خَالِقُ كُلِّ شَيْءٍ﴾

അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു.

﴿وَخَلَقَ كُلَّ شَيْءٍ فَقَدَّرَهُ تَقْدِيرًا﴾

ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

﴿إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ﴾

തീർച്ചയായും എല്ലാ വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു.

ഖദറിലുള്ള വിശ്വാസത്തിന്റെ നാല് സ്തംഭങ്ങളാകുന്നു ഇവ. ആരാണോ ഇവ മനസ്സിലാക്കുകയും സാക്ഷാത്കരിക്കുകയും ചെയ്തത്, അവൻ ഖദറിലുള്ള വിശ്വാസം സാക്ഷാത്കരിച്ചിരിക്കുന്നു.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവനെ സൂക്ഷിക്കുവിൻ. അറിയുക, അല്ലാഹുവിന്റെ വിധി നിർണയം മൂന്ന് ഇനങ്ങളാണ്.

1- തഖ്ദീറുൽ അസലിയ്യ് التقدير الأزليّ: ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുന്നതിന് മുന്നേ പേനയെ സൃഷ്ടിച്ചപ്പോൾ അവൻ വിധിച്ചത്. അങ്ങനെ പേനയോട് അവൻ പറഞ്ഞു: അന്ത്യ ദിനം വരെയുള്ള എല്ലാത്തിന്റെയും വിധികൾ നീ എഴുതുക.

2- തഖ്ദീറുൽ ഉമുരിയ്യ്: ഗർഭാശയത്തിൽ ഭ്രൂണത്തെ സൃഷ്ടിക്കുമ്പോൾ വിധിക്കുന്നത്. അങ്ങനെ അവിടെ വെച്ച് ആണാണോ പെണ്ണാണോ എന്നതും ആയുസ്സ്, പ്രവർത്തനങ്ങൾ, സൗഭാഗ്യം, നിർഭാഗ്യം, ഉപജീവനം, അങ്ങനെ വന്ന് അവൻ കണ്ടുമുട്ടേണ്ടുന്ന എല്ലാതും എഴുതപ്പെടും. ഒരല്പം അതിൽ നിന്ന് കുറക്കപ്പെടുകയോ വർധിക്കപ്പെടുകയോ ഇല്ല. അതിനുള്ള തെളിവ്, അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺ പറയുന്നു: "അല്ലാഹുവിന്റെ റസൂൽ ﷺ ഞങ്ങളോട് പറഞ്ഞിരിക്കുന്നു – അദ്ധഹമാകട്ടെ സത്യം പറയുന്നവനും സത്യപ്പെടുത്തുന്നവനുമാകുന്നു –:

'നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടിപ്പ് നാല്പത് ദിവസം തന്റെ മാതാവിന്റെ വയറ്റിൽ ബീജകണമായി ശേഖരിക്കപ്പെടുന്നു. പിന്നെ അത്രതന്നെ കാലം രക്തക്കട്ടയായും പിന്നെ അത്രതന്നെ കാലം മാംസപിണ്ഡമായും കഴിയും. പിന്നീട് അതിലേക്ക് ഒരു മലക്ക് നിയോഗിക്കപ്പെടുന്നു. അത് അതിൽ ആത്മാവിനെ ഊതുന്നു. അത് നാല് കാര്യങ്ങൾക്ക് കൽപ്പിക്കപ്പെടുകയും ചെയ്യുന്നു. ഭക്ഷണം, ജീവിതാവധി, പ്രവർത്തനം, ഭാഗ്യവാനോ നിർഭാഗ്യവാനോ തുടങ്ങിയവ രേഖപ്പെടുത്തലാണത്. അല്ലാഹുവാണെ സത്യം, അവനല്ലാതെ ഒരു ആരാധ്യനില്ല, നിങ്ങളിൽ ഒരാൾ സ്വർഗ്ഗാവകാശിയുടെ പ്രവർത്തനം ചെയ്യും. അങ്ങനെ അവനും സ്വർഗത്തിനും ഇടക്ക് ഒരു മുഴമേ അകലമുള്ളൂവെന്ന അവസ്ഥ വരും. അപ്പോൾ വിധി അവനെ മുൻ കടക്കും. അവൻ നരകാവകാശികളുടെ കർമ്മങ്ങൾ അനുഷ്ഠിക്കും. അങ്ങനെ അതിൽ പ്രവേശിക്കുകയും ചെയ്യും. നിങ്ങളിൽ ഒരാൾ നരകാവകാശിയുടെ പ്രവർത്തനരീതി പിന്തുടരും. അങ്ങനെ അവനും നരകത്തിനും ഇടക്കുള്ള ദൂരം ഒരു മുഴം വരെയാകും. അപ്പോൾ വിധി അവനെ മറി കടക്കും. അങ്ങനെ അവൻ സ്വർഗാവകാശിയുടെ കർമ്മങ്ങൾ ചെയ്യും. അതുവഴി അതിൽ പ്രവേശിക്കുകയും ചെയ്യും.'

3- തഖ്ദീറുൽ ഹൗലിയ്യ് التقدير الحوليّ : എല്ലാ വർഷവും റമദാനിലെ അവസാന പത്തിലെ ലയ്ലത്തുൽ ഖദ്റിൽ നടക്കുന്നത്. വരും വർഷത്തിലേക്കുള്ളതെല്ലാം ആ രാവിൽ വിധിക്കപ്പെടും. അല്ലാഹു പറഞ്ഞു:

﴿إِنَّا أَنزَلْنَاهُ فِي لَيْلَةٍ مُّبَارَكَةٍ ۚ إِنَّا كُنَّا مُنذِرِينَ﴾

തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു.

﴿فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ﴾

ആ രാത്രിയിൽ യുക്തിപൂർണ്ണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു.

﴿أَمْرًا مِّنْ عِندِنَا ۚ إِنَّا كُنَّا مُرْسِلِينَ﴾

അതെ, നമ്മുടെ പക്കൽ നിന്നുള്ള കൽപന. തീർച്ചയായും നാം ദൂതൻമാരെ നിയോഗിച്ചു കൊണ്ടിരിക്കുന്നവനാകുന്നു.

ശൈഖ് അബ്ദുർറഹ്മാൻ ബിൻ നാസിർ അസ്സി'ദി ﵀ ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞു:

അഥവാ, അല്ലാഹു വിധിച്ച എല്ലാ കാര്യങ്ങളും വേർതിരിച്ച് വ്യക്തമായി എഴുതപ്പെടും. ലയ്ലത്തുൽ ഖദ്റിൽ നടക്കുന്ന ഈ എഴുത്ത് വ്യത്യസ്തമായുള്ള അല്ലാഹുവിന്റെ എഴുത്തുകളിൽ പെട്ട ഒന്നാണ്. അങ്ങനെ എല്ലാ സൃഷ്ടികളുടെയും ആയുസ്സ്, ഉപജീവനം, പ്രവർത്തനങ്ങൾ, അവസ്ഥകൾ എന്നിങ്ങനെ ആദ്യമായി അല്ലാഹു എഴുതിവെച്ചതുമായി ഈ എഴുത്ത് യോജിക്കും.

അല്ലാഹുവിന്റെ അടിമകളെ, ഖദറിലുള്ള വിശ്വാസം എന്നത് കൊണ്ട് മനുഷ്യൻ അവന്റെ പ്രവർത്തനങ്ങൾ നിർബന്ധിതനായി ചെയ്യിക്കപ്പെടുന്നു എന്ന് അർത്ഥമാക്കപ്പെടുന്നില്ല എന്ന് നിങ്ങൾ അറിയുക. നന്മയാകട്ടെ തിന്മയാകട്ടെ, അവൻ ഒന്നിന് മുകളിലും നിർബന്ധിക്കപ്പെടുന്നില്ല. അല്ലാഹു അവന്റെ അടിമക്ക് അവന്റേതായ ഉദ്ദേശവും കഴിവും വകവെച്ച് നൽകിയിട്ടുണ്ട്. സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കാനും, വിജയത്തിന്റെ വഴി തിരഞ്ഞെടുക്കാനും നാശത്തിന്റെ വഴി അകറ്റിനിർത്താനുമുള്ള ബുദ്ധിയും അവൻ നൽകിയിട്ടുണ്ട്. നീതി പാലിക്കുവാനും നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് സഹായം നൽകുവാനും അല്ലാഹു കല്പിച്ചു. നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നും അവൻ വിലക്കുകയും ചെയതു. അതുകൊണ്ട് തന്നെ, കാര്യങ്ങൾ മടങ്ങുന്നത് അടിമയിലേക്ക് തന്നെയാണ്. അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നന്ദി കാണിക്കും അല്ലെങ്കിൽ നന്ദികേട്. അവൻ

ഉദ്ദേശിക്കുന്നുവെങ്കിൽ വഴിതെറ്റി പോകും ഇല്ലെങ്കിൽ നേരായി ഉറച്ചു നിൽക്കും. അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ അനുസരിക്കും ഇല്ലെങ്കിൽ ധിക്കരിക്കും. എന്നിട്ട് അന്ത്യ ദിനത്തിൽ അവൻ തിരഞ്ഞെടുത്ത് പ്രവർത്തിച്ചതിനെ പറ്റി അല്ലാഹു വിചാരണ നടത്തും. നന്മയാണ് പ്രവർത്തിച്ചതെങ്കിൽ അവൻ അത് കണ്ടെത്തും, തിന്മയാണെങ്കിൽ അതും. അടിമക്ക് അല്ലാഹു വകവെച്ചു നൽകിയ ഉദ്ദേശത്തെ കുറിച്ച് അവൻ പറഞ്ഞു:

﴿فَمَن شَاءَ اتَّخَذَ إِلَىٰ رَبِّهِ مَآبًا﴾

അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം തന്റെ രക്ഷിതാവിങ്കലേക്കുള്ള മടക്കത്തിന്റെ മാർഗം അവൻ സ്വീകരിക്കട്ടെ.

അവൻ പറഞ്ഞു:

﴿فَمَن شَاءَ فَلْيُؤْمِن وَمَن شَاءَ فَلْيَكْفُرْ﴾

അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ.

അവൻ പറഞ്ഞു:

﴿فَأْتُوا حَرْثَكُمْ أَنَّىٰ شِئْتُمْ﴾

അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്.

പിന്നീട് നിങ്ങളറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

2

നബി ﷺ യിലുള്ള വിശ്വാസം

മുഹമ്മദുർറസൂലുല്ലാഹ്; സാക്ഷ്യവും, നിബന്ധനകളും

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ، فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

അല്ലയോ മുസ്ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അവനെ ഭയക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും, അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയുക. മുഹമ്മദ് ﷺ അല്ലാഹുവിന്റെ പ്രവാചകനാണെന്ന സാക്ഷ്യം അതിന്റെ എട്ട് നിബന്ധകൾ പാലിച്ചാലല്ലാതെ അത് സാക്ഷ്യം വഹിച്ചവന് ഉപകരിക്കുകയില്ല.

ഒന്ന്: അതിന്റെ ആശയത്തെ കുറിച്ചുള്ള കൃത്യമായ അറിവാകുന്നു. അഥവാ നബി ﷺ യാഥാർത്യമായും അല്ലാഹുവിൽ നിന്നുള്ള ദൂതനാണെന്ന വിശ്വാസമാകുന്നു അത്.

രണ്ട്: അറിഞ്ഞ, വിശ്വസിച്ച ഈ കാര്യം ദൃഢമാക്കുക. സംശയമുണ്ടാവുക എന്നതാണ് അതിന്റെ വിപരീതം.

അല്ലാഹു പറഞ്ഞു:

﴿ إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ يَرْتَابُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ ۚ أُو۟لَٰٓئِكَ هُمُ ٱلصَّٰدِقُونَ﴾

അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ പോരാട്ടം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ.

മൂന്ന്: പ്രതീക്ഷമായും, പരോക്ഷമായും അതിന് കീഴ് വണങ്ങുക.അഥവാ നബി ﷺ യെ പൂർണ്ണമായും അനുസരിക്കുക.

അല്ലാഹു പറഞ്ഞു:

﴿وَمَن يُسْلِمْ وَجْهَهُۥٓ إِلَى ٱللَّهِ وَهُوَ مُحْسِنٌ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ ۗ وَإِلَى ٱللَّهِ عَٰقِبَةُ ٱلْأُمُورِ ﴾

വല്ലവനും സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാകുന്നു കാര്യങ്ങളുടെ പരിണിതി.

നാല്: അതിനെ പൂർണ്ണമായും സ്വീകരിക്കുക. ആരെങ്കിലും മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്ന സാക്ഷ്യത്തിന്റെ അഭിവാജ്യഘടങ്ങളെ തള്ളിയാൽ അവൻ അതിനെ പൊളിച്ചു കളഞ്ഞിരിക്കുന്നു.

അഞ്ച് : അതിൽ നിഷ്കളങ്കത പാലിക്കുക. ഈ സാക്ഷ്യം വഹിക്കുന്നതിലൂടെ റബ്ബിലേക്ക് സാമീപ്യം തേടുന്നു എന്ന ലക്ഷ്യം മാത്രം ഉദ്ദേശിക്കുക. അതിന്റെ വിപരീതം കപട വിശ്വാസികൾ ചെയ്തത് പോലെ മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്ന സാക്ഷ്യത്തിൽ ഭൗതികമായ കാര്യങ്ങൾ ലക്ഷ്യം വെച്ച് കൊണ്ട് അതിൽ അല്ലാഹുവിൽ പങ്ക് ചേർക്കുക എന്നതാണ്.

ആറ്: സത്യസന്ധത പുലർത്തുക. അതിന്റെ വിപരീതം കളവാക്കൽ എന്നതാണ്.

അല്ലാഹു പറഞ്ഞു:

﴿وَلَقَدۡ فَتَنَّا ٱلَّذِينَ مِن قَبۡلِهِمۡۖ فَلَيَعۡلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُواْ وَلَيَعۡلَمَنَّ ٱلۡكَٰذِبِينَ﴾

അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും.

നബി ﷺ പറഞ്ഞു:

ആരാണോ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും, മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും അവന്റെ ഹൃദയത്തിൽ സത്യസന്ധമായി സാക്ഷ്യം വഹിക്കുന്നത് അവന്റെ മേൽ അല്ലാഹു നരകം നിഷിദ്ധമാക്കാതിരിക്കുകയില്ല.

ഏഴ്: ആ സാക്ഷ്യത്തെയും അതിന്റെ വക്താക്കളെയും സ്നേഹിക്കുകയും, അതിന്റെ ശത്രുക്കളെ വെറുക്കുകയും ചെയ്യുക.

എട്ട്: അതിനെ പൊളിച്ച് കളയുന്ന കാര്യങ്ങളെ നിഷേധിക്കുക.

മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്ന സാക്ഷ്യത്തെ പൊളിച്ചു കളയുന്ന അഞ്ചു കാര്യങ്ങളാണുള്ളത്.

അതിൽ പെട്ടു പോകാതെ അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ.

മുസ്ലിമീങ്ങളെ, മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്ന സാക്ഷ്യം അസാധുവാക്കുന്ന അഞ്ച് കാര്യങ്ങളുണ്ട്.

ഒന്ന് : മേൽ സൂചിപ്പിച്ച എട്ട് നിബന്ധനകളിൽ ഒന്നോ അതിൽ കൂടുതലോ ഇല്ലാതെയാവുക.

രണ്ട്: നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ദീനിൽ അറിയപ്പെട്ട കാര്യങ്ങളെ നിഷേധിക്കുക. ഉദാഹരണത്തിന് നബി ﷺ യുടെ പ്രവാചകത്വത്തിനെയോ, അവിടുന്ന് മനുഷ്യനാണെതതിനെയോ, അവിടുത്തോട് ഈ സമൂഹത്തിന് ചില ബാധ്യതകൾ ഉണ്ട് എന്നതിനെയോ, അവിടുന്ന് അന്ത്യപ്രവാചകനാണെന്നതിനെയോ, അവിടുത്തെ ശരീഅത്ത് മുൻകാല ശരീഅത്തുകളെ ദുർബലപ്പെടുത്തുമെന്നതിനെയോ, അവിടുന്ന് ദീൻ പൂർണ്ണമായും എത്തിച്ചു നൽകി എന്നതിനെയോ, അവിടുന്ന് ജിന്നുകളിലും, മനുഷ്യരിലും പെട്ട സകലരിലേക്കുമുള്ള പ്രവാചകനാണെന്നതിനെയോ, അല്ലെങ്കിൽ ഇസ്ലാമിന്റെ സ്തംഭങ്ങളിൽ ഏതെങ്കിലും ഒരു സ്തംഭത്തെയോ, നിർബന്ധമായും അറിഞ്ഞിരിക്കേണ്ട അറിയപ്പെട്ട നിഷിദ്ധങ്ങളായ മദ്യപാനം, മോഷണം, വ്യഭിചാരം തുടങ്ങിയ കാര്യങ്ങൾ നിഷദ്ധമാണെന്നതിനെയോ നിഷേധിക്കൽ.

മൂന്ന് : നബി ﷺ യെ അവിടുന്ന് ജീവിച്ചിരിക്കുമ്പോഴോ, മരണപ്പെട്ടതിന് ശേഷമോ അവിടുത്തെ വ്യക്തിത്വത്തെ ആക്ഷേപിച്ചു കൊണ്ട് ഉപദ്രവിക്കൽ. അതിൽ പെട്ടതാണ് അവിടുത്തെ സത്യസന്ധതയെയൊ, ബുദ്ധിയെയോ, ആക്ഷേപിക്കൽ ഇതെല്ലാം മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്ന സാക്ഷ്യത്തെ നിഷേധിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്.

കാരണം ഇതെല്ലാം ഖുർആനിൽ അല്ലാഹു അംഗീകരിച്ച വിശ്വാസ കാര്യങ്ങളോട് എതിരാകുന്നവയാണ്.

നബി ﷺ യെ ഉപദ്രവിച്ചവർ നിഷേധികളാണെന്നതിന്റെ തെളിവായി അല്ലാഹു പറഞ്ഞു:

﴿إِنَّ ٱلَّذِينَ يُؤْذُونَ ٱللَّهَ وَرَسُولَهُۥ لَعَنَهُمُ ٱللَّهُ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا﴾

അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെച്ചിട്ടുമുണ്ട്.

ശാപം എന്നാൽ ദുനിയാവിലും, പരലോകത്തും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും ആട്ടി അകറ്റുക എന്നതാണ്.

ആരെങ്കിലും അപ്രകാരം അകറ്റപ്പെട്ടാൽ അവൻ നിഷേധിയല്ലാതെ ആയിത്തീരുകയില്ല.

വിശ്വാസികളെ, നബി ﷺ യെ ഉപദ്രവിക്കുന്നതിൽ പെട്ടതാണ് അവിടുത്തെ മനപ്പൂർവ്വമോ, അറിയാതെയോ പരിഹസിക്കുക എന്നത്.

അപ്രകാരം അവിടുത്തെ പരിഹസിച്ചവൻ നിഷേധിയാണെന്നതിന്റെ തെളിവാണ് അല്ലാഹു സൂറത്തു തൗബയിൽ പറഞ്ഞ ആയത്ത്:

﴿وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ أَبِاللَّهِ وَءَايَٰتِهِۦ وَرَسُولِهِۦ كُنتُمْ تَسْتَهْزِءُونَ﴾

നീ അവരോട് അതിനെപ്പറ്റി ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്?

ഈ ആയത്തിനെ വിശദീരക്കവെ ഇമാം അബ്ദുർറഹ്മാൻ ഇബ്നു സഅദി -رحمه الله- പറഞ്ഞു: അല്ലഹുവിനെയും, അവന്റെ റസൂലിനെയും പരിഹസിക്കുക എന്നത് ദീനിൽ നിന്ന് പുറത്തുപോകുന്ന നിഷേധമാകുന്നു.

കാരണം ദീനിന്റെ അടിസ്ഥാനം തന്നെ അല്ലാഹുവിനെയും അവന്റെ റസൂലിനെയും ആദരിക്കുക എന്നതാണ്. അതിനാൽ ദീനിന്റെ ഏതെങ്കിലും ഒരു കാര്യത്തെ പരിഹസിക്കുക എന്നത് ആ അടിസ്ഥാനത്തിന് എതിരാണ്. അതിനെ പൊളിച്ച് കളയുന്ന ഏറ്റവും ഗുരുതരമായ കാര്യവുമാണ്.

നാല്: ഇസ്ലാമിൽ നിന്നും പുറത്താകുന്ന ഏതെങ്കിലും ഒന്ന് സംഭവിക്കൽ.

അല്ലാഹുവിനുള്ള ആരാധനയിൽ പങ്കു ചേർക്കൽ, നബി ﷺ യുടെ ചര്യയേക്കാൾ പൂർണ്ണമാണ് മറ്റാരുടെയെങ്കിലും ചര്യ എന്ന് വിശ്വസിക്കൽ, അല്ലെങ്കിൽ അവിടുന്ന് പഠിപ്പിച്ച നിയമത്തെക്കോൾ നല്ലതാണ് മറ്റാരുടെയെങ്കിലും നിയമം എന്ന് വിശ്വസിക്കൽ.

നബി ﷺ യുടെ നിയമത്തെക്കാൾ മറ്റാളുകൾ പടച്ചുണ്ടാക്കിയ നിയമങ്ങളെ ശ്രേഷ്ഠമാക്കി കമ്യൂണിസത്തെയും, ജനാധിപത്യത്തെയും പോലുള്ള നിയമങ്ങളെ ദീനിന്റെ നിയമങ്ങൾക്കു മേൽ സ്ഥാനം നൽകുന്നവൻ കാഫിറാകുന്നു. നിഷേധി

നബി ﷺ പഠിപ്പിച്ച കാര്യങ്ങളെ വെറുക്കൽ , ദീനിലെ പ്രതിഫലങ്ങൾ, ശിക്ഷകൾ പോലുള്ളവയെ പരിഹസിക്കൽ, മാരണം ചെയ്യൽ, ദീനിൽ നിന്നും യതൊന്നും പഠിക്കാതെയും, പ്രാവർത്തിമാക്കാതെയും തിരിഞ്ഞു കളയൽ പോലുള്ള കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്.

അഞ്ച്: നബി ﷺ യുടെ കാര്യത്തിൽ അതിരു കവിയൽ. അഥവാ അവിടുത്തെ ബഹുമാനിക്കുന്ന കാര്യത്തിൽ ദീൻ പഠിപ്പിച്ച അതിരു വിട്ടുകടക്കലാണത്.

നബി ﷺ ജനങ്ങളെ അവിടുത്തെ കാര്യത്തിൽ അതിരുകവിയരുതെന്ന് അങ്ങേയറ്റം ശക്തമായി അവിടുത്തെ ജീവിത കാലത്തും പ്രത്യേകിച്ചും അവിടുത്തെ മരണ വേളയിലടക്കം അവിടുന്ന് ജനങ്ങളോട് താക്കീത് നൽകുകയും, അവരെ അതിൽ നിന്നും അകറ്റുകയും ചെയ്തിരുന്നു.

അവിടുത്തേക്ക് അത്രമേൽ ശക്തമായ ഗുണകാംശയായിരുന്നു ഈ ഉമ്മത്തിനോട്.

ഈ വിഷയത്തിൽ അവിടുന്നിൽ നിന്നും പത്തോളം ഹദീസുകൾ വന്നിട്ടുണ്ട്. അതിൽ പെട്ടതാണ് ഉമറുബ്നുൽ ഖത്ത്വാബ് -ﷺ- നിവേദനം ചെയ്യുന്ന ഹദീസ്: അദ്ദേഹം പറഞ്ഞു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു:

ഈസബ്നു മർയമിനെ നസ്വാറാക്കൾ അമിതമായി പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ അമിതമായി പുകഴ്ത്തരുത്. ഞാൻ ഒരടിമ മാത്രമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ അടിമയും, പ്രവാചകനും ആണെന്ന് എന്നെ കുറിച്ച് നിങ്ങൾ പറയുക.

പരിതി വിട്ട് പുകഴ്ത്തലാണ് ഈ ഹദീസിൽ അർത്ഥമാക്കുന്നത്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അവനെ സൂക്ഷിക്കുക.

നിങ്ങൾ അറിയുക നബി ﷺ യിൽ അതിരു കവിയുന്നത് രണ്ട് തരത്തിലാണ്.

ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്നതും, ഇസ്ലാമിൽ നിന്ന് പുറത്തു പോകാത്തതും.

നബി ﷺ യിൽ അതിരുകവിയലിൽ ഇസ്ലാമിൽ നിന്നും പുറത്ത് പോകുന്ന കാര്യങ്ങളും ഉണ്ട്. അതിൽ പെട്ടതാണ്. അവിടുത്തോട് പ്രാർത്ഥിക്കുക പോലുള്ള കാര്യങ്ങൾ ചെയ്ത് കൊണ്ട് അവിടുത്തക്ക് ആരാധനകൾ തിരിച്ചു വിടൽ, അതു പോലെ അല്ലാഹുവിന് മാത്രം പ്രത്യേകമായ വിശേഷണങ്ങളായ അദൃശ്യജ്ഞാനം, ഉപജീനം നിയന്ത്രിക്കൽ, മഴ വർഷിപ്പിക്കൽ പോലുള്ള കാര്യങ്ങൾ അവിടുത്തേക്ക് ചേർത്തൽ ഇതെല്ലാം തന്നെ നിഷേധവും, നിരർത്ഥകവുമാണ്.

മാത്രമല്ല അവിടുത്തെ കാര്യത്തിൽ അതിരുകവിയുന്നതിന്റെ ഏറ്റവും ഗുരുതരമായ രൂപങ്ങളുമാണ്.

അല്ലാഹു പറഞ്ഞു:

﴿قُل لَّآ أَمۡلِكُ لِنَفۡسِي ضَرّٗا وَلَا نَفۡعًا إِلَّا مَا شَآءَ ٱللَّهُۗ لِكُلِّ أُمَّةٍ أَجَلٌۚ إِذَا جَآءَ أَجَلُهُمۡ فَلَا يَسۡتَـٔۡخِرُونَ سَاعَةٗ وَلَا يَسۡتَقۡدِمُونَ﴾

നബിയേ, പറയുക: എനിക്ക് തന്നെ ഉപകാരമോ ഉപദ്രവമോ ഉണ്ടാക്കുക എന്നത് എന്റെ അധീനത്തിലല്ല- അല്ലാഹു ഉദ്ദേശിച്ചതല്ലാതെ. ഓരോ സമൂഹത്തിനും ഒരു അവധിയുണ്ട്.അവരുടെ അവധി വന്നെത്തിയാൽ ഒരു നാഴിക നേരം പോലും അവർക്ക് വൈകിക്കാനാവില്ല. അവർക്കത് നേരത്തെയാക്കാനും കഴിയില്ല.

എന്നാൽ ദീനിൽ നിന്നും പുറത്താക്കാത്ത പുത്തനാചാരങ്ങളിൽപ്പെടുന്ന കാര്യങ്ങളും ഇതിൽ ഉണ്ട്. പക്ഷെ അത് ഒന്നാമത്തെ ഇനത്തിലേക്ക് എത്തിക്കുന്നതാണ്.

ഉദാഹരണത്തിന് അവിടുത്തെ കൊണ്ട് സത്യം ചെയ്യൽ, അവിടുത്തെ കൊണ്ട് അല്ലാഹുവിനോട് ഇടത്തേട്ടം നടത്തൽ , അവിടുത്തെ ജന്മദിനം കൊണ്ടാടൽ, അവിടുത്തെ അല്ലാഹു പ്രകാശത്തിൽ നിന്നാണ് സൃഷ്ടിച്ചതെന്ന് വിശ്വസിക്കൽ, അവിടുത്തേക്ക് വേണ്ടി മാത്രമാണ് ദുനിയാവും പരലോകവും അല്ലാഹു സൃഷ്ടിച്ചതെന്ന് വിശ്വസിക്കൽ, അവിടുത്തെ ഖബ്ർ ലക്ഷ്യം വെച്ചു കൊണ്ട് യാത്ര ചെയ്യൽ പോലുള്ളവ.

അവസാനം പറഞ്ഞ അവിടുത്തെ ഖബ്ർ ലക്ഷ്യം വെച്ച് കൊണ്ട് യാത്ര ചെയ്യുക എന്ന കാര്യം ജനങ്ങളിൽ ഒരുപാടാളുകൾ നന്മയായി കണക്കാക്കുന്ന ഒന്നാണ്. എന്നാൽ അത് ദീൻ പഠിപ്പിക്കാത്ത കാര്യം ആചരിക്കുക എന്ന പുത്തനാചാരത്തിൽ ഉൾപ്പെടുന്ന കാര്യമാകുന്നു.

അല്ല ദീൻ വ്യക്തമായും നിരോധിച്ച കാര്യം തന്നെയാന്നത്.

നബി ﷺ പറഞ്ഞു: മൂന്ന് പള്ളികളിലേക്കല്ലാതെ തീർത്ഥാടന യാത്ര പാടില്ല. മസ്ജിദുൽ ഹറാമും , മസ്ജിദുൽ അഖ്സയും, എന്റെ പള്ളിയുമാണ് അവ.

ഈ ഹദീസിൽ അവിടുന്ന് പറയുന്നത് അവിടുത്തെ പള്ളി ലക്ഷ്യം വെച്ചുള്ള യാത്രയാണ്. അല്ലാതെ അവിടുത്തെ ഖബ്ർ ലക്ഷ്യം വെച്ചുള്ള യാത്രയല്ല.

ആരെങ്കിലും അവിടുത്തെ ഖബ്ർ ലക്ഷ്യമാക്കി തീർത്ഥാടന യാത്ര പോയാൽ അവൻ അനുഷ്ഠിക്കുന്നത് ദീൻ പഠിപ്പിച്ചിട്ടില്ലാത്ത കാര്യമാണ്. അത് അവന്റെ മേൽ തള്ളപ്പെടുന്നതുമാണ്.

നബി ﷺ പറഞ്ഞു: ആരാണോ നമ്മുടെ കൽപ്പനയില്ലാത്ത വല്ല കർമവും അനുഷ്ഠിക്കുന്നത് അത് തള്ളപ്പെടുന്നതാണ്.

എന്നാൽ നാം ചെയ്യേണ്ടത് മസ്ജിദുന്നബവിയിൽ പ്രവേശിക്കുകയും, അതിൽ നിസ്കരിക്കകയും ചെയ്യുക എന്നതാണ്. ഇതോടെ അവന്റെ ലക്ഷ്യം പൂർത്തിയായി. അതിന് ശേഷം അവന് നബി ﷺ യുടെ ഖബ്ർ സന്ദർശിക്കുകയോ, അവിടുത്തോടും, അവിടുത്തെ രണ്ട് ചങ്ങാതിമാരോടും സലാം പറയുകയും ചെയ്യാം. അത് പോലെ ഖുബാ മസ്ജിദിലേക്ക് പോവുകയും, നബി ﷺ ചെയ്യാറുള്ളത് പോലെ അവിടെ രണ്ട് റക്അത്ത് നിസ്കരിക്കുകയും ചെയ്യാം.

മാത്രവുമല്ല അവന് ബഖീഉൽ ഗർഖദ് സന്ദർശിക്കുകയും, അവിടെയുള്ള ഖബറാളികളോട് സലാം പറയുകയും, ഉഹ്ദിലെ ശുഹദാക്കളുടെ ഖബ്റുകൾ മറ്റു ഖബ്റുകൾ സന്ദർശിച്ചു ഉപദേശം ഉൾക്കൊള്ളുകയും, ഖബറാളികളോട് സലാം പറയുകയും ചെയ്യുന്നത് പോലെ നിർവ്വഹിക്കുകയും ചെയ്യാം.

അല്ലയോ മുസ്ലിമിങ്ങളെ,

നബി ﷺ യോടുള്ള ബഹുമാനത്തിന്റെ കാര്യത്തിൽ ജനങ്ങൾ മൂന്ന് തരക്കാരാണ്.

ഒന്ന് : അങ്ങേയറ്റം വീഴ്ച വരുത്തിയ ആളുകളാണ്.

അവിടുത്തോടുള്ള സകല ബാധ്യതകളെയും തമസ്കരിക്കുന്നയാളുകളാണവർ.

അവിടുത്തെ ആദരിക്കുകയോ,ബഹുമാനിക്കുകയോ, അവിടുത്തേക്കുള്ള ഗാഭീര്യം വകവെച്ചു കൊടുക്കുകയോ ചെയ്യാതെ അവിടുത്തെ സ്നേഹിക്കാതെ,

അനുസരിക്കാതെ അവിടുത്തോടുള്ള നിർബന്ധമായ ബാധ്യതകൾ പോലും നിർവ്വഹിക്കാത്തവരായ ആളുകൾ.

ഇത്തരം ആളുകൾ രണ്ട് തരക്കാരാണ്.

ഒന്ന്: തിന്മകളുടെയും, അശ്രദ്ധയുടെയും ആളുകൾ നബി ﷺ യെ അനുസരിക്കുന്നതിൽ നിന്നും തിരിഞ്ഞു കളഞ്ഞവർ.

രണ്ട്: ബാത്വിനായ്യാക്കളിലും, സ്വൂഫികളിലും പെട്ട ബിദ്അത്തുകാരിലെ അതിരു കവിഞ്ഞവർ.

അവർ നബി ﷺ യെക്കാൾ തങ്ങൾ ഔലിയാക്കളെന്നും, ലോകത്തിന്റെ അച്യുദണ്ഡുകളെന്നും വിശേഷിപ്പിക്കുന്നവരെ ശ്രേഷ്ഠത നൽകുന്നവരാണ്.

രണ്ട്: ജനങ്ങളിൽ പെട്ട അതിരു കവിഞ്ഞയാളുകൾ ഒന്നാമത്തെ വിഭാഗം ആളുകളുടെ നേർ വിപരീതമാണിവർ. ഇവർ അല്ലാഹു അവിടുത്തേക്ക് നൽകിയ സ്ഥാനത്തിന് മുകളിൽ അവിടുത്തെ ഉയർത്തുന്നു. അടിമകളുടെ പ്രവർത്തനങ്ങളിലെ അല്ലാഹുവിന്റെ മാത്രം അവകാശമായ പ്രാർത്ഥന, നേർച്ച, ബലികർമ്മം തുടങ്ങിയ കാര്യങ്ങൾ ഇവർ നബി ﷺ ക്ക് വകവെച്ചു കൊടുക്കുന്നു.

അതുപോലെ അല്ലാഹുവിന് മാത്രമുള്ള വിശേഷണങ്ങളായ അദൃശ്യജ്ഞാനം പോലുള്ളവ കൊണ്ട് നബി ﷺ യെയും വിശേഷിപ്പിക്കുന്നു.

ഖബറാരാധകരായവരിലാണ് ഇത് ധാരാളമായും കാണപ്പെടുന്നത്.

മൂന്ന് : സത്യത്തിന്റെ ആളുകളാണവർ. ശരിയായ പാതയിൽ മധ്യമ നിലപാടിൽ നിലയുറപ്പിച്ചവരാണവർ. അവർ നബി ﷺ യെ സ്നേഹിക്കുകയും, അവിടുത്തോടുള്ള കടമകൾ നിറവേറ്റുകയും അവിടുത്തെ വിഷയത്തിൽ അതിരുകവിയുന്നതിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്നു.

അല്ലാഹു അവരിൽ നമ്മെ ഉൾപ്പെടുത്തുകയും ഉറപ്പിച്ച് നിറുത്തുകയും ചെയ്യട്ടെ,

നിങ്ങൾ അറിയുക. അല്ലാഹു നിങ്ങളോട് കരുണ കാണിക്കട്ടെ. അവൻ നിങ്ങളോട് കൽപ്പിച്ചു കൊണ്ട് പറഞ്ഞു:

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക.

നബി ﷺ യിലുള്ള വിശ്വാസം നമ്മിൽ നിന്നും തേടുന്നത്

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ، فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

അറിയുക, അല്ലാഹുവിന്റെ കാരുണ്യത്തിൽ പെട്ടതാകുന്നു തന്റെ ആയത്തുകൾ ജനങ്ങൾക്ക് വായിച്ചു കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും താത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു റസൂലിനെ നിയോഗിച്ചിരിക്കുന്നു എന്നത്, അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിലുമായിരുന്നു. നബി ﷺ യിലുള്ള വിശ്വാസം പതിനഞ്ച് കാര്യങ്ങളാണ് നമ്മിൽ നിന്നും തേടുന്നത് :

1, അതിൽ ഒന്നാമത്തേത്, അവിടുത്തെ പേരും പരമ്പരയും അറിയുക എന്നതാണ്. ഇപ്രകരമാണ് പരമ്പര - മുഹമ്മദ്, അബ്ദുല്ലഹ്, അബ്ദുൽ മുത്തലിബ്, ഹാഷിം, അബ്ദു മനാഫ്, ഖുസയ്യ്, കിലാബ്, മുറഹ്, ക'അബ്, ലുഅയ്യ്, ഗാലിബ്, ഫിഹ്റ്, മാലിക്, നദ്റ്, കിനാനഹ്, ഖുസയ്മ, മുദ്രികഹ്, ഇല്യാസ്, മുദർ, നിസാർ, മഅദ്, അദ്നാൻ.

അദ്നാൻ ആകട്ടെ ഇസ്മാഈലിന്റെ عليه السلام പരമ്പരയിൽ പെട്ടതും, ഇസ്മാഈൽ ഇബ്രാഹീം നബി عليه السلام ന്റെ മകനുമാണ്. എന്നാൽ ഈ പറയപ്പെട്ടവയിൽ നിന്നും മുഹമ്മദ് ﷺ അബ്ദുല്ലയുടെ മകനാണ് എന്നും ഖുറെയ്ഷ് ഗോത്രത്തിൽ പെട്ടതാണ് എന്ന അറിവും മതിയായതാണ്.

2, നബി ﷺ യിൽ ഉള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാണ് അവിടുത്തെ പ്രാവചകാത്തതിന് കൊണ്ട് വന്ന തെളിവുകളിൽ വിശ്വസിക്കുക എന്നത്. അവ ധാരാളമുണ്ട്. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്

വിശുദ്ധ ഖുർആനിന്റെ അവതരണവും, ചന്ദ്രൻ പിളർന്നതും, ഈന്തപ്പനയുടെ തേങ്ങലും, അവിടുത്തെ മുൻപിൽ ഭക്ഷണം തസ്ബീഹ് പറഞ്ഞതും, അവിടുത്തെ വിരലുകൾക്ക് ഇടയിലൂടെ വെള്ളം ഒലിച്ചിറങ്ങിയതും, അല്പം മാത്രം ഉണ്ടായിരുന്ന ഭക്ഷണം അധികമാക്കപ്പെട്ടതും, വരാനിരിക്കുന്ന പല കാര്യങ്ങളെ കുറിച്ചും പ്രവചിച്ചതെല്ലാം.

3, നബിﷺ യിലുള്ള വിശ്വാസത്തിൽ പെട്ടതാണ് അവിടുത്തെ നുബുവ്വത്തിലും രിസാലത്തിലുമുള്ള വിശ്വാസം, സത്യമായും ന്യായമായും അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ള പ്രവാചകനും ദൂതനുമാണ് എന്ന വിശ്വാസം.

4, നബിﷺ യിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അദ്ദേഹം അവസാനത്തെ പ്രവാചകനാണ് എന്നതും അവിടുത്തെ രിസാലത്ത് അന്ത്യ രിസാലത്താണ് എന്നുമുള്ള വിശ്വാസം. അല്ലാഹു تعالى പറഞ്ഞത് പോലെ

﴿ مَّا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ﴾

മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു.

ഥൗബാൻ ﵁ വിൽ നിന്ന് നിവേദനം : അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

وَإِنَّهُ سَيَكُونُ فِي أُمَّتِي ثَلاَثُونَ كَذَّابُونَ كُلُّهُمْ يَزْعُمُ أَنَّهُ نَبِيٌّ وَأَنَا خَاتَمُ النَّبِيِّينَ لاَ نَبِيَّ بَعْدِي

തീർച്ചയായും എന്റെ ഉമ്മത്തിൽ മുപ്പത് വ്യാജന്മാർ ഉണ്ടാകും, അവരോരോരുത്തരും താൻ പ്രവാചകനാണെന്ന് അവകാശപ്പെടും. പ്രവാചകന്മാരിൽ അവസാനത്തെ ആളാണ് ഞാൻ, എനിക്ക് ശേഷം ഒരു പ്രവാചകൻ ഇല്ല.

ജാബിർ ﵁ യിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

إِنَّ مَثَلِي وَمَثَلَ الأَنْبِيَاءِ مِنْ قَبْلِي كَمَثَلِ رَجُلٍ بَنَى بَيْتًا فَأَحْسَنَهُ وَأَجْمَلَهُ، إِلاَّ مَوْضِعَ لَبِنَةٍ مِنْ زَاوِيَةٍ، فَجَعَلَ النَّاسُ يَطُوفُونَ بِهِ وَيَعْجَبُونَ لَهُ، وَيَقُولُونَ هَلاَّ وُضِعَتْ هَذِهِ اللَّبِنَةُ قَالَ فَأَنَا اللَّبِنَةُ، وَأَنَا خَاتِمُ النَّبِيِّينَ

"എനിക്ക് മുമ്പുള്ള മറ്റ് പ്രവാചകന്മാരുമായി എന്റെ ഉപമ, ഒരു മൂലയിൽ ഒരു ഇഷ്ടികയുടെ സ്ഥലം ഒഴികെ, മനോഹരമായി ഒരു വീട് നിർമ്മിച്ച വ്യക്തിയുടേത് പോലെയാണ്. ആളുകൾ അത് കണ്ടു അതിന്റെ ഭംഗിയിൽ അത്ഭുതപ്പെട്ടു, പക്ഷേ അവർ പറയുന്നു. : 'ഈ ഇഷ്ടിക അതിന്റെ സ്ഥാനത്ത് വെച്ചിരുന്നെങ്കിൽ എത്ര നന്നായേനെ!' അതിനാൽ ഞാനാണ് ആ ഇഷ്ടിക, പ്രവാചകന്മാരിൽ അവസാനത്തെതുമാണ് ഞാൻ".

5, നബി ﷺ യിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവിടുന്ന് കൊണ്ട് വന്ന ശരീഅഃത്, ഈസാ നബിയുടെയും മൂസാ നബിയുടെയും ﵉

മറ്റെല്ലാ ശരീഅഃത്തിനെയും ഉയർത്തിയതാണ് എന്ന വിശ്വാസം. അതിനു മുകളിലെല്ലാം ആധിപത്യം സ്ഥാപിക്കുന്നതുമാണ് നബി ﷺ യുടെ ശരീഅഃത്. അല്ലാഹു تعالى പറഞ്ഞു:

﴿ وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ ﴾

നബിയേ, നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.

അതുകൊണ്ട് തന്നെ ഈ ഇസ്ലാമിന്റെ ശരീഅഃത് കൊണ്ടല്ലാതെ അല്ലാഹുവിനെ ഇബാദത് ചെയ്യൽ അനുവദിനീയവുമല്ല.

6, അല്ലാഹുവിന്റെ അടിമകളെ, അവയിൽ പെട്ടതാണ്, നബി ﷺ യുടെ നിയോഗത്തിന് ശേഷം അല്ലാഹുവിന്റെ അടുക്കൽ ഇസ്ലാമല്ലാതെ മറ്റൊരു മതവും സ്വീകരിക്കപ്പെടുകയില്ല എന്ന വിശ്വാസം. അതിനുള്ള തെളിവ് അല്ലാഹു تعالى പറഞ്ഞു:

﴿ وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴾

ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.

സുന്നതിൽ നിന്നും തെളിവ്, റസൂൽ ﷺ പറഞ്ഞു:

وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لاَ يَسْمَعُ بِي أَحَدٌ مِنْ هَذِهِ الأُمَّةِ يَهُودِيٌّ وَلاَ نَصْرَانِيٌّ ثُمَّ يَمُوتُ وَلَمْ يُؤْمِنْ بِالَّذِي أُرْسِلْتُ بِهِ إِلاَّ كَانَ مِنْ أَصْحَابِ النَّارِ

മുഹമ്മദിന്റെ ﷺ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണെ സത്യം, എന്നെ കുറിച്ച് ഈ സമുദായത്തിൽ പെട്ട ഒരാളും തന്നെ കേൾക്കുന്നില്ല, അവൻ യഹൂതിയോ നസ്രാനിയോ ആകട്ടെ, എന്നിട്ട് ഞാൻ എന്തും കൊണ്ടാണോ അയക്കപ്പെട്ടത് അതിൽ വിശ്വസിച്ചിട്ടില്ലെങ്കിൽ, അവൻ നരകത്തിന്റെ അവകാശി ആയത് തന്നെ.

7, നബി ﷺ യിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാകുന്നു, അവിടുന്ന് തന്റെ രിസാലത്ത് പൂർത്തീകരിക്കുകയും അത് തന്റെ ഉമ്മത്തിന് എത്തിച്ചു നൽകുകയും അങ്ങനെ അവരെ തെളിമയാർന്ന മാർഗത്തിലാണ് വിട്ടിട്ടുള്ളത് എന്ന വിശ്വാസം. അല്ലാഹു تعالى പറഞ്ഞു :

﴿ الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ﴾

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.

ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു, മസ്റൂഖ് رحمه الله പറഞ്ഞു : ഞാൻ ആഇശ رضي الله عنها യുടെ വീട്ടിൽ വിശ്രമിക്കുമ്പോൾ അവർ പറഞ്ഞു: ഓ അബൂആഇശാ, മൂന്ന് കാര്യങ്ങൾ, അതിലൊന്നെങ്കിലും ശരിവെച്ചവൻ അല്ലാഹുവിനെതിരെ ഏറ്റവും വലിയ കള്ളം കെട്ടിച്ചമച്ചിരിക്കുന്നു. -അതിൽ ഒന്ന്- അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് എന്തെങ്കിലും മറച്ചുവെച്ചുവെന്ന് അനുമാനിക്കുന്നവൻ അല്ലാഹുവിനെതിരെ ഏറ്റവും വലിയ കള്ളം കെട്ടിച്ചമയ്ക്കുന്നു. അല്ലാഹു പറഞ്ഞു:

﴿ يَا أَيُّهَا الرَّسُولُ بَلِّغْ مَا أُنزِلَ إِلَيْكَ مِن رَّبِّكَ ۖ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ رِسَالَتَهُ ﴾

ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല.

അബു ദർ رضي الله عنه പറഞ്ഞു :

لقدْ تَرَكَنَا رسولُ اللهِ ﷺ وما يُحَرِّكُ طائِرٌ جَنَاحَيْهِ في السماءِ إلَّا ذَكَّرَنا منه عِلْمًا

ആകാശത്ത് ചിറകിട്ടടിക്കുന്ന പക്ഷിയിൽ നിന്നുപോലും നമ്മുക്ക് അറിവ് പകർന്നു നൽകിയിട്ടല്ലാതെ മുഹമ്മദ് ﷺ നമ്മെ വിട്ടുപോയിട്ടില്ല.

അവിടുന്ന് ദീൻ പൂർണമായും എത്തിച്ചു നൽകി എന്നതിന് ഹജ്ജത്തുൽ വിദാഇൽ സ്വഹാബാകൾ ഏവരും സാക്ഷ്യം വഹിച്ചതാണ്. നാല്പത്തിനായിരത്തോളമായിരുന്നു അന്ന് അവരുടെ എണ്ണം.

"നിങ്ങൾ അവ മുറുകെപ്പിടിച്ചാൽ അതിന് ശേഷം വഴികേടിലായി പോകാത്ത കാര്യം ഞാൻ നിങ്ങളിൽ വിട്ടേക്കുകയാണ്, അല്ലാഹുവിന്റെ ഗ്രന്ഥമാണ് അത്. നിങ്ങൾ എന്നെ കുറിച്ച് ചോദിക്കപ്പെടുന്നവരാണ്. അന്നേരം എന്താണ് നിങ്ങൾ മറുപടി പറയുക?" എന്ന് അവിടുന്ന് പറഞ്ഞപ്പോൾ, അവർ പറഞ്ഞു : "താങ്കൾ എത്തിച്ചു നൽകിയെന്നും, ദൗത്യം നിറവേറ്റിയെന്നും, നമ്മോട് ഗുണകാംഷ ചെയ്തുവെന്നും നാം സാക്ഷ്യം വായിക്കുന്നു."

തന്റെ വിരൽ ആകാശത്തേക്കും പിന്നീട് മുൻപിലുള്ളവരിലേക്കും മൂന്ന് പ്രാവശ്യം ഉയർത്തുകയും താഴ്ത്തുകയും ചെയ്ത് കൊണ്ട് അവിടുന്ന് മൂന്ന് തവണ പറഞ്ഞു : അല്ലാഹുവേ നീ ഇതിന് സാക്ഷ്യം വഹിക്കണേ!

8, നബി ﷺ യിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവിടുത്തെ രിസാലത്ത് എല്ലാ മനുഷ്യരിലേക്കും ജിന്നുകളിലേക്കുമുള്ളതാണ് എന്ന് വിശ്വസിക്കൽ. അല്ലാഹു പറഞ്ഞു :

﴿ قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا ﴾

പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു.

അവൻ പറഞ്ഞു :

﴿ وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ ﴾

ലോകർക്ക് ആകമാനം കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

നബി ﷺ ജിന്നുകളെ ഇസ്ലാമിലേക്ക് ക്ഷണിച്ച സന്ദർഭത്തെ കുറിച്ച് സൂറത്ത് ജിന്നിൽ പരാമർശം വന്നിട്ടുണ്ട്. ചില ജിന്നുകൾ വരികയും അവർ ഇസ്ലാമിനായി നബിﷺ ക്ക് ബയ്അത് ചെയ്യുകയുണ്ടായി. ഈ സംഭവത്തെ തുടർന്നാണ് സൂറത്ത് അഹ്ഖാഫിലെ ഈ വചനങ്ങൾ അവതരിച്ചത്. അല്ലാഹു പറഞ്ഞു :

﴿ وَإِذْ صَرَفْنَا إِلَيْكَ نَفَرًا مِّنَ الْجِنِّ يَسْتَمِعُونَ الْقُرْآنَ فَلَمَّا حَضَرُوهُ قَالُوا أَنصِتُوا ۖ فَلَمَّا قُضِيَ وَلَّوْا إِلَىٰ قَوْمِهِم مُّنذِرِينَ﴾

ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ഖുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം ശ്രദ്ധേയമാണ്. അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായിരിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി.

﴿ قَالُوا يَا قَوْمَنَا إِنَّا سَمِعْنَا كِتَابًا أُنزِلَ مِن بَعْدِ مُوسَىٰ مُصَدِّقًا لِّمَا بَيْنَ يَدَيْهِ يَهْدِي إِلَى الْحَقِّ وَإِلَىٰ طَرِيقٍ مُّسْتَقِيمٍ﴾

അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും, അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴി കാട്ടുന്നു.

﴿ يَا قَوْمَنَا أَجِيبُوا دَاعِيَ اللَّهِ وَآمِنُوا بِهِ يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُجِرْكُم مِّنْ عَذَابٍ أَلِيمٍ﴾

ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും, അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽ നിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്.

നബി ﷺ അവിടുത്തോട് കൽപ്പിക്കപ്പെട്ടത് പോലെ എല്ലാ മനുഷ്യരെയും ഈ പാതയിലേക്ക് ക്ഷണിച്ചു. അവിടുത്തെ അടുത്ത കുടുംബക്കാരെ ക്ഷണിച്ചു, പിന്നീട്

അറേബ്യയിലെയും റോമിലെയും പെർഷ്യയിലെയും രാജാക്കന്മാർക്ക് കത്തുകൾ എഴുതി, ഹബഷയിലെ രാജാവായ നജ്ജാശിക്ക് കത്തെഴുതി, ജിന്നുകളെ ഇസ്ലാമിലേക്ക് ക്ഷണിച്ചു, ദഅവത്തിന് വഴി എളുപ്പമാക്കുക എന്ന ഉദ്ദേശത്തോടെ യുദ്ധങ്ങൾ നയിച്ചു. പിന്നീട് അവിടുത്തെ സ്വാഹാബാക്കൾ അതേ പാതയിലായി ചലിച്ചു, അങ്ങനെ അവരും അല്ലാഹുവിലേക്ക് ക്ഷണിച്ചു, ഖുർആനും സുന്നത്തും കാത്തു സംരക്ഷിച്ചു, ദീൻ വിട്ടു പുറത്ത് പോയവരോട് യുദ്ധം ചെയ്തു, പ്രവാചകനാണെന്ന് കള്ള പ്രഖ്യാപനം നടത്തിയവരുമായി യുദ്ധത്തിൽ ഏർപ്പെട്ടു, ശാമും മിസ്റും മഗ്രിബും ഖുറാസാനും അടങ്ങുന്ന അനേകം നാടുകൾ അവർ ഇസ്ലാമിനായി വെട്ടിപ്പിടിച്ചു, അവിടെയെല്ലാം അവർ തൗഹീദ് പകർന്നു നൽകി, ബിംബങ്ങളെ തച്ചുടച്ചു, ചരിത്ര പുസ്തകങ്ങളിൽ രേഖപ്പെടുത്തപ്പെട്ടത് പോലെ അവർ ഇസ്ലാമിനായി ധാരാളം സംഭാവനകൾ നൽകി. അല്ലാഹു അവർക്ക് റഹ്മത്ത് ചെയ്യുകയും ഏറ്റവും നല്ലത് പ്രതിഫലം നൽകുകയും ചെയ്യട്ടെ. അവരും അവർക്ക് ശേഷം വന്ന അവരുടെ തലമുറകളും ഇസ്ലാമിനായി ചെയ്തത് അന്ത്യ ദിനത്തിൽ അവരുടെ നന്മയുടെ തുലാസിലായി അല്ലാഹു സ്ഥാപിക്കട്ടെ.

9, നബി ﷺ യിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവിടുന്ന് കാണിച്ചു തന്ന മാർഗദർശനം ഏറ്റവും പരിപൂർണമായതാണ് എന്ന് വിശ്വസിക്കൽ, ജാബിർ رضي الله عنه വിൽ നിന്ന് നിവേദനം : നബി അവിടുത്തെ ഖുതുബയിൽ പറയാറുണ്ടായിരുന്നു :

أَمَّا بَعْدُ فَإِنَّ خَيْرَ الْحَدِيثِ كِتَابُ اللَّهِ وَخَيْرُ الْهُدَى هُدَى مُحَمَّدٍ وَشَرُّ الأُمُورِ مُحْدَثَاتُهَا وَكُلُّ بِدْعَةٍ ضَلاَلَةٌ

അദ്ദേഹം തുടർന്നും പറയും: "സംഭാഷണത്തിൽ ഏറ്റവും മികച്ചത് അല്ലാഹുവിന്റെ ഗ്രന്ഥമാണ്, മാർഗദർശനങ്ങളിൽ ഏറ്റവും മികച്ചത് മുഹമ്മദ് ﷺ യുടെ മാർഗനിർദേശമാണ്. ഏറ്റവും മോശമായ കാര്യങ്ങൾ ബിദ്അത്തുകളാണ്; എല്ലാ പുതുതായി ഉണ്ടാക്കപ്പെട്ട കാര്യങ്ങളും വഴികേടാണ്.

10, അവയിൽ പെട്ടതാണ്, അവിടുത്തതോടുള്ള കടമകൾ നിർവഹിക്കുക എന്നത്, അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നബി യേ സത്യപ്പെടുത്തലും, അവിടുന്ന് കല്പിച്ചത് നിർവഹിച്ചുകൊണ്ടും നിരോധിച്ചതിൽ നിന്ന് വിട്ടുനിന്ന് കൊണ്ടും അവിടുത്തെ ശരീഅഃത്തിന് കീഴൊതുങ്ങലും, അതുപോലെ തന്നെ അദ്ദേഹത്തെ സ്നേഹിക്കലും.

11, അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യിലുള്ള വിശ്വാസം തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അദ്ദേഹം ഒരു മനുഷ്യനാണ് എന്ന് വിശ്വസിക്കൽ. അവിടുന്ന് അല്ലാഹുവിന്റെ അടിമയാണ്, അതുകൊണ്ട് ആരാധിക്കപ്പെടേണ്ടവനല്ല. എന്നാൽ റസൂലാണ്, കളവാക്കപ്പെടുകയും ചെയ്തുകൂടാ. ഈ കാര്യം വ്യക്തമായി

അനേകം ആയത്തുകളിൽ പരാമർശിച്ചതാണ്. അല്ലാഹു تعالى സൂറത്ത് ഇസ്റഇന്റെ ആരംഭത്തിൽ പറഞ്ഞത് പോലെ :

﴿ سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ لَيْلًا مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى﴾

തന്റെ ദാസനെ {നബിയെ} ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് - അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു- നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ!

ഉമർ ﷺ പറഞ്ഞു : നബി ﷺ പറഞ്ഞതായി ഞാൻ കേട്ടു :

لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ، فَإِنَّمَا أَنَا عَبْدُهُ، فَقُولُوا عَبْدُ اللَّهِ وَرَسُولُهُ

ക്രിസ്ത്യാനികൾ മറിയമിന്റെ മകനെ പുകഴ്ത്തിയതുപോലെ എന്നെ പ്രശംസിക്കുന്നതിൽ അതിശയോക്തി കാണിക്കരുത്, കാരണം ഞാൻ ഒരു അടിമ മാത്രമാണ്. അതിനാൽ, എന്നെ അല്ലാഹുവിന്റെ അടിമയെന്നും അവന്റെ ദൂതനെന്നും പറഞ്ഞുകൊള്ളുക.

അല്ലാഹു തന്റെ നബിയോട് പറഞ്ഞു:

﴿ قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَىٰ إِلَيَّ أَنَّمَا إِلَٰهُكُمْ إِلَٰهٌ وَاحِدٌ ﴾

നബിയേ, പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു.

അവിടുന്ന് മനുഷ്യനാണ് എന്ന വിശ്വാസം ഉറപ്പിക്കുന്ന കാര്യമാണ്, അല്ലാഹുവിന് മാത്രമായ അവന്റെ ഉലൂഹിയ്യത്തിലോ റൂബൂബിയ്യത്തിലോ ഒന്നും തന്നെ നബി ﷺ ഉടമപ്പെടുത്തുന്നില്ല എന്നത്. അതുപോലെ തന്നെയാണ് എല്ലാ നബിമാരും റസൂലുകളും. നബി ﷺ യോട് പറയാൻ കൽപ്പിച്ച് കൊണ്ട് അല്ലാഹു تعالى പറഞ്ഞു :

﴿ قُل لَّا أَمْلِكُ لِنَفْسِي نَفْعًا وَلَا ضَرًّا إِلَّا مَا شَاءَ اللَّهُ ۚ وَلَوْ كُنتُ أَعْلَمُ الْغَيْبَ لَاسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ ۚ إِنْ أَنَا إِلَّا نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ﴾

നബിയേ പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്.

ഇതുപോലെയുള്ള ആയത്തുകൾ നബി ﷺ ഒരു മനുഷ്യനാണ് എന്നും, അല്ലാഹുവിന്റെ ഉലൂഹിയ്യത്തിലോ റൂബൂബിയ്യത്തിലോ ഒന്നും തന്നെ

ഉടമപ്പെടുത്തുന്നില്ല എന്നും നമ്മുക്ക് മനസ്സിലാക്കി തരുന്നു. അതുകൊണ്ട് തന്നെ അവിടുന്ന് ഗയ്ബ് അഥവാ മറഞ്ഞ കാര്യങ്ങൾ അറിയുകയില്ല, പ്രപഞ്ചത്തിൽ മാറ്റങ്ങൾ കൊണ്ട് വരാൻ സാധിക്കുകയില്ല, പ്രാർത്ഥനകൾക്ക് ഉത്തരം നൽകാൻ സാധിക്കുകയില്ല. പകരം, നമ്മെ പോലെത്തന്നെ ഒരു മനുഷ്യനാണ് അദ്ദേഹം, എന്നാൽ പ്രാവചകത്ത്യത്തെ കൊണ്ട് അല്ലാഹു പ്രെത്യകമാക്കിയിരിക്കുന്നു, ഇത്പോലെ തന്നെയാണ് ബാക്കിയുള്ള പ്രവാചകന്മാരുടെ കാര്യവും.

12, അതുപോലെ തന്നെ അവയിൽ പെട്ടതാണ്, അദ്ദേഹത്തിന്റെ അനുഗ്രഹീതമായ ജീവചരിത്രം, പ്രശംസനീയമായ ഗുണങ്ങൾ, അല്ലാഹുവിന് വേണ്ടിയുള്ള പോരാട്ടം, സത്യം പ്രചരിപ്പിക്കാനുള്ള ക്ഷമയും സഹിഷ്ണുതയും എന്നിവയെ സൂചിപ്പിക്കുന്ന അവിടുത്തെ ജീവിത ചരിത്രത്തിലെ ആധികാരികമായ സംഭവങ്ങളിൽ വിശ്വസിക്കുക എന്നത്.

13, നബി ﷺ യിലുള്ള വിശ്വാസത്തിന്റെ ആവശ്യതകളിൽ പെട്ടതാണ്, അവിടുത്തെ ശരീരകമായും മതപരമായുമുള്ള സ്ഥിരപ്പെട്ടുവന്ന വിശേഷണങ്ങളിൽ വിശ്വസിക്കുക എന്നത്. അവിടുത്തെ നീളം, ശാരീരിക ഘടന, നടത്തതിന്റെ രൂപം, മാഹാത്തമ്യമുള്ള അവിടുത്തെ മുഖത്തിന്റെ വിശേഷണം, ശരീരത്തിന്റെ സൗന്ദര്യം എന്നിവയും, അല്ലാഹു കനിഞ്ഞു നൽകിയ മറ്റാർക്കും ഒത്തുചേർന്നിട്ടില്ലാത്ത സത്യസന്ധത, വിശ്വസ്ഥത, കാരുണ്യം, ബന്ധം ചേർക്കൽ, മാപ്പുനൽകൾ എന്നിവ പോലെയുള്ള സവിശേഷമായ സ്വഭാവത്തിലുമുള്ള വിശ്വാസം. നബി യുടെ സൽസ്വഭാവവും ശാരീരികവുമായ വിശേഷണങ്ങളെ കുറിച് പണ്ഡിതന്മാർ ഒരുപാട് ഗ്രന്ഥങ്ങൾ വരെ രചിച്ചിട്ടുണ്ട്.

14, നബി ﷺ യിലുള്ള വിശ്വാസം നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവിടുത്തെ അസ്തിത്വവും മതപരവുമായ പ്രത്യേകതളിലുള്ള വിശ്വാസം. അവിടുത്തെ അസ്ഥിയിലുള്ള പ്രേത്യേകതകളിൽ പെട്ടതാണ് നുബുവ്വത്തിന്റെ അടയാളം. ഇടത് തോളിന് അടുത്തതായി ഏതാനും രോമങ്ങളുള്ള ഉയർന്നു നിൽക്കുന്ന ഒരു കഷ്ണം മാംസമാണത്. ഒരു പ്രാവിന്റെ മുട്ടയുടെ അത്രയാണ് അതിന്റെ വലുപ്പം.

അതുപോലെ തന്നെ അവിടുത്തെ പ്രത്യേകതകളിൽ പെട്ടതാണ്, അവിടുത്തെ കണ്ണുകൾ ഉറങ്ങുമെങ്കിലും ഹൃദയം ഉറങ്ങുകയില്ല എന്നതും. അവയിൽ പെട്ടതാണ്, അവിടുത്തെ ശരീരത്തിൽ നിന്നും പുറത്ത് വരുന്ന വിയർപ്പിലും ഉമിനീരിലുമെല്ലാം അല്ലാഹു ബറകത് നിശ്ചയിച്ചിരിക്കുന്നു എന്നത്.

എന്നാൽ മതപരമായ പ്രത്യേകതകൾ, അവയിൽ പെട്ടതാണ് അനന്തരമായി ഒന്നും എടുക്കുകയില്ല എന്നതും, സ്വദഖ അവിടുത്തെകും

അവിടുത്തെ കുടുംബത്തിനും ഹറാമാണ് എന്നതും. അതുപോലെ തന്നെ തുടർച്ചയായി നോമ്പ് തുറക്കാതെ നോമ്പുകൾ നോക്കുക, നാലിൽ ഏറെ വിവാഹം കഴിക്കാനുള്ള അനുവാദം, തന്റെ സ്വശരീരത്തെ സമ്മാനമായി നൽകുന്നവളെ വിവാഹം ചെയ്യുക, മരണപ്പെട്ട സ്ഥലത്ത് തന്നെ മറവ് ചെയ്യുക, എന്നത് പോലെയുള്ളതും അവിടുത്തെ പ്രത്യേകതകളിൽ പെട്ടതാണ്.

15, അല്ലാഹുവിന്റെ അടിമകളെ, നബിയിലുള്ള വിശ്വാസം നമ്മോട് തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവിടുത്തെക്ക് അല്ലാഹു നൽകിയ സംരക്ഷണത്തിൽ വിശ്വസിക്കുക എന്നത്. അഞ്ച് കാര്യങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടവനാണ് നബി ﷺ.

ഒന്ന് : ദീൻ എത്തിച്ചു നൽകുന്ന കാര്യത്തിൽ തെറ്റിൽ നിന്നും, മറവിയിൽ നിന്നും, മറച്ചു വെക്കുന്നതിൽ നിന്നും സംരക്ഷിക്കപ്പെട്ടവനാണ്.

അല്ലാഹു പറഞ്ഞു :

﴿ وَمَا يَنطِقُ عَنِ الْهَوَىٰ ﴾

അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല

﴿ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ﴾

അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു.

അവൻ പറഞ്ഞു :

﴿ ۞ يَا أَيُّهَا الرَّسُولُ بَلِّغْ مَا أُنزِلَ إِلَيْكَ مِن رَّبِّكَ ۖ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ رِسَالَتَهُ ﴾

ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല.

രണ്ട് : ശിർക്കിൽ നിന്നും സംരക്ഷിക്കപ്പെട്ടവനാണ് അദ്ദേഹം. പ്രവാചകനായി നിയോഗിക്കപ്പെടുന്നതിന് മുമ്പ് തന്നെ ശിർക്കിൽ നിന്നും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരു ബിംബത്തിന് സുജൂദ് ചെയ്യുകയോ കൈകൊണ്ട് സ്പർശിക്കുകയോ അല്ലെങ്കിൽ തന്റെ സമുദായം ചെയ്തിരുന്നത് പോലെയുള്ള ശിർക്കിന്റെ ഒരു കാര്യവും അവിടുന്ന് ചെയ്തിട്ടില്ല എന്ന് തെളിവുകൾ സ്ഥാപിച്ചിരിക്കുന്നു.

അവിടുത്തെ പ്രകൃതത്താൽ തന്നെ അല്ലാഹുവിനെ മനസ്സിലാക്കിയിരുന്നു. അല്ലാഹുവിന് മാത്രമായി വർഷങ്ങളോളം ഹിറാ ഗുഹയിൽ ആരാധനയിൽ ഏർപ്പെട്ടിരിന്നു. നബി യിൽ നിന്ന് രണ്ട് പ്രാവശ്യം ശൈത്താന്റെ പങ്ക് അല്ലാഹു എടുത്ത് കരഞ്ഞിട്ടുണ്ട് എന്നിരിക്കെ അതിൽ അത്ഭുതം തോന്നേണ്ടതില്ല. നെഞ്ച് പിളർത്തിയ സംഭവത്തിലായിരുന്നു അത് നടന്നത്.

മൂന്ന് : വൻപാപങ്ങളിൽ നിന്നുമുള്ള സംരക്ഷണം. അവിടുത്തെ ജീവിത ചരിത്രം അതിന് സാക്ഷിയാണ് താനും. പ്രവാചകനായുള്ള നിയോഗത്തിന് മുൻപാകട്ടെ അല്ലെങ്കിൽ അതിന് ശേഷമാകട്ടെ അവിടുന്ന് മദ്യം ഒരിക്കൽ പോലും കുടിച്ചിട്ടില്ല, അവിടുത്തെ കൈ ഒരു സ്ത്രീയുടെ കയ്യിലും സ്പർശിച്ചിട്ടുമില്ല. ഒരിക്കൽ പോലും കളവ് പറഞ്ഞിട്ടുമില്ല. എങ്ങനെയാണോ അവിടുന്ന് വൻപാപം ചെയ്യുക? അദ്ദേഹമാകട്ടെ തന്റെ സ്വാഹാബാക്കളോട് ഇപ്രകാരം പറഞ്ഞിരിക്കുന്നു :

أَمَا وَاللَّهِ إِنِّي لأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ

"അല്ലാഹുവാണേ, ഞാനാണ് നിങ്ങളിൽ ഏറ്റവും അല്ലാഹുവേ സൂക്ഷിക്കുന്നവനും അവനെ ഭയപ്പെടുന്നവനും."

ഖുർതുബി പറഞ്ഞു :

"നബിമാർ വൻപാപങ്ങളിൽ നിന്നും മ്ലേച്ഛമായ ചെറുപാപങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടവരാണ് എന്നത് പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമുള്ള കാര്യമാണ്."

നാല് : അവിടുത്തെ സംരക്ഷണത്തിൽ പെട്ടതാണ്, നബി യുടെ പരമ്പര വ്യഭിചാരത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നത്. നമ്മുടെ നബിയുടെ പരമ്പരയെ ഈ തരത്തിലുള്ള ജാഹിലിയ്യ പ്രവണതകളിൽ നിന്നും സംരക്ഷിച്ചിരിക്കുന്നു. പിതാക്കളുടെ ഭാഗത്ത് നിന്നോ അല്ലെങ്കിൽ മാതാക്കളുടെ ഭാഗത്ത് നിന്നോ ഇതരത്തിൽ ഒന്നും തന്നെ കടന്ന് കൂടിയിട്ടില്ല. ഇസ്ലാമിലെ നികാഹ് പോലെയുള്ള യഥാർത്ഥ വിവാഹത്തിലൂടയല്ലാതെ അവർക്ക് മക്കൾ ജനിച്ചിട്ടില്ല. ഇതിനുള്ള തെളിവ്, ഇബ്നു അബ്ബാസ് ﵄ ഉദ്ധരിക്കുന്ന ഹദീഥിൽ നബി ﷺ പറഞ്ഞു :

لَمْ يَلْتَقِ أَبَوَايَ فِي سِفَاحٍ، لَمْ يَزَلِ اللَّهُ ﷻ يُنَقِّلُنِي مِنْ أَصْلَابٍ طَيِّبَةٍ إِلَى أَرْحَامٍ طَاهِرَةٍ، صَافِيًا، مُهَذَّبًا، لَا تَتَشَعَّبُ شُعْبَتَانِ ، إِلَّا كُنْتُ فِي خَيْرِهِمَا

എന്റെ മാതാപിതാക്കൾ വ്യഭിചാരത്തിൽ കണ്ടുമുട്ടിയിട്ടേയില്ല, അല്ലാഹു എന്നെ നല്ല മുതുകുകളിൽ നിന്നും ശുദ്ധിയുള്ള ഗർഭശയങ്ങളിലേക്ക് മാറ്റി കൊണ്ടേയിരുന്നു. രണ്ട് ശാകകൾ ഒരുമിച്ച് കൂടുന്നില്ല, ഞാൻ അതിലെ ഏറ്റവും നല്ലതിൽ ആയിട്ടല്ലാതെ.

അഞ്ച് : മോശപ്പെട്ട സ്വഭാവങ്ങളിൽ നിന്നുമുള്ള സംരക്ഷണം. നബി യുടെ സ്വഭാവത്തെ കുറിച്ചുള്ള സംസാരം നീണ്ടുപോകുന്നതാണ്. സ്തുതിയാർഹമായ ഒരു വിശേഷണവുമില്ല, അതെല്ലാം നമ്മുടെ നബിയിൽ ഒത്തുചേർന്നിരിക്കുന്നു, എന്തെല്ലാം മോശമായതുണ്ടോ അതിൽ നിന്നെല്ലാം അദ്ദേഹം ഒഴിവായിരിക്കുന്നു, എന്നത് മതിയായതാണ് അവിടുത്തെ സ്വഭാവത്തെ നമ്മുക്ക് വിശേഷിപ്പിക്കാൻ. അല്ലാഹു പറഞ്ഞു:

﴿ وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴾

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.

നബി ﷺ യിലുള്ള വിശ്വാസം നമ്മിൽ നിന്നും തേടുന്ന പതിനഞ്ച് കാര്യങ്ങളാക്കുന്നു ഇവ. അവയിൽ വിശ്വസിക്കുവാനും അവൻ സാക്ഷത്കരിക്കാനും അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

നിങ്ങളറിയുക -നിങ്ങൾക്ക് മേൽ അല്ലാഹു കാരുണ്യം ചെയ്യട്ടെ-, അല്ലാഹു അവനെ കൊണ്ട് തന്നെ തുടങ്ങിയ ഒരു കാര്യം നിങ്ങളോട് കല്പിച്ചിരിക്കുന്നു. റബ്ബിന്റെ പരിശുദ്ധിയെ വാഴ്ത്തുന്ന മലക്കുകളെ അവൻ രണ്ടാമാതയും അതിൽ പറഞ്ഞു. ജിന്നുകളിലും മനുഷ്യരിലും പെട്ട മുസ്ലിമീങ്ങളെ, മൂന്നാമതായി അവൻ നിങ്ങളെയാണ് പരാമർശിച്ചത്. അല്ലാഹു പറഞ്ഞു

﴿ إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.

നബി ﷺ പറഞ്ഞു:

إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ قُبِضَ وَفِيهِ النَّفْخَةُ وَفِيهِ الصَّعْقَةُ فَأَكْثِرُوا عَلَيَّ مِنَ الصَّلاَةِ فِيهِ فَإِنَّ صَلاَتَكُمْ مَعْرُوضَةٌ عَلَيَّ

നിങ്ങളുടെ ദിവസങ്ങളിൽ വെച്ച് ഏറ്റവും നല്ലത് ജുമുഅ ദിവസമാകുന്നു. ആ ദിവാസിതത്തിലാണ് ആദം സൃഷ്ടിക്കപ്പെട്ടതും മരണപ്പെട്ടതും. അതിലാണ് കാഹളത്തിൽ ഊതപ്പെടുകയും ഘോരമായ ശബ്ദം മുഖേന മനുഷ്യരെല്ലാവരും മരിക്കുകയും ചെയ്യുക. അതുകൊണ്ട് എന്റെ പേരിൽ നിങ്ങൾ സ്വലാത്തുകൾ അധികരിപ്പിക്കുക, കാരണം നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാണ്.

റസൂൽ ﷺ യുടെ മഹത്വത്തെ അറിയിക്കുന്ന 10 തെളിവുകൾ

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ،

فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

മുസ്‌ലിമീങ്ങളെ, നിങ്ങൾ തഖ്‌വാ പാലിക്കുക. നിങ്ങൾ അറിയുക, അല്ലാഹു അവന്റെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠരായ മുഹമ്മദ് ﷺ നബിയായി നിയോഗിച്ചുകൊണ്ട് ഈ ഉമ്മത്തിനെ ആദരിച്ചിരിക്കുന്നു. സ്വഭാവപരമായും അറിവിന്റെ കാര്യത്തിലും കർമ്മങ്ങളുടെ കാര്യത്തിലും അവിടുന്ന് അക്ഷരാർത്ഥത്തിൽ ഏറ്റവും ശ്രേഷ്ഠർ തന്നെയായിരുന്നു. അതുകൊണ്ടുതന്നെ ഭൂലോകരിൽ മുഴുവനും അദ്ദേഹത്തിന് സ്വാധീനിക്കാൻ സാധിച്ചു. അവിടുത്തെ പോലെ ഒരാളും ഒരുകാലത്തും കടന്നു വന്നിട്ടില്ല. ഇനി വരികയുമില്ല. അവിടുത്തെ ശ്രേഷ്ഠത ഏതെങ്കിലും ചില വശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. മറിച്ച് എല്ലാ നിലക്കും അവിടുത്തെ മഹത്വവും ശ്രേഷ്ഠതയും വളരെ വലുതാണ്. അവിടുത്തെ മഹത്വത്തെ അറിയിക്കുന്ന തെളിവുകളിൽ പെട്ടതാണ് ;

1. അല്ലാഹു അവിടുത്തെ തിരഞ്ഞെടുത്തു എന്നത്. രിസാലത്ത് എന്ന ഉത്തരവാദിത്വം നിർവഹിക്കാനായി എല്ലാ സൃഷ്ടികളിൽ നിന്നും അള്ളാഹു തിരഞ്ഞെടുത്തവരാണ് അവിടുന്ന്.

﴿ وَأَرۡسَلۡنَٰكَ لِلنَّاسِ رَسُولٗاۚ ٧٩ ﴾

നാം താങ്കളെ ജനങ്ങൾക്ക് റസൂൽ ആയി അയച്ചിരിക്കുന്നു.

2. അവിടുന്ന് റസൂലും നബിയും ആണ്.

3. ഉലുൽ അസ്മിൽ പെട്ട അഞ്ച് നബിമാരിൽ ഒരാളാണ്. നൂഹ്, ഇബ്റാഹീം, മൂസ, ഈസാ, മുഹമ്മദ് ﷺ എന്നിവരാണ് അവർ. സൂറത്തുൽ അഹ്സാബിലും ശൂറയിലും അങ്ങനെ രണ്ടു സ്ഥലങ്ങളിൽ ഖുർആനിൽ അവരെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു :

﴿وَإِذۡ أَخَذۡنَا مِنَ ٱلنَّبِيِّـۧنَ مِيثَٰقَهُمۡ وَمِنكَ وَمِن نُّوحٖ وَإِبۡرَٰهِيمَ وَمُوسَىٰ وَعِيسَى ٱبۡنِ مَرۡيَمَۖ وَأَخَذۡنَا مِنۡهُم مِّيثَٰقًا غَلِيظٗا ٧﴾

പ്രവാചകൻമാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്.) നിൻറെ പക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിൻറെ മകൻ ഈസാ എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം.) ഗൗരവമുള്ള ഒരു കരാറാണ് അവരിൽ നിന്നെല്ലാം നാം വാങ്ങിയത്.

അല്ലാഹു പറയുന്നു :

﴿۞ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحٗا وَٱلَّذِيٓ أَوۡحَيۡنَآ إِلَيۡكَ وَمَا وَصَّيۡنَا بِهِۦٓ إِبۡرَٰهِيمَ وَمُوسَىٰ وَعِيسَىٰٓۖ أَنۡ أَقِيمُواْ ٱلدِّينَ وَلَا تَتَفَرَّقُواْ فِيهِۚ﴾

നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്നകാര്യം - അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു.

4. അല്ലാഹു അവിടുത്തേക്ക് പ്രത്യേകമായി നൽകിയ ആയത്തുകളും അഥവാ ദൃഷ്ടാന്തങ്ങളും അവിടുത്തെ മഹത്വത്തിനുള്ള തെളിവാണ്. ആയിരത്തിലധികം ദൃഷ്ടാന്തങ്ങൾ അല്ലാഹു അവിടുത്തേക്ക് നൽകിയിട്ടുണ്ടെന്ന് ഇബ്നുൽ ഖയ്യിം റഹിമഹുല്ലാഹ് തന്റെ ഇഗാസത്തുല്ലിഹ്ഫാൻ എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഇത് അവിടുത്തെ നുബുവ്വത്തിനെ കുറിച്ച് ആളുകൾക്ക് കൂടുതൽ ബോധ്യപ്പെടാനും വ്യക്തമാക്കാനും വേണ്ടി അല്ലാഹുവിന്റെ കാരുണ്യം എന്നോണം നിശ്ചയിച്ച കാര്യങ്ങളാണ്.

5. ഖിയാമത്ത് നാളിൽ ജനങ്ങൾ പുനര എഴുന്നേൽപ്പിക്കപ്പെടുന്നതുവരെയും നിലനിൽക്കുന്ന അല്ലാഹു അവിടുത്തേക്ക് നൽകിയ മഹത്തായ ദൃഷ്ടാന്തമാണ് പരിശുദ്ധ ഖുർആൻ. എല്ലാ നബിമാരുടെയും ആയത്തുകൾ അവരുടെ കാലത്തോടുകൂടി അവസാനിക്കുകയാണ്. എന്നാൽ പരിശുദ്ധ ഖുർആൻ ഈ ഭൂമിയും അതിന്റെ മുകളിലുള്ളവയും അല്ലാഹു അനന്തരമെടുക്കുന്നത് വരെ നിലനിൽക്കും. അല്ലാഹുവിൻറെ റസൂൽ ﷺ പറഞ്ഞു :

ما من الأنبياء من نبيٍّ ، إلا و قد أُعطَى من الآيات ما مِثلُه آمنَ عليه البشرُ ، و إنما كان الذي أُوتيتُه وحيًا أوحاه اللهُ إليَّ ، فأرجو أن أكون أكثرَهم تابعًا يومَ القيامةِ

എല്ലാ നബിമാർക്കും മനുഷ്യർക്ക് വിശ്വസിക്കാനും അവരുടെ സത്യസന്ധത ബോധ്യപ്പെടാനും മതിയായ ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. അപ്രകാരം എനിക്ക് നൽകപ്പെട്ടത് അല്ലാഹു എനിക്ക് നൽകിയ വഹ്യാണ്. അതുകൊണ്ടുതന്നെ

ഖിയാമത്ത് നാളിൽ എല്ലാ നബിമാരിൽ വെച്ച് ഏറ്റവും അധികം അനുയായികളുള്ള നബി ഞാൻ ആയിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

6. അവിടുത്തേക്കാണ് അല്ലാഹു ഏറ്റവും വിശിഷ്ടമായ ഗ്രന്ഥം അവതരിപ്പിച്ചത്. അത് ഏറ്റവും മെച്ചപ്പെട്ട മത നിയമങ്ങളെ ഉൾക്കൊള്ളുന്നതും മുമ്പ് കഴിഞ്ഞുപോയ എല്ലാ ഗ്രന്ഥങ്ങളുടെയും ആശയം ഉൾക്കൊള്ളുന്നതുമാണ്.

7. അവിടുത്തെ ശ്രേഷ്ഠതയുടെ തെളിവാണ് അല്ലാഹു അവിടുത്തേക്ക് സുന്നത്ത് വഹ് യായി നൽകി എന്നത്. ആ സുന്നത്ത് മത നിയമങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നു.

8. മുമ്പ് കഴിഞ്ഞുപോയ നബിമാർ അവരുടെ ജനങ്ങളിലേക്ക് മാത്രമാണ് നിയോഗിക്കപ്പെട്ടിരുന്നത് എങ്കിൽ, മുഹമ്മദ് നബി ജനങ്ങളിലേക്ക് മുഴുവനുമുള്ള പ്രവാചകനായാണ് നിയോഗിക്കപ്പെട്ടത്.

അല്ലാഹു പറയുന്നു : '

﴿وَمَآ أَرۡسَلۡنَٰكَ إِلَّا كَآفَّةٗ لِّلنَّاسِ بَشِيرٗا وَنَذِيرٗا ﴾

ജനങ്ങളിലേക്ക് മുഴുവനും ഉള്ള താക്കീതുകാരനും സന്തോഷവാർത്ത അറിയിക്കുന്നവനുമായിട്ടല്ലാതെ നാം താങ്കളെ നിയോഗിച്ചിട്ടില്ല.

അല്ലാഹു പറയുന്നു :

﴿وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةٗ لِّلۡعَٰلَمِينَ ١٠٧﴾

ജനങ്ങൾക്ക് മുഴുവൻ കാരുണ്യമായി കൊണ്ടാണ് നാം താങ്കളെ നിയോഗിച്ചത്.

ജിന്നുകൾ അവിടുത്തെ പ്രബോധനത്തെ ഉത്തരം നൽകുകയും വിശ്വസിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

﴿وَإِذۡ صَرَفۡنَآ إِلَيۡكَ نَفَرٗا مِّنَ ٱلۡجِنِّ يَسۡتَمِعُونَ ٱلۡقُرۡءَانَ فَلَمَّا حَضَرُوهُ قَالُوٓاْ أَنصِتُواْۖ فَلَمَّا قُضِيَ وَلَّوۡاْ إِلَىٰ قَوۡمِهِم مُّنذِرِينَ

٢٩﴾

ജിന്നുകളിൽ ഒരു സംഘത്തെ നാം നിൻറെ അടുത്തേക്ക് ഖുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം (ശ്രദ്ധേയമാണ്.) അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായിരിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി.

അല്ലാഹു പറയുന്നു :

﴿يَٰقَوۡمَنَآ أَجِيبُواْ دَاعِيَ ٱللَّهِ وَءَامِنُواْ بِهِۦ يَغۡفِرۡ لَكُم مِّن ذُنُوبِكُمۡ وَيُجِرۡكُم مِّنۡ عَذَابٍ أَلِيمٖ ٣١﴾

ഞങ്ങളുടെ സമൂഹമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും, അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ (അല്ലാഹു) നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽ നിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്.

ഇവിടെ അല്ലാഹുവിലേക്ക് വിളിക്കുന്നയാൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുഹമ്മദ് നബി ﷺ യെ ആണ്.

അവിടുന്ന് ﷺ പറഞ്ഞു :

وكان النَّبيُّ يُبعَثُ إلى قومه خاصَّةً ، وبُعِثتُ إلى كل أحمر وأسود

(നബിമാർ നിയോഗിക്കപ്പെട്ടിരുന്നത് അവരുടെ ജനങ്ങളിലേക്ക് മാത്രമായിരുന്നു. എന്നാൽ ഞാൻ മുഴുവൻ ജനങ്ങളിലേക്കും ആയാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്.)

9. അവിടുത്തോട് കൂടി അല്ലാഹു നുബുവ്വത്ത് അവസാനിപ്പിച്ചു. അവിടുന്ന് ഖാതമുന്നബിയ്യീൻ അഥവാ അവസാനത്തെ പ്രവാചകൻ എന്നാണ് പരിചയപ്പെടുത്തപ്പെട്ടത്. അല്ലാഹു പറയുന്നു :

﴿مَّا كَانَ مُحَمَّدٌ أَبَآ أَحَدٖ مِّن رِّجَالِكُمۡ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَۗ﴾

മുഹമ്മദ് നിങ്ങളിൽ ഒരാളുടെയും പിതാവല്ല. മറിച്ച് അല്ലാഹുവിന്റെ റസൂലും അന്ത്യപ്രവാചകനും ആണ്.

10. അല്ലാഹു അവിടുത്തെ പേരും പ്രശസ്തിയും ഒരുപാട് ഉയർത്തി. അല്ലാഹു പറയുന്നു :

﴿وَرَفَعۡنَا لَكَ ذِكۡرَكَ ٤﴾

താങ്കൾക്ക് നാം താങ്കളുടെ പ്രശസ്തി ഉയർത്തി തരുകയും ചെയ്തു.

അങ്ങനെ അവിടുത്തെ നാമം ശഹാദത്തിന്റെ ഭാഗമാക്കി.

أشهد ان لا اله الا الله وأشهد أن محمدا رسول الله.

ബാങ്കിലും ഇഖാമത്തിലും ഖുതുബകളിലും നിസ്കാരത്തിലും തശഹുദിലും പല ദിക്റുകളിലും ദുആകളിലും അല്ലാഹുവിനെ കുറിച്ച് പറയുമ്പോൾ എല്ലാം അവന്റെ പ്രവാചകനെ കുറിച്ചും സ്മരിക്കപ്പെടും. അങ്ങനെ നബിയെ കുറിച്ചുള്ള സ്മരണ ലോകത്തിന്റെ എല്ലാ ദിക്കുകളിലും മുഴങ്ങി കേൾക്കുന്നു. ഹസ്സാൻ ഇബ്നു സാബിത് പറഞ്ഞതുപോലെ ;

"അല്ലാഹു അവിടുത്തെ സ്മരണ നിലനിർത്തിയത് നീ കണ്ടില്ലേ; മുഅദ്ദിൻ അഞ്ചുനേരവും ബാങ്ക് വിളിക്കുമ്പോൾ അല്ലാഹുവിന്റെ നാമത്തിന്റെ കൂടെ അവന്റെ നബിയുടെ നാമവും സ്മരിക്കുന്നു. അല്ലാഹു അവന്റെ നബിയുടെ നാമം അവന്റെ കൂടെ ചേർത്തി പറഞ്ഞു. അവിടുത്തെ ആദരിക്കാനായി തന്റെ പേരിൽനിന്ന് തന്നെ അവന്റെ നബിയുടെ പേരും ഉണ്ടാക്കി. അഥവാ അർഷിന്റെ ഉടമസ്ഥനായ അള്ളാഹു മഹ്മൂദും അവിടുത്തെ നബി മുഹമ്മദുമാണ്. ﷺ "

മുസ്ലിമീങ്ങളെ,

ഇത് പ്രവാചകന്റെ മഹത്വത്തെ അറിയിക്കുന്ന നൂറിലധികം കാര്യങ്ങളിൽ നിന്ന് പത്തെണ്ണം മാത്രമാണ്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

ഇപ്രകാരം അല്ലാഹുവിന്റെ റസൂലിനെ ആക്ഷേപിക്കുന്നവർ പ്രയോഗിക്കുന്ന കുതന്ത്രങ്ങൾക്കെതിരെ അല്ലാഹു പ്രയോഗിക്കുന്ന തന്ത്രത്തിൽ പെട്ടതാണ് അത്തരക്കാരുടെ ആക്ഷേപങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാനായി ജനങ്ങൾ ഇസ്ലാമിനെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും അങ്ങനെ ആളുകൾ ഇസ്ലാമിലേക്ക് കൂടുതൽ അടുക്കുകയും ചെയ്യുന്നു എന്നത്.

അല്ലാഹു പറയുന്നു :

﴿وَمَكَرُواْ مَكۡرٗا وَمَكَرۡنَا مَكۡرٗا وَهُمۡ لَا يَشۡعُرُونَ ٥٠﴾

അവർ ഒരു തന്ത്രം പ്രയോഗിച്ചു. അവർ ഓർക്കാതിരിക്കെ നാമും ഒരു തന്ത്രം പ്രയോഗിച്ചു.

എങ്കിൽ കൂടി മുസ്ലിമീങ്ങൾ ജാഗ്രത പാലിക്കേണ്ടതുണ്ട്. കാരണം കുഫാറുകൾ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് മുസ്ലീങ്ങൾ അതിനെതിരെ രോഷപ്രകടനങ്ങൾ നടത്താനും അത് കാണുമ്പോൾ നോക്കൂ മുസ്ലിമീങ്ങൾ ചെയ്യുന്നത് എന്ന് പറഞ്ഞുകൊണ്ട് ജനങ്ങൾക്ക് മുന്നിൽ ഇസ്ലാമിനെ തെറ്റിദ്ധരിപ്പിക്കാനും ആണ് അവർ ഉദ്ദേശിക്കുന്നത്. അതു മുഖേന അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുവാനാണ് അവർ ആഗ്രഹിക്കുന്നത്.

അതുകൊണ്ട് പക്വതയില്ലാത്ത പ്രതികരണങ്ങൾ അത്തരം സാഹചര്യങ്ങളിൽ മുസ്ലിമീങ്ങളിൽ നിന്നുണ്ടാകുന്നത് വളരെ ജാഗ്രതയോടുകൂടി നാം സൂക്ഷിക്കേണ്ടതുണ്ട്. മറിച്ച് ആത്മനിയന്ത്രണം പാലിക്കുകയും ക്ഷമ കൈക്കൊള്ളുകയും അറിവുള്ളവരിലേക്കും കൈകാര്യകർത്താക്കളിലേക്കും കാര്യങ്ങൾ മടക്കുകയും ചെയ്യണം. അങ്ങനെ ശത്രുക്കളുടെ ആഗ്രഹം സാധിക്കാതെ വരികയും ഇത്തരം പ്രതികരണങ്ങൾ മുസ്ലിമീങ്ങൾക്ക് അനുകൂലമാവുകയും ചെയ്യും. അല്ലാഹു പറയുന്നു :

﴿ وَلَا يَسۡتَخِفَّنَّكَ ٱلَّذِينَ لَا يُوقِنُونَ ٦٠﴾

ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ.

നിങ്ങൾ അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا ٥٦﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

റസൂൽ ﷺ യോടുള്ള കടമങ്ങളിൽ പെട്ടതാണ് അവിടുത്തോടുള്ള അനുസരണം

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ،

فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങൾ അറിയുക,

അല്ലാഹു അവന്റെ അടിമകളോട് ചെയ്ത കാരുണ്യത്തിന്റെ ഭാഗമാണ് ദീനിലും ദുനിയാവിലും അവർക്ക് ഉപകാരപ്രദമായ കാര്യങ്ങൾ പഠിപ്പിക്കാനും ദുനിയാവിലെ സൗഭാഗ്യ ജീവിതത്തിന്റെയും പരലോകത്ത് വിജയത്തിന്റെയും വഴി കാണിക്കാനും മുർസലീങ്ങളെ അയച്ചു എന്നത്.

മുഹമ്മദ് നബി ﷺ യോട് നസീഹത്ത് കാണിക്കാൻ അല്ലാഹു കൽപ്പിച്ചു. തമീമുദ്ദാരി ഉദ്ധരിക്കുന്ന ഹദീസിൽ നബി ﷺ പറഞ്ഞു :

الدين النصيحة.

قلنا: لمن؟ قال: لله ولكتابه ولرسوله ولأئمة المسلمين وعامتهم.

"മതം നസീഹത്താണ്. ആരോടുള്ള നസീഹത്താണ് എന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് ﷺ പറഞ്ഞു : അള്ളാഹു ഓടും അവന്റെ കിതാബിനോടും റസൂലിനോടും മുസ്ലിമീങ്ങളിലെ ഇമാമീങ്ങളോടും സാധാരണക്കാരോടും."

നബി ﷺ യോടുള്ള നസീഹത്തിന്റെ വിവക്ഷ വിവരിച്ചുകൊണ്ട് സംസാരിച്ച ചില പണ്ഡിതന്മാരുടെ വാചകം ചുരുക്കിക്കൊണ്ട് നവവി പ്രകാരം വിശദീകരിച്ചു :

"അല്ലാഹുവിന്റെ റസൂലിനോടുള്ള നസീഹത്ത് അവിടുത്തെ രിസാലത്തിന് സത്യപ്പെടുത്തലും അവിടുന്ന് കൊണ്ടുവന്നതെല്ലാം വിശ്വസിക്കലും കൽപ്പിച്ച കാര്യങ്ങൾ അനുസരിക്കലും വിലക്കിയ കാര്യങ്ങൾ ഉപേക്ഷിക്കലും

ജീവിതകാലത്തും മരണശേഷവും അവിടുത്തെ സഹായിക്കലും പിന്തുണക്കലും റസൂലിനോട് ശത്രുതയുള്ളവരോട് ശത്രുതയും റസൂലിനെ സ്നേഹിക്കുന്നവരോട് സ്നേഹവും കാണിക്കലും അവിടുത്തെ മത നിയമങ്ങൾ പ്രചരിപ്പിക്കലും അവിടുത്തെ കുറിച്ചുള്ള ആരോപണങ്ങളെ നിരാകരിക്കലും അവിടുത്തെ അറിവ് പ്രചരിപ്പിക്കലും ആദരിക്കലും സുന്നത്തും റസൂലിന്റെ പ്രബോധനവും ജീവിപ്പിക്കലും പ്രചരിപ്പിക്കലും അവിടുത്തെ മഹത്വം ഉൾക്കൊള്ളലും അവിടുന്ന് പഠിപ്പിച്ച കാര്യങ്ങളെ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യലും അതിലേക്ക് സൗമ്യതയോടു കൂടി മറ്റുള്ളവരെ ക്ഷണിക്കലും അതിന് അർഹിക്കുന്ന ആദരവും ബഹുമാനവും കാണിക്കലും ഹദീസുകൾ വായിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ പാലിക്കുകയും അറിവില്ലാതെ അക്കാര്യത്തിൽ സംസാരിക്കാതിരിക്കുകയും റസൂലിന്റെ സുന്നത്തുകളിൽ പാണ്ഡിത്യം ഉള്ളവരെ ബഹുമാനിക്കാനും റസൂലിന്റെ സ്വഭാവവും മര്യാദയും സ്വീകരിക്കലും നബി കുടുംബത്തെയും സ്വഹാബികളെയും സ്നേഹിക്കലും പുത്തൻ വാദികളിൽ നിന്നും ബിദ്അത്ത് കാരിൽ നിന്നും സഹാബികളിൽ ആരെയെങ്കിലും ആക്ഷേപിക്കുന്നവരിൽ നിന്നും അകന്നു നിൽക്കലുമെല്ലാമാണ്."

റസൂലിനോടുള്ള നസീഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് റസൂലിനെ അനുസരിക്കൽ. അപ്രകാരമാണ് ഉലമാക്കൾ വിശദീകരിച്ചിട്ടുള്ളത്. അല്ലാഹു അവനോടുള്ള അനുസരണത്തോടൊപ്പം ചേർത്താണ് റസൂലിനോടുള്ള അനുസരണം പരിശുദ്ധ ഖുർആനിൽ പരാമർശിച്ചത് ;

﴿من يطع الرسول فقد أطاع الله ومن تولى فما أرسلناك عليهم حفيظاً﴾

അല്ലാഹുവിന്റെ ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.

കാരണം അല്ലാഹുവിന്റെ റസൂൽ ﷺ ഈ ദീൻ അല്ലാഹുവിങ്കൽ നിന്ന് എത്തിച്ചു തന്നതാണ്. സ്വന്തമായി ഒന്നും തന്നെ അവിടുന്ന് കൊണ്ടുവന്നിട്ടില്ല. മറിച്ച് അല്ലാഹുവിങ്കൽ നിന്ന് എത്തിക്കുക മാത്രമാണ് ചെയ്തത്. അല്ലാഹു അവന്റെ നബിയോട് പറയുന്നു :

﴿قل إنما أنا بشر مثلكم يوحى إلي﴾.

നബിയെ പറയുക, ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. എനിക്ക് വഹ്യ് നൽകപ്പെടുന്നുണ്ട്.

ഖുർആനിൽ 33 സ്ഥലങ്ങളിൽ അല്ലാഹു അവന്റെ റസൂലിനെ അനുസരിക്കാൻ കൽപ്പിച്ചിട്ടുണ്ട്. അതിൽ ചില വചനങ്ങൾ കാണുക ;

അല്ലാഹു പറയുന്നു :

﴿وما آتاكم الرسول **فخذوه** وما نهاكم عنه فانتهوا﴾،

നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക.

അല്ലാഹു പറയുന്നു :

﴿قل **أطيعوا** الله والرسول فإن تولوا فإن الله لا يحب الكافرين﴾،

പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച.

അല്ലാഹു പറയുന്നു :

﴿يا أيها الذين آمنوا **أطيعوا** الله **ورسوله** ولا تولوا عنه وأنتم تسمعون﴾،

പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ..

അല്ലാഹു പറയുന്നു :

﴿يا أيها الذين آمنوا أطيعوا الله **وأطيعوا الرسول** وأولي الأمر منكم﴾.

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക.

ഹദീസുകളിലും അവിടുത്തെ ചെറിയ പിൻപറ്റാനും അവിടുത്തെ അനുസരിക്കാനും റസൂലിന്റെ മാർഗം അനുഗമിക്കാനും അവിടുത്തെ സുന്നത്ത് സ്വീകരിക്കാനും പ്രേരിപ്പിക്കുന്ന ഹദീസുകൾ മുത്തവാത്തിറായി വന്നിട്ടുണ്ട്.

അബൂഹുറൈറ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു :

كل أمتي يدخلون الجنة إلا من أبى.

قالوا: يا رسول الله، ومن يأبى؟

قال: من **أطاعني** دخل الجنة، ومن عصاني فقد أبى.

എന്റെ ഉമ്മത്തിലെ എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും വിസമ്മതിച്ചവർ ഒഴികെ,

ആരാണ് റസൂലേ, വിസമ്മതിച്ചവർ എന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു : എന്നെ അനുസരിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എന്നെ ധിക്കരിച്ചവരാണ് വിസമ്മതിച്ചവർ.

അല്ലാഹു റസൂൽ ﷺ പറഞ്ഞു :

من **أطاعني** فقد أطاع الله، ومن عصاني فقد عصى الله

എന്നെ അനുസരിച്ച് അവർ അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു. എന്നെ ധിക്കരിച്ചവർ അല്ലാഹുവിനെ ധിക്കരിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

إذا نهيتكم عن شيء فاجتنبوه، وإذا أمرتكم بشيء **فأتوا منه ما استطعتم**.

എന്താണ് ഞാൻ നിങ്ങൾക്ക് വിലക്കിയത് അത് നിങ്ങൾ പൂർണമായി ഉപേക്ഷിക്കുക. ഞാൻ നിങ്ങളോട് കൽപ്പിച്ച കാര്യങ്ങൾ പരമാവധി നിങ്ങൾ നിർവഹിക്കുകയും ചെയ്യുക.

അബൂ സഈദിൽ ഖുദ്‌രി നിവേദനം ചെയ്യുന്ന ഹദീസിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

والذي نفسي بيده، لتدخلن الجنة كلكم إلا من أبى وشرَد على الله كشِرادِ البعير.

قال: يا رسول الله، ومن يأبى أن يدخل الجنة؟

قال: من **أطاعني** دخل الجنة، ومن عصاني فقد أبى.

എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, നിങ്ങളെല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും, വിസമ്മതിച്ചവരും ഒട്ടകം അതിന്റെ ഉടമസ്ഥനിൽ നിന്ന് കുതറി ഓടുന്നത് പോലെ കുതറി ഓടുകയും ചെയ്തവർ ഒഴികെ.

അല്ലാഹുവിന്റെ റസൂലേ, ആരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ വിസമ്മതം കാണിച്ചവർ? എന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് ﷺ പറഞ്ഞു : എന്നെ അനുസരിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എന്നെ ധിക്കരിച്ചവരാണ് വിസമ്മതിച്ചവർ.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവിന്റെ റസൂലിനോടുള്ള അനുസരണത്തിൽ പെട്ടതാണ്; തർക്കങ്ങൾ ഉണ്ടാകുമ്പോൾ അവിടുത്തെ സുന്നത്തിലേക്ക് മടങ്ങുക എന്നത്. അല്ലാഹു പറയുന്നു :

﴿يا أيها الذين آمنوا أطيعوا الله وأطيعوا الرسول وأولي الأمر منكم فإن تنازعتم في شيء فردوه إلى الله والرسول إن كنتم تؤمنون بالله واليوم الآخر ذلك خير وأحسن تأويلاً﴾.

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. അല്ലാഹുവിന്റെ ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് വേണ്ടത്. അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.

ഇബ്നുൽ ഖയ്യിം റഹിമഹുല്ലാഹ് പറയുന്നു : അല്ലാഹുവിലേക്ക് മടക്കുക എന്നാൽ അവന്റെ ഗ്രന്ഥത്തിലേക്ക് മടക്കലും റസൂലിലേക്ക് മടക്കുക എന്നാൽ ജീവിതകാലത്ത് അവിടുത്തേക്കും മരണത്തിനുശേഷം അവിടുത്തെ സുന്നത്തിലേക്കും മടക്കലുമാണ് എന്ന കാര്യത്തിലും ജനങ്ങൾക്കിടയിൽ തർക്കമില്ല.

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما،﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നബി ﷺ യോടുള്ള ബാധ്യതകളിൽ പെട്ടതാണ്, അവിടുത്തോട് അനുസരണക്കേട് കാണിക്കാതിരിക്കൽ

إن الحمد لله نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وأشهد أن محمدا عبده ورسوله أما بعد ،

فإن خير الكلام كلام الله وخير الهدي هدي محمد ﷺ وشر الأمور محدثاتها وكل محدثة بدعة وكل بدعة ضلالة وكل ضلالة في النار

മുസ്ലിമീങ്ങളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവൻ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക അല്ലാഹുവിന്റെ റസൂലിനോടുള്ള ബാധ്യതകളിൽ പെട്ടതാണ് റസൂലിനോട് അനുസരണക്കേട് കാണിക്കുന്നതിന് സൂക്ഷിക്കുക എന്നത്. പരിശുദ്ധ ഖുർആനിൽ താക്കീത് ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു :

﴿وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدۡخِلۡهُ نَارًا خَٰلِدٗا فِيهَا وَلَهُۥ عَذَابٞ مُّهِينٞ﴾

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. {അല്ലാഹുവിന്റെ} ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക.

അല്ലാഹു പറയുന്നു :

﴿وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ فَقَدۡ ضَلَّ ضَلَٰلٗا مُّبِينًا﴾

വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു.

അല്ലാഹു പറയുന്നു :

﴿وَيَوۡمَ يَعَضُّ ٱلظَّالِمُ عَلَىٰ يَدَيۡهِ يَقُولُ يَٰلَيۡتَنِي ٱتَّخَذۡتُ مَعَ ٱلرَّسُولِ سَبِيلٗا ٢٧ يَٰوَيۡلَتَىٰ لَيۡتَنِي لَمۡ أَتَّخِذۡ فُلَانًا خَلِيلٗا ٢٨ لَّقَدۡ أَضَلَّنِي عَنِ ٱلذِّكۡرِ بَعۡدَ إِذۡ جَآءَنِيۗ وَكَانَ ٱلشَّيۡطَٰنُ لِلۡإِنسَٰنِ خَذُولٗا﴾

അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ,

എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽ നിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ. പിശാച് മനുഷ്യനെ കൈവിട്ടുകളയുന്നവനാകുന്നു.

അല്ലാഹു പറയുന്നു :

﴿وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعۡدِ مَا تَبَيَّنَ لَهُ ٱلۡهُدَىٰ وَيَتَّبِعۡ غَيۡرَ سَبِيلِ ٱلۡمُؤۡمِنِينَ نُوَلِّهِۦ مَا تَوَلَّىٰ وَنُصۡلِهِۦ جَهَنَّمَۖ وَسَآءَتۡ مَصِيرًا﴾

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും അല്ലാഹുവിന്റെ ദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!

അല്ലാഹു പറയുന്നു :

﴿فَلۡيَحۡذَرِ ٱلَّذِينَ يُخَالِفُونَ عَنۡ أَمۡرِهِۦٓ أَن تُصِيبَهُمۡ فِتۡنَةٌ أَوۡ يُصِيبَهُمۡ عَذَابٌ أَلِيمٌ﴾

ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.

ഇബ്നു കസീർ റഹിമഹുല്ലാഹ് പറയുന്നു :

"അവിടുത്തെ കൽപ്പനക്കെതിരെ ആകുന്നവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്; റസൂലിന്റെ കൽപ്പനകൾക്കും ചര്യകൾക്കും മാർഗ്ഗത്തിനും സുന്നത്തുകൾക്കും മതനിയമങ്ങൾക്കും എതിരാകുന്നവർ എന്നാണ്. അതായത് കർമ്മങ്ങളെയും വാക്കുകളെയും അളക്കാനുള്ള മാനദണ്ഡം റസൂലിന്റെ ചര്യയാണ്. ആ ചര്യയോട് യോജിക്കുന്നവ സ്വീകരിക്കപ്പെടുകയും യോജിക്കാത്തവർ തള്ളപ്പെടുകയും ചെയ്യും. അത് ആരു ചെയ്തതായാലും ശരി. ബുഖാരിയിലും മുസ്ലിമിലും മറ്റ് ഹദീസ് ഗ്രന്ഥങ്ങളിലും നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ട ഹദീസിൽ കാണാം :

من عمل عملا ليس عليه أمرنا فهو رد

ആരെങ്കിലും നമ്മുടെ കൽപ്പനയിൽ ഇല്ലാത്ത വല്ല കർമ്മവും അനുഷ്ഠിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.

അതുകൊണ്ട് അല്ലാഹുവിന്റെ റസൂലി ﷺ ന്റെ മത നിയമങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ എതിരിടുന്നവർ അവർക്ക് ഫിത്ന ബാധിക്കുമോ എന്ന് ഭയപ്പെട്ടുകൊള്ളട്ടെ. അഥവാ അവരുടെ ഹൃദയങ്ങളെ കുഫ്റിന്റെയും നിഫാകിന്റെയും ബിദ്അത്തിന്റെയും ഫിത്ന ബാധിക്കുന്നതിനെയും ദുനിയാവിൽ വെച്ച് കൊല്ലപ്പെടുകയോ മറ്റു ശിക്ഷാനടപടികളോ പോലുള്ള വേദനയേറിയ ശിക്ഷകൾ അനുഭവിക്കേണ്ടി വരുന്നതിനെയും അവർ ഭയപ്പെട്ടുകൊള്ളട്ടെ."

മുസ്ലിമീങ്ങളെ, അല്ലാഹുവിന്റെ റസൂലിനെ ധിക്കരിക്കുന്നതിനെ കുറിച്ച് താക്കീത് ഹദീസുകളിലും സ്ഥിരപ്പെട്ടിട്ടുണ്ട്. നബി ﷺ പറഞ്ഞു :

إذا نهيتكم عن شيء فاجتنبوه، وإذا أمرتكم بشيء فأتوا منه ما استطعتم.

ഞാൻ എന്താണോ വിലക്കിയത് അത് നിങ്ങൾ പൂർണമായും ഉപേക്ഷിക്കുക. ഞാൻ നിങ്ങളോട് കൽപ്പിച്ച കാര്യങ്ങൾ പരമാവധി നിങ്ങൾ നിർവഹിക്കുകയും ചെയ്യുക.

റസൂലിനെ ധിക്കരിക്കുന്നത് പരലോകത്ത് ശിക്ഷക്ക് മുമ്പ് ഇഹലോകത്ത് തന്നെ ശിക്ഷിക്കപ്പെടാൻ കാരണമാകുന്നതാണ്.

ഇടതു കൈകൊണ്ട് ഭക്ഷണം കഴിച്ച ആളോട് അല്ലാഹുവിന്റെ റസൂൽ ﷺ ആവശ്യപ്പെട്ടു :

كل بيمينك،

നീ നിന്റെ വലതു കൈകൊണ്ട് തിന്നുക.

അയാൾ പറഞ്ഞു :

لا أستطيع،

എനിക്ക് സാധിക്കുകയില്ല.

അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

لا استطعت، ما منعه إلا الكِبْر، قال: فما رفعها إلى فِيهِ.

നിനക്ക് സാധിക്കാതിരിക്കട്ടെ, അഹങ്കാരം മാത്രമായിരുന്നു അയാൾക്കത് അനുസരിക്കാൻ തടസ്സമായത്. അതിനുശേഷം അയാൾ തന്റെ വലത്തേ കൈ വായിലേക്ക് ഉയർത്തിയിട്ടില്ല.

وعن سعيد بن المسيَّب بن حَـزْن عن أبيه أن أباه جاء إلى النبي ﷺ فقال: ما اسمك؟ قال: حَـزْن. قال: أنت سَهل. قال: ما أنا بمغير اسماً سمانيه أبي. قال ابن المسيَّب: فما زالت فينا الحُزونةُ بعدُ.

ഹസ്ൻ എന്ന സ്വഹാബി റസൂലിന്റെ അടുക്കൽ വന്നപ്പോൾ നബി ﷺ അദ്ദേഹത്തിന്റെ പേര് ചോദിച്ചു.

ഹസ്ൻ (പ്രയാസം എന്നാണ് പേരിന്റെ അർത്ഥം) എന്ന് മറുപടി പറഞ്ഞപ്പോൾ നബി ﷺ പറഞ്ഞു :

താങ്കൾ സഹ്ലാണ് (എളുപ്പം എന്നാണ് അർത്ഥം).

ഉടനെ അദ്ദേഹം പ്രതികരിച്ചു : ഞാൻ എനിക്ക് എന്റെ ഉപ്പ നൽകിയ പേര് മാറ്റുകയില്ല. സഈദ് പറയുന്നു : അന്നുതൊട്ട് ഞങ്ങളിൽ വിടാതെ പ്രയാസമുണ്ട്.

അഥവാ, അതിനു കാരണം അല്ലാഹുവിന്റെ റസൂലിന്റെ നിർദ്ദേശം സ്വീകരിക്കാതിരുന്നതാണ് എന്ന് ഉദ്ദേശ്യം.

അബൂ ഹുമൈദ് റളിയല്ലാഹു അൻഹു പറയുന്നു :

غزونا مع رسول الله ﷺ غزوة تبوك، فلما أتينا تبوك قال: أمَا إنها ستهبُّ ريحٌ شديدة، فلا يقومَنَّ أحدٌ، ومن كان معه بعير فليعقِلْه. فعقلناها، وهبَّت ريح شديدةٌ فقام رجل فألقته بجبل طَيْء.

"ഞങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ കൂടെ തബൂക്ക് യുദ്ധത്തിൽ പങ്കെടുത്തു. ഞങ്ങൾ തബൂക്കിലെത്തിയപ്പോൾ അവിടുന്ന് ﷺ പറഞ്ഞു : തീർച്ചയായും അതിശക്തമായ കാറ്റുവീശും. ആ സന്ദർഭത്തിൽ ഒരാളും എഴുന്നേൽക്കരുത്. കൂടെ ഒട്ടകം ഉള്ളവർ ഒട്ടകത്തെ ബന്ധിക്കുക.

അങ്ങനെ ഞങ്ങൾ ഞങ്ങളുടെ ഒട്ടകങ്ങളെ ബന്ധിച്ചു. അല്പം കഴിഞ്ഞപ്പോൾ ശക്തമായ കാറ്റ് വീശി. ആ സന്ദർഭത്തിൽ ഒരാൾ എഴുന്നേറ്റു. ഉടനെ കാറ്റ് അയാളെ ത്വയ്യിഅ് പർവ്വതത്തിന്റെ മുകളിലെത്തിച്ചു."

മുസ്ലിമീങ്ങളെ,

അല്ലാഹുവിന്റെ റസൂലിനോടുള്ള അനുസരണക്കേട് നാലു തരത്തിലാണ്; ചെറിയ പാപങ്ങളും, വൻ പാപങ്ങളും, ബിദ്അത്തുകളും, കുഫ്റുമാണവ.

ശാപമോ കോപമോ നരകം കൊണ്ടുള്ള താക്കീതോ ദുനിയാവിൽ ശിക്ഷയോ സ്ഥിരപ്പെട്ട പാപങ്ങൾക്കാണ് വൻ പാപങ്ങൾ എന്ന് പറയുന്നത്. വൻ പാപങ്ങൾ ചെയ്തവരുടെ അവസ്ഥ അല്ലാഹുവിന്റെ ഉദ്ദേശം അനുസരിച്ചാണ്. അവൻ ഉദ്ദേശിച്ചാൽ അവർക്ക് പൊറുത്തുകൊടുക്കുകയും അവൻ ഉദ്ദേശിച്ചാൽ

അവരെ ശിക്ഷിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഒൻപാപങ്ങളെ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

﴿إِنْ تَجْتَنِبُوا كَبَائِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنْكُمْ سَيِّئَاتِكُمْ وَنُدْخِلْكُمْ مُدْخَلًا كَرِيمًا﴾

നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻപാപങ്ങൾ നിങ്ങൾ വർജ്ജിക്കുന്ന പക്ഷം നിങ്ങളുടെ തിൻമകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചുകളയുകയും, മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.

മോഷണവും മദ്യപാനവും പലിശക്കലും വ്യഭിചാരവും കുടുംബബന്ധം മുറിക്കലും സ്ത്രീകൾ അലങ്കാരം പ്രദർശിപ്പിക്കലും എല്ലാം വൻ പാപങ്ങളാണ്.

ദുനിയാവിൽ പ്രത്യേകം ശിക്ഷാനടപടിയോ പരലോകത്ത് പ്രത്യേക ശിക്ഷയോ പരാമർശിക്കപ്പെടാത്ത തിന്മകളാണ് ചെറുപാപങ്ങൾ. ചെറുപാപങ്ങൾ തൗബ ചെയ്യാതെ നിരന്തരം ചെയ്തുകൊണ്ടിരുന്നാൽ അത് വൻപാപമായി മാറും. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

إياكم ومحقَّرات الذنوب فإنهن يجتمعن على الرجل حتى يهلكنه

"നിസ്സാരമായി കാണുന്ന തിന്മകളെ നിങ്ങൾ സൂക്ഷിക്കുക. അത് ഒരാളിൽ ഒരുമിച്ചുകൂടി അയാളുടെ നാശത്തിന് കാരണമാകും."

ചെറുപാപങ്ങൾക്ക് അല്ലാഹുവിന്റെ റസൂൽ ﷺ ഒരു ഉദാഹരണം വിവരിച്ചിട്ടുണ്ട്. അതായത് അവ ഒരു വിജനമായ സ്ഥലത്ത് ചെന്നിറങ്ങിയ ഒരു വിഭാഗം ആളുകൾ അവർക്ക് ഭക്ഷണത്തിന്റെ സമയമായപ്പോൾ ഭക്ഷണം പാകം ചെയ്യാനായി ഓരോരുത്തരും തിരഞ്ഞ് ഓരോ കൊള്ളിക്കമ്പുകളുമായി വരാൻ തുടങ്ങി.

അങ്ങനെ അവർ പലതായി കൊണ്ടുവന്ന വിറക് കഷണങ്ങളിൽ നിന്ന് വലിയൊരു വിറകിന്റെ കൂമ്പാരം ശേഖരിക്കുകയും അതിലവർ തീ കത്തിച്ചു ഭക്ഷണം വേവിക്കുകയും ചെയ്തു.

ഇബ്നു അബ്ബാസ് പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടുണ്ട് : ഉറച്ചുനിൽക്കുന്നതോടുകൂടി ചെറുപാപങ്ങൾ വൻപാപങ്ങൾ ഇല്ല, അഥവാ അവ വൻ പാപങ്ങളായി മാറും. പാപമോചനം തേടുന്നതോടുകൂടി വൻ പാപം ഇല്ലാതാകും.

അല്ലാഹുവിന്റെ അടിമകളെ, കുഫ്ർ ഇസ്ലാമിനെ പൊളിച്ചു കളയുന്ന കാര്യങ്ങളാണ്. അല്ലാഹുവല്ലാത്ത കബറാളികൾക്കും സ്വാലിഹീങ്ങൾക്കും എല്ലാം നൽകുന്ന ഇബാദത്തുകൾ ഇനത്തിൽ പെട്ടവയാണ്. അല്ലാഹുവിനെയും അവന്റെ

റസൂലിനെയും ﷺ ദീനിനെയും ചീത്ത പറയുന്നതും മതത്തിലെ ഏതെങ്കിലും കാര്യങ്ങളെ പരിഹസിക്കുന്നതും അല്ലാഹുവിലുള്ള വിശ്വാസവും കള്ള് ഹറാമാണെന്നതും ഒക്കെ പോലെയുള്ള മതത്തിൽ അറിയപ്പെട്ട കാര്യങ്ങൾ നിഷേധിക്കുന്നതും ഈ ഗണത്തിൽ പെടുന്നവയാണ്. അതുപോലെ നബിയുടെ ചര്യയെക്കാളും ഉത്തമമായ മറ്റ് ചര്യകൾ ഉണ്ടെന്ന് വിശ്വസിക്കലും സിഹ്റ് ചെയ്യലും മുഅ്മിനീങ്ങൾക്ക് എതിരെ കാഫിറുകളെ അവരുടെ മതത്തിലുള്ള താല്പര്യം കാരണത്താൽ സഹായിക്കമെല്ലാം കുഫ്റായ കാര്യങ്ങളാണ്.

ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചത്. വിശദമായി കർമശാസ്ത്ര പണ്ഡിതന്മാർ മുർത്തദ്ദുമായി ബന്ധപ്പെട്ട അധ്യായങ്ങളിൽ കുഫറിന്റെ ഇനങ്ങൾ വിവരിച്ചിട്ടുണ്ട്.

ദീനിൽ പുതുതായി ഉണ്ടാക്കുന്ന വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളെയാണ് ബിദ്അത്തുകൾ എന്ന് പറയുന്നത്.

കർമ്മപരമായ ബിദ്അത്തുകളിൽ പെട്ടതാണ് നിസ്കാര ശേഷമുള്ള കൂട്ടമായ ദിക്റുകൾ, ജുമുഅക്ക് ശേഷം ളുഹർ നിസ്കരിക്കൽ, നബിദിനം ആഘോഷിക്കൽ, ഇസ്റാഇന്റെയും മിഅ്റാജിന്റെയും രാത്രി ആഘോഷിക്കൽ തുടങ്ങിയ ഇബാദത്ത് ആണെന്ന നിലക്ക് ജനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ. യഥാർത്ഥത്തിൽ അവ അല്ലാഹുവിങ്കൽ നിന്ന് അകൽച്ചയല്ലാതെ വർധിപ്പിക്കുകയില്ല. കാരണം ഇക്കാര്യങ്ങൾ ഒന്നും തന്നെ അല്ലാഹു നിയമമാക്കിയതല്ല. നബി ﷺ അവയെ വഴികേട് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

അവിടുന്ന് ﷺ പറഞ്ഞു :

كل بدعة ضلالة.

"എല്ലാ ബിദ്അത്തുകളും വഴികേടാണ്."

ഖുർആനും സുന്നത്തും മുറുകെ പിടിക്കുകയും അല്ലാഹു നിയമമാക്കിയ വിധേന മാത്രം അവന് ഇബാദത്തുകൾ അനുഷ്ഠിക്കുകയും എല്ലാ നിലക്കുമുള്ള തിന്മകളും ഉപേക്ഷിക്കുകയും ചെയ്യുകയാണ് നിർബന്ധമായും വേണ്ടത്. കിതാബും സുന്നത്തും ആരാണോ മുറുകെ പിടിക്കുന്നത് അവർ വിജയിക്കും. അതിൽ നിന്ന് ആരാണോ തെറ്റിപ്പോകുന്നത് അവർ നാശമടയുകയും ചെയ്യും.

നബി ﷺ പറഞ്ഞു :

خلَّفتُ فيكم شيئين لن تضلوا بعدهما؛ كتابَ الله وسنتي.

"രണ്ടു കാര്യങ്ങൾ നിങ്ങളിൽ ഞാൻ വിട്ടേച്ചു പോകുന്നു. അവ രണ്ടും മുറുകെ പിടിക്കുന്ന ഇടത്തോളം നിങ്ങൾ വഴിപിഴയ്ക്കുകയില്ല. അല്ലാഹുവിന്റെ കിത്താബും എന്റെ സുന്നത്തുമാണത്."

അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബർക്കത്ത് ചൊരിയട്ടെ.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

നിങ്ങൾ അറിയുക, അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما،﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നബി ﷺ പറയുന്നു :

إن من أفضل أيامكم يوم الجمعة، فيه خُلِق آدم عليه السلام، وفيه قُبِض، وفيه النفخة، وفيه الصَّعقة، فأكثروا عليَّ من الصلاة، فإن صلاتكم معروضة علي

നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാകുന്നു വെള്ളിയാഴ്ച. അന്നാണ് ആദം സൃഷ്ടിക്കപ്പെട്ടതും മരണപ്പെട്ടതും. സ്വൂറുകളിൽ ഊതപ്പെടുന്നതും അതിന് തുടർന്ന് ആളുകൾ മുഴുവനും മരണപ്പെടുന്നതും. അതുകൊണ്ട് അന്ന് എനിക്ക് വേണ്ടി നിങ്ങൾ കൂടുതലായി സ്വലാത്തിനെ ചോദിക്കുക. നിങ്ങളുടെ സലാത്ത് എന്റെയടുക്കൽ കാണിക്കപ്പെടും.

നബി ﷺ യോടുള്ള കടമകളിൽ പെട്ടതാണ് അവിടുത്തെ സ്നേഹിക്കൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, നബി ﷺ യെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് ഈമാനിന്റെ നിബന്ധനകളിൽ പെട്ടതാണ്. ഈമാനിന്റെ അടിസ്ഥാനതത്വങ്ങളിൽ പെട്ടതാണ്. റസൂലിനെ സ്നേഹിക്കാൻ നിർബന്ധമാണെന്ന് അറിയിക്കുന്ന തെളിവുകൾ ധാരാളമുണ്ട്. അവയിൽ ചിലത് കാണുക;

﴿قل إن كان آباؤكم وأبناؤكم وإخوانكم وأزواجكم وعشيرتكم وأموال اقترفتموها وتجارة تخشون كسادها ومساكن ترضونها أحب إليكم من الله ورسوله وجهاد في سبيله فتربصوا حتى يأتي الله بأمره والله لا يهدي القوم الفاسقين﴾.

നബിയേ, പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല.

അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കൽ നിർബന്ധമാണെന്നതിന് രേഖയും തെളിവുമായി ഈ ആയത്ത് തന്നെ മതി. ഈ ആയത്തിൽ സമ്പത്തിനെയും കുടുംബത്തെയും സന്താനങ്ങളെയും നബിയെക്കാൾ സ്നേഹിച്ചവരെ കുറിച്ച് പറഞ്ഞത്;

﴿فتربصوا حتى يأتي الله بأمره﴾

അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക.

എന്നാണ്. ശേഷം അവർ ഫാസിഖുകൾ ആണെന്ന് അറിയിക്കുകയും വഴികേയച്ചവരെ അല്ലാഹു ഹിദായത്തിൽ ആകുകയില്ല എന്ന് വ്യക്തമാക്കുകയും ചെയ്തു.

മുഅ്മിനീങ്ങളെ, അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹം പൂർണമാകുന്നത് ആ സ്നേഹത്തെ സ്വന്തത്തേക്കാളും സമ്പത്തിനേക്കാളും സന്താനങ്ങളെക്കാളും എല്ലാം മുന്തിക്കുമ്പോഴാണ്. അല്ലായെങ്കിൽ അത് സ്നേഹത്തിലും ഈമാനിലും ഉള്ള കുറവാണ്. ഇക്കാര്യം ഖുർആനും ഹദീസും വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു :

﴿النبي أولى بالمؤمنين من أنفسهم﴾.

പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു.

നബി ﷺ പറഞ്ഞു :

ما من مؤمن إلا وأنا أولى به في الدنيا والآخرة، اقرءوا إن شئتم: ﴿النبي أولى بالمؤمنين من أنفسهم﴾.

ഏതൊരു മുഅ്മിനിനോടും ദുനിയാവിലും ആഖിറത്തിലും ഏറ്റവും അടുത്തവൻ ഞാനാകുന്നു. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ പാരായണം ചെയ്തു കൊള്ളുക; പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു.

നബി ﷺ പറഞ്ഞു :

أنا أولى بكل مؤمن من نفسه.

ഏതൊരു മുഅ്മിനിനോടും സ്വന്തത്തേക്കാൾ കൂടുതൽ വേണ്ടപ്പെട്ടവൻ ഞാനാകുന്നു.

നബി ﷺ പറഞ്ഞു :

لا يؤمن أحدكم حتى أكون أحب إليه من والده وولده والناس أجمعين.

സ്വന്തം പിതാവിനെക്കാളും സന്താനങ്ങളെക്കാളും മുഴുവൻ ജനങ്ങളെക്കാളും ഞാൻ പ്രിയപ്പെട്ടവരാകുന്നതുവരെ നിങ്ങളിൽ ഒരാളും മുഅ്മിനാവുകയില്ല.

ഒരിക്കൽ തന്റെ കൈപിടിച്ചുകൊണ്ട് കൂടെയിരിക്കുന്ന നബി ﷺ യോട് ഉമർ റളിയല്ലാഹു അൻഹു പറഞ്ഞു :

يا رسول الله، لأنت أحب إلي من كل شيء إلا من نفسي.

അല്ലാഹുവിന്റെ റസൂലെ, എന്റെ ശരീരം കഴിഞ്ഞാൽ എനിക്ക് ഏറ്റവും ഇഷ്ടം താങ്കളോടാണ്.

നബി ﷺ പ്രതികരിച്ചു :

لا والذي نفسي بيده، حتى أكون أحب إليك من نفسك.

അല്ല ഉമറെ, എന്റെ നഫ്സ് ആരുടെ കൈയിലാണോ അവൻ തന്നെയാണ് സത്യം, സ്വന്തത്തേക്കാളും ഞാൻ പ്രിയപ്പെട്ടവരാകാതെ ശരിയാവുകയില്ല.

ഉടനെ ഉമർ പറഞ്ഞു :

فإنه الآن والله لأنت أحب إلي من نفسي.

തീർച്ചയായും ഇപ്പോൾ എനിക്ക് എന്നെക്കാൾ പ്രിയപ്പെട്ടവർ താങ്കളാണ്.

അപ്പോൾ നബി ﷺ പറഞ്ഞു :

الآن يا عمر.

ഇപ്പോഴാണ് ഉമറേ, ശരിയായത്.

നബി ﷺ പറഞ്ഞു :

ثلاث من كن فيه وجد بهن حلاوة الإيمان؛ أن يكون الله ورسوله أحب إليه مما سواهما، وأن يحب المرء لا يحبه إلا لله، وأن يكره أن يعود في الكفر بعد إذ أنقذه الله منه كما يكره أن يُلقى في النار.

മൂന്നു കാര്യങ്ങൾ ആരിൽ ഉണ്ടോ അവർ അത് മുഖേന ഈമാനിന്റെ മാധുര്യം അനുഭവിക്കും. അല്ലാഹുവും റസൂലും മറ്റെന്തിനേക്കാളും അവർക്ക് പ്രിയപ്പെട്ടതാവുക. ഏതൊരാളെ സ്നേഹിക്കുമ്പോഴും അല്ലാഹുവിനുവേണ്ടി മാത്രം സ്നേഹിക്കുക. കുഫ്റിൽ നിന്നും അല്ലാഹു രക്ഷപ്പെടുത്തിയതിനു ശേഷം അതിലേക്ക് തിരിച്ചു മടങ്ങുന്നതിനെ തീയിലേക്ക് വലിച്ചെറിയുന്നതിന് വെറുക്കുന്നതുപോലെ വെറുക്കുക.

മുഅ്മിനീങ്ങളെ,

ഒരുപാട് തെളിവുകളിൽ അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ റസൂലിനോടുള്ള സ്നേഹവും ഒരുമിച്ച് പരാമർശിച്ചിട്ടുണ്ട്. അതെ അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ പ്രാധാന്യം അറിയിക്കുന്നു.

﴿أحب إليكم من الله ورسوله﴾،

നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ..

ഇത് അല്ലാഹുവിനോടുള്ള സ്നേഹവും അവൻ റസൂലിനോടുള്ള സ്നേഹം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു എന്ന് വ്യക്തമാക്കുന്നു.

മുസ്ലിമീങ്ങളെ,

അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുന്നതിന്റെ മഹത്വങ്ങൾ ഒരുപാടുണ്ട്. അവയിൽ ചിലത് പരിശോധിക്കാം.

റസൂലിനെ സ്നേഹിച്ചവർ സ്വർഗ്ഗത്തിൽ റസൂൽ ﷺ യുടെ കൂടെയായിരിക്കും.

عن أنس بن مالك ﷺ أن رجلا سأل النبي ﷺ عن الساعة فقال: متى الساعة؟ قال: وماذا أعددتَ لها؟ قال: لا شيء، إلا أني أحب الله ورسوله ﷺ. قال: أنت مع من أحببت.

قال أنس: فما فرحنا بشيء فرَحَنا بقول النبي ﷺ: أنت مع من أحببت. قال أنس: فأنا أحب النبي ﷺ وأبا بكر وعمر، وأرجو أن أكون معهم بِحُبّي إياهم وإن لم أعمل بمثل أعمالهم.

ഒരാൾ നബിയോട് അന്ത്യദിനത്തെ കുറിച്ച് ചോദിച്ചപ്പോൾ നബി ﷺ തിരിച്ചു ചോദിച്ചു : താങ്കൾ എന്താണ് അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളത്? അദ്ദേഹം

പറഞ്ഞു : ഒന്നുമില്ല, ഞാൻ അല്ലാഹുവിനെയും അവൻ റസൂലിനെയും സ്നേഹിക്കുന്നുണ്ട് എന്നതൊഴികെ.

അപ്പോൾ നബി ﷺ പറഞ്ഞു : താങ്കൾ താങ്കൾ സ്നേഹിക്കുന്നവരുടെ കൂടെയായിരിക്കും.

അനസ് റളിയല്ലാഹു അൻഹു പറയുന്നു : നിങ്ങൾ നിങ്ങൾ സ്നേഹിക്കുന്നവരുടെ കൂടെ ആയിരിക്കും എന്ന് നബിയുടെ ഈ വാചകം കൊണ്ട് സന്തോഷിച്ചതിനെക്കാൾ മറ്റൊന്നു കൊണ്ടും ഞങ്ങൾ സന്തോഷിച്ചിട്ടില്ല. ഞാൻ നബിയെയും അബൂബക്കറിനെയും ഉമ്മറിനെയും ഇഷ്ടപ്പെടുന്നു. അവരുടെ എത്ര കർമ്മങ്ങൾ ചെയ്തിട്ടില്ല എങ്കിലും അവരോടുള്ള സ്നേഹം കാരണത്താൽ അവരുടെ കൂടെ ആയിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബറക്കത്ത് ചെയ്യട്ടെ.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവിന്റെ റസൂലിനോട് സ്നേഹം ഉണ്ടാകാൻ സഹായിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ട നാല് കാര്യങ്ങൾ പരിശോധിക്കാം.

1. ഈ ഉമ്മത്തിന് വേണ്ടി അവിടുന്ന് ചെയ്ത ത്യാഗങ്ങളെ സ്മരിക്കുക. ഇസ്ലാമിക പ്രചരണത്തിന്റെ ഭാഗമായി ഒരുപാട് ഉപദ്രവങ്ങൾ അവിടുത്തേക്ക് ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.

2. ഈ ഉമ്മത്തിലെ ജനങ്ങൾ പരലോകത്ത് നശിച്ചു പോകാതിരിക്കാനുള്ള അതിയായ ആഗ്രഹവും അനുകമ്പയും.

അല്ലാഹു പറയുന്നു:

﴿لقد جاءكم رسول من أنفسكم عزيز عليه ما عنتم حريص عليكم بالمؤمنين رءوف رحيم﴾

തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം.

അബൂഹുറൈറ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു :

إنما مَثلي ومثل الناس كمثل رجل استوقد نارا، فلما أضاءت ما حوله جعل الفراش وهذه الدواب التي تقع في النار يقعن فيها، فجعل الرجل يَـزَعَـهُن ويغلِبنه فيقتحمن فيها، فأنا آخذ بِحُجَـزِكم عن النار، وأنتم تَقَحَّمون فيها.

എന്റെയും ജനങ്ങളുടെയും ഉപമ തീ കത്തിച്ചുവച്ച ഒരു മനുഷ്യനെ പോലെയാണ്. തീ കത്തി പ്രകാശം പരന്നപ്പോൾ പാറ്റകളും മറ്റു പ്രാണികളും അതിലേക്ക് വന്നു വീഴാൻ തുടങ്ങി. അയാൾ അവയെ അകറ്റാൻ ശ്രമിക്കുന്നുണ്ടെങ്കിലും അയാളെ കവച്ചു വെച്ചുകൊണ്ട് ആ പ്രാണികൾ തീയിലേക്ക് പതിച്ചു കൊണ്ടിരിക്കുന്നു. ഞാൻ നരകത്തിൽ വീഴാതിരിക്കാൻ നിങ്ങളുടെ അരക്കെട്ടിനു പിടിക്കുകയാണ്. നിങ്ങൾ എന്നെ മറികടന്നു കൊണ്ട് അതിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

٣. നബി ﷺ യോടുള്ള സ്നേഹം വർദ്ധിപ്പിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് അവിടുത്തെ സ്വഭാവ മഹിമയും ഉൽകൃഷ്ടമായ വിശേഷണങ്ങളും ഉൾക്കൊള്ളുക എന്നത്. അങ്ങേയറ്റത്തെ വിട്ടുവീഴ്ചയും സഹനവും ക്ഷമയും അവിടുത്തെ സ്വഭാവമായിരുന്നു.

മക്കക്കാർ നബിയെ കുറിച്ച് സാഹിറെന്നും ഭ്രാന്തനെന്നും കവിയെന്നും സ്വാബിയെന്നുമെല്ലാം പരിഹസിച്ചു. അവിടുത്തെ കാലിൽ അടിക്കുകയും ഒട്ടകത്തിന്റെ അവശിഷ്ടങ്ങൾ ദേഹത്ത് കൊണ്ടുവന്നിടുകയും അവിടുത്തെ മുൻപല്ല് പൊട്ടുകയും മുഖത്ത് നിന്ന് രക്തം പൊടിയുകയും ചെയ്തു. ഇത്രയെല്ലാം ഉപദ്രവങ്ങൾ സഹിച്ചിട്ടും ശേഷം മക്ക വിജയിച്ചടക്കിയപ്പോൾ നബി ﷺ അവരോട് ചോദിച്ചു : ഞാൻ നിങ്ങളെ എന്ത് ചെയ്യുമെന്നാണ് നിങ്ങൾ കരുതുന്നത്? അവർ പറഞ്ഞു : നല്ലത് മാത്രം. താങ്കൾ വിശിഷ്ടനായ സഹോദരനും വിശിഷ്ടരുടെ മകനുമാണ്. അപ്പോൾ അവിടുന്ന് പറഞ്ഞു : നിങ്ങൾ പോയിക്കൊള്ളുക നിങ്ങളെല്ലാവരും സ്വതന്ത്രരാണ്.

അല്ലാഹുവിന്റെ റസൂൽ ﷺ യുടെ മുന്നിൽ കീഴടങ്ങിയ ശേഷവും വിട്ടയച്ചത് കൊണ്ട് തന്നെ മക്കക്കാരെ സ്വതന്ത്രരാക്കപ്പെട്ടവർ വിട്ടയക്കപ്പെട്ടവർ എന്നെല്ലാം അർത്ഥമുള്ള ത്വുലഖാഅ് എന്ന് വിളിക്കപ്പെടുന്നു.

٤. നബി ﷺ യോടുള്ള സ്നേഹം വർധിപ്പിക്കുന്ന കാര്യമാണ് അവിടുത്തെ ചരിത്രം ധാരാളമായി വായിക്കുക എന്നത്. അവിടുത്തെ കർമ്മങ്ങളും ജീവിതരീതിയും യുദ്ധങ്ങളും ജനങ്ങളെ തർബിയത്ത് ചെയ്യുന്നതിൽ അവിടുത്തെ രീതിയും മെല്ലാം മനസ്സിലാക്കുന്നത് അവിടുത്തോടുള്ള സ്നേഹം ശക്തമാകാൻ കാരണമാകും.

നബിസ്നേഹത്തിന്റെയും സ്വന്തത്തേക്കാൾ സമ്പത്തിനേക്കാളും കുടുംബത്തേക്കാളും എല്ലാം നബി ﷺ യോടുള്ള ഇഷ്ടത്തെ മുന്തിരിക്കേണ്ടതിന്റെയും ഏറ്റവും ഉത്തമമായ മാതൃക സലഫുകളുടെ ജീവിതത്തിൽ കാണാൻ സാധിക്കും.

അബൂ സുഫ്യാൻ ബ്നു ഹർബ് ഇസ്ലാം സ്വീകരിക്കുന്നതിന് മുമ്പ് സൈദ് ബ്നുദ്ദസിന -റളിയല്ലാഹു അൻഹുമാ- യോട് അദ്ദേഹത്തെ കൊല്ലാനായി ഹറമില്ലെന്ന് പുറത്തുകൊണ്ടു പോയപ്പോൾ ചോദിച്ചു :

സൈദേ, അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ താങ്കളോട് ചോദിക്കട്ടെ, മുഹമ്മദ് ഇപ്പോൾ താങ്കളുടെ സ്ഥാനത്ത് ആയിരിക്കുകയും അങ്ങനെ ഞങ്ങൾ അദ്ദേഹത്തിന്റെ കഴുത്തു വെട്ടുകയും താങ്കൾ വീട്ടിൽ കുടുംബത്തോടൊപ്പം സുഖമായിരിക്കുകയും ചെയ്യുന്നത് താങ്കൾ ഇഷ്ടപ്പെടുന്നുണ്ടോ?

അദ്ദേഹം മറുപടി നൽകി : അല്ലാഹുവാണ് സത്യം, ഞാൻ എന്റെ വീട്ടിൽ സുഖമായിരിക്കുന്നതിന് പകരമായി അല്ലാഹുവിന്റെ റസൂലിന് അവിടുന്ന് ഇപ്പോൾ ഇരിക്കുന്ന സ്ഥലത്ത് വെച്ച് ഒരു മുള്ള് തറക്കുന്നത് പോലും ഞാൻ ഇഷ്ടപ്പെടുന്നില്ല!

അപ്പോൾ അബു സുഫ്യാൻ പറഞ്ഞു : മുഹമ്മദിനെ അവിടുത്തെ അനുചരന്മാർ സ്നേഹിക്കുന്നതുപോലെ ഒരാളും മറ്റൊരാളെ സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല.

മുഅ്മിനീങ്ങളെ, ചില വിവരദോഷികളുടെ കാര്യത്തിൽ പിശാച് ഉണ്ടാക്കുന്ന ആശയക്കുഴപ്പമാണ് അവർക്ക് അല്ലാഹുവോ റസൂലോ പഠിപ്പിച്ചിട്ടില്ലാത്ത, ഉത്തമ തലമുറകൾക്ക് പരിചയമില്ലാത്ത, സഹാബത്തിന് അറിയാത്ത കാര്യങ്ങളെ അവർക്ക് ഭംഗിയാക്കി കൊടുക്കുകയും അതെല്ലാം നബിയോടുള്ള സ്നേഹത്തിന്റെ ഭാഗമാണെന്ന് അവരെ തോന്നിപ്പിക്കുകയും ചെയ്യുക എന്നത്. ഇത് ഗുരുതരമായ വിവരക്കേടാണ്. കാരണം സ്നേഹം എന്നത് സ്നേഹിക്കുന്നവരോടുള്ള അനുസരണം കൂടിയാണ്. അതുകൊണ്ടുതന്നെ ഇത്തരക്കാർ കൊണ്ടാടുന്ന നബിദിനാഘോഷം പുതു നിർമ്മിതിയും ബിദ്അത്തുമാണ്. നബിയോ സ്വഹാബികളോ താബിഈങ്ങളോ അത് ചെയ്തിട്ടില്ല.

നബി ﷺ പറഞ്ഞിട്ടുണ്ട് :

من أحدث في أمرنا هذا ما ليس منه فهو رد،

നമ്മുടെ ദീനിൽ ആരെങ്കിലും പുതുതായി വല്ലതുമുണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.

നിങ്ങൾ അറിയുക, അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما،﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നബി ﷺ പറയുന്നു :

إن من خير أيامكم يوم الجمعة، فأكثروا من الصلاة عليَّ فيه، فإن صلاتكم معروضة علي

നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാകുന്നു വെള്ളിയാഴ്ച. അതുകൊണ്ട് അന്ന് എനിക്ക് വേണ്ടി നിങ്ങൾ കൂടുതലായി സ്വലാത്തിനെ ചോദിക്കുക. നിങ്ങളുടെ സലാത്ത് എന്റെയടുക്കൽ കാണിക്കപ്പെടും.

അല്ലാഹുമ്മ സ്വല്ലി വസല്ലിം അലാ അബ്ദിക വറസൂലിക മുഹമ്മദ്,

അഹ്ലുസ്സുന്ന വൽ ജമാഅയുടെ അടിസ്ഥാനപരമായ വിശ്വാസ കാര്യങ്ങളിൽ പെട്ടതാണ്: സ്വഹാബികളെ ആദരിക്കൽ

(സ്വഹാബികളുടെ പ്രത്യേകതകൾ)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലാഹുവിന്റെ അടിമകളെ

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

നിങ്ങളറിയുക, അഹ്ലുസ്സുന്ന വൽ ജമാഅയുടെ അടിസ്ഥാനപരമായ വിശ്വാസ കാര്യങ്ങളിൽ പെട്ടതാണ്, നബി ﷺ യുടെ സ്വഹാബികളെ ആദരിക്കലും, അവർക്ക് നന്മ നേരലും, അവരോടുള്ള നമ്മുടെ ബാധ്യതകൾ മനസ്സിലാക്കലും, അവരെ പിൻപറ്റലും, അവരെ കുറിച്ച് പ്രശംസയുടെ വാക്കുകൾ പറയലും, അവർക്ക്

വേണ്ടി പാപമോചനത്തെ ചോദിക്കലും, അവർക്കിടയിൽ സംഭവിച്ചതിനെ തൊട്ട് മിണ്ടാതിരിക്കലും, അവർ ശത്രുത കാണിച്ചവരോട് ശത്രുത കാണിക്കലും, ചില ചരിത്രകാരന്മാരും വിഡ്ഢികളായ ചില നിവേദകരും, ഷിയാക്കളും മറ്റു ബിദ്അത്തിന്റെ ആളുകളും അവരിൽ ഒരാളെ കുറിച്ച് പോലും പറഞ്ഞ ആക്ഷേപങ്ങളെ തൊട്ട് തിരിഞ്ഞു കളയലുമെല്ലാം. കാരണം, അങ്ങനെ അവരിൽ ഒരാളെ കുറിച്ച് പോലും മോശമായ ഒരു കാര്യവും പരാമർശിക്കപ്പെടാതിരിക്കാനും, ഒരു കാര്യത്തിലും ആക്ഷേപിക്കപ്പെടാതിരിക്കാനും അർഹതപ്പെട്ടവരാണ് അവർ. പകരം അവരുടെ നന്മകളും, ശ്രേഷ്ഠതകളും, സ്തുത്യാർഹമായ അവരുടെ ചരിത്രങ്ങളുമാണ് സ്മരിക്കപ്പെടേണ്ടത്. അതിന് പുറമെ ഉള്ളതിനെ തൊട്ട് സംസാരിച്ചുകൂടാ.

ശൈഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ رحمه الله പറഞ്ഞു :

അഹ്ലുസ്സുന്ന വൽ ജമാഅയുടെ അടിസ്ഥാനങ്ങളിൽ പെട്ടതാണ് അവരുടെ ഹൃദയങ്ങളും നാവുകളും നബി ﷺ യുടെ സ്വഹാബികളെ തൊട്ട് കുറ്റമറ്റതായിരിക്കുക എന്നത്.

അല്ലാഹു അവരുടെ വിശേഷണം പറഞ്ഞത് പോലെ :

﴿ وَالَّذِينَ جَاءُوا مِن بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَّحِيمٌ﴾

അവരുടെ ശേഷം വന്നവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണയുള്ളവനുമാകുന്നു.

സ്വഹാബികളുടെ പതിനാല് പ്രത്യേകതകൾ:

1, ഓ വിശ്വാസികളെ, മറ്റുള്ള മനുഷ്യരിൽ നിന്നും സ്വഹാബികളുടെ ശ്രേഷ്ഠതയുടെ മഹത്വം കാണിച്ചു തരുന്ന കാര്യങ്ങളിൽ പെട്ടതാണ്, മനുഷ്യരിൽ നിന്നും തന്റെ നബിയുടെ അനുചരന്മാരാകാൻ അല്ലാഹു അവരെ തിരഞ്ഞെടുത്തിരിക്കുന്നു എന്നത്. ദുനിയാവിലെ ജീവിതത്തിൽ ആ റസൂലിലേക്കുള്ള കാഴ്ചയും, അവിടുത്തെ ബഹുമാനപ്പെട്ട നാവിൽ നിന്നുമുള്ള സംസാരത്തിന്റെ കേൾവിയും, ശരീഅഃത്തും ദീനിന്റെ ഓരോ കാര്യങ്ങളും അവിടം നിന്ന് സ്വീകരിക്കലും, അവിടുത്തെ തർബിയത്ത് ലഭിക്കലും, ഏറ്റവും പൂർണമായ

രൂപത്തിൽ അവിടുത്തേക് നിയോഗികപ്പെട്ട പ്രകാശവും സന്മാർഗവും മറ്റുള്ളവരിലേക്ക് എത്തിക്കലുമെല്ലാം അല്ലാഹു تعالى അവർക്ക് മാത്രമായി പ്രത്യേകമാക്കി നൽകിയിരിക്കുന്നു.

2, അവരുടെ ശ്രേഷ്ഠത കാണിക്കുന്ന കാര്യമാണ്, നബി ﷺ യ്ക്ക് അവരോടുള്ള സ്നേഹം.

3, ഇസ്ലാം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിലും അതിലേക്ക് ക്ഷണിക്കുന്നതിലും നബി ﷺ യുടെ കൂടെ ജിഹാദ് ചെയ്തതിനാൽ അവർക്ക് മഹത്തായ പ്രതിഫലമുണ്ട്. ആരെങ്കിലും ഒരു നന്മയിലേക്ക് ക്ഷണിച്ചാൽ, ആ നന്മ പിൻപറ്റിയവരുടേത് പോലെയുള്ള അതേ പ്രതിഫലം ഒട്ടും കുറയാതെ തന്നെ ക്ഷണിച്ചവനും ഉണ്ട് എന്നത് അറിയപ്പെട്ട കാര്യമാണല്ലോ, അങ്ങനെയെങ്കിൽ സ്വഹാബികൾക്ക് ശേഷം വന്നവരുടെ പ്രതിഫലം അതു പോലെ തന്നെ അവർക്കും ലഭിക്കുന്നതാണ്.

4, സ്വഹാബികളുടെ ശ്രേഷ്ഠത തെളിയിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവർ ഖുർആനും സുന്നത്തും മനഃപാഠമാക്കി സൂക്ഷിക്കുകയും പിന്നീട് അത് മറ്റുള്ളവരിലേക്ക് എത്തിച്ചതും, അവർ കാരണമായി അന്ത്യ നാൾ വരെ അവ രണ്ടും ഭൂമിയുടെ ഓരോ ഭാഗത്തും പ്രചരിക്കപ്പെടുന്നു എന്നതും.

5, ഓ മുസ്ലിമീങ്ങളെ, സ്വഹാബികളുടെ ശ്രേഷ്ഠത നമ്മുക്ക് വ്യക്തമാക്കി തരുന്ന കാര്യങ്ങളിൽ പെട്ടതാണ്, അല്ലാഹു تعالى അവരെ സംബന്ധിച്ച് ഏറ്റവും നല്ല പ്രശംസ പറയുകയും, അവരുടെ കീർത്തി തൗറാതിലും ഇഞ്ജീലിലും ഖുർആനിലും ഉയർത്തുകയും, അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ധാനം ചെയ്യുകയും ചെയ്തിരിക്കുന്നു എന്നത്.

അല്ലാഹു تعالى പറഞ്ഞു :

﴿ مُّحَمَّدٌ رَّسُولُ اللَّهِ ۚ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ ۖ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا ۖ سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ۚ ذَٰلِكَ مَثَلُهُمْ فِي التَّوْرَاةِ ۚ وَمَثَلُهُمْ فِي الْإِنجِيلِ كَزَرْعٍ أَخْرَجَ شَطْأَهُ فَآزَرَهُ فَاسْتَغْلَظَ فَاسْتَوَىٰ عَلَىٰ سُوقِهِ يُعْجِبُ الزُّرَّاعَ لِيَغِيظَ بِهِمُ الْكُفَّارَ ۗ وَعَدَ اللَّهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴾

മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും

നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൌറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൌതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.

ഇമാം ഖുർതുബി ﵀ ഈ പരാമർശിക്കപ്പെട്ട ആയത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞു : സ്വഹാബികളുടെ ഉപമയാണ് അല്ലാഹു ഇവിടെ വിവരിച്ചത് . അഥവാ, അവർ ആദ്യ ഘട്ടത്തിൽ എണ്ണത്തിൽ കുറവായിരിക്കും, പിന്നീട് വർധിച്ചു കൊണ്ടിരിക്കും. ദുർബലമായ അവസ്ഥയിലാണ് നബി ﷺ ദഅവത് തുടങ്ങുന്നത്, ഓരോരുത്തരായി അവിടുത്തെ ക്ഷണം സ്വീകരിച്ചു സ്വീകരിച്ചു ശക്തിപ്പെടുകയാണ് ഉണ്ടായത്. ഒരു വിള അതിന്റെ വിത്തിൽ നിന്ന് പുറത്ത് കടക്കുന്ന സമയം അത് ദുർബലമായ അവസ്ഥയിലായിരിക്കുന്നത് പോലെ. പിന്നീട് അതിന്റെ കാണ്ഡത്തിന് മേൽ കരുത്താർജിച്ച് നില്കുന്നത് വരെ ഓരോ ഘട്ടങ്ങളിലും ശക്തിപ്പെട്ട് വരികയാണുണ്ടായത്. സ്വാഹാബികളെ കുറിച്ചുള്ള ഏറ്റവും ശെരിയായ ഉപമയും, വ്യക്തമായ വിശദീകരണവുമാകുന്നു ഇത്.

6, അല്ലാഹുവിന്റെ അടിമകളെ, സ്വഹാബികളുടെ മഹത്വം നമ്മുക്ക് മനസ്സിലാക്കി തരുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവരെ അല്ലാഹു تعالى 'കലിമത് തഖ്വ' كلمة التقوى സ്വീകരിക്കാനും അതിൽ നിലകൊള്ളുവാനും നിർബന്ധിക്കുകയും, അവരാണ് അതിന് കൂടുതൽ അർഹതയും അവകാശവും ഉള്ളവരെന്നും അറിയിക്കുകയും ചെയ്തിരിക്കുന്നു എന്നത്. അല്ലാഹു പറഞ്ഞു :

﴿ وَأَلْزَمَهُمْ كَلِمَةَ التَّقْوَىٰ وَكَانُوا أَحَقَّ بِهَا وَأَهْلَهَا ۚ ﴾

'കലിമത് തഖ്വ' സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. അത് സ്വീകരിക്കാൻ കൂടുതൽ അർഹതയുള്ളവരും അതിന് അവകാശപ്പെട്ടവരുമായിരുന്നു അവർ. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനായിരിക്കുന്നു.

'കലിമത് തഖ്വ' എന്നാൽ 'لا إله إلا الله' എന്നതാണ്, ആ വാക്യത്തിന്റെ ബാധ്യതകൾ നിറവേറ്റാനും അതനുസരിച്ചു നിലകൊള്ളാനും അല്ലാഹു تعالى

അവരെ നിർബന്ധിച്ചു. അവർ അത് മുറുകെപിടിക്കുകയും അതിലായി നിലകൊള്ളുകയും ചെയ്തു. പിന്നീട് അവരാണ് അതിന് ഏറ്റവും അർഹതപ്പെട്ടവരെന്നും അല്ലാഹു അറിയിച്ചു. അഥവാ, അവരുടെ ഹൃദയങ്ങളിലുള്ള നന്മ കാരണത്താൽ, അവരാണ് അതിന്റെ അവകാശികൾ എന്ന് വിശേഷിക്കപ്പെടാൻ യോഗ്യരായവർ.

7, സ്വഹാബത്തിന്റെ ശ്രേഷ്ഠത നമ്മുക്ക് വ്യക്തമാക്കി തരുന്ന കാര്യങ്ങളിൽ പെട്ടതാണ്, സ്വാഹാബികൾ റസൂൽ ﷺ യിൽ വിശ്വസിച്ചത് പോലെ മനുഷ്യർ വിശ്വസിച്ചാൽ അവർ നേർമാർഗതത്തിലായിരിക്കുന്നു എന്ന അല്ലാഹുവിന്റെ അറിയിപ്പ്. അല്ലാഹു പറഞ്ഞു :

﴿ فَإِنْ آمَنُوا بِمِثْلِ مَا آمَنتُم بِهِ فَقَدِ اهْتَدَوا۟ ﴾

നിങ്ങൾ ഈ വിശ്വസിച്ചത് പോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു.

നബി ﷺ പറഞ്ഞു :

وإنَّ بَني إسرائيل تفرَّقت على ثِنتينِ وسبعينَ ملَّةً ،

ബനൂ ഇസ്രായേല്യർ എഴുപത്തിരണ്ട് കക്ഷികളായി ചേരി തിരിഞ്ഞു,

وتفترقُ أمَّتي على ثلاثٍ وسبعينَ ملَّةً ،

എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായും വിവചിക്കപ്പെടുന്നതാണ്.

كلُّهم في النَّارِ إلَّا ملَّةً واحِدةً ،

അതിൽ ഒരു കക്ഷി ഒഴികെ മറ്റെല്ലാ കക്ഷികളും നരകത്തതിലാണ് ,

قالوا : مَن هيَ يا رسولَ اللَّهِ ؟

അവർ ചോദിച്ചു : അതേത് കക്ഷിയാണ് അല്ലാഹുവിന്റെ റസൂലെ?

قالَ : ما أنا عليهِ وأصحابي

അവിടുന്ന് പറഞ്ഞു : ഞാനും എന്റെ സ്വാഹാമ്പത്തും ഉള്ള മാർഗത്തിൽ നിലകൊള്ളുന്നവർ.

ഈ ഹദീഥിൽ തന്റെ സമുദായം അനേകം കക്ഷികളാകുമെന്നും അവയുടെ എണ്ണം എഴുപത്തിമൂന്ന് ആണെന്നും, അതിൽ നിന്ന് ആകെ രക്ഷപ്പെടുക വിശ്വാസത്തിലും കർമ്മങ്ങളിലും മാർഗരീതിയിലും നബി ﷺ യുടെയും അവിടുത്തെ സ്വഹാബത്തിന്റെയും മാർഗത്തിൽ സഞ്ചാരിച്ചാവരാണെന്നും നബി ﷺ അറിയിച്ചിരിക്കുന്നു. അല്ലാഹു ﷻ നാമെവരെയും ആ കൂട്ടത്തിൽ ഉൾപെടുത്തട്ടെ.

സ്വഹാബാക്കൾ നേരായ വഴിയിലായിരുന്നു എന്ന് ഇതിലൂടെ സ്ഥിരപ്പെട്ടിരിക്കുന്നു.

8, സ്വഹാബത്തിന്റെ മഹത്വം സൂചിപ്പിക്കുന്ന കാര്യമാണ്, അവരാണ് യഥാർത്ഥ വിശ്വാസികൾ എന്ന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു എന്നത്. സാക്ഷിയായി അല്ലാഹു تعالى തന്നെ മതിയായവനാണ്. അവൻ പറഞ്ഞു :

﴿ وَالَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ وَالَّذِينَ آوَوا وَّنَصَرُوا أُولَٰئِكَ هُمُ الْمُؤْمِنُونَ حَقًّا ۚ لَّهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴾

വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് **യഥാർത്ഥത്തിൽ സത്യവിശ്വാസികൾ**. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.

9, സ്വഹാബികളുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, വിശുദ്ധ ഖുർആനിൽ രണ്ട് സ്ഥലങ്ങളിൽ അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു എന്ന് അവൻ പരാമർശിച്ചത്.

ഈ രണ്ട് ആയത്തുകളാണ് അവ :

﴿ وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنصَارِ وَالَّذِينَ اتَّبَعُوهُم بِإِحْسَانٍ ۙ رَّضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ۚ ذَٰلِكَ الْفَوْزُ الْعَظِيمُ ﴾

മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി **അല്ലാഹു സംതൃപ്തനായിരിക്കുന്നു.** അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.

﴿ لَّقَدْ رَضِيَ اللَّهُ عَنِ الْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ الشَّجَرَةِ فَعَلِمَ مَا فِي قُلُوبِهِمْ فَأَنزَلَ السَّكِينَةَ عَلَيْهِمْ وَأَثَابَهُمْ فَتْحًا قَرِيبًا ﴾

ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും **അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു.** അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു

10, സ്വഹാബത്തിന്റെ ശ്രേഷ്ഠത തെളിയിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, ഈ സമുദായത്തിന്റെ ദീനിന്റെ കാര്യത്തിൽ ഏറ്റവും അവഗാഹമുള്ളവർ അവരാണ് എന്നത്. അവർ എകാഭിപ്രായത്തിലായ കാര്യങ്ങളിൽ അവരോട് എതിർപ്പിലാകാൻ പാടില്ല എന്നതും. കാരണം, അവർ നബി ﷺ യുടെ കണ്മുൻപിലാണ് അവിടുത്തെ ശിക്ഷണമേറ്റ് വളർന്നത്. അവർ ഖുർആനിന്റെ

അവതരണത്തിന് സാക്ഷ്യം വഹിച്ചവരുമാണ്. അവരിലെ ആദ്യ നാല് ഖലീഫമാരുടെ മാർഗം പിൻപറ്റപ്പെടേണ്ടതാണെന്നും നബി ﷺ അറിയിച്ചിട്ടുണ്ട്. അവരുടെ മാർഗം പിൻപറ്റൽ ശേഷം വന്നവരുടെ മേൽ അനിവാര്യമായ കാര്യമാണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

أُوصِيكُمْ بِتَقْوَى اللَّهِ وَالسَّمْعِ وَالطَّاعَةِ وَإِنْ عَبْدًا حَبَشِيًّا

അല്ലാഹുവിനെ ഭയപ്പെടാനും, ഒരു അബിസീനിയൻ അടിമയാണ് നിങ്ങളുടെ ഭരണകർത്താവ് എങ്കിൽ പോലും കേൾക്കാനും അനുസരിക്കാനും ഞാൻ നിങ്ങളോട് കൽപ്പിക്കുന്നു,

فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلاَفًا كَثِيرًا

കാരണം എനിക്ക് ശേഷം നിങ്ങളിൽ ജീവിക്കുന്നവൻ ധാരാളം അഭിപ്രായവ്യത്യാസങ്ങൾ കാണുന്നതാണ്.

فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ

അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും സന്മാർഗം പ്രാപിച്ച എന്റെ ഖലീഫമാരുടെ സുന്നത്തും പിന്തുടരുക.

تَمَسَّكُوا بِهَا وَعَضُّوا عَلَيْهَا بِالنَّوَاجِذِ

അതിൽ മുറുകെ പിടിക്കുക, അണപ്പല്ല് കൊണ്ട് കടിച്ചു പിടിക്കുക .

وَإِيَّاكُمْ وَمُحْدَثَاتِ الأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلاَلَةٌ

പുതുതായി ഉണ്ടാക്കപ്പെടുന്നവയെ നിങ്ങൾ സൂക്ഷിക്കുക, കാരണം പുതുതായി ഉണ്ടാക്കപ്പെടുന്ന എല്ലാതും ബിദ്അത്ത് ആകുന്നു, എല്ലാ ബിദ്അത്തും വഴികേടും ആകുന്നു.

11, അല്ലാഹുവിന്റെ അടിമകളെ, സ്വഹാബത്തിന്റെ ശ്രേഷ്ഠത തെളിയിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവരോട് കൂടിയാലോചന നടത്താൻ തന്റെ നബിയോട് അല്ലാഹു تعالى കല്പിച്ചിരിക്കുന്നു എന്നത്. അവൻ പറഞ്ഞു :

﴿ وَشَاوِرْهُمْ فِي الْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ ۚ ﴾

നബിയേ, കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക.

12, സ്വഹാബത്തിന്റെ ശ്രേഷ്ഠത തെളിയിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവർക്ക് വേണ്ടി പാപമോചനം തെടാനും, മനസ്സിൽ അവരോട് യാധൊരുവിധ വിദ്വേഷം വെച്ചു പുലർത്താതിരിക്കാനും അവർക്ക് ശേഷം വന്നവരെ അല്ലാഹു പ്രോത്സാഹിപ്പിച്ചിരിക്കുന്നു എന്നത്. അല്ലാഹു പറഞ്ഞു :

﴿ وَالَّذِينَ جَاءُوا مِن بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَّحِيمٌ﴾

അവരുടെ ശേഷം വന്നവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണയുള്ളവനുമാകുന്നു.

13, സ്വഹാബത്തിന്റെ ശ്രേഷ്ഠത വ്യക്തമാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവർ ജീവിച്ച നൂറ്റാണ്ടാണ് ഏറ്റവും നല്ല നൂറ്റാണ്ട് എന്നത്. നബി ﷺ പറഞ്ഞു :

خَيْرُ النَّاسِ قَرْنِي، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُمْ

എന്റെ നൂറ്റാണ്ടിലെ ആളുകളാണ് ഏറ്റവും മികച്ചത്, പിന്നെ അവർക്ക് ശേഷം വരുന്നവർ, പിന്നെ അവർക്ക് ശേഷം വരുന്നവർ.

ഇമാം മുസ്ലിം رحمه الله ഉദ്ധരിക്കുന്ന ഹദീഥിൽ ഇപ്പ്രകാരമാണ്

خَيْرُ أُمَّتِي الْقَرْنُ الَّذِي بُعِثْتُ فِيهِمْ

എന്റെ ഉമ്മത്തിലെ ഏറ്റവും മികച്ചത് ഞാൻ നിയോഗിക്കപ്പെട്ട നൂറ്റാണ്ടാണ്.

14, സ്വഹാബത്തിന്റെ മഹത്വം തെളിയിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, നബി ﷺ പറഞ്ഞത് പോലെ അവരുടെ പ്രതിഫലം അവർക്ക് ശേഷം വന്നവരെക്കാൾ ഇരട്ടിയാക്കപ്പെട്ടതായിരിക്കും എന്നത്. നബി ﷺ പറഞ്ഞു

لاَ تَسُبُّوا أَصْحَابِي،

നിങ്ങൾ എന്റെ സ്വഹാബത്തിനെ ചീത്ത വിളിക്കരുത്.

فَلَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ أُحُدٍ ذَهَبًا

നിങ്ങളിൽ ഒരുവൻ ഒരു ഉഹുദ് മലയോളം സ്വർണ്ണം ദാനം നൽകിയാലും.

مَا بَلَغَ مُدَّ أَحَدِهِمْ وَلاَ نَصِيفَهُ

അത് അവരിൽ ഒരാൾ ഒരു മുദ്ദ് നൽകിയ അത്രയൊ അല്ലെങ്കിൽ അതിന്റെ പകുതിയോളം പോലും ആവുകയില്ല.

മുദ്ദ് എന്നാൽ ഒരു സ്വാഇന്റെ നാലിൽ ഒന്നാണ്. അഥവാ, ഒരു സ്വഹാബിയുടെ ദാനം ഒരു മുദ്ദ് ആണെങ്കിൽ പോലും, അതാണ് അവർക്ക് ശേഷം വന്നവരുടെ ധാനത്തേക്കാൾ കൂടുതൽ പ്രതിഫലം നൽകപ്പെടുന്നത്, ഒരു ഉഹുദ് മലയോളം ആണ് അവരുടെ ദാനമെങ്കിലും. രണ്ട് പേരുടേയും ധാനത്തിനുമിടയിലുള്ള ഈ വ്യത്യാസത്തിന്റെ കാരണം എന്തെന്നാൽ, സ്വഹാബിയുടെ ധാനത്തിനുണ്ടാകുന്ന ഇഖ്‌ലാസും സത്യസന്തമായ നിയ്യത്തുമാണത്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

ഓ അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുവിൻ.

സ്വഹാബിമാർ അവരുടെ ശ്രേഷ്ഠതയുടെയും പതവികളുടെയും കാര്യത്തിൽ ഒരേ തരക്കാരല്ല എന്ന് നിങ്ങൾ അറിയുക. അഹ്ലുസ്സുന്ന വൽ ജമാഅയുടെ വിശ്വാസം, നബി ﷺ യ്ക്ക് ശേഷം ഈ സമുദായത്തിലെ ഏറ്റവും ഉത്തമൻ അബൂ ബക്കറാണ്, അതിന് ശേഷം ഉമർ, പിന്നീട് ഉഥ്മാൻ, പിന്നീട് അലി എന്നതാണ്. അൻസ്വാരികളെക്കാൾ മൂഹാജിറുകളെ അഹ്ലുസ്സുന്നത് മുൻപന്തിക്കുന്നു. കാരണം, അവരാണ് ഇസ്ലാം സ്വീകരിക്കുന്നതിൽ മുൻകടന്നവർ. പിന്നീട് അൻസ്വാരികൾ വരികയും, അവർ നബി ﷺ യ്ക്കും മുഹജിറുകളായ അവിടുത്തെ സ്വഹാബികൾക്കും അഭയം നൽകുകയും അവരെ സഹായിക്കുകയും ചെയ്തു. അതുപോലെ തന്നെ, അഹ്ലുസ്സുന്നത് മക്കാ വിജയത്തിന് മുന്നേ ചിലവഴിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തവരെ അതിന് ശേഷം ചിലവഴിച്ചവരെക്കാളും യുദ്ധം ചെയ്തവരെക്കാളും ശ്രേഷ്ഠതയുള്ളവരായി കണക്കാക്കുന്നു.

"اعْمَلُوا مَا شِئْتُمْ فَقَدْ غَفَرْتُ لَكُمْ"

നിങ്ങൾ ഉദ്ദേശിക്കുന്ന പോലെ പ്രവർത്തിച്ചുകൊള്ളൂ, ഞാൻ നിങ്ങൾക്ക് പാപമോചനം നൽകിയിരിക്കുന്നു.

എന്ന് മുന്നൂറ്റിച്ചില്ലാണം വരുന്ന ബദ്ർ യുദ്ധ പോരാളികളോട് അല്ലാഹു تعالى പറഞ്ഞിരിക്കുന്നു എന്നും, ഹുദയ്ബിയാ സന്ധിയിൽ രിധ്വാൻ വൃക്ഷത്തിന് താഴെ ബയ്അത്ത് ചെയ്തവർ -ആയിരത്തി നാന്നൂർ പേർ ആയിരുന്നു അവർ- ആരും തന്നെ നരകത്തിൽ പ്രവേശിക്കുക ഇല്ല എന്നും അവർ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ സ്വർഗ്ഗം കൊണ്ട് സാക്ഷ്യം വഹിച്ചവർക്ക് എല്ലാം -പത്ത് പേരും അതല്ലാത്തവരും - അഹ്ലുസ്സുന്നതും സാക്ഷ്യം വഹിക്കുന്നു.

സ്വാഹാബികളോടുള്ള ബാധ്യതകളുടെ ചുരുക്കം

ഓ വിശ്വാസികളെ, ചുരുക്കി പറഞ്ഞാൽ, സ്വഹാബികളോടുള്ള നമ്മുടെ ബാധ്യതകൾ നാലെണ്ണമാണ്:

ഒന്ന്: അവരെ സ്നേഹിക്കലും, അവരുടെ പേര് കേൾക്കുമ്പോൾ തൃപ്തിയെ തേടലും ﷺ എന്ന് പറയൽ

രണ്ട്: നബി ﷺ യ്ക്ക് ശേഷം മനുഷ്യരിൽ ഉത്തമർ അവരാണെന്ന് വിശ്വസിക്കൽ.

മൂന്ന്: അവർക്കിടയിൽ സംഭവിച്ചതിനെ തൊട്ട് മിണ്ടാതിരിക്കൽ.

നാല്: റാഫിദികളും അവരുടെ മാർഗം സ്വീകരിച്ച മറ്റു ബിദ്അത്തിന്റെ കക്ഷികളും അവർക്കെതിരിൽ പറഞ്ഞുണ്ടാക്കുന്നതിനെ തൊട്ട് പ്രതിരോധം തീർക്കൽ.

പിന്നീട് നിങ്ങളറിയുക -നിങ്ങൾക്ക് മേൽ അല്ലാഹു കാരുണ്യം ചെയ്യട്ടെ-, മഹത്തായ ഒരു കാര്യം അല്ലാഹു നിങ്ങളോട് കല്പിച്ചിരിക്കുന്നു

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

നബി ﷺയോടുള്ള ബാധ്യതകളിൽ പെട്ടതാണ്- അവിടുത്തെ ഭാര്യമാരെ ആദരിക്കൽ

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലാഹുവിന്റെ അടിമകളെ

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ. അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

നിങ്ങളറിയുക, അഹ്ലുസ്സുന്ന വൽ ജമാഅയുടെ അടിസ്ഥാനപരമായ വിശ്വാസ കാര്യങ്ങളിൽ പെട്ടതാണ്, നബി ﷺ യുടെ ഭാര്യമാരെ ആദരിക്കുക എന്നത്. അല്ലാഹു تعالى അവർക്ക് ഉയർന്ന പദവി നൽകിയിരിക്കുന്നു. അല്ല, എല്ലാ വിശ്വാസികളുടെയും മാതൃസ്ഥാനം എന്നതിലേക്ക് അവരെ അല്ലാഹു ഉയർത്തിയിരിക്കുന്നു. അല്ലാഹു تعالى പറഞ്ഞത് പോലെ :

﴿النَّبِيُّ أَوْلَىٰ بِالْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَاجُهُ أُمَّهَاتُهُمْ ۗ﴾

പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു.

അവരോടുള്ള ബാധ്യതകൾ സൂക്ഷിക്കുകയും, ദീൻ തേടുന്ന രൂപത്തിൽ അവ നിറവേറ്റുകയും ചെയ്യുക എന്നത് നിർബന്ധമാക്കും വിധം എല്ലാ ആദരവും ബഹുമാനവും ഈ സ്ഥാനം അവർക്ക് നൽകുന്നു.

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ ഭാര്യമാരെ ആദരിക്കൽ നിർബന്ധമാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവിടുത്തെ വീട്ടിലെ ചര്യകൾ മനസ്സിലാക്കി സൂക്ഷിക്കുകയും പിന്നീട് ഈ സമുദായത്തിന് പകർന്നു നൽകുകയും ചെയ്തത് അവരാണ് എന്നത്. പ്രത്യേകിച്ചും ആയിഷ رضي الله عنها. നബി ﷺ യിൽ നിന്ന് ഏറ്റവും കൂടുതൽ ഹദീഥുകൾ നിവേദനം ചെയ്തവരിൽ പെട്ടവരാണ് അവർ.

ഖദീജ رضي الله عنها യാകട്ടെ അവിടുത്തെ ആദ്യ ഭാര്യയാണ്. ഏവർക്കും പരിചയമുള്ള ചരിത്രത്തിൽ പ്രതിപാദിക്കപ്പെട്ടത് പോലെ, പ്രവാചകനായി നിയോഗിക്കപ്പെടുന്നതിന്റെ ആദ്യ ഘട്ടങ്ങളിൽ, ആദ്യമായി ജിബ്‌രീൽ عليه السلام വഹിയുമായി വന്ന സന്ദർഭത്തിൽ, ഭയത്തോടെ തന്റെ അടുക്കലേക്ക് വന്ന നബി ﷺ യേ അദ്ദേഹം നിലകൊള്ളുന്നത് സത്യത്തിലാണെന്നും,അല്ലാഹു അദ്ദേഹത്തെ ഒരിക്കലും നിന്ദിക്കുകയില്ല എന്നെല്ലാം പറഞ്ഞുകൊണ്ട് ഖദീജ رضي الله عنها ആശ്വസപ്പെടുത്തുകയും ഉറപ്പിച്ചു നിർത്തുകയുമുണ്ടായി. അതിനു ശേഷം നബി ﷺ യേ ഖദീജ رضي الله عنها തന്റെ പിതൃവ്യ പുത്രനായ വറഖത് ഇബ്നു നൗഫലിന്റെ അടുക്കലേക്ക് കൊണ്ട് പോയി. ജാഹിലിയ്യ കാലത്ത് നസ്രാനിയത്ത് സ്വീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. നബി ﷺ യുടെ മേൽ ഇറങ്ങിയത് അല്ലാഹു تعالى യിൽ നിന്നുമുള്ള സന്ദേശമാണെന്ന് അദ്ദേഹം വ്യക്തമാക്കി നൽകി. ഇത് അല്ലാഹുവിന്റെ റസൂലിനുള്ള ആശ്വാസം വർധിപ്പിക്കുകയുണ്ടായി.

ശൈഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ رحمه الله പറഞ്ഞു :

അഹ്ലുസ്സുന്ന വൽ ജമാഅയുടെ അടിസ്ഥാനങ്ങളിൽ പെട്ടതാണ്, വിശ്വാസികളുടെ ഉമ്മമാരായ അല്ലാഹുവിന്റെ റസൂൽ ﷺ യുടെ പത്നിമാരോട് അവർ സ്നേഹം വെച്ചു പുലർത്തുന്നു എന്നത്.

ആഖിറത്തിൽ റസൂലിന്റെ ഭാര്യമാരാണ് അവർ എന്നും അഹ്ലുസ്സുന്നത് വിശ്വസിക്കുന്നു.

പ്രത്യേകിച്ചും റസൂലിന്റെ മക്കളിൽ കൂടുതൽ പേരുടേയും മാതാവായ, ആദ്യമായി റസൂലിൽ വിശ്വസിക്കുകയും അവിടുത്തേക്ക് അവതരിക്കപ്പെട്ട വിഷയത്തിൽ ശക്തി പകരുകയും ചെയ്ത ഖദീജ رضي الله عنها. നബി ﷺ യുടെ അടുക്കൽ അവർക്ക് വലിയ സ്ഥാനമുണ്ടായിരുന്നു.

അതു പോലെ തന്നെ അസ് സ്വിദ്ദീഖ (ആയിഷ) ബിൻത് അസ് സ്വിദ്ദീഖ് (അബൂ ബക്കർ), അവരെ സംബന്ധിച്ച് നബി ﷺ പറഞ്ഞു : "മറ്റെല്ലാ സ്ത്രീകൾക്കും മുകളിൽ ആയിഷയുടെ ശ്രേഷ്ഠത, മറ്റെല്ലാ ഭക്ഷണങ്ങൾക്കും മുകളിൽ ഥരീതിനുള്ള ശ്രേഷ്ഠത പോലെയാണ്." (ഥരീത് എന്നാൽ ഖുബ്സും കറിയും ഇറച്ചിയുമെല്ലാം ചേർന്ന ഒരു തരം വിഭവമാണ്.)

അല്ലാഹുവിന്റെ അടിമകളെ, വിശ്വാസികളുടെ ഉമ്മമാരുടെ അവകാശങ്ങൾക്കുള്ള പ്രാധാന്യം കാണിക്കുന്ന കാര്യമാണ്, നിസ്കാരത്തിലെ തശഹ്ഹുദിൽ സ്വലാത്ത് കൊണ്ട് അവരെ പ്രത്യേകമാക്കിയിരിക്കുന്നു എന്നത്. അവർക്ക് മുകളിൽ സ്വലാത്ത് ചൊല്ലുക എന്നത് കൊണ്ടുള്ള ഉദ്ദേശം അല്ലാഹു അവരെ പ്രശംസിക്കാനും, അവരുടെ സ്ഥാനം ഉയർത്താനും വേണ്ടിയുള്ള പ്രാർത്ഥനയാണ് എന്നത് അറിയപ്പെട്ട കാര്യമാണല്ലോ.

അബൂ ഹുമൈദ് അസ് സാഇദി ﵁ വിൽ നിന്നും നിവേദനം,

أَنَّهُمْ قَالُوا يَا رَسُولَ اللَّهِ كَيْفَ نُصَلِّي عَلَيْكَ؟

സ്വഹാബികൾ ചോദിച്ചു : അല്ലയോ അല്ലാഹുവിന്റെ റസൂലേ, നാം എങ്ങനെയാണ് താങ്കൾക്ക് മുകളിൽ സ്വലാത്ത് ചൊല്ലേണ്ടത്?

قال : قُولُوا

നബി ﷺ പറഞ്ഞു : നിങ്ങൾ ഇപ്രകാരം പറയുക -

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَأَزْوَاجِهِ وَذُرِّيَّتِهِ، كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيمَ، وَبَارِكْ عَلَى مُحَمَّدٍ وَأَزْوَاجِهِ وَذُرِّيَّتِهِ، كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ

അല്ലാഹുവേ, ഇബ്രാഹീമിന്റെ കുടുംബത്തിന് മുകളിൽ നീ സ്വലാത്ത് ചെയ്തത് പോലെ മുഹമ്മദിന്റെയും അവിടുത്തെ ഭാര്യമാരുടെയും മക്കളുടെയും മുകളിൽ നീ സ്വലാത്ത് ചെയ്യേണമേ. ഇബ്രാഹീമിന്റെ കുടുംബത്തിന് മുകളിൽ നീ ബറകത് ചെയ്തത് പോലെ മുഹമ്മദിന്റെയും അവിടുത്തെ ഭാര്യമാരുടെയും മക്കളുടെയും മുകളിൽ നീ ബറകത് ചെയ്യേണമേ. നീ സ്തുത്യർഹനും ഏറെ മഹത്വമുള്ളവനുമാകുന്നു.

അല്ലാഹുവിന്റെ അടിമകളെ, വിശ്വാസികളുടെ ഉമ്മമാരോടുള്ള ബാധ്യതകളിൽ പെട്ടതാണ്, അവർക്ക് വേണ്ടി പാപമോചനത്തെ തേടുക എന്നതും, അവരെ കുറിച്ച് പ്രശംസയുടെ വാക്കുകളും അവരുടെ ശ്രേഷ്ഠതകളും പറയുക എന്നതെല്ലാം. അല്ലാഹുവിന്റെ റസൂൽ ﷺ യുടെ അടുക്കൽ അവർക്കുള്ള സ്ഥാനവും, ഈ സമുദായത്തിലെ മറ്റു സ്ത്രീകൾക്ക് മുകളിൽ അവർക്കുള്ള ശ്രേഷ്ഠതയും കാരണമാണത്.

ഓ വിശ്വാസികളെ, മ്ലേച്ഛമായവയിൽ നിന്നും നബി ﷺ യുടെ ഭാര്യമാർ വിശുദ്ധിയുള്ളവരാണെന്ന് ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു تعالى പറഞ്ഞു

﴿ إِنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴾

പ്രവാചകന്റെ വീട്ടുകാരേ! നിങ്ങളിൽ നിന്ന് മാലിന്യം നീക്കികളയുവാനും, നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

ഇബ്നു ജരീർ ﵀ വ്യാഖ്യാനിച്ചു കൊണ്ട് പറഞ്ഞു : "ഓ മുഹമ്മദിന്റെ ﷺ വീട്ടുകാരെ, നിങ്ങളിൽ നിന്നും തിന്മകളും മ്ലേച്ഛതകളും തുടച്ച് നീക്കുവാനും, പാപികളുടെ കുടുംബങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങളിൽ നിന്നും നിങ്ങളെ ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്."

ഇത് പ്രകാരം, നബി ﷺ യുടെ ഭാര്യമാരെ നിരർത്ഥകരമായത് കൊണ്ട് ആരോപിക്കലും, അവരുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കലും നബി ﷺ യോടുള്ള ഗൗരവകരമായ ഉപദ്രവമാണ്. നബി ﷺ യെ ദ്രോഹിക്കുന്നതാകട്ടെ അല്ലാഹു വിലക്കിയിരിക്കുന്നു. അല്ലാഹു പറഞ്ഞു

﴿إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ لَعَنَهُمُ اللَّهُ فِي الدُّنْيَا وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا﴾

അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെച്ചിട്ടുമുണ്ട്.

അല്ലയോ മുസ്ലിമീങ്ങളെ, നബി ﷺ യുടെ ഭാര്യമാരോടുള്ള ആദരവിനെ തകർക്കുന്ന കാര്യമാണ്, റാഫിദികൾ (ശിയാക്കൾ) നിലകൊള്ളുന്ന മാർഗം. വിശ്വാസികളുടെ ഉമ്മ ആയിഷ ﵂ യെ വ്യഭിചാരം കൊണ്ട് കള്ള ആരോപണം നടത്തിയതിൽ അവർ മുനാഫിഖുകളെ പിൻപറ്റിയിരിക്കുന്നു. തീർത്തും കള്ളമായ ഈ വിശ്വാസമാണ് അവർ ദീനായി കൊണ്ട് നടക്കുന്നത്. അത് കുഫ്ർ (ദീനിൽ നിന്നും പുറത്താക്കുന്ന കാര്യം) ആണ്. -അല്ലാഹുവോട് നാം രക്ഷയെ തേടുന്നു-. കാരണം, ആയിഷ ﵂ യെ വ്യഭിചാരം കൊണ്ട് ആരോപിക്കുന്നവൻ, ഖുർആനിൽ സൂറത്ത് നൂറിന്റെ ആദ്യ ഭാഗങ്ങളിലൂടെ വ്യക്തമാക്കപ്പെട്ട മഹതിയുടെ നിരപരാധിത്വം സത്യപ്പെടുത്തുന്നില്ല. ആ കള്ള ആരോപണത്തെ വ്യക്തമായ നുണയും അപവാദവുമായി അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. അല്ലാഹു تعالى പറഞ്ഞു

﴿إِنَّ الَّذِينَ جَاءُوا بِالْإِفْكِ عُصْبَةٌ مِّنكُمْ ۚ لَا تَحْسَبُوهُ شَرًّا لَّكُم ۖ بَلْ هُوَ خَيْرٌ لَّكُمْ ۚ لِكُلِّ امْرِئٍ مِّنْهُم مَّا اكْتَسَبَ مِنَ الْإِثْمِ ۚ وَالَّذِي تَوَلَّىٰ كِبْرَهُ مِنْهُمْ لَهُ عَذَابٌ عَظِيمٌ ﴾

തീർച്ചയായും ആ കള്ള വാർത്തയും കൊണ്ട് വന്നവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കണക്കാക്കേണ്ട. അല്ല, അത് നിങ്ങൾക്ക് ഗുണകരം തന്നെയാകുന്നു. അവരിൽ ഓരോ ആൾക്കും താൻ സമ്പാദിച്ച പാപം ഉണ്ടായിരിക്കുന്നതാണ്. അവരിൽ അതിന്റെ നേതൃത്വം ഏറ്റെടുത്തവനാരോ അവന്നാണ് ഭയങ്കര ശിക്ഷയുള്ളത്.

﴿ لَّوْلَا إِذْ سَمِعْتُمُوهُ ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ بِأَنفُسِهِمْ خَيْرًا وَقَالُوا هَٰذَا إِفْكٌ مُّبِينٌ ﴾

നിങ്ങൾ അത് കേട്ട സമയത്ത് സത്യവിശ്വാസികളായ സ്ത്രീകളും പുരുഷൻമാരും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി എന്തുകൊണ്ട് നല്ലതു വിചാരിക്കുകയും, ഇതു വ്യക്തമായ നുണ തന്നെയാണ് എന്ന് പറയുകയും ചെയ്തില്ല?

അവൻ പറഞ്ഞു

﴿ وَلَوْلَا إِذْ سَمِعْتُمُوهُ قُلْتُم مَّا يَكُونُ لَنَا أَن نَّتَكَلَّمَ بِهَٰذَا سُبْحَانَكَ هَٰذَا بُهْتَانٌ عَظِيمٌ ﴾

നിങ്ങൾ അത് കേട്ട സന്ദർഭത്തിൽ ഞങ്ങൾക്ക് ഇതിനെ പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല. അല്ലാഹുവേ, നീ എത്ര പരിശുദ്ധൻ! ഇത് ഭയങ്കരമായ ഒരു അപവാദം തന്നെയാകുന്നു എന്ന് നിങ്ങൾ എന്തുകൊണ്ട് പറഞ്ഞില്ല?

ഇബ്നു കഥീർ ﵀ പറഞ്ഞു : "ഈ ആയത്തിന് ശേഷവും ആരാണോ അവരെ വ്യഭിചാര ആരോപണം നടത്തുകയും, മോശം പറയുകയും ചെയതത് അവൻ കാഫിറാണ് എന്നതിൽ പണ്ഡിതന്മാർ എകോപിച്ചിരിക്കുന്നു. കാരണം, അവൻ ഖുർആനിനെ എതിർക്കുന്നവനാണ്".

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ ഭാര്യമാരോടുള്ള ആദരവിനെ സംബന്ധിച്ചും, അതിനോട് എതിരിടുന്നതുമായ കാര്യങ്ങളെ കുറിച്ചും ഏതാനും ചില ആശയങ്ങളാകുന്നു ഇവിടെ സൂചിപ്പിക്കപ്പെട്ടത്. അവരേവരുടെയും മുകളിൽ അല്ലാഹുവിന്റെ തൃപ്തിയുണ്ടാകട്ടെ.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുവിൻ.

നിങ്ങളറിയുക, നബി ﷺ വീടുകൂടിയ സ്ത്രീകളാണ് അവിടുത്തെ ഭാര്യമാർ. പതിനൊന്നു പേരാണ് അവർ :

1) ഖദീജ ബിൻത് ഖുവൈലിത് رضي الله عنها

2) ആയിഷ ബിൻത് അബൂ ബക്കർ رضي الله عنها وعن أبيها

3) സൗദഹ് ബിൻത് സം'അ رضي الله عنها

4) ഹഫ്സഹ് ബിൻത് ഉമർ ഇബ്നുൽ ഖത്താബ് رضي الله عنها وعن أبيها

5) ഉമ്മു ഹബീബഹ്, റംലഹ് ബിൻത് അബൂ സുഫ്യാൻ رضي الله عنها وعن أبيها

6) ഉമ്മു സലമഹ്, ഹിന്ദ് ബിൻത് അബൂ ഉമ്മയ്യഹ് رضي الله عنها

7) സയ്നബ് ബിൻത് ജഹ്ഷ് رضي الله عنها

8) സയ്നബ് ബിൻത് ഖുസയ്മഹ് رضي الله عنها

9) ജൂവൈരിയഹ് ബിൻതുൽ ഹാരിഥ് رضي الله عنها

10) സഫിയ്യഹ് ബിൻത് ഹുയയ്യ് ഇബ്നു അഖ്തബ് رضي الله عنها

11) മയ്മൂനഹ് ബിൻതുൽ ഹാരിഥ് رضي الله عنها

പിന്നീട് നിങ്ങളറിയുക -നിങ്ങൾക്ക് മേൽ അല്ലാഹു കാരുണ്യം ചെയ്യട്ടെ-, മഹത്തായ ഒരു കാര്യം അല്ലാഹു നിങ്ങളോട് കല്പിച്ചിരിക്കുന്നു

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

ജുമുഅ ദിവസം തന്റെ മേൽ സ്വലാത്ത് അധികരിപ്പിക്കാൻ ഉമ്മത്തിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നബി ﷺ പറഞ്ഞു :

إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ فَأَكْثِرُوا عَلَيَّ مِنَ الصَّلاَةِ فِيهِ فَإِنَّ صَلاَتَكُمْ مَعْرُوضَةٌ عَلَيَّ

"നിങ്ങളുടെ ദിവസങ്ങളിൽ വെച്ച് ഏറ്റവും നല്ലത് ജുമുഅ ദിവസമാകുന്നു. അതിനാൽ നിങ്ങൾ എന്റെ മേൽ ആ ദിവസം സ്വലാത്തുകൾ അധികരിപ്പിക്കുക, കാരണം നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാണ്."

നബി ﷺ യോടുള്ള കടമകളിൽ പെട്ടതാണ് അവിടുത്തെ കുടുംബത്തെ ആദരിക്കൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്ലിമീങ്ങളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവൻ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക നബി സല്ലല്ലാഹു അലൈഹി വസല്ലമയോടുള്ള കടമകളിൽ പെട്ട, അഹ്ലുസ്സുന്നയുടെ അടിസ്ഥാന വിശ്വാസകാര്യങ്ങളിൽ പെട്ട കാര്യമാണ് നബി കുടുംബത്തെ ആദരിക്കലും അവരെ സ്നേഹിക്കലും ഇഷ്ടപെടലും അവരുടെ കാര്യത്തിൽ അല്ലാഹുവിന്റെ റസൂൽ നൽകിയ വസിയ്യത്ത് പാലിക്കലും.

അല്ലാഹുവിന്റെ അടിമകളെ, ഈ അടിസ്ഥാന കാര്യം വിവരിക്കുന്ന തെളിവുകൾ ധാരാളമുണ്ട്.

ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ ﷺ ഞങ്ങളെ അഭിമുഖീകരിച്ച് സംസാരിക്കാനായി മക്കക്കും മദീനക്കും ഇടയിലുള്ള ഖുമ്മ എന്ന തടാകത്തിന്റെ സമീപത്ത് എഴുന്നേറ്റു നിന്നു. അല്ലാഹുവിനെ സ്തുതിച്ച് അവന് പുകഴ്ത്തിയ ശേഷം

അവിടുന്ന് ഉപദേശിക്കുകയും അല്ലാഹുവിനെക്കുറിച്ച് ഞങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്തു. എന്നിട്ട് അവിടുന്ന് ﷺ പറഞ്ഞു:

أما بعد، أيها الناس، فإنما أنا بشر يوشك أن يأتي رسولُ ربي فأُجيبُ، وأنا تارك فيكم ثَقَلَين ؛ أولهما: كتاب الله فيه الهدى والنور، فخذوا بكتاب الله واستمسكوا به.

അമ്മാ ബഅദ്, ജനങ്ങളെ ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ള ദൂതൻ എന്റെ അടുക്കൽ വന്നാൽ അവന്റെ വിളിക്ക് ഉത്തരം നൽകി ഞാൻ പോകാനായിട്ടുണ്ട്. നിങ്ങളിൽ ഭാരിച്ച രണ്ട് കാര്യങ്ങൾ ഞാൻ വിട്ടേച്ചു പോകുന്നു. അതിൽ ഒന്നാമത്തേത് അല്ലാഹുവിന്റെ കിത്താബാണ്, അതിൽ സന്മാർഗവും പ്രകാശവും ഉണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ കിത്താബ് നിങ്ങൾ മുറുകെ പിടിക്കുകയും സ്വീകരിക്കുകയും ചെയ്യുക.

ഖുർആൻ മുറുകെപ്പിടിക്കുന്നതിന്റെ കാര്യത്തിൽ അവിടുന്ന് പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് സംസാരിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു :

﴿ وأهل بيتي ، وأُذكِّرُكم الله في أهل بيتي، أُذكركم الله في أهل بيتي، أذكركم الله في أهل بيتي﴾

എന്റെ കുടുംബക്കാർ, അഥവാ, അഹ്ലു ബൈത്തിനെ കുറിച്ച് ഞാൻ നിങ്ങളോട് ഓർമ്മപ്പെടുത്തുന്നു. അഹ്ലു ബൈത്തിനെ കുറിച്ച് ഞാൻ നിങ്ങളോട് ഓർമ്മപ്പെടുത്തുന്നു. അഹ്ലു ബൈത്തിനെ കുറിച്ച് ഞാൻ നിങ്ങളോട് ഓർമ്മപ്പെടുത്തുന്നു.

ആരാണ് നബി ﷺ യുടെ അഹ്ലു ബൈത്ത്? അവിടുത്തെ ഭാര്യമാർ അതിൽ പെടുകയില്ലേ ? എന്ന് ചോദിക്കപ്പെട്ടപ്പോൾ സൈദുബ്നു അർഖം -റളിയല്ലാഹു അൻഹു- പറഞ്ഞു : അവിടുത്തെ ഭാര്യമാർ അഹ്ലു ബൈത്തിൽ പെട്ടവർ തന്നെയാണ്. സ്വദക്ക നിഷിദ്ധമാക്കപ്പെട്ടവരാണ് അഹ്ലു ബൈത്ത് അഥവാ നബി കുടുംബം.

അബൂബക്ർ സിദ്ദീഖ് -റളിയല്ലാഹു അൻഹു- പറഞ്ഞു : നബിയോടുള്ള കടമകൾ അഹ്ലുബൈത്തിനോട് നിങ്ങൾ പാലിക്കുക.

നബി ﷺ യുടെ കുടുംബത്തിന്റെ മഹത്വങ്ങളും ശ്രേഷ്ഠതകളും വിവരിക്കുന്ന ഹദീസുകൾ ഹദീസ് ഗ്രന്ഥങ്ങളിൽ ധാരാളമുണ്ട്.

ഇബ്നു തൈമിയ്യ -റഹിമഹുല്ലാഹ്- പറയുന്നു : മറ്റുള്ളവർക്ക് ഇല്ലാത്ത കടമകളും ബാധ്യതകളും നബി കുടുംബത്തോട് ഉണ്ട് എന്ന കാര്യത്തിൽ സംശയമില്ല. അവർ മറ്റു ഖുറൈശികളെക്കാൾ കൂടുതൽ സ്നേഹവും ഇഷ്ടവും ബന്ധവും അർഹിക്കുന്നു. ഖുറൈശികൾ അല്ലാത്ത മറ്റു ഗോത്രങ്ങളെക്കാൾ സ്നേഹവും ബന്ധവും അടുപ്പവും ഖുറൈശികളും അർഹിക്കുന്നു. മറ്റു മനുഷ്യരെക്കാൾ അറബികൾ കൂടുതൽ സ്നേഹവും ബഹുമാനവും അർഹിക്കുന്നു. ഇതാണ് അറബികൾ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണ്, ഖുറൈശികൾ മറ്റു അറബി ഗോത്രങ്ങളെക്കാൾ ശ്രേഷ്ഠരാണ്, ബനൂ ഹാഷിം മറ്റു ഖുറൈശികളെ ക്കാളും ശ്രേഷ്ഠരാണ് എന്ന വീക്ഷണക്കാരായ ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെ നിലപാട്. ഇതാണ് ഇമാം അഹ്മദിനെ പോലെയുള്ള ഇമാമീങ്ങൾ വ്യക്തമായി പരാമർശിച്ചിട്ടുള്ള നിലപാട്.

ശേഷം അദ്ദേഹം വാസില ബ്നുൽ അസ്ഖഅ് -റളിയല്ലാഹു അൻഹു- വിന്റെ ഹദീസ് ഉദ്ധരിച്ചു : നബി ﷺ പറഞ്ഞതായി അദ്ദേഹം കേട്ടു :

إن الله ﷻ اصطفى كنانة من ولد إسماعيل عَلَيْهِ الصَّلَاةُ وَالسَّلَامُ ، واصطفى قريشا من كنانة، واصطفى من قريش بني هاشم، واصطفاني من بني هاشم.

തീർച്ചയായും അല്ലാഹു ഇസ്മായിൽ സന്തതികളിൽ നിന്ന് കിനാനയെയും കിനാനയിൽ നിന്ന് ഖുറൈശികളെയും ഖുറൈശികളിൽ നിന്ന് ബനൂ ഹാഷിമിനെയും ബനൂ ഹാഷിമിൽ നിന്ന് എന്നെയും തിരഞ്ഞെടുത്തിരിക്കുന്നു.

മുഅ്മിനീങ്ങളെ, നബിയുടെ ഭാര്യമാർ അഹ്ലു ബൈത്തിൽപ്പെട്ടവരാണ്. ഖുർആനിന്റെ വ്യക്തമായ പരാമർശമാണ് അതിനുള്ള തെളിവ്.

അല്ലാഹു പറഞ്ഞു :

﴿إِنَّمَا يُرِيدُ ٱللَّهُ لِيُذۡهِبَ عَنكُمُ ٱلرِّجۡسَ أَهۡلَ ٱلۡبَيۡتِ وَيُطَهِّرَكُمۡ تَطۡهِيرٗا ٣٣﴾

പ്രവാചകന്റെ വീട്ടുകാരേ! നിങ്ങളിൽ നിന്ന് മാലിന്യം നീക്കികളയുവാനും, നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

ഇബ്നു കസീർ -റഹിമഹുല്ലാഹ്- പറഞ്ഞു :

നബി ﷺ യുടെ ഭാര്യമാരും അഹലു ബൈത്തിൽ പെട്ടവരാണ് എന്നതിനുള്ള വ്യക്തമായ തെളിവാണ് ഈ ആയത്ത്. കാരണം ഈ ആയത്തിന്റെ അവതരണ പശ്ചാത്തലം തന്നെ അവരാണ്.

മുസ്ലിമീങ്ങളെ, നബി കുടുംബത്തിന് സ്വദക്ക നിഷിദ്ധമാണ്. അത് ആളുകളുടെ മ്ലേച്ചമായ സ്വത്താണ് എന്നതുകൊണ്ടുതന്നെ അഹല് ബൈത്തിനോടുള്ള ആദരവ് പരിഗണിച്ചുകൊണ്ട് അല്ലാഹു അവർക്ക് അത് നിഷിദ്ധമാക്കി. നബി ﷺ പറഞ്ഞു :

إن الصدقة لا تنبغي لآل محمد، إنما هي أوساخ الناس.

മുഹമ്മദിന്റെ കുടുംബത്തിന് സ്വദക്ക സ്വീകരിക്കാൻ പാടില്ല. കാരണം അത് ജനങ്ങളുടെ അഴുക്കാണ്.

സദക്ക നിഷിദ്ധമായ നബി കുടുംബം രണ്ട് വിഭാഗക്കാരാണ്. അബ്ദുമനാഫിന്റെ മകൻ ഹാഷിമിന്റെ കുടുംബവും അബ്ദുൽ മനാഫിന്റെ മകൻ മുത്തലിബിന്റെ കുടുംബവും.

ഉമിനീങ്ങളെ, നബി കുടുംബത്തോടുള്ള ആദരവിന്റെ ഭാഗമാണ് തശഹുദിൽ ഇപ്രകാരം പറയാൻ അവിടുന്ന് ﷺ ഉമ്മത്തിലെ പഠിപ്പിച്ചു എന്നത് ;

اللهم صل على محمد وعلى آل محمد كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد.

اللهم بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد.

അല്ലാഹുവേ നീ മുഹമ്മദിനും മുഹമ്മദ് കുടുംബത്തിനും സ്വലാത്ത് ചെയ്യേണമേ ഇബ്രാഹിമിനും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ സ്വലാത്ത് ചെയ്തതുപോലെ, നീ ഹമീദും മജീദുമാണ്.

അല്ലാഹുവേ നീ മുഹമ്മദ് നബിക്ക് അവിടുത്തെ കുടുംബത്തിനും ബർക്കത്ത് ചെയ്യണമെന്ന് ഇബ്രാഹിമിനും അദ്ദേഹത്തിന്റെ കുടുംബത്തിനും ബർക്കത്ത് ചെയ്തതുപോലെ. നീ ഹമീദും മജീദുമാണ്.

അഞ്ചുനേരത്ത് നിസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാൻ കൽപ്പിച്ചതിനേക്കാൾ വലിയ ആദരവ് എന്താണ് അവർക്ക് ലഭിക്കാൻ ഉള്ളത് ?

അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബർക്കത്ത് ചെയ്യട്ടെ.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ അറിയുക, സച്ചരിതരായ സലഫുകൾ അഹ്ലു ബൈത്തിനെ ആദരിക്കുന്ന വിഷയത്തിൽ ഉത്തമ മാതൃകകൾ ആയിരുന്നു. അബൂബക്ർ സിദ്ദീഖ് -റളിയല്ലാഹു അൻഹു - പറയുന്നു :

എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. എന്റെ കുടുംബ ബന്ധം ചേർക്കുന്നതിനേക്കാൾ എനിക്കിഷ്ടം അല്ലാഹുവിന്റെ റസൂലിനെ കുടുംബത്തോടുള്ള ബന്ധം ചേർക്കുന്നതാണ്.

മുസ്ലിമീങ്ങളെ, അഹ്ലുസ്സുന്ന നബി കുടുംബത്തോട് സ്നേഹവും അടുപ്പവും ബഹുമാനവും കാത്തുസൂക്ഷിക്കുന്നു.

ശിയാക്കളായ റാഫിദികൾ വാദിക്കുന്നു ; അവർ മാത്രമാണ് അഹ്ലു ബൈത്തിനോടുള്ള ബഹുമാനം കാണിക്കുന്നവർ, ബാക്കിയെല്ലാവരും നബി കുടുംബത്തോട് അക്രമം കാണിച്ചവരാണ്. എന്നാൽ വസ്തുത നേരെ വിപരീതമാണ്. അവരാണ് തുല്യതയില്ലാത്ത വിധം അഹ്ലു ബൈത്തിനോട് അക്രമം കാണിച്ചത്. അവരാണ് അഹ്ലുബൈത്തിനെ നിന്ദിക്കുകയും വഞ്ചിക്കുകയും ചെയ്തവർ. നബി കുടുംബത്തിൽപ്പെട്ട ഒരുപാട് ആളുകളുടെ റിപ്പോർട്ടുകൾ തള്ളിക്കളയാൻ അവർ കാരണക്കാരായി. അവർ അഹ്ലുബൈത്തിനെ കുറിച്ച് ചമച്ചുണ്ടാക്കിയ കളവുകളുടെ ആധിക്യമാണ് അതിന് കാരണം. മാത്രമല്ല അവർ നബി കുടുംബം കൊണ്ട് ഉദ്ദേശിക്കുന്നത് അവരിൽ ചിലരെ മാത്രമാണ്. എന്നാൽ അഹ്ലുസ്സുന്ന എല്ലാ അഹ്ലുബൈത്തിനെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്നല്ല, ശിയാക്കൾ ബഹുമാനിക്കുന്നതിനേക്കാൾ അധികം നബി കുടുംബത്തിലെ ആളുകളെ അവർ വെറുക്കുന്നു.

നിങ്ങൾ അറിയുക, അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നബി ﷺ യോടുള്ള കടമകളിൽപ്പെട്ടതാണ് അവിടുത്തേക്ക് വേണ്ടി സ്വലാത്തും,സലാമും തേടൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار..

അല്ലയോ മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ അവനെ അനുസരിക്കുകയും,അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക. അറിയുക: നബി ﷺ യോടുള്ള ബാധ്യതകളിൽ പെട്ടതാണ് അവിടുത്തെക്ക് വേണ്ടി അല്ലാഹുവിനോട് സ്വലാത്തും,സലാമും, വസീലത്തും, ഫളീലത്തും ചോദിക്കുക എന്നതും അല്ലാഹു വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് അവിടുത്തെ നിയോഗിക്കുന്നതിന് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക എന്നതും.

നബി ﷺ യുടെ മേലുള്ള സ്വലാത്ത് എന്നാൽ : അവിടുത്തേക്ക് കാരുണ്യവും, ശ്രേഷ്ഠമായ സ്ഥാനവും ലഭിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കുക എന്നതാണ്. സ്വലാത്ത് എന്ന പദം പ്രാർത്ഥന എന്ന അർത്ഥത്തിൽ ഖുർആനിൽ വന്നിട്ടുണ്ട്.

അല്ലാഹു പറഞ്ഞു :-

﴿خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَاتَكَ سَكَنٌ لَّهُمْ ۗ وَاللَّهُ سَمِيعٌ عَلِيمٌ﴾

അവരെ ശുദ്ധീകരിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുകയും, അവർക്കുവേണ്ടി അനുഗ്രഹത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർത്ഥന അവർക്ക് ശാന്തി നൽകുന്നതത്രെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

അഥവാ നീ അവർക്ക് വേണ്ടി പ്രാർത്ഥിക്കുക, കാരണം താങ്കളുടെ പ്രാർത്ഥന അവർക്ക് കാരുണ്യവും, ശാന്തിയുമാണ്.

അല്ലാഹു നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നാൽ അവിടുത്തോടുള്ള കാരുണ്യവും, മലക്കുകൾക്കിടയിൽ അവിടുത്തെ പുകഴ്ത്തുകയും ചെയ്യുക എന്നതാണ്.

മലക്കുകൾ അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലുക എന്നാൽ : അവിടുത്തേക്ക് കാരുണ്യത്തിന് വേണ്ടി പ്രാർത്ഥിക്കുകയും, അവിടുത്തെ പുകഴ്ത്തുകയും ചെയ്യുക എന്നതാണ്.

ചുരുക്കത്തിൽ നബി ﷺ യുടെ മേൽ അല്ലാഹു സ്വലാത്ത് ചെയ്യുക എന്നാൽ അവിടുത്തോടുള്ള ആദരവും, ബഹുമാനവും, ഇഷ്ടവും പുകഴ്ത്തലുമാണ് ഉദ്ദേശിക്കപ്പെടുന്നത്.

മറ്റു സൃഷ്ടികളും മലക്കുകളും അവിടുത്തെ മേൽ സ്വലാത്ത് ചെയ്യുക എന്നാൽ അവിടുത്തെ പദവിയും, ശ്രേഷ്ഠതയും വർധിക്കുന്നതിനും, അവിടുത്തെ കീർത്തി ഉയരുന്നതിനും, അവിടുത്തെ അല്ലാഹു പുകഴ്ത്തുന്നതിനും വേണ്ടി അല്ലാഹുവിനോട് തേടുക എന്നതാണ്.

വിശ്വാസികളെ, നബി ﷺമേലുള്ള സലാം എന്നത് കൊണ്ട് അർത്ഥമാകുന്നത് എല്ലാ നിലക്കുമുള്ള അപകടങ്ങളിൽ നിന്നും സുരക്ഷ ലഭിക്കുന്നതിന് വേണ്ടി അല്ലാഹുവിനോട് തേടുക എന്നതാണ്.

അവിടുത്തെ ആക്ഷേപിക്കുകയും, അവിടുത്തെ അഭിമാനത്തിൽ ക്ഷതമേൽക്കുകയും ചെയ്യുന്നതിൽ നിന്നുമുള്ള സംരക്ഷണം ഇതിൽ ഉൾപ്പെടുന്നതാണ്.

ആയതിനാൽ നബി ﷺ യുടെ മേലുള്ള സ്വലാത്തും,സലാമും എല്ലാ നന്മകളും സംഗമിക്കുന്ന കാര്യമാണെന്ന് മനസ്സിലാക്കാം.

അല്ലാഹു പറഞ്ഞു :-

﴿ إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി ﷺ ക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക.

സൂറത്തുൽ അഹ്സാബിലെ ഈ ആയത്ത് വിശദീകരിക്കവെ ഇമാം ഇബ്നു കസീർ رحمه الله പറഞ്ഞു:

അല്ലാഹുവിന്റെയടുക്കൽ ഉന്നതമായ സംഗത്തിൽ അവന്റെ അടിമയും, പ്രവാചകനുമായ നബി ﷺ യുടെ സ്ഥാനം മലക്കുകൾക്കിടയിൽ അവിടുത്തെ പുകഴ്ത്തിക്കൊണ്ടും, മലക്കുകളെ കൊണ്ട് അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലിപ്പിച്ച് കൊണ്ടും അവന്റെ പടപ്പുകളെ അവൻ അറിയിക്കുന്നു.

പിന്നീട് ഭൂമിയിലുള്ളവരോട് അവിടുത്തെ മേൽ സ്വാലാത്തും സലാമും വർധിപ്പിക്കുവാൻ അവൻ കൽപ്പിക്കുന്നു.

അപ്രകാരം ആകാശഭൂമിയിലുള്ളവരുടെ സകല പുകഴ്ത്തലുകളും ഒരുമിക്കുന്നു.

ഇതാണ് ഈ ആയത്തിന്റെ വിവക്ഷ.

അല്ലാഹുവിന്റെ അടിമകളെ,

ഒരുവൻ അല്ലാഹുവിന്റെ റസൂലിന്റെ മേൽ സ്വാലാത്ത് ചൊല്ലുന്നെങ്കിൽ അവൻ സ്വലാത്തും, സലാമും ഒരുമിപ്പിക്കട്ടെ.

അതിൽ ഒന്നിൽ അവൻ ചുരുക്കാതിരിക്കട്ടെ,

ഇത് അല്ലാഹുവിന്റെ വാക്കിൽ നിന്നും മനസ്സിലാക്കാവുന്ന കാര്യമാണ്.

അല്ലാഹു പറഞ്ഞു :-

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

ഇമാം നവവിയും, ഇമാം ഇബ്നു കസീറും رحمهما الله ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

മുസ്ലിമീങ്ങളെ, നബി ﷺയെ കുറിച്ച് പരാമർശിക്കപ്പെട്ടാൽ അവിടുത്തെ മേൽ സ്വലാത്ത് ചൊല്ലൽ നിർബന്ധമായ കാര്യമാണ്.

അപ്രകാരം അവിടുത്തെ കുറിച്ച് പരാമർശിക്കപ്പെട്ടിട്ടും സ്വലാത്ത് ചൊല്ലാതിരിക്കുന്നതിനെ താക്കീത് ചെയ്തു കൊണ്ട് ഒന്ന് രണ്ട് ഹദീസുകൾ സ്ഥിരപ്പെട്ടിട്ടുണ്ട്.

ഒന്ന്: നബി ﷺ പറഞ്ഞു:

البخيلُ الذي من ذُكِرْتُ عندَه فلم يُصَلِّ عليَّ

എന്നെ പരാമർശിക്കപ്പെട്ടിട്ടും എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവനാണ് അങ്ങേയറ്റം പിശുക്കുള്ളവൻ.

രണ്ട്: നബി ﷺ പറഞ്ഞു :-

رَغِمَ أَنْفُ رجلٍ ذُكِرْتُ عندَه ؛ فلم يُصَلِّ عَلَيَّ،

ആരുടെ അരികിലാണോ ഞാൻ ഓർക്കപ്പെടുകയും, അവൻ എന്റെ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്യുന്നത് അവന്റെ മൂക്ക് മണ്ണിൽ കുത്തി അവൻ നിന്ദ്യനാകട്ടെ.

അല്ലാഹുവിന്റെ അടിമകളെ, എല്ലാ പൊതുവായ ഘട്ടങ്ങളിലും നബി ﷺ മേൽ സ്വലാത്ത് ചെല്ലുക എന്നത് സുന്നത്താക്കപ്പെട്ട കാര്യമാണ്. എന്നാൽ പ്രത്യേകമായ പത്ത് സന്ദർഭങ്ങളിൽ സ്വലാത്ത് ചൊല്ലൽ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

ഒന്ന്: നിസ്കാരത്തിലെ അവസാന തശഹ്ഹുദിൽ.

രണ്ട് : മയ്യിത്ത് നിസ്കാരത്തിലെ രണ്ടാമത്തെ തക്ബീറിന് ശേഷം.

മൂന്ന്: രണ്ട് പെരുന്നാൾ ഖുതുബകൾ, ജുമുഅ ഖുതുബ, മഴക്ക് വേണ്ടിയുള്ള നിസ്കാരത്തിന്റെ ഖുതുബ പോലുള്ള ഖുതുബകളിൽ.

ഇമാം ഇബ്നുൽ ഖയ്യിം പറഞ്ഞു: ഖുതുബകളിൽ നബി ﷺ യുടെ മേലുള്ള സ്വലാത്ത് സ്വഹാബികൾക്കിടയിൽ അറിയപ്പെട്ട പ്രസിദ്ധമായ കാര്യമാണ്.

നാല്: വെള്ളിയാഴ്ച ദിവസം.

ഔസുബ്നുഔസ് ﷺപറഞ്ഞു: നബി ﷺ പറഞ്ഞു:

إنَّ من أفضلِ أيَّامِكم يومَ الجمعةِ فيه خُلِق آدمُ ، وفيه قُبِض ، وفيه النَّفخةُ ، وفيه الصَّعقةُ ، فأكثِروا عليَّ من الصَّلاةِ فإنَّ صلاتَكم معروضةٌ عليّ

നിങ്ങളുടെ ദിവസങ്ങളിൽ ഏറെ ശ്രേഷ്ഠമായ ദിവസമാണ് വെള്ളിയാഴ്ച്ച ദിവസം . അന്നാണ് ആദം സൃഷ്ഠിക്കപ്പെട്ടത്.

അന്നാണ് അദ്ദേഹം മരണപ്പെട്ടത്. അന്നാണ് അന്ത്യദിനം സംഭവിക്കുക. അതിനാൽ നിങ്ങൾ അന്നേ ദിവസം എന്റെ മേൽ സ്വലാത്ത് അധികരിപ്പിക്കുക. നിങ്ങളുടെ സ്വലാത്ത് എന്റെ മേൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്.

അഞ്ച്: ബാങ്കിന് ഉത്തരം നൽകിയതിന് ശേഷം. ഇമാം മുസ്ലിം തന്റെ സ്വഹീഹിൽ രേഖപ്പെടുത്തിയ ഹദീസിൽ ഇപ്രകാരം കാണാം: അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ് ﷺനബി ﷺ പറയുന്നതായി കേട്ടു: അവിടുന്ന് പറഞ്ഞു:

إذا سمعتم المؤذن فقولوا مثلما يقول، ثم صلوا عليَّ، فإنه مَن صلَّى عليَّ صلاةً صلى الله عليه بها عشرًا،

നിങ്ങൾ ബാങ്ക് വിളിക്കുന്നത് കേട്ടാൽ അപ്രകാരം തന്നെ പറയുക. ശേഷം എന്റെ മേൽ നിങ്ങൾ സ്വലാത്ത് ചൊല്ലുക. കാരണം ആരാണോ എന്റെ മേൽ ഒരു സ്വലാത്ത് ചെല്ലിയത് അവന്റെ മേൽ അല്ലാഹു പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്.

ആറ്: പ്രാർത്ഥനയുടെ വേള.

ഫളാലത്ത്ബ്നു ഉബൈദ് ﵁പറഞ്ഞു.

بَينا رسولُ اللَّهِ ﷺ قاعدٌ إذ دخلَ رجلٌ فصلَّى فقالَ : اللَّهمَّ اغفِر لي وارحَمني ، فقالَ رسولُ اللَّهِ ﷺ : عَجِلتَ أيُّها المصلِّي ، إذا صلَّيتَ فقعَدتَ فاحْمَدِ اللَّهَ بما هوَ أَهْلُهُ ، وصلِّ عليَّ ثمَّ ادعُهُ . قالَ : ثمَّ صلَّى رجلٌ آخرُ بعدَ ذلِكَ فحمِدَ اللَّهَ وصلَّى على النَّبيِّ ﷺ فقالَ النَّبيُّ ﷺ : أيُّها المصلِّي ادعُ تُجَبْ

ഒരിക്കൽ നബി ﷺ ഇരിക്കുമ്പോൾ ഒരു വ്യക്തി അവിടെ പ്രവേശിച്ചു . അയാൾ പ്രാർത്ഥിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവേ എനിക്ക് പൊറുത്തു തരുകയും എന്നോട് കരുണ കാണിക്കുകയും ചെയ്യണേ. അപ്പോൾ നബി ﷺ പറഞ്ഞു: അല്ലയോ പ്രാർത്ഥിക്കുന്നവനേ താങ്കൾ ധൃതി കാണിച്ചിരിക്കുന്നു. നീ പ്രാർത്ഥിക്കാൻ ആരംഭിച്ചാൽ നീ അല്ലാഹുവിനെ സ്തുതിക്കുക. ശേഷം എന്റെ മേൽ സ്വലാത്ത് ചൊല്ലുക. ശേഷം നീ പ്രാർത്ഥിക്കുക. പിന്നീട് മറ്റൊരാൾ അതിന് ശേഷം വന്ന് ഹംദും സ്വലാത്തും ചൊല്ലി പ്രാർത്ഥിക്കാൻ ആരംഭിച്ചു. അപ്പോൾ നബി ﷺ പറഞ്ഞു: നീ പ്രാർത്ഥിക്കുക നിനക്ക് ഉത്തരം നൽകപ്പെടും.

ഉമറുബ്നുൽ ഖത്ത്വാബ് ﵁ പറഞ്ഞു: നീ നിന്റെ നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുന്നത് വരെ നിന്റെ പ്രാർത്ഥനകൾ ആകാശത്ത് നിന്ന് കയറിപ്പോകാതെ ആകാശഭൂമിക്കിടയിൽ തങ്ങിനിർത്തപ്പെടും.

ഏഴും, എട്ടും : പള്ളിയിൽ പ്രവേശിക്കുമ്പോഴും, പുറത്തിറങ്ങുമ്പോഴും.

പള്ളിയിലേക്ക് പ്രവേശിച്ചാൽ സ്വലാത്ത് ചൊല്ലിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കൽ സ്ഥിരപ്പെട്ട കാര്യമാണ്.

اللهم افتح لي أبواب رحمتك

അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്നു നൽകണേ

പള്ളിയിൽ നിന്നും പുറത്തിറങ്ങുമ്പോഴും സ്വലാത്ത് ചൊല്ലിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കലും സ്ഥിരപ്പെട്ട കാര്യമാണ്.

اللهم افتح لي أبواب فضلك

അല്ലാഹുവേ നിന്റെ ഔദാര്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്നു നൽകണേ

ഒമ്പത് : സ്വഫാമർവക്കിടയിൽ നടക്കുന്ന വേളയിൽ .

വഹബു ബ്നുൽ അജ്ദ ﵀പറഞ്ഞു: ഉമറുബ്നുൽ ഖത്ത്വാബ് മക്കയിൽ ജനങ്ങളോട് ഖുതുബ പറയുന്നതായി ഞാൻ കേട്ടു: അദ്ദേഹം പറയുന്നുണ്ടായിരുന്നു. നിങ്ങളിലാരെങ്കിലും ഹജ്ജ് ചെയ്യുവാൻ വന്നെത്തിയാൽ അവൻ കഅബയെ ഏഴ് തവണ ത്വവാഫ് ചെയ്യട്ടെ.

മഖാമു ഇബ്റാഹീമിനരികിൽ രണ്ട് റക്അത്ത് നിസ്കരിക്കുകയും ചെയ്യട്ടെ. ശേഷം സ്വഫയിൽ നിന്നും അവൻ ആരംഭിക്കട്ടെ. അപ്പോൾ കഅ്ബയെ മുന്നിട്ട് കൊണ്ട് എഴ് തവണ തക്ബീർ ചൊല്ലട്ടെ. ഒരോ രണ്ട് തക്ബീറുകൾക്കിടയിലും അല്ലാഹുവിനെ സ്തുതിക്കുകയും അവനെ പുകഴ്ത്തുകയും നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുകയും ശേഷം തനിക്കു വേണ്ടി റബ്ബിനോട് ചോദിക്കുകയും ചെയ്യട്ടെ. മർവയിലും ഇപ്രകാരം തന്നെ അവൻ പ്രവർത്തിക്കട്ടെ.

പത്ത്: ഒരു സംഗം ഒത്ത് കൂടിയാൽ അവർ പരിയുന്നതിന് മുമ്പ്.

അബൂ ഹുറൈറ رضي الله عنه പറഞ്ഞു: നബി ﷺ പറഞ്ഞു:

ما جلسَ قومٌ مجلسًا لم يَذكروا اللهَ فيهِ ، ولمْ يُصلُّوا فيه على النبيِّ ﷺ ، إلا كانَ عليهِم تِرَةٌ يومُ القيامةِ ، إنْ شاءَ عَفا عنهم ، وإن شاءَ أخذهُم بها

ഒരു കൂട്ടർ ഒരുമിച്ചിരിക്കുകയും അവർ അല്ലാഹുവിന്റെ റസൂലിന്റെ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്താൽ അവരുടെ ആ കൂടിയിരുത്തം പരലോകത്ത് അവർക്ക് നഷ്ടമാവാതിരിക്കുകയില്ല. അല്ലാഹു ഉദ്ദേശിച്ചാൽ അവർക്ക് അവൻ പൊറുത്തു കൊടുക്കും അവൻ ഉദ്ദേശിച്ചാൽ അവരെ അവൻ പിടികൂടും.

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ മേൽ സ്വലാത്ത് ചൊല്ലൽ സുന്നത്താക്കപ്പെട്ട പത്ത് സന്ദർഭങ്ങളാണ് മേൽ സൂപിപ്പിച്ചത്.

നബി ﷺ മേൽ സ്വലാത്ത് ചൊല്ലൽ ഏത് സമയത്തും ശ്രേഷ്ഠകരം തന്നെയാണെന്ന് പ്രത്യേകം മനസ്സിലാക്കുക.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അവനെ സൂക്ഷിക്കുക .

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما،﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് ചോദിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار..

അല്ലാഹുവിന്റെ അടിമകളെ

നിങ്ങളവനെ സൂക്ഷിക്കുവിൻ, അവൻ നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണെന്ന് ഓർക്കുവിൻ. അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക.

നിങ്ങളറിയുക, നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിൽ പത്ത് നേട്ടങ്ങളുണ്ട്:

ഒന്നാമത്തേത്:

﴿يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴾

സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.

ഈ ആയത്തിലുള്ള അല്ലാഹുവിന്റെ കല്പനയോടുള്ള അനുസരണയാണ് ഒരുവൻ സ്വലാത്ത് ചൊല്ലുന്നതിലൂടെ നിർവ്വഹിക്കുന്നത്.

രണ്ടാമത്തെ നേട്ടം : നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് ചോദിക്കുക എന്നത് പ്രാർത്ഥനയാണ്. പ്രാർത്ഥനയാകട്ടെ, അത് തന്നെ അല്ലാഹു تعالى കല്പിക്കുകയും പ്രതിഫലം നിശ്ചയിക്കുകയും ചെയ്ത ഒരു പ്രത്യേക ആരാധനയാണ്.

മൂന്നാമത്തെ നേട്ടം : നബി ﷺ യുടെ മേൽ ഒരു സ്വലാത്ത് ചൊല്ലുന്നതിലൂടെ തനിക്ക് അല്ലാഹുവിൽ നിന്നുള്ള പത്ത് സ്വലാത്ത് നേടിയെടുക്കാനാകും. അവിടുന്ന് പറഞ്ഞത് പോലെ ;

مَنْ صَلَّى عَلَيَّ صَلاَةً صَلَّى اللَّهُ عَلَيْهِ بِهَا عَشْرًا

ആരാണോ എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയത്, അത് കാരണം അല്ലാഹു അവന്റെ മേൽ പത്ത് സ്വലാത്ത് ചെയ്യുന്നതാണ്.

ഒരു പ്രവർത്തനത്തിന്റെ പ്രതിഫലം അതേ ഇനത്തിൽ പെട്ടതായിരിക്കും. ആരാണോ അല്ലാഹുവിന്റെ റസൂലിനെ പ്രശംസിച്ചത്, അവനെയും പ്രശംസിച്ചു കൊണ്ടും അവനുള്ള ആദരവും ബഹുമാനവും വർധിപ്പിച്ചു കൊണ്ടും അതേ ഇനത്തിലുള്ളത് അല്ലാഹു അവന് പ്രതിഫലം നൽകും.

നാലാമത്തെ നേട്ടം : ആരാണോ നബി ﷺ യുടെ മേൽ ഒരു സ്വലാത്ത് ചൊല്ലിയത്, അവന് പത്ത് പദവികൾ ഉയർത്തപ്പെടുകയും, പത്ത് നന്മകൾ രേഖപ്പെടുത്തപ്പെടുകയും, പത്ത് തിന്മകൾ അവനിൽ നിന്നും മായ്ക്കപ്പെടുകയും ചെയ്യുന്നതാണ്.

അബ്ദുല്ലാഹ് ഇബ്നു അംർ ﷺ പറഞ്ഞു : അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

مَنْ صَلَّى عَلَيَّ صَلاَةً وَاحِدَةً صَلَّى اللَّهُ عَلَيْهِ عَشْرَ صَلَوَاتٍ وَحُطَّتْ عَنْهُ عَشْرُ خَطِيئَاتٍ وَرُفِعَتْ لَهُ عَشْرُ دَرَجَاتٍ

ആരാണോ എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയത്, അവന്റെ മേൽ അല്ലാഹു പത്ത് സ്വലാത്ത് ചെയ്യുകയും, അവനിൽ നിന്നും പത്ത് തിന്മകൾ മായ്ക്കപ്പെടുകയും, പത്ത് പതവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നതാണ്.

അഞ്ചാമത്തെ നേട്ടം : പാപമോചനത്തിനും വ്യാകുലതകളിൽ നിന്നും അവനെ തടയാനും കാരണമാണ് സ്വലാത്ത് ചൊല്ലുക എന്നത്. ഉബയ്യ് ഇബ്നു കഅബ് ﷺ പറഞ്ഞു :

كَانَ رَسُولُ اللَّهِ ﷺ إِذَا ذَهَبَ ثُلُثَا اللَّيْلِ قَامَ فَقَالَ " يَا أَيُّهَا النَّاسُ اذْكُرُوا اللَّهَ اذْكُرُوا اللَّهَ جَاءَتِ الرَّاجِفَةُ تَتْبَعُهَا الرَّادِفَةُ جَاءَ الْمَوْتُ بِمَا فِيهِ جَاءَ الْمَوْتُ بِمَا فِيهِ " .

"രാത്രിയുടെ മൂന്നിലൊന്ന് കഴിഞ്ഞപ്പോൾ, അല്ലാഹുവിന്റെ ദൂതൻ ﷺ നിന്നുകൊണ്ട് പറഞ്ഞു: 'ഹേ ജനങ്ങളേ, അല്ലാഹുവിനെ ഓർക്കുക! അല്ലാഹുവിനെ ഓർക്കുക! ആ നടുക്കുന്ന സംഭവം വന്നിരിക്കുന്നു, അതിനെ തുടർന്ന് അതിന്റെ പിന്നാലെ മറ്റൊന്നും. മരണം അതിലുള്ളതുമായി വന്നിരിക്കുന്നു, മരണം അതിലുള്ളതുമായി വന്നിരിക്കുന്നു.!"

قَالَ أُبَيٌّ: قُلْتُ يَا رَسُولَ اللَّهِ إِنِّي أُكْثِرُ الصَّلاَةَ عَلَيْكَ فَكَمْ أَجْعَلُ لَكَ مِنْ صَلاَتِي

ഉബയ്യ് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ! ഞാൻ താങ്കൾക്ക് മുകളിൽ സ്വലാത്ത് അധികരിപ്പിക്കാറുണ്ട്, എന്റെ പ്രാർഥനയിൽ നിന്ന് എത്രെയാണ് ഞാൻ താങ്കൾക്കുള്ള സ്വലാത്തിനായി മാറ്റി വെക്കേണ്ടത്?"

فَقَالَ: " مَا شِئْتَ " .

നബി ﷺ പറഞ്ഞു: "നിന്റെ ഇഷ്ടം പോലെ."

قَالَ: قُلْتُ الرُّبُعَ ؟.

ഉബയ്യ് പറഞ്ഞു: "ഞാൻ പറഞ്ഞു: നാലിലൊന്ന്?"

قَالَ: " مَا شِئْتَ فَإِنْ زِدْتَ فَهُوَ خَيْرٌ لَكَ " .

നബി ﷺ പറഞ്ഞു : 'നിന്റെ ആഗ്രഹം പോലെ, നീ അധികരിപ്പിച്ചാൽ അത് നിനക്ക് ഗുണമായിരിക്കും.'

قُلْتُ: النِّصْفَ؟ .

ഉബയ്യ് പറഞ്ഞു: 'അപ്പോൾ പകുതി?'

قَالَ: " مَا شِئْتَ فَإِنْ زِدْتَ فَهُوَ خَيْرٌ لَكَ " .

നബി ﷺ പറഞ്ഞു: 'നിന്റെ ആഗ്രഹം പോലെ, നീ അധികരിപ്പിച്ചാൽ അത് നിനക്ക് ഗുണമായിരിക്കും.'

قَالَ: قُلْتُ فَالثُّلُثَيْنِ .

ഉബയ്യ് പറഞ്ഞു: "ഞാൻ പറഞ്ഞു: മൂന്നിൽ രണ്ട്?"

قَالَ: " مَا شِئْتَ فَإِنْ زِدْتَ فَهُوَ خَيْرٌ لَكَ " .

അപ്പോൾ നബി ﷺ പറഞ്ഞു: 'നിന്റെ ഇഷ്ടം പോലെ, നീ അധികരിപ്പിച്ചാൽ അത് നിനക്ക് ഗുണമായിരിക്കും.'

قُلْتُ: أَجْعَلُ لَكَ صَلاَتِي كُلَّهَا .

ഉബയ്യ് ചോദിച്ചു: 'എന്റെ പ്രാർത്ഥന മുഴുവനും ഞാൻ താങ്കൾക്കുള്ള സ്വലാത്ത് ആക്കട്ടെയോ?

" إِذًا تُكْفَى هَمَّكَ وَيُغْفَرُ لَكَ ذَنْبُكَ "قَالَ

നബി ﷺ പറഞ്ഞു: 'അങ്ങനെയെങ്കിൽ നിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും, പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും.'

ഇബ്നു തയ്മിയ്യ رحمه الله പറഞ്ഞു : ഉബയ്യ് ഇബ്നു കഅബ് رضي الله عنه വിന്, അദ്ദേഹം പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥന ഉണ്ടായിരുന്നു. അങ്ങനെ ആ സ്ഥാനത്ത് നബി ﷺ യുടെ മേലുള്ള സ്വലാത്ത് അദ്ദേഹം നിർവഹിച്ചപ്പോൾ അദ്ദേഹം ആവലാതിപ്പെട്ട ദുനിയാവിന്റെയും ആഖിറത്തിന്റെയും പ്രശ്നങ്ങൾ അല്ലാഹു അദ്ദേഹത്തെ തൊട്ട് തടുത്തു. അതെന്ത് കൊണ്ടെന്നാൽ, ഓരോ തവണ നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുമ്പോഴും അല്ലാഹു അവന്റെ മേൽ പത്ത് സ്വലാത്ത് ചെയ്യുന്നുണ്ട്, ഒരു

മുസ്ലിമിന് വേണ്ടി പ്രാർത്ഥിച്ചാൽ തന്നെ മലക്കുകൾ ആമീൻ പറയുകയും നിനക്കും അതുണ്ടാകട്ടെ എന്നും പറയുന്നതാണ്, അങ്ങനെയെങ്കിൽ നബി ﷺ യ്ക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ് അങ്ങനെ പറയപ്പെടാൻ അതിനേക്കാൾ അർഹതപ്പെട്ടത്.

അല്ലാഹുവിന്റെ അടിമകളെ,

ആറാമത്തെ നേട്ടം : സ്വലാത്തിന്റെ കൂടെ റസൂലിന് വേണ്ടി വസീലത് കൂടി ചോദിക്കുകയാണെങ്കിൽ, അവന് അവിടുത്തെ ശുപാർശ ലഭിക്കാൻ അത് കാരണമായേക്കും. അബ്ദുല്ലാഹ് ഇബ്നു അംർ ﷺ വിൽ നിന്ന് നിവേദനം : നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു

إِذَا سَمِعْتُمُ الْمُؤَذِّنَ فَقُولُوا مِثْلَ مَا يَقُولُ ثُمَّ صَلُّوا عَلَيَّ فَإِنَّهُ مَنْ صَلَّى عَلَيَّ صَلاَةً صَلَّى اللَّهُ عَلَيْهِ بِهَا عَشْرًا ثُمَّ سَلُوا اللَّهَ لِيَ الْوَسِيلَةَ فَإِنَّهَا مَنْزِلَةٌ فِي الْجَنَّةِ لاَ تَنْبَغِي إِلاَّ لِعَبْدٍ مِنْ عِبَادِ اللَّهِ وَأَرْجُو أَنْ أَكُونَ أَنَا هُوَ فَمَنْ سَأَلَ لِيَ الْوَسِيلَةَ حَلَّتْ لَهُ الشَّفَاعَةُ

ബാങ്ക് കൊടുക്കുന്നത് നിങ്ങൾ കേട്ടാൽ, ബാങ്ക് കൊടുക്കുന്നവൻ പറയുന്നത് പോലെ തന്നെ നിങ്ങളും പറയുക. എന്നിട്ട് എനിക്ക് മുകളിൽ സ്വലാത്ത് ചൊല്ലുക. കാരണം, ആരാണോ എനിക്ക് വേണ്ടി ഒരു സ്വലാത്ത് ചോദിച്ചത്, അവന് മുകളിൽ അല്ലാഹു പത്ത് സ്വലാത്ത് ചെയ്യുന്നതാണ്. എന്നിട്ട് എനിക്ക് വേണ്ടി നിങ്ങൾ അല്ലാഹുവോട് 'വസീല' ചോദിക്കുക. അല്ലാഹുവിന്റെ അടിമകളിൽ ഒരു അടിമക്ക് മാത്രം അർഹതപ്പെട്ട സ്വർഗ്ഗത്തിലെ ഒരു പദവിയാണത്. ഞാൻ ആയിരിക്കണം ആ അടിമ എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആരാണോ എനിക്ക് വേണ്ടി വസീലയെ ചോദിക്കുന്നത് അവന് എന്റെ ശഫാഅത്ത് ഉറപ്പായിരിക്കുന്നു.

ഏഴാമത്തെ നേട്ടം : പ്രാർത്ഥിക്കുന്നതിന് മുൻപ് സ്വലാത്ത് ചൊല്ലി തുടങ്ങിയാൽ, അവന് ആ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് ഏറെ പ്രതീക്ഷിക്കാവുന്നതാണ്. സ്വലാത്ത് അവന്റെ പ്രാർത്ഥനയും കൊണ്ട് റബ്ബിലേക്ക് കയറിപ്പോകുന്നതാണ്. ഉമർ ഇബ്നുൽ ഖത്താബ് ﷺ പറഞ്ഞു :

إِنَّ الدُّعَاءَ مَوْقُوفٌ بَيْنَ السَّمَاءِ وَالأَرْضِ لاَ يَصْعَدُ مِنْهُ شَيْءٌ حَتَّى تُصَلِّيَ عَلَى نَبِيِّكَ ﷺ .

ആകാശത്തിനും ഭൂമിക്കുമിടയിൽ പ്രാർത്ഥന തടഞ്ഞു നിർത്തപ്പെടുന്നതാണ്. നീ നിന്റെ നബിക്കു വേണ്ടി സ്വലാത്ത് ചോദിക്കുന്നത് വരെ അതിൽ നിന്നും ഒന്നും തന്നെ ഉപരി ലോകത്തേക്ക് കയറുകയില്ല.

എട്ടാമത്തെ നേട്ടം : സ്വലാത്ത് ചൊല്ലുന്നവന്റെ സ്വലാത്ത് നബി ﷺ യുടെ മേൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്. ഹദീഥിൽ വന്നത് പോലെ

إنّ صلاتكم معروضةٌ عليَّ

നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നവയാണ്.

തന്റെ സ്വലാത്ത് റസൂലിന്റെ മേൽ പ്രദർശിപ്പിക്കപ്പെടുന്നു എന്നത് തന്നെ ഒരുവന് ബഹുമതിയായി മതിയായതാണ്.

ഒൻപതാമത്തെ നേട്ടം : കൂടിച്ചേരലുകൾ വിശിഷ്ടമാവാനും അവയുടെ നന്മക്കും കാരണമാണ് സ്വലാത്ത് ചൊല്ലുക എന്നത്. നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലാതെ പോകുന്ന കൂടിച്ചേരലുകൾക്ക് വിപരീതമാണത്, അന്ത്യ നാളിൽ ഇങ്ങനെയുള്ള ഒത്തുചേരലുകൾ അതിന്റെ ആളുകൾക്ക് ഖേദമായി മാറും. അബൂ ഹുറൈറ رضي الله عنه പറഞ്ഞു : അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

مَا جَلَسَ قَوْمٌ مَجْلِسًا لَمْ يَذْكُرُوا اللَّهَ فِيهِ وَلَمْ يُصَلُّوا عَلَى نَبِيِّهِمْ إِلاَّ كَانَ عَلَيْهِمْ تِرَةً فَإِنْ شَاءَ عَذَّبَهُمْ وَإِنْ شَاءَ غَفَرَ لَهُمْ

അല്ലാഹുവിനെ സ്മരിക്കാതെയും തങ്ങളുടെ നബിക്ക് മുകളിൽ സ്വലാത്ത് ചൊല്ലാതെയും ഒരു കൂട്ടം ആളുകളും കൂടിച്ചേരുന്നില്ല, അന്ത്യ നാളിൽ അവർക്ക് അതൊരു ഖേദമായി മാറാതെ. അല്ലാഹു ഉദ്ദേശിച്ചാൽ അവർക്ക് അവന് മാപ്പു നൽകിയേക്കും, ഇല്ലെങ്കിൽ അവൻ അവരെ ശിക്ഷിച്ചേക്കും.

പത്താമത്തെ നേട്ടം : റസൂൽ ﷺ യോടുള്ള സ്നേഹം നിലനിൽക്കാനും അത് വർധിക്കാനും കാരണമാണ് സ്വലാത്ത് ചൊല്ലുക എന്നത്. ഈമാനിന്റെ പൂർണത കൈവരിക്കാൻ അനിവാര്യമായും വേണ്ട കാര്യങ്ങളിൽ പെട്ടതാണത്. കാരണം, എത്രത്തോളം ഒരു അടിമ അവൻ സ്നേഹിക്കുന്നവനെ ഓർക്കുകയും, അവിടുത്തെ ഗുണങ്ങളും അവിടുത്തോടുള്ള സ്നേഹം നേടിത്തരുന്ന ആശയങ്ങളും ആലോചിക്കുന്നുവോ, അത്രത്തോളം അവിടുത്തോടുള്ള സ്നേഹം ഇരട്ടിയാവുകയും, ആഗ്രഹം വർധിക്കുകയും ചെയ്യുകയും. അങ്ങനെ ആ സ്നേഹം അവന്റെ ഹൃദയത്തെ മുഴുവൻ ആധിപത്യപ്പെടുത്തും.

എന്നാൽ, അവിടുത്തെ കുറിച്ചുള്ള സ്മരണയിൽ നിന്നും, അവിടുത്തെ നന്മകളെ കുറിച്ചുള്ള ആലോചനയിൽ നിന്നും തിരഞ്ഞു കളഞ്ഞാൽ, അവിടുത്തോടുള്ള സ്നേഹം അവന്റെ ഹൃദയത്തിൽ നിന്നും കുറയുന്നതാണ്. താൻ സ്നേഹിക്കുന്നവനെ കാണുന്നതിനേക്കാൾ തന്റെ കണ്ണിന് കുളിർമ തരുന്ന മറ്റൊരു കാര്യവും ഇല്ല തന്നെ.

അല്ലാഹുവിന്റെ അടിമകളെ, ഇബ്നുൽ ഖയ്യിം رحمه الله യുടെ ' جلاء الأفهام في فضل الصلاة والسلام على خير الأنام' എന്ന ഗ്രന്ഥത്തിൽ നിന്നും നബി ﷺ യ്ക്ക് വേണ്ടി സ്വലാത്ത് ചോദിക്കുന്നതിന്റെ പത്ത് നേട്ടങ്ങളാണ് ചുരുങ്ങിയ രൂപത്തിൽ ഇവിടെ പരാമർശിക്കപ്പെട്ടത്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിനോടൊപ്പം ചേർക്കപ്പെടുന്ന കാര്യമാണ്, അവിടുത്തേക്ക് വേണ്ടി വസീല ഫദീല എന്നീ പദവികൾ അല്ലാഹുവോട് ചോദിക്കുക എന്നതും, അല്ലാഹു വാഗ്ധാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് مقام محمود അവിടുത്തെ നിയോഗിക്കാൻ വേണ്ടി ചോദിക്കുക എന്നതും. സ്വലാത്തിന്റെ അർത്ഥമായ, ഉയർച്ച കൊണ്ടും പ്രശംസ കൊണ്ടുമുള്ള പ്രാർഥനയിൽ പെട്ടതാണത്. ജാബിർ ﷺ വിന്റെ ഹദീഥിൽ വന്നതാണ് അതിനുള്ള അടിസ്ഥാനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു

مَنْ قَالَ حِينَ يَسْمَعُ النِّدَاءَ :

ആരാണോ ബാങ്ക് കേട്ടത്തിന് ശേഷം ഇപ്രകാരം പറഞ്ഞത് :

"اللَّهُمَّ رَبَّ هَذِهِ الدَّعْوَةِ التَّامَّةِ وَالصَّلاَةِ الْقَائِمَةِ، آتِ مُحَمَّدًا الْوَسِيلَةَ وَالْفَضِيلَةَ، وَابْعَثْهُ مَقَامًا مَحْمُودًا الَّذِي وَعَدْتَهُ،"

"ഈ പരിപൂർണമായ വിളിയുടെ (ബാങ്കിന്റെ)യും ആസന്നമായ നമസ്കാരത്തിന്റേയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി ﷺക്ക് വസീല, ഫദീല എന്നീ പദവികൾ നൽകേണമേ! നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കുകയും ചെയ്യേണമേ!"

حَلَّتْ لَهُ شَفَاعَتِي يَوْمَ الْقِيَامَةِ

അന്ത്യനാളിൽ എന്റെ ശുപാർശ അവന് ഉറപ്പായിരിക്കുന്നു.

അബ്ദുല്ലാഹ് ഇബ്നു അംർ ﷺ വിൽ നിന്ന് നിവേദനം : നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു :

إِذَا سَمِعْتُمُ الْمُؤَذِّنَ فَقُولُوا مِثْلَ مَا يَقُولُ ثُمَّ صَلُّوا عَلَيَّ فَإِنَّهُ مَنْ صَلَّى عَلَيَّ صَلاَةً صَلَّى اللَّهُ عَلَيْهِ بِهَا عَشْرًا ثُمَّ سَلُوا اللَّهَ لِيَ الْوَسِيلَةَ فَإِنَّهَا مَنْزِلَةٌ فِي الْجَنَّةِ لاَ تَنْبَغِي إِلاَّ لِعَبْدٍ مِنْ عِبَادِ اللَّهِ وَأَرْجُو أَنْ أَكُونَ أَنَا هُوَ فَمَنْ سَأَلَ لِيَ الْوَسِيلَةَ حَلَّتْ لَهُ الشَّفَاعَةُ

ബാങ്ക് കൊടുക്കുന്നത് നിങ്ങൾ കേട്ടാൽ, ബാങ്ക് കൊടുക്കുന്നവൻ പറയുന്നത് പോലെ തന്നെ നിങ്ങളും പറയുക. എന്നിട്ട് എനിക്ക് മുകളിൽ സ്വലാത്ത് ചൊല്ലുക. കാരണം, ആരാണോ എനിക്ക് മുകളിൽ ഒരു സ്വലാത്ത് ചൊല്ലുന്നത്, അവന് മുകളിൽ അല്ലാഹു പത്ത് സ്വലാത്ത് ചെയ്യുന്നതാണ്. എന്നിട്ട് എനിക്ക് വേണ്ടി നിങ്ങൾ അല്ലാഹുവോട് വസീലയെ ചോദിക്കുക. അല്ലാഹുവിന്റെ അടിമകളിൽ ഒരു അടിമക്ക് മാത്രം അർഹതപ്പെട്ട സ്വർഗ്ഗത്തിലെ ഒരു പദവിയാണത്. ഞാൻ ആയിരിക്കണം ആ അടിമ എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആരാണോ

എനിക്ക് വേണ്ടി വസീല യെ ചോദിക്കുന്നത് അവന് എന്റെ ശഫാഅത്ത് ഉറപ്പായിരിക്കുന്നു.

'വസീല' എന്നാൽ സ്വർഗ്ഗത്തിലെ ഉന്നത പദവിയാണ്.

'ഫദീല' എന്നാൽ എല്ലാ അനുഗ്രഹങ്ങളും നന്മകളും ബറകത്തും എന്നതാണ്.

സ്തുത്യർഹമായ സ്ഥാനമെന്നാൽ : ആ സ്ഥാനത്ത് നിൽക്കുന്ന വ്യക്തി സ്തുതിക്കപ്പെടും എന്നതുമാണ്. മഹ്ശറിൽ നില്കുന്നവരുടെ വിചാരണ തുടങ്ങാൻ അവർക്ക് വേണ്ടിയുള്ള വലിയ ശുപാർശയാണ് ആ സ്ഥാനം. ആ സ്ഥാനം വഹിക്കുന്ന വ്യക്തിയാകട്ടെ നബി ﷺ യുമാണ്. അതിനുള്ള തെളിവ് അബൂ ഹുറൈറ ﷺ വിന്റെ ഹദീഥ് ആണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

المَقَامُ الْمَحْمُود ؛ الشَّفَاعَة

സ്തുത്യർഹമായ സ്ഥാനമെന്നാൽ ; ശുപാർശയാണ്.

ഹദീഥിന്റെ അവസാനത്തിൽ 'അവന് എന്റെ ശുപാർശ ഉറപ്പായിരിക്കുന്നു' എന്നത്, അവൻ ചെയ്ത പ്രവർത്തനത്തിന്റെ അതേ ഇനത്തിൽ പെട്ടത് കൊണ്ടുള്ള പ്രതിഫലമാണ് ആ ശുപാർശ. നബി ﷺ യ്ക്ക് വേണ്ടി സ്തുത്യർഹമായ സ്ഥാനത്തേക്ക് അവിടുത്തെ നിയോഗിക്കാൻ പ്രാർത്ഥിച്ചപ്പോൾ, അതു മുഖേന പാപങ്ങൾ പൊറുക്കപ്പെടാനും, പദവികൾ ഉയർത്തപ്പെടാനും വേണ്ടി നബി ﷺ ശുപാർശ ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപെടാൻ അവൻ അർഹനായി മാറി. അല്ലാഹുവേ, നിന്റെ നബിയുടെ ശുപാർശ ലഭിക്കുന്നവരുടെ കൂട്ടത്തിൽ നീ ഞങ്ങളെയും ഉൾപ്പെടുത്തേണമേ.

പിന്നീട് നിങ്ങൾ അറിയുക, മഹത്തായ ഒരു കാര്യം അല്ലാഹു تعالى നിങ്ങളോട് കല്പിച്ചിരിക്കുന്നു.

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

മുഹമ്മദ് ﷺ യുടെ മേൽ ഒരു മുസ്ലിമും സ്വലാത്ത് അധികരിപ്പിക്കുന്നില്ല, അല്ലാഹു تعالى അവന്റെ ഖൽബ് പ്രകാശിപ്പിക്കുകയും, പാപങ്ങൾ പൊറുക്കുകയും, ഹൃദയം വിശാലമാക്കുകയും, കാര്യങ്ങൾ എളുപ്പമാക്കി നൽകുകയും ചെയ്തിട്ടല്ലാതെ. അതു കൊണ്ട് നിങ്ങൾ സ്വലാത്തും സലാമും അധികാരിപ്പിച്ചോളൂ.

നബി ﷺ യുടെ ഹിജ്റയിൽ നിന്നുള്ള പതിനാറ് ഗുണപാഠങ്ങൾ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار..

അല്ലയോ മുസ്ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ അവനെ അനുസരിക്കുകയും, അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക.

അല്ലാഹു അവന്റെ പ്രവാചകനായ മുഹമ്മദ് നബി ﷺ യെ പ്രവാചകൻമാരുടെ ഒരു ഇടവേളക്ക് ശേഷം, ഭൂമിയിൽ ഭിംഭാരാധന വ്യാപിച്ചപ്പോൾ ഏറ്റവും നല്ല പ്രദേശമായ മക്കയിലേക്ക് നിയോഗിച്ചു.

നബി ﷺ അവിടുത്തെ ഏറ്റവും അടുത്ത ബന്ധുമിത്രാദികളെ ഇസ്ലാമിലേക്ക് ക്ഷണിച്ചു എങ്കിലും വളരെ കുറച്ചാളുകൾ മാത്രമേ അത് സ്വീകരിച്ചുള്ളൂ. ഒരുപാട് ആളുകൾ ആ ക്ഷണത്തെ തള്ളിക്കളഞ്ഞു.

അങ്ങനെ ഇസ്ലാമിന്റെ പ്രബോധനം രഹസ്യമായ രീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരുന്നു. ഖുറൈശികളാകട്ടെ അത് കാര്യമാക്കിയിരുന്നില്ല.

എന്നാൽ നബിﷺ അവിടുത്തെ പ്രബോധനം ശക്തമായി മുന്നോട്ട് കൊണ്ട് പോവുകയും, അവരുടെ ആരാധ്യൻമാരെ ആക്ഷേപിക്കുകയും, അവക്കെതിരെ സംസരിക്കുകയും ചെയ്തപ്പോൾ അവരുടെ ആരാധ്യൻമാരെ സംരക്ഷിക്കുന്നത്തിനും, അവയോടുള്ള പക്ഷപാതിത്വം കാരണവും ഖുറൈശികൾ മറ്റൊരു തന്ത്രം പ്രയോഗിച്ചു. അഥവാ നബി ﷺ യെ അവരുടെ സമ്പത്ത് കൊണ്ട്

പരിപോശിപ്പിച്ച് അവരിലെ ഏറ്റവും വലിയ ധനികനാക്കാം എന്നും, അവരുടെ സ്ത്രീകളിലെ ഏറ്റവും ഭംഗിയുള്ള ഏത് സ്ത്രീയെയും വിവാഹം കഴിക്കാം എന്നും വാഗ്ദാനം ചെയ്തു. പക്ഷെ ഒരു വർഷം മുസ്ലിമീങ്ങൾ അവരുടെ ആരാധ്യൻമാരെ ആരാധിക്കുകയും, ഒരു വർഷം അവരും അല്ലാഹുവിനെ ആരാധിക്കുകയും ചെയ്യാം എന്നുമുള്ള വ്യവസ്ത അവർ നബി ﷺ യുടെ മുന്നിൽ വെച്ചു. എന്നാൽ നബി ﷺ അത് വിസമ്മദിച്ചു.

അല്ലാഹു അവരെ കുറിച്ച് ഇപ്രകാരം പറഞ്ഞു:

﴿ وَدُّوا لَوْ تُدْهِنُ فَيُدْهِنُونَ ﴾

നീ വഴങ്ങികൊടുത്തിരുന്നെങ്കിൽ അവർക്കും വഴങ്ങിത്തരാമായിരുന്നു എന്നവർ ആഗ്രഹിക്കുന്നു.

അങ്ങനെ അവർ നബി ﷺ യുടെ അനുയായികളിൽ കുടുംബവും, മറ്റവകാശികളൊന്നും തന്നെയില്ലാത്ത സാധുക്കളായ സഹാബികളെ ശിർക്കിലേക്ക് തിരിച്ചു വരുന്നതിനും, ഇസ്ലാമിലേക്ക് പ്രവേശിക്കാൻ തീരുമാനിച്ചിരിക്കുന്ന മറ്റാളുകളെ ഭീതിപ്പെടുത്തുന്നതിനും വേണ്ടി അവർക്ക് കഴിയുന്ന രൂപത്തിലെല്ലാം വളരെ ക്രൂരമായി ഉപദ്രവിക്കാൻ ആരംഭിച്ചു.

തന്റെ അനുചരൻമാർ അനുഭവിക്കുന്ന ശക്തമായ പീണ്ഡനങ്ങൾ നബി ﷺ കണ്ടപ്പോൾ ഈ സന്ദർഭത്തിൽ അവരെ സംരക്ഷിക്കുക എന്നത് തങ്ങൾക്ക് സാധിക്കുകയുമില്ല എന്ന് അവിടുന്ന് മനസ്സിലാക്കിയപ്പോൾ.

അവിടുത്തെ അനുയായികളോട് അബ്സീനിയയിലേക്കു ഹിജ്റ പോകാൻ അവിടുന്ന് അനുമതി നൽകി. അപ്രകാരം അവർ നബിﷺ നിയോഗിയപ്പെട്ടതിന് ശേഷമുള്ള ആറാം വർഷവും, പത്താം വർഷവുമായി രണ്ട് തവണകളായി ഹിജ്റ പോയി.

പിന്നീട് അവർ മദീനയിലേക്കും ഹിജ്റ പോയി. തന്റെ അനുയായികളിൽ ഭൂരിഭാഗവും ഹിജ്റ പോയതിന് ശേഷം ഇസ്ലാമിന്റെ പ്രബോധനം വ്യാപിപ്പിക്കുന്നതിനും, നിർഭയത്വത്തോട് കൂടി അല്ലാഹുവിനെ ഇബാദത്ത് ചെയ്യുവാനും വേണ്ടി അവിടുന്ന് അവരിലേക്ക് എത്തിച്ചേരുകയായിരുന്നു.

അല്ലയോ മുസ്ലിമീങ്ങളെ, നബി ﷺ യുടെ ഹിജ്റ വീക്ഷിക്കുന്നവർക്ക് അതിൽ വ്യക്തമായ യുക്തികൾ ദർശിക്കുവാൻ സാധിക്കും.

അതിൽ നിന്നും ഒരുപാട് ഗുണപാഠങ്ങൾ ഉൾക്കൊള്ളുവാനും സാധിക്കും.

അപ്രകാരം ചില ഗുണപാഠങ്ങൾ താഴെ വിശദീകരിക്കാം.

ഒന്ന്: അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്തും, നാടും, കുടുംബവും ബലി നൽകൽ

നബി ﷺ മക്ക വിട്ടുപിരിയുമ്പോൾ ഖിബ്ലക്ക് മുന്നിട്ട് നിന്ന് കൊണ്ട് പറഞ്ഞു: അല്ലയോ മക്ക! അല്ലാഹു തന്നെ സത്യം അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും

ശ്രേഷ്ഠമായ ഭൂമിയാണ് നീ. അവങ്കലേക്ക് ഏറ്റവും പ്രിയമുള്ള ഭൂമിയും നീയാണ്. നിന്നിൽ നിന്ന് ഞാൻ പുറത്താക്കപ്പെട്ടില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ വിട്ടുപോകില്ലായിരുന്നു.

രണ്ട്: ആർക്കെങ്കിലും ഒരു നാട്ടിൽ അല്ലാഹുവിന്റെ ദീൻ പ്രബോധനം ചെയ്യുവാൻ തടസ്സം നേരിട്ടാൽ അവൻ പ്രബോധത്തിന് വേണ്ടി മറ്റൊരു നാട്ടിലേക്ക് പോകൽ അനിവര്യമാണ്. കാരണം ഖുറൈശികൾ ഇസ്ലാം സ്വീകരിക്കുകയില്ല എന്ന നിരാശ നബി ﷺ യെ ബാധിച്ചപ്പോൾ അവിടുന്ന് മദീനയിലേക്ക് അവിടെ പ്രബോധനം ചെയ്യാൻ യാത്രയായി.

മൂന്ന് : വിശ്വാസികളെ പരീക്ഷിക്കുക എന്ന അല്ലാഹുവിന്റെ നടപടിക്രമം പ്രകടമാകൽ.

സ്വർഗം ഏറെ വിലപിടിച്ചതാണ്. അത് ശരീരങ്ങളുടെ സുഖത്തോടൊപ്പം ലഭിക്കപ്പെടുകയില്ല. അത് ലഭിക്കുവാൻ റബ്ബിന്റെ മാർഗത്തിൽ പരിശ്രമിക്കുകയും, അതിൽ ക്ഷമ അവലംബിക്കുയും ചെയ്യണം.

അല്ലാഹു പറഞ്ഞു:

﴿ أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَعْلَمِ اللَّهُ الَّذِينَ جَاهَدُوا مِنكُمْ وَيَعْلَمَ الصَّابِرِينَ ﴾

അതല്ല, നിങ്ങളിൽ നിന്ന് ധർമ്മസമരത്തിൽ ഏർപെട്ടവരെയും ക്ഷമാശീലരെയും അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ വിചാരിച്ചിരിക്കയാണോ?

നബി ﷺ യിൽ നിന്നും എല്ലാ ഉപദ്രവങ്ങൾ നീക്കുവാനും, മക്കയിൽ നിന്നും ബൈതുൽ മഖ്ദിസിലേക്ക് ഇസ്റാഇന്റെ രാത്രിയിൽ ബുറാഖ് എന്ന വാഹനത്തിൽ ഒറ്റ നിമിഷം കൊണ്ട് അവിടുത്തെ എത്തിച്ചത് പോലെ മക്കയിൽ നിന്നും മദീനയിലേക്ക് അവിടുത്തെ എത്തിക്കുവാനും അല്ലാഹുവിന് വളരെ എളുപ്പത്തിൽ കഴിയുന്ന കാര്യമാണ്.

എന്നാൽ ശേഷം വരുന്നവർക്കും അവിടുത്തെ സമൂഹത്തിനും ഒരു ഉദാത്ത മാതൃകയാകുന്നതിന് വേണ്ടിയും, സത്യസന്ധതയും, ദീനിൽ ഉറച്ച് നിൽക്കലും, പ്രകടമാകുവാനും, അത് മൂലം തന്നെ അല്ലാഹുവിങ്കൽ പ്രതിഫലത്തിന്റെ മഹത്വം വർദ്ധിക്കുവാനും, ദീനിന്റെ പ്രബോധകർ അവർ നേരിടേണ്ടി വരുന്ന ഉപദ്രവങ്ങളിൽ ക്ഷമ കൈകൊള്ളണം എന്ന് പഠിക്കുവാനും വേണ്ടി അവിടുത്തെ പരീക്ഷിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചു.

നാല്: ഭൗതികമായ കാരണങ്ങൾ സ്വീകരിക്കൽ.

കാരണം നബി ﷺ അവിടുത്തെ ഹിജ്റ യാത്രയിൽ പൂർണ്ണമായും ഭൗതികമായ കാരണങ്ങൾ സ്വീകരിച്ചു എന്നത് വളരെ വ്യക്തമാണ്.

അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അല്ലാഹു അവിടുത്തേക്ക് അനുമതി നൽകിയതിന് ശേഷം മാത്രമേ അവിടുന്ന് പുറപ്പെട്ടിട്ടുള്ളൂ എന്നത്.

അത് പോലെ ഏറ്റവും വിശ്വസ്തനായ കൂട്ടുകാരനായ അബൂബക്ർ റളിയല്ലാഹു അൻഹു വിനെ യാത്രയിലെ കൂട്ടുകാരനായി സ്വീകരിച്ചു എന്നതും, ഖുറൈശികളുടെ വിവരങ്ങൾ കൈമാറാൻ അബ്ദുല്ലാഹിബ്നു അബൂ ബക്റിനെ നിശ്ചയിച്ചു എന്നതും, തങ്ങൾക്ക് രണ്ടു പേർക്കും പാൽ കൊണ്ട് വരുന്നതിന് വേണ്ടി അബൂ ബക്റിന്റെ ആടുകളെ മേയ്ക്കുന്ന ഭൃത്യനായ ആമിറുബ്നു ഫുഹൈറയെ ഏൽപ്പിച്ചു എന്നതും, മുശ്രിക്കായിട്ടു കൂടി വഴികളെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവനും, വിശ്വസ്തനുമായ അബ്ദുല്ലാഹിബ്നു അരീഖത് അല്ലെയ്സിയെ വഴികാട്ടിയായി സ്വീകരിച്ചു എന്നതും.

അത് പോലെ അവിടുന്ന് തന്റെ ഹിജ്റയിൽ ഭൗതികമായ കാരണങ്ങൾ സ്വീകരിച്ചതിന്റെ ഉദാഹരണമാണ്.

അവിടുന്ന് മുശ്രിക്കുകളുടെ കണ്ണ് വെട്ടിക്കുന്നതിന് വേണ്ടി സാധരണ പോകാറുള്ള വഴിയല്ലാത്ത മറ്റൊരു വഴിയാണ് സ്വീകരിച്ചത് എന്നത്.

അത് പോലെ അവിടുന്ന് മക്കയുടെ തെക്ക് ഭാഗത്തുള്ള സൗർ ഗുഹയിൽ മൂന്നു ദിവസം ഒളിച്ചിരുന്നു എന്നതും അതിനുള്ള തെളിവാണ്.

മാത്രവുമല്ല അവിടുന്ന് ആ ഗുഹയിൽ നിന്ന് പുറത്തിറങ്ങിയത് മുശ്രിക്കുകൾ തന്നെ അന്വേഷിക്കുന്നത് നിർത്തി വെച്ചു എന്ന് ബോധ്യപ്പെട്ടതിന് ശേഷം മാത്രമാണ്.

അവിടുത്തെ യാത്ര തന്നോട് വളരെ അടുത്ത ബന്ധമുള്ളവരോട് മാത്രമേ അവിടുന്ന് അറിയിച്ചിട്ടുള്ളൂ എന്നതും ഈ വിഷയത്തിൽ വളരെ ശ്രദ്ധേയമാണ്.

മേൽ പറഞ്ഞ പത്ത് കാര്യങ്ങളിൽ നിന്നും നബി ﷺ യുടെ ജീവിതത്തിൽ ഭൗതികമായ കാരണങ്ങൾ സ്വീകരിക്കുന്നതിനും, കാര്യങ്ങൾ കൃത്യമായി ക്രമീകരിക്കുന്നതിന്നും എത്രത്തോളം പ്രധാന്യമുണ്ടായിരുന്നു എന്ന് വ്യക്തമാകുന്നു.

അഞ്ച്: അവിടുത്തെ ഹിജ്റയിൽ നിന്നുള്ള മറ്റൊരു ഗുണപാഠമാണ്.

അവിടുന്ന് മേൽ സൂചിപ്പിക്കപ്പെട്ട ചില ഭൗതികമായ കാരണങ്ങളെ മാത്രം അവലംഭമാക്കിയില്ല എന്നത്.

എന്നാൽ അവിടുത്തെ ഹൃദയം പൂർണ്ണമായും അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നു. അതിന്റെ തെളിവുകളിൽ പെട്ടതാണ് മുശ്രിക്കുകൾ അവിടുന്ന് ഒളിച്ചിരുന്ന ഗുഹക്ക് മുകളിൽ എത്തിയപ്പോൾ അബൂ ബക്ർ റളിയല്ലാഹു അൻഹു പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ, അവരിൽ ആരെങ്കിലും ഒരാർ അവന്റെ കാലിനടിയിലേക്ക് നോക്കിയാൽ നമ്മെ അവർ കാണുമല്ലോ? അപ്പോൾ അവിടുന്ന് ശാന്തനായി കൊണ്ട് പറഞ്ഞു: അല്ലയോ അബൂ ബക്ർ : മൂന്നാമനായി അല്ലാഹു കൂടെയുള്ള രണ്ടാളുകളെ കുറിച്ച് നീ എന്താണ് വിചാരിക്കുന്നത്.

അല്ലാഹു പറഞ്ഞത് എത്ര സത്യം! അവൻ പറഞ്ഞു:

﴿ فَقَدْ نَصَرَهُ اللَّهُ إِذْ أَخْرَجَهُ الَّذِينَ كَفَرُوا ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ الَّذِينَ كَفَرُوا السُّفْلَىٰ ۗ وَكَلِمَةُ اللَّهِ هِيَ الْعُلْيَا ۗ وَاللَّهُ عَزِيزٌ حَكِيمٌ ﴾ إِلَّا تَنصُرُوهُ ﴾

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടു പേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്റും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, 'ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്'എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

ഹിജ്റയുടെ വഴിമദ്ധ്യേ ഇരുവരേയും തേടി സുറാഖത്തുബ്നു മാലിക്ക് തന്റെ കുതിരയിൽ എത്തിയപ്പോൾ അബൂ ബക്ർ റളിയല്ലാഹു അൻഹു നബി ﷺ യോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ, അവർ നമ്മെ പിടികൂടാൻ വന്നെത്തിയിരിക്കുന്നു! അപ്പോൾ അവിടുന്ന് പറഞ്ഞു: താങ്കൾ വിഷമിക്കേണ്ട അല്ലാഹു നമ്മോടൊപ്പം തന്നെ ഉണ്ട്.

ആറ്: പ്രബോധന രംഗത്ത് ക്ഷമയോടെ ഉറച്ച് നിൽക്കൽ നിർബന്ധമാണ്.

നബി ﷺ അവിടുത്തെ ഹിജ്റയിലൂടെ തന്റെ ഉമ്മത്തിനെ പഠിപ്പിച്ച കാര്യമാണ് അസത്യത്തിന്റെ ആളുകൾക്ക് വെറുപ്പുണ്ടെങ്കിലും അവരുടെ മുന്നിൽ പതറാതെ സത്യത്തിൽ അടിയുറച്ച് നിൽക്കണം എന്നത്.

ചിലപ്പോൾ അവർക്കായിരിക്കും ശക്തിയും, പ്രചാരവും ഉണ്ടാവുക. അത് വിശ്വാസികൾക്കുള്ള പരീക്ഷണമായേക്കാം. അവിശ്വാസികളെയും അത് മൂലം അല്ലാഹു പരീക്ഷിക്കുന്നതാണ്. എന്നാൽ നല്ല പര്യവസാനം വിശ്വാസിക്കുകയും , ക്ഷമയോടെ ഉറച്ച് നിൽക്കുകയും ചെയ്തവർക്ക് തന്നെയാണ്.

അല്ലാഹു പറഞ്ഞു:

﴿ وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ ﴾

വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയായിരിക്കുന്നു.

ഏഴ്: യഥാർത്ഥ വിശ്വാസികൾക്കാണ് മാത്രമാണ് നല്ല പര്യവസാനം എന്നതിലുള്ള ഉറച്ച വിശ്വാസം.

നബി ﷺ യുടെ ഹിജ്റയെ കുറിച്ച് അറിയാവുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്ന കാര്യമാണ് അവിടുത്തെ പ്രബോധനത്തിന്റെ തുടക്കത്തിലെ നീക്കം ഇല്ലായ്മയിലേക്കും തകർച്ചയിലേക്കുമായിരുന്നു എന്നത് . ഭൗതികമായ

ശക്തിയുടെ അളവുകോൽ സത്യത്തിന്റെയും അസത്യത്തിന്റെയും ആളുകൾക്കിടയിൽ വളരെ വ്യത്യാസപ്പെട്ടിരുന്നു എന്നതും. എന്നാൽ ആരുടെ കൂടെയാണോ അല്ലാഹു ഉള്ളത് അവരാണ് യഥാർത്ഥത്തിൽ ശക്തരായവർ. ഹിജ്റ കഴിഞ്ഞ് എട്ട് വർഷം പിന്നിട്ടിപ്പോൾ മക്കയും അതിലെ നിവാസികളും ഇസ്ലാമിന്റെ കുടക്കീഴിൽ വന്നു. പിന്നീട് ഘട്ടം ഘട്ടമായി ഇസ്ലാം ഭൂമിയുടെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിച്ചു. ഇതാണ് ഹിജ്റയുടെ പര്യവസാനം. ഇത് ചിന്തിക്കുന്ന ഏതൊരുവനും ബോധ്യമാകുന്ന കാര്യമാണ് മനുഷ്യന്റെ കേവല ഭൗതികമായ ശക്തിയിലോ, കഴിവിലോ അല്ല കാര്യം മറിച്ച് ഇലാഹായ അല്ലാഹുവിന്റെ സഹായത്തിലും, അവന്റെ മാർഗത്തിലുമാണ് കാര്യമുള്ളത് എന്ന്.

അല്ലാഹുവിന്റെ ദീൻ അത് സഹായിക്കപ്പെടുക തന്നെ ചെയ്യും. കാരണം ദീനിന്റെ ശക്തി അല്ലാഹുവിന്റെ ശക്തിയിൽ പെട്ടതാണ്. അല്ലാഹുവിനെ പരാജയപ്പെടുത്താൻ ആരും തന്നെ ഇല്ല.

അല്ലാഹു പറഞ്ഞു:

إِن يَنصُرۡكُمُ ٱللَّهُ فَلَا غَالِبَ لَكُمۡۖ وَإِن يَخۡذُلۡكُمۡ فَمَن ذَا ٱلَّذِي يَنصُرُكُم مِّنۢ بَعۡدِهِۦۗ

നിങ്ങളെ അല്ലാഹു സഹായിക്കുന്ന പക്ഷം നിങ്ങളെ തോൽപിക്കാനാരുമില്ല. അവൻ നിങ്ങളെ കൈവിട്ടുകളയുന്ന പക്ഷം അവന്നു പുറമെ ആരാണ് നിങ്ങളെ സഹായിക്കാനുള്ളത്?

എട്ട്: ആരാണോ അല്ലാഹുവിന് വേണ്ടി ഒരു കാര്യം ഉപേക്ഷിക്കുന്നത് അവന് അല്ലാഹു അതിനെക്കാൾ ഉത്തമമായത് പകരം നൽകുന്നതാണ് എന്ന അറിവ്.

മുഹാജിറുകളായ സ്വഹാബികൾ തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടതായ അവരുടെ സമ്പാദ്യവും, കുടുംബങ്ങളും , വീടുകളും ഉപേക്ഷിച്ചപ്പോൾ അതിനേക്കാൾ ഉത്തമമായതിനെ അവർക്ക് അല്ലാഹു പകരം നൽകി.

ദുനിയാവ് അവർക്കല്ലാഹു തുറന്ന് നൽകി. ഭൂമിയുടെ കിഴക്കും, പടിഞ്ഞാറും അവർക്കല്ലാഹു അധീനപ്പെടുത്തി നൽകി. സിറിയയും, പേർഷ്യയും, ഈജിപ്തും അവർക്ക് കീഴിൽ വന്നു. പിന്നീട് സ്വഹാബികളുടെ കാലശേഷം മുസ്ലീമീങ്ങൾ വടക്കൻ ആഫ്രിക്കയിലേക്ക് തിരിയുകയും അന്തലുസ് വിജയിച്ചടക്കുകയും ചെയ്തു.

ഒമ്പത്: ആരാണോ അല്ലാഹുവെ സൂക്ഷിക്കുന്നത് അവനെ അല്ലാഹു സംരക്ഷിക്കുന്നതാണ്. അവന് എല്ലാ പ്രയാസങ്ങളിൽ നിന്നും ഒരു തുറവി അല്ലാഹു നിശ്ചയിക്കുന്നതാണ്. ഖുറൈശികൾ നബി ﷺ യെ അവിടുത്തെ വകവരുത്തുമെന്നും, നാടുകടത്തുമെന്നും ജൽപ്പിച്ചെങ്കിലും അവരിൽ നിന്നും അവിടുത്തെ അല്ലാഹു സംരക്ഷിച്ചു. അവരുടെ കുതന്ത്രങ്ങളിൽ നിന്നും അവിടുത്തെ അല്ലാഹു രക്ഷപ്പെടുത്തി. അവിടുത്തെ മക്കയിൽ നിന്നും അല്ലാഹു

പുറത്ത് കൊണ്ടുവരികയും, മദീനയിൽ പ്രതാപവാനായി, ആദരിക്കപ്പെട്ടവനായി എത്തിക്കുകയും ചെയ്തു. ഒരു പ്രയാസവും അവിടുത്തെ ബാധിച്ചില്ല.

പത്ത്: അബൂ ബക്ർ സ്വിദ്ദീഖ് റളിയല്ലാഹു അൻഹു വിന്റെ ശ്രേഷ്ഠതയുടെ സൂചനകൾ.

നബി ﷺ അദ്ദേഹത്തെയാണ് ഹിജ്റക്ക് തന്നോടൊപ്പം യാത്ര ചെയ്യുവാൻ തിരഞ്ഞെടുത്തത്. അദ്ദേഹത്തിനർഹിച്ച കാര്യം തന്നെയാണത്. നബി ﷺ അദ്ദേഹത്തോട് യാത്രയിൽ കൂടെ വരണം എന്നറിയിച്ചപ്പോൾ സന്തോഷം കൊണ്ട് അദ്ദേഹം കരയുകയായിരുന്നു. അദ്ദേഹം അവിടുത്തേക്ക് യാത്ര ചെയ്യാൻ വാഹനം ഒരുക്കി. അവിടുത്തെ സംരക്ഷിക്കുന്നതിനായി അവിടുത്തെ വാഹനപ്പുറത്തിരുത്തി വാഹനത്തിന് താഴെ മുന്നിലും പിന്നിലുമായി അദ്ദേഹം മാറി മാറി നടക്കുമായിരുന്നു. തന്റെ കുടുംബത്തെ മുഴുവൻ അല്ലാഹുവിന്റെ മാർഗത്തിൽ അദ്ദേഹം ഉപയോഗപ്പെടുത്തി. ഖുറൈശികളുടെ വാർത്തകൾ എത്തിക്കാൻ മകനായ അബ്ദുല്ലയെയും, തന്റെ ഭൃത്യനായ ആമിറുബ്നു ഫുഹൈറയെയും അദ്ദേഹം ഉപയോഗപ്പെടുത്തി. ആമിർ അബൂ ബക്ർ സ്വിദ്ദീഖ് റളിയല്ലാഹു അൻഹു വിന്റെ ആടുകളുമായി അവയെ മേച്ച് കൊണ്ട് അതിരാവിലെ പുറപ്പെടും. വൈകുന്നേരമായാൽ അവയെ കറന്ന് പാലുമായി നബി ﷺ യുടെയും, അബൂ ബക്റിന്റെയും അരികിലെത്തും. അബൂ ബക്റിന്റെ മകൻ അബ്ദുല്ല ഖുറൈശികളുടെ വിവരങ്ങൾ അറിയിച്ച് വൈകുന്നേരം റസൂലിന്റെയും അബൂ ബക്റിന്റെയും അരികിൽ നിന്ന് തിരിച്ചു പോയാൽ ആമിർ രാവിലെ തന്നെ അബ്ദുല്ലയുടെ കാൽ പാടുകൾ പിന്തുടർന്ന് ആട്ടിൻ കൂട്ടവുമായി ആ വഴി നടന്നു നീങ്ങി യാതൊരുവനും ആ കാൽ പാടുകളിലൂടെ നബി ﷺ യെ തേടിയെത്താതിരിക്കാൻ

ആ കാൽ പാടുകൾ മായ്ച്ചു കളയും.

ചുരുക്കത്തിൽ അബൂ ബക്ർ സ്വിദ്ദീഖ് റളിയല്ലാഹു അൻഹു തന്റെ ശരീരവും, സമ്പത്തും, കുടുംബവുമെല്ലാം ഇസ്ലാമിനെ സഹായിക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുത്തിയവരാണ് എന്ന് മനസ്സിലാക്കാം.

പതിനൊന്ന്: ഹിജ്റയിൽ അസ്മാ ബിൻത് അബീ ബക്ർ റളിയല്ലാഹു അൻഹ വഹിച്ച മഹത്തായ പങ്ക് വളരെ ശ്രദ്ധേയമാണ്.

അവർ അവരുടെ അരയിൽ കെട്ടുന്ന അരപ്പട്ട രണ്ടായി കീറുകയും അതിന്റെ ഒരു പാതി കൊണ്ട് നബി ﷺ യുടെയും, അബൂ ബക്ർ റളിയല്ലാഹു അൻഹു വിന്റെയും യാത്രയിലെ ഭക്ഷണം കെട്ടി വെക്കുകയും , മറുപാതി കൊണ്ട് അവർക്കുള്ള വെള്ളത്തിന്റെ തോൽ പാത്രം കെട്ടി വെക്കുകയും ചെയ്തു. ആയതിനാൽ തന്നെ ദാത്തുന്നിത്വാഖതൈൻ[9](രണ്ട് അരപ്പട്ടയുള്ളവൾ) എന്ന വിളിപ്പേര് അവർക്ക് നൽകപ്പെട്ടു.

അവരുടെ മറ്റൊരു സംഭവം ഇപ്രകാരമാണ്. പിതാവായ അബൂബക്ർ നബി ﷺ യോടൊപ്പം പുറപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ എല്ലാ സമ്പാദ്യവും കൂടെ കരുതിയിരുന്നു. ഏകദേശം. അയ്യായിരമോ ആറായിരമോ ദിർഹമുകൾ ഉണ്ടായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യം.

അസ്മാ റളിയല്ലാഹു അൻഹ പറഞ്ഞു: അദ്ദേഹം തന്റെ സമ്പാദ്യവുമായി പോയപ്പോൾ എന്റെ വല്ലിപ്പ അബൂ ഖുഹാഫ ആ വഴി വന്നു. അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം പറഞ്ഞു: അബൂബക്ർ അവന്റെ സമ്പാദ്യം മുഴുവൻ കൊണ്ട് പോയി നിങ്ങളെ തനിച്ചാക്കിയിരിക്കുന്നു എന്ന് എനിക്കറിയാം. ഞാൻ പറഞ്ഞു: ഇല്ല വല്ലിപ്പ ഒരിക്കലും ഇല്ല. ഞങ്ങൾക്ക് ഒരുപാട് നന്മകൾ ബാക്കി വെച്ചാണ് അദ്ദേഹം പോയത്. അങ്ങനെ ഞാൻ കുറച്ച് ചെറിയ കല്ലുകൾ ശേഖരിച്ചു എന്റെ വാപ്പ പണം വെക്കുന്ന വീട്ടിലെ കള്ളിയിൽ വെക്കുകയും അതിന്റെ മേൽ ഒരു തുണി വിരിക്കുകയും ചെയ്തു. എന്നിട്ട് ഞാൻ അബൂ ഖുഹാഫയുടെ കൈ പിടിച്ചു കൊണ്ട് പറഞ്ഞു: അല്ലയോ വല്ലിപ്പാ താങ്കളുടെ കൈ കൊണ്ട് ഇവിടെ തൊട്ടു നോക്കൂ.. അപ്പോൾ അദ്ദേഹം പറഞ്ഞു : എന്നാൽ സാരമില്ല. ഇവിടെ വെച്ച ഈ പണം നിങ്ങൾക്കവൻ ഉപേക്ഷിച്ചുവെങ്കിൽ അവൻ ചെയ്തത് വളരെ നല്ല കാര്യമാണ്. നിങ്ങൾക്കത് മതിയായതുമാണ്. അസ്മാ റളിയല്ലാഹു അൻഹു പറഞ്ഞു: ഒരിക്കലും അങ്ങനെ അല്ലായിരുന്നു എന്റെ വാപ്പ ഞങ്ങൾക്കായി ഒന്നും തന്നെ ബാക്കിയാക്കിയിട്ടില്ലായിരുന്നു. എന്നാൽ ആ വൃദ്ധനെ സമാധാനിപ്പിക്കുവാനാണ് ഞാൻ ഇപ്രകാരം പ്രവർത്തിച്ചത്.

പന്ത്രണ്ട്: മദീനയുടെയും മദീനയിലെ ഔസ്, ഖസ്റജ് ഗോത്രങ്ങളിൽപ്പെട്ട ആളുകളുടെയും ശ്രേഷ്ഠതക്കുള്ള സൂചന.

മദീന ഇസ്ലാമിന് മുമ്പ് മറ്റു നാടുകളെ പോലെ തന്നെ ശ്രേഷ്ഠമായ ഒരു കാര്യം കൊണ്ട് പോലും അറിയപ്പെട്ടിരുന്നില്ല. മദീന അതിന്റെ എല്ലാ ശ്രേഷ്ഠതയും കൈവരിച്ചത് മുഹമ്മദ് നബി ﷺ യുടെയും അവിടുത്തെ അനുചരന്മാരുടെയും ഹിജ്റ കാരണവും, അവർക്ക് മദീനക്കാർ നൽകിയ സഹായം കൊണ്ടുമാണ്. അത് മൂലമാണ് മദീനയുടെ പ്രത്യേകത പ്രകടമായത്.

പതിമൂന്ന് :നബി ﷺ അധികാരവും, സമ്പത്തും പ്രസിദ്ധിയും ആഗ്രഹിച്ചു എന്ന് ജൽപ്പിക്കുന്ന എല്ലാ നിശേധികൾക്കുമുള്ള മറുപടി.

അവിടുത്തേക്ക് സമ്പത്തും, ഉന്നതമായ പദവിയും കാൽകീഴിൽ വെക്കപ്പെട്ടിരുന്നു, എന്നാൽ അവിടുന്നു അത് നിരസിക്കുകയായിരുന്നു.

അവിടുത്തെ ഉദ്ദേശം അതായിരുന്നു എങ്കിൽ അവിടുന്ന് അത് സ്വീകരിക്കുമായിരുന്നു. അപ്രകാരം അവിടുത്തെ നാട്ടിൽ അവിടുന്ന് ഒരു രാജാവിനെപ്പോലെ കഴിയുമായിരുന്നു.

മക്കയിൽ നിന്നും മദീനയിലേക്ക് സ്വന്തം ജീവൻ പണയം വെച്ചുള്ള തന്റെ യാത്ര പോലും അവിടുത്തേക്ക് ഒരു പ്രയാസമായില്ല.

നാടും, വീടും, കുടുംബവും അവിടുന്ന് ഉപേക്ഷിച്ചു.

അവിടുത്തെ ഏറ്റവും മുഖ്യമായ ലക്ഷ്യം തൗഹീദും, ജനങ്ങളെ ഉരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുക എന്നതുമായിരുന്നു.

പതിനാല്: കുഫ്റിന്റെ നാട്ടിൽ നിന്നും ഇസ്ലാമിന്റെ നാട്ടിലേക്കുള്ള ഹിജ്റ എന്ന ആരാധനാകർമ്മം.

ഒരുവന് തന്റെ ദീനിന്റെ ചിഹ്നങ്ങൾ നിലനിർത്താൻ അവന്റെ നാട്ടിൽ സാധിക്കുന്നില്ലെങ്കിൽ അത് സാധ്യമാകുന്ന മറ്റൊരു നാട്ടിലേക്ക് പോകൽ ദീനിൽ നിർബന്ധമായ കാര്യമാണ്. അതിന് കഴിവുണ്ടായിട്ടും ഒരുവൻ അതുപേക്ഷിച്ചാൽ അവൻ കുറ്റക്കാരനാണ്.

പതിനഞ്ച്: ഹിജ്റയുടെ യാത്രയിൽ നടന്ന നബി ﷺ യുടെ പ്രവാചകത്വത്തെ തെളിയിക്കുന്ന ചില സംഭവങ്ങൾ.

അതിൽ പെട്ടതാണ് സുറാഖത്തുബ്നു മാലികിന്റെ സംഭവം.

അദ്ദേഹം നബി ﷺ യെ പിടി കൂടുവാൻ ഖുറൈശികൾ അവിടുത്തെ പിടിച്ചു കൊടുക്കുന്നവർക്ക് വാഗ്ദാനം ചെയ്ത പാരിതോഷികം ലക്ഷ്യം വെച്ച് വന്നപ്പോൾ അദ്ദേഹത്തിന്റെ കുതിരയുടെ കാലുകൾ അതിന്റെ മുട്ടു വരെ ഭൂമിയിൽ പൂണ്ടു പോവുകയും മുന്നോട്ട് നീങ്ങാൻ സാധിക്കാതെ വരികയും ചെയ്തു. അപ്പോൾ കിസ്റയുടെ വളകൾ യുദ്ധമുതലായി അദ്ദേഹത്തിന് ലഭിക്കും എന്ന് നബി ﷺ അദ്ദേഹത്തെ സന്തോഷ വാർത്തയറിയിച്ചു.

അവിടുന്ന് പറഞ്ഞു : അല്ലേയോ സുറാഖ കിസ്റയുടെ വളകൾ നീ അണിയുന്നത് ഞാൻ കാണുന്നത് പോലെയുണ്ട്.

പിന്നീട് ഉമറുബ്നുൽ ഖത്ത്വാബ് റളിയല്ലാഹു അൻഹുവിന്റെ കാലഘട്ടത്തിൽ യഥാർത്ഥത്തിൽ അദ്ദേഹത്തിന് അത് കരസ്ഥമാവുകയും ചെയ്തു.

പതിനാറ് : പ്രബോധനത്തിനുള്ള ഒരു അവസരവും, നഷ്ടപ്പെടുത്തരുത് എന്ന മഹത്തായ സന്ദേശം.

നബി ﷺ മദീനയിലേക്ക് ഹിജ്റ പോകുമ്പോൾ കുറാഉൽ ഗമീം എന്ന താഴ്വരയിൽ വെച്ച് ബുറൈദത്തുബ്നുൽ ഹുസൈബ് അൽ അസ്ലമിയുടെ അരികിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിൽ എട്ടോളം ആളുകൾ ഉണ്ടായിരുന്നു.

അവരെയെല്ലാം നബി ﷺ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും, അവർ ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. അവർക്ക് ഇമാമായി നിന്ന് കൊണ്ട് അന്ന് അവിടുന്ന് ഇശാ നിസ്കരിക്കുകയും, അവർക്ക് ആ രാതി സൂറത്തു മർയമിൽ നിന്ന് അൽപ്പം പഠിപ്പിച്ച് കൊടുക്കുകയും ചെയ്തു.

സഹോദരങ്ങളെ, നബി ﷺ ഇത് ചെയ്തത് മുശ്രിക്കുകൾ തന്നെ പിടികൂടുമോ എന്ന ഭയത്തിന്റെ അവസ്ഥയിലാണെന്ന് നാം ഓർക്കണം.

ആ സമയത്ത് പോലും സത്യം വെട്ടിത്തുറന്ന് പറയുവാനും, സത്യസന്ധമായി അല്ലാഹുവിൽ ഭരമേൽപ്പിക്കുവാനും അവിടുന്ന് പരിശ്രമിച്ചു. എത്രത്തോളമെന്നാൽ സ്വന്തം ശരീരത്തിന്റെ സുരക്ഷയെക്കാൾ ഇസ്ലാമിന്റെ പ്രബോധനത്തിന് അവിടുന്ന് പ്രാമുഖ്യം നൽകി.

അല്ലാഹുവിന്റെ അടിമളെ, നബി ﷺ യുടെ ഹിജ്റയിൽ നിന്നുള്ള പതിനാറോളം ഗുണപാഠങ്ങളാണ് നാം സൂചിപ്പിച്ചത്.

നബി ﷺ യുടെയും, മറ്റു പ്രവാചകൻമാരുടെയും ചരിത്രത്തിൽ ഇതല്ലാത്ത ഒരുപാട് ഗുണപാഠങ്ങൾ നമുക്ക് കാണുവാൻ സാധിക്കും.

അതിൽ നിന്നെല്ലാം ഉപകാരമെടുക്കുകയും, അത് പ്രയോഗികമാക്കുകയും ചെയ്യുന്നവരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ,

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ മുസ്‌ലിമീങ്ങളെ,

നിങ്ങൾ അറിയുക, അല്ലാഹു നിങ്ങളോട് കരുണ കാണിക്കട്ടെ- നബി ﷺ യുടെ ഹിജ്റയെ ആദരിക്കുന്നതിന്റെ ഭാഗമേ അല്ല അതിനെ ഒരു ആഘോഷമാക്കി മാറ്റുക എന്നത്. ആ ആഘോഷത്തിൽ മേൽ പറയപ്പെട്ടത് പോലുള്ള ഗുണപാഠങ്ങൾ സ്മരിക്കപ്പെടുന്നെങ്കിലും ശരി.

മറിച്ച് ഹിജ്റയെ പ്രത്യേകമായും, നബി ﷺ യുടെ ചരിത്രത്തെ പൊതുവായും ബഹുമാനിക്കുക എന്നത് അവിടുത്തെ മാതൃകയാക്കിക്കൊണ്ടും, അതുമായി ബന്ധപ്പെട്ട അനാചാരങ്ങളെ വെടിഞ്ഞുമാണ്.

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

അല്ലാഹുവിന്റെ അടിമകളെ, അല്ലാഹു നീതിയും,, നന്മയും, ബന്ധുക്കളോടുള്ള ബാധ്യതകളും നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു.

അവൻ മ്ലേഛതകളും, തിന്മകളും, പകയും നിങ്ങളോട് വിലക്കിയിരിക്കുന്നു.

നിങ്ങൾ ഉറ്റാലോചിക്കാൻ അവൻ നിങ്ങളെ ഉപദേശിക്കുന്നു.

നിങ്ങൾ അവനെ ഓർക്കുക അവൻ നിങ്ങളെ ഓർക്കുന്നതാണ്.

അവന്റെ അനുഗ്രഹങ്ങൾക്ക് നിങ്ങൾ നന്ദി കാണിക്കുക. എങ്കിൽ അവൻ നിങ്ങൾക്ക് വർധനവ് നൽകും.

അല്ലാഹുവിന്റെ സ്മരണയാണ് ഏറ്റവും വലുത്.

നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അവൻ അതറിയുന്നു.

3

ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുന്ന കാര്യങ്ങൾ

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ഒന്നാമത്തെ കാര്യം :

അല്ലാഹുവിൽ പങ്കു ചേർക്കൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലഹുവിനെ സൂക്ഷിക്കുകയും, അവനെ ബഹുമാനിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും, ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയുക. അല്ലാഹു അവതരിപ്പിച്ച എല്ലാ നിയമ വ്യവസ്ഥയും ഏകോപ്പിച്ച കാര്യമാണ് അല്ലാഹുവെ അവന്റെ ആരാധനകളിൽ ഏകനാക്കൽ നിർബന്ധമാണെന്നത്.

അല്ലാഹു പറഞ്ഞു:

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ﴾

ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.

മറ്റൊരായത്തിൽ അല്ലാഹു പറഞ്ഞു:

﴿فَٱعۡبُدِ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ﴾

അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് മാതമാക്കി അവനെ മാത്രം നീ ആരാധിക്കുക.

ശൈഖ് അബ്ദുർറഹ്മാൻ നാസിർ അസ്സഅദി رحمه الله ഈ ആയത്തിനെ വിശദീകരിക്കവെ പറഞ്ഞു: നിന്റെ ദീനീയ്യായ എല്ലാ കാര്യങ്ങളും, അത്

പ്രത്യക്ഷമായ കർമ്മങ്ങളാകട്ടെ, പരോക്ഷമായതാകട്ടെ അവയെല്ലാം അല്ലാഹുവിന് വേണ്ടി മാത്രമായി നീ ചെയ്യുക. അല്ലാഹുവിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ചു കൊണ്ട് ഇസ്ലാമും, ഈമാനും, ഇഹ്സാനും അവനെ ഏകനാക്കി പ്രവർത്തിക്കുക. മറ്റൊരു ലക്ഷ്യവും നിനക്കുണ്ടാകുവാൻ പാടില്ല.

അല്ലാഹു പറഞ്ഞു:

﴿أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ﴾

അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു പങ്കുചേർക്കലുകളിൽ നിന്ന് മുക്തമായ സർവ അനുസരണവും.

ഇത് നിശ്കളങ്കമായി അല്ലാഹുവിനെ ആരാധിക്കുവാനുള്ള കൽപ്പനയാണ്. അല്ലാഹുവിനാണ് എല്ലാ പരിപൂർണ്ണതയുമുള്ളതെന്നും, എല്ലാ തരത്തിലുള്ള ഔദാര്യവും അവൻ തന്റെ അടിമകൾക്ക് നൽകുന്നു എന്നും അവൻ വിശദീകരിക്കുന്നു. അപ്രകാരം തന്നെ എല്ലാ കലർപ്പുകളിൽ നിന്നും മുക്തമായ പരിശുദ്ധമായ എല്ലാ ആരാധനകളും അവനുള്ളതാണ്. അതാണ് അവൻ സ്വന്തത്തിനും തന്റെ അടിമളിലെ നല്ലവരായവർക്കും ഇഷ്ടപ്പെടുന്ന ദീൻ. അവൻ അവരെ അത് കൊണ്ട് കൽപ്പിക്കുകയും ചെയ്തിരിക്കുന്നു. കാരണം അവനുള്ള സകല ആരാധനകളിലെയും, അടിമളുടെ നന്മകൾ കരസ്ഥമാക്കാനുള്ള തേട്ടങ്ങളിലെ താഴ്മയിലും, അവനിലെ ഭയത്തിലും, പ്രതീക്ഷയിലും, അവനോടുള്ള സ്നേഹത്തിലുമെല്ലാം അവനെ മാത്രമാക്കിക്കൊണ്ടുള്ള ആരാധന ഉൾക്കൊള്ളുന്ന മതമാണത്. അതിന് മാത്രമേ മനുഷ്യരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാനും, നേരാക്കുവാനും, സംസകരിക്കുവാനും സാധിക്കുക. അതെല്ലാതെ ശിർക്ക് അഥവാ അവന്റെ ആരാധനകളിൽ അവനിൽ പങ്ക് ചേർക്കുന്ന ഒരു ആദർശത്തിനും അത് സാധ്യമല്ല. അവൻ അവയിൽ നിന്നെല്ലാം മുക്തനാണ്. അതിലൊന്നും അല്ലാഹുവിനുള്ള ഒന്നും തന്നെയില്ല. അവൻ പങ്ക് ചേർക്കുന്നവരുടെ പ്രവർത്തനങ്ങളിൽ നിന്നും ധന്യനാണ്. അവനിൽ പങ്ക് ചേർക്കൽ ഹൃദയത്തെയും, ആത്മാവിനെയും, ദുനിയാവിനെയും, പരലോകത്തെയും, നശിപ്പിച്ച് കളയുന്നതും, അവയിലെല്ലാം ദൗർഭാഗ്യം കൊണ്ടു വരുന്നതുമാണ്.

എല്ലാ ശരീഅത്തും ഏകോപ്പിച്ച കാര്യമാണ് അല്ലാഹുവിൽ പങ്കുചേർക്കൽ നിഷിദ്ധമാണെന്നത്.

അല്ലാഹുവിന്റെ അടിമകളെ, അല്ലാഹുവിനുള്ള ആരാധനയിൽ അവനിൽ പങ്കു ചേർക്കുന്നതിൽ നിന്ന് താക്കീത് ചെയ്യുക എന്നതും എല്ലാ ശരീഅത്തും ഏകോപിച്ച കാര്യമാണ്.

﴿وَلَقَدۡ أُوحِيَ إِلَيۡكَ وَإِلَى ٱلَّذِينَ مِن قَبۡلِكَ لَئِنۡ أَشۡرَكۡتَ لَيَحۡبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلۡخَٰسِرِينَ﴾

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.

ശിർക്കിന്റെ നിർവചനം

ഒരുവൻ ഏകമായ ഒരു കാര്യത്തെ അതല്ലാത്ത മറ്റൊന്നുമായി പങ്കുചേർക്കുക. അല്ലെങ്കിൽ രണ്ട് കാര്യങ്ങളെയൊ അതിൽ കൂടുതൽ ഉള്ളതിനെയൊ പരസ്പരം പങ്ക് ചേർക്കുന്നതിനാണ് ഭാഷയിൽ ശിർക്ക് എന്ന് പറയുന്നത്.

അല്ലാഹുവിൽ പങ്ക് ചേർക്കുക എന്നാൽ അവന് മാത്രം പ്രത്യേകമായ, യാതൊരാളും അതിൽ പങ്ക് ചേർക്കപ്പൊടാൻ പാടില്ലാത്ത ഏതെങ്കിലും ഒരു കാര്യത്തിൽ അവന് പങ്കാളികളെ നിശ്ചയിക്കൽ എന്നതാണ്. അത് അവന്റെ നാമഗുണവിശേഷണങ്ങളിൽപ്പെട്ടതോ, അവന്റെ പ്രവർത്തനങ്ങളിൽപ്പെട്ടതോ, ആരാധനകൾ പോലുള്ള അവന്റെ അവകാശങ്ങളിൽപ്പെട്ടതോ ആയാലും ശരി. അതിലൊന്നിലും തന്നെ അവനു പുറമെയുള്ള യാതൊന്നിനെയും പങ്കുചേർക്കാൻ പാടുള്ളതല്ല. പങ്ക് ചേർക്കപ്പെടുന്നവൻ മനുഷ്യനോ,ജിന്നോ,ജീവനില്ലാത്തല്ലതോ, ഖബ്റോ അതല്ലാത്ത മറ്റെന്തെങ്കിലും ആയാലും ശരി. അവയൊന്നും അവനിൽ പങ്ക് ചേർക്കപ്പെടാൻ പാടില്ല.

ജനങ്ങളെല്ലാം തൗഹീദിൽ (അല്ലാഹുവിനെ മാത്രം ആരാധിക്കൽ) ആയിരുന്നു. പിന്നീട് നൂഹ് നബിയുടെ സമൂഹത്തിലുള്ള നല്ലവരായ ആളുകളോടുള്ള അതിരുവിട്ട ബഹുമാനത്തിലൂടെ അവരിൽ ശിർക്ക് സംഭവിക്കുകയും, തുടർന്ന് അവരിലേക്കല്ലാഹു നൂഹ് നബിയെ അയക്കുകയും ചെയ്തു.

അല്ലാഹുവിന്റെ അടിമകളെ,

ആദം നബിയുടെ കാലം മുതൽ പത്ത് തലമുറ വരെ ജനങ്ങളെല്ലാം തൗഹീദിൽ നിലകൊള്ളുന്നവരായിരുന്നു. പിന്നീട് അവരിൽ ശിർക്ക് സംഭവിച്ചു. തുടർന്ന് അവരെ തൗഹീദിലേക്ക് തിരിച്ചു വിളിക്കുന്നതിനു വേണ്ടി അല്ലാഹു അവരിലേക്ക് നൂഹ് നബിയെ നിയോഗിച്ചു.

അല്ലാഹു പറഞ്ഞു:

﴿كَانَ النَّاسُ أُمَّةً وَاحِدَةً فَبَعَثَ اللَّهُ النَّبِيِّينَ مُبَشِّرِينَ وَمُنذِرِينَ﴾

മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുവാനും, നിഷേധികൾക്ക് താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു.

ഇബ്നു അബ്ബാസ് ﷺ പറഞ്ഞു: ആദം നബിയുടെയും, നൂഹ് നബിയുടെയും ഇടയിൽ പത്ത് തലമുറകൾ ഉണ്ടായിരുന്നു. അവരെല്ലാം സത്യദീനിൽ ആയിരുന്നു.

ശേഷം അവർ ഭിന്നിച്ചു. അപ്പോൾ അല്ലാഹു അവരിലേക്ക് പ്രവാചകന്മാരെ നിയോഗിച്ചു.

മറ്റൊരായത്തിൽ അല്ലാഹു പറഞ്ഞു:

﴿وَمَا كَانَ ٱلنَّاسُ إِلَّآ أُمَّةً وَ ٰحِدَةً فَٱخۡتَلَفُواْ﴾

മനുഷ്യർ ഒരൊറ്റ സമൂഹം മാത്രമായിരുന്നു. എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ്.

അഥവാ : തങ്ങൾ നിലകൊണ്ട ശരിയായ ദീനിൽ നിന്നും മാറി അവർ ശിർക്കിൽ അകപ്പെടുകയും, അതിനാൽ തന്നെ അവർ ഭിന്നിക്കുകയും ചെയ്തു.

അല്ലയോ മുസ്ലിമീങ്ങളെ,

ശിർക്ക് സംഭവിച്ചതിന് ശേഷം അല്ലാഹു തൗഹീദ് പ്രബോധനം ചെയ്യുവാൻ നിയോഗിച്ച ഒന്നാമത്തെ പ്രവാചകനാണ് നൂഹ് നബി.

അല്ലാഹു പറഞ്ഞു:

﴿إِنَّآ أَوۡحَيۡنَآ إِلَيۡكَ كَمَآ أَوۡحَيۡنَآ إِلَىٰ نُوحٖ وَٱلنَّبِيِّـۧنَ مِنۢ بَعۡدِهِۦۚ﴾

നബിയേ, നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു.

ഇമാം ഇബ്നു കസീർ ﵀ പറഞ്ഞു: ജനങ്ങൾ വിഗ്രഹത്തെ ആരാധിക്കുന്നത് വരെ അവർ ആദം നബിയുടെ മാർഗത്തിലായിരുന്നു. അങ്ങനെ അല്ലാഹു അവരിലേക്ക് നൂഹ് നബിയെ നിയോഗിച്ചു. അദ്ദേഹമാണ് അല്ലാഹു ആദ്യമായി ഭൂമിയിലേക്ക് നിയോഗിച്ച റസൂൽ.

സമൂഹത്തിലെ നല്ലവരായ ആളുകളെ ബഹുമാനിക്കുന്നതിലും, ആദരിക്കുന്നതിലും അതിരുവിട്ടതിലൂടെയാണ്. നൂഹ് നബിയുടെ സമൂഹത്തിൽ ശിർക്ക് ആരംഭിക്കുന്നത്.

ഇമാം ബുഖാരിയുടെ സ്വഹീഹിൽ ഇബ്നു അബ്ബാസ് സൂറത്തുന്നൂഹിലെ ആയത്ത് വിശദീകരിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞതായി കാണാം.

അല്ലാഹു പറഞ്ഞു :

﴿وَقَالُواْ لَا تَذَرُنَّ ءَالِهَتَكُمۡ وَلَا تَذَرُنَّ وَدّٗا وَلَا سُوَاعٗا وَلَا يَغُوثَ وَيَعُوقَ وَنَسۡرٗا﴾

അവർ പറഞ്ഞു: ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്ർ എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്.

ഇബ്നു അബ്ബാസ് പറഞ്ഞു: ഈ പറയപ്പെട്ട പേരുകൾ നൂഹ് നബിയുടെ സമൂഹത്തിലെ നല്ലവരായ ആളുകളുടെ പേരുകളാണ്. അവർ മരണപ്പെട്ടപ്പോൾ പിശാച് അവരുടെ പ്രതിമകൾ അവർ ഇരുന്നിരുന്ന സ്ഥലങ്ങളിൽ നാട്ടിവെക്കുവാനും, അവക്ക് അവരുടെ പേര് നൽകുവാനും അവർക്ക് ദുർബോധനം നൽകി.

അപ്രകാരം അവർ പ്രവർത്തിച്ചു. എന്നാൽ അവർ ആ പ്രതിമകളെ ആരാധിച്ചില്ല. എന്നാൽ അവർ മരണപ്പെടുകയും അറിവ് ദുർബലപ്പെടുത്തപ്പെടുകയും ചെയ്തപ്പോൾ ആ പ്രതിമകൾ ശേഷം വന്ന സമൂഹത്തിനാൽ ആരാധിക്കപ്പെട്ടു.

തൗഹീദിന്റെ മൂന്ന് ഇനങ്ങളിലും ശിർക്ക് സംഭവിക്കും

അല്ലാഹുവിന്റെ അടിമകളെ,

അല്ലാഹുവിൽ പങ്കു ചേർക്കൽ നിശിദ്ധമാണെന്നത് ദീനിൽ അറിഞ്ഞിരിക്കൽ നിർബന്ധമായ കാര്യമാണ്. നമ്മുടെ ഇസ്ലാം പൊളിച്ചു കളയുകയും, ഇസ്ലാമിന്റെ വൃത്തത്തിൽ നിന്നും നമ്മെ കുഫ്റിലേക്ക് എത്തിക്കുന്നതമായ കാര്യമാകുന്നു ശിർക്ക്. അതിൽ അകപ്പെട്ടവൻ നിസ്കരിക്കുകയും, നോമ്പ് നോൽക്കുകയും, ഞാൻ മുസ്മാണെന്ന് പറയുകയും വരെ ചെയ്താൽ പോലും അവൻ കാഫിറാകുന്നു.

ഇസ്ലാമിൽ നിന്നും നമ്മെ പുറത്താക്കുന്ന കാര്യങ്ങളിൽ ഏറ്റവും അധികം ജനങ്ങളിൽ സംഭവിക്കുന്നതുമായ കാര്യമാണ് ശിർക്ക് എന്നുള്ളത്.

ശിർക്കിന്റെ മ്ലേഛതയും, അത് പ്രവർത്തിക്കുന്ന മുശ്രികുകൾക്കുള്ള കടുത്ത ശിക്ഷയും ഖുർആനിൽ ഒരുപാട് വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

അല്ലാഹു അതിൽ നിന്നും നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ.

അല്ലായോ വിശ്വാസികളെ,

ശിർക്ക് അല്ലാഹുവിന് മാത്രമുള്ള ആരാധനയിലും. അവന്റെ രക്ഷാകർതൃത്വത്തിലും, അവന്റെ നാമഗുണ വിശേഷണങ്ങളിലും സംഭവിക്കുന്നതാണ്.

അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിൽ ശിർക്ക് സംഭവിക്കുന്നതിന്റെ ഉദാഹരണമാണ് ഈ ലോകത്തെ അല്ലാഹുവോടൊപ്പം നിയന്ത്രിക്കുന്ന മറ്റാരെങ്കിലുമുണ്ടെന്ന് വിശ്വസിക്കൽ, അവനോടൊപ്പം ഉപജീവനം നൽകുന്ന മറ്റാരെങ്കിലുമുണ്ടെന്ന് വിശ്വസിക്കൽ, അവനോടൊപ്പം സൃഷ്ടിക്കുന്നവനായി മറ്റാരെങ്കിലുമുണ്ടെന്ന് വിശ്വസിക്കൽ. അവനല്ലാതെ മറ്റാരെങ്കിലും ജീവിപ്പിക്കുമെന്നോ, മരിപ്പിക്കുമെന്നോ വിശ്വസിക്കൽ. തുടങ്ങിയവ.

മേൽപ്പറഞ്ഞ കാര്യങ്ങൾ ആരെങ്കിലും വിശ്വസിച്ചാൽ അവൻ മുശ്രികാണ്.

എന്നാൽ മേൽപ്പഞ്ഞതായ കാര്യങ്ങളൊ, അല്ലാത്ത തൊ ആയ അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ അവനെ ഏകനാക്കുക എന്നതാണ് നിർബന്ധമായ കാര്യം. അതിൽ നിന്നും ഏതെങ്കിലുമൊന്ന് അല്ലാഹുവല്ലാത്തവരിലേക്ക് ചേർത്തിപ്പറയാൻ ഒരു മുസ്ലിമിന് പാടുള്ളതല്ല.

അല്ലാഹുവിന്റെ നാമങ്ങളിൽ പങ്കു ചേർക്കുന്നതിൻ്റ ഉദാഹരണമാണ് മുസൈലിമതുൽ കദ്ദാബ് അവനെ റഹ്മാനുൽ യമാമ എന്ന് നാമകരണം

നടത്തിയത്. അവൻ നബി ﷺ യുടെ കാലഘട്ടത്തിൽ പ്രവാചകത്വം അവകാശപ്പെട്ട് പുറത്ത് വന്നവനാണ്. അവൻ സ്വന്തത്തിന് അർറഹ്മാൻ എന്ന അല്ലാഹുവിന്റെ പേര് നൽകി. അത് അല്ലാഹുവിന് മാത്രം പ്രത്യേകമായ അവന്റെ പേരുകളിൽ പെട്ടതാണ്.

അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പങ്കു ചേർക്കുന്നതിന്റെ ഉദാഹരണമാണ് അവനല്ലാത്തവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയും എന്ന് വാദിക്കൽ.

മാരണക്കാരും, ജോത്സ്യൻമാരുമായ ആളുകളെപ്പോലെയുള്ളവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് വിശ്വസിക്കുന്നത് പോലെ. അല്ലെങ്കിൽ നബി ﷺ ക്ക് മറഞ്ഞ കാര്യങ്ങൾ അറിയും എന്ന് വിശേഷിപ്പിക്കുക പോലെ. ഇപ്രകാരം ആരെങ്കിലും അല്ലാഹു അല്ലാത്ത ആളുകൾക്ക് ഇത്തരം വിശേഷണങ്ങൾ ചാർത്തിക്കൊടുത്താൽ അവൻ മുശ്രികാകുന്നു.

അല്ലാഹു സ്വന്തത്തെ വിശേഷപ്പിച്ചത് പോലെ അവന് മാത്രമേ മറഞ്ഞ കാര്യങ്ങൾ അറിയൂ എന്നത് വിശ്വസിക്കൽ നിർബന്ധമായ കാര്യമാണ്.

അല്ലാഹു പറഞ്ഞു:

﴿قُل لَّا يَعۡلَمُ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ ٱلۡغَيۡبَ إِلَّا ٱللَّهُۚ﴾

നബിയേ, പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ.

അടിമകളുടെ പ്രവർത്തനങ്ങളായ ആരാധനകളിൽ അല്ലാഹുവിൽ പങ്ക് ചേർക്കുക എന്നാൽ. അവനോടൊപ്പം ഏതെങ്കിലുമൊരു ആരാധനയിൽ അവനല്ലാത്തവരെ പങ്കു ചേർക്കുക എന്നതാണ്.

അത് പ്രാർത്ഥനയൊ, സുജൂദൊ, ബലികർമമോ, നേർച്ചയൊ, പ്രതീക്ഷയൊ, ഭയമൊ, പോലുള്ള ഏത് ആരാധനയായാലും ശരി. ഈ പറയപ്പെട്ട ആരാധനകളിൽ ഏതെങ്കിലുമൊന്ന് ആരെങ്കിലും അല്ലാഹു അല്ലാത്ത വല്ലവരിലേക്കും തിരിച്ചു വിട്ടാൽ അവൻ അല്ലാഹുവിൽ പങ്ക് ചേർത്തിരിക്കുന്നു..

അല്ലാഹു അവന്റെ നബിയോട് പറഞ്ഞു:

﴿وَلَقَدۡ أُوحِيَ إِلَيۡكَ وَإِلَى ٱلَّذِينَ مِن قَبۡلِكَ لَئِنۡ أَشۡرَكۡتَ لَيَحۡبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلۡخَٰسِرِينَ﴾

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.

മറ്റൊരായത്തിൽ അല്ലാഹു പറഞ്ഞു:

﴿بَلِ ٱللَّهَ فَٱعۡبُدۡ وَكُن مِّنَ ٱلشَّٰكِرِينَ﴾

അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.

അല്ലാഹു നമ്മെ അവനോട് മാതം പ്രാർത്ഥിക്കുവാൻ കൽപ്പിച്ചിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿فَٱدۡعُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ وَلَوۡ كَرِهَ ٱلۡكَٰفِرُونَ﴾

അതിനാൽ ആരാധന അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി.

നബി ﷺ പറഞ്ഞു:

الدعاء هو العبادة

പ്രാർത്ഥന അത് തന്നെയാണ് ആരാധന.

വിശുദ്ധ ഖുർആനിൽ മുന്നൂറോളം സ്ഥലത്ത് അല്ലാഹു അവനോട് മാത്രമേ പ്രാർത്ഥിക്കാവൂ എന്ന് കൽപ്പിച്ചിട്ടുണ്ട്. ബലികർമവും അപ്രകാരം അവന് വേണ്ടി മാത്രമേ അർപ്പിക്കാവൂ എന്നും നബി ﷺ യോട് കൽപ്പിച്ചു.

അല്ലാഹു പറഞ്ഞു:

﴿فَصَلِّ لِرَبِّكَ وَٱنۡحَرۡ﴾

നീ എനിക്ക് വേണ്ടി മാത്രം നിസ്കരിക്കുകയും, എനിക്ക് വേണ്ടി മാത്രം ബലി അർപ്പിക്കുകയും ചെയ്യുക.

മറ്റൊരിടത്ത് വീണ്ടും അല്ലാഹു അവിടുത്തോട് കൽപ്പിച്ചു:

﴿قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ﴾

പറയുക: തീർച്ചയായും എന്റെ നമസ്കാരവും, എന്റെ ബലികർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു.

﴿لَا شَرِيكَ لَهُۥۖ وَبِذَٰلِكَ أُمِرۡتُ وَأَنَا۠ أَوَّلُ ٱلۡمُسۡلِمِينَ﴾

അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്.

നബി ﷺ പറഞ്ഞു : .

لعن الله من ذبح لغير الله

അല്ലാഹുവല്ലത്തവർക്കു വേണ്ടി ബലി അറുക്കുന്നവരെ അവൻ ശപിക്കട്ടെ,

ചുരുക്കത്തിൽ അല്ലാഹു അവല്ലത്തവർക്ക് ആരാണോ ഏതെങ്കിലുമൊരു ആരാധന വകവെച്ചു കൊടുക്കുന്നത് അവൻ ശിർക്ക് ചെയ്തിരിക്കുന്നു.

ആരാധിക്കപ്പെടുന്നത് ഖബ്റോ, നബിയോ, ജോത്സ്യനോ, ജിന്നോ അതല്ലാത്തതൊ ആയാലും ശരി.

ആരാധനകൾ അല്ലാഹു അല്ലാത്തവർക്ക് നൽകിയത് അവരെ അല്ലാഹുലിലേക്കുള്ള മദ്ധ്യവർത്തിയോ, ശുപാർശ പറയുന്നവനോ, അല്ലാഹുവിലേക്ക് സാമീപ്യം ലഭിക്കാനുള്ള കാരണമോ ആക്കിക്കൊണ്ടായാലും

ശരി. അതെല്ലാം ശിർക്ക് തന്നെയാണ്. മേൽപ്പറഞ്ഞതെല്ലാം മുശ്രികുകൾ ഉന്നയിക്കുന്ന കേവലം നിരർത്ഥകമായ അവരുടെ ന്യായീകരണങ്ങൾ മാത്രമാകുന്നു.

അല്ലാഹു മുശ്രികുകളെ കുറിച്ച് പറഞ്ഞു:

﴿وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ﴾

അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു 'അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.' അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.

മറ്റൊരിടത്ത് അല്ലാഹു പറഞ്ഞു:

﴿وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمۡ وَلَا يَنفَعُهُمۡ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِۚ﴾

അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ ആരാധ്യർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു.

അല്ലാഹു പറഞ്ഞു :

﴿أَمِ ٱتَّخَذُواْ مِن دُونِ ٱللَّهِ شُفَعَآءَۚ قُلۡ أَوَلَوۡ كَانُواْ لَا يَمۡلِكُونَ شَيۡـٔٗا وَلَا يَعۡقِلُونَ﴾

അതല്ല, അല്ലാഹുവിനു പുറമെ അവർ ശുപാർശക്കാരെ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അവർ ശുപാർശക്കാർ യാതൊന്നും അധീനപ്പെടുത്തുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്യുന്നില്ലെങ്കിൽ പോലും അവരെ ശുപാർശക്കാരാക്കുകയോ?

അപ്പോൾ ഖുർആനിലെ ഖണ്ഡിതമായ തെളിവ് കൊണ്ട് അല്ലാഹു അല്ലാത്തവരെ മദ്ധ്യവർത്തി ആക്കിക്കൊണ്ടോ, ശുപാർശക്കാരാക്കിക്കൊണ്ടോ ആരാധിക്കൽ നിരർത്ഥമാണെന്നത് തൊളിയിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം പ്രവർത്തിക്കുന്നവർ ശിർക്കിനെ മറ്റ് ഓമനപ്പേരിട്ട് നല്ലതായി ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. അവർ സൃഷ്ടാവായ അല്ലാഹുവിനെ സൃഷ്ടികളുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു.

ദുനിയാവിലെ രാജാക്കൻമാരിലേക്കും, ഭരണാധികാരികളിലേക്കും, മധ്യസ്ഥൻമാരില്ലാതെയൊ, ശുപാർശക്കാരില്ലാതെയൊ അടുക്കുവാൻ സാധിക്കാത്തത് പോലെ റബ്ബിലേക്കടുക്കുവാൻ അവന്റെ പടപ്പുകളായ, നബിമാരും,മലക്കുകളും, നല്ലവരായ ആളുകളുടെ ഖബ്റുകളും പോലുള്ളവയെ

മദ്ധ്യവർത്തികളും, ശുപാർശക്കാരുമായി നിശ്ചയിച്ച് അവർക്ക് ആരാധനകൾ നൽകിയാലെ അല്ലാഹുവിലേക്കടുക്കുവാൻ സാധിക്കൂ. അതല്ലാതെ നേരിട്ട് അടിമളായ മനുഷ്യർക്ക് അവനിലേക്കടുക്കുവാൻ സാധ്യമല്ല എന്നവർ വാദിച്ചു.

ഇത് അപകടം പിടിച്ച തനിച്ച ശിർക്കൻ വാദമാകുന്നു.

അപ്പോൾ ചുരുക്കത്തിൽ ശിർക്ക് മേൽ സൂചിപ്പിക്കപ്പെട്ട എല്ലാ തൗഹീദിന്റെ ഇനങ്ങളിലും സംഭവിക്കുകയും, അങ്ങനെ തൗഹീദിനെ പൊളിച്ചു കളയുകയും ചെയ്യും.

എന്നാൽ പൊതുവെ ശിർക്ക് ധാരാളമായും സംഭവിക്കാറുള്ളത് അല്ലാഹുവിന് അടിമകൾ നൽകേണ്ട ആരാധനകളിലാകുന്നു.

അല്ലാഹുവിന്റെ അടിമകളെ,

തൗഹീദിന്റെയും, ശിർക്കിന്റെയും നിർവചനത്തെക്കുറിച്ചുള്ള വളരെ ഉപകാരപ്രദമായ പ്രധാനപ്പെട്ട ചില ആമുഖങ്ങളാണ് മേൽ സൂചിപ്പിച്ച കാര്യങ്ങൾ. ഇവ ആരാണോ മനസ്സിലാക്കുന്നത് അവന് അല്ലാഹു ജനങ്ങളെ പടച്ചതിന്റെ ലക്ഷ്യം മനസ്സിലാക്കുവാനുള്ള സന്മാർഗത്തിന്റെ വാതിൽ തുറക്കപ്പെടുന്നതാണ്.

രണ്ടാമത്തെ ഖുതുബ

ആറ് രൂപങ്ങളാൽ ശിർക്ക് വളരെ മ്ലേഛമാണ്

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

നിങ്ങൾ അറിയുക, ശിർക്കിന്റെ മ്ലേഛത ആറ് രൂപത്തിൽ വ്യത്മാകും.

ഒന്ന്: ശിർക്ക് അല്ലാഹു ധിക്കരിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും ഗുരുതരമായ തിന്മയാണ്. കാരണം അത് അല്ലാഹുവിന്റെ അവകാശങ്ങളായ ആരാധനകളും, അവനോടുള്ള താഴ്മയും, വിനയവും പോലുള്ള കാര്യങ്ങൾ അവന് ഹനിക്കലും, നബ്വിനോടുള്ള അങ്ങേയറ്റത്തെ നന്ദി കേടും. അവനോടുള്ള മോശമായ വിചാരത്തിനുള്ള തെളിവുമാണ്. അതിനാൽ തന്നെ അത് വൻപാപങ്ങളിൽ ഒന്നാമത്തെതാണ്.

അല്ലാഹു പറഞ്ഞു:

﴿إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدِ ٱفۡتَرَىٰٓ إِثۡمًا عَظِيمًا﴾

തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.

അല്ലാഹു പറഞ്ഞു:

﴿إِنَّ ٱلشِّرۡكَ لَظُلۡمٌ عَظِيمٞ﴾

തീർച്ചയായും ശിർക് അല്ലാഹുവിൽ പങ്കുചേർക്കൽ വലിയ അക്രമം തന്നെയാകുന്നു.

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ പറഞ്ഞു: ഞാൻ നബി ﷺ യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലെ, ഏറ്റവും ഗുരുതരമായ തിന്മ ഏതാണ്. അവിടുന്ന് പറഞ്ഞു: അല്ലാഹുവാണ് നിന്നെ സൃഷ്ടിച്ചെന്നിരിക്കെ അവനിൽ നീ പങ്കാളിയെ നിശ്ചയിക്കലാണ്.

രണ്ട് : ശിർക്ക് സകല പ്രവർത്തനങ്ങളെയും പൊളിച്ചു കളയുന്നതാണ്. അല്ലാഹു പറഞ്ഞു:

﴿وَلَوۡ أَشۡرَكُواْ لَحَبِطَ عَنۡهُم مَّا كَانُواْ يَعۡمَلُونَ﴾

അവർ അല്ലാഹുവോട് പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു.

അല്ലാഹു അവന്റെ നബിയോട് പറഞ്ഞു:

﴿وَلَقَدۡ أُوحِيَ إِلَيۡكَ وَإِلَى ٱلَّذِينَ مِن قَبۡلِكَ لَئِنۡ أَشۡرَكۡتَ لَيَحۡبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلۡخَٰسِرِينَ﴾

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.

മറ്റൊരായത്തിൽ അല്ലാഹു പറഞ്ഞു:

﴿بَلِ ٱللَّهَ فَٱعۡبُدۡ وَكُن مِّنَ ٱلشَّٰكِرِينَ﴾

അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക.

മൂന്ന് : ശിർക്കിലായി മരണപ്പെടുന്നവന് അല്ലാഹു ഒരിക്കലും പൊറുത്തു കൊടുക്കുകയില്ല. അവൻ നരകത്തിൽ ശാശ്വതനായിരിക്കും.

അല്ലാഹു പറഞ്ഞു:

﴿إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدۡ ضَلَّ ضَلَٰلَۢا بَعِيدًا﴾

തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿إِنَّهُۥ مَن يُشۡرِكۡ بِٱللَّهِ فَقَدۡ حَرَّمَ ٱللَّهُ عَلَيۡهِ ٱلۡجَنَّةَ وَمَأۡوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ﴾

അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക്സഹായികളായി ആരും തന്നെയില്ല' എന്നാണ്

നാല് : അല്ലാഹു ശിർക്കിന്റെ ഗൗരവം ശക്തമായി ഖുർആനിലൂടെ താക്കീത് ചെയ്യുകയും, മുശ്രികുകളെ ആക്ഷേപിക്കുകയും അവരുടെ പരലോക സങ്കേതം നരകമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ശിർക്കുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾ ഖുർആനിൽ നൂറിൽ കൂടുതൽ കാണുവാൻ സാധിക്കും. നബി ﷺ അവിടുത്തെ ഒരുപാട് ഹദീസുകളിലൂടെയും ശിർക്കിൽ നിന്ന് താക്കീത് ചെയ്തിട്ടുണ്ട്.

അഞ്ച്:മഹാന്മാരായ പ്രവാചകൻമാരും, അവരെ പിൻപറ്റിയവരും ശിർക്കിനെ അതീവ ജാഗ്രതയോടെ കാണുകയും അതിൽ അകപ്പെടുമോ എന്ന് ഭയപ്പെടുകയും ചെയ്തിരുന്നു.

ഇബ്റാഹീം നബിയുടെ വാക്കായി അല്ലാഹു പറഞ്ഞു:

﴿وَٱجۡنُبۡنِي وَبَنِيَّ أَن نَّعۡبُدَ ٱلۡأَصۡنَامَ﴾

എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ.

ആറ്: അല്ലാഹുവിനുള്ള ആരാധനകളിൽ അവനല്ലാത്തവരെ പങ്ക് ചേർക്കൽ ഇസ്ലാമിൽ നിന്ന് തന്നെ പുറത്ത് പോകുന്ന കാര്യമാണ് എന്നതിൽ ഇസ്ലാമിന്റെ എല്ലാ പണ്ഡിതൻമാരും ഏകോപിച്ചിരിക്കുന്നു. ഇമാം ഇബ്നു തൈമിയ പറഞ്ഞു: ആരാണോ അല്ലാഹുവിന് പുറമെ മലക്കുകളെയും, പ്രവാചകന്മരെയും, മദ്ധ്യവർത്തികളാക്കി അവരോട് തേടുകയും, അവരിൽ ഭരമേൽപ്പിക്കുകയും, നന്മകൾ നൽകുവാനും, അപകടങ്ങളിൽ നിന്നും രക്ഷിക്കുവാനും, പാപങ്ങൾ പൊറുക്കുവാനും, ഹൃദയശാന്തി ലഭിക്കുവാനും, പ്രശ്നങ്ങൾ പരിഹരിക്കുവാനും അവരോട് തേടുന്നത് അവൻ കാഫിറാണെന്നതിൽ മുസ്മീങ്ങൾ ഏകോപ്പിച്ചിരിക്കുന്നു.

<u>സമാപനം</u>

അല്ലാഹുവിന്റെ അഭിമകളെ,

തൗഹീദും, അതിന്റെ വിപരീതമായ ശിർക്കും മനസ്സിലാക്കുവാനും, ശിർക്കിൽ അകപ്പെടുന്നതിന്റെ ഗൗരവത്തെ കുറിച്ചുമുള്ള ഉപകാരപ്രദമായ ചില ആമുഖങ്ങളാണ് മേൽ സൂചിപ്പിച്ചത്.

മരണം വരെ തൗഹീദിൽ ഉറച്ച് നിൽക്കാൻ അല്ലാഹു നമുക്കെല്ലാവർക്കും ഭാഗ്യം നൽകുമാറാകട്ടെ,

ആരാണോ ഈ ദീനിൽ ഉറച്ച് നിൽക്കുകയും, തൗഹീദിലായി മരണപ്പെടുകയും ചെയ്യുന്നത് അവൻ യാതൊരു വിചാരണയും, ശിക്ഷയും കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന രണ്ടാമത്തെ കാര്യം ;

മുശ്രിക്കുകളെ കാഫിറാക്കാതിരിക്കൽ, അല്ലെങ്കിൽ അതിൽ സംശയിക്കൽ, അവരുടെ നിലപാടുകളെ ശരിവെക്കൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും, അവന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുന്നതിന്റെയും അനിവാര്യത.

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലഹുവിനെ സൂക്ഷിക്കുകയും, അവനെ ബഹുമാനിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും, ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയുക. അല്ലാഹു അവതരിപ്പിച്ച എല്ലാ നിയമ വ്യവസ്ഥയും ഏകോപ്പിച്ച കാര്യമാണ് തൗഹീദിന്റെ നില നിൽപ്പ് രണ്ട് സ്തംഭങ്ങൾക്കു മേലാണ് എന്നത്.

ഒന്ന്: അല്ലാഹു ത്വാഗൂത്തുകൾ എന്ന വിശേഷിപ്പിച്ച അല്ലാഹുവിന് പുറമെയുള്ളവയെ ആരാധിക്കുന്നതിൽ നിന്ന് അകലം പാലിക്കൽ.

രണ്ട്: അല്ലാഹുവിനെ മാത്രമായുള്ള ആരാധനയെ അംഗീകരിക്കൽ. അതാണ് യഥാർത്ഥത്ത തൗഹീദ്.

അതിനാൽ ആരാണോ ബഹുദൈവാരാധകരുടെ മതങ്ങളിൽ നിന്ന് അകലാത്തത് അവർ ത്വാഗൂത്തുകളിൽ നിന്ന് അകലുകയൊ, അവരെ നിശേധിക്കുകയൊ ചെയ്യുന്നില്ല.

അല്ലാഹു പറഞ്ഞു:

﴿فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ﴾

ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോവുകയേ ഇല്ല.

ഈ ആയത്തിന്റെ ആശയം ആരാണോ അല്ലാഹുവിന് പുറമെയുള്ള ത്വാഗൂത്തുകളെ നിഷേധിച്ചത് അവർ ഇസ്ലാമാകുന്ന ബലവത്തായ കയറിൽ മുറുകെപ്പിടിച്ചിട്ടില്ല എന്നതാണ്.

ഇബ്റാഹീം നബി ബഹുദൈവാരാധകരായ തന്റെ സമൂഹത്തിന്റെ മതത്തിൽ അകലം പ്രഖ്യാപ്പിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു:

﴿وَإِذۡ قَالَ إِبۡرَٰهِيمُ لِأَبِيهِ وَقَوۡمِهِۦٓ إِنَّنِي بَرَآءٞ مِّمَّا تَعۡبُدُونَ﴾

ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം ശ്രദ്ധേയമാകുന്നു തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതുമായി ബന്ധം ഒഴിഞ്ഞവനാകുന്നു.

﴿إِلَّا ٱلَّذِي فَطَرَنِي فَإِنَّهُۥ سَيَهۡدِينِ﴾

എന്നെ സൃഷ്ടിച്ചവനൊഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്.

﴿وَجَعَلَهَا كَلِمَةَۢ بَاقِيَةٗ فِي عَقِبِهِۦ لَعَلَّهُمۡ يَرۡجِعُونَ﴾

അദ്ദേഹത്തിന്റെ പിൻഗാമികൾ സത്യത്തിലേക്കു മടങ്ങേണ്ടതിനായി അതിനെ ആ പ്രഖ്യാപനത്തെ അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു.

ത്വാരിഖുബ്നു അശ്യം അൽ അശ്ജഇ رضي الله عنه വിൽ നിന്ന് : നബി ﷺ പറഞ്ഞു:

من قال لا إله إلا الله وكفر بما يعبد من دون الله حرم ماله ودمه وحسابه على الله

ആരാണോ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുകയും അല്ലാഹുവിന് പുറമെയുള്ള ആരാധ്യൻമാരെ നിശേധിക്കുകയും ചെയ്തത് അവന്റെ ധനവും, രക്തവും പവിത്രമായിരിക്കുന്നു. അവന്റെ വിചാരണ അല്ലാഹുവിന്റെ അടുക്കലാണ്.

ഈ ഹദീസിന്റെ ആശയം ആരാണോ അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിശേധിക്കാത്തത് അവന്റെ രക്തവും , ധനവും പവിത്രമാക്കപ്പെടുകയില്ല. അത് കാഫിറുകളുടെ അവസ്ഥയാകുന്നു.

<u>ശിർക്കു ചെയ്തവരെ കാഫിറാക്കാതിരിക്കൽ ഇസ്ലാമിൽ നിന്നും പുറത്തു പോകുന്ന കാര്യങ്ങളിൽ പെട്ടതാണ്. അതിന്റെ വ്യത്യസ്ത രൂപങ്ങളുടെ വിശദീകരണം</u>

അല്ലാഹുവിന്റെ അടിമകളെ, ആരാണൊ, ശിർക്ക് ചെയ്തവരെ കാഫിറാക്കാത്തത്, അല്ലെങ്കിൽ അവരുടെ കുഫ്റിൽ സംശയിക്കുന്നത്, അതുമല്ലെങ്കിൽ അവരുടെ നിലപാടുകളെ ശരി വെക്കുന്നത് അവർ കാഫിറായിക്കുന്നു. അവർ ഇസ്ലാമിൽ നിന്നും പുറത്ത് പോകുന്ന കാര്യങ്ങളിൽ പെട്ട ഒന്നിൽ അകപ്പെട്ടിരിക്കുന്നു.

ഈ തത്വം ഖുർആനിലും, നബി ﷺ യുടെ സുന്നത്തിലും സ്ഥാപ്പിക്കപ്പെട്ട കാര്യമാണ്.

അല്ലാഹുവിന്റെ അടിമകളെ, നിരർത്ഥകങ്ങളായ ഇതര മതങ്ങളെ പിൻപറ്റുന്നവരെ ആരാണൊ കാഫിറാക്കാത്തത് അവൻ യഥാർത്ഥത്തിൽ മുസ്ലിമേ അല്ല.

കാരണം അവൻ അല്ലാഹുവും അവന്റെ റസൂലും കാഫിറാക്കിയവരെ കാഫിറാക്കുന്നില്ല. ഖുർആനിൽ സ്ഥാപിക്കപ്പെട്ട നിയമത്തെയൊ നബി ﷺ യുടെ കൽപ്പനയെയൊ അവൻ സത്യപ്പെടുത്തുന്നുമില്ല.

അതിനാൽ ആരാണോ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും സത്യപ്പെടുത്താതത് അവർ കാഫിറാകുന്നു. അല്ലാഹുവിൽ അഭയം!

മാത്രവുമല്ല ശിർക് ചെയ്തവരെ കാഫിറാക്കാത്തവന് ഈമാനും കുഫ്റും ഒരു പോലെ ആയിരിക്കും. അതിന് രണ്ടിനുമിടയിൽ അവൻ വേർതിരിവ് കൽപ്പിക്കുകയില്ല.

അങ്ങനെയുള്ള ഒരുവൻ കാഫിറാണ്.

അല്ലാഹുവിന്റെ അടിമകളെ, കാഫിറിനെ കാഫിറാക്കാത്തവന്റെ യഥാർത്ഥ അവസ്ഥ അവന് ഇസ്ലാമിന്റെയും, മറ്റ് ഇതര മതങ്ങളിലുള്ള കുഫ്റിന്റെയും വ്യത്യാസം മനസ്സിലായിട്ടില്ല എന്നതാണ്.

ആ വ്യത്യാസം മനസ്സിലാക്കലാകട്ടെ ദീനിൽ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട കാര്യവുമാണ്.

കുഫ്റിനെ എതിർക്കുകയും, കാഫിറുകളായ ആളുകൾക്കുള്ള ഇരുലോകത്തുമുള്ള ശിക്ഷ വിശദീകരിക്കുകയും ചെയ്യുന്ന ഒട്ടനവധി ആയത്തുകൾ പരിശുദ്ധ ഖുർആനിൽ കാണാം. അപ്രകാരം കാഫിറുകളെ കാഫിറാക്കാത്തവനെ

അവൻ ഇസ്ലാമിനും കുഫ്റിനുമിടയിലുള്ള വ്യത്യാസം മനസ്സിലാക്കുകയും, അവരുടെ വിശ്വാസങ്ങളിൽ നിന്ന് തന്റെ നാവുകൊണ്ടും, മനസ്സുകൊണ്ടും പൂർണ്ണമായും ബന്ധവിഛേദനം നടത്താതെ അവനെ മുസ്ലിമെന്ന് വിശേഷിപ്പിക്കാൻ യാതൊരു അർഹതയുമില്ല.

മാത്രവുമല്ല അല്ലാഹുവും റസൂലും കാഫിറാക്കിയവരെ കാഫിറാക്കാത്തവൻ അല്ലാഹു നിഷിദ്ധമാക്കിയ ശിർക്കിനെ അതിൽ അകപ്പെട്ടവരെ കാഫിറാക്കാത്തത് മൂലം അവൻ അനുവദിച്ചിരിക്കുന്നു.

ഇത് അല്ലാഹു അവന്റെ ദീനിൽ നിശ്ചയിച്ച നിയമങ്ങളോടുള്ള തനിച്ച എതിരിടലും, ആ വിഷയത്തിൽ അല്ലാഹുവോടുള്ള വിയോജിപ്പുമാണ്.

അല്ലാഹു പറഞ്ഞു:

﴿قُلۡ تَعَالَوۡاْ أَتۡلُ مَا حَرَّمَ رَبُّكُمۡ عَلَيۡكُمۡۖ أَلَّا تُشۡرِكُواْ بِهِۦ شَيۡـٔٗا﴾

നബിയേ, പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞുകേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്.

ഇമാം ഇബ്നു സഅദി رحمه الله പറഞ്ഞു: ദീനിൽ കാഫിറാണെന്ന് പറയപ്പെട്ടവരെ കാഫിറാണെന്ന് പറയൽ നിർബന്ധമാണ്. ആരാണോ അല്ലാഹുവും അവന്റെ റസൂലും കാഫിറാക്കിയവരെ കാഫിറാക്കാത്തത് അവൻ കാഫിറും അല്ലാഹുവിനെയും റസൂലിനെയും കളവാക്കിയവനുമാണ്. അത് അവന്റെ അരികിൽ കാഫിറായവന്റെ കുഫ്ർ ദീനിയ്യായ തെളുവുകളോടെ സ്ഥിരപ്പെട്ടാലാകുന്നു.

ശൈഖ് അബ്ദുൽ അസീസുബ്നു ബാസ് رحمه الله പറഞ്ഞു: ആരാണോ തെളിവ് സ്ഥാപിക്കപ്പെട്ടിട്ടും, പ്രമാണം വ്യക്തമാക്കപ്പെട്ടിട്ടും കാഫിറിനെ കാഫിറാക്കാതിരിക്കുകയും അതിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നത് അവൻ ആ കാഫിറിനെ പോലെ തന്നെയാണ്. ജൂതനെയും, ക്രിസ്ത്യാനിയെയും, കമ്യൂണിസ്റ്റ്കാരെയും പോലെയുള്ള വ്യക്തമായ കുഫ്റിന്റെ ആളുകളാണവർ എന്ന് ഏതൊരു വിവരവും ദീർഘവീക്ഷണവും കുറഞ്ഞയാളുകൾക്ക് വരെ സംശയം തോന്നത്തവരെപ്പോലും കാഫിറാക്കാത്തവനെ പോലെയുള്ളവർ.

ശൈഖ് സ്വാലിഹ് അൽ ഫൗസാൻ حفظه الله പറഞ്ഞു. ശിൽക്ക് ചെയ്തവരെ കാഫിറാക്കാത്തവൻ മുർതദ്ദും അവരെ പോലെ തന്നെയുള്ള കാഫിറുമാകുന്നു. കാരണം അവന് ഈമാനും കുഫ്റുമെല്ലാം ഒന്നു തന്നെയാണ്. അവൻ ഇസ്ലാമിനും, കുഫ്റിനുമിടയിൽ ഒരു വ്യത്യാസവും കാണുന്നില്ല. അവൻ കാഫിർ തന്നെയാകുന്നു.

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുന്നതിന്റെ പ്രധാന്യം!

അല്ലാഹുവിന്റെ അടിമകളെ,അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുന്നതിന്റെ പ്രധാന്യം കൊണ്ട് തന്നെയാണ് പരിശുദ്ധ ഖുർആനിലെ ആയത്തുകളിൽ ആദ്യം അവയെ നിഷേധിക്കുന്നതിനെ മുന്തിച്ചിട്ടുള്ളത്. കാരണം ഒരു മുസ്ലിമിൽ ഇസ്ലാം ദീനാകുന്ന ബലവത്തായ കയറിൽ മുറുകെപ്പിടിക്കൽ പൂർണ്ണമായും നടപ്പിലാകുന്നതിന് വേണ്ടിയാണത്.

അല്ലാഹു പറഞ്ഞു:

﴿فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ﴾

ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോവുകയേ ഇല്ല.

ഇത് നല്ലത് സ്വീകരിക്കുന്നതിന് മുന്പുള്ള ശുദ്ധീകണത്തിന്റെ ഭാഗമായാണ്. അഥവാ ആദ്യം മാലിന്യങ്ങൾ ഒഴിവാക്കുന്നു പിന്നീട് നന്മ സ്വീകരിക്കുന്നു.

അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളെ നിഷേധിക്കൽ അഞ്ച് കാര്യങ്ങളാൽ സാധ്യമാവും.

അല്ലാഹുവിന്റെ അടിമകളെ, അസത്യവും, നിരർത്ഥകവുമായ മതങ്ങളെ നിഷേധിക്കൽ അഞ്ച് കാര്യങ്ങളിലൂടെയാണ് സാധ്യമാവുന്നത്.

ഒന്ന് : അത് അസത്യമാണെന്ന് വിശ്വസിക്കൽ

രണ്ട് : അവയെ ആരാധിക്കൽ ഉപേക്ഷിക്കൽ

മൂന്ന്: അവയെ വെറുക്കൽ

നാൽ : അതിന്റെ ആളുകളെ കാഫിറാക്കൽ

അഞ്ച്: അവരോട് ശത്രുത വെച്ച് പുലർത്തൽ

ഇത് പരിശുദ്ധ ഖുർആനിന്റെ ആയത്തിലൂടെ വ്യക്തമാകുന്ന കാര്യമാണ്.

അല്ലാഹു പറഞ്ഞു:

قَدۡ كَانَتۡ لَكُمۡ أُسۡوَةٌ حَسَنَةٞ فِيٓ إِبۡرَٰهِيمَ وَٱلَّذِينَ مَعَهُۥٓ إِذۡ قَالُواْ لِقَوۡمِهِمۡ إِنَّا بُرَءَٰٓؤُاْ مِنكُمۡ وَمِمَّا تَعۡبُدُونَ مِن دُونِ ٱللَّهِ كَفَرۡنَا بِكُمۡ وَبَدَا بَيۡنَنَا وَبَيۡنَكُمُ ٱلۡعَدَٰوَةُ وَٱلۡبَغۡضَآءُ أَبَدًا حَتَّىٰ تُؤۡمِنُواْ بِٱللَّهِ وَحۡدَهُۥٓ

നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.

കാഫിറായ ആളുകളിൽ നിന്നും, അവരുടെ പ്രവർത്തിയായ ശിർക്കിൽ നിന്നും ബന്ധം വിഛേദിക്കൽ, അവരോടുള്ള വെറുപ്പും, വിദ്വേഷവും അനിവാര്യമാണെന്നുമുള്ള മൂന്ന് കാര്യങ്ങളാണ് ഈ ആയത്ത് തെളിയിക്കുന്നത്.

അവരുടെ ആരാധ്യൻമാരുടെ നിരർത്ഥകത ഈ ആയത്തിൽ ബാഹ്യമായി തന്നെ വളരെ വ്യക്തമാണ്. അവ നിരർത്ഥകമാണെന്ന് വിശ്വസിക്കാതെ മേൽ പറയപ്പെട്ട മൂന്ന് കാര്യങ്ങളും സംഭവിക്കുകയില്ല.

എനി അവരുടെ ആരാധ്യവസ്തുക്കളെ ആരാധിക്കുന്നത് ഉപേക്ഷിക്കൽ ഇബ്റാഹീം നബി തന്റെ ജനതയോട് പറഞ്ഞ വാക്കായി അല്ലാഹു പറഞ്ഞ ആയത്തിൽ നിന്നും മനസ്സിലാക്കാം.

﴿وَأَعۡتَزِلُكُمۡ وَمَا تَدۡعُونَ مِن دُونِ ٱللَّهِ وَأَدۡعُواْ رَبِّي عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ رَبِّي شَقِيّٗا﴾

നിങ്ങളെയും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർത്ഥിച്ചുവരുന്നവയെയും ഞാൻ വെടിയുന്നു. എന്റെ രക്ഷിതാവിനോട് ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ രക്ഷിതാവിനോട് പ്രാർത്ഥിക്കുന്നതുമൂലം ഞാൻ ഭാഗ്യം കെട്ടവനാകാതിരുന്നേക്കാം.

കുഫ്റിൽ നിന്നുള്ള ബന്ധ വിഛേദനം എല്ലാ അവയവങ്ങളിലൂടെയും സാധ്യമാവും. മേൽ സൂചിപ്പിച്ച രണ്ട് ആയത്തുകളിലും മനോഹരമായ ഒരു ഗുണപാഠമുണ്ട്.

അഥവാ കുഫ്റിൽ നിന്നുള്ള ബന്ധവിഛേദനം നാവു കൊണ്ടും, ഹൃദയം കൊണ്ടും മറ്റു അവയവങ്ങൾ കൊണ്ടും സാധ്യമാവുന്നു.

ഹൃദയം കൊണ്ടുള്ള ബന്ധവിഛേദനം അവരെ വെറുത്തു കൊണ്ടും, അവർ കാഫിറുകളാണെന്ന് വിശ്വസിച്ചു കൊണ്ടുമാണ്. ഇബ്റാഹീം നബി തന്റെ ജനതയോട് പറഞ്ഞത് :

﴿كَفَرۡنَا بِكُمۡ﴾

നിങ്ങളെ ഞങ്ങൾ കാഫിറാക്കിയിരിക്കുന്നു. എന്നതാണ്.

നാവു കൊണ്ടുള്ള ബന്ധവിഛേദനം ഇബ്റാഹീം നബി തന്റെ ജനതയോട് നാവ് കൊണ്ട് വ്യക്തമാക്കിയതിൽ നിന്നും മനസ്സിലാക്കാം. അദ്ദേഹം അവരോട് പറഞ്ഞു:

﴿كَفَرۡنَا بِكُمۡ﴾

നിങ്ങളെ ഞങ്ങൾ കാഫിറാക്കിയിരിക്കുന്നു.

മറ്റ് അവയവങ്ങൾ കൊണ്ടുള്ള ബന്ധവിഛേദനം വ്യക്തമാക്കി അദ്ദേഹം പറഞ്ഞു :

﴿وَأَعۡتَزِلُكُمۡ وَمَا تَدۡعُونَ مِن دُونِ ٱللَّهِ﴾

നിങ്ങളെയും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർത്ഥിച്ചു വരുന്നവയെയും ഞാൻ വെടിയുന്നു.

കുഫ്റിൽ നിന്നുള്ള ബന്ധവിഛേദനം കുഫ്റിന്റെ എല്ലാ ഇനങ്ങളിൽ നിന്നും ഉണ്ടാകണം അത് കേവലം ആരാധനയിൽ ഉള്ള ശിർക്കിൽ നിന്ന് മാത്രമല്ല.

അല്ലാഹുവിന്റെ അടിമകളെ, കുഫ്റിൽ നിന്നുള്ള ബന്ധവിഛേദനം കേവലം ആരാധനയിലുള്ള ശിർക്കിൽ നിന്നുള്ള ബന്ധവിഛേദനം മാത്രമല്ല. മറിച്ച് അത് കുഫ്റിന്റെ എല്ലാ ഇനങ്ങളിൽ നിന്നും ഉണ്ടാകണം.

ഉദാഹരണരത്തിന്. അല്ലാഹുവിനെ ന്യൂനതകൾ കൊണ്ട് വിശേഷിപ്പിക്കൽ

ദീനിനെ പരിഹസിക്കൽ , സ്വഹാബികളെ ആക്ഷേപിക്കൽ നബിയുടെ ഭാര്യമാരായ വിശ്വാസികളുടെ ഉമ്മമാരെ കുറിച്ച് അപവാദം പറയൽ, ജിബ്രീൽ സന്ദേശം കൈമാറുന്നതിൽ വഞ്ചന കാണിച്ചു എന്ന് വാദിക്കൽ, ജൂതന്മാരുടെയൊ, ക്രിസ്ത്യാനികളുടെയൊ, ബുദ്ധൻമാരുടെയൊ, മതത്തെ സത്യപ്പെടുത്തൽ പോലുള്ള ഇസ്ലാമിൽ നിന്നും പുറത്ത് പോകുന്ന, കാര്യങ്ങളിൽ നിന്നെല്ലാം ബന്ധംവിഛേദനം ഉണ്ടാകണം.

അല്ലാഹുവിന്റെ അടിമകളെ, മേൽ പറയപ്പെട്ട ആമുഖത്തിൽ നിന്നും, തൗഹീദിനെ കുറിച്ചും അതിന്റെ വിപരീതങ്ങളായ കാര്യങ്ങളെ കുറിച്ചുമുള്ള അറിവിന്റെ പ്രധാന്യവും, തൗഹീദിൽ ഉള്ള ബന്ധംസ്ഥാപിക്കലും, ശിർക്കിൽ നിന്നുള്ള ബന്ധവിഛേദനവും വ്യക്തമായി. ഇത് കൊണ്ട് ഹൃദയം നേരെയാവുന്നതാണ്. വിപരീതങ്ങൾ കൊണ്ടല്ലാതെ കാര്യങ്ങൾ പൂർണമായും വ്യക്തമാവുകയില്ല.

ഒരു കവിതയിൽ പറയപ്പെട്ടത് പോലെ.

കാര്യങ്ങളുടെ ഭംഗി അതിന്റെ വിപരീതത്തിലൂടെ വെളിവാകുന്നു.

വിപരീതങ്ങൾ കൊണ്ട് കാര്യങ്ങൾ തെളിയുന്നു.

ആർക്കാണോ ശിർക്കിനെ കുറിച്ച് അറിയാത്തത് അവന് തൗഹീദ്

അറിയുകയില്ല. ആരാണോ ശിർക്കിൽ നിന്നും ബന്ധം വിഛേദിക്കാതിരുന്നത് അവന്റെ തൗഹീദും ശരിയാവുകയില്ല.

രണ്ടാമത്തെ ഖുതുബ

ശിർക്ക് ചെയ്യുന്നവർ കാഫിറുകളാണെന്നതിൽ സംശയിക്കുന്നവരുടെ വിധി.

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,
നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

നിങ്ങൾ അറിയുക, ആരാണോ ശിർക്കു ചെയ്യുന്നവർ കാഫിറുകളാണെന്നതിൽ സംശയിക്കുന്നവർ അവരെപ്പോലെ തന്നെയാണ്. ഉദാഹരണം ഒരുവൻ പറയുന്നു: ജൂതൻമാർ കാഫിറുകളാണൊ അല്ലെ എന്ന് എനിക്ക് അറിയുകയില്ല. ക്രിസ്ത്യാനികൾ കാഫിറുകളാണോ അല്ലെ എന്ന് എനിക്ക് അറിയില്ല. ഇങ്ങനെയുള്ളവരും കാഫിറാകുന്നു. കാരണം തനിച്ച നിഷേധം അഥവാ കുഫ്ർ സത്യമാണോ, അല്ലെ എന്നതിൽ അവൻ സംശയാലുവാണ്. കുഫ്ർ അസത്യമാണെന്നതിൽ അവന് ഒരു ഉറപ്പും ഇല്ല. ഖുർആനിൽ അല്ലാഹു തറപ്പിച്ച് പറയുകയും, കുഫ്ർ അസത്യമാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടും ആരാണോ ത്വാഗൂത്തുകളെ, നിഷേധിക്കാതിരിക്കുകയും, അതിൽ സംശയിക്കുകയും ചെയ്യുന്നത് അവൻ യഥാർത്ഥത്തിൽ അല്ലാഹു ഖുർആനിൽ വിധിച്ചത് പ്രകാരം മുസ്ലിമല്ല. മാത്രവുമല്ല ഇത്തരം സംശയാലുക്കൾക്ക് യഥാർത്ഥത്തിൽ ഇസ്ലാം ദീൻ എന്താണെന്ന് അറിയുകയില്ല. അവർക്കെങ്ങാനും ഇസ്ലാം അറിയുമായിരുന്നെങ്കിൽ അവന് അതിന്റെ വിപരീതമായ കുഫ്റും വ്യക്തമാകുമായിരുന്നു. ഇസ്ലാം അറിയാത്തവനെ എങ്ങനെയാണ് മുസ്ലിം എന്ന് വിധിക്കുക.!

ശൈഖ് സുലൈമാനുബ്നു അബ്ദില്ലാഹിബിനു മുഹമ്മദിബ്നി അബ്ദിൽ വഹാബ് ﵀ അദ്ദേഹത്തിന്റെ أوثق عرى الإيمان ഈമാനിന്റെ സുശക്തമായ കണ്ണി എന്ന അർത്ഥത്തിലുള്ള ഗ്രന്ഥത്തിൽ പറഞ്ഞു: ഒരുവൻ കാഫിറുകളുടെ കുഫ്റിൽ സംശയാലുവോ, അറിവില്ലാത്തവനോ ആണെങ്കിൽ അവന് ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള തെളിവുകൾ വ്യക്താമാക്കി നൽകപ്പെടണം. അതിന് ശേഷവും അവൻ സംശയിക്കുകയോ, ചാഞ്ചാടുകയോ ചെയ്താൽ അവൻ കാഫിറാണെതിൽ പണ്ഡിതൻമാർ ഏകോപ്പിച്ചുട്ടുണ്ട്. തീർച്ചയായും കാഫിറിന്റെ കുഫ്റിൽ സംശയിച്ചവനും കാഫിറാകുന്നു.

കാഫിറുകളുടെ മതത്തെയോ നിലപാടുകളെയൊ ശരിവെക്കുന്നവന്റെ വിധി

അല്ലാഹുവിന്റെ അടിമകളെ, കാഫിറുകളുടെ മതത്തെയും, അവരുടെ നിലപാടുളെയും, ശരി വെക്കുന്നവൻ അവരുടെ മതം അസത്യമാണെന്നതിൽ സംശയിക്കുന്നവനെക്കാൾ വഴിപിഴച്ചവനാണ്. അവനിലുള്ള കുഫ്ർ സം

ശയിക്കുന്നവനിലുള്ള കുഫ്റിനെക്കാൾ ഗുരുതരമാണ്. കാരണം അവൻ കാഫിറുകളുടെ മതം അസത്യമാണെന്ന് വിധിച്ച ഇസ്ലാം തെറ്റാണെന്ന് വാദിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അവൻ കുഫ്റിനെ പ്രതിരോധിക്കുന്നു. അതിലേക്ക് ക്ഷണിക്കുകയും, അതിനെ സഹായിക്കുകയും അത് പ്രചരിപ്പിക്കാൻ കൂട്ട് നിക്കുകയും ചെയ്യുന്നു. അല്ലാഹുവിൽ അഭയം!

കുഫ്റിന്റെ കക്ഷികളിൽ പെട്ട ജൂതായിസം, ക്രൈസ്തവത, കമ്യൂണിസം, പോലെയുള്ള ഇസ്ലാമിന് തീർത്തും എതിരാവുന്ന മതങ്ങളുടെ വിശ്വാസ കാര്യങ്ങളെ നന്നാക്കി കാണിക്കുന്നവരെ പോലെയുള്ളവർ. അല്ലെങ്കിൽ സർവമത സത്യവാദത്തിലേക്ക് ക്ഷണിക്കുന്നവരെപ്പോലെയുള്ളവർ.

ജൂതമതവും, ക്രൈസ്തവതയും ഇസ്ലാമും അത് മൂന്നും ഇബ്റാഹീം നബി പഠിപ്പിച്ച ദീനാണെന്ന് വാദിക്കുന്നവരെപ്പോലെയുള്ളവർ. അവർ തങ്ങളുടെ സംസാരങ്ങൾ കൊണ്ട് ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കി കൊണ്ട് പറയും ജൂതൻമാരും ക്രിസ്ത്യാനികളും മൂസാ നബിയെയും ഈസാ നബിയെയും പിൻപറ്റുന്നവരാണ് എന്ന് ഇത് യഥാർത്ഥത്തിൽ സത്യവും അസത്യവും കൂട്ടിക്കലർത്തലാണ്. കാരണം അല്ലാഹു ഇസ്ലാം ദീൻ കൊണ്ട് മറ്റെല്ലാ മതങ്ങളെയും ദുർബലപ്പെടുത്തിയിരിക്കുന്നു. മൂസാ നബിയും ഈസാ നബിയും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർ തീർച്ചയായും ഇസ്ലാമിനെ പിൻപറ്റുമായിരുന്നു. അവർ ഇരുവരും ശരിയായ ദീനിൽ ആയിരുന്നു. പിന്നെ എങ്ങനെയാണ് അവരുടെ ഇരുവരുടെയും, ദീൻ മാറ്റപ്പെടുക്കയും ഇപ്പോൾ ആയിത്തീർന്ന രൂപത്തിലേക്ക് മാറിയതും ? മൂസാ നബിയുടെ ദീൻ തൗറാത്ത് നഷ്ടപ്പെട്ടത്തിന് ശേഷം മാറ്റത്തിരുത്തലുകൾക്ക് വിധേയമായി. ശേഷം അവർ ഉസൈറിനെ ആരാധിച്ചു. അദ്ദേഹം അല്ലാഹുവിന്റെ മകനാണെന്ന് അവർ പറഞ്ഞു. ഈസാ നബിയെ അല്ലാഹു അവനിലേക്ക് ഉയർത്തിന് ശേഷം അദ്ദേഹത്തിന്റെ ദീനും മാറ്റത്തിരുത്തലുകൾക്ക് വിധേയമായി. ശേഷം അവർ കുരിശിനെ ആരാധിക്കാൻ തുടങ്ങി. ത്രിയേകത്വവും, അദ്ദേഹം അല്ലാഹുവിന്റെ മകനുമാണെന്ന കാര്യം അവർ ജൽപ്പിച്ചു. ഇതിനെല്ലാം ശേഷം എങ്ങനെയാണ് ജൂതമതവും ക്രൈസ്തവതയും ശയിയായ മതങ്ങളാണ് എന്ന് വാദിക്കുക. അവ സ്വീകരിക്കൽ അനുവദനീയമാകുമോ? ഇല്ല.! ഒരിക്കലുമില്ല!

അല്ലാഹു പറഞ്ഞു:

﴿يَٰٓأَهۡلَ ٱلۡكِتَٰبِ قَدۡ جَآءَكُمۡ رَسُولُنَا يُبَيِّنُ لَكُمۡ كَثِيرٗا مِّمَّا كُنتُمۡ تُخۡفُونَ مِنَ ٱلۡكِتَٰبِ وَيَعۡفُواْ عَن كَثِيرٖۚ قَدۡ جَآءَكُم مِّنَ ٱللَّهِ نُورٞ وَكِتَٰبٞ مُّبِينٞ﴾

വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന പലതും നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ട് നമ്മുടെ ദൂതൻ ﴿ഇതാ﴾

നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. പലതും അദ്ദേഹം മാപ്പാക്കുകയും ചെയ്യുന്നു. നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു.

﴿يَٰٓأَهۡلَ ٱلۡكِتَٰبِ قَدۡ جَآءَكُمۡ رَسُولُنَا يُبَيِّنُ لَكُمۡ عَلَىٰ فَتۡرَةٖ مِّنَ ٱلرُّسُلِ أَن تَقُولُواْ مَا جَآءَنَا مِنۢ بَشِيرٖ وَلَا نَذِيرٖۖ فَقَدۡ جَآءَكُم بَشِيرٞ وَنَذِيرٞۗ وَٱللَّهُ عَلَىٰ كُلِّ شَيۡءٖ قَدِيرٞ﴾

വേദക്കാരേ, (അല്ലാഹുവിന്റെ) ദൂതൻമാർ വരാതെ ഒരു ഇടവേള കഴിഞ്ഞ ശേഷം നിങ്ങൾക്ക് (കാര്യങ്ങൾ) വിവരിച്ചുതന്നു കൊണ്ട് നമ്മുടെ ദൂതൻ ഇതാ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. ഞങ്ങളുടെ അടുത്ത് ഒരു സന്തോഷവാർത്തക്കാരനോ, താക്കീതുകാരനോ വന്നില്ല എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണിത്. അതെ, നിങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുകയും, താക്കീത് നൽകുകയും ചെയ്യുന്ന ആൾ ഇതാ വന്നു കഴിഞ്ഞിരിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ.

﴿وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ﴾

ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.

ചുരുക്കത്തിൽ ജൂതമതത്തിനെയും, ക്രൈസ്തവതയെയും പോലുള്ള കാഫിറുകളുടെ മതങ്ങളെ ആരെങ്കിലും ശരിവെച്ചാൽ അവർ കാഫിറാക്കുന്നു. അല്ലാഹുവിൽ അഭയം!

റാഫിദികളുമായുള്ള(ശിയാക്കൾ) ബന്ധം ശിർക്ക് ചെയ്യുന്നവരുടെ മതത്തെ നല്ലതായി കാണുന്നതിന്റെ ഭാഗമാണ്.

അല്ലാഹുവിന്റെ അടിമകളെ, ഇതിനോട് ചേർത്ത് മനസ്സിലാക്കേണ്ട കാര്യമാണ് ഖബറാരാധനായാലും, നബി ﷺ യുടെ കുടുംബത്തെ ആരാധിക്കുന്നതിലൂടെയും, അവിടുത്തെ ചര്യകളെ നിഷേധിക്കുന്നതിലൂടെയും, സ്വഹാബികളെ കാഫിറാക്കുന്നതിലൂടെയും, വിശ്വസ്തരായ ജിബ്രീലിനെയും, നബി ﷺ യെയും, കുറ്റം പറയുന്നതിലൂടെയും, ഖുർആനിനെയും, നബി ﷺയുടെ അഭിമാനത്തെയും ആക്ഷേപിക്കുന്നതിലൂടെയും മതം നിലനിർത്തുന്ന റാഫിദികളുമായുള്ള ബന്ധംസ്ഥാപിക്കലും, അവരുടെ ദീനിനെ ശരിവെക്കലും കുഫ്റാകുന്നു എന്ന കാര്യം. അപ്രകാരം ചെയ്യുന്നവർ അവരിൽ നിന്നും ബന്ധം വിഛേദിച്ചിട്ടില്ല. കുഫ്റിനെയും, കാപട്യത്തെയും നല്ലതായി കണ്ടതിനാൽ തന്നെ അവർ അവരെപ്പോലെ കാഫിറുകളാണ്. അല്ലാഹു അതിൽ നിന്നും നമ്മെ രക്ഷപ്പെടുത്തുമാറാകട്ടെ.

സമാപനം :

അല്ലാഹുവിന്റെ അടിമകളെ,

തൗഹീദും, അതിന്റെ വിപരീതമായ ശിർക്കും മനസ്സിലാക്കുവാനും, ശിർക്കിൽ അകപ്പെടുന്നതിന്റെ ഗൗരവത്തെ കുറിച്ചും ശിർക്ക് ചെയ്യുന്നവരെ കാഫിറാക്കാതിരിക്കുന്നതിന്റെയും, അതിൽ സംശയം ഉണ്ടാകുന്നതിന്റെയും അവരുടെ ദീനിനെ ശരിയായി കാണുന്നതിന്റെയും വിധികളുടെ വിശദീകരണമടങ്ങുന്ന ഉപകാരപ്രദമായ ചില ആമുഖങ്ങളാണ് മേൽ സൂചിപ്പിച്ചത്.

മേൽ സൂചിപ്പിച്ച മൂന്ന് കാര്യങ്ങളും ഒരുവന്റെ ഇസ്ലാമിനെ തകർത്ത് കളയുന്ന കാര്യങ്ങളാണ്.

അല്ലാഹുവും അവന്റെ റസൂലും കാഫിറാക്കിയവരുടെ കുഫ്റിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ് ഒരോ മുസ്ലിമിന്റെ മേലും നിർബന്ധമായിട്ടുള്ളത്. ആ കാര്യത്തിൽ അവന്റെ മനസ്സിൽ ഒരു സംശയവും, ചാഞ്ചാട്ടവും ഉണ്ടാകുവാൻ പാടുള്ളതല്ല.

മരണം വരെ തൗഹീദിൽ ഉറച്ച് നിൽക്കാൻ അല്ലാഹു നമുക്കെല്ലാവർക്കും ഭാഗ്യം നൽകുമാറാകട്ടെ,

ആരാണോ ഈ ദീനിൽ ഉറച്ച് നിൽക്കുകയും, തൗഹീദിലായി മരണപ്പെടുകയും ചെയ്യുന്നത് അവൻ യാതൊരു വിചാരണയും, ശിക്ഷയും കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

ഇസ്‌ലാമിൽ നിന്ന് പുറത്ത് പോകുന്ന മൂന്നാമത്തെ കാര്യം ;

നബി ﷺയുടെ മാർഗത്തേക്കാൾ ശ്രേഷ്ഠമായ മറ്റൊരു മാർഗമുണ്ടെന്ന് വിശ്വസിക്കൽ

ഒരാളുടെ ഇസ്‌ലാമിനെ തകർത്ത് കളയുന്ന മൂന്നാമത്തെ കാര്യം ; "നബി ﷺ യുടെ മാർഗത്തേക്കാൾ ശ്രേഷ്ഠമായ മറ്റൊരു മാർഗമുണ്ടെന്ന് വിശ്വസിക്കൽ. നബി ﷺ യുടെ വിധിവിലക്കുകളേക്കാൾ ശ്രേഷ്ഠമാണ് മറ്റുള്ളവരുടെ വിധിവിലക്കുകൾ എന്ന് വിശ്വസിക്കൽ. ത്വാഗൂത്തുകളുടെയും മനുഷ്യനിർമിത നിയമങ്ങളുടെയും വിധികൾക്ക് അല്ലാഹുവിന്റെ വിധിയേക്കാൾ മുൻഗണന നൽകുന്നത് ഉദാഹരണം".

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

നിങ്ങൾ അറിയുക, നബി ﷺ യുടെ മാർഗമാണ് ഏറ്റവും പൂർണവും ഏറ്റവും ശ്രേഷ്ഠവുമായ മാർഗമെന്ന് വിശ്വസിക്കൽ രണ്ടാമത്തെ ശഹാദത്തിന്റെ താൽപര്യമാണ്. നബിയുടെ മാർഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വാസകാര്യങ്ങളിലും കർമ്മ കാര്യങ്ങളിലും പരസ്പര ഇടപാടുകളിലും സ്വഭാവ പെരുമാറ്റങ്ങളിലും രാഷ്ട്രീയപരമായ കാര്യങ്ങളിലും എല്ലാം ഖുർആനിലും ’ദീസിലും വന്നിട്ടുള്ള വിധിവിലക്കുകളും ചര്യകളുമാണ്.

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ ചര്യയാണ് ഏറ്റവും ശ്രേഷ്ഠമായ ചര്യ. കാരണം അത് അല്ലാഹുവിൽ നിന്നുള്ളതാണ്. ഇബാദത്തികൾ, സ്വഭാവം, രാഷ്ട്രീയം, സാമൂഹിക ജീവിതം വിദ്യാഭ്യാസം, ശിക്ഷണം തുടങ്ങിയ എല്ലാ മേഖലകളെയും അത് ഉൾക്കൊള്ളുന്നു.

അല്ലാഹു പറയുന്നു :

﴿لَّقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ﴾

തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്.

നബി ﷺ അവിടുത്തെ ഖുതുബയിൽ പറയാറുണ്ടായിരുന്നു :

إن أصدق الحديث كتاب الله، وأحسن الهدي هدي محمد.

ഏറ്റവും സത്യസന്ധമായ സംസാരം അല്ലാഹുവിന്റെ കിതാബാണ് ഏറ്റവും നല്ല ചര്യ മുഹമ്മദ് നബിയുടെ ചര്യയാണ്.

വിശ്വാസകാര്യങ്ങളിൽ നബിയുടെ ശരിയാണ് ഏറ്റവും ശ്രേഷ്ഠമായത് ;

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ ചര്യയും മാർഗ്ഗവും പരിശോധിക്കുന്നവർക്ക് എല്ലാ മേഖലകളിലും അതാണ് ഏറ്റവും ഉത്തമമായ ശരിയായെന്ന് മനസ്സിലാക്കാൻ സാധിക്കും" വിശ്വാസകാര്യങ്ങളിൽ അവിടുന്ന് പഠിപ്പിച്ച ഇസ്ലാമിക വിശ്വാസമാണ് ഏറ്റവും വിശാലമായതും അല്ലാഹുവിലുള്ള വിശ്വാസം പോലെ, മലക്കുകളിയും അവന്റെ ഗ്രന്ഥങ്ങളിലും മുർസലീങ്ങളിലും പരലോകത്തിലും ഖദ്റിലും ഉള്ള വിശ്വാസം പോലെ മനുഷ്യന് ആവശ്യമായ എല്ലാ മേഖലകളെയും അത് ഉൾക്കൊള്ളുന്നു. അത് മുമ്പ് കഴിഞ്ഞുപോയ അമ്പിയാക്കളുടെ വിശ്വാസ കാര്യങ്ങളെ പരിഷ്കരിക്കുകയും ശരിയായ ബുദ്ധിയോടെ യോജിക്കുകയും ചെയ്യുന്നു. അതിരുവിടുന്നതിനെയും അലംഭാവം കാണിക്കുന്നതിനേയും നിരാകരിക്കുകയും ചെയ്യുന്നു.

കർമ്മകാര്യങ്ങളിലും അങ്ങനെ തന്നെയാണ്. നബി ﷺ യുടെ വീഴ്ച വരുത്തുന്നതിന്റെയും അതിര് കവിയുന്നതിന്റെയും മധ്യത്തിലാണ്. സന്യാസം അലസതയോ അതിലില്ല. നബി ﷺ പറഞ്ഞു :

إن هذا الدين يسر، ولن يُشادَّ الدين أحد إلا غلبه، فسددوا قاربوا وأبشروا.

ഈ ദീൻ എളുപ്പമുള്ളതാണ്. ദീനിൽ ആരെങ്കിലും തീവ്രത ആഗ്രഹിച്ചാൽ അത് അവനെ തന്നെ കീഴടക്കും. അതുകൊണ്ട് നിങ്ങൾ നേരെ നിലകൊള്ളുകയും പരമാവധി മതകാര്യങ്ങൾ"പാലിക്കുകയും സന്തോഷിക്കുകയും ചെയ്തു കൊള്ളുക.

നബി ﷺ അവിടുത്തെ അനുചരന്മാരിൽ ഒരാളോട് പറഞ്ഞു :

وإن لنفسك عليك حقا

തീർച്ചയായും താങ്കൾക്ക് താങ്കളുടെ നഫ്സിനോട് ബാധ്യതയുണ്ട്.

ചിലയാളുകൾ ഞാൻ മാംസം കഴിക്കില്ല എന്നും മറ്റുചിലർ ഞാൻ വിവാഹം കഴിക്കില്ല എന്നും മറ്റുചിലർ ഞാൻ സ്ഥിരമായി നോമ്പ് എടുക്കും നോമ്പ് ഉപേക്ഷിക്കുകയില്ല എന്നും മറ്റുചിലർ ഞാൻ രാത്രി ഉറങ്ങാതെ പൂർണ്ണമായും നിസ്കരിക്കും എന്നെല്ലാം പറഞ്ഞപ്പോൾ അവരോട് നബി ﷺ പ്രതികരിച്ചത് ഇങ്ങനെയാണ് :

أما أنا فآكل اللحم، وأتزوج النساء، وأصوم وأفطر، وأقوم وأنام، فمن رغب عن سنتي فليس مني

ഞാൻ മാംസം കഴിക്കുകയും സ്ത്രീകളെ വിവാഹം കഴിക്കുകയും നോമ്പെടുക്കുകയും നോമ്പ് ഉപേക്ഷിക്കുകയും രാത്രി ഉറങ്ങുകയും എഴുന്നേറ്റു നിസ്കരിക്കുകയും ചെയ്യുന്നുണ്ട്. ആരാണ് എന്റെ സുന്നത്തിനോടും വിമുഖത കാണിക്കുന്നത് അവർ എന്നിൽ പെട്ടവരല്ല.

സ്വഭാവ കാര്യങ്ങളിലും അങ്ങനെ തന്നെയാണ്. നബി ﷺ യുടെ ചര്യയാണ് ഏറ്റവും ശ്രേഷ്ഠമായതും പൂർണ്ണതയുള്ളതും. അല്ലാഹു അവിടുത്തെ ശിക്ഷണം ഏറ്റെടുത്തു എന്നിരിക്കെ അതിൽ ആശ്ചര്യപ്പെടാനില്ല. അല്ലാഹു പറഞ്ഞു :

﴿لَّقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ﴾

തീർച്ചയായും താങ്കൾ മഹത്തായ സ്വഭാവത്തിന്റെ ഉടമയാകുന്നു.

കുടുംബക്കാരോടും വീട്ടുകാരോടും അനുചരന്മാരോടും അയൽവാസികളോടുമുള്ള നബിയുടെ പെരുമാറ്റവും സ്വഭാവവും പഠിച്ച മനസ്സിലാക്കിയവർക്ക് അത് ബോധ്യപ്പെടുന്ന കാര്യമാ''. പുഞ്ചിരിച്ചുകൊണ്ട് അല്ലാതെ അവിടുത്തെ കാണാറില്ലായിരുന്നു. വിട്ടുവീഴ്ച ചെയ്യുകയും വിട്ടുകൊടുക്കുകയും ചെയ്യുക എന്നത് അവിടുത്തെ സ്വഭാവമായിരുന്നു. ഇതല്ല അവിടത്തെ"മരണത്തിന് കാരണമായ വിഷം പുരട്ടിയ ഭക്ഷണം നൽകിയ യഹൂദിക്ക് അവിടുന്ന് മാപ്പ് നൽകി. ജനങ്ങളോട് അങ്ങേയറ്റത്തെ കരുണയുള്ളവരായിരുന്നു അവിടുന്ന്. യുദ്ധത്തിൽ പോലും അവിടുത്തെ കാരുണ്യം വ്യക്തമായിരുന്നു. കുഞ്ഞുങ്ങളെയും സ്ത്രീകളെയും പ്രായം ചെന്ന വൃദ്ധന്മാരെയും പോലുള്ള യുദ്ധത്തിൽ പങ്കെടുക്കാത്തവരെ വധിക്കുന്നതിന് അവിടുന്ന് വിലക്കാറുണ്ടായിരുന്നു."സ്വത്തുക്കൾ കൊള്ളയടിക്കുന്നതും യുദ്ധാർജിത മുതൽ വീതിക്കുന്നതിന് മുമ്പ് അതിൽ നിന്ന് മോഷ്ടിക്കുന്നതും അവിടുന്ന് വിലക്കി. അല്ലാഹു കൽപ്പിച്ചത് പ്രകാരം അവിടുന്ന് യുദ്ധാർജിത സ്വത്തുകൾ വീതിക്കുമായിരുന്നു. കൊല്ലപ്പെട്ടവരിൽ അംഗഭംഗം വരുത്തി വികൃതമാക്കുന്നതിനെ അവിടുന്ന് വിലക്കി. വഞ്ചന അവിടുന്ന് വിരോധിച്ചു. യുദ്ധ ബന്ധികളെ അവിടുന്ന് മോചിപ്പിക്കു''യിരുന്നു. അവരിൽ ചിലരെ കൊന്നുകളയുകയും മറ്റു ചിലർക്ക് മോചന ദ്രവ്യം സ്വീകരിച്ചുകൊണ്ട് വിട്ടുകൊടുക്കുകയും ചെയ്യും. മറ്റുചിലരെ മുസ്ലിമീങ്ങളിലെ പിടിക്കപ്പെട്ട

ബന്ധങ്ങൾക്ക് പകരമായി വിട്ടു നൽകും. ഓരോ സന്ദർഭത്തിലും സാഹചര്യത്തിലും ഏതാണോ അവിടുന്ന് ഉത്തമമായത് അതനുസരിച്ച് അവിടുന്ന് പ്രവർത്തിക്കും.

അല്ലാഹുവിന്റെ അടിമകളെ, നബി ﷺ യുടെ ഉന്നതമായ സ്വഭാവത്തെക്കുറിച്ചുള്ള ആശംസകൾ തൗറാത്തിലും ഇഞ്ചീലിലും പരാമർശിച്ചിട്ടുണ്ട്. അത്വഅ് ബ്നു യസാർ -റഹിമഹുല്ലാഹ്- അബ്ദുല്ലാഹി ബ്നു അംറ് -റളിയല്ലാഹു അൻഹു- വിനോട് ചോദിച്ചു : തൗറാത്തിൽ അല്ലാഹുവിന്റെ റസൂലിനെ കുറിച്ചുള്ള വിശേഷണം എനിക്ക് അറിയിച്ചു തരൂ. അദ്ദേഹം പറഞ്ഞു: ഞാൻ അറിയിച്ചു തരാം. ഖുർആനിൽ പരാമർശിച്ച ചില വിശേഷങ്ങൾ തന്നെ തൗറാത്തിലും പരാമർശിച്ചിട്ടുണ്ട്

﴿يَا أَيُّهَا النَّبِيُّ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا﴾

നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു

നിരക്ഷരരായ ജനതക്ക് സംരക്ഷണമായും നാം താങ്കളെ നിയോഗിച്ചു. താങ്കൾ എന്റെ അടിമയും റസൂലുമാണ്. താങ്കൾക്ക് ഞാൻ മുതവക്കിൽ എന്ന നാമകരണം ചെയ്തിരിക്കുന്നു. താകൾ പരുഷ സ്വഭാവക്കാരനോ ഹൃദയ കാഠിന്യമുള്ളവരോ അല്ല. അങ്ങാടിയിൽ ശബ്ദമുയർത്തുന്നവരോ തിന്മയെ തിന്മ കൊണ്ട് പ്രതിരോധിക്കുന്നവരോ അല്ല. മറിച്ച് വിട്ടു വീഴ്ച ചെയ്യുകയും ചൊറുത്തു കൊടുക്കുകയും ചെന്നുവരാണ്. വക്രതയുള്ള കുഫ്റിന്റെ മാർഗത്തെ നേരെയാക്കാതെ അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുകയില്ല. അങ്ങനെ അവർ ലാ ഇലാഹ ഇല്ലല്ലാഹ് പറയുകയും അത് മുഖേന അസത ബാധിച്ച കണ്ണുകളും ബധിരത ബാധിച്ച കാതുകളും അശ്രദ്ധമായ ഹൃദയങ്ങളും അല്ലാഹു തുറക്കുകയും ചെയ്യും.

പരസ്പര ഇടപാടുകളിലും അവിടുത്തെ ചര്യയാണ് ഏറ്റവും ഉത്തമമായത്.

പരസ് ഇടപാടുകളിലും ക്രയവിക്രയങ്ങളിലും അവിടുത്തെ ചര്യ എല്ലായിനം കച്ചവട , വാടക, കടം തുടങ്ങിയ ഇടപാടുകളെയും ഉൾകൊള്ളുന്നതാണ്. പലിശ, ചതി, വഞ്ചന, കൈകൂലി പോലുള്ള എല്ലാ ദോഷകരമായ എല്ലാ ഇടപാടുകളിൽ നിന്നും വിലക്കുന്നതുമാണ്.

ഇബ്നുൽ ഖയ്യിം –റഹിമഹുല്ലാഹ്- സാദുൽ മആദിൽ എൺപതോളം പേജിൽ കച്ചവടവുമായി ബന്ധപ്പെട്ട നബി ചര്യ വിവരിച്ചിട്ടുണ്ട്.

രാഷ്ട്രീയ കാര്യങ്ങളിലും അവിടുത്തെ ചര്യയാണ് ഏറ്റവും ഉത്തമമായത്. രാഷ്ട്രീയ കാര്യങ്ങളിലും അവിടുത്തെ ചര്യയാണ് ഏറ്റവും പൂരണമായത്. അവിടുന്ന് കാര്യങ്ങൾ കൂടിയാലോചിക്കുമായിരുന്നു. ബദ്റിലും ഖൻദഖിലും ഹുദൈബിയയിലുമെല്ലാം അവിടുത്തെ ചില ഭാര്യമാരോട് അവിടുന്ന് കൂടിയാലോചന നടത്തിയിട്ടുണ്ട്. അത് ശരിയായ നിലപാടെടുക്കാനും വിജയം ലഭിക്കാനും സഹായകമാകുകയും ചെയ്തിട്ടുണ്ട്.

അവിടുന്ന് കാഫിറുകളോട് സന്ധികളും കരാറുകളും ചെയ്യാറുണ്ടായിരുന്നു. അവരുടെ ദൂതന്മാരോട് നല്ല നിലക്ക് വർത്തിക്കാറുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ നിന്ന് നബിയുടെ അടുത്തേക്ക് വന്നവർക്ക് അവിടുന്ന് അഭയം നൽകുകയും അവർക്ക് നിർഭയത്വമുള്ള സ്ഥലങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുമായിരുന്നു. അവരോട് ചെയ്യുന്ന കരാറുകൾ അവിടുന്ന് പൂർത്തീകരിക്കും ആയിരുന്നു. ചതിക്കുകയോ വഞ്ചിക്കുകയോ ചെയ്യാറില്ലായിരുന്നു. കാഫിറുകളുടെ ഭാഗത്തുണ്ടാകുന്ന ചതികൾ അവിടുന്ന് വിട്ടുവീഴ്ച ചെയ്യാറുണ്ടായിരുന്നു. മക്ക വിജയിച്ചടക്കിയപ്പോൾ മക്കയുടെ അധികാരം ലഭിച്ചപ്പോൾ നബിയെ ഉപദ്രവിക്കുകയും നാട്ടിൽ നിന്ന് പുറത്താക്കുകയും അവിടുത്തെ അനുചരന്മാരെ ഉപദ്രവിക്കുകയും ചെയ്തവർക്ക് അവിടുന്ന് മാപ്പ് നൽകി.

ജനങ്ങളുടെ പ്രശ്നത്തിൽ വിധി പറയുന്നിടത്തും നബി ﷺ യുടെ ചര്യയാണ് ഏറ്റവും ശ്രേഷ്ഠമായത്.

ഏറ്റവും നീതിപൂർണവും സമ്പൂർണ്ണവുമായ വിധികൾ ആയിരുന്നു ജനങ്ങളുടെ പ്രശ്നങ്ങളിൽ നബി ﷺ യുടെ വിധികളും തീരുമാനങ്ങളും ഇക്കാര്യം ഇബിനുൽ ഖയ്യിം അദ്ദേഹത്തിന്റെ സാദുൽ മആദില അമ്പതോളം പേജുകളിൽ വിവരിച്ചിട്ടുണ്ട്.

ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും നബിയുടെ ചര്യയാണ് ഏറ്റവും ശ്രേഷ്ഠമായത്.

അതുമായി ബന്ധപ്പെട്ട നബിയുടെ നിർദ്ദേശങ്ങൾ ഏറ്റവും പൂർണവും എല്ലാം ഉൾക്കൊള്ളുന്നവയും ആയിരുന്നു.

ഇക്കാര്യം ഇബിനുൽ ഖയ്യിം അദ്ദേഹത്തിന്റെ സാദുൽ മആദില നാനൂറോളം പേജുകളിൽ വിവരിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ അടിമകളെ, മുസ്ലിമീങ്ങൾ അല്ലാത്ത ബുദ്ധിയും വിവേകവുമുള്ള പലരും നബിസല്ലല്ലാഹു അലൈഹി വസല്ലമയുടെ ചര്യയുടെ മഹത്വവും ശ്രേഷ്ഠതയും സാക്ഷ്യപ്പെടുത്തുകയും അത് ബോധ്യപ്പെട്ടതിലൂടെ അവരിൽ വലിയൊരു വിഭാഗം ആളുകൾ ഇസ്ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും സമ്പൂർണ്ണമായ ഒരു ജീവിത രീതി അവതരിപ്പിക്കാൻ മനുഷ്യർക്ക് സാധ്യമല്ല എന്ന ബോധ്യമായിരുന്നു ഇത് അല്ലാഹുവിൽ നിന്നുള്ള വഹ്യാണ് എന്ന ബോധ്യത്തിലേക്ക് അവരെ എത്തിച്ചത്.

അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബർക്കത്ത് ചെയ്യട്ടെ.

രണ്ടാമത്തെ ഖുതുബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد

അല്ലാഹുവിന്റെ അടിമകളെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ അറിയുക, നബി ﷺ യുടെ ചര്യ എല്ലാ കാലത്തേക്കും എല്ലാ സ്ഥലങ്ങളിലേക്കും അനുയോജ്യമായതാണ്. അത് മാറ്റം സംഭവിക്കുകയോ കാലക്രമേണ നശിച്ചു പോവുകയോ ചെയ്യാത്തതാണ്. കാരണമത് അല്ലാഹുവിങ്കൽ നിന്നുള്ള വഹിയാണ്. അല്ലാഹു ആകട്ടെ എല്ലാം അറിയുന്നവനും ഏറ്റവും വലിയ യുക്തിമാനും ഏറ്റവും കാരുണ്യമുള്ളവനും ജനങ്ങൾക്ക് ഏറ്റവും അധികം നന്മ ആഗ്രഹിക്കുന്നവനുമാണ്. അല്ലാഹുവിങ്കൽ നിന്ന് നബി ﷺ എത്തിച്ചുതന്ന ഈ ദീനാണ് ചൊവ്വായ മാർഗം. അതുമാത്രമാണ് അല്ലാഹു തന്റെ അടിമകൾക്ക് തൃപ്തിപ്പെട്ട മതം.

എന്നാൽ അല്ലാഹുവിന്റെ റസൂലിന്റെ ചര്യയേക്കാൾ മറ്റാരുടെയെങ്കിലും ചര്യയോ മാർഗ്ഗമോ ശ്രേഷ്ഠമാണെന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവൻ അവിശ്വാസിയായി തീരും. അല്ലെങ്കിൽ അല്ലാഹുവിന്റെ വിധിയേക്കാൾ മറ്റുള്ളവരുടെ വിധി ശ്രേഷ്ഠമാണെന്ന് വിശ്വസിച്ചാൽ അവനും അവിശ്വാസിയായി തീരും. ദുർമൂർത്തികളുടെ നിയമങ്ങളും മനുഷ്യനിർമ്മിതമായ നിയമങ്ങളും അല്ലാഹുവിന്റെ നിയമങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് വിശ്വസിക്കുന്നവരുടെയും അവസ്ഥ ഇതുതന്നെയാണ്. നബിയുടെ ശരിയേക്കാൾ മറ്റാരുടെയെങ്കിലും മാർഗം ശ്രേഷ്ഠമാണെന്ന് വിശ്വസിക്കുന്നവർ മതത്തിൽ നിന്ന് പുറത്തു പോകാനുള്ള കാരണം ; അത് അല്ലാഹുവിന്റെ യുക്തിയെ ആക്ഷേപിക്കലും അവന്റെ മതനിയമങ്ങളെ കുറ്റപ്പെടുത്തലും ആണ് എന്നതുകൊണ്ടാണ്. മനുഷ്യനിർമ്മിതമായ ലിബറലിസവും ഡെമോക്രസിയും മതേതരത്വവും മനുഷ്യനിർമ്മിതമായ മറ്റു നിയമങ്ങളുമെല്ലാം ഇസ്ലാമിക ശരീഅത്തിനെക്കാൾ ശ്രേഷ്ഠമാണെന്ന് വിശ്വസിക്കുന്നവരുടെയും അല്ലെങ്കിൽ ഇസ്ലാമിക നിയമങ്ങൾ ഇക്കാലഘട്ടത്തിൽ യോജിക്കുകയില്ല എന്നോ അവ മുസ്ലിമീങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമാണെന്ന് അല്ലെങ്കിൽ ഇസ്ലാമിക നിയമങ്ങൾ അല്ലാഹുവിനോടുള്ള ഇബാദത്തുകളിൽ മാത്രം പരിമിതമാണെന്നോ അതുമല്ലെങ്കിൽ മോഷ്ടിച്ചവരുടെ കൈ മുറിക്കുക വ്യഭിചാരിച്ച് അവരെ എറിഞ്ഞു കൊല്ലുക പോലുള്ള മതവിധികൾ ആധുനിക കാലഘട്ടത്തിന് ചേർന്നതല്ല എന്നോ മനുഷ്യർ തമ്മിൽ പരസ്പരമുള്ള ഇടപാടുകളിൽ അല്ലാഹുവിന്റെ മതമനുസരിച്ച് വിധിക്കേണ്ടതില്ലെന്നോ വിശ്വസിക്കുന്നവരുടെ അവസ്ഥയും ഇതുതന്നെയാണ്.

കാരണം, ഇതിലെല്ലാം മനുഷ്യരുടെ നിയമങ്ങൾക്കും വിധികൾക്കും അല്ലാഹുവിന്റെ വിധികളെക്കാൾ മുൻഗണന നൽകുകയാണ്. ജാഹിലിയ വിധിയിലും ത്വാഗൂത്തുകളുടെ വിധിയിലും തൃപ്തിപ്പെടുകയും ചെയ്യലാണ് .

﴿فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ لَا انفِصَامَ لَهَا﴾

ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോവുകയേ ഇല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

എന്ന അല്ലാഹുവിന്റെ കൽപ്പനയ്ക്ക് അവർ എതിര് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു നിഷിദ്ധമാക്കിയ കാര്യമാണെന്ന് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലാത്ത ഒരു കാര്യത്തെ അവർ അനുവദനീയമാക്കുകയാണ് അങ്ങനെ ചെയ്തവർ അല്ലാഹുവിനോട് ധിക്കാരം പ്രവർത്തിച്ചവരും മുസ്ലിമീങ്ങളുടെ ഐക്യഘടനയുള്ള വീക്ഷണം അനുസരിച്ച് ദീനിൽ നിന്ന് പുറത്തുപോയവരുമാണ്.

അല്ലാഹുവിന്റെ അടിമകളെ, ആരെങ്കിലും അല്ലാഹുവിന്റെ റസൂലിനെ അനുസരിക്കുന്നതിൽ നിന്നും തിരിഞ്ഞു കളയുകയും അവിടുത്തെ വിധി സ്വീകരിക്കാതിരിക്കുകയും ചെയ്താൽ അവർ മുനാഫിക്കുകളിൽ പെട്ടവരാണ്, മുഅ്മിനീങ്ങളല്ല. അല്ലാഹു പറയുന്നു :

﴿وَإِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ إِذَا فَرِيقٌ مِّنْهُم مُّعْرِضُونَ﴾

അവർക്കിടയിൽ റസൂൽ തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവർ വിളിക്കപ്പെട്ടാൽ അപ്പോഴതാ അവരിൽ ഒരു വിഭാഗം തിരിഞ്ഞുകളയുന്നു.

ഇബ്നു തൈമിയ പറയുന്നു : റസൂലിനെ അനുസരിക്കുന്നതിൽ നിന്നും തിരിഞ്ഞു കളയുകയും അവിടുത്തെ വിധി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരുടെ കാര്യമാണ് അല്ലാഹു വിശദീകരിച്ചത്. അവർ മുനാഫിക്കീങ്ങളിൽ പെട്ടവരാണ്, മുഅ്മിനീങ്ങളല്ല. നിങ്ങൾ 'ഞങ്ങൾ കേട്ടു അനുസരിച്ചു' എന്ന് പറയുന്നവരാണ്. അതായത് റസൂലിന്റെ വിധിയിൽ നിന്ന് തിരിഞ്ഞു കളയുകയും മറ്റുള്ളവരിലേക്ക് വിധി തേടി ചെല്ലുകയും ചെയ്യുന്നതിലൂടെ തന്നെ ഈമാൻ നഷ്ടപ്പെടുകയും നിഫാക്ക് സ്ഥിരപ്പെടുകയും ചെയ്യും.

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന നാലാം കാര്യം :

ഇസ്‌ലാമിലെ വല്ല കാര്യത്തെയും വെറുക്കൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

ഇസ്‌ലാമിനെ പൂർണ്ണമായും ഇഷ്ടപ്പെടൽ ഈമാനിന്റെ അനിവാര്യ കാര്യങ്ങളിൽ ഒന്നാണ്.!

അല്ലയോ മുസ്‌ലിമീങ്ങളെ നിങ്ങൾ തഖ പാലിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും,അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയുക: അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ പ്രവാചകനും, അടിമയുമാണെന്നുമുള്ള സാക്ഷ്യത്തിന്റെ അഭിവാജ്യ ഘടകങ്ങളിലൊന്നാണ് അല്ലാഹുവിനെയും, അവന്റെ റസൂലിനെയും, അവന്റെ ദീനിനെയും പൂർണ്ണമായും സ്നേഹിക്കുക എന്നത്. അത് മേൽപ്പറഞ്ഞ രണ്ട് സാക്ഷ്യവചനം യഥാർത്ഥ്യവൽക്കരിക്കുന്നതിലുള്ള സത്യസന്ധതയുടെ അടയാളമാണ്.

അല്ലാഹു പറഞ്ഞു:

﴿قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ﴾

നബിയേ, പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിനെ സ്നേഹിക്കുന്ന സത്യസന്ധരായ വിശ്വാസികൾ ഒരിക്കലും ഇസ്ലാം പഠിപ്പിച്ച കാര്യങ്ങൾ പിൻപറ്റുവാൻ വൈമനസ്യം കാണിക്കുകയില്ല. മറിച്ച് ദീനിൽ അല്ലാഹുവും അവന്റെ റസൂലും പഠിപ്പിച്ച കാര്യങ്ങൾ അവർ പിൻറ്റുന്നതാണ്.

അല്ലാഹു പറഞ്ഞത് പോലെ.

﴿إِنَّمَا كَانَ قَوْلَ ٱلْمُؤْمِنِينَ إِذَا دُعُوٓاْ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ أَن يَقُولُواْ سَمِعْنَا وَأَطَعْنَاۚ وَأُوْلَٰٓئِكَ هُمُ ٱلْمُفْلِحُونَ﴾

തങ്ങൾക്കിടയിൽ റസൂൽ തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ.

﴿وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ وَيَخْشَ ٱللَّهَ وَيَتَّقْهِ فَأُوْلَٰٓئِكَ هُمُ ٱلْفَآئِزُونَ﴾

അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ.

അല്ലാഹു ഖുർആനിലൂടെ കൽപ്പിക്കുകയും, വിധിക്കുകയും ചെയ്ത കാര്യങ്ങളോട് സത്യവിശ്വാസികൾക്ക് ഒരിക്കലും അവരുടെ ഹൃദയങ്ങളിൽ ഒരു പ്രയാസവും ഉണ്ടായിരിക്കുന്നതല്ല.

അല്ലാഹു പറഞ്ഞു:

﴿فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُواْ فِيٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا﴾

ഇല്ല, നിന്റെ റബ്ബ് തന്നെയാണെ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല.

വിശ്വാസികൾ പ്രകടമായി അവരുടെ അവയവങ്ങൾ കൊണ്ടും പരോക്ഷമായി അവരുടെ ഹൃദയങ്ങൾ കൊണ്ടും അല്ലാഹുവിന്റെയും, റസൂലിന്റെയും വിധിയിൽ തൃപ്ത്യപ്പെട്ടവരായത് കൊണ്ട് തന്നെ ഇസ്ലാം ദീനിനോട് കീഴ്വണക്ക മുള്ളവരായിരിക്കും അവർ.

അബ്ബാസുബ്നു അബ്ദിൽ മുത്തലിബ് ﷺ വിൽ നിന്ന് നിവേദനം : നബി ﷺ പറഞ്ഞു:

ذاق طعم الإيمان من رضي بالله ربا وبالإسلام دينا وبمحمد ﷺ نبيا

അല്ലാഹുവിനെ റബ്ബായി തൃപ്തിപ്പെടുകയും, മുഹമ്മദ് നബി ﷺയെ നബിയായി തൃപ്തിപ്പെടുകയും, ഇസ്ലാമിനെ ദീനായി തൃപ്തിപ്പെടുകയും ചെയ്തവൻ ഈമാനിന്റെ മാധുര്യം രുചിച്ചിരിക്കുന്നു.

അതിനാൽ നേരായ ഇസ്ലാമിലേക്ക് ഹൃദയം വിശാലമാകുകയും, അതിനെ തൃപ്തിപ്പെടുകയും അതിനെ ഇഷ്ടപ്പെടുകയും ചെയ്യൽ ഓരോ മനുഷ്യന്റെ മേലും നിർബന്ധമാണ്. കാരണം ഇസ്ലാമിലെ നിയമങ്ങൾ നിശ്ചയിച്ചത് തന്റെ നിയമങ്ങളിൽ അങ്ങേയറ്റം യുക്തിയുള്ളവനും, തന്റെ പടപ്പുകളുടെ നന്മയെ കുറിച്ച് അങ്ങേയറ്റം അറിവുള്ളവനുമായ അവരോട് അങ്ങേയറ്റം കാരുണ്യമുള്ളവനായ അല്ലാഹുവാണ്. അല്ലാഹു പറഞ്ഞു:

﴿أَلَا يَعۡلَمُ مَنۡ خَلَقَ وَهُوَ ٱللَّطِيفُ ٱلۡخَبِيرُ﴾

സൃഷ്ടിച്ചുണ്ടാക്കിയവൻ എല്ലാം അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

ദീനിനോടുള്ള ഇഷ്ടം നേടാൻ സഹായകമാകുന്ന കാര്യങ്ങൾ

അല്ലാഹുവിന്റെ അടിമകളെ,

ഹൃദയത്തിൽ ദീനിനോടുള്ള ഇഷ്ടം സംഭരിക്കുവാൻ സാധിക്കുന്ന കാര്യമാണ് ഈ ദീൻ മതമായി നിശ്ചയിച്ചവൻ അല്ലാഹുവാണെന്ന ബോധ്യം ഉണ്ടാക്കുക എന്നത്.

കാരണം അല്ലാഹു അവൻ നിശ്ചയിക്കുന്ന നിയമങ്ങളിൽ അങ്ങേയറ്റം യുക്തിയുള്ളവനും, അവന്റെ പടപ്പുകളുടെ നന്മയുടെ കാര്യങ്ങൾ അങ്ങേയറ്റം അറിയുന്നവനും, അവരോട് അങ്ങേയറ്റം കരുണയുള്ളവനുമാണ്.

ദീനിനോട് ഇഷ്ടമുണ്ടാകുവാൻ സഹായിക്കുന്ന മറ്റൊരു കാര്യമാണ് മറ്റു മതങ്ങളിൽ കാണാത്ത പ്രത്യേകതകളും, ഈ ദീനിന്റെ മാത്രം മേന്മകളും മനസ്സിലാക്കുക എന്നത്. അത് നാൽപതോളം കാര്യങ്ങളുണ്ട്.

അത് പോലെ ദീനിനോട് ഇഷ്ടമുണ്ടാകുവാൻ സഹായിക്കുന്ന കാര്യമാണ് ഈ ദീൻ ആരാണോ മുറുകെപ്പിടിക്കുന്നത് അവൻ വിജയിക്കുകയും, ഇതിൽ നിന്ന് തിരിഞ്ഞു കളഞ്ഞവൻ നശിക്കുകയും ചെയ്യുമെന്ന ബോധം.

മുസ്ലീങ്ങളല്ലാത്ത വ്യത്യസ്ത മതങ്ങളിൽ ജീവിച്ച, വ്യത്യസ്ത നാടുകളിലും, നിറങ്ങളിലും, വ്യത്യസ്ത പദവിയിലുമുണ്ടായിരുന്നയാളുകൾ ഈ ദീനിലേക്ക് കടന്നുവരുകയും പ്രത്യേകിച്ചും സമൂഹമാധ്യമങ്ങൾ സജീവമായ ഈ കാലഘട്ടങ്ങളിൽ ഏറ്റവുമധികം ആളുകൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന മതമായി ഈ ദീൻ മാറുകയും ചെയ്യുന്നതിനെ കുറിച്ച് മനസ്സിലാക്കലും ഈ ദീനിനോടുള്ള ഇഷ്ടം കൂട്ടുവാൻ നമ്മെ സഹായിക്കും.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിനോടുള്ള സ്നേഹം നേടുവാൻ സഹായിക്കുന്ന കാര്യമാണ് അതിനെ കുറിച്ച് പഠിക്കൽ നന്മയും നന്മയിലേക്ക് നയിക്കുന്നതുമാണെന്ന കാര്യം. ഇസ്ലാം ഏതൊരു ശുദ്ധപ്രകൃതിയിലുള്ളവർക്കും , നേരായ ബുദ്ധിയുള്ളവർക്കും നന്മയാണെന്ന് ബോധ്യപ്പെടുന്ന സകല കാര്യങ്ങളിലേക്കും ക്ഷണിക്കുന്നു.

അത് പോലെ ഏതൊരു ശുദ്ധപ്രകൃതിയിലുള്ളവർക്കും , നേരായ ബുദ്ധിയുള്ളവർക്കും മേശമാണെന്ന് മനസ്സിലാവുന്ന സകല മ്ലേഛതയിൽ നിന്നും തടയുകയും ചെയ്യുന്നു.

അല്ലാഹു പറഞ്ഞു:

﴿إِنَّ ٱللَّهَ يَأۡمُرُ بِٱلۡعَدۡلِ وَٱلۡإِحۡسَٰنِ وَإِيتَآيِٕ ذِي ٱلۡقُرۡبَىٰ وَيَنۡهَىٰ عَنِ ٱلۡفَحۡشَآءِ وَٱلۡمُنكَرِ وَٱلۡبَغۡيِۚ يَعِظُكُمۡ لَعَلَّكُمۡ تَذَكَّرُونَ﴾

തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് സഹായം നൽകുവാനുമാണ് . അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്.നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു.

ശൈഖ് അബ്ദുർറഹ്മാൻ ബിൻ നാസിർ അസ്സഅദി رحمه الله പറഞ്ഞു: ഇസ്ലാം നല്ല കാര്യങ്ങളും ഉന്നത സ്വഭാവ ഗുണങ്ങളും കൽപ്പിക്കുകയും ജനങ്ങളോടുള്ള നന്മകൾ പഠിപ്പിക്കുകയും ചെയ്യുന്നു. നീതിക്കും, ഔദാര്യത്തിനും കാരുണ്യത്തിനും മറ്റ് സകല നന്മകൾക്കും പ്രേരിപ്പിക്കുകയും, അക്രമത്തിൽ നിന്നും അനീതിയിൽ നിന്നും പകയിൽ നിന്നും മറ്റ് ദുസ്സ്വഭാവങ്ങളിൽ നിന്നും തടയുകയും ചെയ്യുന്നു. പ്രവാചകൻമാർ അംഗീകരിച്ച ഏതൊരു നല്ല ഗുണമാകട്ടെ അതിനെ ഇസ്ലാം അംഗീകരിക്കാതിരിക്കുകയും അതിനെ സ്ഥിരപ്പെടുത്താതിരിക്കുകയും ചെയ്തിട്ടില്ല.

അപ്രകാരം മതപരവും, ഭൗതികവുമായ ഏതൊരു നന്മയാകട്ടെ അതിലേക്ക് ഇസ്ലാം ക്ഷണിക്കുകയും, അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇസ്ലാം പഠിപ്പിക്കാത്ത ഒരു നന്മയും, വിലക്കാത്ത ഒരു തിന്മയുമില്ല.

ഇസ്ലാമിനെ വെറുക്കൽ അതിൽ നിന്നും പുറത്താക്കുന്ന കാര്യങ്ങളിലൊന്ന്.

അല്ലാഹുവിന്റെ അടിമകളെ,

ഇസ്ലാമിൽ നിന്നും നമ്മെ പുറത്താക്കുന്ന കാര്യമാണ് ദീനിലെ ഏതെങ്കിലും ഒരു കാര്യത്തെ വെറുക്കുക എന്നത്. വെറുക്കുന്നത് വിശ്വാസപരമായ

കാര്യമായാലും, ആരാധനാപരമായതായാലും, ഇടപാടുകളായാലും, സ്വഭാവപരമായാലും ശരി.

കാരണം അതിനെ ആരെങ്കിലും വെറുത്താൽ അത് അവതരിപ്പിച്ച റബിനെ വെറുക്കുന്നത് പോലെയൊ അത് എത്തിച്ച റസൂൽ ﷺ യെ വെറുക്കുന്നത് പോലെയോ ആണ്. അതെല്ലങ്കിൽ അത് സത്യമല്ലായെന്ന് വിശ്വസിക്കുന്നത് പോലെയൊ, ഈ ദീനിൽ നന്മയും, സൗഭാഗ്യവും ഇല്ലന്നും വിശ്വസിക്കുന്നത് പോലെയൊ ആണ്.

ഇതെല്ലാം അല്ലാഹുവിന്റെ യുക്തിയെയും, പ്രവർത്തനങ്ങളെയും, വാക്കുകളെയും, ആക്ഷേപിക്കലാണ്.

ദീനിനെ വെറുക്കലാകട്ടെ യഥാർത്ഥ ഇസ്ലാമിന്റെ വിശ്വാസങ്ങളോട് എതിരാവുന്ന കാര്യമാണ്.

യഥാർത്ഥ ഇസ്ലാം ഏകത്വം കൊണ്ട് അല്ലാഹുവിന് വഴിപ്പെടലും, അവനെ അനുസരിച്ച് അവന് കീഴ്വണങ്ങുകയും, അവൻ നിയമമാക്കിയ കാര്യങ്ങളിൽ തൃപ്തിപ്പെടുകയും ചെയ്യുക എന്നതാണ്.

ഇസ്ലാമിനെ വെറുക്കൽ നിഷേധികളുടെയും, കപടവിശ്വസികളുടെയും ലക്ഷണമാണ്.

അല്ലാഹുവിന്റെ അടിമകളെ, സത്യത്തോട് വെറുപ്പും ദേഷ്യവും പ്രകടിപ്പിക്കൽ നിഷേധികളുടെയും, കപടന്മാരുടെയും ലക്ഷണമാണ്.

അല്ലാഹു പറഞ്ഞു:

﴿وَٱلَّذِينَ كَفَرُواْ فَتَعۡسٗا لَّهُمۡ وَأَضَلَّ أَعۡمَٰلَهُمۡ﴾

അവിശ്വസിച്ചവരാരോ, അവർക്ക് നാശം. അവൻ അല്ലാഹു അവരുടെ കർമ്മങ്ങളെ പാഴാക്കികളയുന്നതുമാണ്.

﴿ذَٰلِكَ بِأَنَّهُمۡ كَرِهُواْ مَآ أَنزَلَ ٱللَّهُ فَأَحۡبَطَ أَعۡمَٰلَهُمۡ﴾

അതെന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തു കളഞ്ഞു. അപ്പോൾ അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫലമാക്കിത്തീർത്തു.

അല്ലാഹു നരകക്കാരെ കുറിച്ച് പറഞ്ഞു:

﴿وَنَادَوۡاْ يَٰمَٰلِكُ لِيَقۡضِ عَلَيۡنَا رَبُّكَۖ قَالَ إِنَّكُم مَّٰكِثُونَ﴾

അവർ വിളിച്ചുപറയും; ഹേ, മാലിക്!താങ്കളുടെ റബ്ബ് ഞങ്ങളുടെ മേൽ മരണം വിധിക്കട്ടെ. അദ്ദേഹം മാലിക് പറയും: നിങ്ങൾ ഇവിടെ താമസിക്കേണ്ടവർ തന്നെയാകുന്നു

﴿لَقَدْ جِئْنَٰكُم بِٱلْحَقِّ وَلَٰكِنَّ أَكْثَرَكُمْ لِلْحَقِّ كَٰرِهُونَ﴾

അല്ലാഹു പറയും തീർച്ചയായും നാം നിങ്ങൾക്ക് സത്യം കൊണ്ടുവന്നു തരികയുണ്ടായി. പക്ഷെ നിങ്ങളിൽ അധിക പേരും സത്യത്തെ വെറുക്കുന്നവരാകുന്നു.

അല്ലാഹുവിന്റെ അടിമകളെ, ദീനിനോടുള്ള വെറുപ്പ് ദീനിനോട് മുഴുവനായും, അല്ലെങ്കിൽ അതിലെ മിക്ക കാര്യങ്ങളോടും, ചില കാര്യങ്ങളോട് മാത്രമായും സംഭവിക്കാം. അതെല്ലാം തന്നെ കുഫ്റും, കപടതയുമാകുന്നു. കാരണം ദീൻ മുഴുവനയാലും, അതിലെ ചിലതായാലും അതെല്ലാം തന്നെ അല്ലാഹു അവതരിപ്പിച്ചതാണ്.

ദീനിനെ സ്നേഹിക്കൽ നിർബന്ധമാണെന്നും. ആ സ്നേഹം അത് അവരിപ്പിച്ച അല്ലാഹുവിനെ സ്നേഹിക്കുന്നതിന്റെ ഭാഗമാണെന്നും വ്യക്തമാക്കുന്ന ഉപകാരപ്രദമായ ചില ആമുഖങ്ങളാണ് മേൽ സൂചിപ്പിച്ചത്.

ഈ കാര്യങ്ങൾ ആരാണോ മനസ്സിലാക്കുന്നത് അവന് പ്രവർത്തനത്തിന്റെയും, നബി ﷺ യുടെ ചര്യയെ മുറുകെപ്പിടിക്കാനുള്ള ഭാഗ്യത്തിന്റെയും കവാടങ്ങൾ തുറക്കപ്പെടുന്നതാണ്.

രണ്ടാം ഖുതുബ

ദീനിനെ വെറുക്കുന്നതിന്റെ പ്രത്യക്ഷ ലക്ഷണങ്ങളും, ആ ലക്ഷണങ്ങളുള്ള ഈ കാലഘട്ടത്തിലെ ചില ആളുകളെ കുറിച്ചുള്ള വിശകലനവും.

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

നിങ്ങൾ അറിയുക, ദീനിനെ വെറുക്കുന്നതിന്റെ ഭാഗമാണ് നബി ﷺ യുടെ സുന്നത്തിനെയും, അവിടുത്തെ സ്വഹാബികളെയും, അവിടുത്തെ ഭാര്യമാരെയും, അവിടുന്ന് പഠിപ്പിച്ച ഹിജാബിനെയും, വെറുക്കുക എന്നത്. അതെല്ലെങ്കിൽ ദീനിനെ അതിന്റെ പ്രത്യക്ഷ ചിന്നങ്ങളായ നിസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയവയിൽ മാത്രം ഒതുക്കി നിർത്തി മറ്റ് ജീവിതത്തിന്റെ വശങ്ങളിൽ നിന്നും, ഇടപാടുകളിൽ നിന്നും പൊതു രാഷ്ട്രീയ രംഗങ്ങളിൽ നിന്നും ദീനിനെ മാറ്റി നിർത്തണം എന്നതിലേക്ക് ക്ഷണിക്കൽ. ഇതെല്ലാം ദീനിനെ വെറുക്കുന്നതിൽ ഉൾപ്പെടുന്ന കാര്യമാണ്.

അത് കപടവിശ്വാസത്തിന്റെ വലിയ ലക്ഷണങ്ങളിൽ പെട്ടതുമാണ്.

അല്ലാഹുവിൽ അഭയം!

അല്ലാഹുവിന്റെ അടിമകളെ, നമ്മുടെ ഈ കാലഘട്ടങ്ങളിൽ ദീനിനെ വെറുക്കുന്ന കാര്യങ്ങൾ കൊണ്ട് പരീക്ഷിക്കപ്പെട്ട ആളുകളാണ്. മതേതരവാദികളും, ലിബറലുകളും അവരെപ്പോലുള്ള മറ്റു ചിലയാളുകളും. അവർ ദീനിനെ അതിന്റെ പ്രത്യക്ഷ ചിന്നങ്ങളിൽ ഒതുക്കി നിർത്തി ജീവിതത്തിന്റെ മറ്റ് മേഖലകളിൽ നിന്നും, മറ്റു ഇടപാടുകളിൽ നിന്നും മറ്റു രാഷ്ട്രീയ പൊതു രംഗങ്ങളിൽ നിന്നും ഇസ്ലാമിനെ മാറ്റി നിർത്തണം എന്ന് വാദിക്കുകയും അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യുന്നു.

ഒരു സംശയവും വേണ്ട ഇത് തീർച്ചയായും ദീനിനോടുള്ള അവരുടെ വെറുപ്പും, അതിൽ അവർക്ക് തൃപ്തിയില്ലാ എന്നതിന്റെ തെളിവും തന്നെയാണ്.

ഈ ദീനിനെ അവർ ഇഷ്ടപെട്ടിരുന്നെങ്കിൽ അവർ ഒരിക്കലും ഇസ്ലാമിനെ മാറ്റിനിർത്തുവാൻ പറയില്ലായിരുന്നു. അവരിൽ ചിലയാളുകൾ ദീനിനോടുള്ള വെറുപ്പ് പരസ്യമാക്കുകയും, ചിലയാളുകൾ രഹസ്യമാക്കുകയും ചെയ്യുന്നു. രഹസ്യമാക്കുന്നവർ ശരിയായ കപടവിശ്വാസികളാണ്. അവർ വിശ്വാസത്തെ വെളിവാക്കുകയും, റഹ്മാനായ റബ്ബിന്റെ ദീനിനോടുള്ള വെറുപ്പ് ഒളിപ്പിച്ച് വെക്കുകയും ചെയ്യുന്നു.

അല്ലാഹു അതിൽ നിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ,

അവരുടെ ഹിജാബിനെ ഏതിർക്കലും, സ്ത്രീകൾക്ക് ഭരണം നിർവഹിക്കൽ നിഷിദ്ധമാണെന്ന് പറയുന്നവരെ എതിർക്കലും, അവരുടെ നാട്ടിൽ ബഹുഭാര്യത്വം തടയുവാനുള്ള നിയമം ഉണ്ടാക്കലും, അല്ലാഹു ഖുർആനിലൂടെ വേർതിരിച്ച സ്ത്രീകളും, പുരുഷൻമാരും അനന്തര സ്വത്ത് പോലുള്ള കാര്യങ്ങളിൽ തുല്യരാണെന്നുള്ള അവരുടെ വാദവും, നന്മ കൽപ്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നവരെ അവർ എതിർക്കുന്നതുമെല്ലാം അവരുടെ വഴികേടിൽപ്പെട്ടതും, അവർ ഏറ്റവും വിശിഷ്ഠമായതിനെ വെറുക്കുകയും, ഏറ്റവും നികൃഷ്ടമായതിനെ ഇഷ്ടപ്പെടുകയും ചെയ്യുന്നതു കാരണം കൊണ്ടല്ലാതെ മറ്റൊന്നുമല്ല.

ദീനിനോടുള്ള വെറുപ്പ് മനസ്സിൽ വളരെ ഗോപ്യമായതായിരിക്കും

അല്ലാഹുവിന്റെ അടിമകളെ,

നമ്മെ ഇസ്ലാമിൽ നിന്ന് പുറത്താക്കുന്ന മേൽപ്പറഞ്ഞ ഈ കാര്യം ഹൃദയങ്ങളിൽ ഒളിച്ചിരിക്കുന്ന വളരെ ഗോപ്യമായ ഒന്നാണ്. ജീവനുള്ള ഒരു ഹൃദയത്തിനുടമ അവന്റെ ഹൃദയത്തിലേക്ക് നോക്കുകയും ദീനിനോട് വല്ല വൈരാഗ്യവും, അതിലെ ഏതെങ്കിലുമൊരു കാര്യത്തോട് വല്ല വെറുപ്പുമുണ്ടോ എന്ന് പരിശോധിക്കുകയും ഇല്ല എന്ന് ഖബ്റുകളിലുള്ളവരെ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുകയും, ഹൃദയങ്ങൾക്കുള്ളിലുള്ളതിനെ പുറത്ത് കൊണ്ട് വരപ്പെടുകയും ചെയ്യുന്ന ദിവസം വന്നെത്തുന്നതിന് മുമ്പ് ഉറപ്പുവരുത്തുകയും ചെയ്യുക.

അല്ലാഹു സംരക്ഷിച്ചവനാണ് അന്ന് സംരക്ഷിക്കപ്പെടുന്നവൻ.

സമാപനം

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

ഇസ്ലാമിൽ നിന്നും പുറത്തു പോകുന്ന അഞ്ചാമത്തെ കാര്യം :

ദീനുമായി ബന്ധപ്പെട്ട വല്ല കാര്യത്തേയും പരിഹസിക്കൽ

ദീനിനോടുള്ള ആദരവ് ഈമാൻ തേടുന്ന കാര്യങ്ങളിൽ പെട്ടതാണ്

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവനെ മഹത്ത്വപ്പെടുത്തുകയും ചെയ്യുക, അവനെ അനുസരിക്കുക, ധിക്കാരം കാണിക്കാതിരിക്കുക. നിങ്ങളറിയുക, لا إله إلا الله محمد رسول الله എന്ന ശഹാദത്ത് നമ്മിൽ നിന്നും തേടുന്ന കാര്യങ്ങളിൽ പെട്ടതാണ് അല്ലാഹുവിനെയും അവന്റെ നബിയെയും, വിശ്വാസങ്ങൾ, ആരാധനകൾ, ഇടപാടുകൾ അല്ലെങ്കിൽ പെരുമാറ്റങ്ങൾ എന്നിങ്ങനെ എന്തുമായി ബന്ധപ്പെട്ടതായാലും ഇതിനെയെല്ലാം ഉൾകൊള്ളിക്കുന്ന അവന്റെ ദീനിനെയും ആദരിക്കുക എന്നത്. ശഹാദത്ത് സാക്ഷാത്കരിക്കുന്നതിലും ഈമാനിലും ഒരുവന് സത്യസന്ധത ഉണ്ട് എന്ന് തെളിയിക്കുന്ന കാര്യമാണിത്. അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള വിശ്വാസത്തെ അവരിരുവരോടും അവന്റെ ദീനിനോടുമുള്ള ആദരവുമായി അല്ലാഹു ബന്ധിപ്പിച്ചിരിക്കുന്നു.

﴿ إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا ﴾

തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു.

﴿لِّتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ بُكْرَةً وَأَصِيلًا﴾

അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവാനും അവനെ സഹായിക്കുവാനും ആദരിക്കുവാനും രാവിലെയും വൈകുന്നേരവും നിങ്ങൾ അവന്റെ മഹത്വം പ്രകീർത്തിക്കുവാനും വേണ്ടി.

അഥവാ, അല്ലാഹുവിന്റെ ദീനിനെ സഹായിച്ചുകൊണ്ട് അവനെ നിങ്ങൾ സഹായിക്കുകയും, അവനെ മഹത്വപ്പെടുത്തുകയും, പ്രഭാതത്തിന്റെ ആദ്യത്തിലും അവസാനത്തിലും അവനെ പരിശുദ്ധപ്പെടുത്തുകയും ചെയ്യാൻ വേണ്ടി.

ദീനിനെ പരിഹസിക്കുക എന്നത് ഒരുവന്റെ ഇസ്ലാം പൊളിച്ചുകളയുന്ന കാര്യങ്ങളിൽ പെട്ടതാണ്

അല്ലാഹുവിന്റെ അടിമകളെ, ദീനിനെ ആദരിക്കുക എന്നതിനോട് എതിരിടുന്ന കാര്യമാണ് അല്ലാഹുവിന്റെ ദീനിനെയോ അല്ലെങ്കിൽ അവന്റെ റസൂലുകൾ, അവൻ വാഗ്ദാനം ചെയ്ത പ്രതിഫലങ്ങൾ ശിക്ഷകൾ എന്നിവയിൽ എന്തിനെയെങ്കിലും പരിഹസിക്കുക എന്നത്. ആരാണോ അപ്രകാരം പ്രവർത്തിച്ചത്, കുഫ്ർ ആകുന്നു അവൻ പ്രവർത്തിച്ചത്. ദീനിനെ പരിഹസിക്കൽ കുഫ്ർ ആകുക എങ്ങനെയാണെന്ന് വെച്ചാൽ, ദീനിനെ പരിഹസിക്കുക എന്നത് അർത്ഥമാക്കുന്നത് അത് നിയമമാക്കിയവനോടുള്ള അപമാനമാണ്. അത് നിയമമാക്കിയവൻ അല്ലാഹുവാണ്. ഇത് വ്യക്തമായ കുഫ്ർ ആണ്. അല്ലാഹുവോടുള്ള നമ്മുടെ നിർബന്ധ ബാധ്യത അവനെ മഹത്വപ്പെടുത്തുക എന്നതാണ്, കുറവാക്കലല്ല. അല്ലാഹുവെയും അവന്റെ റസൂലിനെയും ദീനിനെയും മഹത്വപ്പെടുത്തേണ്ട പ്രകാരം മഹത്ത്വപ്പെടുത്തുന്നവനിൽ നിന്നും രിക്കലും പരിഹാസം ഉടലെടുക്കുകയില്ല. പകരം, ഒരു മുനാഫിഖിന്റെ മനസ്സിൽ നിന്നെ അത് ഉൽഭവിക്കുകയുള്ളു. -അല്ലാഹുവോട് നാം രക്ഷ തേടുന്നു-. ദീനിനെ പരിഹസിക്കുക എന്നത് മുനാഫിഖിന്റെ അടയാളങ്ങളിൽ പെട്ടതാണ് എന്ന് അറിഞ്ഞിരിക്കെ പിന്നെങ്ങെനെയാണ് ഒരു വിശ്വാസിയിൽ നിന്നും അതുണ്ടാവുക? ഇബ്നു സിഅ'ദീ رحمه الله പറഞ്ഞു: "അല്ലാഹുവെക്കൊണ്ടും അവന്റെ റസൂലിനെ കൊണ്ടുമുള്ള പരിഹാസം ദീനിൽ നിന്നും പുറത്താക്കുന്ന കുഫ്ർ ആണ്. കാരണം, ദീനിന്റെ അടിത്തറ പടുത്തുയർത്തപ്പെട്ടത് അല്ലാഹുവെയും അവന്റെ ദീനിനെയും റസൂലിനെയും മഹത്ത്വപ്പെടുത്തുക എന്നതിന്റെ മുകളിലാണ്. അതിൽ ഏതെങ്കിലും ഒന്നിനെ പരിഹസിക്കുക എന്നതാകട്ടെ ആ അടിത്തറയെ ശക്തമായ രീതിയിൽ പൊളിച്ചുകലയലുമാണ്."

ദീനിനെ പരിഹസിക്കുന്നവർ ചെയ്യുന്നത് കുഫ്ർ ആണ് എന്നതിനുള്ള തെളിവുകൾ

അല്ലാഹുവിന്റെ അടിമകളെ, ദീനിന്റെ അടയാളങ്ങളിൽ പെട്ട എന്തിനെയെങ്കിലും പരിഹസിക്കുന്നവർ കുഫ്ർ ആണ് പ്രവർത്തിക്കുന്നത് എന്നത് ഖുർആൻ വ്യകതമാക്കിയിരിക്കുന്നു. അല്ലാഹു تعالى പറഞ്ഞു

﴿ وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ﴾

നീ അവരോട് അതിനെപ്പറ്റി ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്?

﴿ لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ ﴾

നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.

ദീനിൽ പെട്ട എന്തിനെയെങ്കിലും പരിഹസിക്കുന്നവർ കുഫ്ർ പ്രവർത്തിച്ചിരിക്കുന്നു എന്ന് ഈ ആയത്തിൽ നിന്നും വ്യക്തമാണ്. ആ പരിഹാസം അല്ലാഹുവുമായോ, അവന്റെ ആയത്തുകളായ ഖുർആനുമായോ, റസൂലുമായോ, ഏതുമായി ബന്ധപ്പെട്ടതാണെങ്കിലും ശെരി. പരിഹാസം മനപ്പൂർവ്വമായാലും, ഇനി തമാശക്കായാലും ഇതാകുന്നു വിധി.

മുകളിൽ പരാമർശിക്കപ്പെട്ട ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു അബീ ഹാത്തിം رحمه الله അബ്ദുല്ലാഹ് ഇബ്നു ഉമർ رضي الله عنه പറഞ്ഞതായി പറയുന്നു: തബൂക് യുദ്ധ വേളയിൽ ഒരു ദിവസം ഒരുവൻ പറഞ്ഞു:

ما رأيتُ مِثلَ قُرَّائِنا هؤلاء، لا أرغَبَ بُطونًا، ولا أكذَبَ ألسِنةً، ولا أجبَنَ عند اللِّقاءِ!

നമ്മിൽ പെട്ട ഈ പണ്ഡിതന്മാരെക്കാൾ അതായത് നബി ﷺ യുടെ സഹാബത്ത് ഭക്ഷണപ്രിയരും, കളവ് പറയുന്നവരും, ശത്രുക്കളുടെ മുന്നിൽ ഭീരുക്കളുമായി മറ്റാരെയും നാം കണ്ടിട്ടില്ല.

കൂട്ടത്തിൽ ഉണ്ടായിരുന്ന മറ്റൊരു വ്യക്തി മറുപടി പറഞ്ഞു:

كذَبْتَ، ولكنَّك مُنافِقٌ، لأُخبِرنَّ رسولَ اللهِ ﷺ

നീ കള്ളം പറഞ്ഞിരിക്കുന്നു, നീ ഒരു മുനാഫിഖ് തന്നെയാകുന്നു. തീർച്ചയായും ഞാൻ ഇത് അല്ലാഹുവിന്റെ റസൂലിനെ അറിയിക്കുക തന്നെ ചെയ്യും.

നബി ﷺ യുടെ അടുക്കൽ വിവരമെത്തുകയും വിഷയത്തിൽ ഖുർആൻ അവതരിക്കുകയും ചെയ്തു. അബ്ദുല്ലാഹ് رضي الله عنه തുടർന്ന് പറയുന്നു: റസൂലുല്ലാഹി ﷺ

യുടെ ഒട്ടകത്തിന്റെ കയർ പിടിച്ചു കൊണ്ട്, കാലിൽ കല്ലുകൾ തറച്ച് ഇപ്രകാരം പറയുന്നതായി ഞാൻ ആ പരിഹസിച്ചവനെ കണ്ടു :

يا رسولَ اللهِ، إنَّما كنَّا نخوضُ ونَلعَبُ

അല്ലാഹുവിന്റെ റസൂലേ, നമ്മൾ കളിക്കുകയും തമാശ പറയുകയും മാത്രമാണുണ്ടായത്.

അല്ലാഹുവിന്റെ റസൂൽ ﷺ മറുപടി പറഞ്ഞുകൊണ്ടേയിരുന്നു:

أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِئُونَ

അല്ലാഹുവെക്കൊണ്ടും അവന്റെ ആയത്തുകളെക്കൊണ്ടും അവന്റെ റസൂലിനെക്കൊണ്ടുമാണോ നിങ്ങൾ പരിഹസിക്കുന്നത്?

ദീനിനെ പരിഹസിക്കുന്നവൻ കാഫിറാണ് എന്നതിൽ പണ്ഡിതന്മാർ ഇജ്മാഇൽ ഏകാഭിപ്രായത്തിൽ ആണ്

അല്ലയോ വിശ്വാസികളെ, ദീനിനെ പരിഹസിക്കുന്നവന്റെ വിധി കുഫ്ർ ആണ് എന്നത് പണ്ഡിതന്മാർ ഏകോപിച്ച മസ്അലകളിൽ പെട്ടതാണ്. അല്ലാഹുവിനെയോ ഖുർആനിനെയോ റസൂലിനെയോ കുറിച്ച് പരാമർശിക്കപ്പെട്ട എന്തിനെയെങ്കിലും പരിഹസിക്കുന്നവനെ സംബന്ധിച്ച് ഷെയ്ഖ് സുലൈമാൻ ഇബ്നു അബ്ദില്ലാഹ് ഇബ്നു മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് ؒ പറഞ്ഞത് അവൻ അത് കാരണം കാഫിറാകും എന്നതാണ്. അല്ലാഹുവിന്റെ റുബൂബിയ്യത്തിനെയും അവൻ അയച്ച രിസാലത്തിനെയും കുറച്ച് കാണുന്നു എന്നതിനാൽ, അതാകട്ടെ തൗഹീദിനെ പൊളിക്കുന്ന കാര്യമാണ്. അതുകൊണ്ടാണ് അപ്രകാരം വല്ലതും പ്രവർത്തിച്ചവൻ കുഫ്റിലാണ് എന്നതിൽ പണ്ഡിതന്മാർ ഇജ്മാഇലായത്.

പരിഹാസത്തിന്റെ യാഥാർത്ഥ്യം ഉദ്ദേശിക്കാതെ തമാശയ്ക്ക് ആണെങ്കിലും, ആരെങ്കിലും അല്ലാഹുവിനെയും അവന്റെ കിതാബിനെയും റസൂലിനെയും ദീനിനെയും പരിഹസിച്ചാൽ, അവൻ കാഫിറാകും. പണ്ഡിതന്മാർ ഇതിൽ ഏകോപിച്ചിരിക്കുന്നു.

ദീനിനെ പരിഹസിക്കുന്നതിനെ തൊട്ടുള്ള താക്കീത്

അതുകൊണ്ട് വിശ്വാസികളെ, നമ്മുടെ മേൽ നിർബന്ധമായ കാര്യമെന്തെന്നാൽ, സംസാരങ്ങളിലെ പിഴവുകളെ കുറിച്ച് ജാഗ്രതയിലായിരിക്കുക എന്നതാണ്. ജനങ്ങളെ കൂടുതലും നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം അതാണ്. മുആദ് ؓ വിന്റെ ഹദീഥിൽ വന്നത് പോലെ, അദ്ദേഹം നബി ﷺ യോട് ചോദിച്ചു:

وَإِنَّا لَمُؤَاخَذُونَ بِمَا نَتَكَلَّمُ بِهِ؟

നാം സംസാരിക്കുന്നതിനെ തൊട്ടും നാം വിചാരണ ചെയ്യപ്പെടുമോ?

അവിടുന്ന് പറഞ്ഞു :

ثَكِلَتْكَ أُمُّكَ

നിന്റെ ഉമ്മാക്ക് നിന്നെ നഷ്ടപ്പെടട്ടെ അറബികൾ സാധാരണ ആശയത്തെ ഉദ്ദേശിക്കാതെ പറഞ്ഞു പോകുന്ന വാക്കുകളിൽ പെട്ടതാണ് ഇതുപോലെയുള്ളവ. കാര്യത്തിന്റെ ഗൗരവം സൂചിപ്പിക്കാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഉപയോഗിക്കുന്നത്

وَهَلْ يَكُبُّ النَّاسَ عَلَى وُجُوهِهِمْ –أَوْ قَالَ عَلَى مَنَاخِرِهِمْ– إِلَّا حَصَائِدُ أَلْسِنَتِهِمْ؟

ജനങ്ങളെ മുഖം കുത്തിയോ മൂക്കു കുത്തിയോ നരകത്തിൽ അറിയപ്പെടുന്നത് അവരുടെ നാവുകളുടെ ചെയ്തികളുടെ പേരിലല്ലാതെ മറ്റെന്താണ്?

മറ്റൊരു ഹദീഥിൽ

وَإِنَّ الْعَبْدَ لَيَتَكَلَّمُ بِالْكَلِمَةِ مِنْ سَخَطِ اللَّهِ لاَ يُلْقِي لَهَا بَالاً يَهْوِي بِهَا فِي جَهَنَّمَ

അല്ലാഹുവിന്റെ കോപം നേടുന്ന ഒരു വാക്ക് അതിന്റെ ഗൗരവം ചിന്തിക്കാതെ ഒരു അടിമ ഉച്ചരിച്ചേക്കും, അത് കാരണമായി അവൻ നരകത്തിൽ എറിയപ്പെടും.

ഖുർആനിൽ നിന്നും

﴿ وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ ﴾

കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം.

അല്ലാഹു പറഞ്ഞു:

﴿ مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴾

അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.

ദീനിനെ പരിഹസിക്കുന്നതിന്റെ ചില രൂപങ്ങൾ

അല്ലാഹുവിന്റെ അടിമകളെ, പണ്ഡിതന്മാരെയും നന്മ കല്പിക്കുന്നവരെയും തൈറിന്റെ ആളുകളെയെല്ലാം പരിഹസിക്കുക എന്നത് ദീനിനെ പരിഹസിക്കുന്നതിന്റെ ഇനങ്ങളിൽ പെട്ടതാണ്. കാരണം പണ്ഡിതന്മാർ നബിമാരുടെ അനന്തരവകാശികളാണ്, ദീനിന്റെ വാഹകരണവർ, ഒരുവൻ പണ്ഡിതനാണ് എന്നതിന്റെ പേരിൽ ആരാണോ അവനെ പരിഹസിക്കുന്നത് അവൻ കാഫിറായിരിക്കുന്നു. അല്ലെങ്കിൽ നന്മ കല്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു എന്നതിന്റെ പേരിൽ മാത്രം കളിയാക്കിയാലും അവനും കുഫ്ർ പ്രവർത്തിച്ചിരിക്കുന്നു. പണ്ഡിതന്മാരെയും നന്മ കല്പിക്കുന്നവരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതാണ് നിർബന്ധമായത്. കാരണം, അല്ലാഹു ഖുർആനിൽ അവരുടെ പദവികൾ ഉയർത്തിയിരിക്കുന്നു.

അല്ലാഹുവും അവന്റെ റസൂലും ആദരിച്ചവരെ ആദരിക്കുക എന്നതാണ് ഓരോ വിശ്വാസിയുടെ മേലും ബാധ്യതയായത്. അല്ലാഹു تعالى പറഞ്ഞു

﴿ يَرْفَعِ اللَّهُ الَّذِينَ آمَنُوا مِنكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ﴾

നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്.

നബി ﷺ പറഞ്ഞു

إِنَّهُ لَيَسْتَغْفِرُ لِلْعَالِمِ مَنْ فِي السَّمَوَاتِ وَمَنْ فِي الأَرْضِ حَتَّى الْحِيتَانِ فِي الْماءِ

ആകാശത്തിലുള്ളതും ഭൂമിയിലുള്ളതുമായ എല്ലാം ഒരു പണ്ഡിതന് വേണ്ടി പാപമോചനം തേടും, വെള്ളത്തിലുള്ള മൽസ്യം പോലും.

وَإِنَّ فَضْلَ الْعَالِمِ عَلَى الْعَابِدِ كَفَضْلِ الْقَمَرِ عَلَى سَائِرِ الْكَوَاكِبِ

ഒരു പണ്ഡിതന് ആരാധനയ്ക്ക് വേണ്ടി ഒഴിഞ്ഞിരിക്കുന്ന ഒരു ആബിദിന്റെ മേലുള്ള ശ്രേഷ്ഠത ചന്ദ്രന് മറ്റുള്ള നക്ഷത്രങ്ങൾക്ക് മുകളിലുള്ളത് പോലെയാണ്.

إِنَّ الْعُلَمَاءَ هُمْ وَرَثَةُ الأَنْبِيَاءِ إِنَّ الأَنْبِيَاءَ لَمْ يُوَرِّثُوا دِينَارًا وَلاَ دِرْهَمًا إِنَّمَا وَرَّثُوا الْعِلْمَ فَمَنْ أَخَذَهُ أَخَذَ بِحَظٍّ وَافِرٍ

പണ്ഡിതന്മാർ നബിമാരുടെ അനന്തരവകാശികളാണ്. അവർ അന്തരമായി ബാക്കിയാക്കിയത് ദീനാറോ ദിർഹമോ അല്ല. എന്നാൽ അത് അറിവാണ്. ആരാണോ ആ അറിവ് കൈപ്പറ്റിയത്, അവൻ മഹത്തായ ഒരു ഓഹരിയാകുന്നു നേടിയെടുത്തത്.

അല്ലയോ വിശ്വാസികളെ, ദീനിനെ പരിഹസിക്കുന്നതിൽ പെട്ടതാണ്, നബി ﷺ യുടെ ചര്യ പിൻപറ്റുന്നതിനെ പരിഹസിക്കുക എന്നത്. അതിൽ ഉൾപ്പെടുന്നതാണ് താടി മുറിക്കാതെ ഒഴിവാക്കൽ, നെരിയാണിക്ക് മുകളിൽ വസ്ത്രം ധരിക്കൽ, മിസ്വാക് കൊണ്ട് ദന്തശുദ്ധീകരണം വരുത്തൽ, ഹിജാബ് അബായ എന്നിവ ധരിക്കൽ പോലെയുള്ളവയെ പരിഹസിക്കൽ. ദീനിനെ പരിഹസിക്കുന്നതിൽ പെട്ടതാണ്, നമ്മുക്ക് അദൃശ്യമായ കാര്യങ്ങളെ പരിഹസിക്കുക എന്നതും. ഉദാഹരണത്തിന് സ്വർഗ്ഗത്തെയും നരകത്തെയും കുറിച്ചെല്ലാം പരിഹാസ ധ്വനിയിൽ ചോദ്യങ്ങൾ ചോദിക്കുക എന്നതല്ലാം.

അതുപോലെ തന്നെ ദീനിനെ പരിഹസിക്കുന്നതിൽ പെട്ടതാണ്, വിശ്വാസപരമായ ചില കാര്യങ്ങളിലുള്ള പരിഹാസം. സ്വഹാബത്തിന്റെ നീതിനിഷ്ഠയെയും നബി ﷺ യുടെ പ്രിയപത്നി ആഇശ رضي الله عنها യുടെ ചാരിത്ര്യത്തെയും പരിഹസിക്കുക എന്നിങ്ങനെ. ഇത് കുഫ്റാണ്. കാരണം, അതിന്റെ തത്ഫലം ഖുർആനിനെ കളവാക്കുക എന്നതാണ്. സൂറത്തു തൗബ , ഫത്ഹ് , ഹഷ്ർ എന്നിവയിലെല്ലാം അല്ലാഹു സ്വഹാബത്തിനെ പ്രശംസിച്ചിരിക്കുന്നു. ആഇശ رضي الله عنها യുടെ ചാരിത്ര്യ ശുദ്ധിയേയും മുനാഫിഖുകൾ അവരെ ആരോപിച്ചതിൽ നിന്നും

അവർ അകലെയാണ് എന്നതും അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. ഇതിനു ശേഷവും റസൂലിന്റെ സ്വഹാബത്തിനെയും റസൂലിന്റെ വിരിപ്പ് പങ്കിട്ടവരെയും പരിഹസിക്കുക എന്നത് എങ്ങിനെയാണ് അനുവദിക്കപ്പെടുക! അല്ലാഹു തന്റെ നബിയ്ക്ക് സ്വാലിഹീങ്ങളല്ലാത്ത ഒരു കൂട്ടം ആളുകളെയും ഭാര്യമാരെയും തിരഞ്ഞെടുത്തതുപോലെ! അങ്ങനെ ചെയ്യുന്നതിൽ നിന്നും അള്ളാഹു പരിശുദ്ധനാകുന്നു.

അല്ലയോ ജനങ്ങളെ, പരിഹാസം എന്നത് വ്യക്തമായ പരിഹാസ വാക്യങ്ങൾ, പ്രവർത്തനങ്ങൾ, എഴുത്ത്, സാമൂഹിക മാധ്യമങ്ങളിലൂടെ പല രൂപത്തിലുള്ള പരിഹാസങ്ങൾ എന്നിവയേയും, അതുപോലെ തന്നെ വ്യക്തമായ രൂപത്തിലല്ലാതെ കണ്ണിറുക്കി കൊണ്ടും, കൈകളെ കൊണ്ട് ആംഗ്യം കാണിച്ചും, നാവ് പുറത്തേക്കിട്ടുമുള്ള രൂപങ്ങളും പരിഹാസം എന്നതിൽ ഉൾപെടും.

പരിഹാസം എന്നതിന് ചെറിയ തോതിൽ ആണെങ്കിൽ പൊറുക്കപ്പെടും എന്ന രീതിയിൽ ഒരു പരിധി ഒന്നും നിശ്ചയിക്കപ്പെട്ടിട്ടില്ല. പരിഹാസം ആണെങ്കിൽ അതിന്റെ ചെറുതും വലുത് തന്നെയാണ്. അല്ലാഹു നമ്മുക് നമ്മുക്ക് രക്ഷ നൽകുമാറാകട്ടെ.

ദീനിനോടുള്ള പരിഹാസത്തിനെതിരിൽ മുസ്ലിമീങ്ങളും ഭരണകർത്താക്കളും സ്വീകരിക്കേണ്ട നിലപാട്

അല്ലയോ ജനങ്ങളെ, അല്ലാഹുവിനെയോ അവന്റെ നബിയെയോ ദീനിനെയോ പരിഹസിക്കുന്നവനെ വധിക്കുക എന്നത് ഇസ്ലാമിക ഭരണാധികാരിയുടെ മേൽ നിർബന്ധമാകുന്നു.

അല്ലാഹുവിന്റെ അടിമകളെ, ആരെങ്കിലും ഇത്തരത്തിൽ പരിഹസിക്കുന്നതായി കേട്ടാൽ മിണ്ടാതിരിക്കാതെ അതിനെ എതിർക്കുക എന്നത് നിർബന്ധമാണ്. അതുമല്ലെങ്കിൽ അവിടെ നിന്ന് എഴുന്നേറ്റ് പോകണം. കാരണം, അതും തൃപ്തിപ്പെട്ട അവരുടെ കൂടെ വീണ്ടും ഇരിക്കുക എന്നത് ദീനിൽ നിന്നും പുറത്ത് കൊണ്ട് പോകുന്ന കുഫ്ർ അവനിൽ നിർബന്ധമാക്കുന്നു. അള്ളാഹു പറഞ്ഞത് പോലെ

﴿ وَقَدْ نَزَّلَ عَلَيْكُمْ فِي الْكِتَابِ أَنْ إِذَا سَمِعْتُمْ آيَاتِ اللَّهِ يُكْفَرُ بِهَا وَيُسْتَهْزَأُ بِهَا فَلَا تَقْعُدُوا مَعَهُمْ حَتَّىٰ يَخُوضُوا فِي حَدِيثٍ غَيْرِهِ ۚ إِنَّكُمْ إِذًا مِّثْلُهُمْ ۗ إِنَّ اللَّهَ جَامِعُ الْمُنَافِقِينَ وَالْكَافِرِينَ فِي جَهَنَّمَ جَمِيعًا﴾

അല്ലാഹുവിന്റെ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേട്ടാൽ അത്തരക്കാർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്നും, അങ്ങനെ ഇരിക്കുന്ന പക്ഷം നിങ്ങളും അവരെപ്പോലെത്തന്നെ ആയിരിക്കുമെന്നും ഈ ഗ്രന്ഥത്തിൽ അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചു

തന്നിട്ടുണ്ടല്ലോ. കപടവിശ്വാസികളെയും അവിശ്വാസികളെയും ഒന്നിച്ച് അല്ലാഹു നരകത്തിൽ ഒരുമിച്ചുകൂട്ടുക തന്നെചെയ്യും.

ഈ ആയത്തിനെ കുറിച്ച് ഉറ്റാലോചിക്കു ഉള്കാഴ്ചയുള്ളവനേ!, ദീനിനെ പരിഹസിക്കുന്ന വേദികളിൽ അവർ ദുനിയാവിൽ ഒരുമിച്ചപ്പോൾ, അവരുടെ ശിക്ഷ നരകത്തിൽ ഒരുമിക്കുക എന്നതായി. അല്ലാഹുവോട് നാം രക്ഷ തേടുന്നു.

ഇസ്ലാമിന്റെ ശരീഅത്തിനെയും അത് ഇറക്കയിവനെയും (അല്ലാഹു), അത് നമ്മിലേക്ക് എത്തിച്ച് തന്നവരെയും (നബിമാർ), അതിന്റെ വാഹകരെയും (പണ്ഡിതന്മാരും നന്മ കല്പിക്കുന്നവരും), ആദരിക്കുന്നതിനെ സംബന്ധിച്ചുള്ള ഉപകാരപ്രദമായ ആമുഖത്തിന് ശേഷം ഞാൻ പറയട്ടെ, ആരാണോ ഈ മാർഗ്ഗത്തിന് എതിരായത് അവൻ വലിയ അപകടത്തിലാണ്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

ദീനിനെ പരിഹസിക്കുക എന്നത് പൊതുവിൽ കുഫ്ഫാറുകളുടെയും, പ്രത്യേകമായും ജൂധന്മാരുടെയും മുനാഫിഖുകളുടെയും വിശേഷണങ്ങളിൽ പെട്ടതാണ്.

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുക. ദീനിനെ പരിഹസിക്കുക എന്നത് ജൂതരുടെ വിശേഷണങ്ങളിൽ പെട്ടതാണ്, അവരാണ് അല്ലാഹു ﷻ യെ പരിഹസിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞത്

﴿ يَدُ اللَّهِ مَغْلُولَةٌ ﴾

അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ്

അവർ പറഞ്ഞു

﴿ إِنَّ اللَّهَ فَقِيرٌ وَنَحْنُ أَغْنِيَاءُ ﴾

അല്ലാഹു ദരിദ്രനും നമ്മൾ ധനികരുമാണ്

ഇതല്ലാതെയുള്ള പരിഹാസങ്ങൾ വേറെയുമുണ്ട്.

അതുപോലെതന്നെ, വിശ്വാസികളെ പരിഹസിക്കുക എന്നത് കുഫ്ഫാറുകളുടെ വിശേഷണങ്ങളിൽ പെട്ടതാണ്. അവരുടെ പരിഹാസത്തെ കുറിച്ച് അല്ലാഹു കുറ്റകൃത്യം എന്ന് വിശേഷിപ്പിച്ചുകൊണ്ട് പറഞ്ഞു.

﴿إِنَّ الَّذِينَ أَجْرَمُوا كَانُوا مِنَ الَّذِينَ آمَنُوا يَضْحَكُونَ ﴾

തീർച്ചയായും കുറ്റകൃത്യത്തിൽ ഏർപെട്ടവർ സത്യവിശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു.

﴿ وَإِذَا مَرُّوا بِهِمْ يَتَغَامَزُونَ ﴾

അവരുടെ സത്യവിശ്വാസികളുടെ മുമ്പിലൂടെ കടന്നു പോകുമ്പോൾ അവർ പരസ്പരം കണ്ണിട്ടു കാണിക്കുമായിരുന്നു.

﴿ وَإِذَا انقَلَبُوا إِلَىٰ أَهْلِهِمُ انقَلَبُوا فَكِهِينَ ﴾

അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചുചെല്ലുമ്പോൾ രസിച്ചു കൊണ്ട് അവർ തിരിച്ചുചെല്ലുമായിരുന്നു.

﴿ وَإِذَا رَأَوْهُمْ قَالُوا إِنَّ هَٰؤُلَاءِ لَضَالُّونَ ﴾

അവരെ സത്യവിശ്വാസികളെ അവർ കാണുമ്പോൾ, തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണ് എന്ന് അവർ പറയുകയും ചെയ്യുമായിരുന്നു.

വിശ്വാസികളെ പരിഹസിക്കുക എന്നത് നിഫാഖിന്റെയും പുറമേക്ക് ഈമാൻ പ്രകടിപ്പിച്ച് ഉള്ളിൽ അല്ലാഹുവിന്റെ ശരീഅത്തിനോടുള്ള വെറുപ്പും കൊണ്ടുനടക്കുന്ന മുനാഫിഖുകളുടെയും അടയാളങ്ങളിൽ പെട്ടതാണ്.

മതേതരവാദികളും ലിബറലുകളും അവരെപോലുള്ളവരും അതിൽ ഉൾപ്പെടുന്നു. നന്മ കല്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നവരെയും, ഹിജാബിനെയും, നബി ﷺ യുടെ സുന്നത്തിൽ വന്ന ഒട്ടകത്തിന്റെ മൂത്രം പോലെയുള്ള ചില ചകിത്സ രീതികളെയും അവർ പരിഹസിക്കുന്നു. അല്ലാഹു അവരുടെ കുതന്ത്രങ്ങളെല്ലാം അവരിലേക്ക് തന്നെ മടക്കിയിരിക്കുന്നു, ഒരു നന്മയും നേടാൻ അവരെ കൊണ്ട് സാധിച്ചിട്ടില്ല, അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും. സുന്നത്തിൽ വന്ന ഇത്തരത്തിലുള്ള ചികിത്സ രീതികളെ ശരി വെച്ചുകൊണ്ട് മുസ്ലിമീങ്ങളുടേതല്ലാത്ത പല വൈദ്യ സംഘടനകളുടെയും ഗവേഷണങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ആറാമത്തെ കാര്യം :

മാരണം ചെയ്യൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലയോ മുസ്‌ലിമീങ്ങളെ, നിങ്ങൾ തഖ പാലിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും,അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയുക: പ്രവാചകൻമാരുടെ പ്രബോധനത്തിന്റെ അന്തസത്ത അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും, അതിന് വിപരീതമായ സകലതും വെടിയണമെന്നതുമായിരുന്നു. അതിന്റെ വിപരീതങ്ങളിൽ ഏറ്റവും കൂടുതൽ സംഭവിക്കുന്ന ഒന്നാണ് അല്ലാഹുവിനുള്ള ആരാധനകളിൽ പങ്ക് ചേർക്കൽ. അഥവാ അല്ലാഹുവിന് പുറമെയുള്ളവർക്ക് ആരാധകൾ നൽകിക്കൊണ്ട് അവരിലേക്ക് തിരിയൽ. അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കൽ, അവർക്ക് വേണ്ടി ബലിയറുക്കൽ, നേർച്ചനേരൽ കഅബക്ക് ചുറ്റുമല്ലാതെ വല്ല ഖബ്റിനോ,പ്രതിഷ്ഠക്കോ ചുറ്റും ത്വവാഫ് ചെയ്യൽ പോലുള്ള കാര്യങ്ങൾ അതിനുള്ള ഉദാഹരണങ്ങളാണ്. മാരണം ചെയ്യലും അതിൽ ഉൾപ്പെടുന്ന കാര്യമാണ്. അതാണ് ഈ ഖുതുബയിലൂടെ വിവരിക്കുന്നത്.

മാരണത്തിന്റെ നിർവചനവും, ഉദാഹരങ്ങളുക്കം അതിന്റെ ഇനങ്ങളും

അല്ലയോ, അല്ലാഹുവിന്റെ അടിമകളെ,

മാരണമെന്നാൽ ചില പ്രത്യേക തീരുമാനങ്ങൾക്കും, മന്ത്രങ്ങൾക്കും,കെട്ടുകൾക്കും, അല്ലെങ്കിൽ ചില മരുന്നുകൾക്കും, പൂജകൾക്കും പറയുന്ന പ്രയോഗമാണ്. അവ ഹൃദയങ്ങളെയോ, ശരീരങ്ങളെയൊ, കഴ്ചകളെയൊ സ്വാധീനിക്കും. അപ്രകാരം അവ രോഗമുണ്ടാക്കുകയോ, കൊപ്പെടുത്തുകയോ ചെയ്യും. അല്ലെങ്കിൽ അവ ചിന്തകളെയൊ, കാഴ്ചപ്പാടുകളെയോ സ്വാധീനിക്കും. അല്ലെങ്കിൽ കച്ചവടം പോലുള്ള ഇടപാടുകളിലെ പങ്കാളികളെയൊ, ഭാര്യഭാർത്താക്കൻമാർക്കിടയിലൊ സ്വാധീനിച്ച് അവരെ വേർപിരിക്കും.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ, മാരണം രണ്ടിനമാണ്. യഥാർഥത്ഥമായതും തോന്നിപ്പിക്കലാക്കുന്നതും.

യഥാർത്ഥമായത് മൂന്ന് ഇനങ്ങളാണ്.

ഒന്ന്: രോഗം മൂലമോ, മരണം മൂലമോ ശരീരത്തെ സ്വാധീനക്കുന്നവ.

രണ്ട്: സ്നേഹമോ, വെറുപ്പോ മൂലം മനസ്സിനെ ബാധിക്കുന്നവ. താൻ വെറുക്കുന്ന ഭാര്യയോട് ഭാർത്താവിന് സ്നേഹം ഉണ്ടാക്കുന്നത് പോലെ. അല്ലെങ്കിൽ നേരെ തിരിച്ചും.

അങ്ങനെ അവൻ അവളെയൊ , അവൾ അവനെയൊ നല്ല രൂപത്തിൽ കാണുന്നു. അതാണ് (العطف കൂട്ടി ഇണക്കൽ) എന്ന പേരിൽ അറിയപ്പെടുന്നത്. അതെല്ലെങ്കിൽ ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവിന് ഭര്യയോട് വെറുപ്പുണ്ടാക്കിക്കൊണ്ട്. അല്ലെങ്കിൽ നേരെ തിരിച്ചും. അപ്രകാരം അവൻ അവളെയൊ അവൾ അവനെയൊ മോശമായ രൂപത്തിൽ കാണുന്നു. അതാണ് (الصرفവേർപ്പിരിക്കൽ) എന്ന പേരിൽ അറിയപ്പെടുന്നത്.

മൂന്ന്: കഴ്ചപ്പാടിനെയും, ചിന്തയെയും സ്വാധീനിക്കുന്നവ.

അപ്രകാരം മാരണം ചെയ്യപ്പെട്ടവന് അവൻ ചെയ്യാത്ത കാര്യം ചെയ്തതായി തോന്നുന്നു. നബി ﷺ യെ ലബീദ് ബ്നുൽ അഅസം എന്ന യഹൂദി ചെയ്തത് പോലുള്ള മാരണം.

അത് മൂലം അവിടുന്ന് ചെയ്യാത്ത കാര്യങ്ങൾ ചെയ്തത് പോലെ തോന്നിക്കപ്പെട്ടു. ആ മാരണം ചില മാസങ്ങൾ അവിടുന്നിൽ അവശേഷിച്ചു.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

മാരണം ചെയ്യുന്നവൻ അത് ചെയ്യുന്നതിന് വേണ്ടി പിശാചുക്കളോട് സഹായം തേടുന്നു. മാരണക്കാരൻ അത് ചെയ്യുവാൻ ഉദ്ദേശിച്ചാൽ പ്രത്യേകം ചില രൂപത്തിൽ അവൻ മ്ലേഛമായ കാര്യങ്ങളും മാരണം ചെയപ്പെടുന്നവന് അവൻ ബാധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ദോഷത്തിനനുസരിച്ച് പല തിന്മകളും ചെയ്യുന്നു. അതിന് വേണ്ടി അവൻ ചില മ്ലേഛരായ പിശാചുക്കളോട് സഹായം തേടുന്നു. പിന്നീട് അവൻ ചില കെട്ടുകളിൽ അവന്റെ ഉമിനീരിനോടൊപ്പം ഊതിക്കൊണ്ടിരിക്കും. അതാണ് النفث

എന്നത് കൊണ്ട് അറിയപ്പെടുന്ന കാര്യം. അത് അല്ലാഹുവിന്റെ വാക്കിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

﴿وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ﴾

കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും

النفاثات അഥവാ കെട്ടുകളിൽ ധാരാളം ഊതുന്നവർ എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഇത്തരം മാരണം ചെയ്യുന്നതിന് വേണ്ടി കെട്ടുകളിൽ ധാരാളം ഊതുന്ന പിശാചുക്കളെയും, മനുഷ്യരെയുമാണ്. കാരണം മാരണത്തിന്റെ സ്വാധീനം മോശമായ പിശാചുക്കളിൽ നിന്നും, മനുഷ്യരിൽ നിന്നുമാണ്.

അതിന്റെ സ്വാധീനം അവരിൽ നിന്നാണ് പ്രകടമാവുക.

മാരണം ഇത്തരം മ്ലേഛരായ മനുഷ്യരിൽ നിന്നും, ജിന്നുകളിൽ നിന്നും തിന്മകളും, ഉപദ്രവങ്ങളും അപകടങ്ങളും, കൂടിച്ചേർന്ന് ഒരു ശ്വാസവും, ഉമിനീരുമായി പുറത്ത് വരുന്നു. അപ്രകാരം ആ മാരണം ബാധിക്കപ്പെടാൻ ഉദ്ദേശിക്കപ്പെടുന്ന വ്യക്തിക്കുള്ള ഉപദ്രവം ഏൽപ്പിക്കുന്നതിന് വേണ്ടി പിശാചുക്കളോട് സഹായം തേടുന്നു. അങ്ങനെ അല്ലാഹുവിന്റെ പ്രാപഞ്ചികമായ തീരുമാനത്തോടെ അവന്റെ അനുമതിയോടെ അത് അയാളെ ബാധിക്കുന്നു. അല്ലാഹു പറഞ്ഞത് പോലെ.

﴿وَمَا هُم بِضَآرِّينَ بِهِۦ مِنْ أَحَدٍ إِلَّا بِإِذْنِ ٱللَّهِ﴾

എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

ചില ആളുകൾ തന്റെ കുടുംബത്തിൽ നിന്നും മാറി നിൽക്കാൻ അവരോട് താൽപര്യമില്ലാതിരിക്കാൻ മാരണം ചെയ്യാൻ മാരണക്കാരെ സമീപിക്കും. അങ്ങനെ അവൻ കുറച്ച് കാലം അവന്റെ ഭാര്യയെ കുറിച്ചോ, മക്കളെ കുറിച്ചോ യാതൊരു ചിന്തിയുമില്ലാത്ത രൂപത്തിലേക്ക് മാറും. അവരിൽ നിന്നും വിദൂരമായ മറ്റൊരു സ്ഥലത്തേക്ക് ജോലിക്ക് പോകുന്ന ആ ഒരു കാലഘട്ടം അവരെ പിരിഞ്ഞിരിക്കാൻ അവന് നിശ്പ്രയാസം സാധിക്കുന്നു. പിന്നീട് തിരിച്ചു അവരിലേക്ക് മടങ്ങേണ്ട സമയമാകുമ്പോൾ അവനിൽ നിന്നും സിഹ്ർ ഒഴിഞ്ഞു പോകും.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

മാരണം ചെയ്യുന്നവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നവരാണ്. തങ്ങളുടെ അടുക്കൽ വരുന്നവർ തങ്ങളെപ്പറ്റി നല്ലത് കരുതുന്നതിനും, തങ്ങളിൽ അവർ വഞ്ചിതരാകുന്നതിനും വേണ്ടി അവർ ചിലപ്പോൾ ഖുർആൻ ഓതുന്നതായി കാണാം. അങ്ങനെ അവർ ഈ മാരണം ചെയ്യുന്നവൻ അല്ലാഹുവിന്റെ ഔലിയാക്കളിൽ പെട്ടവനാണെന്ന് വിശ്വസിക്കുന്നു. അവരുടെ മാരണത്തെ

അവർക്ക് അല്ലാഹു നൽകുന്ന അത്ഭുത സിദ്ധിയാണെന്ന് അവർ വിശേഷിപ്പിക്കുകയും ചെയ്യുന്നു. സത്യത്തിൽ ഇതെല്ലാം മാരണം തന്നെയാണ്. അതുമായി യാതൊരു നിലക്കും സഹകരിക്കൽ അനുവദനീയമല്ല. മറിച്ച് അതിനെ എല്ലാ നിലക്കും ഉപേക്ഷിക്കലും, എതിർക്കലും നിർബന്ധവുമാണ്.

അല്ലാഹുവിന്റെ അടിമകളെ,

തോന്നിപ്പിക്കലാകുന്ന മാരണത്തിന്റെ രൂപം ഒന്ന് മാത്രമാണ്. അത് കാഴ്ചകളെ സ്വാധീനിക്കലാണ്. ചിന്തയിലോ, ഹൃദയത്തിലോ, ശരീരത്തിലോ സ്വാധീനിക്കുന്ന ഒന്നല്ല അത്. അപ്രകാരം മാരണം ചെയ്യപ്പെട്ടവൻ യാഥാർത്യത്തിന് വിരുദ്ധമായത് കാണും. ആ കാണുന്ന സംഗതി യഥാർത്ഥത്തിൽ അതിന് മാറ്റമൊന്നുമുണ്ടായിട്ടില്ല. അത് ഫിർഔനിന്റെ കീഴിലുണ്ടായിരുന്ന മാരണക്കാർ മൂസ നബിക്ക് മുന്നിൽ ചെയ്ത ഒരു തരം മാരണമാണ്. അത് പിശാചിന്റെ പ്രവർത്തനങ്ങളിൽ പെട്ടതാണ്.

അല്ലയോ ജനങ്ങളെ,

മാരണത്തിന്റെ ഇനങ്ങളിൽപ്പെട്ട തോന്നിപ്പിക്കലാകുന്ന മാരണം അത് യാഥാർത്ഥ്യമായും സംഭവിക്കുന്നതാണ്. യാഥാർത്ഥ്യമായ അനുഭവമായി സ്വധീനമുണ്ടാകുന്നത് മാരണം ചെയ്യപ്പെട്ടവന്റെ കണ്ണിനാണ്. അല്ലാതെ അവൻ കാണുന്ന കാര്യത്തിന്റെ യാഥാർത്ഥ്യത്തെ അല്ല. അവൻ കാണുന്ന കാര്യം അതിന്റെ യഥാർത്ഥ രൂപം എങ്ങനെയാണോ അങ്ങനെ തന്നെ ബാക്കിയാവും. അല്ലാഹുവിന്റെ കൽപ്പന കൊണ്ടല്ലാതെ അത് മാറുകയില്ല. കാരണം ഒരു കാര്യത്തിന്റെ സൃഷ്ടിപ്പ് മറ്റൊരു രൂപത്തിലേക്ക് മാറ്റം വരുത്തുക എന്നത് അല്ലാഹുവിന്റെ മാത്രം പ്രത്യേകതകളിൽപ്പെട്ടതാണ്. അതിൽ അവന് യാതൊരു പങ്ക്കാരുമില്ല.

മാരണത്തിന്റെ ഈ ഒരു ഇനം നിലവിൽ നമ്മുടെ കാലഘട്ടത്തിൽ കാണപ്പെടുന്ന രൂപമാണ് കൺകെട്ടു വിദ്യ എന്ന പേരിൽ അറിയപ്പെടുന്നത്.

സർക്കസുകളിലും ഇത് തന്നെയാണ് സംഭവിക്കുന്നത്.

ഇത്തരം ജ്യാലവിദ്യകൾ ആളുകളെ കാണിച്ചു കൊണ്ട് യാഥാർത്ഥ്യമായ ഒന്നിനെ മറ്റൊന്നായി ജനങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്ന രീതികളെല്ലാം ഈ പറയപ്പെട്ട മാരണം തന്നെയാണ്. ഉദാഹരത്തിന് മാജിക് പോലുള്ള കാര്യങ്ങൾ.

ജനങ്ങൾ അകന്ന് പോകാതിരിക്കാൻ അവർ അതിന് മാരണം എന്ന പേര് നൽകാതെ ജനങ്ങളെ ആകർശിക്കുന്ന തരത്തിലുള്ള മേൽപ്പറയപ്പെട്ട പേരുകളാണ് നൽകുക. എന്നാൽ അത് അതിന്റെ വിധിയിൽ യാതൊരു മാറ്റവും വരുത്തുന്നതല്ല. കാരണം കാര്യങ്ങളുടെ യാഥാർത്ഥ്യമാണ് പരിഗണിക്കുക അതല്ലാതെ അതിന്റെ പേരുകളല്ല.

ഇത്തരം സിഹ്റിന്റെ രൂപമാണ് ചിലർ അവരുടെ മുടി നാര് കൊണ്ട് വലിയ കാർ വലിച്ച് കൊണ്ട് വരുന്ന കാഴ്ചകൾ, മറ്റു ചിലർ തീ ഭക്ഷിക്കുന്ന കാഴ്ച, മൂന്നമതായി ചിലർ സ്വയം വാളുകൾ കൊണ്ടോ മറ്റു മൂർഛയുള്ള ആയുധങ്ങൾ കൊണ്ടോ സ്വയം മുറിവേൽപ്പിക്കുന്ന രംഗം, അല്ലെങ്കിൽ അവന്റെ നാവ് മുറിക്കുന്ന രംഗം, ചിലർ ഏതെങ്കിലും മൃഗത്തിന്റെ ഗുഹ്യ ഭാഗത്തുകൂടെ പ്രവേശിച്ച്, അതിന്റെ വായിലൂടെ പുറത്ത് വരുന്ന രംഗം, മറ്റു ചിലർ വസ്ത്രത്തിനുള്ളിൽ നിന്ന് പക്ഷിയെ പുറത്തെടുക്കുന്ന രംഗം പോലുള്ളവ. അവരിൽ ചിലർ ജനങ്ങളുടെ മുമ്പാകെ തങ്ങളുടെ നെഞ്ചിലൂടെ വാഹനം കയറ്റിയിറക്കുന്ന രംഗങ്ങളും കാണാം. ഇത് പോലുള്ളവയൊന്നും, മനുഷ്യരുടെ കഴിവിൽ പെട്ടതല്ല. ഒന്നുകിൽ ഇത്രയും വലിയ ഭാരം ചുമക്കാൻ സാധിക്കുന്ന പിശാചുക്കളോട് സഹായം തേടിക്കൊണ്ടോ, അല്ലെങ്കിൽ മുൻപ് വിശദീരിച്ച പോലെ മാരണം കൊണ്ട് കാഴചക്കാരുടെ കണ്ണുകളെ തോന്നിപ്പിച്ചുക്കൊണ്ടോ ആണ്. രണ്ടായാലും ഇത് ചെയ്യുന്നവർ പിശാചിനോട് സഹായം തേടിക്കൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്.

മാരണക്കാരൻ കാഫിറാണെന്നതിനും,മാരണവുമായി സഹകരിക്കൽ നിശിദ്ധമാണെന്നതിനുമുള്ള തെളിവുകൾ.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ, ഖുർആനിൽ മാരണക്കാർക്കുള്ള ആക്ഷേപം ശക്തമാണ്.

അല്ലാഹു പറഞ്ഞു:

﴿وَلَا يُفۡلِحُ ٱلسَّاحِرُ حَيۡثُ أَتَىٰ﴾

ജാലവിദ്യക്കാരൻ എവിടെച്ചെന്നാലും വിജയിയാവുകയില്ല.

﴿وَلَا يُفۡلِحُ ٱلسَّٰحِرُونَ﴾

ജാലവിദ്യക്കാർ വിജയം പ്രാപിക്കുകയില്ല

ഈ രണ്ട് ആയത്തുകളും, മാരണക്കാരന് വിജയം പൂർണ്ണമായം നിരോധിക്കുന്ന ആയത്തുകളാണ്. കുഫ്റിൽ അകപ്പെട്ടവനല്ലാതെ ഇപ്രകാരം ഉണ്ടാവുകയില്ല.

മൂസാ നബിയുടെ നാക്കാൽ അല്ലാഹു മാരണക്കാരെ ആക്ഷേപിച്ചതായി ഖുർആനിൽ കാണാം.

﴿مَا جِئۡتُم بِهِ ٱلسِّحۡرُۖ إِنَّ ٱللَّهَ سَيُبۡطِلُهُۥٓۖ إِنَّ ٱللَّهَ لَا يُصۡلِحُ عَمَلَ ٱلۡمُفۡسِدِينَ﴾

നിങ്ങൾ ഈ അവതരിപ്പിച്ചത് ജാലവിദ്യയാകുന്നു. തീർച്ചയായും അല്ലാഹു അതിനെ പൊളിച്ചു കളയുന്നതാണ്. കുഴപ്പമുണ്ടാക്കുന്നവരുടെ പ്രവർത്തനം അല്ലാഹു ഫലവത്താക്കിത്തീർക്കുകയില്ല; തീർച്ച'.

തീർച്ചയായും മാരണക്കാരൻ ഭൂമിയിൽ കുഴപ്പം ഉണ്ടാക്കുന്നവനാണെതിനുള്ള വ്യക്തമായ തെളിവാണ് ഈ ആയത്ത്.

മേൽ സൂചിപ്പിച്ച ആയത്തുകളെല്ലാം തന്നെ മാരണക്കാരൻ 'കാഫിറാണെന്നും, മാരണവുമായി സഹകരിക്കൽ നിഷിദ്ധമാണെന്നും, അത് പടപ്പുകൾക്ക് ദോശകരമാണെന്നും അറിയിക്കുന്നു.

അത് കൊണ്ടാണ് നബി ﷺ അതിനെ പരലോകത്ത് നമ്മെ നശിപ്പിക്കുന്ന കാര്യങ്ങളിൽ എണ്ണിയത്.

അബൂ ഹുറൈറ ﷺ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

قال: اجتنِبوا السَّبعَ الموبقات. قالوا: يا رسولَ اللهِ، وما هُن؟ قال: الشِّركُ باللهِ، والسِّحرُ

നിങ്ങൾ ഏഴ് വൻപാപങ്ങളെ വെടിയുക: സ്വഹാബികൾ ചോദിച്ചു : അല്ലാഹുവിന്റെ റസൂലെ അവ ഏതാണ്. അവിടുന്ന് പറഞ്ഞു : അല്ലാഹുവിൽ പങ്കു ചേർക്കലും, മാരണവും.

മറ്റൊരു ഹദീസിൽ അവിടുന്ന് പറഞ്ഞു:

ليس منا من تَطيَّر أو تُطُيِّرَ له، أو تَكهَّنَ أو تُكُهِّنَ له، أو سَحَرَ أو سُحِرَ له، ومن أتى كاهناً فصدَّقه بما يقول فقد كفر بما أُنزل على محمد ﷺ.

ആരാണോ സ്വയം ശകുനം നോക്കുകയോനോക്കാൻ ഏൽപ്പിക്കുകയോ, മറഞ്ഞകാര്യങ്ങൾ അറിയാം എന്ന് സ്വയംവാദിക്കുകയോ, മറ്റുള്ളവർക്ക് അത്ചാർത്തുകയോ, മാരണം ചെയ്യുകയോ, ചെയ്യിപ്പിക്കുകയോ ചെയ്യുന്നത് അവർനമ്മിൽപ്പെട്ടവരല്ല. ആരാണോ മറഞ്ഞ കാര്യങ്ങൾ അറിയുമെന്നവാദിക്കുന്നവരായ ജ്യോത്സ്യൻമാരുടെഅരികിൽ പോവുകയും അവർ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്യുന്നത്. അവൻ മുഹമ്മദ് നബി ﷺ യുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.

وروى البيهقي عن قَتادة أن كعبا قال: قال الله ﷻ: ليس من عبادي من سَحر أو سُحِر له، أو كَهَن أو كُهِن له، أو تَطَيَّرَ أو تُطِيِّر له، لكن من عبادي من آمن وتوكل علي.

അല്ലാഹു പറഞ്ഞു: മാരണം ചെയ്യുന്നവനോ, ചെയ്യാൻ ഏൽപ്പിക്കുന്നവനോ സ്വയം ശകുനം നോക്കുന്നവനോ, ശകുനം നോക്കാൻ ഏൽപ്പിക്കുന്നവനോ, മറഞ്ഞകാര്യങ്ങൾ അറിയാം എന്ന് സ്വയംവാദിക്കുന്നവനോ, മറ്റുള്ളവർക്ക് അത്ചാർത്തുന്നവനോ, എന്റെ നല്ലവരായ അടിമകളിൽ പെട്ടവരല്ല. എന്റെ നല്ലവരായ അടിമകൾ എന്നിൽ വിശ്വസിക്കുകയും, എന്റെ മേൽ ഭരമേൽപ്പിക്കുയും ചെയ്യുന്നവരാണ്.

അല്ലയോ വിശ്വാസികളെ,

മാരണം ചെയ്യുന്നതിന് വേണ്ടി മാരണക്കാരന്റെ അരികിൽ പോകൽ കുഫ്ർ ആകുന്നു. അല്ലാഹുവിൽ അഭയം.

സ്വന്തത്തിനൊ, മറ്റുള്ളവർക്കോ അത് അവൻ നടപ്പിലാക്കുന്നത് കൊണ്ടും, കുഫ്റായ ഒരു കാര്യത്തിൽ തൃപ്ത്തിപ്പെടുന്നതുകൊണ്ടുമാണ് അത് കുഫ്ർ ആവുന്നത്.

മാത്രമല്ല മാരണവുമായി സഹകരിച്ചില്ലെങ്കിലും, അതിൽ കേവലം തൃപ്തിപ്പെടൽ പോലും കുഫ്റാകുന്നു.

കാരണം കുഫ്റാകുന്ന ഒരു കാര്യത്തെ തൃപ്ത്തിപ്പെടലും കുഫ്റാണ്. അവൻ വിഗ്രഹാരാധനയെയൊ, കുരിശിന് സുജൂദ് ചെയ്യുന്നതിനെയൊ തൃപ്തിപ്പെടുന്നവനെപ്പോലെയാണ്.

അവൻ വിഗ്രഹത്തെ ആരാധിക്കുന്നില്ലെങ്കിലും, കുരിശിന് സുജൂദ് ചെയ്യുന്നില്ലെങ്കിലും അവൻ കാഫിറാണ്.

ഞാൻ മാരണം ചെയ്യില്ല, അതിന് പ്രേരിപ്പിക്കുകയോ, അത് പഠിക്കുകയോ ചെയ്യില്ല. പക്ഷെ എന്റെ വീട്ടിലൊ, സമൂഹത്തിലൊ അത് സംഭവിക്കുന്നതിൽ ഞാൻ ഹൃദയം കൊണ്ട് തൃപ്തനാണ് ഞാൻ അതിനെ എതിർക്കുകയില്ല.

ഇപ്രകാരം പറയുന്നവനും കാഫിറാകുന്നു.

കാരണം കുഫ്റിൽ തൃപ്ത്തിപ്പെടൽ കുഫ്ർ തന്നെയാണ്.

ഏറ്റവും ചുരുങ്ങിയത് കുഫ്റിനെ തന്റെ മനസ്സ് കൊണ്ടെങ്കിലും എതിർക്കാത്തവന്റെ ഹൃദയത്തിൽ ഒരു ഈമാനും ഇല്ല. അല്ലാഹുവിൽ അഭയം.

മാരണം ചെയ്യുന്നവൻ തൗഹീദിന്റെ പ്രധാനപ്പെട്ട രണ്ടിനങ്ങളിലും അല്ലാഹുവിൽ പങ്ക് ചേർക്കുന്നവനാണ്

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

തോന്നിപ്പിക്കലാകുന്ന മാരണം ചെയ്യുന്നവരായ ആളുകൾ വാദിക്കുന്നത് യാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കുന്നതിനുള്ള കഴിവ് അവർക്കുണ്ടെന്നാണ്. അതിനാൽ തന്നെ അവരുടെ ഇത്തരം പ്രവർത്തങ്ങൾ കൊണ്ട് അവർ വാദിക്കുന്നത് പ്രപഞ്ചത്തിൽ മാറ്റങ്ങൾ വരുത്താൻ അവർക്ക് കഴിവുണ്ടെന്നാണ്, അതോടൊപ്പം അവർ അല്ലാഹു അല്ലാത്തവരോട് സഹായം തേടുകയും ചെയ്യുന്നു. ഒന്നാമത്തെത് അല്ലാഹു മാത്രമാണ് റബ്ബായവൻ എന്നതിലെ പങ്ക് ചേർക്കലാണെങ്കിൽ രണ്ടാമതെത്ത് അവൻ മാത്രമാണ് ആരാധ്യൻ എന്നതിലുള്ള പങ്ക് ചേർക്കലാണ്.

മാരണം തനിച്ച വഴികേടും ശിർക്കുമാണെന്നതിന് ഈ രണ്ട് കാര്യങ്ങൾ തന്നെ മതിയായതാണ്.

അല്ലാഹു മാത്രമാണ് റബ്ബായവൻ എന്നതിലെ ശിർക്ക് അവർ യാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കുന്നു എന്ന് വാദിക്കുന്നതിലൂടെയാണ് സംഭവിക്കുന്നത്. എന്നാൽ അല്ലാഹു മാത്രമാണ് യാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കുന്നവൻ അതിൽ അവന് യാതൊരു പങ്കാളിയുമില്ല എന്നതാണ് സത്യം.

അല്ലാഹു മാത്രമാണ് പ്രപഞ്ചം നിയന്ത്രിക്കുന്നവൻ. അവൻ മാത്രമാണ് ഒരു സൃഷ്ടിയെ ഒരു രൂപത്തിൽ നിന്നും, മറ്റൊരു രൂപത്തിലേക്ക് മാറ്റുവാൻ കഴിവുള്ള യഥാർത്ഥ സൃഷ്ടാവ്.

എന്നാൽ മാരണക്കാർ മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം അല്ലാഹുവിന്റെ പങ്കാളികളാണെന്ന് വാദിക്കുന്നു.

അത് കളവാണെന്നത് മാത്രമല്ല അവർ മാറ്റം വരുത്തുന്നു എന്ന് പറയുന്ന കാര്യങ്ങൾക്ക് യഥാർത്ഥതിൽ മാറ്റങ്ങൾ സംഭവിക്കുന്നില്ല. കാരണം അവരുടെ മാരണം നീങ്ങുന്നതോടു കൂടി കണ്ണുകളെ ബാധിച്ച സ്വാധീനം നീങ്ങുകയും, പിന്നീട് ജനങ്ങൾക്ക് കാര്യങ്ങൾ അതിന്റെ ആദ്യസമയത്ത് എങ്ങനെ ആയിരുന്നോ അത് പോലെ മാറിയതായി വ്യക്തമാവുകയും ചെയ്യുന്നു.

അവർക്ക് അല്ലാഹു മാത്രമാണ് ഇലാഹ് എന്നതിൽ ശിർക്ക് സംഭവിച്ചു എന്നതിനുള്ള കാരണം അവർ പിശാചുക്കളോട് സഹായം തേടുന്നത് കൊണ്ടും, അവർക്ക് സുജൂദ് ചെയ്യുന്നത് കൊണ്ടും, അവർക്ക് വേണ്ടി ബലി അറുക്കുന്നതുകൊണ്ടുമാക്കെയാണ്. ചിപ്പോൾ അവർ പിശാചുക്കളെ തൃപ്തിപ്പെടുത്തുന്നതിന് വേണ്ടി മുസ്ഹഫിനെ വരെ നിന്ദിക്കും. പിശാച് അവർക്ക് ചെയ്ത് കൊടുക്കുന്ന സേവനങ്ങൾക്ക് പകരമായി അവൻ കുഫ്റും, ഭൂമിയിൽ കുഴപ്പമുണ്ടാക്കലുമല്ലാതെ അവരിൽ നിന്നും പ്രതീക്ഷിക്കുന്നില്ല.

അപ്പോൾ മാരണക്കാരൻ തന്നെ സേവിക്കുന്ന പിശാചിനെ ആരാധിക്കുന്നു. ഇതാണ് അവൻ കാഫിറാണെന്നതിനുള്ള അടിസ്ഥാന കാരണം. പിശാചാകട്ടെ മാരണക്കാന്റെ ആരാധന കൊണ്ട് ഉപകാരമെടുക്കുകയും ചെയ്യുന്നു. അതാണ് മനുഷ്യരിൽ നിന്നും അവർ ലക്ഷ്യം വെക്കുന്ന അവരുടെ പ്രധാന ആവശ്യം.

അല്ലാഹു പറഞ്ഞു. :

﴿ أَلَمۡ أَعۡهَدۡ إِلَيۡكُمۡ يَٰبَنِيٓ ءَادَمَ أَن لَّا تَعۡبُدُواْ ٱلشَّيۡطَٰنَۖ إِنَّهُۥ لَكُمۡ عَدُوّٞ مُّبِينٞ﴾

ആദം സന്തതികളേ, ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ നിങ്ങൾ പിശാചിനെ ആരാധിക്കരുത് എന്ന്?തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷശത്രുവാകുന്നു.

﴿وَأَنِ ٱعۡبُدُونِيۚ هَٰذَا صِرَٰطٞ مُّسۡتَقِيمٞ﴾

നിങ്ങൾ എന്നെ ആരാധിക്കുവിൻ, ഇതാണ് നേരായ മാർഗം എന്നും ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ?

മേൽസൂചിപ്പിച്ചത് കൊണ്ടെല്ലാം തന്നെ മാരണം ഖുർആൻ കൊണ്ടും, സുന്നത്ത് കൊണ്ടും, ഇജ്മാഉകൊണ്ടും നിഷിദ്ധമാക്കപ്പെട്ടതാണ്.

മാരണത്തിന് വേണ്ടി തന്നെ സഹായിക്കുന്ന പിശാചിൽ നിന്നും, ജനങ്ങളിൽ നിന്നും മാരണക്കാരൻ എന്താണ് ഉപകാരമെടുക്കുന്നത്.

അല്ലയോ ജനങ്ങളെ, മാരണക്കാരൻ പിശാചിൽ നിന്നും, പല കാര്യങ്ങളും ഉപകാരമെടുക്കുന്നുണ്ട്.

വളരെ വേഗത്തിൽ അവനെ വിദൂരമായ മറ്റൊരു സ്ഥലത്തേക്ക് എത്തിക്കുക പോലുള്ള കാര്യങ്ങൾ പോലെ.

മാരണക്കാരൻ ദുർബലരായ ആളുകളുടെ ആവശ്യങ്ങൾ മുതലെടുത്ത് കൊണ്ട് ആ മാരണം നിറവേറ്റുന്നതിന് വേണ്ടി അവരിൽ നിന്നും ഭൗതികമായ പ്രതിഫലങ്ങൾ വാങ്ങുന്നു.

ഈ മൂന്ന് കൂട്ടരും, അഥവാ പിശാചും, മാരണക്കാരനും, അവനരികിൽ വരുന്നവനും അവരുടെ പരലോകവും, ദുനിയാവും നശിപ്പിച്ചിരിക്കുന്നു.

മാരണക്കാരുടെ കാര്യത്തിൽ മുസ്ലിമീങ്ങൾക്കും, അവരുടെ ഭരണാധികാരികൾക്കും നിർബന്ധമായ കാര്യം

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

തീർച്ചയായും മാരണക്കാരുടെ അരികിൽ പോകുന്നതിനെയും, അതുമായി സഹകരിക്കുന്നതിനെയും താക്കീത് ചെയ്യൽ വളരെ അനിവാര്യമായ കാര്യമാണ്.

ശരീഅത്തനുസരിച്ച് വിധിക്കുന്ന നാടുകളാണെങ്കിൽ തങ്ങൾക്ക് സാധിക്കുന്നത് പോലെ ഇത്തരം ആളുകളെ കുറിച്ച് ഉത്തവാദപ്പെട്ട ആളുകളെ അറിയിക്കലും നിർബന്ധമാണ്.

അത്തരം ആളുകളുടെ അരികിൽ പോകുന്നില്ല എന്നത് കൊണ്ട് മാത്രം കാര്യമില്ല.

അവരോട് സഹകരിക്കലും, അവർക്ക് പിൻബലം നൽകലും, അവരുടെ സദസ്സുകളിൽ പങ്കെടുക്കലും ഒരു മുസ്ലിമിന് അനുവദനീയമല്ല. അത് അവരുടെ ടെലിവിഷൻ പരിപാടികളിൽ പങ്കെടുത്തു കൊണ്ടോ ചാനലുകളിൽ പിന്തുടർന്നു കൊണ്ടോ ആയാലും ശരി.

ചുരുക്കത്തിൽ എന്ത് ന്യായം പറഞ്ഞും അവരുടെ വാക്കുകൾ കേൾക്കാനോ, അവരുടെ സദസ്സുകളിൽ പങ്കെടുക്കാനോ, അവരോട് സഹകരിക്കാനോ പാടില്ല.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

മാരണക്കാരെപ്പോലുള്ള ആളുകളുടെ മേൽ ഇസ്ലാമികമായ ശിക്ഷാമുറ നടപ്പിലാക്കുക എന്നത് ഏറെ ശ്രേഷ്ഠകരമായ ആരാധനാകർമമാണ്.

കാരണം ഇത്തരം ആളുകൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാണ്.

അബൂ ഹുറൈറ ﷺ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

حدٌّ يُعمل به في الأرض خير لأهل الأرض من أن يُمطروا أربعين صباحا.

ഇസ്ലാമികമായ ശിക്ഷാനടപടി നടപ്പാക്കുക എന്നത് ഭൂമുഖത്തുള്ളവർക്ക് നാൽപ്പതോളം പകലുകൾ അവർക്ക് മേൽ മഴ വർഷിക്കുന്നതിനെക്കാൾ ഉത്തമമാണ്.

ഇമാം ഇബ്നു തൈമിയ رحمه الله പറഞ്ഞു:

മാരണക്കാരെ അവരുടെ മാരണത്തിന് സഹായിക്കുന്ന സകല കാര്യങ്ങളും നീക്കം ചെയ്യുക എന്നത് നിർബന്ധമാണ്. വഴിയോരങ്ങളിൽ ഇരിക്കുവാൻ അവരെ അനുവദിക്കരുത്. ഇത്തരം ആളുകൾക്ക് തന്റെ വീട് വാടകക്ക് നൽകാൻ ഒരു വീട്ടുകാരന് പാടുള്ളതല്ല. ഇത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ഏറ്റവും ശ്രേഷ്ഠമായ യുദ്ധമാണ്.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ, സിഹ്റിൽ അകപ്പെടുന്നതിൽ നിന്ന് ജാഗ്രത പുലർത്തൽ നിർബന്ധമാണെന്നും, മാരണം ചെയ്യുന്നവനും അവനരികിൽ ചെല്ലുന്നവനും കാഫിറാണെന്നുമുള്ളതിന്റെയും വിശദീകരണമടങ്ങുന്ന പ്രധാനപ്പെട്ട ചില ആമുഖങ്ങളാണ് മേൽ സൂചിപ്പിച്ചത്.

രണ്ടാം ഖുതുബ

മാരണത്തിൽ നിന്നും രക്ഷ ലഭിക്കാനുള്ള മാർഗങ്ങളും, അതിൽ അകപ്പെട്ടതിന് ശേഷമുള്ള ചികിത്സാ രീതികളും

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

നിങ്ങൾ അറിയുക, മാരണത്തിൽ നിന്നും രക്ഷ ലഭിക്കാനുള്ള മാർഗങ്ങളിൽപ്പെട്ടതാണ് ഇസ്‌ലാമിൽ പഠിപ്പിക്കപ്പെട്ട രാവിലെയും, വൈകുന്നേരവും ചൊല്ലേണ്ട അദ്കാറുകൾ. സിഹ്ർ ബാധിച്ചതിന് ശേഷം അതിൽ നിന്നും മുക്തമാകാനുള്ള ചികിത്സ മൂന്ന് കാര്യങ്ങളാണ്. അതിൽ ഏറ്റവും ആദ്യത്തെയും ഏറ്റവും പ്രധാന്യമുള്ളതുമായ കാര്യം രാവിലെയും, വൈകുന്നേരവമുള്ള അദ്കാറുകൾ തന്നെയാണ്.

രണ്ടാമത്തെത് വളരെ ഉപകാരപ്രദമായ ചികിത്സാ രീതിയാണ്. മാരണം ചെയ്ത കാര്യമുള്ള സ്ഥലം ഏതാണെന്ന് മനസ്സിലാക്കാൻ പരിശ്രമിക്കുക. വല്ല മലയോ, ഭൂമിയോ പോലുള്ള സ്ഥലങ്ങൾ.

അപ്രകാരം അത് കണ്ടെത്തിയാൽ അത് പുറത്തെടുക്കുകയും, അത് നശിപ്പിക്കുകയും ചെയ്താൽ മാരണം നിഷ്ഫലമാകുന്നതാണ്.

മൂന്നാമത്തെ കാര്യം തന്റെ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ ഒരുവന് സാധിക്കുന്നില്ലെങ്കിൽ അതിന് ഏറെ ഫലപ്രദമായ ഒരു ചികിത്സാ രീതിയാണിത്.

എലന്തമരത്തിന്റെ പച്ച ഇലകൾ ഏഴെണ്ണം എടുക്കുകയും,കല്ല് കൊണ്ടോ മറ്റോ ചതക്കുകയും ഒരു പാത്രത്തിൽ ആക്കുകയും അതിൽ കുളിക്കുന്നതിനാവിശ്യമായ വെള്ളം ഒഴിക്കുകയും അതിൽ ആയതുൽ കുർസിയ്യ്, സൂറതുൽ കാഫിറൂൻ, സൂറതുൽ ഇഖ്‌ലാസ്, സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ്, സൂറതുൽ അഅ്റാഫിലെയും, യൂനുസിലെയും, ത്വാഹയിലെയും സിഹ്റിന്റെ ആയത്തുകളും ഓതുക. പിന്നീട് ആ വെള്ളത്തിൽ നിന്നും മൂന്ന് തവണ കുടിക്കുകയും, ബാക്കി ഉള്ളത് കൊണ്ട് കുളിക്കുകയും ചെയ്യുക. ഇത് മുഖേന അസുഖം ഭേദമാകുന്നതാണ് إن شاء الله

ആവശ്യമാണെങ്കിൽ ഇപ്രകാരം ഒന്നോ രണ്ടോ അതിൽ കൂടുതൽ തവണയോ രോഗം മാറുവോളം അത് ചെയ്യാവുന്നതാണ്.

സമാപനം

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി ﷺ ക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അവിടുത്തെ മേൽ സ്വലാത്തും, സലാമും ചോദിക്കുക.

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ഏഴാമത്തെ കാര്യം :

ജ്യോത്സ്യം

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അദൃശ്യ കാര്യങ്ങൾ അറിയുന്നു എന്ന വിശേഷണം അല്ലാഹുവിന് മാത്രമുള്ളതാണ്.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ തഖ പാലിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും,അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയുക: തീർച്ചയായും തൗഹീദ് ഉൾക്കൊള്ളുന്ന കാര്യമാണ് അല്ലാഹുവിനെ അവന്റെ നാമഗുണ വിശേഷണങ്ങളിൽ ഏകനാക്കുക എന്നുള്ളത്. അല്ലാഹുവിന്റെ മാത്രമായ അത്തരം ഒരു വിശേഷണമാണ് അവൻ അദൃശ്യമായ കാര്യങ്ങൾ അറിയുന്നവനാണ് എന്നത്. ഖുർആൻ കൊണ്ടും, സുന്നത്ത് കൊണ്ടും, ഇജ്മാഉ കൊണ്ടും സ്ഥിരപ്പെട്ട കാര്യമാണ് അല്ലാഹുവിന്റെ മാത്രം സവിശേഷതയാണ് അദൃശ്യമായ കാര്യങ്ങൾ അറിയുക എന്നത്.

ഖുർആനിൽ അല്ലാഹു പറഞ്ഞു:

﴿قُل لَّا يَعۡلَمُ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ ٱلۡغَيۡبَ إِلَّا ٱللَّهُۚ﴾

നബിയേ, പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ.

ഹദീസിൽ വന്ന തെളിവായി കാണാം :

فعن خالد بن ذكوان عن الرُّبيّع بنت مُعوِّذ أن النبيَّ صلى الله عليه وسلم سمع جارية تقول: وفينا نبيٌّ يَعلمُ ما في غَدٍ. فقال: أَمَّا هٰذَا فَلاَ تَقُولُوهُ، مَا يَعْلَمُ مَا فِي غَدٍ إِلاَّ اللَّه.

റുബൈഉ ബിൻത് മുഅവ്വിദിൽ നിന്നും ഖാലിദ് ബിൻ ദകവാനിൽ നിന്നും നിവേദനം : ഒരിക്കൽ ഒരു പെൺ കുട്ടി നബി ﷺ യെ കുറിച്ച് ഞങ്ങളിൽ നാളെ നടക്കാനിരിക്കുന്ന കാര്യങ്ങൾ അറിയാവുന്ന ഒരു പ്രവാചകനുണ്ടെന്ന് പാടുന്നതായി അവിടുന്നു കേൾക്കുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു: നിങ്ങൾ ഇങ്ങനെ പറയരുത്. കാരണം നാളെ നടക്കാനിരിക്കുന്ന കാര്യങ്ങൾ അല്ലാഹു അല്ലാതെ മറ്റാരും അറിയുകയില്ല.

وعن ابن عمر ﷺ أنَّ رسولَ الله صلى الله عليه وسلم قال: مفاتيحُ الغيب خمسٌ لا يعلمها إلاَّ الله: لا يَعلمُ ما في غَدٍ إلا الله، ولا يَعلمُ ما تَغِيضُ الأرحامُ إلا الله، ولا يعلمُ متى يأتي الـــــمطرُ أحدٌ إلاّ الله، ولا تدري نفسٌ بأيِّ أرضٍ تموت، ولا يعلمُ متى تقومُ الساعة إلا الله.

ഇബ്നു ഉമർ ﷺ വിൽ നിന്ന് നിവേദനം : നബി ﷺ പറഞ്ഞു: അദൃശ്യ കാര്യങ്ങളുടെ ഖജനാവ് അഞ്ചാണ് അത് അല്ലാഹുവല്ലാതെ മറ്റാരും അറിയുന്നില്ല. നാളെ നടക്കാനിരിക്കുന്ന കാര്യങ്ങൾ, ഭർഭപാത്രത്തിലെ കാര്യങ്ങൾ, മഴ എപ്പോൾ വർഷിക്കുമെന്ന കാര്യം അന്ത്യദിനം എപ്പോൾ സംഭവിക്കുമെന്നത്, ഒരോ ശരീരവും ഏത് ഭൂമിയിൽ വെച്ച് മരിക്കുമെന്നു തുടങ്ങിയ ഈ അഞ്ച് കാര്യങ്ങൾ അല്ലാഹു അല്ലാതെ മറ്റാർക്കും അറിയുകയില്ല. '

അദൃശ്യകാര്യങ്ങൾ അറിയുന്നു എന്നത് അല്ലാഹുവിന്റെ മാത്രം വിശേഷണമാണ് അതിൽ അവന് യാതൊരു പങ്കുകാരുമില്ല. അത് എത്ര വലിയ മലക്കോ, നബിയോ ആയാൽ പോലും അവർക്കൊന്നും അല്ലാഹുവിന്റെ മാത്രം വിശേഷണമായ അദൃശ്യ കാര്യങ്ങൾ അറിയുന്നു എന്ന വിശേഷണമില്ല.

അതിനാൽ തന്നെ ആരോണോ , തനിക്കോ മറ്റാർക്കെങ്കിലുമോ അദൃശ്യ കാര്യങ്ങളറിയാം എന്ന് വാദിച്ചാൽ അല്ലാഹുവിന്റെ മാത്രം വിശേഷണമായ കാര്യത്തിൽ അവൻ അല്ലാഹുവോടൊപ്പം മറ്റുള്ളവരെയും പങ്കു ചേർക്കുകയും അല്ലാഹുവെ അവന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അത് മൂലം തന്നെ അവൻ വലിയ ശിർക്കിൽ അകപ്പെടുകയും ചെയ്തിരിക്കുന്നു.

തന്റെ കാലത്ത് അഹ്ലുസ്സുന്നയുടെ ഇമാം ആയിരുന്ന നുഐം ബിൻ ഹമ്മാദ് അൽ ഖുസാഇ പറഞ്ഞു:

من شبه الله بخلقه فقد كفر

ആരാണോ അല്ലാഹുവിനെ തന്റെ സൃഷ്ടികളോട് സാദൃഷ്യപ്പെടുത്തുന്നത് അവൻ കാഫിറായിരിക്കുന്നു.

അദൃശ്യമറിയാം എന്ന് വാദിക്കുന്നവരായ ജ്യോത്സ്യൻമാരുടെയും ഭാവിപ്രവചിക്കുന്നവരുടെയും നിർവചനം

അല്ലാഹുവിന്റെ അടിമകളെ,

ഒരു വിഭാഗം ആളുകൾ റബ്ബിന്റെ വിശേഷണമായ മറഞ്ഞ കാര്യങ്ങളെ കുറിച്ചുള്ള അറിവിൽ അല്ലാഹുവിനോടൊപ്പം ഞങ്ങൾക്കും പങ്കാളിത്വമുണ്ടെന്ന് അവകാശപ്പെടുന്നു. അല്ലാഹു അതിൽ നിന്നും ഉന്നതനായിരിക്കുന്നു. അത്തരം ആളുകളാണ് ഭാവി പ്രവചിക്കുന്നവരും, ജ്യോത്സ്യൻമാരും. അവർ ഭാവിയിൽ നടക്കാനിരിക്കുന്ന മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണന്ന് സ്വയം അവകാശപ്പെടുന്നവരാണ്.

ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉസൈമീൻ رحمه الله പറഞ്ഞു:-

ജ്യോത്സ്യമെന്നാൽ യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ കൊണ്ട് യാഥാർത്ഥ്യങ്ങളെ കണ്ടെത്താൻ ശ്രമിക്കലാണ്. ജാഹിലിയ്യത്തിലെ ചിലയാളുകളുടെ രീതിയിൽ പെട്ടതായിരുന്നു ഇത്തരം കാര്യങ്ങൾ. ആകാശലോകത്തെ വാർത്തകൾ കട്ട് കേൾക്കുന്ന പിശാചുക്കളുമായി ബന്ധം വെക്കുകയും അവരിൽ നിന്നും അറിവുകൾ ശേഖരിച്ച് ജനങ്ങൾക്ക് കളവുകൾ കൂടി കൂട്ടിച്ചേർത്ത് എത്തിച്ചു കൊടുക്കുകയും ചെയ്യുന്ന രീതി. ഇവർ പറയുന്നത് പോലെ വല്ലതും സംഭവിച്ചാൽ ജനങ്ങൾ അവരിൽ വഞ്ചിതരാവുകയും, അവർക്കിടയിൽ തീർപ്പ് കൽപ്പിക്കുന്നതിനും, ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളുടെ ഫലങ്ങൾ അറിയാനുമുള്ള ഒരു മടക്കസ്ഥാനമായി അവരെ സ്വീകരിക്കുകയും ചെയ്യുന്നു.

അദൃശ്യകാര്യങ്ങളിലുള്ള അറിവ് അവകാശപ്പെടുന്നതിനുള്ള ജ്യോത്സ്യൻമാരുടെ ശ്രോതസ്സുകൾ

അല്ലയോ വിശ്വാസികളെ, ജ്യോത്സ്യൻ അദൃശ്യകാര്യങ്ങളിലുള്ള അറിവ് സ്വയം വാദിക്കുന്നതിന് വേണ്ടി രണ്ട് വഴികളാണ് സ്വീകരിക്കാറുള്ളത്.

ഒന്നാമത്തെ വഴി: മലക്കുകളുടെ സംസാരം കട്ട് കേൾക്കുന്ന പിശാചുക്കളിൽ നിന്ന്. അതിനുള്ള തെളിവ് ആയിശ رضي الله عنها യിൽ നിന്നും മർഫൂആയി ഉദ്ദരിക്കപ്പെട്ട ഇമാം ബുഖാരി തന്റെ സ്വഹീഹിൽ കൊണ്ടു വന്ന ഹദീസ് ആണ്.

അത് ഇപ്രകാരമാണ്. മലക്കുകൾ മേഖങ്ങളിലേക്ക് ഇറങ്ങി വരുകയും ആകാശലോകത്ത് വെച്ച് തീരുമാനിക്കപ്പെട്ട കാര്യങ്ങൾ പരസ്പരം ഓർക്കുകയും ചെയ്യും. അപ്പോൾ പിശാചുകൾ അത് കട്ട് കേൾക്കുകയും ജ്യോത്സ്യൻമാരിലേക്ക് അത് എത്തിക്കുകയും ചെയ്യുന്നു. അവരാകട്ടെ അതിൽ നൂറുകണക്കിന് കളവുകൾ ചേർത്ത് ജനങ്ങളോട് പറയുകയും ചെയ്യുന്നു.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ, ജ്യോത്സ്യൻ അവന്റെ അരികിൽ ചെല്ലുന്ന ആളുകൾക്ക് അവൻ പടച്ചുണ്ടാക്കിയ കളവുകളാണ് പറഞ്ഞുകൊടുക്കുന്നത്.

ഇനി എങ്ങാനും അവന്റെ സംസാരത്തിൽ വല്ല സത്യവുമുണ്ടെങ്കിൽ അത് പിശാചുക്കൾ കട്ട് കേട്ടതിൽ നിന്നും എത്തിച്ചു കൊടുക്കുന്നത് മാത്രമാണ്. അതല്ലാതെ അവന് മറഞ്ഞ കാര്യങ്ങൾ അറിയുന്നത് കൊണ്ടല്ല. അവന്റെ അരികിൽ വരുന്നവർ പലപ്പോഴും അവനിൽ വഞ്ചിക്കപ്പെടുന്നത് അവന്റെ സംസാരത്തിലെ ചില സത്യങ്ങൾ കണ്ടാകാം. എന്നാൽ അവർ അവന്റെ സംസാരത്തിൽ അവൻ കലർത്തിയ കളവുകൾ പരിഗണിച്ചെന്നുവരില്ല. ഇനി അവന്റെ സംസാരം മുഴുവൻ കളവാണെങ്കിൽ അവന്റെ അരികിൽ വരുന്നവർ അതിന് യാതൊരു വിലയും കൽപ്പിക്കുകയില്ല.

ജ്യോത്സ്യൻ മറഞ്ഞ കാര്യങ്ങൾ അറിയുവാൻ സ്വീകരിക്കുന്ന മറ്റൊരു വഴിയാണ് ജിന്നുകളോട് സഹായം തേടുക എന്നത്.

ആയിഷ ﵂ പറഞ്ഞു:

سأَلَ أناسٌ رسولَ الله صلى الله عليه وسلم عن الكهان، فقال لهم: ليسوا بشيء. قالوا: يا رسولَ الله، فإنهم يُحدِّثون أحياناً بالشيء يكون حقاً. فقال لهم: تلكَ الكلمةُ من الحقِّ يَخطِفُها الجني فيَقُرُّها في أُذنِ وَلِيِّهِ قرَّ الدجاجة، فيَخلِطون فيها أكثرَ من مائةِ كِذبة.

നബി ﷺ യോട് ചില ആളുകൾ ജ്യോത്സ്യൻമാരെ കുറിച്ച് ചോദിച്ചു. അപ്പോൾ അവിടുന്നു പറഞ്ഞു: അവരിൽ യാതൊരു സത്യവുമില്ല. അപ്പോൾ അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ അവർ പറയുന്ന ചില കാര്യങ്ങൾ സത്യമായി പുലരാറുണ്ടല്ലോ? അപ്പോൾ അവിടുന്ന് പറഞ്ഞു: ആ വാക്കുകൾ ജിന്നുകൾ റാഞ്ചിയൊടുത്ത് അവന്റെ കൂട്ടുകാരനായ ജ്യോത്സ്യന് കോഴികുറുകുന്നത് പോലെ കുറുകിക്കൊടുന്നതാണ്. ശേഷം അവൻ അതിൽ നൂറിൽ കൂടുതൽ കളവുകൾ കൂട്ടിച്ചേർക്കുകയും ചെയ്യും.

ഇത് ജ്യോത്സ്യൻമാർ ജിന്നുകളുമായി ബന്ധം വെക്കുന്നതിനുള്ള തെളിവാണ്.

ഒരുവൻ ഒരു ജ്യോത്സ്യനോട് അവന്റെ നഷ്ട്ടപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ച് ചോദിക്കുവാൻ ചെന്നാൽ ജിന്നുകളിലെ മോശക്കാരനായവൻ അവന്റെ കൂട്ടാളിയായ ജ്യോത്സ്യന് ആ നഷ്ടപ്പെട്ട സാധനത്തിന്റെ സ്ഥലത്തെ സംബന്ധിച്ച് അറിയിച്ച് കൊടുക്കും. ശേഷം ആ ജ്യോത്സ്യൻ തന്റെ അരികിൽ വന്നവന് നൂറോളം കളവ് ചേർത്ത് പറഞ്ഞു കൊടുക്കുകയും ചെയ്യും.

അങ്ങനെ അവന്റെ അരികിൽ വന്ന വ്യക്തിക് അത് സത്യമാണെന്ന് മനസ്സിലായാൽ . അയാൾ ആ ജ്യോത്സ്യനെ സത്യപ്പെടുത്തുകയും, അയാൾക്ക് മറഞ്ഞ കാര്യങ്ങൾ അറിയാമെന്ന് വിശ്വസിക്കുകയും ചെയ്യും.

ജ്യോത്സ്യൻ മറഞ്ഞ കാര്യങ്ങൾ അറിയുവാൻ സ്വീകരിക്കുന്ന മറ്റൊരു വഴിയാണ് ജിന്നുകളിൽ പെട്ട മനുഷ്യരുടെ ഖരീനുകളോട് സഹായം തേടൽ.

ഒരോ മനുഷ്യർക്കും തങ്ങളോട് നന്മ കൽപ്പിക്കുന്ന ജിന്നിൽ പ്പെട്ട ഒരു ഖരീനും, തിന്മ കൽപ്പിക്കുന്ന ഒരു ഖരീനുമുണ്ടായിരിക്കും

ഇത് സ്വഹീഹായ നിലക്ക് അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. നബി ﷺ പറഞ്ഞു:

ما منكم من أحد إلا وقد وَكَّلَ الله به قرينه من الجن.

ജിന്നുകളിൽ നിന്ന് ഒരു കൂട്ടാളിയെ അല്ലാഹു ഏൽപ്പിക്കാത്തവരായി നിങ്ങളിൽ നിന്നും ആരും തന്നെയില്ല.

മറ്റൊരു രിവായത്തിൽ കാണാം.

മലക്കുകളിൽ നിന്നും ജിന്നുകളിൽ നിന്നും ഒരു കൂട്ടാളിയെ അല്ലാഹു ഏൽപ്പിക്കാത്തവരായി നിങ്ങളിൽ നിന്നും ആരും തന്നെയില്ല.

ജ്യോത്സ്യൻമാർ അവരോട് സഹായം തേടുന്നു. കാരണം ഖരീനായ ജിന്നിന് അറിയാൻ സാധിക്കുന്ന വ്യക്തിപരമായ കാര്യങ്ങൾ അവർ തങ്ങളിലേക്ക് വരുന്ന ആളുകൾക്ക് പറഞ്ഞു കൊടുക്കുന്നു. അവന്റെ ജോലിസ്ഥലവും, ഭാര്യയുടെ പേരും, ഉമ്മയുടെ പേരും വീടും, വിലാസവും പോലുള്ള ഖരീനായ ജിന്നിന് അറിയുവാൻ സാധിക്കുന്ന കാര്യങ്ങൾ.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

ജ്യോത്സ്യൻ പിശാചിനെ ആരാധിക്കുന്നവനാണ്.

അവൻ ബന്ധം വെക്കുന്ന പിശാച് അവന് ചെയ്ത് കൊടുക്കുന്ന സേവനങ്ങൾക്ക് പകരമായി അവൻ ആ പിശാചിനെ ആരാധിക്കുന്നു. അത് തന്നെയാണ് ആ പിശാചിന്റെ ലക്ഷ്യവും. മനുഷ്യരെ പിഴപ്പിക്കുക എന്നതല്ലാതെ അവരിൽ നിന്നും അവൻ യാതൊന്നും പ്രതീക്ഷിക്കുന്നില്ല.

അതാണ് അവരുടെ ജോലിയും, ഉത്തരവാദിത്വവും.

അവരെ ആരാധനയിൽ പങ്കു ചേർക്കുന്നതിൽ ഇത്തരം മാരണക്കാരും, ജ്യോത്സ്യൻമാരും, ഭാവി പ്രവചിക്കുന്നവരും പെട്ടുപോകുന്നു.

അവരെ ആരാധിക്കുന്ന ഇക്കൂട്ടർ മനുഷ്യരിലെ പിശാചുക്കളും, ആരാധിക്കപ്പെടുന്നവരായവർ ജിന്നുകളിലെ പിശാചുക്കളുമാണ്.

അവരുടെ കെടുതിയിൽ നിന്നും അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ,

ജ്യോത്സ്യൻമാരുടെ കള്ളത്തരങ്ങൾ അറിയുന്ന ശറഇയ്യായ റുഖ്യ ചികിത്സ നടത്തുന്ന ചില ആകുളൾ പറഞ്ഞ രസകരമായ ഒരു കാര്യം കാണാം. അവർ പറഞ്ഞു: നീ ജ്യോത്സ്യനെ വഷളാക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ നിനക്ക് പോലും അറിയാത്ത കാര്യങ്ങൾ നീ അവനോട് ചോദിക്കുക കാരണം നിനക്ക് പോലും അറിയാത്ത കാര്യങ്ങൾ എന്തായാലും നിന്റെ ഖരീനായ ജിന്നിന് അറിയാൻ കഴിയുകയില്ല. അതിനാൽ തന്നെ ജ്യോത്സ്യന് കാര്യം ഗ്രഹിക്കാൻ സാധിക്കുകയുമില്ല. ഉദാഹരണതിന് നീ നിന്റെ കയ്യിൽ ഭൂമിയിൽ നിന്ന് കുറച്ച് കല്ലുകൾ വാരി എടുക്കുക എന്നിട്ട് ആ ജ്യോത്സ്യനോട് എന്റെ കയ്യിൽ എത്ര കല്ലുണ്ടെന്ന് ചോദിക്കുക. അപ്പോൾ അയാൾ അങ്കലാപ്പിൽ ആവുകയും, മറുപടി പറയാൻ സാധിക്കാതെ വരികയും ചെയ്യും. കാരണം നിന്റെ ഖരീനായ ജിന്നിന് അറിയാത്ത കാര്യമായതു കൊണ്ട് തന്നെ അയാൾക്ക് എങ്ങനെ ആ വിവരം ലഭിക്കും.

ചുരുക്കത്തിൽ ജ്യോത്സ്യൻമാർ തങ്ങളുടെ കാര്യങ്ങളിൽ ജിന്നുകളിലേക്ക് അഭയം തേടി പോവുകയും അവർക്ക് സംഭവിക്കുന്ന വിഷയങ്ങളിൽ അവരോട് കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ആ ജിന്നുകൾ അവർക്ക് ചില വാക്കുകൾ ഇട്ടുകൊടുക്കുന്നു. ചിലപ്പോൾ അല്ലാഹുവിന്റെ തീരുമാനത്തിനോട് അവ യോജിച്ചു വരുന്നു. ഇത് കേൾക്കുന്നവൻ വിചാരിക്കുന്നത് ഈ ജ്യോത്സ്യന് മറഞ്ഞ കാര്യങ്ങൾ വെളിവാക്കപ്പെട്ടിരുക്കുന്നു എന്നാണ്. അങ്ങനെ അവൻ അയാളിൽ വഞ്ചിതനാകുന്നു. വിവരമില്ലാത്തവർ വിചാരിക്കുന്നത് ഇത് അയാൾക്ക് അല്ലാഹു നൽകുന്ന അത്ഭുത സിദ്ധിയാണെന്നാണ്. ആ ജ്യോത്സ്യൻ അല്ലാഹുവിന്റെ മിത്രങ്ങളിൽപ്പെട്ട ആളുമാണെന്നും അവൻ കരുതുന്നു. യഥാർത്ഥത്തിൽ അവൻ പിശാചിന്റെ മിത്രം മാത്രമാണ്,

അവരെ കുറിച്ച് അല്ലാഹു സൂറത്തുശ്ശുഅറാഇൽ പറഞ്ഞത് പോലെ :

﴿هَلۡ أُنَبِّئُكُمۡ عَلَىٰ مَن تَنَزَّلُ ٱلشَّيَٰطِينُ﴾

നബിയേ, പറയുക ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ?

﴿تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ﴾

പെരും നുണയൻമാരും പാപികളുമായ എല്ലാവരുടെ മേലും അവർ പിശാചുക്കൾ ഇറങ്ങുന്നു.

﴿يُلۡقُونَ ٱلسَّمۡعَ وَأَكۡثَرُهُمۡ كَٰذِبُونَ﴾

അവർ ചെവികൊടുത്തു കേൾക്കുന്നു. അവരിൽ അധികപേരും കള്ളം പറയുന്നവരാകുന്നു.

അദൃശ്യ കാര്യങ്ങളിലെ അറിവ് അവകാശപ്പെടുന്നവരാണ് നക്ഷത്ര ശാസ്ത്രക്കാർ

അല്ലയോ തൗഹീദുള്ളവരെ അദൃശ്യ കാര്യങ്ങളിലെ അറിവ് അവകാശപ്പെടുന്നവരാണ് നക്ഷത്ര ശാസ്ത്രക്കാർ അഥവാ അവരുടെ വാദ പ്രകാരം ഭാവിയിലെ കാര്യങ്ങൾ അവർ നക്ഷത്രങ്ങളുടെ ചലനങ്ങൾക്കനുസരിച്ച് പ്രവചിക്കുന്നതാണ്.

കാറ്റ് വീശുന്ന സമയം, മഴ വർഷിക്കുന്ന സമയം ചൂടും, തണുപ്പും ഉണ്ടാകുന്ന സമയം വിലക്കയറ്റം തുടങ്ങിയ കാര്യങ്ങൾ, തതടിസ്ഥാനത്തിൽ അവർ പ്രവചിക്കുന്നു. നക്ഷത്രങ്ങൾ സംഗമിക്കുന്നതിലൂടെയും, അതിന്റെ സഞ്ചാരത്തിലൂടെയും, അത് ചേരുന്നതിലൂടെയും അവർ ഇത്തരം കാര്യങ്ങൾ മനസ്സിലാക്കുന്നു എന്നാണവർ ജൽപ്പിക്കുന്നത്. നക്ഷത്രങ്ങളുടെ ചലനത്തിൽ ഭൂമിയിൽ സ്വാധീനങ്ങളുണ്ടെന്നും അവർ പറയുന്നു. ഇതിനെ التأثير علم എന്ന് വിളിക്കപ്പെടുന്നു. അഥവാ നക്ഷത്രചലനങ്ങളിലെ സ്വാധീനങ്ങളെ കുറിച്ചുള്ള അറിവ്.

അത് വാദിക്കുന്നവരെ الحازي വിളിക്കപ്പെടാറുണ്ട്. ഈ നക്ഷത്ര ശാസ്ത്രക്കാർ ഇത്തരം സാഹചര്യങ്ങളിൽ നക്ഷത്രങ്ങളോട് സംവദിക്കുകയും, അങ്ങനെ പിശാച് മേൽപ്പറഞ്ഞ കാര്യങ്ങൾക്കനുസരിച്ച് ചില രൂപങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതെല്ലാം തന്നെ തനിച്ച അന്ധവിശ്വാസമാണ്.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

നക്ഷത്ര ശാസ്ത്രത്തിൽ ഉൾപ്പെടുന്ന കാര്യമാണ് മനുഷ്യരുടെ ഭാവിപ്രവചിക്കുന്നതിന് വേണ്ടി നക്ഷത്ര സഞ്ചാരങ്ങളുമായി ബന്ധപ്പെടുത്തി അറബി അക്ഷരമാലയിലെ അബ്ജദിയ്യ അക്ഷരങ്ങൾ ഉപയോഗിക്കൽ أباجاد

ഇത് ഇബ്നു അബ്ബാസ് ﷺ വ്യക്തമാക്കിയ കാര്യമാണ്. അദ്ദേഹം പറഞ്ഞു:

"ചിലയാളുകൾ ابادجاد എന്നീ അക്ഷരങ്ങൾ കൂട്ടിക്കുറിച്ച് കൊണ്ട് നക്ഷത്രങ്ങളെ വീക്ഷിക്കും. ഇപ്രകാരം ചെയ്യുന്നവർക്ക് പരലോകത്ത് യാതൊരു പങ്കും ഞാൻ കാണുന്നില്ല. അഥവാ ഇത്തരം കാര്യങ്ങൾ ചെയ്തതിനാൽ കുഫ്റിൽ അകപ്പെട്ട് നാളെ പരലോകത്തവർ നഷ്ടക്കാരിൽ ഉൾപ്പെടുന്നതാണ്."

നക്ഷത്ര ശാസ്ത്രത്തിന്റെ മറ്റൊരു ശൈലിയാണ് ചില ജ്യോതിഷക്കാർ വാദിക്കുകയും, പത്രമാധ്യമങ്ങിലൂടെയും, മാസികകളിലൂടെയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കാര്യം. അഥവാ അവരുടെ ജൽപ്പനപ്രകാരം ഒരു പ്രത്യേക നക്ഷത്ര രാഷിയിൽ പിറക്കുന്നവന് അവർ പ്രത്യേക തരം വിധികൾ നിർണ്ണയിക്കുന്നു. ഉദാഹരണത്തിന് ആരാണോ വൃശ്ചിക നക്ഷത്രത്തിൽ പിറവി കൊള്ളുന്നത് അവൻ ഭാഗ്യം കെട്ടവനാണെന്നും, തുലാം നക്ഷത്രത്തിൽ പിറക്കുന്നവൻ സൗഭാഗ്യവാനാണെന്നും അവർ വാദിക്കുന്നത് പോലുള്ള കാര്യങ്ങൾ.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

നക്ഷത്ര ശാസ്ത്രത്തിന്റെ വിധി മാരണത്തിന്റെ വിധിയിൽ ഉൾപ്പെടുന്നതാണ്. ഇതിനെ രണ്ടിനേയും യോചിപ്പിക്കുന്ന കാര്യം പിശാചുക്കളുമായി ബന്ധം പുലർത്തുന്നു എന്ന കാര്യമാണ്.

അതിനുള്ള തെളിവ് ഇബ്നു അബ്ബാസ് ﷺ ഉദ്ദരിച്ച ഹദീസ് ആണ്. നബി ﷺ പറഞ്ഞു:

مَنِ اقْتَبَسَ عِلْماً مِنَ النُّجُومِ؛ اقْتَبَسَ شُعْبَةً مِنَ السِّحْرِ، زَادَ مَا زَاد

നക്ഷത്ര ശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ ആരാണോ കരസ്ഥമാക്കുന്നത് അവൻ കസ്ഥമാക്കുന്നത് മാരണത്തിന്റെ ശാഖകളിൽപ്പെട്ട ചില അറിവുകളാണ്.

എത്ര കണ്ട് അത് വർധിക്കുന്നുവോ അത്രയും മാരണത്തെ കുറിച്ചുള്ള അറിവും വർധിക്കും.

ഭാവി പ്രവചിക്കുന്നവരും, ജ്യോത്സ്യൻമാരും, നക്ഷത്രശാസ്ത്രക്കാരുമായവരെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട വിലക്കുകളുടെ വിശദീകരണം.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

സകല അന്ധവിശ്വാസങ്ങളെയും, ശിർക്കിനെയും, വ്യാജസിദ്ധിയെയും, വിലക്കുക എന്നത് ഇസ്ലാമിന്റെ പ്രത്യേകതകളിൽപ്പെട്ടതാണ്.

അത് കൊണ്ടാണ് ഇസ്ലാം ജ്യോത്സ്യൻമാരിലേക്ക് പോകൽ നിഷിദ്ധമാക്കിയത്. അതിൽ ദീനിനെ സാരമായി ബാധിക്കുന്ന അപകടകരമായ കുഴപ്പങ്ങൾ ഉള്ളത് കൊണ്ടാണ്.

കേവലം ചോദിക്കുന്നതിന് മാത്രമായി ഇത്തരം ഭാവിയറിയാം എന്ന് വാദിക്കുന്നവരുടെ അരികിൽ പോകുന്നതിന് ശക്തമായ താക്കീതുകൾ ഇസ്ലാമിന്റെ പ്രമാണങ്ങളിൽ നമുക്ക് കാണാം.

ഇമാം മുസ്ലിം സ്വഫിയ്യ ﷺ യിൽ നിന്നും നബി ﷺ യുടെ മറ്റ് ഭാര്യമാരിൽ നിന്നും ഉദ്ദരിക്കുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

مَنْ أَتَىٰ عَرَّافاً فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ لَيْلَةً.

ആരാണോ ഭാവിയറിയാം എന്ന് വാദിക്കുന്ന വല്ലവന്റെയും അരികിൽ പോവുകയും, അയാളോട് വല്ലതും ചോദിക്കുകയും ചെയ്യുന്നത് അവന്റെ നാൽപത് ദിവസത്തെ നിസ്കാരം സ്വീകരിക്കപ്പെടുകയില്ല.

ഈ ഹദീസിൽ വന്ന ശക്തമായ താക്കീത് ഭാവിയറിയാം എന്ന് വാദിക്കുന്നവരുടെ അരികിൽ പോയി അവർ പറയുന്നത് സത്യപ്പെടുത്താതെ കേവലം ചോദ്യം ഉന്നയിക്കുന്നവർക്ക് മാത്രമുള്ളതാണ്. അവന്റെ നാൽപത്

ദിവസത്തെ നിസ്കാരം സ്വീകരിക്കപ്പെടുകയില്ല. എന്നാൽ അവൻ ഇസ്ലാമിൽ നിന്നും പുറത്താക്കപ്പെടുകയില്ല.

എന്നാൽ ഇത്തരം ജ്യോത്സ്യൻമാരോട് ചോദിക്കുകയും അവരെ സത്യപ്പെടുത്തുകയും ചെയ്താൽ അവൻ കാഫിറാവുകയും ഇസ്ലാമിൽ നിന്ന് പുറത്ത് പോവുകയും ചെയ്യുന്നതാണ്. കാരണം അവരെ സത്യപ്പെടുത്തുന്നതിലൂടെ അവൻ അല്ലാഹുവിന് മാത്രമുള്ള വിശേഷണമായ അദൃശ്യ കാര്യങ്ങൾ അറിയുന്നു എന്ന വിശേഷണത്തിൽ അല്ലാഹുവിൽ അവരെ പങ്ക് ചേർത്തിരിക്കുകയാണ് ചെയ്തത്. അപ്രകാരം അവൻ ഖുർആനിനെ കളവാക്കുകയും, കാഫിറാവുകയും ചെയ്യും. അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ,

അബൂ ഹുറൈറ ﵁ വിൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു:

من أتى كاهنًا أو عرافًا فصدقه بما يقول؛ فقد كفر بما أُنزل على محمد ﷺ.

ആരാണോ മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് വാദിക്കുന്നവരായ ജ്യോത്സ്യൻമാരുടെ അരികിൽ പോവുകയും അവർ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്യുന്നത്. അവൻ മുഹമ്മദ് നബി ﷺ യുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.

ഇംറാൻ ബിൻ ഹുസ്വയ്ൻ ﵁ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു :

ليس منا من تَطيَّر أو تُطُيِّرَ له، أو تَكهَّنَ أو تُكُهِّنَ له، أو سَحَرَ أو سُحِرَ له، ومن أتى كاهناً فصدَّقه بما يقول فقد كفر بما أُنزل على محمد ﷺ.

ആരാണോ സ്വയം ശകുനം നോക്കുകയോ നോക്കാൻ ഏൽപ്പിക്കുകയോ, മറഞ്ഞ കാര്യങ്ങൾ അറിയാം എന്ന് സ്വയം വാദിക്കുകയോ, മറ്റുള്ളവർക്ക് അത് ചാർത്തുകയോ, മാരണം ചെയ്യുകയോ, ചെയ്വിപ്പിക്കുകയോ ചെയ്യുന്നത് അവർ നമ്മിൽപ്പെട്ടവരല്ല. ആരാണോ മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് വാദിക്കുന്നവരായ ജ്യോത്സ്യൻമാരുടെ അരികിൽ പോവുകയും അവർ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്യുന്നത്. അവൻ മുഹമ്മദ് നബി ﷺ യുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.

ആർക്കിടയിലാണ് ജ്യോത്സ്യം വ്യാപകമായി പ്രചരിക്കുന്നത് എന്നതിനെ കുറിച്ചുള്ള വിശദീകരണം

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

ജ്യോത്സ്യം വ്യാപകമായി പ്രചരിക്കുന്നത് സൂഫികൾക്കിടയിലാണ്. അവരുടെ ശൈഖുമാരിൽ ധാരാളമാളുകളും. മറഞ്ഞ കാര്യങ്ങൾ അറിയാം എന്ന് അവകാശപ്പെടുന്നവരാണ്.

അവരുടെ ശൈഖുമാർ അല്ലാഹു കറാമത്ത് നൽകിയ ഔലിയാക്കളാണെന്ന് അവർ വാദിക്കുന്നത്. ഔലിയാക്കളായ ആളുകൾ അവരുടെ വാദപ്രകാരം മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണ്.

അതിനെ അവർ " കശ്ഫ് " എന്ന് പേര് വിളിക്കുന്നു. കാരണം നേരിട്ട് മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് പറഞ്ഞാൽ അവരുടെ പൊള്ളത്തരങ്ങൾ വെളിവാകും എന്നത് കൊണ്ട്.

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

എല്ലാ നിലക്കും ജ്യോത്സ്യത്തിൽ അകപ്പെട്ട് പോകുന്നതിനുള്ള താക്കീതും , ജ്യോത്സ്യൻമാരും, ഭാവി പ്രവചിക്കുന്നവന്നവരും, അവരുടെ അരികിൽ പോകുന്നവരും കാഫിറുകളാണെന്നതിനെ കുറിച്ചുമുള്ള വിശദീകരണങ്ങൾക്കുള്ള ചില ആമുഖങ്ങളാണ് മേൽ സൂചിപ്പിച്ചത്.

രണ്ടാം ഖുതുബ

<u>ജ്യോത്സ്യത്തോട് ചേർത്ത് മനസ്സിലാക്കേണ്ട ചിലത്.</u>

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

ജ്യോത്സ്യത്തിന്റെ വ്യത്യസ്ത രൂപങ്ങളിൽ പെട്ടതാണ് നിലത്ത് മണ്ണിലോ മണലിലോ വരകളും കുറികളും വരച്ചുകൊണ്ട് ഗണിച്ച് ഭാവി കാര്യങ്ങൾ പറയുന്നു എന്ന് അവകാശപ്പെടുന്ന തർഖ്, റമല് പോലുള്ള രീതികളും.

അതുപോലെതന്നെ കവടിയോ കല്ലുകളോ പ്രത്യേക രൂപത്തിൽ നിരത്തിക്കൊണ്ട് ആവശ്യങ്ങളുമായി വരുന്നവരുടെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്ന രീതിയും ജോത്സ്യമാണ്. ഇതുപോലെ ഭാവി കാര്യങ്ങളും മറഞ്ഞ കാര്യങ്ങളും അറിയാമെന്ന് അവകാശപ്പെടുന്ന എല്ലാ വിധ രീതികളും ജോത്സ്യത്തിന്റെ ഭാഗമാണ്. കൈ രേഖകൾ വായിച്ചു കൊണ്ടും പക്ഷികളെ ഉപയോഗിച്ചു കൊണ്ടുമെല്ലാം ഇത് പലരൂപത്തിൽ പ്രചാരത്തിലുണ്ട്.

പക്ഷികൾ അല്ലാഹുവിന്റെ സൃഷ്ടികൾ മാത്രമാണ് അവക്ക് പ്രപഞ്ച നിയന്ത്രണത്തിൽ യാതൊരു സ്വാധീനവുമില്ല. അല്ലാഹു പറയുന്നു :

﴿أَلَمۡ يَرَوۡاْ إِلَى ٱلطَّيۡرِ مُسَخَّرَٰتٖ فِي جَوِّ ٱلسَّمَآءِ مَا يُمۡسِكُهُنَّ إِلَّا ٱللَّهُۚ﴾

അന്തരീക്ഷത്തിൽ അല്ലാഹുവിന്റെ കൽപനയ്ക്ക് വിധേയമായികൊണ്ടു പറക്കുന്ന പക്ഷികളുടെ നേർക്ക് അവർ നോക്കിയില്ലേ? അല്ലാഹു അല്ലാതെ ആരും അവയെ താങ്ങി നിർത്തുന്നില്ല.

അല്ലാഹു പറയുന്നു :

﴿أَوَلَمۡ يَرَوۡاْ إِلَى ٱلطَّيۡرِ فَوۡقَهُمۡ صَٰٓفَّٰتٖ وَيَقۡبِضۡنَۚ مَا يُمۡسِكُهُنَّ إِلَّا ٱلرَّحۡمَٰنُۚ إِنَّهُۥ بِكُلِّ شَيۡءم بَصِيرٌ﴾

അവർക്കു മുകളിൽ ചിറക് വിടർത്തിക്കൊണ്ടും ചിറകു കൂട്ടിപ്പിടിച്ചു കൊണ്ടും പറക്കുന്ന പക്ഷികളുടെ നേർക്ക് അവർ നോക്കിയിയില്ലേ? പരമകാരുണികനല്ലാതെ മറ്റാരും അവയെ താങ്ങി നിറുത്തുന്നില്ല. തീർച്ചയായും അവൻ എല്ലാകാര്യവും കണ്ടറിയുന്നവനാകുന്നു.

പക്ഷിലക്ഷണം നോക്കലും മറ്റു ജീവികളുടെ ചലനത്തിനും നീക്കങ്ങൾക്കും കാക്ക, മൂങ്ങ പോലുള്ള ചില ജീവികളെ കാണുന്നതിലും പതിമൂന്ന് പോലുള്ള ചില നമ്പറുകൾക്കും ലക്ഷണക്കേട് വിശ്വസിക്കുന്നതുമെല്ലാം ഈ ഗണത്തിൽ പെടുന്നു. അന്ധരെയും വികലാംഗരെയും കോങ്കണ്ണുള്ളവരുമൊക്കെ കാണുന്നത് ദുഃശകുനമായി കാണുന്നവരുണ്ട്. ഇവരെയൊക്കെ കണ്ടാൽ ആ ദിവസം മോശമായിരിക്കും എന്നവർ വിശ്വസിച്ചു കൊണ്ട് അന്നത്തെ കച്ചവടം നിർത്തി വെക്കുന്നു. വലത്തെ കയ്യിൽ ചൊറിഞ്ഞാൽ ഇന്നത് സംഭവിക്കും, ഇടത്തെ കയ്യിൽ

ചൊറിഞ്ഞാൽ ഇന്നത് സംഭവിക്കും തുടങ്ങി ഇങ്ങനെയുള്ള വികല വിശ്വാസങ്ങൾ കെണ്ട് അവരുടെ ദിവസങ്ങളെ അവർ മോശപ്പെട്ടതായി ധരിക്കുന്നു. ഇതിനൊന്നും യാതൊരു അടിസ്ഥാനവുമില്ല. ഇത്തരം കാര്യങ്ങൾ മുഖേന അന്ന് നടക്കാനിരിക്കുന്ന കാര്യങ്ങൾ അല്ലാഹുവിനോട് ഒപ്പം ഞങ്ങൾക്കും അറിയാം എന്ന് വാദിക്കുന്നത് പോലെയാണിത്.

പക്ഷി ലക്ഷണം നോക്കൽ നിശിദ്ധമാണ്. എന്നല്ല, അത് ശിർക്കാണ്. നബി ﷺ പറഞ്ഞു :

من ردته الطيرة عن حاجته فقد أشرك، قالوا :يا رسول الله، ما كفارة ذلك ؟ قال : أن يقول أحدهم : اللهم لا خير إلا خيرك، ولا طير إلا طيرك، ولا إله غيرك.

ആരെയാണോ അവന്റെ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ നിന്ന് പക്ഷിലക്ഷണം നോക്കുന്നത് തടഞ്ഞത് അവർ ശിർക്ക് ചെയ്തു.

സ്വഹാബികൾ ചോദിച്ചു : അല്ലാഹുവിന്റെ റസൂലെ, എന്താണ് അപ്രകാരം ചെയ്താലുള്ള പ്രായശ്ചിത്തം?

അവിടുന്ന് പറഞ്ഞു : ഇപ്രകാരം പറയലാണ് ;

അല്ലാഹുവേ, നീ നിശ്ചയിച്ചതല്ലാതെ യാതൊരു നന്മയുമില്ല. പക്ഷികൾ നിന്റെ സൃഷ്ടി മാത്രമാണ് അവ ദൗർഭാഗ്യമോ സൗഭാഗ്യമോ കൊണ്ടുവരികയില്ല. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. മറ്റൊരു ഹദീസിൽ കാണാം ;

لا عدوى ولا طيرة ولا هامة ولا صفر

അല്ലാഹു കാരണമാക്കി എന്ന നിലക്കല്ലാതെ മറ്റൊരു രോഗ പകർച്ചയില്ല. ചില പ്രത്യേക പക്ഷികളലോ സ്വഫറുപോലുള്ള മാസത്തിലോ അപലക്ഷണം നിരീക്ഷിക്കലില്ല. ഇതിലും ഇത്തരം ലക്ഷണ നിർണയ രീതികൾ നിരർത്ഥകമാണെന്നതിനുള്ള തെളിവുണ്ട്.

ചുരുക്കത്തിൽ, ജോത്സ്യത്തിന് വ്യത്യസ്ത രീതികളുണ്ട്. അതിലെല്ലാമുള്ള പൊതുവായ കാര്യം ഗൈബ് അവകാശപ്പെടലാണ്. അതിന്റെ രീതികൾ വിത്യസ്തമാണെന്ന് മാത്രം. ചിലതിൽ പിശാചുമായി നേരിട്ട് ബന്ധപ്പെടുന്നു. മറ്റു ചിലത് ജനങ്ങളെ കബളിപ്പിക്കുന്നവ മാത്രമാണ്. അല്ലാഹു അവരുടെ ഉപദ്രവങ്ങളിൽ നിന്നും നമുക്ക് കാവൽ നൽകട്ടെ,

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി ﷺ ക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അവിടുത്തെ മേൽ സ്വലാത്തും, സലാമും ചോദിക്കു

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന എട്ടാമത്തെ കാര്യം :

മുസ്‌ലീമിങ്ങൾക്കെതിരെ നിലകൊള്ളൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

മുസ്‌ലിമീങ്ങൾക്കെതിരെ കുഫ്ഫാറുകളെ സഹായിക്കൽ.

അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ് മുഅ്മിനീങ്ങളോട് സ്നേഹബന്ധം പുലർത്തലും അവരെ ഇഷ്ടപ്പെടലും അവർക്ക് സഹായികളായി നിലകൊള്ളലും. അല്ലാഹു പറയുന്നു :

﴿وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ أُوْلَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ﴾

സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു.

അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്.

അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ് കാഫിറുകളെയും കുഫറിനെയും വെറുക്കൽ. കാഫിറുകളോട് മുവാലാത്ത് പാടില്ല എന്നതിന്റെ ഉദ്ദേശ്യം.

മുഅ്മിനീങ്ങളെ, അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ് കുഫ്രിനോടും കാഫിറുകളോടും ബറാഅത്ത് കാണിക്കൽ. കാരണം ശരിയായ മുഅ്മിൻ അല്ലാഹുവും റസൂലും ഇഷ്ടപ്പെട്ടതിനെ ഇഷ്ടപ്പെടുകയും അവനും അവന്റെ റസൂലും വെറുത്തതിനെ വെറുക്കുകയും ചെയ്യും.

ഇതിനു വിരുദ്ധമാണ് കാഫിറുകളോട് മുവാലാത്ത് കാണിക്കൽ.

ഭൗതികമായ കാര്യങ്ങൾ കൊണ്ടാണ് അവരെ സ്നേഹിക്കുന്നതെങ്കിൽ അത് ഫിസ്ഖാണ്. വൻപാപങ്ങളിൽ പെട്ടതുമാണ്. എന്നാൽ ദീനിൽ നിന്ന് പുറത്ത് പോകുന്ന കുഫ്റല്ല.

ഒന്നിലധികം ആയത്തുകളിൽ അല്ലാഹു ഇക്കാര്യം വിവരിച്ചിട്ടുണ്ട്

അല്ലാഹു പറയുന്നു :

﴿لَّا يَتَّخِذِ ٱلْمُؤْمِنُونَ ٱلْكَٰفِرِينَ أَوْلِيَآءَ مِن دُونِ ٱلْمُؤْمِنِينَۖ وَمَن يَفْعَلْ ذَٰلِكَ فَلَيْسَ مِنَ ٱللَّهِ فِى شَىْءٍ﴾

സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കിവെക്കരുത്. - അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന്ന് യാതൊരു ബന്ധവുമില്ല-

അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ عَدُوِّى وَعَدُوَّكُمْ أَوْلِيَآءَ تُلْقُونَ إِلَيْهِم بِٱلْمَوَدَّةِ وَقَدْ كَفَرُوا۟ بِمَا جَآءَكُم مِّنَ ٱلْحَقِّ﴾

ഹേ; സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചു കൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾക്കു വന്നുകിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്.

അല്ലാഹുവിന്റെ അടിമകളേ, കാഫിറുകളോടുള്ള തവല്ലി എന്നത് മുവാലാത്തിനേക്കാളും ഗൗരവുമുള്ളതാണ്. അത് കുഫ്ർ ഇസ്ലാമിനെ അതിജയിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് മുഅ്മിനീങ്ങൾക്കെതിരെ അവരെ സഹായിക്കലാണ്.ഇത് ഇസ്ലാമിനെ പൊളിച്ചു കളയുന്ന കാര്യമാണ്.

അല്ലാഹു പറയുന്നു :

﴿وَمَن يَتَوَلَّهُم مِّنكُمْ فَإِنَّهُۥ مِنْهُمْۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ﴾

നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.

ഇത് കുഫ്രാകാൻ ഉള്ള കാരണം ഇപ്രകാരം ചെയ്യുന്നവർ ഇസ്ലാമിനെയും മുസ്ലിമീങ്ങളെയും വെറുക്കുന്നു എന്നതാണ് അല്ലാഹു അവനെയും അവന്റെ റസൂലിനെയും അവന്റെ ദീനിനെയും മുസ്ലിമീങ്ങളെയും സ്നേഹിക്കാനും ഇഷ്ടപ്പെടാനും കൽപ്പിച്ചിട്ടുണ്ട്. മുകളിൽ വിശദീകരിച്ചത് ആകട്ടെ അതിനെല്ലാം വിരുദ്ധമാണ്. അല്ലാഹുവിൽ അഭയം!

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ മുഹമ്മദ് അൽ അമീൻ അശ്ശൻഖീത്വി പറയുന്നു :

ഈ ആയത്തിലൂടെ അല്ലാഹു വിവരിക്കുന്നത് ആരെങ്കിലും ജൂത ക്രിസ്ത്യാനികളോട് തവല്ലി കാണിക്കുകയാണെങ്കിൽ അവനും അതുകാരണത്താൽ അവരിൽ പെട്ടവരായിരിക്കും. മറ്റൊരിടത്ത് അത് അല്ലാഹുവിന്റെ കോപത്തിനും ശാശ്വതമായ നരകശിക്ഷക്കും കാരണമാകും എന്നും അല്ലാഹു അറിയിച്ചിട്ടുണ്ട്. മുഅ്മിനായ ഒരാൾ ഒരിക്കലും അപ്രകാരം ചെയ്യുകയില്ല.

വിശ്വാസികളെ, മുസ്ലിമീങ്ങൾക്ക് എതിരെ കാഫിറുകളെ സഹായിക്കുക എന്നത് മുസ്ലിമായ ഒരു മനുഷ്യനിൽ നിന്ന് ഒരിക്കലും സംഭവിക്കാത്ത കാര്യമാണ്. റാഫിദികളെ പോലുള്ള മുനാഫിക്കുകളിൽ എന്നല്ലാതെ ഇത് സംഭവിക്കുകയില്ല...

ഇസ്ലാമിക വിശ്വാസത്തിലെ വലാഇന്റെയും ബറാഇന്റെയും ചെറിയൊരു വിവരണമാണ് നാം കേട്ടത്.

അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും ബർക്കത്ത് ചൊരിയട്ടെ. അതിലുള്ള ആയത്തുകളും ഉദ്ബോധനവും എനിക്കും നിങ്ങൾക്കും പ്രയോജനപ്രദമാക്കി തീർക്കട്ടെ.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക, അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അവന്റെ കല്പനകൾ അനുസരിച്ചു കൊണ്ടും അവന്റെ വിലക്കുകൾ ഉപേക്ഷിച്ചുകൊണ്ട് അവനെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ അറിയുക കാഫിറുകളോട് ബറാഅത്ത് വേണം എന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവരോട് അക്രമം പ്രവർത്തിക്കാം എന്നതല്ല. അവരോട് അന്യായം കാണിക്കാം എന്നല്ല. അവരുമായി കരാറുകളിൽ ഏർപ്പെടുന്നത് വാങ്ങൽ വിൽക്കൽ ഇടപാടുകൾ നടത്തുന്നതോ നിഷിദ്ധമാണെന്നല്ല. ഇതുരണ്ടും രണ്ട് വിഷയങ്ങളാണ്. ഇടപാടുകളിൽ നീതിപൂർവ്വം പെരുമാറണം. നല്ല പെരുമാറ്റവും സ്വഭാവം മര്യാദകളും അനിവാര്യമായും ഉണ്ടായിരിക്കേണ്ട കാര്യങ്ങളാണ്. കാഫറികളോടും അവരുടെ ദീനിനോടുമുള്ള വെറുപ്പ് നിലനിർത്തി കൊണ്ടുതന്നെ അല്ലാഹുവിന്റെ റസൂൽ അവരോട് ഏറ്റവും നല്ല രൂപത്തിലായിരുന്നു പെരുമാറിയിരുന്നത്. അവർ യുദ്ധത്തിൽ പിടിക്കപ്പെട്ട തടവുകാരാണെങ്കിൽ പോലും അല്ലാഹുവിന്റെ റസൂൽ അപ്രകാരമായിരുന്നു അവരോട് ഇടപഴകിയിരുന്നത്.

അത് അല്ലാഹു പഠിപ്പിച്ച കാര്യമാണ്:

﴿وَيُطۡعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسۡكِينٗا وَيَتِيمٗا وَأَسِيرًا﴾

ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരനും അവരത് നൽകുകയും ചെയ്യും.

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന ഒമ്പതാമത്തെ കാര്യം :

ഇസ്‌ലാമിന്റെ മത നിയമങ്ങളിൽ നിന്ന് പുറത്തു കടക്കൽ അനുവദനീയമാണെന്ന് വിശ്വസിക്കൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

ഇസ്ലാമിക നിയമങ്ങൾ എല്ലാ മനുഷ്യർക്കും പൊതുവായതാണ്.

അല്ലാഹുവിന്റെ അടിമകളെ, സർവ്വശക്തനായ അല്ലാഹുവിനെ ഭയപ്പെടുകയും അവനെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരാവുകയും അവനെ അനുസരിക്കുകയും അവനെ ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങൾ അറിയാക, ഇസ്ലാമിന്റെ നിയമങ്ങൾ ഖിയാമത്ത് നാൾ വരെയുള്ള എല്ലാ മനുഷ്യർക്കും ജിന്നുകൾക്കും പൊതുവായതാണ്.

അല്ലാഹു തന്റെ നബി ﷺ യോട് പറയുന്നു :

﴿قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا﴾

പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു.

ആയത്തിലെ നാസ് എന്ന പദം മനുഷ്യരെയും ജിന്നുകളെയും ഉൾക്കൊള്ളുന്നതാണ്.

നബി ﷺ പറഞ്ഞു :

أُعْطِيتُ خَمْسًا لَمْ يُعْطَهُنَّ أَحَدٌ قَبْلِي؛ وذكر منها: وكانَ النبيُّ يُبْعَثُ إلى قَوْمِهِ خَاصَّةً، وبُعِثْتُ إلى النَّاسِ عامة.

"എനിക്ക് മുമ്പ് ഒരു നബിമാർക്കും നൽകാത്ത അഞ്ച് കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടു. അഞ്ചു കാര്യങ്ങൾ എണ്ണി പറയവേ അവിടുന്ന് പറഞ്ഞു: പ്രവാചകന്മാർ അവരുടെ ജനതകളിലേക്ക് മാത്രമായാണ് നിയോഗിക്കപ്പെട്ടത്, എന്നെ എല്ലാ ജനങ്ങളിലേക്കുമായണ് നിയോഗിച്ചിട്ടുള്ളത്."

പ്രവാചകൻ ﷺ യെ കണ്ടാൽ അദ്ദേഹത്തെ പിന്തുടരാനും അദ്ദേഹത്തിന്റെ മതത്തിൽ പ്രവേശിക്കാനും എല്ലാ പ്രവാചകന്മാരിൽ നിന്നും അല്ലാഹു ഒരു കരാർ വാങ്ങിയിരുന്നു.

അല്ലാഹു പറയുന്നു :

﴿ وَإِذۡ أَخَذَ ٱللَّهُ مِيثَٰقَ ٱلنَّبِيِّـۧنَ لَمَآ ءَاتَيۡتُكُم مِّن كِتَٰبٖ وَحِكۡمَةٖ ثُمَّ جَآءَكُمۡ رَسُولٞ مُّصَدِّقٞ لِّمَا مَعَكُمۡ لَتُؤۡمِنُنَّ بِهِۦ وَلَتَنصُرُنَّهُۥۚ قَالَ ءَأَقۡرَرۡتُمۡ وَأَخَذۡتُمۡ عَلَىٰ ذَٰلِكُمۡ إِصۡرِيۖ قَالُوٓاْ أَقۡرَرۡنَاۚ قَالَ فَٱشۡهَدُواْ وَأَنَا۠ مَعَكُم مِّنَ ٱلشَّٰهِدِينَ ﴾٨١﴿ فَمَن تَوَلَّىٰ بَعۡدَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ ﴾٨٢﴿ أَفَغَيۡرَ دِينِ ٱللَّهِ يَبۡغُونَ وَلَهُۥٓ أَسۡلَمَ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ طَوۡعٗا وَكَرۡهٗا وَإِلَيۡهِ يُرۡجَعُونَ ﴾

അല്ലാഹു പ്രവാചകൻമാരോട് കരാർ വാങ്ങിയ സന്ദർഭം ശ്രദ്ധിക്കുക: ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും, അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചുകൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് എന്ന്. തുടർന്ന് അവൻ അവരോട് ചോദിച്ചു: നിങ്ങളത് സമ്മതിക്കുകയും അക്കാര്യത്തിൽ എന്നോടുള്ള ബാധ്യത ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അവൻ പറഞ്ഞു: എങ്കിൽ നിങ്ങൾ അതിന് സാക്ഷികളായിരിക്കുക. ഞാനും നിങ്ങളോടൊപ്പം സാക്ഷിയായിരിക്കുന്നതാണ്.

അതിന് ശേഷവുംആരെങ്കിലും പിന്തിരിയുകയാണെങ്കിൽ അവർ തന്നെയാകുന്നു ധിക്കാരികൾ.

അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? വാസ്തവത്തിൽ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും.

ഉമർ ﷺ വിന്റെ കയ്യിൽ വേദക്കാരുടെ ഗ്രന്ഥത്തിന്റെ ചില പേജുകൾ നബി ﷺ കണ്ടപ്പോൾ ദേഷ്യപ്പെട്ടു കൊണ്ട് അവിടുന്ന് പറഞ്ഞു:

والذي نفسي بيده، لو أن موسى حيا ما وسِعَه إلا أن يتبعني.

"എന്റെ നഫ്സ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, മൂസ ജീവിച്ചിരിപ്പുണ്ടെങ്കിൽ അദ്ദേഹത്തിന് എന്നെ പിൻപറ്റുകയല്ലാതെ നിവൃത്തിയില്ല."

അവസാന കാലത്ത് ഈസാ നബി ഇറങ്ങിവരുമ്പോൾ, അദ്ദേഹം ഇസ്ലാമിക ശരീഅത്ത് പിന്തുടരുകയും അതനുസരിച്ച് ഭരിക്കുകയും ചെയ്യുമെന്ന് ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

- ഇസ്ലാമിക നിയമങ്ങൾ മുൻകാല നിയമങ്ങളെ ദുർബലപ്പെടുത്തുന്നതാണ്.

മുമ്പുണ്ടായിരുന്ന മത നിയമങ്ങളിൽ നിന്ന് ഇസ്ലാം അംഗീകരിച്ച കാര്യങ്ങൾ മാത്രമാണ് ഇതിൽനിന്ന് ഒഴിവുള്ളത്.

അള്ളാഹു പറയുന്നു :

﴿وَأَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ مُصَدِّقٗا لِّمَا بَيۡنَ يَدَيۡهِ مِنَ ٱلۡكِتَٰبِ وَمُهَيۡمِنًا عَلَيۡهِۖ﴾

നബിയേ, നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.

- ഇസ്ലാം ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്ന മതമാണ്.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിന്റെ മത നിയമങ്ങൾ നബി - യെ നിയോഗിച്ചത് മുതൽ ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്നവയാണ്. എന്നാൽ ആദ്യകാല മത നിയമങ്ങൾ അപ്രകാരമായിരുന്നില്ല. അവയുടെ നിലനിൽപ്പ് അടുത്ത മത നിയമങ്ങൾ അവതരിപ്പിക്കപ്പെടുന്നത് വരെ മാത്രമായിരുന്നു.

ചുരുക്കത്തിൽ, ഇസ്ലാമിന്റെ അവസാനത്തെ മത നിയമങ്ങളും അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞു. അവസാനത്തെ പ്രവാചകൻ മുഹമ്മദ് നബിയും അവസാനത്തെ ഗ്രന്ഥം ഖുർആനും ആണ്. ഈ സമുദായം ആകട്ടെ അവസാനത്തെ സമുദായവുമാണ്

ഇത് മനസ്സിലാക്കി കഴിഞ്ഞാൽ ; ഈ ദീൻ അനുസരിച്ച് ജീവിക്കലും അതിലെ മത നിയമങ്ങൾക്ക് കീഴൊതുങ്ങലും അനിവാര്യമാണെന്ന് കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇനി ആർക്കെങ്കിലും ഈ മത നിയമങ്ങൾ ബാധകമല്ല എന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവൻ കാഫിറായി പോകും. അവർ നോമ്പ് നോൽക്കുന്നുണ്ടെങ്കിലും നിസ്കരിക്കുന്നുണ്ടെങ്കിലും മുസ്ലിമാണെന്ന് വാദിക്കുന്നുണ്ടെങ്കിലും ശരി. ജൂത മതമനുസരിച്ചോ ക്രിസ്ത്യൻ മതമനുസരിച്ചോ ഏതെങ്കിലും ഒരാൾക്ക് ജീവിക്കൽ അനുവദനീയമാണെന്ന് വിശ്വസിച്ചാൽ അവൻ അല്ലാഹുവിൽ അവിശ്വസിച്ചിരിക്കുന്നു. അല്ലാഹുവിൽ അഭയം!

അല്ലാഹുവിലും അവന്റെ ദൂതൻമാരിലും അവിശ്വസിക്കുകയും, ﴿വിശ്വാസകാര്യത്തിൽ﴾ അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ ﴿വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ﴾ മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ,

അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്.

സുന്നത്തിൽ വിശ്വസിക്കാതെ ഖുർആനിൽ മാത്രം വിശ്വസിക്കുന്നവരും ഈ ഗണത്തിൽ ഉൾപ്പെടും. അതും ഇസ്ലാമിന്റെ പുറത്തു പോകുന്ന കാര്യമാണ്. രണ്ടു വഹ്യുകളിൽ ഏതെങ്കിലും ഒന്ന് നിഷേധിച്ചാൽ തന്നെ ഇസ്ലാമിൽ നിന്ന് പുറത്തുപോകും. അല്ലെങ്കിൽ ഖുർആനിൽ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുള്ള സഹാബത്തിന്റെ മതനിഷ്ഠയിലോ നബിയുടെ ഭാര്യമാരുടെ ചാരിത്രശുദ്ധിയിലോ അവിശ്വസിച്ചാലും അല്ലെങ്കിൽ ഭൗതിക ജീവിതത്തിൽ നിന്ന് ദീനിനെ വേർപ്പെടുത്തണമെന്ന് വാദിച്ചാലും രാഷ്ട്രീയ കച്ചവട മേഖലകളിൽ മതത്തിന്റെ ആവശ്യമില്ലെന്ന് പറഞ്ഞാലോ, അതുമല്ലെങ്കിൽ ഏതെങ്കിലും ചില ഇബാദത്തുകളിൽ മാത്രം ഇസ്ലാമിനെ പരിമിതപ്പെടുത്തലോ എല്ലാം കുഫ്റായ കാര്യങ്ങളാണ്. ഇതിൽ ഏതെങ്കിലുമൊന്ന് സംഭവിച്ചു പോയാൽ അവർ ദീനിൽ നിന്ന് പുറത്ത് പോകും. അവർ മുസ്ലീങ്ങളാണെന്ന് സ്വയം അവകാശപ്പെട്ടാലും ശരി. കാരണം അവന്റെ വിശ്വാസം ഇസ്ലാമിന് നേർ വിരുദ്ധമാണ്.

സൂഫികളെയും സെക്യുലറിസ്റ്റുകളെയും ഇങ്ങനെയുള്ള അബദ്ധങ്ങളിൽ ചെന്ന് ചാടിക്കുന്നത് രണ്ടു കാര്യങ്ങളാണ്;

അതിൽ ഒന്നാമത്തേത് അറിവില്ലായ്മയാണ് അതിനുള്ള പരിഹാരം അറിവ് പഠിക്കലാണ്. രണ്ടാമത്തേത് അഹന്തയും അഹങ്കാരവും ആണ്. അതിനുള്ള പരിഹാരം അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ച് ഓർക്കുകയും അവൻ അല്ലാഹുവിലേക്ക് മടങ്ങി ചൊല്ലേണ്ടവൻ ആണ്, അള്ളാഹു അവനെ വിചാരണ ചെയ്യും എന്ന് ചിന്തിക്കുകയും ഓർക്കുകയും ചെയ്യലാണ്.

കാരണം അത് ഖുർആനിന്റെ പ്രസ്താവനയെ നിഷേധിക്കലാണ്.

അല്ലാഹു പറയുന്നു :

﴿ وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ﴾

ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.

ഇബ്നു തൈമിയ്യ പറയുന്നു :

"അബ്ദുൽ മുത്തലിബിന്റെ മകൻ അബ്ദുല്ലയുടെ മകൻ മുഹമ്മദ് മുഴുവൻ മനുഷ്യരിലേക്കും ജിന്നുകളിലേക്കും അറബികളിലേക്കും അനറബി കളിലേക്കും ഉന്നതരിലേക്കും താഴ്ന്ന വരിലേക്കും ഭരണാധികാരികളിലേക്കും ഭരണിയരിലേക്കും ഭക്തരിലേക്കും അല്ലാത്തവരിലേക്കും നിയോഗിക്കപ്പെട്ട റസൂൽ ആണ്. അവിടുന്ന് അവസാനത്തെ റസൂൽ ആണ് ഇനിയൊരു റസൂലോ ഗ്രന്ഥമോ അവതരിപ്പിക്കപ്പെടാനില്ല.

അല്ലാഹു അദ്ദേഹത്തിന് അവതരിപ്പിച്ച ഗ്രന്ഥം മുൻ കഴിഞ്ഞ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതും അവയിലുള്ള മതവിധികളെ ദുർബലപ്പെടുത്തുന്നതുമാണ്. ആ റസൂലിന്റെ മത നിയമങ്ങളിൽ നിന്ന് ആർക്കെങ്കിലും പുറത്തുപോകാൻ അനുവാദമുണ്ടെന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവൻ അവിശ്വാസിയായിത്തീരും."

അദ്ദേഹം വീണ്ടും പറയുന്നു :

"മറ്റാരുടെയെങ്കിലും മാർഗം നബിയുടെ മാർഗ്ഗത്തേക്കാൾ പൂർണ്ണമാണെന്നോ ഔലിയാക്കൾക്ക് നബിയുടെ മത നിയമങ്ങളിൽ നിന്ന് പുറത്തു കടക്കൽ അനുവദനീയമാണെന്നോ ആരെങ്കിലും വിശ്വസിച്ചാൽ അവർ അവിശ്വാസിയായി തീരും."

ഈ വിഷയത്തിൽ പിഴവ് സംഭവിച്ച കക്ഷികൾ :

അല്ലാഹുവിന്റെ അടിമകളെ, നാം മുകളിൽ വിശദീകരിച്ച ഈ വിശ്വാസം ചില സൂഫി കക്ഷികളെ പിടിപെട്ടിട്ടുണ്ട്. അവർ അവരിലെ ചില നേതാക്കന്മാർക്ക് ചില പ്രത്യേക പദവികളിൽ എത്തിയാൽ പിന്നെ നബിയെ പിൻപറ്റുന്നതിൽ നിന്നും ഒഴിവുണ്ട് എന്ന് വിശ്വസിക്കുന്നു. ഇത് ബാതിലായ വിശ്വാസമാണ്. അമ്പിയാക്കളും സഹാബികളും ആണ് അല്ലാഹുവിനെ കുറിച്ച് ഏറ്റവും അറിവുള്ളവർ. അവർ മരിക്കുന്നതുവരെ അല്ലാഹുവിനെ ഇബാദത്ത് എടുത്തു കഴിച്ചു കൂട്ടിയിട്ടുണ്ട്. അവരിൽ ചിലർ ഇബാദത്തുകളിൽ നിർവഹിച്ചുകൊണ്ടിരിക്കുകയാണ് മരണപ്പെട്ടത്. അതാണ് നല്ല പര്യവസാനം എന്ന് പറയുന്നത്.

അല്ലാഹു പറയുന്നു :

﴿وَاعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ الْيَقِينُ﴾

മരണമാകുന്ന ഉറപ്പ് വരുന്നതുവരെ നീ നിന്റെ റബ്ബിന് ഇബാദത്ത് നിർവഹിക്കുക.

എന്നല്ല, വരാനിരിക്കുന്നതും കഴിഞ്ഞുപോയതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ട അല്ലാഹുവിന്റെ റസൂൽ പോലും മത നിയമങ്ങൾ ഉപേക്ഷിച്ചിട്ടില്ല. ഏറ്റവും വലിയ ഇബാദത്തിന്റെ ഉടമയായിരുന്ന അവിടുന്ന് കാലിൽ നീര് വരുവോളം നിന്ന് നിസ്കരിക്കുമായിരുന്നു. എന്നിട്ട് അവിടുന്ന് പറയുമായിരുന്നു : ഞാൻ അങ്ങേയറ്റത്തെ നന്ദിയുള്ള അടിമയാകേണ്ടതല്ലേ.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക മത നിയമങ്ങൾ ഒരു നിശ്ചിതകാലത്തേക്കുള്ളതാണ്. എന്നാൽ ഇക്കാലത്തേക്കും ഇന്നത്തെ നടപടിക്രമങ്ങൾക്കും ഇസ്ലാമിക നിയമങ്ങൾ യോജിച്ചതല്ല എന്ന് പറയുന്നതും ഈ ഗണത്തിൽ പെട്ട ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യമാണ്. ഇസ്ലാമിക മത നിയമങ്ങൾ പൂർണ്ണമല്ല എന്നാണ് ഈ വാദത്തിന്റെ അർത്ഥം. അത് ശരിയല്ല. ഇസ്ലാം ഖിയാമത്ത് നാൾ വരെ എല്ലാ കാലത്തേക്കും സ്ഥലങ്ങളിലേക്കും

മതിയായതാണ്. സൃഷ്ടികളുടെ ഗുണദോഷങ്ങൾ അറിയുന്നവനായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ളതായത് കൊണ്ട് തന്നെ ഇസ്ലാമിക മത നിയമങ്ങളിൽ യാതൊരു പോരായ്മകളും ന്യൂനതകളും അബദ്ധങ്ങളും ഇല്ല തന്നെ. ഇസ്ലാമിക മത നിയമങ്ങൾ പൂർണമാണെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട് :

﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ﴾

ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർണമായി നൽകിയിരിക്കുന്നു. ഇസ്ലാമിനെ മതമായി നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു.

അതുകൊണ്ടുതന്നെ ഈ മത നിയമങ്ങളിൽ പോരായ്മയുണ്ടെന്ന് വാദിക്കുന്നവർ അവ നിശ്ചയിച്ച അല്ലാഹുവിനെയാണ് ആക്ഷേപിക്കുന്നത്. അവൻ അല്ലാഹുവിന്റെ വാചകത്തിൽ അവിശ്വസിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവൻ അവിശ്വാസിയായി തീരുന്നു.

രണ്ടാം ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അവന്റെ വിധിവിലക്കുകൾ പാലിക്കുക. ഖുർആനിലെയും റസൂലുകളിലെയും മത നിയമങ്ങളിലെയും ചില ഭാഗങ്ങളിൽ വിശ്വസിക്കുകയും മറ്റു ചിലതിൽ അവിശ്വസിക്കുകയും ചെയ്യുന്നത് കുഫ്റാണ്. അല്ലാഹു ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും മുർസലീങ്ങളെ അയക്കുകയും ചെയ്തത് പൂർണ്ണമായും വിശ്വസിക്കാനാണ്.

അല്ലാഹു പറയുന്നു :

﴿إِنَّ الَّذِينَ يَكْفُرُونَ بِاللَّهِ وَرُسُلِهِ وَيُرِيدُونَ أَنْ يُفَرِّقُوا بَيْنَ اللَّهِ وَرُسُلِهِ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَنَكْفُرُ بِبَعْضٍ وَيُرِيدُونَ أَنْ يَتَّخِذُوا بَيْنَ ذَٰلِكَ سَبِيلًا ۝ أُولَٰئِكَ هُمُ الْكَافِرُونَ حَقًّا ۚ وَأَعْتَدْنَا لِلْكَافِرِينَ عَذَابًا مُهِينًا﴾

അല്ലാഹുവിലും അവന്റെ ദൂതൻമാരിലും അവിശ്വസിക്കുകയും, വിശ്വാസകാര്യത്തിൽ അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ,

അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്.

സുന്നത്തിൽ വിശ്വസിക്കാതെ ഖുർആനിൽ മാത്രം വിശ്വസിക്കുന്നവരും ഈ ഗണത്തിൽ ഉൾപ്പെടും. അതും ഇസ്ലാമിന്റെ പുറത്തു പോകുന്ന കാര്യമാണ്.

രണ്ടു വഹ്യുകളിൽ ഏതെങ്കിലും ഒന്ന് നിഷേധിച്ചാൽ തന്നെ ഇസ്ലാമിൽ നിന്ന് പുറത്തുപോകും. അല്ലെങ്കിൽ ഖുർആനിൽ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുള്ള സഹാബത്തിന്റെ മതനിഷ്ടയിലോ നബിയുടെ ഭാര്യമാരുടെ ചാരിത്രശുദ്ധിയിലോ അവിശ്വസിച്ചാലും അല്ലെങ്കിൽ ഭൗതിക ജീവിതത്തിൽ നിന്ന് ദീനിനെ വേർപ്പെടുത്തണമെന്ന് വാദിച്ചാലും രാഷ്ട്രീയ കച്ചവട മേഖലകളിൽ മതത്തിന്റെ ആവശ്യമില്ലെന്ന് പറഞ്ഞാലോ, അതുമല്ലെങ്കിൽ ഏതെങ്കിലും ചില ഇബാദത്തുകളിൽ മാത്രം ഇസ്ലാമിനെ പരിമിതപ്പെടുത്തലോ എല്ലാം കുഫ്റായ കാര്യങ്ങളാണ്. ഇതിൽ ഏതെങ്കിലുമൊന്ന് സംഭവിച്ചു പോയാൽ അവർ ദീനിൽ നിന്ന് പുറത്ത് പോകും. അവർ മുസ്ലീങ്ങളാണെന്ന് സ്വയം അവകാശപ്പെട്ടാലും ശരി. കാരണം അവന്റെ വിശ്വാസം ഇസ്ലാമിന് നേർ വിരുദ്ധമാണ്.

സൂഫികളെയും സെക്യുലറിസ്റ്റുകളെയും ഇങ്ങനെയുള്ള അബദ്ധങ്ങളിൽ ചെന്ന് ചാടിക്കുന്നത് രണ്ടു കാര്യങ്ങളാണ്;

അതിൽ ഒന്നാമത്തേത് അറിവില്ലായ്മയാണ് അതിനുള്ള പരിഹാരം അറിവ് പഠിക്കലാണ്. രണ്ടാമത്തേത് അഹന്തയും അഹങ്കാരവും ആണ്. അതിനുള്ള പരിഹാരം അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ച് ഓർക്കുകയും അവൻ അല്ലാഹുവിലേക്ക് മടങ്ങി ചൊല്ലേണ്ടവൻ ആണ്, അള്ളാഹു അവനെ വിചാരണ ചെയ്യും എന്ന് ചിന്തിക്കുകയും ഓർക്കുകയും ചെയ്യലാണ്.

ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന പത്താമത്തെ കാര്യം :

ദീനിൽ നിന്നും പൂർണ്ണമായും തിരിഞ്ഞു കളയൽ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

ഇസ്‌ലാമിക നിയമങ്ങൾക്ക് കീഴൊതുങ്ങൾ നിർബന്ധം

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിന്റെ വിധിവിലക്കുകളെ സൂക്ഷിക്കുക. അവനെ അനുസരിക്കുക. ധിക്കരിക്കാതിരിക്കുക. അല്ലാഹു അവന്റെ റസൂലിനെ അനുസരിക്കണം എന്ന് പരിശുദ്ധ ഖുർആനിൽ 33 സ്ഥലങ്ങളിൽ കൽപ്പിച്ചിട്ടുണ്ട്. അതിൽ പെട്ടതാണ് അല്ലാഹുവിന്റെ ഈ വചനങ്ങൾ ;

﴿وَمَا آتاكُم الرسُولُ فَخُذوهُ ومَا نَهاكُم عَنْهُ فانتَهُوا﴾،

റസൂൽ നിങ്ങൾക്ക് എന്താണോ കൊണ്ടുവന്നത് അത് നിങ്ങൾ സ്വീകരിക്കുക. എന്താണോ അവിടുന്ന് നിങ്ങളോട് വിലക്കിയത് അത് നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക.

അല്ലാഹു പറയുന്നു :

﴿قُل أَطِيعُوا اللهَ والرَّسُولَ فإنْ تَوَلوا فإنَّ اللهَ لا يُحِبُّ الكَافِرِين﴾

പറയുക, നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുക. നിങ്ങൾ തിരിഞ്ഞു കളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ ഇഷ്ടപ്പെടുകയില്ല തന്നെ.

അല്ലാഹു പറയുന്നു

﴿يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَرَسُولَهُ وَلاَ تَوَلَّوْا عَنْهُ وَأَنتُمْ تَسْمَعُونَ﴾

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക. സത്യസന്ദേശം കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തെ വിട്ട് തിരിഞ്ഞുകളയരുത്.

അല്ലാഹു പറയുന്നു :

﴿يا أيها الذين آمنوا أطيعوا الله وأطيعوا الرسول وأولي الأمر منكم﴾

മുഅ്മിനീങ്ങളെ നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിങ്ങളിലേക്ക് കൈക്കാര്യകർത്താക്കളെയും അനുസരിക്കുക.

നബി ﷺ യുടെ ചര്യ പിൻപറ്റാനും അവിടുത്തെ മാർഗ്ഗം അനുധാവനം ചെയ്യാനും പ്രേരിപ്പിക്കുന്ന ഒട്ടനേകം തെളിവുകൾ കാണാൻ സാധിക്കും.

അബൂ ഹുറൈറ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു :

كل أمتي يدخلون الجنة إلا من أبى. قالوا: يا رسول الله، ومن يأبى؟ قال: من أطاعني دخل الجنة، ومن عصاني فقد أبى.

"എന്റെ ഉമ്മത്തിലെ എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും വിസമ്മതിച്ചവർ ഒഴികെ. ആരാണ് വിസമ്മതിച്ചവർ? എന്ന് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ പറഞ്ഞു : എന്നെ അനുസരിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എന്നെ ധിക്കരിച്ചവരാണ് വിസമ്മതിച്ചവർ"

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

من أطاعني فقد أطاع الله، ومن عصاني فقد عصى الله.

"ആരാണോ എന്നെ അനുസരിച്ചത് അവർ അല്ലാഹുവിനെ അനുസരിച്ചു. ആരാണോ എന്നെ ധിക്കരിച്ചത് അവർ അല്ലാഹുവിനെ ധിക്കരിച്ചു."

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

إذا نَهَيْتُكُم عَنْ شَيْءٍ فَاجْتَنِبُوهُ، وإِذَا أَمَرْتُكم بِشَيءٍ فَأْتُوا مِنْهُ مَا اسْتَطَعْتُم.

"ഞാൻ നിങ്ങളോട് വിലക്കിയ കാര്യങ്ങൾ നിങ്ങൾ ഉപേക്ഷിക്കുക. ഞാൻ കൽപ്പിച്ച കാര്യങ്ങൾ സാധിക്കുന്ന അത്ര നിങ്ങൾ ചെയ്യുക."

അബൂ സഈദിൽ ഖുദ്‌രി നിവേദനം ചെയ്യുന്ന ഹദീസിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

والذي نفسي بيده، لتدخلن الجنة كلكم إلا من أبى وشرَد على الله كشِراد البعير. قال: يا رسول الله، ومن يأبى أن يدخل الجنة؟ قال: من أطاعني دخل الجنة، ومن عصاني فقد أبى.

"എന്റെ നഫ്സ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, നിങ്ങളെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും, വിസമ്മതിക്കുകയും അല്ലാഹുവിനോട് ഒട്ടകം മോട്ട് കാണിക്കുന്നത് പോലെ മോട്ടു കാണിക്കുകയും ചെയ്തവരൊഴികെ.

ആരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ വിസമ്മതിച്ചവർ എന്ന് ചോദിക്കപ്പെട്ടപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : എന്നെ അനുസരിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എന്നോട് അനുസരണക്കേട് കാണിച്ചവരാണ് വിസമ്മതിച്ചവർ."

അല്ലാഹുവിന്റെ ദീനിനെ അവഗണിച്ച് തിരിഞ്ഞു കളയുക എന്നത് ഇസ്ലാമിൽ നിന്ന് പുറത്തുപോകുന്ന കാര്യമാണ്.

അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നതിന്റെ നേർവിപരീതമാണ് മതത്തിന്റെ വിധിവിലക്കുകൾ അവഗണിച്ച് അവ പഠിക്കുകയോ അതനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കുകയോ ചെയ്യാതെ തിരിഞ്ഞു കളയുക എന്നത്. നിർബന്ധമായും പഠിക്കേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ പഠിക്കാതെ അവ പരിഗണിക്കുകയോ ശ്രദ്ധിക്കുക ചെയ്യാതിരിക്കുക, ഈമാൻ കാര്യങ്ങളോ അവയുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ നിസ്കാരം സക്കാത്ത് പോലുള്ള ഇബാദത്തുകൾ പഠിക്കാതിരിക്കുക എന്നത് ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യമാണ്. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. അല്ലാഹു പറയുന്നു :

﴿وَمَنْ أَظْلَمُ مِمَّنْ ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَا إِنَّا مِنَ الْمُجْرِمِينَ مُنْتَقِمُونَ﴾

തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞുകളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടിയെടുക്കുന്നതാണ്.

അതായത് അല്ലാഹുവിന്റെ ആയത്തുകളിൽ ഇന്ന് തിരിഞ്ഞു കളഞ്ഞവരെ കാൾ അക്രമിയായി മറ്റാരുമില്ല. അവരെ അല്ലാഹു കുറ്റവാളി എന്നാണ് വിളിച്ചത്. അതുകൊണ്ടുതന്നെ ശഹാദത്ത് കലിമ ഉച്ചരിക്കുകയും മറ്റ് യാതൊരു കർമ്മങ്ങളും ചെയ്യാതിരിക്കുകയും ചെയ്യുന്നവർ കാഫിറാണ്. പണ്ഡിതന്മാർ ചിലർ അവരെ കർമ്മങ്ങൾ പൂർണമായി ഉപേക്ഷിച്ചവർ എന്ന് വിളിക്കുന്നു. യഥാർത്ഥത്തിൽ അവർ മതനിയമങ്ങളിൽ നിന്ന് പൂർണ്ണമായി തിരിഞ്ഞു കളഞ്ഞവരാണ്. കാരണം അവരുടെ ഹൃദയത്തിൽ ഈമാൻ ഉണ്ടായിരുന്നെങ്കിൽ അവരുടെ അവയവങ്ങൾ കർമ്മങ്ങൾക്ക് വിധേയപ്പെടുമായിരുന്നു. ഹൃദയം അവയവങ്ങളുടെ രാജാവാണ്. ഓരോ അംഗങ്ങളും ആ രാജാവിന്റെ സൈന്യങ്ങളാണ്. എപ്പോഴാണോ ഹൃദയത്തിൽ ഈമാൻ നഷ്ടപ്പെടുന്നത് അപ്പോൾ അവയവങ്ങളും നിശ്ചലമാകും.

അല്ലാഹുവിന്റെ ദീനിൽ എന്ന തിരഞ്ഞു കളയുന്നതിനെ കുറിച്ചുള്ള താക്കീത്.

അല്ലാഹുവിന്റെ അടിമകളെ, ഇക്കാര്യത്തിൽ വളരെ ഗൗരവമേറിയ താക്കീത് നിരവധി ആയത്തുകളിൽ വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു :

﴿وَمَنْ أَعْرَضَ عَنْ ذِكْرِي فَإِنَّ لَهُ مَعِيشَةً ضَنْكًا وَنَحْشُرُهُ يَوْمَ الْقِيَامَةِ أَعْمَىٰ﴾

എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്.

അല്ലാഹു പറയുന്നു :

﴿وَمَنْ أَظْلَمُ مِمَّن ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَا إِنَّا مِنَ الْمُجْرِمِينَ مُنتَقِمُونَ﴾

തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞുകളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടിയെടുക്കുന്നതാണ്.

അല്ലാഹു പറയുന്നു :

﴿وَمَنْ أَظْلَمُ مِمَّن ذُكِّرَ بِآيَاتِ رَبِّهِ فَأَعْرَضَ عَنْهَا وَنَسِيَ مَا قَدَّمَتْ يَدَاهُ﴾

തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഓർമിപ്പിക്കപ്പെട്ടിട്ട് അതിൽ നിന്ന് തിരിഞ്ഞുകളയുകയും, തന്റെ കൈകൾ മുൻകൂട്ടി ചെയ്തത് (ദുഷ്കർമ്മങ്ങൾ) മറന്നുകളയുകയും ചെയ്തവനെക്കാൾ അക്രമിയായി ആരുണ്ട്?

അല്ലാഹു പറയുന്നു :

﴿فَإِنْ أَعْرَضُوا فَقُلْ أَنذَرْتُكُمْ صَاعِقَةً مِّثْلَ صَاعِقَةِ عَادٍ وَثَمُودَ﴾

എന്നിട്ട് അവർ തിരിഞ്ഞുകളയുന്ന പക്ഷം നീ പറഞ്ഞേക്കുക: ആദ്, ഥമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കരശിക്ഷ പോലെയുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു.

﴿وَمَنْ يُعْرِضْ عَنْ ذِكْرِ رَبِّهِ يَسْلُكْهُ عَذَابًا صَعَدًا﴾

തന്റെ രക്ഷിതാവിന്റെ ഉൽബോധനത്തെ വിട്ട് ആർ തിരിഞ്ഞുകളയുന്നുവോ അവനെ അവൻ പ്രയാസകരമായ ശിക്ഷയിൽ പ്രവേശിപ്പിക്കുന്നതാണ്. എന്നും എനിക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു.

അല്ലാഹു പറയുന്നു :

﴿قُلْ أَطِيعُوا اللَّهَ وَالرَّسُولَ فَإِن تَوَلَّوْا فَإِنَّ اللَّهَ لَا يُحِبُّ الْكَافِرِينَ﴾

പറയുക, നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുക. നിങ്ങൾ തിരിഞ്ഞു കളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ ഇഷ്ടപ്പെടുകയില്ല.

അല്ലാഹുവിന്റെ ദീനിൽ നിന്ന് തിരിഞ്ഞു കളയുന്നവരുടെ മേൽ പിശാച് ആധിപത്യം നേടും. അല്ലാഹുവിന്റെ അടിമകളെ, അല്ലാഹുവിന്റെ ദീനിൽ നിന്ന് തിരിഞ്ഞു കളഞ്ഞാൽ പിശാച് അവന്റെ ഹൃദയങ്ങളെയും ചിന്തകളെയും കീഴടക്കും. അല്ലാഹു പറയുന്നു :

﴿وَمَنْ يَعْشُ عَنْ ذِكْرِ الرَّحْمَٰنِ نُقَيِّضْ لَهُ شَيْطَانًا فَهُوَ لَهُ قَرِينٌ﴾

പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തികൊടുക്കും. എന്നിട്ട് അവൻ പിശാച് അവന്ന് കൂട്ടാളിയായിരിക്കും.

﴿وَإِنَّهُمْ لَيَصُدُّونَهُمْ عَنِ السَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ﴾

തീർച്ചയായും അവർ പിശാചുക്കൾ അവരെ നേർമാർഗത്തിൽ നിന്ന് തടയും. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും.

ഇത് സത്യനിഷേധികളുടെ സ്വഭാവമാണ്. അല്ലാഹുവിന്റെ അടിമകളെ, അല്ലാഹുവിന്റെ ദീനിൽ നിന്ന് തിരിഞ്ഞു കളയുക എന്നുള്ളത് കുഫാറുകളുടെയും മുനാഫിഖുകളുടെയും സ്വഭാവമാണ്. അല്ലാഹു പറയുന്നു

﴿وَالَّذِينَ كَفَرُوا عَمَّا أُنْذِرُوا مُعْرِضُونَ﴾

സത്യനിഷേധികളാകട്ടെ തങ്ങൾക്ക് താക്കീത് നൽകപ്പെട്ടതു ശ്രദ്ധിക്കാതെ തിരിഞ്ഞുകളയുന്നവരാകുന്നു.

രണ്ടാം ഖുതുബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങൾ അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കുക,

നിങ്ങളറിയുക, അല്ലാഹുവിന്റെ ദീൻ പിൻപറ്റലും അതിനു വിധേയപ്പെടലും നിർബന്ധമാണ്.

പഠിക്കുകയും പഠിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തു കൊണ്ടാണ് അത് നടപ്പിലാക്കേണ്ടത്. ഏറ്റവും പ്രധാനമായി ഈമാൻ കാര്യങ്ങളും ഇസ്ലാം കാര്യങ്ങളും പഠിക്കുകയും അതിന് വിരുദ്ധമാകുന്ന കാര്യങ്ങളെ സൂക്ഷിക്കുകയും ചെയ്യുക. അതിൽ ഏറ്റവും പ്രധാനം ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന 10 കാര്യങ്ങളാണ്. ശേഷം ഈമാൻ കുറക്കുന്ന തിന്മകളെയും ചെറിയ-വലിയ പാപങ്ങളെയും സൂക്ഷിക്കുക. അവ മുഖേന ദീനിൽ നിന്ന് പുറത്തുപോകില്ലെങ്കിലും ഈമാൻ കുറക്കുകയും പരലോകത്ത് ശിക്ഷക്ക് കാരണമാവുകയും ചെയ്യും.

ദീൻ പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തവർക്കുള്ള പ്രതിഫലം

അറിവ് പഠിക്കുന്നതിന്റെ പ്രതിഫലം വിവരിച്ചുകൊണ്ട് റസൂൽ പറഞ്ഞു :

ആരാണ് അറിവിന്റെ വഴിയിൽ പ്രവേശിക്കുന്നത് അവർക്ക് അല്ലാഹു സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കി നൽകും. ഖുർആൻ പാരായണം ചെയ്യാനും പരസ്പരം പഠിക്കാനും അല്ലാഹുവിന്റെ ഗേഹത്തിൽ ഒരുമിച്ചു കൂടുന്നവർക്ക് മേൽ സമാധാനം വർഷിക്കും, കാരുണ്യം അവരെ പൊതിയും, മലക്കുകൾ അവരെ മൂടും, അല്ലാഹു അവന്റെ അരികിലുള്ളവരോട് അവരെക്കുറിച്ച് സ്മരിക്കും.

പഠിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ശ്രേഷ്ഠത :

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : അല്ലാഹു പറയുന്നു :

وما تقرب إلي عبدي بشيء أحب إلي مما افترضت عليه، وما يزال عبدي يتقرب إلي بالنوافل حتى أحبه، فإذا أحببته كنت سمعه الذي يسمع به، وبصره الذي يبصر به، ويده التي يبطش بها، ورجله التي يمشي بها، وإن سألني لأعطينه، ولئن استعاذني لأعيذنه، وما ترددت عن شيء أنا فاعله ترددي عن نفس المؤمن، يكره الموت، وأنا أكره مساءته.

"എന്റെ അടിമ എന്നിലേക്ക് അടുക്കുന്ന കാര്യങ്ങളിൽ ഏറ്റവും എനിക്ക് പ്രിയപ്പെട്ടത് ഞാൻ നിർബന്ധമാക്കിയ കാര്യങ്ങളാണ്.

ഐച്ഛികമായ കാര്യങ്ങൾ ചെയ്തുകൊണ്ട് അടിമയെന്നിലേക്ക് അടുത്തടുത്ത് അവനെ ഞാൻ ഇഷ്ടപ്പെടും. ഞാൻ ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ അവൻ കേൾക്കുന്ന കേൾവി ഞാനാകും,അവൻ കാണുന്ന കാഴ്ച ഞാനാകും, അവൻ പിടിക്കുന്ന കൈയും അവൻ നടക്കുന്ന കാലും ഞാനാകും. അവൻ എന്നോട് ചോദിച്ചാൽ ഞാൻ അത് നൽകും. അവൻ എന്നോട് അഭയം തേടിയാൽ ഞാൻ അഭയം നൽകും. ഞാൻ ചെയ്യുന്ന കാര്യങ്ങളിൽ മുഅ്മിനിന്റെ റൂഹ് പിടിക്കുന്ന കാര്യത്തെക്കാൾ എനിക്ക് സന്ദേഹം തോന്നിയ മറ്റൊരു കാര്യവുമില്ല. അവൻ മരണത്തെ വെറുക്കുന്നു. ഞാൻ അവനെ ഉപദ്രവിക്കുന്നതും ഇഷ്ടപ്പെടുന്നില്ല."

4

ഇസ്‌ലാമിക ശരീഅത്തിന്റെ സവിശേഷതകൾ

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (1/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്‌ലിമീങ്ങളെ,

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവന്റെ നിരീക്ഷണത്തെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അനുസരണക്കേട് കാണിക്കാതിരിക്കുക.

നിങ്ങൾ അറിയുക,

മനുഷ്യർക്ക് നന്മതിന്മകൾ അറിയിച്ചു നൽകുക എന്ന മഹത്തായ ലക്ഷ്യമാണ് മതത്തിന്റെ നിയമങ്ങൾക്ക് പിന്നിലുള്ളത്. നന്മതിന്മകൾ വ്യവച്ഛേദിച്ച് മനസ്സിലാക്കുക എന്നത് കേവലം മനുഷ്യ ബുദ്ധികൊണ്ട് മാത്രം സാധിക്കുന്നതല്ല. സന്മാർഗം ലഭ്യമാകാനുള്ള മത നിയമങ്ങളെ നിശ്ചയിക്കാനും ബുദ്ധികൊണ്ട് സാധ്യമല്ല. മറിച്ച്, എല്ലാ ഗുണഗണങ്ങളും ഒത്തിണങ്ങിയ യുക്തിമാനും സൂക്ഷ്മ ജ്ഞാനിയുമായ, അതോടൊപ്പം അങ്ങേയറ്റത്തെ കാരുണ്യവാനുമായ അല്ലാഹുവിനെ മാത്രമേ അത് സാധിക്കൂ. എന്നാൽ മനുഷ്യർ പലനിലക്കും പോരായ്മകളുള്ളവരാണ്.

മനുഷ്യരെ സൃഷ്ടിച്ച അല്ലാഹു അവരെ വെറുതെ ഉപേക്ഷിച്ചിട്ടില്ല. മറിച്ച് അവർക്ക് സന്മാർഗം കാണിച്ചു നൽകാനായി ദൂതരെ അയക്കുകയും മതനിയമങ്ങൾ പഠിപ്പിക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു :

﴿وَلِكُلِّ قَوم هَاد﴾

എല്ലാ സമുദായത്തിലേക്കും അവർക്ക് സന്മാർഗം വിശദീകരിച്ചു നൽകുന്നവർ യോഗിക്കപ്പെട്ടിട്ടുണ്ട്.

അല്ലാഹു പറയുന്നു :

﴿لكل جعلنا منكم شِرعة ومنهاجا﴾

അവർ എല്ലാവർക്കും നാം മത നിയമങ്ങളും സന്മാർഗവും നിശ്ചയിച്ചു നൽകി.

അല്ലാഹു അയച്ച ദൂതരെ അനുസരിക്കലാണ് നമ്മുടെ ബാധ്യത. അല്ലാഹു പറയുന്നു :

﴿وما أرسلنا من رسول إلا ليطاع بإذن الله﴾

അല്ലാഹുവിന്റെ അനുമതിപ്രകാരം അനുസരിക്കപ്പെടാൻ വേണ്ടി അല്ലാതെ അവൻ മുർസലീങ്ങളെ അയച്ചിട്ടില്ല.

അല്ലാഹു അയച്ച ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ട ചിലതാണ് ഖുർആനും ഇഞ്ചീലും തൗറാത്തും. ബനു ഇസ്രായേലുകാരോട് അവർക്ക് നൽകപ്പെട്ട ഗ്രന്ഥം സംരക്ഷിക്കണമെന്ന അള്ളാഹു കൽപ്പന നൽകിയെങ്കിലും അവരത് പാലിച്ചില്ല.

മറിച്ച് അവരതിൽ മാറ്റത്തിന് തെളിവുകൾ വരുത്തി. ഖുർആനിന്റെ സംരക്ഷണം അല്ലാഹു തന്നെ ഏറ്റെടുത്തു. അവൻ പറയുന്നു :

﴿إنا نحن نزلنا الذكر وإنا له لحافظون﴾

തീർച്ചയായും നാം ആകുന്നു ഈ ഉൽബോധനത്തെ അവതരിപ്പിച്ചത് നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും.

സൃഷ്ടികൾക്ക് ഖിയാമത്ത് നാൾ വരെ അവലംബിക്കാനുള്ള മത നിയമങ്ങളെ സംരക്ഷിച്ചു എന്നത് അല്ലാഹു നമ്മോട് ചെയ്ത വലിയ കാരുണ്യമാണ്.

എല്ലാ മത നിയമങ്ങളും അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യാൻ കൽപ്പിക്കുന്നതും അവനിൽ പങ്കു ചേർക്കുന്നതിനെ വിലക്കുന്നതുമാണ്.

അല്ലാഹു പറയുന്നു :

﴿وما أرسلنا من قبلك من رسول إلا نوحي إليه أنه لا إله إلا أنا فاعبدون﴾

ഞാനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല അതുകൊണ്ട് നിങ്ങൾ എന്നെ ആരാധിക്കുകയും എന്ന് വഹ്യ് നൽകിക്കൊണ്ടല്ലാതെ താങ്കൾക്ക് മുമ്പ് ഒരു റസൂലിനെയും നാം നിയോഗിച്ചിട്ടില്ല.

അവൻ പറയുന്നു :

﴿ولقد بعثنا في كل أمة رسولا أن اعبدوا الله واجتنبوا الطاغوت﴾

അല്ലാഹുവിനെ ആരാധിക്കാനും ദുർമൂർത്തികളെ വെടിയാനും എല്ലാ ഉമ്മത്തിലേക്കും നാം ദൂതരെ നിയോഗിച്ചിട്ടുണ്ട്.

ഓരോ നബിമാരുടെയും മതനിയമങ്ങൾ വ്യത്യസ്തമായിരിക്കുമെങ്കിലും അവയുടെ അടിസ്ഥാന കാര്യങ്ങൾ ഒന്നായിരിക്കും. അല്ലാഹുവിലും മലക്കുകളിലും റസൂലുകളിലും ഗ്രന്ഥങ്ങളിലും ഖിയാമത്ത് നാളിലും വിധിയിലുമുള്ള വിശ്വാസം പോലെയുള്ള അടിസ്ഥാനപരമായ കാര്യങ്ങളിൽ വ്യത്യാസമുണ്ടായിരിക്കുകയില്ല.

അതുപോലെതന്നെ ദീൻ, അഭിമാനം, സമ്പത്ത്, ശരീരം, ബുദ്ധി എന്നീ അഞ്ചു സുപ്രധാന കാര്യങ്ങളെ സംരക്ഷിക്കുകയും പരിരക്ഷിക്കുകയും ചെയ്യുക എന്ന കാര്യത്തിൽ എല്ലാ മത നിയമങ്ങളും യോജിച്ചിട്ടുണ്ട്.

ഇസ്ലാമിക മത നിയമങ്ങൾക്ക് പിന്നിലുള്ള ലക്ഷ്യങ്ങളെ മനസ്സിലാക്കാനുള്ള ചില മുഖവുരകളാണ് നാം വിവരിച്ചത്.

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ ;

1. അത് അല്ലാഹുവിങ്കൽ നിന്നുള്ള നിയമങ്ങളാണ്. മറ്റുള്ള മത നിയമങ്ങൾ മനുഷ്യർ നിർമ്മിച്ചുണ്ടാക്കിയവയോ അല്ലെങ്കിൽ മനുഷ്യർ കൈകടത്തിയ നിയമങ്ങളോ ആണ്. ജൂത ക്രിസ്ത്യാനികളുടെ മത നിയമങ്ങൾ മനുഷ്യരുടെ കൈകടത്തപ്പെട്ടവയാണ്. ഹിന്ദു മതമാകട്ടെ വിഗ്രഹാരാധനയിൽ അധിഷ്ഠിതമാണ്. റാഫിളികളുടെ മതം കബർ പൂജയാണ്. ഇസ്ലാം ഇതിൽ നിന്നെല്ലാം വിഭിന്നമാണ്.

2. അത് തെറ്റുകളിൽ നിന്ന് സുരക്ഷിതത്വം ഉള്ളതാണ്.

അല്ലാഹു പറയുന്നു :

﴿لا يأتيه الباطل من بين يديه ولا من خلفه تنزيل من حكيم حميد﴾

യാതൊരു നിരക്കും അതിൽ നിരർത്ഥകത വരികയില്ല. യുക്തിമാനും സുത്യർഹനുമായ അല്ലാഹുവിങ്കൽ എന്ന് അവതരിപ്പിക്കപ്പെട്ടതാണത്.

അല്ലാഹു പറയുന്നു:

﴿الحمد لله الذي أنزل الكتاب ولم يجعل له عِوجا﴾

ഗ്രന്ഥം അവതരിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അവനത് വക്രതയുള്ളതാക്കിയിട്ടില്ല.

അല്ലാഹു പറയുന്നു :

﴿وتمت كلمة ربك صدقا وعدلا﴾

സത്യസന്ധതയും നീതിയും ഉള്ളതായി കൊണ്ട് എന്റെ റബ്ബിന്റെ വാക്ക് പരിപൂർണ്ണമായിരിക്കുന്നു.

ഖുർആൻ പറഞ്ഞു തന്നിട്ടുള്ള വിവരങ്ങൾ സത്യസന്ധമാണ്. അതിലെ മതവിധികൾ നീതിപൂർണമാണ്.

നബി ﷺ പറഞ്ഞു :

فإن خير الحديث كتاب الله، وخير الهدي هدي محمد..

"ഏറ്റവും നല്ല സംസാരം അല്ലാഹുവിന്റെ കിതാബാണ്. ഏറ്റവും നല്ല ചര്യ നബിയുടെ ചര്യയാണ്."

3. കൈകടത്തപ്പെടുന്നതിൽ നിന്നും മാറ്റി തിരുത്തലുകൾക്ക് വിധേയമാകുന്നതിൽ നിന്നും സംരക്ഷിക്കപ്പെട്ടതാണ് ഇസ്ലാമിക നിയമങ്ങൾ.

മതത്തിൽ പുതുതായി നിർമ്മിക്കുന്ന ബിദ്അത്തുകളിൽ നിന്ന് താക്കീത് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

إياكم ومحدثات الأمور، فإن كل محدثة بدعة، وكل بدعة ضلالة.

"നിങ്ങൾ പുതുനിർമ്മിതികളെ സൂക്ഷിക്കുക. എല്ലാ പുതു നിർമ്മിതികളും ബിദ്അത്തുകളാകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുമികുന്നു."

നമ്മുടെ പണ്ഡിതന്മാരും ഇമാമീങ്ങളും ഹദീസ് ഗ്രന്ഥങ്ങളിലും ഇസ്ലാമിക വൈജ്ഞാനിക സ്രോതസ്സുകളിലുമുള്ള ദുർബലവും കെട്ടിച്ചമച്ചതുമായ റിപ്പോർട്ടുകളെ വേർതിരിക്കുന്നതിന് കഠിനമായ പരിശ്രമം നടത്തിയിട്ടുണ്ട്.

4. ഇസ്ലാമിക മത നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അത് പാഴായി പോകാതെ അല്ലാഹു സംരക്ഷിക്കുമെന്നത്.

അല്ലാഹു പറയുന്നു :

﴿إنا نحن نزلنا الذكر وإنا له لحافظون﴾

നാമാണ് ഈ ഉൽബോധനത്തെ അവതരിപ്പിച്ചത് നാം തന്നെ സംരക്ഷിക്കുകയും ചെയ്യും.

ഹദീസ് ഗ്രന്ഥങ്ങൾ തലമുറകളായി കൈമാറി ഇന്നും സംരക്ഷിക്കപ്പെട്ടുപോരുന്നു. ശത്രുക്കളുടെ ഗൂഢാലോചനകളെയും ആക്രമണങ്ങളെയും എല്ലാ രക്ഷിതാവസ്ഥകളെയും അതിജയിച്ചുകൊണ്ട് അവ നിലനിൽക്കുന്നു.

ദീനിന്റെ സംരക്ഷണത്തിനായി അല്ലാഹു അവന്റെ സൃഷ്ടികളിൽ ചിലരെ തിരഞ്ഞെടുത്തു. അവരാണ് അമ്പിയാക്കളുടെ അനന്തരാവകാശികളായ പണ്ഡിതന്മാരും സദ്വൃത്തരായ ഭരണാധികാരികളും നേതാക്കളും സമ്പന്നരും.

നബി ﷺ പറഞ്ഞു :

لا تزال طائفة من أمتي قائمة بأمر الله، لا يضرهم من خذلهم أو خالفهم، حتى يأتي أمر الله وهم ظاهرون على الناس.

"എന്റെ ഉമ്മത്തിൽ നിന്നൊരു വിഭാഗം അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റികൊണ്ട് നിലകൊണ്ടേയിരിക്കും. അവരെ ഉള്ളിൽ നിന്ന് കയ്യൊഴിയുന്നവർക്കോ പുറത്ത് നിന്ന് എതിർക്കുന്നവർക്കോ അവർക്ക് ഉപദ്രവമേൽപ്പിക്കാൻ സാധിക്കില്ല. അല്ലാഹുവിന്റെ കൽപ്പന വരുന്നത് വരെ അപ്രകാം."

ഈ മേന്മകളും പ്രത്യേകതകളും മനസ്സിലാക്കിയാൽ അല്ലാഹുവിന്റെ മത നിയമങ്ങളുടെ മഹത്വവും മനുഷ്യനിർമ്മിത നിയമങ്ങളുടെ പോരായ്മകളും മനസ്സിലാക്കാൻ സാധിക്കും.

രണ്ടാം ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، **أما** بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവന്റെ വിധിവിലക്കുകൾ പാലിക്കുക.

5. ഇസ്ലാമിക നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അതിന്റെ അധ്യാപനങ്ങൾ വ്യക്തതയുള്ളതും തെളിമയാർന്നതുമാണ് എന്നത്. അതിൽ മനുഷ്യനിർമ്മിത നിയമങ്ങളെ പോലെ അവ്യക്തമായ കാര്യങ്ങളോ ഗ്രഹിക്കാനും ഉൾക്കൊള്ളാനും പ്രയാസകരമായ നിയമങ്ങളോ ഇല്ല. ചെറിയവർക്കും വലിയവർക്കും പഠിച്ചവർക്കും ഗ്രാമീണർക്കും വരെ അത് മനസ്സിലാക്കാൻ സാധിക്കും.

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (2/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കുകയും അവന്റെ മഹത്വത്തെ ഉൾക്കൊള്ളുകയും ചെയ്യുക. അവനനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നന്മകളിൽ മുഴുകുന്നതിലും തിന്മകളും പാപങ്ങളും ഉപേക്ഷിച്ച് മാറി നിൽക്കുന്നതിലും ക്ഷമ അവലംബിക്കുക. മനുഷ്യന്റെ ബുദ്ധിക്ക് പരിമിതികൾ ഉണ്ട് എന്നതുകൊണ്ടുതന്നെ അവന് ആവശ്യമായ നന്മ തിന്മകൾ വേർതിരിച്ച് വിവരിക്കുന്നതിനു വേണ്ടിയാണ് അല്ലാഹു അവന്റെ മത നിയമങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്.

മനുഷ്യബുദ്ധികൊണ്ട് അവനെ സന്മാർഗം പ്രാപിക്കാനാവശ്യമായ നിയമസംഹിതകളെ ഉണ്ടാക്കിയെടുക്കുക എന്നത് സാധ്യമല്ല. അത് എല്ലാ പൂർണ്ണ ഗുണങ്ങളുടെയും ഉടമസ്ഥനായ യുക്തിമാനും എല്ലാം അറിയുന്നവനുമായ, സൃഷ്ടികളുടെ അങ്ങേയറ്റത്തെ കാരുണ്യവും ദയയുമുള്ള അല്ലാഹുവിന്റെ മാത്രം കഴിവിൽ പെട്ട കാര്യമാണ്. ഇസ്ലാമിക മത നിയമങ്ങളുടെ 5 പ്രത്യേകതകൾ കഴിഞ്ഞ ഖുതുബകളിൽ വിശദീകരിച്ചു. അതിന്റെ ബാക്കി ഭാഗമാണ് ഈ ഖുതുബകളിൽ നാം വിവരിക്കുന്നത്.

6. അല്ലാഹു അടിമകളെ, അവന്റെ മത നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ്; അവ അടിസ്ഥാനരഹിതമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും ഖുറാഫാത്തുകളെയും നിരാകരിക്കുന്നു എന്നത്.

അതിൽപ്പെട്ടതാണ് സിഹ്ർ. പൈശാചിക സഹായമാണ് സിഹ്റിലൂടെ ലഭ്യമാകുന്നത്. അവന് ഇബാദത്തുകൾ അർപ്പിച്ചാലല്ലാതെ പിശാച് സഹായം നൽകുകയില്ല.

അതു പോലെയാണ് ജോത്സ്യവും, അത് മറഞ്ഞ കാര്യങ്ങളും ഹൃദയത്തിലുള്ളവയും അന്വേഷിക്കലും അറിയുമെന്ന് വാദിക്കലുമാണ്. ഇത് രണ്ടും ഗുരുതരമായ നിശിദ്ധങ്ങളാണ്. എന്നല്ല ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യങ്ങളാണ്. ഗൈബ് അല്ലാഹുവല്ലാതെ അറിയുകയില്ല.

അല്ലാഹു പറയുന്നു :

﴿قُلْ لَا يَعْلَمُ مَنْ فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ﴾

നബിയെ പറയുക, അല്ലാഹുവല്ലാതെ ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള ഒരാളും തന്നെ ഗൈബ് അറിയുകയില്ല.

അല്ലാഹുവിനോടൊപ്പം ആരെങ്കിലും തനിക്ക് ഗൈബ് അറിയാമെന്ന് വാദിച്ചാൽ അവൻ ഖുർആനിനെയാണ് കളവാക്കിയിരിക്കുന്നത്.

7. ഇസ്ലാമിന്റെ പ്രത്യേകതകളിൽ പെട്ടതാണ് അത് ജീവിതത്തിന്റെ നിഖില മേഖലകളെയും ഉൾക്കൊള്ളുകയും പൂർണ്ണത കൈവരിക്കുകയും ചെയ്തിരിക്കുന്നു എന്നത്. വിശ്വാസകാര്യങ്ങളെയും പരസ്പര ഇടപാടുകളെയും രാഷ്ട്രീയവും സ്വഭാവ പെരുമാറ്റ രീതികളും ശിക്ഷാവിധി വിലക്കുകളുമെല്ലാം അതിന്റെ ഭാഗമാണ്.

വിശ്വാസകാര്യങ്ങളിൽ അടിസ്ഥാനപരമായ അല്ലാഹുവിലും മലക്കുകളിലും ഗ്രന്ഥങ്ങളിലും റസൂലുകളിലും പരലോകത്തിലുമുള്ള വിശ്വാസവും നന്മകളിലും തിന്മകളിലുമുള്ള വിധിവിശ്വാസവും ഇസ്ലാം പഠിപ്പിക്കുന്നു. നബി - യിലുള്ള വിശ്വാസം അവിടുന്നു അറിയിച്ചു തന്ന കാര്യങ്ങൾക്ക് കീഴ്പ്പടലും വിശ്വസിക്കലും ഉൾക്കൊള്ളുന്നു.

•ഇബാദത്തുകളുടെ കാര്യത്തിൽ ഇസ്ലാമിക മത നിയമങ്ങൾ എല്ലാ ചെറുതും വലുതുമായ മാനസികവും ശാരീരികവുമായ ഇബാദത്തുകളെയും ഉൾക്കൊള്ളുന്നു. ക്ഷമയും ഭയവും പ്രതീക്ഷയും തവക്കുലും തൗബയും സ്നേഹവുമെല്ലാം മനസ്സിന്റെ കർമ്മങ്ങളാണെങ്കിൽ ശുദ്ധിയും നിസ്കാരവും സക്കാത്തും നോമ്പും ഹജ്ജും ദിക്റുകളും ജിഹാദും പ്രബോധനവുമെല്ലാം അവയവങ്ങൾ കൊണ്ട് നിർവഹിക്കേണ്ട ഇബാദത്തുകളാണ്.

•പരസ്പരമുള്ള ഇടപാടുകളിലും ക്രയവിക്രയങ്ങളിലും ഇസ്ലാമിക മത നിയമങ്ങൾ സൂക്ഷ്മമായി ഇടപെടുന്നു. വാങ്ങലും വിൽക്കലും വാടകയ്ക്ക്

നൽകലും വക്കാലത്തും ജാമ്യം നിൽക്കലും കടമിടപാടുകളും നിക്കാഹും ത്വലാക്കും തുടങ്ങി എല്ലാ വിഷയങ്ങളിലും ഇസ്ലാം നിർദ്ദേശങ്ങൾ നൽകുന്നു.

•ഭരണകാര്യങ്ങളിലും ഇസ്ലാമികമായ നിയമ നിർദേശങ്ങളുണ്ട്. ഇസ്ലാമിക ഭരണാധികാരികളെ കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നും അവരോട് ഗുണകാംക്ഷ കാണിക്കലും അവർക്കുവേണ്ടി പ്രാർത്ഥിക്കലും അവരെ പിന്തുണക്കലും അവരോട് ഐക്യപ്പെടലും ഇസ്ലാമിക നിയമങ്ങളുടെ ഭാഗമാണ്. മുസ്ലിമീങ്ങൾ അല്ലാത്തവരുമായി ഓരോ സന്ദർഭങ്ങളിൽ എങ്ങനെ ബന്ധം പുലർത്തണമെന്നും ഇസ്ലാം പഠിപ്പിക്കുന്നു. അവരോടുള്ള കരാറുകളും ഉടമ്പടികളും എപ്രകാരമായിരിക്കണമെന്നും വിശദീകരിക്കുന്നു. ഭരണാധികാരികളോട് നീതിപുലർത്താൻ കൽപ്പിക്കുന്നു. ദീനിന്റെയും മുസ്ലിം രാഷ്ട്രത്തിന്റെയും മുസ്ലിമീങ്ങളുടെയും

അവകാശങ്ങൾ സംരക്ഷിക്കാൻ ആഹ്വാനം ചെയ്യുന്നു.

ശിക്ഷാനിയമങ്ങളുടെ കാര്യത്തിലും പരിപൂർണ്ണമാണ്. വിവിധ ശിക്ഷാരീതികളും പ്രതിക്രിയകളും മറ്റും അത് ഉൾക്കൊള്ളുന്നു. അവയെല്ലാം മനുഷ്യരുടെ അവകാശങ്ങളെ സംരക്ഷിക്കുകയും നിർഭയത്വം നിലനിർത്താൻ സഹായകമാവുകയും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരെ തടയുകയും ചെയ്യുന്നു.

സ്വഭാവ മര്യാദകളിലും ഇസ്ലാമിക നിയമങ്ങൾ ഏറ്റവും സൂക്ഷ്മമായ വശങ്ങളെ പോലും പരാമർശിക്കുന്നു. കുടുംബബന്ധങ്ങളിലെയും ദാമ്പത്യ-സാമൂഹിക ജീവിതങ്ങളിലെയും എല്ലാ മേഖലകളെയും ഇസ്ലാമിക നിയമങ്ങൾ ഉൾക്കൊള്ളുന്നു. ഏറ്റവും വിശിഷ്ടമായ സൽഗുണങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മാതാപിതാക്കൾക്ക് പുണ്യം ചെയ്യലും കുടുംബ ബന്ധം ചേർക്കലും നല്ലത് മാത്രം സംസാരിക്കലും കണ്ണ് താഴ്ത്തലും സ്വകാര്യവയവങ്ങളെ സൂക്ഷിക്കണം മറവുള്ള വസ്ത്രം ധരിക്കലും ലജ്ജ ശീലിക്കലുമെല്ലാം. എല്ലാ ചീത്ത സ്വഭാവങ്ങളിൽ നിന്ന് വിലക്കുകയും ചെയ്യുന്നു. ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും പിന്നെയും കക്ഷിത്വത്തെയും എതിർക്കുകയും ചെയ്യുന്നു. ഒറ്റസമൂഹമായി നിലകൊള്ളാൻ ആഹ്വാനം ചെയ്യുന്നു.

അല്ലാഹുവിന്റെ അടിമകളെ,

ഇങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ നിയമ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഇസ്ലാമിക നിയമങ്ങൾ പരിപൂർണ്ണമായി നിലകൊള്ളുന്നു. അല്ലാഹു പറഞ്ഞത് എത്ര സത്യം;

﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا﴾

ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് നാം പൂർണ്ണമാക്കി നൽകിയിരിക്കുന്നു. ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെട്ട് തരികയും ചെയ്തിരിക്കുന്നു.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

ما بقي شيء يقرب من الجنة ويباعد من النار إلا بُيِّنَ لكم

സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന, നരകത്തിൽ നിന്ന് അകറ്റുന്ന ഒരു കാര്യവും നിങ്ങൾക്ക് ഞാൻ വിശദീകരിച്ചു തരാതെ വിട്ടുപോയിട്ടില്ല.

അബൂദർറ് رضي الله عنه പറയുന്നു :

تركنا رسول الله ﷺ وما طائر يطير بجناحيه إلا عندنا منه علمٌ

ആകാശത്ത് ചിറകുവിരിച്ച് പറക്കുന്ന ഒരു പക്ഷിയെ കുറിച്ച് പോലും ഞങ്ങൾക്ക് അറിവ് നൽകിയിട്ടില്ല അല്ലാഹുവിന്റെ റസൂൽ ഞങ്ങളെ ഉപേക്ഷിച്ചു പോയിട്ടില്ല.

8. ഇസ്ലാമിക മത നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അത് മനുഷ്യന്റെ ശുദ്ധ പ്രകൃതിയോട് യോജിക്കുന്നതാണ് എന്നത്. അത് മനുഷ്യന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും ആവശ്യങ്ങളോടും തേട്ടങ്ങളോടും യോജിക്കുന്നതാണ്.

അല്ലാഹു പറയുന്നു

﴿وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ اللَّهِ ۚ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ﴾

ആകയാൽ സത്യത്തിൽ നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല.

9. ഇസ്ലാമിക മത നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അത് ശരിയായ മനുഷ്യ ബുദ്ധിയോട് യോജിക്കുന്നതാണ് എന്നത്. ഇത് ആശ്ചര്യമുള്ള കാര്യമല്ല,

കാരണം, ശരിയായ ശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിലകൊള്ളുന്ന, ആത്മാവിനെയും ശരീരത്തെയും ശുദ്ധീകരിക്കുകയും പരിശുദ്ധിയും ചെയ്യുന്ന സ്വഭാവഗുണങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, കൃത്യമായ തെളിവുകളുടെ അടിത്തറയിൽ പടുത്തുയർത്തിയ, സൃഷ്ടികളുമായി ഹൃദയം ബന്ധിപ്പിക്കാതെ വിഗ്രഹാരാധനകളെ നിരാകരിച്ചുകൊണ്ട് ഏകനായ അല്ലാഹുവിനെ മാത്രം ഇബാദത്ത് അർപ്പിക്കണമെന്ന് പഠിപ്പിക്കുന്ന, ബിദ്അത്തുകളെയും മറ്റ് അനാചാരങ്ങളെയും എല്ലാ കുഴപ്പങ്ങളെയും വിലക്കുകയും പിഴുതെറിയുകയും ചെയ്യുന്ന,നീതി കൽപ്പിക്കുകയും അനീതി വിലക്കുകയും ചെയ്യുന്ന, എല്ലാ നല്ല ഗുണങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ഇസ്ലാമിക നിയമങ്ങൾ എങ്ങനെ മനുഷ്യബുദ്ധിയോട് യോജിക്കുന്നത് ആകാതിരിക്കും.

അതുകൊണ്ട് അല്ലാഹുവിന്റെ റസൂലിന്റെ ഹദീസുകളിൽ ഒന്നും തന്നെ ശരിയായ മനുഷ്യബുദ്ധിക്കോ സ്ഥിരപ്പെട്ട വസ്തുതകൾക്കോ അനുഭവിച്ചറിയുന്ന മറ്റ് യാഥാർത്ഥ്യങ്ങൾക്കോ എതിരാകുന്ന യാതൊന്നുമില്ല. സൃഷ്ടികളുടെ ഗുണങ്ങൾക്കും നന്മക്കും വിരുദ്ധമാകുന്ന യാതൊരു കാര്യവും അവിടുത്തെ നിർദ്ദേശങ്ങളിലോ വിധിവിലക്കുകളിലോ ഇല്ല. അവിടുത്തെ കല്പന പാലിക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ മാത്രമാണ് മനുഷ്യർക്ക് ദോഷകരമായ കാര്യങ്ങൾ ഉണ്ടാകുന്നത്.

രണ്ടാം ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ നിങ്ങൾ അവന്റെ വിധിവിലക്കുകൾ സൂക്ഷിച്ചു ജീവിക്കുക,

10. ഇസ്ലാമിക മത നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അത് ബുദ്ധി ഉപയോഗിക്കാനും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കാനും പ്രേരിപ്പിക്കുന്നു എന്നത്. ഗവേഷണങ്ങളെയും ശാസ്ത്രീയമായ കണ്ടെത്തലുകളെയും അത് സ്വാഗതം ചെയ്യുന്നു. സൃഷ്ടി പ്രപഞ്ചത്തെക്കുറിച്ചും സ്വന്തം ശരീരത്തെക്കുറിച്ചും ഉറ്റാലോചിക്കാൻ ആഹ്വാനം ചെയ്യുന്നു.

അല്ലാഹു പറയുന്നു :

﴿ سَنُرِيهِمْ آيَاتِنَا فِي الْآفَاقِ وَفِي أَنْفُسِهِمْ حَتَّى يَتَبَيَّنَ لَهُمْ أَنَّهُ الْحَقُّ ﴾

ഇത് ഖുർആൻ സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്.

അല്ലാഹു പറയുന്നു :

﴿ وَفِي أَنفُسِكُمْ ۚ أَفَلَا تُبْصِرُونَ﴾

നിങ്ങളുടെ ശരീരത്തിൽ തന്നെയുണ്ട് ദൃഷ്ടാന്തങ്ങൾ നിങ്ങൾ കണ്ടറിയുന്നില്ലേ

ഇസ്ലാമിക നിയമങ്ങൾ മനുഷ്യ ബുദ്ധിയോട് യോജിക്കുന്നവയാണ്. എതിരാകുന്നവയല്ല. ബുദ്ധിക്ക് ആശ്ചര്യം തോന്നുന്ന കാര്യങ്ങൾ മതനിയമങ്ങളിലുണ്ടാകും എന്നാൽ ബുദ്ധിപരമായി അസംഭവ്യമായ ഒരു കാര്യവും ഇസ്ലാമിലില്ല.

മുസ്ലിമീങ്ങൾ അല്ലാത്തവർക്ക് പോലും ആശ്ചര്യം തോന്നുന്ന അത്ഭുതകരമായ പരാമർശങ്ങൾ ഗർഭസ്ഥ ശിശുവിനെ കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും സമുദ്രത്തെക്കുറിച്ചും ഗോളങ്ങളെ കുറിച്ചും വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ടും എല്ലാം ഖുർആനിലും ഹദീസിലും ഉണ്ട്. അവർ സൂചിപ്പിക്കുന്ന ധാരാളം പഠനങ്ങൾ ഇന്ന് ലഭ്യമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഈ നിയമങ്ങളും നിർദ്ദേശങ്ങളും പരിശുദ്ധ ഖുർആനും

അല്ലാഹുവിന്റെ വഹിയല്ലാതെ മറ്റൊന്നുമല്ല എന്നതാണ്. യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ധാരാളം ആളുകൾ ഇസ്ലാം സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

ഇസ്ലാമിക മത നിയമങ്ങളുടെയും പ്രത്യേകതകൾ തിരിച്ചറിയുമ്പോൾ ഇസ്ലാമിക വിമർശകരുടെ ജല്പനങ്ങളും ആക്ഷേപങ്ങളും ഇസ്ലാം പുരോഗമനത്തിന് തടസ്സമാണെന്ന് അവരുടെ ആരോപണവും യാതൊരു വസ്തുതയും ഇല്ലാത്തതാണ് എന്ന് ബോധ്യപ്പെടും. ഇക്കാലഘട്ടത്തിലെ മുനാഫിഖുകളുടെ വാദങ്ങൾക്ക് യാതൊരു ന്യായവും ഇല്ല എന്ന് തിരിച്ചറിയാനും അവരാണ് യഥാർത്ഥത്തിൽ പുരോഗമനത്തിന് തടസ്സം നിൽക്കുന്നവർ എന്ന് മനസ്സിലാക്കാനും സാധിക്കും.

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (3/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കുക. അവന്റെ മഹത്വം ഉൾക്കൊള്ളുകയും അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. അക്കാര്യത്തിൽ നിങ്ങൾ ക്ഷമയവലംബിക്കുക.

നിങ്ങൾ അറിയുക, മനുഷ്യന്റെ ഭൗതികവു വിയ നന്മ ലഭ്യമാവുക എന്ന അല്ലാഹു മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് മത നിയമങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. അത് പരിമിതികളുള്ള മനുഷ്യബുദ്ധികൊണ്ട് സാധിക്കുന്ന കാര്യമല്ല. മറിച്ച് സൃഷ്ടാവും യുക്തിമാനും എല്ലാ കാര്യങ്ങളും സൂക്ഷ്മമായി അറിയുന്നവനുമായ അല്ലാഹുവിന് മാത്രം സാധിക്കുന്ന കാര്യമാണ്. മനുഷ്യരാകട്ടെ പല നിനക്കും പരിമിതികളുള്ളവരാണ്.

ഇസ്ലാമിക നിയമങ്ങളുടെ 10 പ്രത്യേകതകൾ കഴിഞ്ഞ ഖുതുബകളിൽ നാം വിവരിച്ചു. അതിന്റെ തുടർച്ചയാണ് ഈ ഖുതുബയിൽ വിശദീകരിക്കുന്നത്;

11. മുസ്ലീങ്ങളും അല്ലാത്തവരുമായ ഇസ്ലാമിക മതനിയമങ്ങളെ കുറിച്ച് പഠനം നടത്തിയവർ അത്ഭുതം കൂറുകയും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും സ്പഷ്ടവും കൃത്യവുമായ ഒന്ന് കൊണ്ടുവരാൻ മനുഷ്യർക്ക് സാധിക്കില്ല എന്ന് അവർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

മുസ്ലിങ്ങളല്ലാത്തവർ പോലും സാക്ഷ്യപ്പെടുത്തിയ കാര്യമാണത്. അല്ലാഹു പറഞ്ഞത് എത്ര സത്യം;

﴿أَفَلَا يَتَدَبَّرُونَ الْقُرْآنَ ۚ وَلَوْ كَانَ مِنْ عِنْدِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا﴾

അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു.

12. ഇസ്ലാമിക മത നിയമങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ഒരുപാട് പേർ അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് തിരിച്ചറിയുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

13. ഇസ്ലാമിക നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അത് മധ്യമ നിലപാടിനെ പ്രതിനിധീകരിക്കുന്നു എന്നത്. അതിരു കവിച്ചിലിനും വീഴ്ച്ച വരുത്തുന്നതിനും മധ്യേയാണത്.

അല്ലാഹു പറയുന്നു :

﴿وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا﴾

അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി.

ഇസ്ലാം മുന്നോട്ട് വെക്കുന്ന വിശ്വാസകാര്യങ്ങളിലും ഇബാദത്തുകളിലും പരസ്പരമുള്ള ഇടപാടുകളിലും സ്വഭാവം മര്യാദകളിലും ഇക്കാര്യം വ്യക്തമാണ്.

14. ആത്മാവിന്റെയും ശരീരത്തിന്റെയും ആവശ്യങ്ങൾ പരിഗണിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു എന്നതും ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതയാണ്. ആത്മീയമായ കർമ്മങ്ങളും ഭൗതികമായ പ്രവർത്തനങ്ങളും തമ്മിൽ ഇസ്ലാമിക നിയമങ്ങളിൽ വൈരുദ്ധ്യം വരുന്നില്ല. ആത്മാവിനെ നന്നാക്കാൻ ഇസ്ലാം കൽപ്പിക്കുകയും തവക്കുൽ, ഭയം, പ്രതീക്ഷ, നിസ്കാരം, നോമ്പ്, ഹജ്ജ് പോലുള്ള ശാരീരികവും സാമ്പത്തികവും മാനസികവുമായ കർമ്മങ്ങൾ കൊണ്ട് അതിനെ ശുദ്ധീകരിക്കാനും നിർദ്ദേശിക്കുകയും ചെയ്യുന്നു. അവരെല്ലാം ഈമാനിന്റെ ശാഖകളാണ്. ഈമാനിനെ എഴുപതിൽപരം ശാഖകളുണ്ട്. എന്നാൽ മനുഷ്യനിർമ്മിത നിയമങ്ങൾ ആത്മീയമായ വശം അവഗണിക്കുന്നവയാണ്. ഭൗതികമായ താല്പര്യങ്ങളും സ്വാർത്ഥമായ ഗുണങ്ങളും മാത്രമാണ് അത് പരിഗണിക്കുന്നത്. കുടുംബജീവിതത്തിലും മാതാപിതാക്കളോടുള്ള ബന്ധങ്ങളിൽ

പോലും ഇക്കാര്യം വ്യക്തമാണ്. ഇതിലും വിപരീതമാണ് പൗരോഹിത്യ നിയമങ്ങൾ. തവ പലപ്പോഴും ശരീരത്തിന്റെ ആവശ്യങ്ങളെ അവഗണിക്കുന്നു. ഉദാഹരണമായി വിവാഹം കഴിക്കുന്നത് വിലക്കുകയും മറ്റുപല വിശിഷ്ടമായ കാര്യങ്ങളും നിഷിദ്ധമാക്കുകയും ചെയ്യുന്നു. ക്രിസ്ത്യൻ ചർച്ചകളിലെ പുരോഹിതന്മാരുടെ കാര്യത്തിൽ ഇക്കാര്യം നമുക്ക് കാണാൻ സാധിക്കും.

എന്നാൽ ഇസ്ലാം മനുഷ്യന്റെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങളെ പരിഗണിക്കുന്നു. അവർക്കിടയിലെ സന്തുലിതാവസ്ഥ നിലനിർത്താൻ ശ്രദ്ധിക്കുന്നു.

സന്യാസവും ബ്രഹ്മചാര്യവും അതിവാദങ്ങളും ഇസ്ലാം വിലയ്ക്കുകയും ഉപജീവനത്തിനായി പരിശ്രമിക്കാനും അധ്വാനിക്കാനും പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം അല്ലാഹുമായുള്ള ബന്ധം നിലനിർത്തുന്നതിൽ ശ്രദ്ധിക്കാനും അതിശക്തിപ്പെടുത്തുന്നതിന് കൽപ്പിക്കുകയും ചെയ്യുന്നു. ഇബാദത്തുകളിൽ മുഴുകിക്കൊണ്ട് സ്വന്തം ശരീരത്തെ പ്രയാസപ്പെടുത്തിയവരേട് നബി ﷺ പറഞ്ഞു :

وإن لنفسك عليك حقا

"തീർച്ചയായും താങ്കൾക്ക് താങ്കളുടെ ശരീരത്തോട് ബാധ്യതയുണ്ട്."

ഞാൻ മാംസം കഴിക്കില്ല, ഞാൻ സ്ത്രീകളെ വിവാഹം കഴിക്കില്ല, ഞാനെന്നും നോമ്പുകാരൻ ആയിരിക്കും എന്തെല്ലാം ശപഥം ചെയ്തവരോട് നബി ﷺ പ്രതികരിച്ചത് ഇപ്രകാരമായിരുന്നു ;

أما أنا فآكل اللحم، وأتزوج النساء، وأصوم وأفطر، وأقوم وأنام، فمن رغب عن سنتي فليس مني

"എന്നാൽ ഞാൻ മാംസം കഴിക്കാറുണ്ട്, ഞാൻ വിവാഹം കഴിച്ചിട്ടുണ്ട്, ഞാൻ നോമ്പ് എടുക്കുകയും നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുന്നു. ഉറങ്ങുകയും എഴുന്നേറ്റു നിസ്കരിക്കുകയും ചെയ്യുന്നു. ആരാണോ എന്റെ സുന്നത്തിനോട് വിമുഖത കാണിച്ചത് അവർ എന്നിൽ പെട്ടവരല്ല."

ഇസ്ലാമിക നിയമങ്ങളുടെ ഈ പ്രത്യേകതകൾ മനസ്സിലാക്കിയാൽ മനുഷ്യ നിയമങ്ങളിൽ നിന്നും അല്ലാഹുവിന്റെ നിയമങ്ങൾ പൂർണമായും വ്യത്യസ്തമാണെന്നത് ബോധ്യപ്പെടും.

രണ്ടാം ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ നിങ്ങൾ അവന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു ജീവിക്കുക.

15. ഏറ്റവും നല്ല അധ്യാപനങ്ങൾ ഈ മത നിയമങ്ങളുടെ പ്രത്യേകതയാണ്. ശരിയായ ബുദ്ധിയും ശുദ്ധ പ്രകൃതിയും നന്മയാണെന്ന് വിധിക്കുന്ന ഏതൊരു കാര്യവും ഇസ്ലാം കൽപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവ രണ്ടും തിന്മയാണെന്ന് സൂചിപ്പിക്കുന്ന ഏതൊരു കാര്യവും ഇസ്ലാം വിലയ്ക്കുകയും നിരാകരിക്കുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു :

﴿أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ﴾

അടിയുറച്ച സത്യവിശ്വാസികൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവായി ആരുണ്ട്?

അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنْكَرِ وَالْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ﴾

തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് സഹായം നൽകുവാനുമാണ് . അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു.

അബ്ദുറഹ്മാൻ ബ്നു നാസിർ അസ്സഅദി رحمه الله പറയുന്നു :

'ഇസ്ലാമിക മത നിയമങ്ങൾ ഏറ്റവും മേന്മയേറിയ കർമ്മങ്ങൾ കൽപ്പിക്കുകയും സൽസ്വഭാവവും ജനങ്ങൾക്ക് ഗുണകരമായ കാര്യങ്ങളും നിർദ്ദേശിക്കുകയും ചെയ്യുന്നു. നീതി പുലർത്താനും ഉദാരത കാണിക്കാനും കാരുണ്യവും നന്മയും വർദ്ധിപ്പിക്കാനും അത് പ്രേരിപ്പിക്കുന്നു.

അതിക്രമവും അന്യായവും ദുർഗുണങ്ങളും ഇസ്ലാം വിലക്കുകയും ചെയ്യുന്നു. മുൻ കഴിഞ്ഞ അമ്പിയാക്കളും മുർസലീങ്ങളും പഠിപ്പിച്ച എല്ലാ സൽഗുണങ്ങളും ഇസ്ലാം നിലനിർത്തി. അവർ ക്ഷണിച്ച ഗുണകരവും നന്മ നിറഞ്ഞതുമായ

കാര്യങ്ങളെല്ലാം ഇസ്ലാം പ്രോത്സാഹിപ്പിക്കുകയും ദോഷകരമായ കാര്യങ്ങളെ വിലക്കുകയും ചെയ്തു.'

ഇസ്ലാമിന്റെ നിയമങ്ങളുടെ ഇതുപോലുള്ള മേന്മകൾ മനസ്സിലാക്കിയാൽ ശത്രുക്കൾ ഇസ്ലാമിനെ കുറിച്ച് പ്രചരിപ്പിക്കുന്ന ആക്ഷേപങ്ങളും ആരോപണങ്ങളും യാതൊരു അടിസ്ഥാനവുമില്ലാത്തതാണെന്ന് ബോധ്യപ്പെടുകയും അവരുടെ കാപട്യവും കളവും വ്യക്തമാവുകയും ചെയ്യും.

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (4/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കുക. അവന്റെ മഹത്വം ഉൾക്കൊള്ളുകയും അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. അക്കാര്യത്തിൽ നിങ്ങൾ ക്ഷമയവലംബിക്കുക.

നിങ്ങൾ അറിയുക, മനുഷ്യന്റെ ഭൗതികവു വിയ നന്മ ലഭ്യമാവുക എന്ന അല്ലാഹു മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് മത നിയമങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. അത് പരിമിതികളുള്ള മനുഷ്യബുദ്ധികൊണ്ട് സാധിക്കുന്ന കാര്യമല്ല. മറിച്ച് സൃഷ്ടാവും യുക്തിമാനും എല്ലാ കാര്യങ്ങളും സൂക്ഷ്മമായി അറിയുന്നവനുമായ അല്ലാഹുവിന് മാത്രം സാധിക്കുന്ന കാര്യമാണ്. മനുഷ്യരാകട്ടെ പല നിനക്കും പരിമിതികളുള്ളവരാണ്.

വിശ്വാസികളേ, കഴിഞ്ഞ ഖുതുബകളിലായി ഇസ്ലാമിക നിയമങ്ങളുടെ 15 പ്രത്യേകതകൾ നാം വിവരിച്ചു. അതിന്റെ തുടർച്ചയാണ് ഈ ഖുതുബയിലും നാം സംസാരിക്കാൻ ഉദ്ദേശിക്കുന്നത്

16. ഇസ്ലാമിക നിയമങ്ങൾ വിശിഷ്ടമായ എല്ലാറ്റിനെയും അനുവദിക്കുകയും നീചമായ എല്ലാറ്റിനെയും വിലക്കുകയും ചെയ്യുന്നു.

അല്ലാഹു തന്റെ നബിയെക്കുറിച്ച് പറയുന്നു :

﴿ويُحِل لهم الطيبات ويُحرم عليهم الخبائث﴾

അവിടുന്ന് അവർക്ക് വിശിഷ്ടമായവ അനുവദിച്ചു നൽകുകയും നീചമായ കാര്യങ്ങൾ നിഷിദ്ധമാക്കുകയും ചെയ്യുന്നു.

17. ആന്തരികമായ ശുദ്ധി കൈ കൊള്ളാൻ കൽപ്പിക്കുന്നു എന്നതും ഇസ്ലാമിക മത നിയമങ്ങളുടെ പ്രത്യേകതയാണ്. അത് ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നു. മനസ്സുകളെ നന്നാക്കുന്നു.

അല്ലാഹു പറയുന്നു :

﴿هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُبِينٍ﴾

അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു.

ഉദാഹരണത്തിന് നിസ്കാരം മനസ്സിന് ശുദ്ധിയും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്നു. നബി ﷺ പറഞ്ഞു :

يا بلال، أقم الصلاة، أرِحنا بها

"ബിലാൽ, താങ്കൾ നിസ്കാരത്തിനായി ബാങ്ക് വിളിച്ച് കൊണ്ട് നമുക്ക് സമാധാനം നൽകു."

സക്കാത്ത് സമ്പത്തിനുള്ള ശുദ്ധീകരണമാണ്. അത് മനസ്സിന്റെ പിശുക്കിനെ ചികിത്സിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. അല്ലാഹു നൽകി അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കലാണത്. നന്ദി കാണിക്കുന്നത് ഹൃദയത്തെ ശുദ്ധീകരിക്കുന്നു. അതിലൂടെ പാവപ്പെട്ടവരുടെയും ദരിദ്രരുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. അത് ദരിദ്രർക്കും ധനികർക്കും ഇടയിലുള്ള അസൂയയും മറ്റും ഇല്ലാതാവാൻ ഉപകരിക്കുന്നു. ഇങ്ങനെ സമൂഹം മുഴുവൻ ഇത് മുഖേന ശുദ്ധീകരിക്കപ്പെടുന്നു.

നോമ്പ് അല്ലാഹുവിനുള്ള ഇഖ്ലാസിനെ കുറിച്ച് ബോധ്യമുണ്ടാക്കുന്ന ഇബാദത്താണ്. അത് മുഖേന ഹൃദയം പ്രകടനപരതയിൽ നിന്നും ശുദ്ധിയാകുന്നു. ശരീരവും മനസ്സും ഒരുപാട് ഭക്ഷണം കഴിച്ചു കൊണ്ട് ആഡംബരവും പൊങ്ങച്ചവും കാണിക്കുന്നതിൽ മുക്തി നേടുന്നു.

ഹജ്ജിൽ എല്ലാവരും ഒരുപോലെ ഇഹ്റാമിന്റെ വസ്ത്രം ധരിക്കുന്നതിലൂടെ പൊങ്ങച്ചത്തിൽ നിന്ന് അവരുടെ മനസ്സുകൾ ശുദ്ധീകരിക്കപ്പെടുകയും പരസ്പര സഹകരണ മനോഭാവത്തോടുകൂടി ഐക്യത്തോടെ പുണ്യ സ്ഥലങ്ങളിൽ അവർ നിൽക്കുകയും ചെയ്യുന്നു.

അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ ഏറ്റവും അധികം മനസ്സിനെ ശുദ്ധീകരിക്കുന്ന കാര്യമാണ്. ഖുർആൻ പാരായണവും ഖുർആൻ പഠനവും രാവിലെയും വൈകുന്നേരവും ഉള്ള ദിക്റുകളും നിസ്കാര ശേഷമുള്ള ദിക്റുകളും മനസ്സിനെ ശുദ്ധീകരിക്കുകയും വൃത്തിയാക്കുകയും ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. സ്വഭാവപരമായ ഇസ്ലാമിന്റെ നിർദ്ദേശങ്ങളും ഇക്കാര്യം വ്യക്തമാണ്. മാതാപിതാക്കൾക്ക് പുണ്യം ചെയ്യാനും കുടുംബ ബന്ധം ചേർക്കാനും ബന്ധുക്കളോടും അയൽക്കാരോടും ഏറ്റവും നല്ല നിലയിൽ വർത്തിക്കാനും അഗതികളെയും സാധുക്കളെയും സഹായിക്കാനും ഇസ്ലാം പ്രേരിപ്പിക്കുന്നു.

ഹൃദയത്തെ മനസ്സിനെയും ശുദ്ധീകരിക്കുന്നതിന് ഇസ്ലാം എത്രമാത്രം പ്രാധാന്യം കൽപ്പിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചത്.

18. ഇസ്ലാമിക മത നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് അത് ബാഹ്യമായ വൃത്തിയെയും ശുദ്ധിയെയും വളരെ പ്രാധാന്യത്തോടുകൂടിയാണ് നോക്കിക്കാണുന്നത് എന്നത്.

വെള്ളിയാഴ്ചകളിലും ജനാബത്തുകാരനായാലും കുളിക്കാൻ ഇസ്ലാം കൽപ്പിക്കുന്നു. വുളൂഅ് ചെയ്തുകൊണ്ടും മലമൂത്ര വിസർജന ശേഷം ശുദ്ധീകരിച്ചുകൊണ്ട് ഫിത്റത്തിന്റെ ഭാഗമായ നബിചര്യകൾ പാലിച്ചുകൊണ്ട് വൃത്തി നിലനിർത്താൻ ഇസ്ലാം ശ്രദ്ധിക്കുന്നു.

ഫിത്റത്തിന്റെ ഭാഗമായ നബിചര്യകൾ താഴെപ്പറയുന്നവയാണ്;

മീശ വെട്ടുക, താടി വളർത്തുക, നഖം മുറിക്കുക, കക്ഷത്തിലെ രോമങ്ങൾ നീക്കം ചെയ്യുക, ഗുഹ്യഭാഗങ്ങളിലെ രോമങ്ങളെ നീക്കം ചെയ്യുക.

19. ഇസ്ലാമിക നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ്; എളുപ്പമുണ്ടാക്കലും പ്രയാസത്തെ ലഘൂകരിക്കലും.

അല്ലാഹു പറയുന്നു:

﴿يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ بِكُمُ الْعُسْرَ﴾

നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല.

അല്ലാഹു പറയുന്നു :

﴿فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ﴾

നിങ്ങൾ സാധിക്കുന്നത്രയും അല്ലാഹുവിനെ സൂക്ഷിക്കുക.

അല്ലാഹു പറയുന്നു:

﴿لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا﴾

അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല.

നബി ﷺ പറഞ്ഞു :

وإذا أمرتكم بشيء فأتوا منه ما استطعتم

"ഞാൻ നിങ്ങളോട് വല്ലതും കൽപ്പിച്ചാൻ അതിൽ നിന്ന് നിങ്ങൾക്ക് സാധിക്കുന്നത്രയും നിങ്ങൾ ചെയ്യുക."

20. ഇസ്ലാമിക നിയമങ്ങളുടെ മറ്റൊരു പ്രത്യേകതയാണ് വിട്ടുവീഴ്ചയും വിശാലതയും. നബി ﷺ പറഞ്ഞു :

أحب الدين إلى الله الحنيفية السمحة

"അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട മതം ഇബ്റാഹീം നബിയുടെ മാർഗം പിൻപറ്റി കൊണ്ടുള്ള ലളിതമായ, എളുപ്പമുള്ള മതമാണ്."

കച്ചവട മേഖലയിൽ അല്ലാഹുവിന്റെ റസൂൽ ﷺ വിട്ടുവീഴ്ച ചെയ്യാനും എളുപ്പമുണ്ടാക്കാനും കൽപ്പിച്ചു. അവിടുന്ന് പറഞ്ഞു :

رحم الله رجلا سمحا إذا با ع، وإذا اشترى، وإذا اقتضى

"വിൽക്കുമ്പോഴും വാങ്ങുമ്പോഴും കടമിടപാട് നടത്തുമ്പോഴും വിട്ടുവീഴ്ച ചെയ്യുകയും എളുപ്പമുണ്ടാക്കുകയും ചെയ്യുന്നയാൾക്ക് അല്ലാഹു കരുണ ചെയ്യട്ടെ."

അഥവാ, കടമിടപാട് ദരിദ്രർക്കും ആവശ്യക്കാർക്കും കടം നൽകിയാൽ അതിന്റെ പേരിൽ അവരെ പ്രയാസപ്പെടുത്തുകയില്ല. മറിച്ച് സൗമ്യമായി അവരോട് ആവശ്യപ്പെടുകയും വീട്ടാൻ പ്രയാസമുള്ളവർക്ക് അവധി നീട്ടി കൊടുക്കുകയും ചെയ്യും. അല്ലാഹു പറഞ്ഞത് പോലെ;

﴿وَإِنْ كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ وَأَنْ تَصَدَّقُوا خَيْرٌ لَكُمْ ۖ إِنْ كُنْتُمْ تَعْلَمُونَ﴾

ഇനി കടം വാങ്ങിയവരിൽ വല്ല ഞെരുക്കക്കാരനും ഉണ്ടായിരുന്നാൽ അവന് ആശ്വാസമുണ്ടാകുന്നത് വരെ ഇടകൊടുക്കേണ്ടതാണ്. എന്നാൽ നിങ്ങൾ ദാനമായി വിട്ടു കൊടുക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം; നിങ്ങൾ അറിവുള്ളവരാണെങ്കിൽ.

തിന്മയെ നന്മ കൊണ്ട് തടയാൻ കൽപ്പിക്കുന്നു എന്നതും ഇസ്ലാം മുന്നോട്ട് വെക്കുന്ന വിട്ടുവീഴ്ച മനോഭാവത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു :

﴿ادْفَعْ بِالَّتِي هِيَ أَحْسَنُ﴾

ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ തിൻമയെ പ്രതിരോധിക്കുക.

ദേഷ്യം അടക്കി പിടിക്കാനും അക്രമം ചെയ്തവരോട് വിട്ടുവീഴ്ച കാണിക്കാനും ഇസ്ലാം പ്രോത്സാഹിപ്പിച്ചു.

അല്ലാഹു പറയുന്നു :

﴿وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ ۗ وَاللَّهُ يُحِبُّ الْمُحْسِنِينَ﴾

അതായത് കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. അത്തരം സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു.

ഇസ്ലാം പഠിപ്പിച്ച വിട്ടു വീഴ്ചയുടെ ഭാഗമാണ് സത്യവിശ്വാസികളോട് താഴ്മയോടെ പെരുമാറലും അവരോട് വിനയം കാണിക്കലും. അല്ലാഹു പറയുന്നു :

﴿وَاخْفِضْ جَنَاحَكَ لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ﴾

നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തികൊടുക്കുകയും ചെയ്യുക.

സത്യവിശ്വാസികളെ കുറിച്ച് വിവരിച്ച് കൊണ്ട് അല്ലാഹു പറയുന്നു :

﴿أَذِلَّةٍ عَلَى الْمُؤْمِنِينَ﴾

അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരുമായിരിക്കും.

ഇസ്ലാമിക നിയമങ്ങളുടെ ഈ പ്രത്യേകതകൾ മനസ്സിലാക്കിയാൽ മനുഷ്യ നിയമങ്ങളിൽ നിന്നും അല്ലാഹുവിന്റെ നിയമങ്ങൾ പൂർണമായും വ്യത്യസ്തമാണെന്നത് ബോധ്യപ്പെടും.

രണ്ടാം ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ നിങ്ങൾ അവന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു ജീവിക്കുക.

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (5/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങളവനെ സൂക്ഷിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക, അവനെ അനുസരിക്കുക, ധിക്കരിക്കാതിരിക്കുക. അവനുള്ള കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും തിന്മകളും പാപങ്ങളും ഉപേക്ഷിക്കുന്നതിലും ക്ഷമയോടെ നിലകൊള്ളുക. അല്ലാഹു അവന്റെ നിയമങ്ങൾ നിയമമാക്കിയതിന് പിന്നിൽ മഹത്തായ ലക്ഷ്യമുണ്ടെന്ന് നിങ്ങളറിയുക. ജനങ്ങളുടെ ദീനിലും ദുനിയാവിലും തങ്ങൾക്ക് നന്മയുള്ളതിലേക്ക് അവരെ വഴി തെളിയിക്കുക എന്നതാകുന്നു അത്. കാരണം, മനുഷ്യരുടെ ബുദ്ധി പരിമിതമാണ്. അവരുടെ സന്മാർഗത്തിനുള്ള നിയമങ്ങൾ അവരുടെ ബുദ്ധികൊണ്ട് മാത്രം നിർണ്ണയിക്കൽ സാധ്യമായതല്ല. തന്റെ വിശേഷണങ്ങളിൽ പൂർണ്ണനും, പ്രവർത്തനങ്ങളിലും സംസാരങ്ങളിലും വിധികളിലും യുക്തിശാലിയും, തന്റെ സൃഷ്ടികളുടെ നന്മകളെ കുറിച്ചു അഗാധമായ അറിവുള്ളവനും, അവരോട് ഏറെ കാരുണ്യമുള്ളവനുമായ അല്ലാഹുവിന്റെ മാത്രം പ്രത്യേകതകളിൽ പെട്ടതാകുന്നു അത്. എന്നാൽ, മനുഷ്യർ അവരുടെ അറിവിൽ പരിമിധിയുള്ളവരാകുന്നു.

അല്ലയോ വിശ്വാസികളെ, ഇസ്ലാമീക നിയമ സംഹിതയുടെ സവിശേഷതകളിൽ നിന്നും ഇരുപതെണ്ണം നാം കഴിഞ്ഞ ഖുതുബയിൽ പരാമർശിച്ചിരുന്നല്ലോ, ഈ ഖുതുബയിൽ മറ്റു ചിലതിനെ കുറിച്ച് അല്ലാഹുവിന്റെ അനുമതിയോടെ സംസാരിക്കാം.

21, അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ്, അത് നന്മയെ പ്രോത്സാഹിപ്പിക്കുന്നു എന്നത്. ഇസ്ലാമിലെ എല്ലാ നിയമങ്ങളിലും അല്ലാഹു നന്മയെ നിശ്ചയിച്ചിരിക്കുന്നു. ബലി അറുക്കുന്ന കാര്യത്തിൽ പോലും നന്മ കൊണ്ടുവരാനും അത് നന്നാക്കുവാനും നബി ﷺ കല്പിച്ചിരിക്കുന്നു. അവിടുന്ന് പറഞ്ഞു

إِنَّ اللَّهَ كَتَبَ الإِحْسَانَ عَلَى كُلِّ شَيْءٍ فَإِذَا قَتَلْتُمْ فَأَحْسِنُوا الْقِتْلَةَ، وَإِذَا ذَبَحْتُمْ فَأَحْسِنُوا الذِّبْحَ وَلْيُحِدَّ أَحَدُكُمْ شَفْرَتَهُ فَلْيُرِحْ ذَبِيحَتَهُ

അല്ലാഹു എല്ലാ കാര്യത്തിലും നന്മ രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ, നിങ്ങൾ വധിക്കുകയാണെങ്കിൽ, നല്ല രീതിയിൽ വധിക്കുക. നിങ്ങൾ അറുക്കുകയാണെങ്കിൽ, നല്ല രീതിയിൽ വറുക്കുക. ഒരുവൻ തന്റെ കത്തിക്ക് മൂർച്ച കൂട്ടുകയും, തന്റെ മൃഗത്തിന് ആശ്വാസം നൽകുകയും ചെയ്യട്ടെ.

ശൈഖുൽ ഇസ്ലാം رحمه الله പറഞ്ഞു: എല്ലാ സാഹചര്യങ്ങളിലും നന്മ കൊണ്ടുവരൽ നിർബന്ധമാണ് എന്നതിന് ഈ ഹദീഥിൽ തെളിവുണ്ട്. സംസാരശേഷിയുള്ളതിന്റെയോ അതില്ലാത്ത മിണ്ടാപ്രാണികളുടെയോ ജീവൻ എടുക്കുന്നതിൽ വരെ നന്മ കൊടുവരണം. അതിനാൽ, ഒരുവനെ വധിക്കുന്നതും മൃഗങ്ങളെ അറുക്കുന്നതും ഒരുവൻ ഏറ്റവും നല്ല രീതിയിൽ ചെയ്യേണ്ടതുണ്ട്.

ഇസ്ലാമിന്റെ ശരീഅത്തിലെ നന്മയുടെ ഉദാഹരണങ്ങളിൽ പെട്ടതാണ്, മൃഗങ്ങളോട് അനുകമ്പ കാണിക്കാൻ അത് പ്രോത്സാഹിപ്പിക്കുന്നു എന്നത്. ഒരു പൂച്ചയെ കെട്ടിയിട്ടതിന്റെ പേരിൽ ഒരു സ്ത്രീ അന്ത്യ നാളിൽ നരകത്തിൽ പ്രവേശിക്കും എന്ന് നബി ﷺ അറിയിച്ചിട്ടുണ്ട്. ആ പൂച്ചക്ക് അവൾ ഭക്ഷണം നൽകിയതുമില്ല, ഭൂമിയിൽ നിന്നും സ്വയം ഭക്ഷണം കണ്ടെത്താൻ അതിനെ കയറൂരി വിട്ടതുമില്ല എന്നത് കാരണത്താൽ.

സൃഷ്ടികളോടുള്ള നന്മയിൽ ഏറ്റവും ഉയർന്ന പദവി മാതാപിതാക്കളോടുള്ള നന്മയാണ്. ആറോളം സ്ഥലങ്ങളിൽ ഈ നന്മയെ കൊണ്ട് ശരീഅത്ത് കല്പിക്കുകയും അതിന് വിപരീതം ചെയ്യുന്നതിനെ തൊട്ട് താക്കീത് നൽകുകയും ചെയ്തിരിക്കുന്നു. അവയിൽ പെട്ടതാണ്, അല്ലാഹു تعالى പറഞ്ഞു

﴿ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا ﴾

തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു.

ജനങ്ങളോട് മുഴുവനായും നന്മ ചെയ്യാനും അല്ലാഹു കല്പിച്ചിരിക്കുന്നു, അവൻ പറഞ്ഞു

﴿ وَقُولُوا لِلنَّاسِ حُسْنًا وَأَقِيمُوا الصَّلَاةَ ﴾

നിങ്ങൾ ജനങ്ങളോട് നല്ലത് പറയുകയും; നിസ്കാരം മുറ പ്രകാരം നിർവഹിക്കുകയും ചെയ്യുക

തങ്ങളോട് യുദ്ധം ചെയ്യുന്നതിന് ഇടയിൽ തടവുകാരനായി മുസ്ലിമീങ്ങൾ പിടിച്ചെടുക്കുന്നവരോട് പോലും നന്മയിൽ വർത്തിക്കാൻ ഇസ്ലാം പ്രോത്സാഹിപ്പിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞു

﴿ وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِ مِسْكِينًا وَيَتِيمًا وَأَسِيرًا ﴾

ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും.

22, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിലൊന്നാണ്, അത് വിവിധതരം മര്യാദകളിലേക്കും സ്വഭാവഗുണങ്ങളിലേക്കും മേന്മതകളിലേക്കും ക്ഷണിക്കുന്നു എന്നത്. ഭക്ഷണം, പാനീയം, വസ്ത്രധാരണം, വിവാഹം, യാത്ര, യാത്രയിലല്ലാതെ നാട്ടിൽ തന്നെ ഉണ്ടാകുന്ന സന്ദർഭങ്ങൾ ഇങ്ങനെയുള്ള എല്ലാത്തിന്റെയും മര്യാദകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. കൂടാതെ, തങ്ങളോട് നല്ല രീതിയിൽ പെരുമാറുന്നവരോടും മോശമായി പെരുമാറുന്നവരോടും, അടുത്ത ബന്ധുക്കളോടും അകന്ന ബന്ധുക്കളോടും, അയൽക്കാരനോടും, അകലെയുള്ളവനോടും, ഭരണാധികാരിയോടും, ഭരണീയനോടും, തൊഴിലാളിയോടും, ഉയർന്ന പദവിയിലുള്ളവരോടും, ഭാര്യയോടും, മക്കളോടും, ജീവിച്ചിരിക്കുന്നവരോടും, കുളിപ്പിക്കൽ സുഗന്ധം ഉപയോഗിക്കൽ കഫൻ ചെയ്യൽ മറമാടൽ പ്രാർത്ഥിക്കൽ എന്നിങ്ങനെ മരിച്ചവരോടുള്ളതും, ശത്രുവിനോടും മിത്രത്തോടും, യുദ്ധത്തിലും സമാധാനത്തിലുമുള്ള പോരാളികളോടും എന്നിങ്ങനെ എല്ലാവരോടുമുള്ള പെരുമാറ്റ മര്യാദകളും പഠിപ്പിക്കപെട്ടിരിക്കുന്നു.

ചുരുക്കത്തിൽ, ഇസ്ലാം പ്രോത്സാഹിപ്പിക്കാതെയും പ്രതിഫലം വാഗ്ദാനം ചെയ്യാതെയും വിട്ടു പോയ ഒരു നല്ലതായ പെരുമാറ്റ മര്യാദയുമില്ല, ഒരു മോശം സ്വഭാവവും ഇസ്ലാം വിലക്കാതെ പോയിട്ടുമില്ല.

23, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ് അതിന്റെ സർവ്വലൗകീകത, അത് എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്, എല്ലാവർക്കും അനുയോജ്യവുമാണത്. അല്ലാഹു تعالى തന്റെ നബി ﷺ യോട് പറഞ്ഞു

﴿ قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا ﴾

പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു.

നബി ﷺ പറഞ്ഞു:

وَكَانَ النَّبِيُّ يُبْعَثُ إِلَى قَوْمِهِ خَاصَّةً، وَبُعِثْتُ إِلَى النَّاسِ عَامَّةً

നബിമാർ അവരുടെ മാത്രം സമൂഹത്തിലേക്ക് നിയോഗിക്കപ്പെടുന്നവരായിരുന്നു, എന്നാൽ ഞാൻ എല്ലാ മനുഷ്യർക്കും പൊതുവായി നിയോഗിക്കപ്പെട്ടവനാണ്.

24, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിലൊന്നാണ്, അത് എല്ലാ കാലത്തേക്കും എല്ലാ നാട്ടിലേക്കും അനുയോജ്യമായതാണ് എന്നത്. അഥവാ കാലദേശങ്ങൾക്ക് അതീതമായ സാധുതയുണ്ടതിന്. അതിലെ ഒരു അധ്യാപനവും മനുഷ്യന്റെ പുരോഗതിക്ക് വൈരുധ്യം നിൽകുന്നതായി നിനക്ക് കാണുവാൻ സാധിക്കുകയില്ല. മറ്റുള്ള നാഗരികതകൾ ഉടലെടുക്കുന്നതിന് മുന്നേ, ഇസ്ലാമിന്റെ സാംസകാരിക നാഗരികതയായിരുന്നു എട്ടാം നൂറ്റാണ്ട് വരെ ആധിപത്യം പുലർത്തിയിരുന്നത് . അല്ലാഹു تعالى പറയുന്നു :

﴿ أَلَا يَعْلَمُ مَنْ خَلَقَ وَهُوَ اللَّطِيفُ الْخَبِيرُ ﴾

സൃഷ്ടിച്ചുണ്ടാക്കിയവൻ എല്ലാം അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു. അവൻ പറഞ്ഞത് എത്ര സത്യമാണ്!

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ നിന്നും ഉപകാരപ്രദമായ ചിലതാകുന്നു പരാമർശിക്കപ്പെട്ടത്. ആരാണോ ഇവ അറിഞ്ഞത്, അവൻ അല്ലാഹുവിന്റെ നിയമങ്ങൾക്ക് പിന്നിലെ മഹത്തായ അവന്റെ യുക്തിയെ അറിഞ്ഞിരിക്കുന്നു. മനുഷ്യർ ഉണ്ടാക്കുന്ന നിയമങ്ങളുടെ ദുർബലതയെയും അവൻ മനസ്സിലാക്കിയിരിക്കുന്നു.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുവിൻ.

25, നിങ്ങളറിയുക, ഇസ്‌ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ് അത് മുൻകാല നിയമസംഹിതകളിലെ (ശരീഅത്തുകളിലെ) നല്ല വശങ്ങൾ ഉൾക്കൊള്ളുന്നു എന്നത്. കൂടാതെ, തങ്ങൾ പ്രവർത്തിച്ച പാപങ്ങൾ കാരണം മുൻ സമുദായങ്ങൾക്ക് അല്ലാഹു ശിക്ഷയായി ചുമത്തിയിരുന്ന ഭാരങ്ങളും ബന്ധനങ്ങളും അത് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. തന്റെ പ്രവാചകനെ വിശേഷിപ്പിച്ച് കൊണ്ട് അല്ലാഹു تعالى പറയുന്നു:

﴿ وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ ﴾

അവരിൽ നിന്ന് അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന ബന്ധനങ്ങളും അദ്ദേഹം ഇറക്കിവയ്ക്കുന്നു

അല്ലാഹുവിന്റെ അടിമകളെ, ഇസ്‌ലാമിക ശരീഅത്തിന്റെ ഈ പ്രത്യേകതകൾ മനസ്സിലാക്കുന്ന ഒരാൾക്ക് ഇസ്‌ലാമിന്റെ നിയമങ്ങളിലുള്ള അല്ലാഹുവിന്റെ യുക്തി മനസ്സിലാക്കാൻ സാധിക്കും. കൂടാതെ, ഇസ്‌ലാമിനെയും അതിന്റെ നിയമങ്ങളെയും പഴഞ്ചനും പിന്തിരിപ്പനുമായി വിശേഷിപ്പിച്ച് ആക്ഷേപിക്കുന്ന ഈ കാലഘട്ടത്തിലെ കപടവിശ്വാസികളായ മതേതരവാദികളുടെ വ്യതിചലനവും അവർക്ക് മനസ്സിലാകും. യഥാർത്ഥത്തിൽ ഈ വിശേഷണത്തിന് കൂടുതൽ അർഹർ അവരാണ്. അല്ലാഹു നമ്മെ അവരുടെ സംശയങ്ങളിൽ നിന്ന് കാത്തുരക്ഷിക്കട്ടെ.

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (6/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങളവനെ സൂക്ഷിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക, അവനെ അനുസരിക്കുക, ധിക്കരിക്കാതിരിക്കുക. അവനുള്ള കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും തിന്മകളും പാപങ്ങളും ഉപേക്ഷിക്കുന്നതിലും ക്ഷമയോടെ നിലകൊള്ളുക. അല്ലാഹു അവന്റെ നിയമങ്ങൾ നിയമമാക്കിയതിന് പിന്നിൽ മഹത്തായ ലക്ഷ്യമുണ്ടെന്ന് നിങ്ങളറിയുക. ജനങ്ങളുടെ ദീനിലും ദുനിയാവിലും തങ്ങൾക്ക് നന്മയുള്ളതിലേക്ക് അവരെ വഴി തെളിയിക്കുക എന്നതാകുന്നു അത്. കാരണം, മനുഷ്യരുടെ ബുദ്ധി പരിമിതമാണ്. അവരുടെ സന്മാർഗത്തിനുള്ള നിയമങ്ങൾ അവരുടെ ബുദ്ധികൊണ്ട് മാത്രം നിർണ്ണയിക്കൽ സാധ്യമല്ല. തന്റെ വിശേഷണങ്ങളിൽ പൂർണ്ണനും, പ്രവർത്തനങ്ങളിലും സംസാരങ്ങളിലും വിധികളിലും യുക്തിശാലിയും, തന്റെ സൃഷ്ടികളുടെ നന്മകളെ കുറിച്ചു അഗാധമായ അറിവുള്ളവനും, അവരോട് ഏറെ കാരുണ്യമുള്ളവനുമായ അല്ലാഹുവിന്റെ മാത്രം പ്രത്യേകതകളിൽ പെട്ടതാകുന്നു അത്. എന്നാൽ, മനുഷ്യർ അവരുടെ അറിവിൽ പരിമിധിയുള്ളവരാകുന്നു.

അല്ലയോ വിശ്വാസികളെ, ഇസ്ലാമിക നിയമ സംഹിതയുടെ (ശരീഅത്തിന്റെ) സവിശേഷതകളിൽ നിന്നും ഇരുപത്തിയഞ്ച് പ്രത്യേകതകൾ നാം കഴിഞ്ഞ ഖുതുബകളിൽ പരാമർശിച്ചിരുന്നല്ലോ, ഈ ഖുതുബയിൽ മറ്റു ചിലതിനെ കുറിച്ച് അല്ലാഹുവിന്റെ അനുമതിയോടെ സംസാരിക്കാം.

26, അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ്, അത് നന്മയെ കൊണ്ടും നന്മ ഉണ്ടാക്കുന്നതിനെ കൊണ്ടും കൽപ്പിക്കുകയും തിന്മയെ തൊട്ടും കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനെ തൊട്ടും വിലക്കുകയും ചെയ്യുന്നു എന്നത്. അല്ലാഹു പറഞ്ഞു

﴿ وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الإِثْمِ وَالْعُدْوَانِ﴾

പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്.

നബി ﷺ പറഞ്ഞു

لا ضَرَرَ وَلاَ ضِرَار

ദ്രോഹിക്കുകയോ, ദ്രോഹിക്കപ്പെട്ടതിന് പകരം ധരിപ്പിക്കുകയോ ചെയ്യരുത്.

അവിടുന്ന് ﷺ പറഞ്ഞു

مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الإِيمَانِ

നിങ്ങളിൽ ആരാണോ ഒരു തിന്മ കണ്ടത് അവൻ അത് തന്റെ കൈ കൊണ്ട് തടയട്ടെ, അത് സാധിക്കാത്തവൻ തന്റെ നാവ് കൊണ്ട്, അതും സാധിക്കാത്തവൻ തന്റെ ഹൃദയം കൊണ്ടെങ്കിലും, അതാകുന്നു ഈമാനിന്റെ ഏറ്റവും ദുർബലമായ അവസ്ഥ.

27, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ പെട്ടതാണ്, അതിനെ പിൻപറ്റുന്നവരോട് ശരഇയ്യായ വിജ്ഞാന സമ്പാദനത്തിന് അത് കല്പിക്കുന്നു എന്നത്. ആ അറിവുകൾ കൊണ്ടാകുന്നു നഫ്സുകൾ ജീവനുള്ളതാകുന്നത്, ഹൃദയങ്ങൾക്ക് മാറ്റമുണ്ടാകുന്നത്, അതിന് മുകളിലാകുന്നു ഇരു ഭവനങ്ങളിലെയും സൗഭാഗ്യം ബന്ധിക്കപ്പെട്ടിരിക്കുന്നത്, അത് മൂലമാകുന്നു ഒരു സമൂഹം മോശമായ ആശയ പ്രസ്ഥാനങ്ങളിൽ നിന്നും വിനാശകരമായ പ്രത്യേയശാസ്ത്രങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതും. അല്ലാഹു تعالى തന്റെ നബി ﷺ യോട് പറഞ്ഞു

﴿ وَقُل رَّبِّ زِدْنِي عِلْمًا ﴾

എന്റെ റബ്ബേ, എനിക്കു നീ വിജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക.

നബി ﷺ പറഞ്ഞു

مَنْ يُرِدِ اللَّهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ،

ആർക്കാണോ അല്ലാഹു നന്മ ഉദ്ദേശിക്കുന്നത്, അവന് അല്ലാഹു തന്റെ ദീനിൽ അവഗാഹം നൽകും.

28, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിലൊന്നാണ്, അത് ഭൂമി പരിപാലനത്തിനും വികസനത്തിനും കല്പിക്കുന്നു എന്നത്. അല്ലാഹു പറഞ്ഞു

﴿ هُوَ الَّذِي جَعَلَ لَكُمُ الْأَرْضَ ذَلُولًا فَامْشُوا فِي مَنَاكِبِهَا وَكُلُوا مِن رِّزْقِهِ ۖ وَإِلَيْهِ النُّشُورُ ﴾

അവനാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വിധേയമാക്കി തന്നവൻ. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവനത്തിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു കൊള്ളുക. അവങ്കലേക്ക് തന്നെയാണ് ഉയിർത്തെഴുന്നേൽപ്.

അവൻ പറഞ്ഞു

﴿ هُوَ أَنشَأَكُم مِّنَ الْأَرْضِ وَاسْتَعْمَرَكُمْ فِيهَا ﴾

അവൻ നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ച് വളർത്തുകയും നിങ്ങളെ അവിടെ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു.

അഥവാ, ഭൂമിയിൽ നിങ്ങളെ സൃഷ്ടിക്കുകയും അവിടെ നിങ്ങൾക്ക് പ്രാതിനിധ്യം നൽകുകയും ചെയ്തു, പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് മുകളിൽ വർഷിപ്പിക്കുകയും ചെയതു, അവൻ ഭൂമിയിൽ നിങ്ങൾക്ക് സ്വാധീനം നൽകി, അത് മുഖേന നിങ്ങൾ കെട്ടിടങ്ങൾ നിർമിക്കുന്നു, സസ്യങ്ങൾ നടുന്നു, നിങ്ങൾ ഉദ്ദേശിക്കുന്നത് കൃഷി ചെയ്യുന്നു, അതിലെ ഉപകാരമുൾക്കൊള്ളുന്ന കാര്യങ്ങളെയും നേട്ടങ്ങളെയും നിങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

29, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ പെട്ടതാണ്, അതിന് മുൻപുള്ള എല്ലാ ശരീഅത്തുകളെയും അത് അസാധുവാക്കുന്നു എന്നത്. അല്ലാഹു تعالى പറഞ്ഞു

﴿ وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ ۖ ﴾

നബിയേ, നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.

30, ഇസ്ലാമിക നിയമങ്ങളുടെ സവിശേഷതകളിൽ പെട്ടതാണ്, സ്ത്രീകളുടെ അവകാശങ്ങൾക്കും അന്തസ്സിനും, അതുപോലെ അവരുടെ വികാരവിചാരങ്ങൾക്കും ആവശ്യങ്ങൾക്കും അത് നൽകുന്ന പരിഗണനയും പ്രാധാന്യവും. ഇസ്ലാമിൽ സ്ത്രീകളുടെ അവകാശങ്ങൾ തൊണ്ണൂറിൽ അധികമായി വർധിച്ചിരിക്കുന്നു. ഇതുവഴി, മുസ്ലീം വനിതകൾ ആദരവും മാന്യതയും ഉള്ളവരും തങ്ങളുടെ ഭർത്താക്കന്മാർക്കും മക്കൾക്കും സമൂഹത്തിനും അനുഗ്രഹവുമായിത്തീർന്നു. അതേസമയം, പടിഞ്ഞാറൻ, കിഴക്കൻ രാജ്യങ്ങളിൽ

യുവതിയായിരുന്നാലും വൃദ്ധയായിരുന്നാലും അവർ അപമാനിക്കപ്പെട്ടു. യുവതിയായിരിക്കുമ്പോൾ അവർ വെറുമൊരു ഉപഭോഗവസ്തുവായി, വാർധക്യത്തിൽ വൃദ്ധസദനങ്ങളിലെ അതിഥിയായി. അവർക്കിടയിലെ മനോരോഗ ചികിത്സാ ഗുളികകളുടെയും മയക്കുമരുന്നുകളുടെയും ഉപയോഗത്തിനും, ഗർഭഛിദ്രം, ആത്മഹത്യ എന്നിവയുടെ നിരക്കുകൾക്കും യാതൊരു പരിധിയുമില്ല.

31, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്, അതിലെ എല്ലാ നിയമങ്ങളും, ആരാധനപരമായതും ഇടപാടുകളിലെയും ശിക്ഷാപരമായതുമെല്ലാം ദൈവീക യുക്തിക്കധിഷ്ഠിതമാണ് എന്നത്. ആ യുക്തികളെ നാം അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും ശരി. തന്റെ പ്രവർത്തനങ്ങളിലും സംസാരങ്ങളിലും നിയമങ്ങളിലും വിധികളിലും ഏറെ യുക്തിയുള്ളവനാണവൻ.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ നിന്നും ഉപകാരപ്രദമായ ചിലതാകുന്നു പരാമർശിക്കപ്പെട്ടത്. ആരാണോ ഇവ മനസ്സിലാക്കിയത്, അല്ലാഹുവിന്റെ നിയമങ്ങൾക്ക് പിന്നിലെ മഹത്തായ അവന്റെ യുക്തിയെ അറിയാനും, മനുഷ്യർ ഉണ്ടാക്കുന്ന നിയമങ്ങളുടെ ദുർബലതയെ മനസ്സിലാക്കാനും അവന് സാധിക്കുന്നതാണ്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുവിൻ.

32, നിങ്ങളറിയുക, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ്, അതിലെ പ്രവചനങ്ങളിലെ സത്യസന്ധത. ഭാവിയിൽ സംഭവിക്കുമെന്ന് അത് പറഞ്ഞതെല്ലാം ഒന്നെങ്കിൽ അത് അതുപോലെ തന്നെ സംഭവിച്ചിട്ടുണ്ട്, ഇല്ലെങ്കിൽ അത് സംഭവിക്കാനിരിക്കുന്നു. അങ്ങനെയുള്ള പ്രവചനങ്ങളിൽ പെട്ടതാണ്, നബി ﷺ യുദ്ധത്തിന് മുൻപ് ബദറിൽ ഇറങ്ങിയപ്പോൾ മുശ്രിക്കീങ്ങളുടെ നേതാക്കൾ കൊല്ലപ്പെടുന്ന സ്ഥലങ്ങൾ വ്യക്തമായി കാണിച്ചു നൽകിയത്. ഉമർ ﷺ വിനെ തൊട്ട് അനസ് ഇബ്നു മാലിക് ﷺ പറയുന്നു:

إِنَّ رَسُولَ اللَّهِ ﷺ كَانَ يُرِينَا مَصَارِعَ أَهْلِ بَدْرٍ بِالأَمْسِ

ബദറിൽ അവർ കൊല്ലപ്പെടുന്ന സ്ഥലങ്ങൾ അല്ലാഹുവിന്റെ റസൂൽ നമ്മുക്ക് തലേന്ന് കാണിച്ച് നൽകിയിരുന്നു

يَقُولُ " هَذَا مَصْرَعُ فُلاَنٍ غَدًا إِنْ شَاءَ اللَّهُ "

അവിടുന്ന് ﷺ പറയുമായിരുന്നു : ഇത് ഇന്ന ഇന്ന വ്യക്തി നാളെ മരണപ്പെടുന്ന സ്ഥലമാണ്, ഇൻ ഷാ അല്ലാഹ്"

قَالَ فَقَالَ عُمَرُ فَوَالَّذِي بَعَثَهُ بِالْحَقِّ مَا أَخْطَئُوا الْحُدُودَ الَّتِي حَدَّ رَسُولُ اللَّهِ ﷺ

ഉമർ ﷺ പറഞ്ഞു: നബി ﷺ യെ നിയോഗിച്ചവൻ തന്നെയാണെ സത്യം, അല്ലാഹുവിന്റെ റസൂൽ ﷺ കാണിച്ച് നൽകിയ സ്ഥലത്ത് നിന്ന് അവരാരും തെറ്റിയിട്ടില്ല.

സ്വഹീഹുൽ ബുഖാരിയിൽ അനസ് ﷺ വിനെ തൊട്ട് ഉദ്ധരിക്കപ്പെടുന്നു, നബി ﷺ മുഅത യുദ്ധത്തിന് തന്റെ സൈന്യത്തെ നിയോഗിച്ചപ്പോൾ, അവർക്ക് അമീറായി നിയമിച്ചത് സയ്ദ് ഇബ്നു ഹാരിഥയെ ആയിരുന്നു. സയ്ദിന് വല്ലതും സംഭവിച്ചാൽ ജാഅഫർ ആകണമെന്നും ജാഅഫറിന് വല്ലതും സംഭവിച്ചാൽ അബ്ദുല്ലാഹ് ഇബ്നു റവാഹ ആകണമെന്നും അവരെ കല്പിച്ചിരുന്നു. അങ്ങനെ സ്വഹാബത്ത് അല്ലാഹുവിന്റെ റസൂലിന്റെ കൂടെ മദീനയിൽ ഉണ്ടായിരിക്കെ നബി ﷺ മദീനയിൽ ഇരുന്നു കൊണ്ട് അവരെ സയ്ദിന്റെയും പിന്നെ ജാഅഫറിന്റെയും പിന്നെ അബ്ദുല്ലാഹ് ഇബ്നു റവാഹയുടെയും മരണവാർത്ത അറിയിക്കുകയുണ്ടായി.

ആ പ്രവചനങ്ങളിൽ പെട്ടതാണ്, ഹബഷയിൽ മരണപ്പെട്ട നജ്ജാഷിയുടെ മരണവാർത്ത നബി ﷺ മദീനയിൽ ആയിരിക്കെ അറിയിക്കുകയും, അസാന്നിധ്യത്തിലുള്ള ജനാസ നിസ്കാരം നിർവഹിക്കുകയും ചെയ്തു എന്നതും.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ ഏതാനും പ്രത്യേകതകൾ ആകുന്നു ഇവിടെ പറയപ്പെട്ടത്, ഇത് മനസ്സിലാക്കുന്ന ഒരാൾക്ക് ഇസ്ലാമിന്റെ നിയമങ്ങളിലുള്ള അല്ലാഹുവിന്റെ യുക്തി മനസ്സിലാക്കാൻ സാധിക്കും. കൂടാതെ, ഇസ്ലാമിനെയും അതിന്റെ നിയമങ്ങളെയും പഴഞ്ചനും പിന്തിരിപ്പനുമായി വിശേഷിപ്പിച്ച് ആക്ഷേപിക്കുന്ന ഈ കാലഘട്ടത്തിലെ കപടവിശ്വാസികളായ മതേതരവാദികളുടെ വ്യതിചലനവും അവർക്ക് മനസ്സിലാകും. യഥാർത്ഥത്തിൽ ഈ വിശേഷണത്തിന് കൂടുതൽ അർഹർ അവരാണ്. അല്ലാഹു നമ്മെ അവരുടെ സംശയങ്ങളിൽ നിന്ന് കാത്തുരക്ഷിക്കട്ടെ.

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (7/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങളവനെ സൂക്ഷിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക, അവനെ അനുസരിക്കുക, ധിക്കരിക്കാതിരിക്കുക. അവനുള്ള കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും തിന്മകളും പാപങ്ങളും ഉപേക്ഷിക്കുന്നതിലും ക്ഷമയോടെ നിലകൊള്ളുക. അല്ലാഹു അവന്റെ നിയമങ്ങൾ നിയമമാക്കിയതിന് പിന്നിൽ മഹത്തായ ലക്ഷ്യമുണ്ടെന്ന് നിങ്ങളറിയുക. ജനങ്ങളുടെ ദീനിലും ദുനിയാവിലും തങ്ങൾക്ക് നന്മയുള്ളതിലേക്ക് അവരെ വഴി തെളിയിക്കുക എന്നതാകുന്നു അത്. കാരണം, മനുഷ്യരുടെ ബുദ്ധി പരിമിതമാണ്. അവരുടെ സന്മാർഗത്തിനുള്ള നിയമങ്ങൾ അവരുടെ ബുദ്ധികൊണ്ട് മാത്രം നിർണ്ണയിക്കൽ സാധ്യമല്ല. തന്റെ വിശേഷണങ്ങളിൽ പൂർണ്ണനും, പ്രവർത്തനങ്ങളിലും സംസാരങ്ങളിലും വിധികളിലും യുക്തിശാലിയും, തന്റെ സൃഷ്ടികളുടെ നന്മകളെ കുറിച്ചു അഗാധമായ അറിവുള്ളവനും, അവരോട് ഏറെ കാരുണ്യമുള്ളവനുമായ അല്ലാഹുവിന്റെ മാത്രം പ്രത്യേകതകളിൽ പെട്ടതാകുന്നു അത്. എന്നാൽ, മനുഷ്യർ അവരുടെ അറിവിൽ പരിമിധിയുള്ളവരാകുന്നു.

അല്ലയോ വിശ്വാസികളെ, ഇസ്ലാമിക നിയമ സംഹിതയുടെ (ശരീഅത്തിന്റെ) സവിശേഷതകളിൽ നിന്നും മുപ്പതിലേറെ പ്രത്യേകതകൾ നാം കഴിഞ്ഞ

ഖുതുബകളിൽ പരാമർശിച്ചിരുന്നല്ലോ, ഈ ഖുതുബയിൽ മറ്റു ചിലതിനെ കുറിച്ച് അല്ലാഹുവിന്റെ അനുമതിയോടെ സംസാരിക്കാം.

33, അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ്, ഒരുവൻ ഇസ്ലാമിൽ പ്രവേശിച്ചാൽ, ബുദ്ധിയും ചിന്താശേഷിയും ഉള്ളവനാണെങ്കിൽ തന്റെ ദീനിനോടുള്ള വെറുപ്പ് മൂലം അവൻ അതിനെ തൊട്ട് പിന്തിരിയുകയില്ല എന്നത്. ഇസ്ലാമിന്റെ ചരിത്രത്തിൽ ഇങ്ങനെയൊന്ന് അറിയപ്പെട്ടിട്ടുമില്ല. ബുദ്ധിയോടും ശുദ്ധപ്രകൃതിയോടും ഇസ്ലാമിന്റെ അധ്യാപനങ്ങൾ യോജിക്കുന്നു എന്നത് കൊണ്ടും ശരീരത്തിന്റെയും ആത്മാവിന്റെയും ആവശ്യങ്ങൾക്ക് അത് ഉത്തരം നൽകുന്നു എന്നതിനാലുമാകുന്നു അങ്ങനെ. തെളിവുകൾ സ്ഥാപിക്കപ്പെടുകയും ശരിയായ മാർഗം വെളിപ്പെടുകയും ചെയ്തതിൽ അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.

34, ഇസ്ലാമിക നിയമങ്ങളുടെ സവിശേഷതകളിൽ ഒന്നാണ്, അതിനെ വെല്ലുവിളിക്കുന്നവരെ അത് അതിജയിക്കുന്നു എന്നതും, അതിനെ നേരിടുന്നവർക്ക് മുന്നിൽ അതൊരു അത്ഭുതമായി നിലകൊള്ളുന്നു എന്നതും. ഖുർആനിലെ ആയത്തുകളിൽ നിന്ന് ഒരു ആയത്തോ നബി ﷺ യുടെ ഹദീഥുകളിൽ നിന്ന് ഒരു ഹദീഥോ നിരർത്ഥകമാണെന്ന് തെളിയിക്കാൻ ഒരാൾക്കും സാധിച്ചിട്ടില്ല. ഖുർആനിലെ വചനങ്ങൾക്ക് സമാനമായ ഒരു വചനം കൊണ്ടുവരാനും ആർക്കും സാധിച്ചിട്ടില്ല. നബി ﷺ യുടെ അധ്യാപനങ്ങളോട് അടുത്ത് നിൽകുന്നതോ അതിനോട് സാമ്യമുള്ളതോ ആയ അധ്യാപനങ്ങൾ കൊണ്ടുവരാൻ ഒരാൾക്കും സാധിക്കുകയുമില്ല. ഖുർആനിനെ വിശേഷിപ്പിച്ച് അല്ലാഹു പറഞ്ഞത് എത്ര സത്യമാണ്

﴿ وَلَوْ كَانَ مِنْ عِندِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا ﴾

അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു.

35, ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകളിൽ പെട്ടതാണ്, അതിന്റെ അനുയായികൾക്കിടയിലുള്ള നീതി. എല്ലാ മനുഷ്യരും ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും (ആദമും ഹവ്വയും) ഉണ്ടായവരാണെന്നും, എല്ലാ മനുഷ്യരും അളക്കപ്പെടുന്ന മാനദണ്ഡം തൊലിയുടെ നിറമോ സാമൂഹികമോ സാമ്പത്തികമോ ആയ പദവിയോ അല്ലെന്നും, മറിച്ച് തഖ്വയാണെന്നും ഇസ്ലാമിക ശരീഅത്തിന്റെ അധ്യാപനങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹു പറഞ്ഞു

﴿ يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا ۚ إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ ﴾

ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും തഖ്വ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

36, ഇസ്ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്, അതിന്റെ അനുയായികൾ സഹായിക്കപ്പെടുന്നവരാണ് എന്നത്. അല്ലാഹു പറഞ്ഞു :

﴿ إِنَّا لَنَنصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ ﴾

തീർച്ചയായും നാം നമ്മുടെ ദൂതൻമാരെയും വിശ്വസിച്ചവരെയും ഐഹികജീവിതത്തിലും സാക്ഷികൾ രംഗത്തു വരുന്ന ദിവസത്തിലും സഹായിക്കുക തന്നെ ചെയ്യും.

37, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ പെട്ടതാണ്, അത് അന്ത്യനാൾ വരെ നിലനിൽക്കുമെന്നത്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞതായി മുആവിയ ﷺ വെ തൊട്ട് ഉദ്ധരിക്കപ്പെടുന്നു:

لاَ تَزَالُ طَائِفَةٌ مِنْ أُمَّتِي قَائِمَةً بِأَمْرِ اللَّهِ لاَ يَضُرُّهُمْ مَنْ خَذَلَهُمْ أَوْ خَالَفَهُمْ حَتَّى يَأْتِيَ أَمْرُ اللَّهِ وَهُمْ ظَاهِرُونَ عَلَى النَّاسِ

എന്റെ ഉമ്മത്തിലെ ഒരു കൂട്ടം ആളുകൾ അല്ലാഹുവിന്റെ കൽപ്പന അനുസരിച്ചുകൊണ്ടേയിരിക്കും, അവരെ കൈയൊഴിയുകയോ എതിർക്കുകയോ ചെയ്യുന്നവർക്ക് അവർക്ക് ഒരു ദോഷവും വരുത്താൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ കൽപ്പന നടപ്പിലാക്കുന്നത് വരെ അതായത് പുനരുത്ഥാനം സ്ഥാപിക്കപ്പെടുന്നത് വരെ അവർ ജനങ്ങൾക്ക് മുകളിൽ ആധിപത്യം ചെലുത്തിക്കൊണ്ടിരിക്കും.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ നിന്നും ഉപകാരപ്രദമായ ചിലതാകുന്നു പരാമർശിക്കപ്പെട്ടത്. ആരാണോ ഇവ മനസ്സിലാക്കിയത്, അല്ലാഹുവിന്റെ നിയമങ്ങൾക്ക് പിന്നിലെ മഹത്തായ അവന്റെ യുക്തിയെ അറിയാനും, മനുഷ്യർ ഉണ്ടാക്കുന്ന നിയമങ്ങളുടെ ദുർബലതയെ മനസ്സിലാക്കാനും അവന് സാധിക്കുന്നതാണ്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

38, നിങ്ങളറിയുക, ഇസ്ലാമിക നിയമങ്ങളുടെ സവിശേഷേതകളിൽ പെട്ടതാണ്, അതിന്റെ അനുഗാമികളാണ് സമൂഹങ്ങളിൽ ഏറ്റവും ഉത്തമർ എന്നത്. അല്ലാഹു പറഞ്ഞു

﴿كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللهِ ﴾

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നന്മ കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

ബഹ്സ് ഇബ്നു ഹകീം ﷺ ഉദ്ധരിക്കുന്ന ഹദീഥിൽ, മുകളിൽ പരാമർശിക്കപ്പെട്ട ആയത്തിനെ സംബന്ധിച്ച് നബി ﷺ പറഞ്ഞു:

إِنَّكُمْ تُتِمُّونَ سَبْعِينَ أُمَّةً، أَنْتُمْ خَيْرُهَا وَأَكْرَمُهَا عَلَى اللَّهِ

നിങ്ങൾ എഴുപത് സമൂഹങ്ങളുടെ പൂർത്തീകരണമാണ്, നിങ്ങളാണ് അവരിൽ ഉത്തമരും അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയരുമായവർ.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ ഏതാനും പ്രത്യേകതകൾ ആകുന്നു ഇവിടെ പറയപ്പെട്ടത്, ഇത് മനസ്സിലാക്കുന്ന ഒരാൾക്ക് ഇസ്ലാമിന്റെ നിയമങ്ങളിലുള്ള അല്ലാഹുവിന്റെ യുക്തി മനസ്സിലാക്കാൻ സാധിക്കും. കൂടാതെ, ഇസ്ലാമിനെയും അതിന്റെ നിയമങ്ങളെയും പഴഞ്ചനും പിന്തിരിപ്പനുമായി വിശേഷിപ്പിച്ച് ആക്ഷേപിക്കുന്ന ഈ കാലഘട്ടത്തിലെ കപടവിശ്വാസികളായ മതേതരവാദികളുടെ വ്യതിചലനവും അവർക്ക് മനസ്സിലാകും. യഥാർത്ഥത്തിൽ ഈ വിശേഷണത്തിന് കൂടുതൽ അർഹർ അവരാണ്. അല്ലാഹു നമ്മെ അവരുടെ സംശയങ്ങളിൽ നിന്ന് കാത്തുരക്ഷിക്കട്ടെ.

അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകൾ (8/8)

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ,

നിങ്ങളവനെ സൂക്ഷിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക, അവനെ അനുസരിക്കുക, ധിക്കരിക്കാതിരിക്കുക. അവനുള്ള കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും തിന്മകളും പാപങ്ങളും ഉപേക്ഷിക്കുന്നതിലും ക്ഷമയോടെ നിലകൊള്ളുക. അല്ലാഹു അവന്റെ നിയമങ്ങൾ നിയമമാക്കിയതിന് പിന്നിൽ മഹത്തായ ലക്ഷ്യമുണ്ടെന്ന് നിങ്ങളറിയുക. ജനങ്ങളുടെ ദീനിലും ദുനിയാവിലും തങ്ങൾക്ക് നന്മയുള്ളതിലേക്ക് അവരെ വഴി തെളിയിക്കുക എന്നതാകുന്നു അത്. കാരണം, മനുഷ്യരുടെ ബുദ്ധി പരിമിതമാണ്. അവരുടെ സന്മാർഗത്തിനുള്ള നിയമങ്ങൾ അവരുടെ ബുദ്ധികൊണ്ട് മാത്രം നിർണ്ണയിക്കൽ സാധ്യമല്ല. തന്റെ വിശേഷണങ്ങളിൽ പൂർണ്ണനും, പ്രവർത്തനങ്ങളിലും സംസാരങ്ങളിലും വിധികളിലും യുക്തിശാലിയും, തന്റെ സൃഷ്ടികളുടെ നന്മകളെ കുറിച്ചു അഗാധമായ അറിവുള്ളവനും, അവരോട് ഏറെ കാരുണ്യമുള്ളവനുമായ അല്ലാഹുവിന്റെ മാത്രം പ്രത്യേകതകളിൽ പെട്ടതാകുന്നു അത്. എന്നാൽ, മനുഷ്യർ അവരുടെ അറിവിൽ പരിമിധിയുള്ളവരാകുന്നു.

അല്ലയോ വിശ്വാസികളെ, ഇസ്ലാമിക നിയമ സംഹിതയുടെ (ശരീഅത്തിന്റെ) സവിശേഷതകളിൽ നിന്നും നാൽപ്പതോളം സവിശേഷതകൾ നാം കഴിഞ്ഞ ഖുതുബകളിൽ പരാമർശിച്ചിരുന്നല്ലോ, ഈ ഖുതുബയിൽ മറ്റു ചിലതിനെ കുറിച്ച് അല്ലാഹുവിന്റെ അനുമതിയോടെ സംസാരിക്കാം.

39, അല്ലാഹുവിന്റെ അടിമകളേ, ഇസ്ലാമിക ശരീഅത്തിന്റെ (നിയമവ്യവസ്ഥയുടെ) സവിശേഷതകളിൽ പെട്ടതാണ്, അതിന് വിരുദ്ധമായ എല്ലാ അഭിപ്രായങ്ങളും നിരർത്ഥകമാണ് എന്നത്. സത്യവുമായി താരതമ്യം ചെയ്യുമ്പോൾ അത് നിലനിൽക്കുകയില്ല. അല്ലാഹു പറഞ്ഞു

﴿ وَقُلْ جَاءَ الْحَقُّ وَزَهَقَ الْبَاطِلُ ۚ إِنَّ الْبَاطِلَ كَانَ زَهُوقًا ﴾

സത്യം വന്നിരിക്കുന്നു. അസത്യം മാഞ്ഞുപോയിരിക്കുന്നു. തീർച്ചയായും അസത്യം മാഞ്ഞുപോകുന്നതാകുന്നു. എന്നും നീ പറയുക.

അവൻ പറഞ്ഞു

﴿ قُلْ جَاءَ الْحَقُّ وَمَا يُبْدِئُ الْبَاطِلُ وَمَا يُعِيدُ ﴾

നീ പറയുക: സത്യം വന്നു കഴിഞ്ഞു. അസത്യം യാതൊന്നിനും തുടക്കം കുറിക്കുകയില്ല. യാതൊന്നും പുനസ്ഥാപിക്കുകയുമില്ല.

അഥവാ, അസത്യം ക്ഷയിച്ചു പോകുകയും അതിന്റെ അധികാരം നിഷ്ഫലമാവുകയും അതിന്റെ ആധിപത്യം അപ്രത്യക്ഷമാവുകയും ചെയ്യും. അതിനാൽ, അത് തുടക്കം കുറിക്കുകയോ പുനഃസ്ഥാപിക്കുകയോ ഇല്ല.

40, ഇസ്ലാമിക ശരിഅത്തിന്റെ സവിശേഷതകളിൽപെടുന്നതാണ്, അതിന്റെ സ്ഥിരതയും വെല്ലുവിളികൾക്കെതിരായ ചെറുത്തുനിൽപ്പും എല്ലാ കാലഘട്ടങ്ങളിലുമുള്ള പ്രതിസന്ധികളുടെയും ശത്രുക്കളുടെ ശത്രുതയുടെയും പരമ്പരകൾക്കിടയിലും അത് തുടരുകയും നിലനിൽക്കുകയും ചെയ്യുന്നു എന്നത്. മനുഷ്യനിർമ്മിത നിയമങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഇസ്ലാമിക ശരിഅത്ത് ക്ഷയിക്കുകയോ മാറിക്കൊണ്ടിരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ മനുഷ്യനിർമ്മിത നിയമങ്ങൾ, താൽക്കാലികമായി നിലനിൽക്കുന്നതോ, അല്ലെങ്കിൽ നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമാകുന്നതോ, അതുമല്ലെങ്കിൽ എന്നന്നേക്കുമായി തകരുന്നവയോ ആണ്.

ചരിത്രത്തിലുടനീളം ഇസ്ലാമിക ശരിഅത്തിന്റെ ചെറുത്തുനിൽപ്പിന്റെ പ്രകടമായ ഭാവങ്ങളിൽ പെട്ടതാണ്, ലോകത്തെ മുഴുവൻ ക്രിസ്ത്യാനിവൽക്കരിക്കാനും കുരിശാരാധനയ്ക്ക് കീഴ്പ്പെടുത്താനും ലക്ഷ്യമിടുന്ന ക്രിസ്ത്യാനിറ്റി വൽക്കരണ പ്രസ്ഥാനങ്ങൾ പോലുള്ള ബൗദ്ധിക പ്രസ്ഥാനങ്ങൾക്കെതിരായ അതിന്റെ ചെറുത്തുനിൽപ്പ്. ക്രിസ്ത്യാനിറ്റി വൽക്കരണത്തെ പിന്തുണയ്ക്കുന്ന രാജ്യങ്ങളുടെ മഹത്തായ സാധ്യതകൾ ഉണ്ടായിരുന്നിട്ടും, ഇസ്ലാം സ്വീകരിക്കുന്നവരുടെ നിരക്ക് അവരുടെ അടുത്ത് ക്രിസ്ത്യാനിറ്റിയോ, മറ്റ് മാറ്റം വരുത്തപ്പെട്ടതോ മനുഷ്യനിർമ്മിതമോ ആയ മതങ്ങൾ സ്വീകരിക്കുന്നവരുടെ നിരക്കിനേക്കാൾ വലുതാണ്.

ഇസ്ലാമിക ശരീഅത്തിന്റെ ചരിത്രത്തിലുടനീളമുള്ള നിലനിൽപിന്റെ അടയാളങ്ങളിൽ പെട്ടതാണ്, മതത്തെ ജീവിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നും വേർതിരിക്കാനും, അടിമയും അവന്റെ റബ്ബും തമ്മിലുള്ള ബന്ധത്തിൽ മാത്രം ഒതുക്കി നിർത്താനും ലക്ഷ്യമിടുന്ന മതേതരത്വ പ്രസ്ഥാനങ്ങൾക്കെതിരേയുള്ള അതിജീവനം.

ചരിത്രത്തിലുടനീളമുള്ള ഇസ്ലാമിന്റെ അതിജീവനത്തിന്റെ അടയാളങ്ങളിൽ മറ്റൊന്നാണ്, അത് അറബ് പുനർജ്ജനി സിദ്ധാന്തം, ദേശീയ അഭിമാന ചിന്ത എന്നിവക്കെതിരേ നേടിയ അതിജീവനം. അവയെല്ലാം ഒടുവിൽ കേവലം ഒരു പഴയ ഓർമ്മ മാത്രമായിത്തീർന്നു.

ഇസ്ലാമിക ശരീഅത്തിന്റെ ചരിത്രത്തിലുടനീളമുള്ള നിലനിൽപ്പിന്റെ അടയാളങ്ങളിൽ മറ്റൊന്നാണ്, ചില മുസ്ലീം രാജ്യങ്ങളിലെ ഭരണാധികാരികളെ അട്ടിമറിക്കാനും, അധികാരം ഏറ്റെടുത്ത് രാജ്യങ്ങളെ സുരക്ഷിതവും സമൃദ്ധവുമായ നാടുകളാക്കി മാറ്റാമെന്ന് അവർ അവകാശപ്പെടുകയും ചെയ്യുന്ന അക്രമത്തിന്റെയും അരാജകത്വത്തിന്റെയും പ്രസ്ഥാനങ്ങൾക്കെതിരെയുള്ള അതിജീവനം. ഈ വിവേകശൂന്യ ചിന്താവാഹകർ അവരുടെ പദ്ധതികൾ നടപ്പാക്കിയ രാജ്യങ്ങളിൽ വരുത്തിയ പ്രത്യാഘാതങ്ങൾ ലോകം കണ്ട് മനസ്സിലാക്കിയതാണ്. സ്ഥിതി മോശമാവുകയല്ലാതെ ഉണ്ടായില്ല. പവിത്രമായ കാര്യങ്ങൾ ലംഘിക്കപ്പെടുകയും, രക്തം ചിന്തപ്പെടുകയും, അഭിമാനം അപഹരിക്കപ്പെടുകയും ചെയ്തു. മുസ്ലീങ്ങളുടെ കാര്യത്തിൽ സംഭവിച്ച ദുരന്തത്തിൽ കാഫിറുകൾ സന്തോഷിക്കുകയും ചെയതു. എന്നിട്ടും അവർ അതിനെ പേരിട്ട് വിളിച്ചത് വസന്തം (റബീഅ്) എന്ന് എന്നാണ്.

41) ഇസ്ലാമിക നിയമങ്ങളുടെ പ്രത്യേകതകളിൽ ഒന്നാണ്, അതിനെതിരെ പോരാടുന്നവർ അവസാനം പരാജയപ്പെടുകയും നിന്ദിതരാവുകയും ചെയ്യുമെന്നത്. അത് നേതാക്കന്മാരിൽ നിന്നുള്ളവരായാലും ഉന്നത സ്ഥാനങ്ങളിലുള്ളവരായാലും പ്രത്യയശാസ്ത്രപരമോ വംശീയപരമോ ആയ പ്രസ്ഥാനങ്ങളിൽ നിന്നുള്ളവരായാലും ശരി.

എവിടെയാണ് കമ്യൂണിസം? എവിടെയാണ് ദേശീയതയും അറബ് പുനർജ്ജനി സിദ്ധാന്തവും? അവയെല്ലാം ഒരു കാലത്ത് ഉണ്ടായിരുന്നിട്ട് ഇപ്പോൾ ഇല്ലാതായി തീർന്നിരിക്കുന്നു.

മറിച്ച്, പതിനാല് നൂറ്റാണ്ടുകളായുള്ള വെല്ലുവിളികൾക്കിടയിൽ ഇസ്ലാം ഇല്ലാതായിട്ടുണ്ടോ? കുരിശുയുദ്ധങ്ങളുടെ സ്വാധീനം കാരണം ഇസ്ലാം ഇല്ലാതായോ? യൂറോപ്യൻ കോളനിവാഴ്ച എന്ന് വിളിക്കപ്പെടുന്ന കാലഘട്ടത്തിന്റെ സ്വാധീനം കാരണം ഇസ്ലാം ഇല്ലാതായോ? ഇറാഖിന് മേലുള്ള താർത്താരി (മംഗോൾ)

ആക്രമണത്തിന്റെ സ്വാധീനം കാരണം ഇസ്ലാം ഇല്ലാതായോ? അഹ്‌വാസിലും ഇറാഖിലുമുള്ള റാഫിദികളുടെ ആക്രമണത്തിന്റെ സ്വാധീനം കാരണം ഇസ്ലാം ഇല്ലാതായോ? മതനിരപേക്ഷമായ ബൗദ്ധിക സിദ്ധാന്തങ്ങളുടെ ആക്രമണത്തിന്റെ സ്വാധീനം കാരണം ഇസ്ലാം ഇല്ലാതായോ?

അല്ലാഹുവാണെ സത്യം! ഇല്ല! അത് കൂടുതൽ ദൃഢവും വേരൂന്നിയതുമായി വളരുകയാണുണ്ടായത്.

അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു:

﴿ وَقُلْ جَاءَ الْحَقُّ وَزَهَقَ الْبَاطِلُ ۚ إِنَّ الْبَاطِلَ كَانَ زَهُوقًا ﴾

സത്യം വന്നിരിക്കുന്നു. അസത്യം മാഞ്ഞുപോയിരിക്കുന്നു. തീർച്ചയായും അസത്യം മാഞ്ഞുപോകുന്നതാകുന്നു. എന്നും നീ പറയുക.

അല്ലാഹുവിന്റെ അടിമകളെ, ഇസ്ലാമിക ശരീഅത്തിന്റെ സവിശേഷതകളിൽ നിന്നും ഉപകാരപ്രദമായ ചിലതാകുന്നു പരാമർശിക്കപ്പെട്ടത്. ആരാണോ ഇവ മനസ്സിലാക്കിയത്, അല്ലാഹുവിന്റെ നിയമങ്ങൾക്ക് പിന്നിലെ മഹത്തായ അവന്റെ യുക്തിയെ അറിയാനും, മനുഷ്യർ ഉണ്ടാക്കുന്ന നിയമങ്ങളുടെ ദുർബലതയെ മനസ്സിലാക്കാനും അവന് സാധിക്കുന്നതാണ്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങളവനെ സൂക്ഷിക്കുവിൻ.

42, നിങ്ങളറിയുക, ഇസ്‌ലാമിക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ്, ഏതൊരു രാഷ്ട്രമോ സമൂഹമോ ആണോ അത് പ്രാവർത്തികമാക്കുന്നത്, അല്ലാഹു അവർക്ക് ഇഹത്തിലും പരലോകത്തും സൗഭാഗ്യം വാഗ്ദാനം ചെയ്തിരിക്കുന്നു എന്നത്. അവർക്ക് ഇഹലോകത്ത് സുരക്ഷിതരും പ്രതാപമുള്ളവരുമായി, സമാധാനത്തിലും സമൃദ്ധമായ ജീവിതത്തിലും ജീവിക്കാം. പരലോകത്താകട്ടെ, വലിയ പ്രതിഫലവും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ നിയമങ്ങളെ അവഗണിക്കുന്ന രാഷ്ട്രങ്ങളോ സമൂഹങ്ങളോ, എത്ര ശക്തരോ ധിക്കാരികളോ ആണെങ്കിൽ പോലും, ദുരിതങ്ങളിലും കഷ്ടപ്പാടുകളിലുമായിരിക്കും ജീവിക്കുക. യാഥാർത്ഥ്യം അതിന് സാക്ഷിയാണ്.

പൂർവ്വികർ ഇത് മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തപ്പോൾ, ഇസ്‌ലാമിക നാഗരികത എട്ട് നൂറ്റാണ്ടുകളോളം ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചു. അപ്പോൾ അവരിൽ അല്ലാഹുവിന്റെ ഈ വചനം യാഥാർത്ഥ്യമായി:

﴿ وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْئًا ﴾

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല.

അവർ തങ്ങളുടെ മതത്തിൽ നിന്ന് പിന്തിരിഞ്ഞപ്പോൾ, അല്ലാഹു അവരിൽ നിന്ന് ആധിപത്യം നീക്കം ചെയ്യുകയും, അവരുടെ ശത്രുക്കളെ അവർക്ക് മേൽ അധികാരം നൽകുകയും ചെയ്തു, ഇപ്പോൾ നാം കാണുന്ന യാഥാർത്ഥ്യം പോലെ.

അല്ലാഹുവിന്റെ അടിമകളെ, ഈ ഖുതുബയിലൂടെ ഇസ്‌ലാമിക ശരീഅത്തിന്റെ നിയമങ്ങളുടെ സവിശേഷതകളിൽ നിന്ന് അല്ലാഹു എളുപ്പമാക്കിയ കാര്യങ്ങൾ നമ്മൾ പ്രതിപാദിച്ച് പൂർത്തിയാക്കിയിരിക്കുന്നു, നാൽപത്തിരണ്ടോളം സവിശേഷതകളാണ് നാം വ്യക്തമാക്കിയത്. അവ അറിയുകയും ഉൾക്കൊള്ളുകയും ചെയ്യുന്നവൻ ഇസ്‌ലാമിന്റെ ശരീഅത്തിലുള്ള അല്ലാഹുവിന്റെ യുക്തി മനസ്സിലാക്കും, അതുപോലെ നമ്മുടെ കാലഘട്ടത്തിലെ കപടവിശ്വാസികളുടെ - അതായത് സെക്യുലറിസ്റ്റുകളുടെ - വഴികേട് മനസ്സിലാക്കുകയും ചെയ്യും, കാരണം അവർ ഇസ്‌ലാമിനെയും അതിന്റെ നിയമങ്ങളെയും വിമർശിക്കുകയും, അത് പിന്നോക്കാവസ്ഥയുടെയും പിന്തിരിപ്പിന്റെയും മതമാണെന്ന് വാദിക്കുകയും ചെയ്യുന്നു. ഈ വിശേഷണത്തിന് കൂടുതൽ യോഗ്യർ അവർ തന്നെയാണ്. അവരുടെ സംശയങ്ങളിൽ നിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.

അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

5

നിസ്കാരം

വെള്ളിയാഴ്ചയുടെ പ്രത്യേകതകൾ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അവന്റെ വിധിവിലക്കുകൾ സൂക്ഷിക്കുക. അവന്റെ മഹത്വം ഉൾക്കൊള്ളുകയും അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. അക്കാര്യത്തിൽ നിങ്ങൾ ക്ഷമയവലംബിക്കുക.

നിങ്ങളറിയുക, അല്ലാഹുവിന്റെ റുബൂബിയ്യത്തിന്റെ ഭാഗമാണ് അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് അവൻ പ്രത്യേകം മഹത്വം നിശ്ചയിക്കുന്നു എന്നത്. അത് അല്ലാഹുവിന് മാത്രം അർഹതപ്പെട്ട കാര്യമാണ്. വ്യക്തികളിൽ നിന്നും സ്ഥലങ്ങളിൽ നിന്നും സമയങ്ങളിൽ നിന്നും അവൻ ഉദ്ദേശിച്ചവക്ക് അവൻ തന്റെ അങ്ങേയറ്റത്തെ യുക്തിയുടെ ഭാഗമായി മഹത്വം നൽകുന്നു. അല്ലാഹു പറയുന്നു :

﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَار﴾

താങ്കളുടെ റബ്ബ് അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും പ്രത്യേകം തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

മനുഷ്യരിൽ നിന്ന് അല്ലാഹു അമ്പിയാക്കളെ തിരഞ്ഞെടുത്തു. അമ്പിയാക്കളിൽ നിന്ന് ; നൂഹ്, ഇബ്രാഹിം, ഈസാ , മൂസാ മുഹമ്മദ് എന്നിങ്ങനെ ചിലർക്ക് കൂടുതൽ ശ്രേഷ്ഠത നൽകി തിരഞ്ഞെടുത്തു. അവരെ ഉലുൽ അസ്മ് എന്ന് വിളിക്കുന്നു. അവരിൽ തന്നെ മുഹമ്മദ് നബിയെയും ഇബ്രാഹിം

നബിയെയും അല്ലാഹു അവന്റെ കൂട്ടുകാരായി തിരഞ്ഞെടുത്തു. അവരിരുവരിൽ ഏറ്റവും ശ്രേഷ്ഠനായ മുഹമ്മദ് നബിയെ തിരഞ്ഞെടുത്തു.

മക്കയെ അല്ലാഹു തിരഞ്ഞെടുക്കുകയും ഏറ്റവും ശ്രേഷ്ഠമായ ഭൂമിയാക്കുകയും ചെയ്തു. അതുപോലെതന്നെ മദീനയെയും. അവിടെയുള്ള മസ്ജിദുകളിൽ നിസ്കരിക്കുന്നതിന് പല ഇരട്ടി പ്രതിഫലം നിശ്ചയിച്ചു. ഇങ്ങനെ അല്ലാഹു തെരഞ്ഞെടുത്ത കാര്യങ്ങളിൽ പെട്ടതാണ് വെള്ളിയാഴ്ച. വെള്ളിയാഴ്ച ദിവസത്തെ അല്ലാഹു പ്രത്യേകം തിരഞ്ഞെടുക്കുകയും ഒരുപാട് മഹത്വങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അതിനു ചില കാരണങ്ങളുണ്ട്;

1. മഹത്തായ പല സംഭവങ്ങളും വെള്ളിയാഴ്ച ഉണ്ടായിട്ടുണ്ട്.

നബി ﷺ പറയുന്നു:

إن مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ، فِيهِ خُلِقَ آدَمُ، وَفِيهِ قُبِضَ، وَفِيهِ النَّفْخَةُ، وَفِيهِ الصَّعْقَةُ

"നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദിവസം വെള്ളിയാഴ്ച ആകുന്നു. അന്നാണ് ആദം സൃഷ്ടിക്കപ്പെട്ടത്. അദ്ദേഹം മരണപ്പെട്ടതും അന്നുതന്നെ. അന്നാണ് സ്വൂറുകളിൽ ഊതപ്പെടുന്നതും. അതിന് തുടർന്ന് ജനങ്ങൾ ഒന്നടങ്കം മരിച്ചു വീഴുന്നതും."

നബി ﷺ പറഞ്ഞു :

خَيْرُ يَوْمٍ طَلَعَتْ عَلَيْهِ الشَّمْسُ يَوْمُ الْجُمُعَةِ، فِيهِ خُلِقَ آدَمُ، وَفِيهِ أُدْخِلَ الْجَنَّةَ، وَفِيهِ أُخْرِجَ مِنْهَا، ولا تقوم الساعة إلا في يوم الجمعة

"സൂര്യനുദിച്ച ദിവസങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായത് വെള്ളിയാഴ്ചയാകുന്നു. അന്നാണ് ആദം സൃഷ്ടിക്കപ്പെട്ടതും അദ്ദേഹം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതും സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടതും. വെള്ളിയാഴ്ച ആയിരിക്കും അന്ത്യനാൾ സംഭവിക്കുക."

2. മുസ്ലിമീങ്ങൾ ഒരുമിച്ചു കൂടുകയും മനുഷ്യ സൃഷ്ടിപ്പിന്റെ തുടക്കത്തെ കുറിച്ച് ഇനി അവന്റെ മടക്കത്തെക്കുറിച്ച് സ്മരിക്കുകയും ചെയ്യുന്ന ദിവസമാണത്. എല്ലാ സമുദായങ്ങൾക്കും അല്ലാഹു ഇങ്ങനെയുള്ള ദിവസങ്ങൾ നിയമമാക്കിയിരുന്നു. അതിന് ഏറ്റവും അർഹതപ്പെട്ട വെള്ളിയാഴ്ച ദിവസം അല്ലാഹു മുഹമ്മദ് നബിയുടെ ഉമ്മത്തിനുവേണ്ടി മാറ്റിവച്ചു. അങ്ങനെ അന്ന് മുസ്ലീങ്ങൾ ഒരുമിച്ചു കൂടുകയും അല്ലാഹുവിനെ ഒരുമിച്ച് ഇബാദത്ത് ചെയ്യുകയും സൃഷ്ടിപ്പിന്റെ യുക്തിയും രഹസ്യവും ആകാശഭൂമികൾ ചുരുട്ടപ്പെടുന്നതിനെക്കുറിച്ചും ഖിയാമത്ത് നാളിനെ കുറിച്ചുമുള്ള അലങ്കനീയമായ വാഗ്ദാനങ്ങൾ സ്മരിക്കുകയും ചെയ്യുന്നു.

അതുകൊണ്ടുതന്നെ ഈ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ﴿അലിഫ് ലാം മീം തൻസീൻ﴾ ﴿ ഹൽ അതാ അലൽ ഇൻസാനി ﴾ എന്നീ സുഹൃത്തുക്കൾ വെള്ളിയാഴ്ച ഫജറിനെ നബി ﷺ പാരായണം ചെയ്യാറുണ്ടായിരുന്നു.

3. വെള്ളിയാഴ്ചയുടെ പ്രത്യേകതകളിൽ പെട്ടതാണ് അത് ആഴ്ചയിലെ ആഘോഷ ദിവസമാണ് എന്നത്.

നബി ﷺ പറഞ്ഞു:

إِنَّ هَذَا يَوْمُ عِيدٍ جَعَلَهُ اللَّهُ لِلْمُسْلِمِينَ، فَمَنْ جَاءَ إِلَى الْجُمُعَةِ فَلْيَغْتَسِلْ، وَإِنْ كَانَ طِيبٌ فَلْيَمَسَّ مِنْهُ، وَعَلَيْكُمْ بِالسِّوَاكِ

"ഇത് അല്ലാഹു മുസ്ലിമീങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ആഘോഷദിവസം ആകുന്നു. അതുകൊണ്ട് വെള്ളിയാഴ്ച സമാഗതമായാൽ നിങ്ങൾ കുളിക്കുകയും സുഗന്ധം ഉപയോഗിക്കുകയും പല്ല് വൃത്തിയാക്കുകയും ചെയ്യുക."

4. വെള്ളിയാഴ്ചയെ അല്ലാഹു ഏറ്റവും ശ്രേഷ്ഠമായ സമുദായമായ മുഹമ്മദ് നബിയുടെ സമുദായത്തിന് വേണ്ടി മാറ്റിവെക്കുകയും അവർക്ക് നൽകുകയും ചെയ്തു എന്നതും ആ ദിവസത്തിന്റെ പ്രത്യേകതയാണ്. മറ്റു സമുദായങ്ങൾക്ക് അത് ലഭിച്ചില്ല.

നബി ﷺ പറഞ്ഞു :

أَضَلَّ اللَّهُ عَنْ الْجُمُعَةِ مَنْ كَانَ قَبْلَنَا، فَكَانَ لِلْيَهُودِ يَوْمُ السَّبْتِ، وَكَانَ لِلنَّصَارَى يَوْمُ الأَحَدِ، فَجَاءَ اللَّهُ بِنَا فَهَدَانَا اللَّهُ لِيَوْمِ الْجُمُعَة

"അല്ലാഹു വെള്ളിയാഴ്ചയെ മറ്റു സമുദായങ്ങൾക്ക് നൽകിയില്ല. ജൂതന്മാർക്ക് ശനിയാഴ്ചയും ക്രിസ്ത്യാനികൾക്ക് ഞായറാഴ്ചയും ആയിരുന്നു അവൻ നൽകിയത്. നമ്മുടെ ഈ സമുദായത്തിന് അവൻ വെള്ളിയാഴ്ച പ്രത്യേകമായി നൽകി."

5. വെള്ളിയാഴ്ച രാവിലെ നിസ്കരിക്കുന്ന വെള്ളിയാഴ്ച രാവിലെ നിസ്കരിക്കുന്ന ഫജ്ർ നിസ്കാരം ആണ് നിസ്കാരം ആണ് ആഴ്ചയിലെ ഏറ്റവും ഇഷ്ടമായ നിസ്ക്കാരം.

നബി ﷺ പറഞ്ഞു :

أفضل الصلوات عند الله صلاة الصبح يوم الجمعة في جماعة

"അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം വെള്ളിയാഴ്ച സുബ്ഹ് ജമാഅത്തായി നിർവഹിക്കുന്നതാണ്."

കാരണം, സുബ്ഹ് ഏറ്റവും ശ്രേഷ്ഠമായ നിസ്കാരമാണ്. വെള്ളി ഏറ്റവും ശ്രേഷ്ഠമായ ദിവസമാണ്. ജമാഅത്തായി നിസ്കരിക്കുന്നത് ഒറ്റക്ക്

നിസ്കരിക്കുന്നതിനേക്കാൾ ഏറെ മഹത്വമുള്ളതാണ്. ഈ ശ്രേഷ്ഠതകളെല്ലാം ഇതിൽ ഒരുമിക്കുന്നു.

6. വെള്ളിയാഴ്ച ഫജ്ർ നിസ്കാരത്തിൽ ഒന്നാമത്തെ റക്അത്തിൽ അസ്-സജദയും രണ്ടാമത്തെ റക്അത്തിൻ അൽ- ഇൻസാനും പാരായണം ചെയ്യൽ സുന്നത്താണ്.

كان الرسول ﷺ كَانَ يَقْرَأُ فِي الصُّبْحِ يَوْمَ الْجُمُعَةِ بِـ ﴿الٓمٓ تَنْزِيلُ﴾ فِي الرَّكْعَةِ الأُولَى، وَفِي الثَّانِيَةِ ﴿هَلْ أَتَى عَلَى الإِنْسَانِ حِينٌ مِنْ الدَّهْرِ لَمْ يَكُنْ شَيْئًا مَذْكُورًا﴾

"റസൂൽ വെള്ളിയാഴ്ച ഫജ്ർ നിസ്കാരത്തിൽ ഒന്നാമത്തെ റക്അത്തിൽ അസ്-സജദയും രണ്ടാമത്തെ റക്അത്തിൻ അൽ- ഇൻസാനും പാരായണം ചെയ്യാറുണ്ടായിരുന്നു."

ഇബ്നു തൈമിയ്യ رحمه الله പറയുന്നു :

ഈ രണ്ട് സൂറത്തുകൾ അല്ലാഹുവിന്റെ റസൂൽ ﷺ വെള്ളിയാഴ്ച ഫജ്റിൽ പാരായണം ചെയ്യാൻ കാരണം; വെള്ളിയാഴ്ച സംഭവിച്ചതും സംഭവിക്കുന്നതുമായ കാര്യങ്ങൾ അവയിൽ അടങ്ങിയിട്ടുണ്ട് എന്നത് കൊണ്ടാണ്. ആദം നബിയുടെ സൃഷ്ടിപ്പ്, പരലോകത്തേക്കുള്ള മനുഷ്യന്റെ മടക്കം, മഹ്ശറിൽ ഒരുമിച്ച് കൂട്ടൽ തുടങ്ങിയ കാര്യങ്ങൾ ഈ സൂറത്തുകളിലെ വിഷയമാണ്. അക്കാര്യങ്ങളെ കുറിച്ചുള്ള ഒരു ഓർമപ്പൊടുത്തൽ കൂടിയാണ് ഈ സൂറത്തുകളുടെ പരായണം.

7. അന്ന് സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യൽ സുന്നത്താണ്.

നബി ﷺ പറഞ്ഞു :

إن من قرأ سورة الكهف يوم الجمعة أضاء له من النور ما بين الجمعتين

"വെള്ളിയാഴ്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്തവർക്ക് അടുത്ത ജുമുഅ വരെ അത് പ്രകാശം ചൊരിയും."

8. വെള്ളിയാഴ്ചയുടെ മറ്റൊരു പ്രത്യേകതയാണ് അന്നുള്ള പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയം.

റസൂൽ ﷺ الله പറഞ്ഞു :

إنَّ في الجمعة لساعة لا يوافقها مسلمٌ يسأل الله فيها خيراً إلا أعطاه إياه. قال: وهي ساعة خفيفة

"വെള്ളിയാഴ്ച ഒരു സമയമുണ്ട്. ആ സമയത്ത് നല്ല കാര്യങ്ങൾ പ്രാർത്ഥിച്ചാൽ അല്ലാഹുവത് നൽകാതിരിക്കില്ല. അത് വളരെ ചെറിയ ഒരു സമയമാണ്."

9. വെള്ളിയാഴ്ച രാവിലോ പകലിലോ മരണപ്പെടുന്നവർക്ക് കബ്റിലെ ഫിത്നയിൽ നിന്നും സംരക്ഷണം ലഭിക്കും. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

مَا مِنْ مُسْلِمٍ يَمُوتُ يَوْمَ الْجُمُعَةِ أَوْ لَيْلَةَ الْجُمُعَةِ إِلا وَقَاهُ اللَّهُ فِتْنَةَ الْقَبْرِ

"വെള്ളിയാഴ്ച്ച രാവിലോ പകലിലോ മരണപ്പെടുന്ന ഏതൊരു മുസ്ലിമിനെയും അല്ലാഹു ഖബ്റിലെ ഫിത്നയിൽ നിന്ന് രക്ഷപ്പെടുത്താതിരിക്കില്ല."

10. വെള്ളിയാഴ്ച്ചയുടെ മറ്റൊരു പ്രത്യേകതയാണ് ജുമുഅ നിസ്കാരം. അതേറ്റവും ശ്രേഷ്ഠമായ, മഹത്വമുള്ള ഒരു നിസ്കാരമാണ്. ജുമുഅ നിസ്കാരത്തിലേക്ക് പ്രത്യേകം അല്ലാഹു വിശ്വാസികളെ ഖുർആനിൽ ക്ഷണിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു :

﴿يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِنْ يَوْمِ الْجُمُعَةِ فَاسْعَوْا إِلَى ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَلِكُمْ خَيْرٌ لَكُمْ إِنْ كُنتُمْ تَعْلَمُونَ﴾

സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ.

11. വെള്ളിയാഴ്ച്ച നൽകുന്ന സ്വദഖക്ക് ഇരട്ടി പ്രതിഫലം ലഭിക്കും.

കഅ്ബ് ﷺ പറയുന്നു :

"വെള്ളിയാഴ്ചയിലെ സ്വദഖ മറ്റു ദിവസങ്ങളിലെ സ്വദഖകളേക്കാൾ ശ്രേഷ്ടമാണ്."

അദ്ദേഹം തന്നെ പറയുന്നു :

"വെള്ളിയാഴ്ചയിലെ സ്വദഖ ഇരട്ടിയാക്കപ്പെടും."

ഇബ്നുൽ ഖയ്യിം ﷺ പറയുന്നു :

"വെള്ളിയാഴ്ചയിലെ സ്വദഖക്ക് മറ്റു ദിവസങ്ങളിലെ സ്വദഖയേക്കാൾ പ്രത്യേകതയുണ്ട്. മറ്റു ദിവസങ്ങളിലെ സ്വദഖകളെ അപേക്ഷിച്ച് അന്നത്തെ സ്വദഖ മറ്റു മാസങ്ങളെ അപേക്ഷിച്ച് റമളാൻ മാസത്തിലെ സ്വദഖയെ പോലെയാണ്. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ ﷺ ജുമുഅക്ക് പുറപ്പെടുമ്പോൾ വീട്ടിൽ ഉള്ളതെന്താണോ അത് കയ്യിൽ കരുതി രഹസ്യമായ സ്വദഖ നൽകുന്നത് ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹം പറയാറുണ്ടായിരുന്നു : റസൂലിനോട് സംഭാഷണം

നടത്തുന്നതിന് മുമ്പായി സ്വദഖ നൽകാൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ടെങ്കിൽ അല്ലാഹുവിനോടുള്ള രഹസ്യ സംഭാഷണത്തിന്ന് മുന്നോടിയായി സ്വദഖ നൽകുന്നത് അതിനേക്കാൾ ശ്രേഷ്ഠവും പുണ്യകരവുമാണ്."

12. വെള്ളിയാഴ്ച റസൂൽ ﷺ ക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നത് വർദ്ധിപ്പിക്കൽ സുന്നത്താണ്.

അന്നതിന് പ്രത്യേകം പുണ്യമുണ്ട്. കാരണം ദുൻയവിയും ഉഖറവിയുമായ ധാരാളം നന്മകളും നമുക്ക് ലഭിച്ചത് റസൂൽ ﷺ മുഖേനയാണ്.

അതിനുള്ള നന്ദിയുടെയും ബാധ്യത നിർവഹണത്തിന്റെയും ഭാഗമാണ് ഈ ദിവസം സ്വലാത്ത് വർദ്ധിപ്പിക്കൽ.

അർത്ഥമറിഞ്ഞ്, ഇത് റസൂലിന് വേണ്ടി അവിടുത്തെ പ്രശംസിക്കാനും പദവി ഉയർത്താനും വേണ്ടിയുള്ള പ്രാർത്ഥനയാണെന്നും ഉൾകൊണ്ട് വേണം സ്വലാത്ത് ചൊല്ലുക.

ഈ കാരണങ്ങളൊക്കെ കാരണമാണ് വെള്ളിയാഴ്ചക്ക് പ്രത്യേകതയുള്ളതും അത് ദിവസങ്ങളുടെ നേതാവായി കണക്കാക്കുന്നതും.

രണ്ടാം ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹുവിന്റെ അടിമകളെ നിങ്ങൾ അവന്റെ വിധിവിലക്കുകളെ സൂക്ഷിച്ചു ജീവിക്കുക.

നിങ്ങളിയുക, വെള്ളിയാഴ്ച സ്വലാത്ത് വർദ്ധിപ്പിക്കൽ അല്ലാഹു നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു. അല്ലാഹു പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

ജുമുഅ നമസ്കാരത്തിന്റെ പ്രത്യേകതകളും ശ്രേഷ്ഠതകളും

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്ലിംകളേ, നിങ്ങൾ അല്ലാഹുവെ ഭയപ്പെടുകയും അവന്റെ നിരീക്ഷണത്തെ സൂക്ഷിക്കുകയും ചെയ്യുക. അല്ലാഹു അവൻ ഉദ്ദേശിക്കുന്ന വസ്തുക്കൾക്കും വ്യക്തികൾക്കും സ്ഥലങ്ങൾക്കും സമയങ്ങൾക്കും ആരാധനകൾക്കും മറ്റുള്ളവയെക്കാൾ ശ്രേഷ്ഠത നൽകുന്നത് അവന്റെ റുബൂബിയ്യത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു:

﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَار﴾

"നിന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തനിക്ക് ഇഷ്ടമുള്ളതിനെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു."

അല്ലാഹു നമസ്കാരങ്ങളിൽ നിന്ന് ജുമുഅ നമസ്കാരത്തെ തിരഞ്ഞെടുക്കുകയും അതിന് ചില പ്രത്യേകതകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

1. ഇസ്ലാമിലെ ഏറ്റവും നിർബന്ധമായ ബാധ്യതകളിൽ ഒന്നാണത്. മുസ്ലിംകളുടെ ഏറ്റവും വലിയ ഒത്തുചേരലുകളിൽ ഒന്നാണത്.

2. കുളിയും സുഗന്ധവും: ജുമുഅക്ക് വേണ്ടി കുളിക്കുന്നത് ശക്തമായ സുന്നത്താണ്. അതോടൊപ്പം സുഗന്ധം ഉപയോഗിക്കുന്നതും പല്ല് തേക്കുന്നതും ഏറ്റവും നല്ല വസ്ത്രം ധരിക്കുന്നതും സുന്നത്താണ്. നബി ﷺ അബൂ അദ്ദർദാഅ് ﷺ നിവേദനം ചെയ്ത ഹദീസിൽ ഇപ്രകാരം പറഞ്ഞു:

﴿مَنْ اغْتَسَلَ يَوْمَ الْجُمُعَةِ ثُمَّ لَبِسَ مِنْ أَحْسَنِ ثِيَابِهِ، وَمَسَّ طِيبًا إِنْ كَانَ عِنْدَهُ، ثُمَّ مَشَى إِلَى الْجُمُعَةِ وَعَلَيْهِ السَّكِينَةَ، وَلَمْ يَتَخَطَّ أَحَدًا وَلَمْ يُؤْذِهِ، ثُمَّ رَكَعَ مَا قُضِيَ لَهُ، ثُمَّ انْتَظَرَ حَتَّى يَنْصَرِفَ الْإِمَامُ؛ غُفِرَ لَهُ مَا بَيْنَ الْجُمُعَتَيْنِ﴾

"ആരെങ്കിലും വെള്ളിയാഴ്ച കുളിക്കുകയും, തന്റെ പക്കലുള്ള ഏറ്റവും നല്ല വസ്ത്രം ധരിക്കുകയും, സുഗന്ധമുണ്ടെങ്കിൽ അത് ഉപയോഗിക്കുകയും, ശേഷം ശാന്തതയോടെ ജുമുഅക്ക് നടന്നുപോവുകയും, ആരെയും മറികടന്ന് പോകാതിരിക്കുകയും ആരെയും ബുദ്ധിമുട്ടിക്കാതിരിക്കുകയും, ശേഷം തനിക്ക് നിശ്ചയിക്കപ്പെട്ട നമസ്കാരം നിർവ്വഹിക്കുകയും ഇമാം മടങ്ങുന്നത് വരെ കാത്തിരിക്കുകയും ചെയ്താൽ രണ്ട് ജുമുഅകൾക്കിടയിലുള്ള അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."

സൽമാൻ അൽ ഫാരിസി ﷺ വിൽ നിന്നുള്ള മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: നബി ﷺ പറഞ്ഞു:

لاَ يَغْتَسِلُ رَجُلٌ يَوْمَ الجُمُعة، وَيَتَطَهَّرُ مَا اسْتَطَاعَ منْ طُهر، وَيدَّهنُ منْ دُهْنِهِ أوْ يَمسُّ مِنْ طِيب بَيْته، ثُمَّ يَخْرُجُ فَلاَ يُفَرِّقُ بَيْنَ اثْنيْن، ثُمَّ يُصَلِّي ما كُتِبَ له، ثُمَّ يُنْصِتُ إذَا تَكَلَّمَ الإمامُ؛ إلاَّ غُفِرَ لهُ مَا بَيْنَهُ وَبَيَن الجمُعَةِ الأُخْرَى

"ഒരാൾ വെള്ളിയാഴ്ച ദിവസം കുളിക്കുകയും തനിക്ക് സാധ്യമായത്ര ശുദ്ധി വരുത്തുകയും, എണ്ണയിട്ട് ഭംഗിയാവുകയോ വീട്ടിലുള്ള സുഗന്ധം പുരട്ടുകയോ ചെയ്യുകയും, എന്നിട്ട് പള്ളിയിലേക്ക് പുറപ്പെടുകയും അവിടെ ഇരിക്കുന്ന രണ്ട് വകഞ്ഞുമാറ്റാതിരിക്കുകയും, തനിക്ക് നിശ്ചയിക്കപ്പെട്ട നമസ്കാരം നിർവ്വഹിക്കുകയും, ഇമാം സംസാരിക്കുമ്പോൾ നിശബ്ദനായി അത് കേട്ടിരിക്കുകയും ചെയ്താൽ; ആ ജുമുഅക്കും അടുത്ത ജുമുഅക്കുമിടയിലുള്ള പാപങ്ങൾ അവന് പൊറുക്കപ്പെടാതിരിക്കില്ല."

അബൂ സഈദ് അൽ ഖുദ്രി ﷺ പറയുന്നു: നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ സാക്ഷ്യം വഹിക്കുന്നു:

الْغُسْلُ يَوْمَ الْجُمُعَةِ وَاجِبٌ عَلَى كُلِّ مُحْتَلِمٍ، وَأَنْ يَسْتَنَّ، وَأَنْ يَمَسَّ طِيبًا إِنْ وَجَدَ

"വെള്ളിയാഴ്ച ദിവസം കുളിക്കുക എന്നത് പ്രായപൂർത്തിയായ ഏതൊരാൾക്കും വാജിബാണ് പല്ല് തേക്കലും സുഗന്ധം ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കലും അവൻ ചെയ്യേണ്ടതാണ്."

3. പ്രത്യേക വസ്ത്രം: ജുമുഅക്ക് വേണ്ടി പ്രത്യേകമായി ഒരു വസ്ത്രം മാറ്റിവെക്കുന്നത് സുന്നത്താണ്. ആയിഷ ﵂ നിവേദനം ചെയ്ത ഹദീസിൽ പറയുന്നു: നബി ﷺ ഒരിക്കൽ വെള്ളിയാഴ്ച ഖുതുബ നിർവ്വഹിക്കുമ്പോൾ ജനങ്ങൾ 'നിമാർ' (പുലിയുടെ നിറമുള്ള ഒരുതരം വസ്ത്രം) ധരിച്ചതായി കണ്ടു. അപ്പോൾ നബി ﷺ പറഞ്ഞു:

مَا عَلَى أَحَدِكُمْ إِنْ وَجَدَ سَعَةً أَنْ يَتَّخِذَ ثَوْبَيْنِ لِجُمُعَتِهِ سِوَى ثَوْبَيْ مِهْنَتِهِ

"നിങ്ങളിൽ കഴിവുള്ളവർ ജോലിക്ക് ഉപയോഗിക്കുന്ന വസ്ത്രത്തിന് പുറമെ ജുമുഅക്ക് വേണ്ടി മാത്രമായി രണ്ട് വസ്ത്രങ്ങൾ കരുതിയാൽ എന്താണ് കുഴപ്പം?"

4. പള്ളിയിൽ സുഗന്ധം പുകയ്ക്കൽ: ഉമർ ബിൻ ഖത്താബ് ﵁ വെള്ളിയാഴ്ച ഉച്ചസമയം ആകുമ്പോൾ മദീനയിലെ പള്ളിയിൽ സുഗന്ധം പുകയ്ക്കാൻ കൽപ്പിക്കുമായിരുന്നു.

5. നേരത്തെ പുറപ്പെടലും നടത്തവും: ജുമുഅക്ക് നേരത്തെ പോകുന്നതും നടന്നുപോകുന്നതുമാണ് ഉത്തമം. ഔസ് ബിൻ ഔസ് ﵁ നിവേദനം ചെയ്യുന്നു: നബി ﷺ പറഞ്ഞു:

مَنْ اغْتَسَلَ يَوْمَ الْجُمُعَةِ وَغَسَّلَ، وَبَكَّرَ وَابْتَكَرَ، وَدَنَا وَاسْتَمَعَ وَأَنْصَتَ؛ كَانَ لَهُ بِكُلِّ خُطْوَةٍ يَخْطُوهَا أَجْرُ سَنَةٍ صِيَامُهَا وَقِيَامُهَا

"ആരെങ്കിലും വെള്ളിയാഴ്ച കുളിക്കുകയും തന്റെ കുടുംബത്തെ കുളിപ്പിക്കുകയും, നേരത്തെ പുറപ്പെടുകയും, ഇമാമിനോട് അടുത്തിരിക്കുകയും ശ്രദ്ധിച്ചു കേൾക്കുകയും നിശബ്ദനായിരിക്കുകയും ചെയ്താൽ അവൻ വെക്കുന്ന ഓരോ ചുവടിനും ഒരു വർഷത്തെ നോമ്പിന്റെയും രാത്രി നമസ്കാരത്തിന്റെയും പ്രതിഫലം ലഭിക്കുന്നതാണ്."

നേരത്തെ പോകുന്നതിന്റെ ശ്രേഷ്ഠതയെ കുറിച്ച് അബൂഹുറൈറ ﵁ റിപ്പോർട്ട് ചെയ്യുന്നു: നബി ﷺ ഇപ്രകാരം പറഞ്ഞു:

مَنْ اغْتَسَلَ يَوْمَ الْجُمُعَةِ غُسْلَ الْجَنَابَةِ ثُمَّ رَاحَ؛ فَكَأَنَّمَا قَرَّبَ بَدَنَةً، وَمَنْ رَاحَ فِي السَّاعَةِ الثَّانِيَةِ فَكَأَنَّمَا قَرَّبَ بَقَرَةً، وَمَنْ رَاحَ فِي السَّاعَةِ الثَّالِثَةِ فَكَأَنَّمَا قَرَّبَ كَبْشًا أَقْرَنَ، وَمَنْ رَاحَ فِي السَّاعَةِ الرَّابِعَةِ فَكَأَنَّمَا قَرَّبَ دَجَاجَةً، وَمَنْ رَاحَ فِي السَّاعَةِ الْخَامِسَةِ فَكَأَنَّمَا قَرَّبَ بَيْضَةً، فَإِذَا خَرَجَ الْإِمَامُ حَضَرَتْ الْمَلَائِكَةُ يَسْتَمِعُونَ الذِّكْر

"ആരെങ്കിലും വെള്ളിയാഴ്ച ദിവസം ജനാബത്ത് കുളി കുളിക്കുന്നത് പോലെ കുളിക്കുകയും, എന്നിട്ട് ആദ്യത്തെ സമയത്ത് പള്ളിയിലേക്ക് പോവുകയും ചെയ്താൽ അവൻ ഒരു ഒട്ടകത്തെ ബലി നൽകിയവനെപ്പോലെയാകുന്നു. രണ്ടാമത്തെ സമയത്ത് പോകുന്നവൻ ഒരു പശുവിനെ ബലി നൽകിയവനെപ്പോലെയും, മൂന്നാമത്തെ സമയത്ത് പോകുന്നവൻ കൊമ്പുള്ള ഒരു ആടിനെ ബലി നൽകിയവനെപ്പോലെയും, നാലാമത്തെ സമയത്ത് പോകുന്നവൻ ഒരു കോഴിയെ ബലി നൽകിയവനെപ്പോലെയും, അഞ്ചാമത്തെ സമയത്ത് പോകുന്നവൻ ഒരു മുട്ട നൽകിയവനെപ്പോലെയുമാകുന്നു. എന്നാൽ ഇമാം (മിമ്പറിലേക്ക്) കയറിയാൽ മലക്കുകൾ പള്ളിയിൽ സന്നിഹിതരാവുകയും ഉപദേശം ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യും."

6. സുന്നത്ത് നിസ്കാരം : ജുമുഅ പള്ളിയിൽ പ്രവേശിച്ച ഒരാൾക്ക് ഇമാം മിമ്പറിൽ കയറുന്നത് വരെ എത്ര വേണമെങ്കിലും ഐച്ഛിക നമസ്കാരങ്ങൾ നിർവ്വഹിക്കാവുന്നതാണ്. സൂര്യൻ കൃത്യം മുകളിലായി ഉച്ചയ്ക്ക് നിൽക്കുന്ന സമയത്ത് നമസ്കരിക്കുന്നത് സാധാരണ വിലക്കപ്പെട്ടതാണെങ്കിലും വെള്ളിയാഴ്ച അതിന് കറാഹത്തില്ല എന്നതാണ് ഈ നിസ്കാരത്തിന്റെ പ്രത്യേകത. "തനിക്ക് നിശ്ചയിക്കപ്പെട്ടത് അവൻ നമസ്കരിക്കട്ടെ" എന്ന നബി ﷺ യുടെ വചനമാണ് ഇതിന് തെളിവ്. ഇമാം ഷാഫി رحمه الله യും ഇബ്നു തൈമിയ്യ رحمه الله യും ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

7. ഖുതുബ ശ്രദ്ധിക്കൽ: ഇമാം സംസാരിക്കുമ്പോൾ മിണ്ടാതിരിക്കുക എന്നത് നിർബന്ധമാണ്. നബി ﷺ പറഞ്ഞു:

إِذَا قُلْتَ لِصَاحِبِكَ أَنْصِتْ وَالْإِمَامُ يَخْطُبُ يَوْمَ الْجُمُعَةِ فَقَدْ لَغَوْتَ

"വെള്ളിയാഴ്ച ഇമാം ഖുതുബ നിർവ്വഹിച്ചുകൊണ്ടിരിക്കെ നിന്റെ കൂട്ടുകാരനോട് 'നീ നിശബ്ദനായിരിക്കുക' എന്ന് നീ പറഞ്ഞാൽ പോലും നീ അനാവശ്യമാണ് പ്രവർത്തിച്ചത് (അതായത്, നിന്റെ ജുമുഅയുടെ പ്രതിഫലം നീ നഷ്ടപ്പെടുത്തി)"

8. പാപമോചനം: അബൂഹുറൈറ ﵁ വിൽ നിന്നുള്ള റിപ്പോർട്ട്: നബി ﷺ പറഞ്ഞു:

الصَّلاةُ الْخَمْسُ، وَالْجُمْعَةُ إِلَى الْجُمْعَةِ، كَفَّارَةٌ لِمَا بَيْنَهُنَّ مَا لَمْ تُغْشَ الْكَبَائِرَ

"അഞ്ചു നേരത്തെ നമസ്കാരങ്ങളും, ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയും അവയ്ക്കിടയിലുള്ള പാപങ്ങൾക്ക് പരിഹാരമാകുന്നു; വൻപാപങ്ങൾ ചെയ്യാതിരുന്നാൽ."

9. ഖുർആൻ പാരായണം: ജുമുഅ നമസ്കാരത്തിലെ രണ്ട് റക്അത്തുകളിലായി സൂറത്തുൽ ജുമുഅയും സൂറത്തുൽ മുനാഫിഖൂനും ഓതുന്നത് പ്രവാചകചര്യയാണ്. അല്ലെങ്കിൽ 'സബ്ബിഹിസ്മ', 'ഗാശിയ' എന്നീ സൂറത്തുകൾ ഓതാം. ഇതിന്റെ യുക്തിയെക്കുറിച്ച് ഇബ്നുൽ ഖയ്യിം ﵀ പറയുന്നത്: ഈ സൂറത്തുകളിൽ ജുമുഅയുടെ കൽപ്പനയും, ബിസിനസ്സുകൾ മാറ്റിവെച്ച് അതിലേക്ക് വേഗത്തിൽ വരാനുള്ള നിർദ്ദേശവും അടങ്ങിയിരിക്കുന്നു. കൂടാതെ, സമ്പത്തും മക്കളും കാരണം അല്ലാഹുവെ സ്മരിക്കുന്നതിൽ നിന്ന് പരാജയപ്പെട്ടുപോകുന്ന കപടവിശ്വാസികളെക്കുറിച്ച് ഇത് മുന്നറിയിപ്പ് നൽകുന്നു.

10. ഉപേക്ഷിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പ്: അബൂ ജഅദ് അദ്ദുമ്രിയിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

مَنْ تَرَكَ ثَلَاثَ جُمَعٍ تَهَاوُنًا مِنْ غَيْرِ عُذْرٍ طَبَعَ اللَّهُ عَلَى قَلْبِهِ

"ആരെങ്കിലും അലസത കാരണം ഒരു കാരണവുമില്ലാതെ മൂന്ന് ജുമുഅ ഉപേക്ഷിച്ചാൽ അല്ലാഹു അവന്റെ ഹൃദയത്തിന് മുദ്രവെക്കുന്നതാണ്."

11. ജനങ്ങളെ മറികടക്കുന്നതിലെ വിരോധം: അബ്ദുള്ളാഹിബ്നു അംറ് ﵄ നിവേദനം ചെയ്യുന്നു: നബി ﷺ പറഞ്ഞു:

مَنْ لَغَا وَتَخَطَّى رِقَابَ النَّاسِ كَانَتْ لَهُ ظُهْراً

"ആരെങ്കിലും അനാവശ്യം പ്രവർത്തിക്കുകയും ജനങ്ങളുടെ കഴുത്തുകൾക്കിടയിലൂടെ (തോളുകൾക്കിടയിലൂടെ) നടക്കുകയും ചെയ്താൽ അത് അവന് ളുഹർ മാത്രമായിട്ടാണ് (ജുമുഅയുടെ പ്രതിഫലം ലഭിക്കില്ല)."

ജുമുഅക്ക് എത്തുന്നവർ അതീവ ഭയഭക്തിയോടെയും ശാന്തതയോടെയും ഇരിക്കേണ്ടത് നിർബന്ധമാണ്. ഇമാം ഖുതുബ നിർവ്വഹിക്കുമ്പോൾ മിസ്വാക്ക് ചെയ്യുകയോ, നിലത്ത് വരക്കുകയോ, കല്ലുകൾ കൊണ്ട് കളിക്കുകയോ ചെയ്യുന്നത്

അച്ചടക്ക ലംഘനമാണ്. ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർക്ക് ജുമുഅയുടെ പൂർണ്ണ പ്രതിഫലം ലഭിക്കില്ലെന്ന് മാത്രമല്ല, അത് പാപവുമാണ്. മിണ്ടാതിരിക്കാൻ മറ്റൊരാളോട് ആവശ്യപ്പെടുന്നത് പോലും സംസാരമായി കണക്കാക്കപ്പെടുമെന്ന് നബി ﷺ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

12. ജുമുഅക്ക് ശേഷമുള്ള സുന്നത്ത്: അബൂഹുറൈറ ﷺ നിവേദനം ചെയ്യുന്നു: നബി ﷺ പറഞ്ഞു:

مَنْ صَلَّى الْجُمُعَةِ فَلْيُصَلِّ بَعْدَهَا أَرْبَعًا

"ജുമുഅ നിസ്കരിച്ചവർ അതിനുശേഷം നാല് റക്അത്ത് നിസ്കരിക്കട്ടെ"

13. പതിമൂന്നാമത്തെ കാര്യം, പ്രത്യേകതകൾ :

ഇബ്നുൽ ഖയ്യിം ﷺ പറയുന്നു: "മറ്റ് ഫർള് നമസ്കാരങ്ങളിൽ ഇല്ലാത്ത ചില പ്രത്യേകതകൾ ജുമുഅക്കുണ്ട്. വിശ്വാസികളുടെ വലിയൊരു സംഘം ഒത്തുചേരുക, കൃത്യമായ എണ്ണം നിബന്ധനയാക്കുക, ആ നാട്ടിൽ സ്ഥിരതാമസക്കാരായിരിക്കുക, ഖുർആൻ ഉറക്കെ പാരായണം ചെയ്യുക എന്നിവ ഇതിൽ പ്രധാനമാണ്."

രണ്ടാം ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ, നിങ്ങൾ അറിഞ്ഞിരിക്കുക: അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അത് അവൻ സ്വയം തുടങ്ങുകയും ചെയ്തിരിക്കുന്നു. രണ്ടാമതായി അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്ന മലക്കുകളെക്കൊണ്ടും, മൂന്നാമതായി മനുഷ്യരും ജിന്നുകളുമായ സത്യവിശ്വാസികളായ നിങ്ങളെക്കൊണ്ടും അവൻ അത് പറയിപ്പിച്ചു. അല്ലാഹു പറയുന്നു:

അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

നിസ്കാരത്തിന്റെ പ്രാധാന്യം

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്ലിംകളേ, നിങ്ങൾ അല്ലാഹുവെ ഭയപ്പെടുകയും അവന്റെ നിരീക്ഷണത്തെ സൂക്ഷിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അവനെ ധിക്കരിക്കരുത്. നിങ്ങളുടെ കർമ്മങ്ങളിൽ ഏറ്റവും ഉത്തമമായത് നമസ്കാരമാണെന്ന് നിങ്ങൾ അറിയുക. ശരീഅത്ത് പത്ത് രീതിയിൽ നമസ്കാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്:

ഒന്നാമതായി: രണ്ട് ശഹാദത്ത് കലിമകൾക്ക് ശേഷം അല്ലാഹു നിർബന്ധമാക്കിയ ആദ്യ ഇബാദത്ത് നമസ്കാരമാണ്. അത് ഇസ്ലാമിന്റെ അഞ്ച് തൂണുകളിൽ രണ്ടാമത്തേതാണ്. അബ്ദുല്ലാഹിബ്നു ഉമർ ﷺ -വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടു:

بُني الإسلام على خمس، شهادة أن لا إله إلا الله وأن محمدًا عبده ورسوله، وإقام الصلاة، وإيتاء الزكاة، وحج البيت، وصوم رمضان.

"അഞ്ച് കാര്യങ്ങളിന്മേലാണ് ഇസ്ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് നബി ﷺ അവന്റെ ദാസനും ദൂതനുമാണെന്ന സാക്ഷ്യം, നമസ്കാരം മുറപ്രകാരം നിർവ്വഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് ചെയ്യൽ, റമദാനിൽ വ്രതമനുഷ്ഠിക്കൽ." (ബുഖാരി, മുസ്ലിം).

രണ്ടാമതായി: നബി ﷺ മദീനയിലേക്ക് ഹിജ്റ പോകുന്നതിന് മുമ്പ് മക്കയിൽ വെച്ച് ഇസ്റാഅ് - മിഅ്റാജ് വേളയിലാണ് നമസ്കാരം നിർബന്ധമാക്കപ്പെട്ടത്. നബി ﷺ ഏഴാം ആകാശത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ, മറ്റ് ആരാധനകളെപ്പോലെ മലക്കുകൾ മുഖേനയല്ലാതെ, അല്ലാഹു തന്റെ പ്രവാചകനോട് നേരിട്ട് സംസാരിച്ചുകൊണ്ടാണ് അഞ്ച് നേരത്തെ നമസ്കാരം നിർബന്ധമാക്കിയത്.

മൂന്നാമതായി: ദീനിൽ മറ്റൊരു ആരാധനക്കും ഇല്ലാത്ത പദവിയാണ് നമസ്കാരത്തിനുള്ളത്. അത് ദീനിന്റെ തൂണാണ്, അതില്ലാതെ ദീൻ നിലനിൽക്കില്ല. മുആദ് ബിൻ ജബൽ ؓ നിവേദനം ചെയ്ത ഹദീസിൽ നബി ﷺ ചോദിച്ചു: "കാര്യങ്ങളുടെയെല്ലാം തലയും അതിന്റെ തൂണും അതിന്റെ ഉന്നതമായ കാര്യവും ഉന്നതമായ കാര്യവും നിനക്ക് ഞാൻ അറിയിച്ചു തരട്ടെയോ?"

മുആദ് ؓ പറഞ്ഞു: "അതെ അല്ലാഹുവിന്റെ റസൂലേ." നബി ﷺ പറഞ്ഞു:

رأس الأمر الإسلام، وعموده الصلاة، وذروة سنامه الجهاد.

"കാര്യങ്ങളുടെ തല ഇസ്ലാമാണ്, അതിന്റെ തൂണ് നമസ്കാരമാണ്, അതിന്റെ ഉന്നതമായ കാര്യം ജിഹാദാണ്." (തിർമിദി).

നാലാമതായി: ദാസനും റബ്ബും തമ്മിലുള്ള സംഭാഷണത്തിനുള്ള ഉപാധിയാണ് നമസ്കാരം. ഹൃദയം കൊണ്ടും നാവു കൊണ്ടും ശരീരം കൊണ്ടുമുള്ള അല്ലാഹുവിനെ ഓർക്കൽ അതിൽ അടങ്ങിയിരിക്കുന്നു. പ്രാർത്ഥന, അല്ലാഹുവിനെ സ്തുതിക്കൽ, ഖുർആൻ പാരായണം, തസ്ബീഹ്, തഹ്മീദ്, തക്ബീർ എന്നിവയും റുകൂഅ്, സുജൂദ് തുടങ്ങിയ ശാരീരികമായ താഴ്മയും അതിലുണ്ട്. വിനയത്തോടും തകർന്ന ഹൃദയത്തോടും കൂടി പ്രതാപവാനായ അല്ലാഹുവിന് മുന്നിൽ ദൃഷ്ടികൾ താഴ്ത്തി നിൽക്കുന്ന നിസ്കാരം മറ്റ് ആരാധനകളിലില്ലാത്ത ശാരീരിക ഇബാദത്തുകളുടെ സമാഹാരമാണ്.

അഞ്ചാമതായി: മറ്റ് ആരാധനകളിൽ നിന്ന് വ്യത്യസ്തമായി നമസ്കാരത്തിന് ചില പ്രത്യേകതകളുണ്ട്:

അതിനായുള്ള വിളിയായ ബാങ്ക്.

അതിനായി ശുദ്ധി വരുത്തൽ (വുദൂഅ്) നിർബന്ധമാണ്.

ശാന്തതയോടും ഗൗരവത്തോടും കൂടി നമസ്കാരത്തിലേക്ക് നടന്നു ചെല്ലൽ.

മറ്റ് ആരാധനകളിലില്ലാത്ത വിധം അവയവങ്ങളുടെ ഇബാദത്തുകൾ അതിൽ ഒത്തുചേരുന്നു.

ആറാമതായി: യാത്രയിലും നാട്ടിലായിരിക്കുമ്പോഴും, പേടി സാഹചര്യത്തിലും സമാധാന കാലത്തും, ആരോഗ്യത്തിലും രോഗത്തിലും നമസ്കാരം നിർവ്വഹിക്കൽ നിർബന്ധമാണ്. ബുദ്ധി നീങ്ങുകയോ ബോധം മറയുകയോ ചെയ്യുന്ന രോഗമില്ലാത്ത കാലത്തോളം അതിൽ ഇളവില്ല.

ഏഴാമതായി: മരണശയ്യയിലായിരിക്കെ നബി ﷺ വസ്വിയ്യത്ത് ചെയ്തത് നമസ്കാരത്തെക്കുറിച്ചാണ്. ഉമ്മു സലമ ﵂ നിവേദനം ചെയ്യുന്നു: മരണത്തിന് തൊട്ടുമുമ്പുള്ള രോഗാവസ്ഥയിൽ നബി ﷺ ഇങ്ങനെ പറയുമായിരുന്നു:

الصلاة وما ملكت أيمانكم

"നമസ്കാരത്തിന്റെ കാര്യത്തിലും നിങ്ങളുടെ കീഴിലുള്ള അടിമകളുടെ കാര്യത്തിലും നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക."

നബി ﷺ യുടെ നാവു വഴങ്ങാത്ത അവസ്ഥ വരുന്നത് വരെ ഇതാണ് അദ്ദേഹം ആവർത്തിച്ചു കൊണ്ടിരുന്നത്.

എട്ടാമതായി: പരലോകത്ത് ഒരു അടിമ ആദ്യം വിചാരണ ചെയ്യപ്പെടുക നമസ്കാരത്തെക്കുറിച്ചായിരിക്കും. അബൂഹുറൈറ ﵁ -വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: തീർച്ചയായും അന്ത്യനാളിൽ മനുഷ്യരുടെ കർമ്മങ്ങളിൽ നിന്ന് ആദ്യമായി വിചാരണ ചെയ്യപ്പെടുക നമസ്കാരത്തെക്കുറിച്ചാണ്. അല്ലാഹു മലക്കുകളോട് പറയും (അവൻ എല്ലാം അറിയുന്നവനായിരിക്കെ തന്നെ): "എന്റെ ദാസന്റെ നമസ്കാരം നോക്കൂ, അത് പൂർണ്ണമാണോ അതോ കുറവുണ്ടോ?" അത് പൂർണ്ണമാണെങ്കിൽ പൂർണ്ണമായി രേഖപ്പെടുത്തും. എന്തെങ്കിലും കുറവുണ്ടെങ്കിൽ അല്ലാഹു പറയും: "എന്റെ ദാസന് വല്ല ഐച്ഛിക (സുന്നത്ത്) നമസ്കാരങ്ങളുമുണ്ടോ എന്ന് നോക്കൂ." ഉണ്ടെങ്കിൽ അല്ലാഹു പറയും: "ആ സുന്നത്ത് നമസ്കാരങ്ങൾ കൊണ്ട് അവന്റെ ഫർദ് പൂർത്തിയാക്കുക." പിന്നീട് ബാക്കി കർമ്മങ്ങളും ഇപ്രകാരം വിചാരണ ചെയ്യപ്പെടും. (അബൂദാവൂദ്).

ഒമ്പതാമതായി: അവസാന കാലത്ത് ദീനിൽ നിന്ന് ഏറ്റവും ഒടുവിൽ നഷ്ടപ്പെടുന്നത് നമസ്കാരമായിരിക്കും. നബി ﷺ പറഞ്ഞു:

لـتُـنقضُـنَّ عُـرى الإسلام عروة عروة، فكلما انتقضت عروة، تشبث الناس بالتي تليها، فأولهن الـحُـكمُ، وآخرهن الصلاة.

"ഇസ്‌ലാമിന്റെ കണ്ണികൾ ഓരോന്നായി അഴിഞ്ഞു പോകും. ഒരു കണ്ണി അഴിയുമ്പോൾ ആളുകൾ അടുത്തതിനെ മുറുകെ പിടിക്കും. അവയിൽ ആദ്യം അഴിയുന്നത് ഭരണമാണ്, ഏറ്റവും ഒടുവിലത്തേത് നമസ്കാരവുമാണ്." (അഹ്മദ്)

പത്താമതായി: ഇസ്‌ലാമും കുഫ്റും തമ്മിലുള്ള വ്യത്യാസം നമസ്കാരമാണ്. ബുറൈദ ﷺ -വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

العهد الذي بيننا وبينهم الصلاة، فمن تركها فقد كفر.

"നമുക്കും അവർക്കും (കാഫിറുകൾക്കും) ഇടയിലുള്ള കരാർ നമസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായി." (തിർമിദി).

ജാബിർ ബിൻ അബ്ദില്ലാ ﷺ നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

بين الرجل وبين الشرك والكفر ترك الصلاة.

"ഒരാൾക്കും ശിർക്കിനും കുഫ്റിനും ഇടയിലുള്ള വിത്യാസം നമസ്കാരം ഉപേക്ഷിക്കലാണ്." (മുസ്‌ലിം)

അനസ് ബിൻ മാലിക് ﷺ നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

من صلى صلاتنا، واستقبل قبلتنا، وأكل ذبيحتنا ؛ فذلك المسلم الذي له ذمة الله وذمة رسوله، فلا تخفِروا الله في ذمته.

"നമ്മുടെ നമസ്കാരം നിർവ്വഹിക്കുകയും നമ്മുടെ ഖിബിലക്ക് അഭിമുഖമായി നിൽക്കുകയും നമ്മുടെ അറുക്കപ്പെട്ടത് ഭക്ഷിക്കുകയും ചെയ്യുന്നവൻ മുസ്ലിമാണ്. അവന് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും സംരക്ഷണമുണ്ട്. അതിനാൽ അല്ലാഹുവിന്റെ സംരക്ഷണത്തിൽ നിങ്ങൾ ചതി ചെയ്യരുത്."

മുസ്‌ലിംകളേ, നമസ്കാരത്തിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്ന പത്ത് തെളിവുകളാണിത്. അല്ലാഹു കൽപ്പിച്ചതുപോലെ അത് നിലനിർത്താൻ അല്ലാഹു ഏവർക്കും തൗഫീഖ് നൽകട്ടെ.

രണ്ടാം ഖുത്ബ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ, നമസ്കാരം അല്ലാഹുവും ദാസനും തമ്മിലുള്ള സംഭാഷണമാണെന്ന് നിങ്ങൾ അറിയുക. ശൈഖ് അബ്ദുറഹ്മാൻ അസ്സഅദി ﵀ പറയുന്നു: അല്ലാഹുവിന്റെ ഈ വചനം ശ്രദ്ധിക്കുക:

﴿إِنَّ الصَّلَاةَ تَنْهَى عَنِ الْفَحْشَاءِ وَالْمُنْكَرِ وَلَذِكْرُ اللَّهِ أَكْبَرُ﴾

"തീർച്ചയായും നമസ്കാരം തരംതാണ കാര്യങ്ങളിൽ നിന്നും നിഷിദ്ധകർമ്മങ്ങളിൽ നിന്നും തടയുന്നു. അല്ലാഹുവെ സ്മരിക്കുക എന്നത് ഏറ്റവും വലിയ കാര്യം തന്നെയാകുന്നു."

ഇതിൽ നമസ്കാരത്തിന്റെ മഹത്തായ ലക്ഷ്യം സൂചിപ്പിക്കുന്നു. അത് ഹൃദയം കൊണ്ടും നാവു കൊണ്ടും ശരീരം കൊണ്ടുമുള്ള അല്ലാഹുവിനെ ഓർക്കലാണ്.

അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

വെള്ളിയാഴ്ച ദിവസങ്ങളിൽ സ്വലാത്ത് വർദ്ധിപ്പിക്കാൻ നബി ﷺ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

ജമാഅത്ത് നമസ്കാരം നിർബന്ധമാണെന്നും ജമാഅത്തിൽ നിന്ന് വിട്ടുനിൽക്കുന്നത് നിഷിദ്ധമാണെന്നതിനുമുള്ള തെളിവുകൾ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُون﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലയോ മുസ്‌ലിമീങ്ങളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക അവൻ നിങ്ങളെ സദാ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ടെന്ന ബോധ്യത്തിൽ പ്രവർത്തിക്കുക, അവനെ അനുസരിക്കുകയും, അവനോട് അനുസരണക്കേട് കാണിക്കാതിരിക്കുകയും ചെയ്യുക. നിങ്ങളുടെ ഉത്തമമായ കർമ്മങ്ങളിൽ പെട്ട കർമ്മമാണ് നിസ്കാരമെന്ന് നിങ്ങൾ അറിയുക.

മുസ്‌ലിമീങ്ങളോടൊപ്പം ജമാഅത്തായി പള്ളിയിൽ വെച്ച് അത് നിർവ്വഹിക്കാൻ അല്ലാഹു കൽപ്പിക്കുകയും, ശറഇയ്യായ ഒഴികഴിവില്ലാതെ അതിൽ നിന്ന് പിന്തിരിഞ്ഞു നിൽക്കുന്നത് വിലക്കുകയും ചെയ്തിരിക്കുന്നു.

പള്ളിയിൽ നിന്നാണ് നിസ്കരിക്കേണ്ടത് എന്ന കല്പന ധാരാളം തെളിവുകളിൽ സ്ഥിരപ്പെട്ടിരിക്കുന്നു.

1- അബൂഹുറൈറ ﷺ നിവേദനം ചെയ്യുന്നു. നബി ﷺ പറഞ്ഞു:

صلاةُ الرجلِ في جماعةٍ تُضعَّفُ على صلاته في بيته وفي سوقه خمسًا وعشرين ضعفًا،

ഒരാൾ ജമാഅത്തായി നിസ്കരിക്കുന്നത്, അവൻ അവന്റെ വീട്ടിലും കച്ചവടസ്ഥലത്തും വെച്ച് നിസ്കരിക്കുന്നതിനേക്കാൾ ഇരുപത്തിയഞ്ചു മടങ്ങ് അധികമായി ഇരട്ടിയാക്കപ്പെടുന്നതാണ്.

وذلك أنه إذا توضأ فأحسن الوضوء،

അതെന്തുകൊണ്ടെന്നാൽ: അവൻ വുദൂ' ചെയ്യുകയും അത് നന്നായി നിർവഹിക്കുകയും ചെയ്താൽ,

ثم خرج إلى المسجد، لا يخرجه إلا الصلاة،

എന്നിട്ട് പള്ളിയിലേക്ക് പുറപ്പെടുന്നു, നിസ്കാരം എന്ന ഉദ്ദേശം മാത്രമാണ് അവനെ പുറത്തേക്ക് ഇറക്കുന്നതെങ്കിൽ

لم يخطُ خطوة إلا رفعت له بها درجة، وحطت عنه بها خطيئة

അവൻ വെക്കുന്ന ഓരൊ കാൽവെപ്പിലും അവന്റെ പദവി ഉയർത്തപ്പെടുകയും, അവനിൽ നിന്നും തിന്മ മായ്ക്കപ്പെടുകയും ചെയ്യുന്നതാണ്.

فإذا صلى لم تزل الملائكة تصلي عليه ما دام في مصلاه، ما لم يحدث، تقول اللهم صلِّ عليه، اللهم ارحمه

അങ്ങനെ നിസ്കരിച്ചു കഴിഞ്ഞാൽ, അവൻ അവന്റെ നിസ്കാരസ്ഥലത്തായിരിക്കുന്നിടത്തോളം കാലം, അവന്റെ ശുദ്ധി നഷ്ടപ്പെടുന്നത് വരെ മലക്കുകൾ അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും: 'അല്ലാഹുവേ, അവന്റെ മേൽ നീ സ്വലാത്ത് ചെയ്യേണമെ. അല്ലാഹുവേ, അവനോട് നീ കരുണ കാണിക്കണേ!' എന്ന്.

ولا يزال في صلاة ما انتظر الصلاة

നിങ്ങളിലൊരുവൻ നിസ്കാരത്തെ പ്രതീക്ഷിച്ചിരിക്കുന്നിടത്തോളം കാലം അവൻ നിസ്കാരത്തിലായിരിക്കും.

2- അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺ പറയുകയുണ്ടായി:

مَنْ سَرَّهُ أَنْ يَلْقَى اللَّهَ غَدًا مُسْلِمًا فَلْيُحَافِظْ عَلَى هَؤُلاَءِ الصَّلَوَاتِ حَيْثُ يُنَادَى بِهِنَّ .

"നാളെ അന്ത്യനാളിൽ താൻ ഒരു മുസ്ലിമായി അല്ലാഹുവിനെ കണ്ടുമുട്ടണമെന്ന് ആരാണോ ആഗ്രഹിക്കുന്നത്, അവൻ ഈ നിസ്കാരങ്ങളിലേക്ക് വിളിക്കപ്പെടുന്ന സ്ഥലങ്ങളിൽ (പള്ളികളിൽ) വെച്ച് (ജമാഅത്തായി) നിസ്കരിക്കുന്നതിനെ കാത്തുസൂക്ഷിക്കട്ടെ.

فَإِنَّ اللَّهَ شَرَعَ لِنَبِيِّكُمْ ﷺ سُنَنَ الْهُدَى وَإِنَّهُنَّ مِنْ سُنَنِ الْهُدَى

കാരണം, അല്ലാഹു നിങ്ങളുടെ പ്രവാചകന് صلى الله عليه وسلم സന്മാർഗ്ഗത്തിന്റെ ചര്യകൾ നിയമമാക്കിയിരിക്കുന്നു, അവ (പള്ളികളിൽ വെച്ചുള്ള നിസ്കാരങ്ങൾ) സന്മാർഗ്ഗത്തിന്റെ ചര്യകളിൽ പെട്ടതാണ്.

وَلَوْ أَنَّكُمْ صَلَّيْتُمْ فِي بُيُوتِكُمْ كَمَا يُصَلِّي هَذَا الْمُتَخَلِّفُ فِي بَيْتِهِ لَتَرَكْتُمْ سُنَّةَ نَبِيِّكُمْ

ഈ പിന്നോക്കം നിൽക്കുന്നവൻ അവന്റെ വീട്ടിൽ വെച്ച് നിസ്കരിക്കുന്നത് പോലെ നിങ്ങളും നിങ്ങളുടെ വീടുകളിൽ വെച്ച് നിസ്കരിച്ചാൽ, നിങ്ങളുടെ പ്രവാചകന്റെ ചര്യയെ നിങ്ങൾ ഉപേക്ഷിക്കുന്നതാണ്.

وَلَوْ تَرَكْتُمْ سُنَّةَ نَبِيِّكُمْ لَضَلَلْتُمْ

നിങ്ങളുടെ പ്രവാചകന്റെ ചര്യയെ നിങ്ങൾ ഉപേക്ഷിച്ചാൽ, നിങ്ങൾ വഴിപിഴച്ചുപോകുന്നതാണ്.

وَمَا مِنْ رَجُلٍ يَتَطَهَّرُ فَيُحْسِنُ الطُّهُورَ ثُمَّ يَعْمِدُ إِلَى مَسْجِدٍ مِنْ هَذِهِ الْمَسَاجِدِ إِلاَّ كَتَبَ اللَّهُ لَهُ بِكُلِّ خَطْوَةٍ يَخْطُوهَا حَسَنَةً وَيَرْفَعُهُ بِهَا دَرَجَةً وَيَحُطُّ عَنْهُ بِهَا سَيِّئَةً

ആരാണോ വുദൂ' ചെയ്യുകയും അത് നന്നായി നിർവഹിക്കുകയും എന്നിട്ട് ഈ പള്ളികളിൽ ഏതെങ്കിലും ഒന്ന് ഉദ്ദേശിച്ചുകൊണ്ട് അവിടത്തേക്ക് പോവുകയും ചെയ്യുന്നത്, അവൻ വെക്കുന്ന ഓരോ കാൽവെപ്പിനും അല്ലാഹു അവന് ഒരു നന്മ രേഖപ്പെടുത്തുകയും, അവന്റെ ഒരു പദവി ഉയർത്തുകയും, അവന്റെ ഒരു തിന്മ മായ്ച്ചുകളയുകയും ചെയ്യാതിരിക്കുകയില്ല.

وَلَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنْهَا إِلاَّ مُنَافِقٌ مَعْلُومُ النِّفَاقِ

ഞാൻ ഞങ്ങളെ മനസ്സിലാക്കിയത്, അറിയപ്പെട്ട കപടവിശ്വാസിയായ ഒരു മുനാഫിഖ് അല്ലാതെ അതിൽ (ജമാഅത്തിൽ) നിന്ന് ആരും പിന്നിട്ട് നിൽക്കാറുണ്ടായിരുന്നില്ല.

وَلَقَدْ كَانَ الرَّجُلُ يُؤْتَى بِهِ يُهَادَى بَيْنَ الرَّجُلَيْنِ حَتَّى يُقَامَ فِي الصَّفِّ

നമ്മുടെ കാലങ്ങളിൽ അവശനായ ഒരു വ്യക്തിയെ രണ്ടുപേർ താങ്ങിക്കൊണ്ടെങ്കിലും സ്വഫ്ഫിൽ അണിനിരത്താറുണ്ടായിരുന്നു.

3- അല്ലാഹുവിന്റെ അടിമകളേ, അഞ്ച് നേരത്തെ നിസ്കാരങ്ങളും പള്ളികളിൽ വെച്ച് മുടങ്ങാതെ നിർവഹിക്കുന്നവർക്ക് അല്ലാഹു നൽകുന്ന മഹത്തായ അനുഗ്രഹങ്ങളിൽ പെട്ടതാണ്,

സൂര്യൻ ഒരു മൈൽ അടുത്തുവരുന്ന, അല്ലാഹു ഒരുവൻ നൽകുന്ന നിഴലല്ലാതെ മറ്റൊരു നിഴലുമില്ലാത്ത ആ ഭയാനകമായ അന്ത്യദിനത്തിൽ, പള്ളിയിൽ നിസ്കരിക്കുന്ന വ്യക്തിക്ക് അല്ലാഹു നിഴൽ വിരിച്ച് തണൽ നൽകുന്നതാണ്.

അബൂഹുറൈറ ﷺ നിവേദനം ചെയ്യുന്നു. നബി ﷺ പറഞ്ഞു:

سَبْعَةٌ يُظِلُّهُمُ اللَّهُ يَوْمَ الْقِيَامَةِ فِي ظِلِّهِ، يَوْمَ لاَ ظِلَّ إِلاَّ ظِلُّهُ إِمَامٌ عَادِلٌ، وَشَابٌّ نَشَأَ فِي عِبَادَةِ اللَّهِ، وَرَجُلٌ ذَكَرَ اللَّهَ فِي خَلاَءٍ فَفَاضَتْ عَيْنَاهُ، وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسْجِدِ...

"അല്ലാഹു നൽകുന്ന നിഴലല്ലാതെ മറ്റൊരു നിഴലുമില്ലാത്ത ആ ദിവസം, ഏഴ് പേർക്ക് അല്ലാഹു തന്റെ അർശിന്റെ നിഴലിൽ തണൽ നൽകുന്നതാണ്: നീതിമാനായ ഭരണാധികാരി, അല്ലാഹുവിന്റെ ഇബാദത്തിൽ വളർന്നുവന്ന യുവാവ്, ഒഴിഞ്ഞ സ്ഥലത്ത് വെച്ച് അല്ലാഹുവിനെ ഓർക്കുകയും കണ്ണുകൾ നിറഞ്ഞൊഴുകുകയും ചെയ്ത വ്യക്തി, **ഹൃദയം പള്ളിയുമായി ബന്ധപ്പെട്ടുകിടക്കുന്ന വ്യക്തി**... (തുടങ്ങിയവർ)."

ഇമാം മുസ്ലിം ﵀ യുടെ നിവേദനത്തിൽ ഇങ്ങനെയും കൂടിയുണ്ട്:

ورجل معلق بالمسجد إذا خرج منه حتى يعود إليه...

"കൂടാതെ, ഒരാൾ പള്ളിയിൽ നിന്ന് പുറത്തിറങ്ങിയാൽ, അതിലേക്ക് തിരിച്ചുപോകുന്നത് വരെ പള്ളിയുമായി ബന്ധിപ്പിക്കപ്പെട്ട ഹൃദയമുള്ള വ്യക്തി..."

4- അബൂഹുറൈറ ﵁ നിവേദനം ചെയ്യുന്നു. നബി ﷺ പറഞ്ഞു:

مَنْ غَدَا إِلَى الْمَسْجِدِ أَوْ رَاحَ أَعَدَّ اللَّهُ لَهُ فِي الْجَنَّةِ نُزُلاً كُلَّمَا غَدَا أَوْ رَاحَ

"ആരെങ്കിലും പള്ളിയിലേക്ക് രാവിലെ പോവുകയോ, അല്ലെങ്കിൽ വൈകുന്നേരം പോവുകയോ ചെയ്താൽ, അവൻ പോകുമ്പോഴെല്ലാം അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു 'നുസുൽ' (വിരുന്നൊരുക്കാനുള്ള സ്ഥലം) ഒരുക്കിവെക്കുന്നതാണ്."

'നുസുൽ' എന്നാൽ അതിഥിയെ സ്വീകരിക്കാൻ ഒരുക്കുന്ന സ്ഥലമാണ്.

5- നിസ്കാരം ജമാഅത്തായി പള്ളിയിൽ വെച്ച് നിർവഹിക്കൽ നിർബന്ധമാണെന്നതിന്റെ തെളിവുകളിൽ പെട്ടതാണ്, ഏറ്റവും പ്രയാസകരമായ സമയമായ യുദ്ധവേളയിൽ പോലും അത് ജമാഅത്തായി നിർവഹിക്കൽ അല്ലാഹു നിയമമാക്കിയിരിക്കുന്നു. അതാണ് 'സ്വലാത്തുൽ ഖൗഫ്' (ഭയത്തിന്റെ സമയത്തുള്ള നിസ്കാരം) എന്നറിയപ്പെടുന്നത്. അല്ലാഹു تعالى പറഞ്ഞു

﴿ وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلَاةَ فَلْتَقُمْ طَائِفَةٌ مِّنْهُم مَّعَكَ... ﴾

നബിയേ, നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ ...

എന്ന ആയത്തിൽ വ്യക്തമാക്കിയത് പോലെ.

6- അല്ലാഹു تعالى പറയുന്നു:

﴿ وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَارْكَعُوا مَعَ الرَّاكِعِينَ ﴾

നിങ്ങൾ നിസ്കാരം നിലനിർത്തുകയും, സകാത്ത് നൽകുകയും, 'റുക്കൂഅ്' ചെയ്യുന്നവരോടൊപ്പം നിങ്ങളും റുക്കൂഅ് ചെയ്യുകയും ചെയ്യുക.

'റുക്കൂഅ്' ചെയ്യുന്നവർ എന്നാൽ പള്ളിയിലെ ജമാഅത്താണ് ഉദ്ദേശിക്കപ്പെടുന്നത്.

7- സത്യവിശ്വാസികളേ, പള്ളിയിൽ ജമാഅത്തായി നിസ്കാരിക്കുന്നതിൽ അലസത കാണിക്കുന്നതിനെതിരെ ശക്തമായ താക്കീതുകൾ വന്നിട്ടുണ്ട്, അബൂഹുറൈറ ﵁ നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

وَالَّذِي نَفْسِي بِيَدِهِ

"എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണേ സത്യം!

لَقَدْ هَمَمْتُ أَنْ آمُرَ بِحَطَبٍ يُحْتَطَبُ، ثُمَّ آمُرَ بِالصَّلاَةِ فَيُؤَذَّنَ لَهَا، ثُمَّ آمُرَ رَجُلاً فَيَؤُمَّ النَّاسَ، ثُمَّ أُخَالِفَ إِلَى رِجَالٍ فَأُحَرِّقَ عَلَيْهِمْ بُيُوتَهُمْ،

ചില ആളുകളോട് വിറക് ശേഖരിക്കാൻ ഞാൻ കൽപ്പിക്കുകയും അങ്ങനെ അത് ശേഖരിക്കപ്പെടുകയും, പിന്നീട് നിസ്കാരത്തിന് കൽപ്പിക്കുകയും അതിന് ബാങ്ക് വിളിക്കുകയും, ശേഷം ഒരാളോട് ജനങ്ങൾക്ക് ഇമാമായി നേതൃത്വം നൽകാൻ കൽപ്പിക്കുകയും ചെയ്തതിന് ശേഷം, (ജമാഅത്തിന് വരാത്ത) ആളുകളിലേക്ക് തിരിഞ്ഞ് ചെന്ന് അവരുടെ വീടുകൾക്ക് തീ വെക്കുകയും ചെയ്യാൻ ഞാൻ ഉദ്ദേശിക്കുകയുണ്ടായി.

وَالَّذِي نَفْسِي بِيَدِهِ لَوْ يَعْلَمُ أَحَدُكُمْ أَنَّهُ يَجِدُ عَرْقًا سَمِينًا أَوْ مَرْمَاتَيْنِ حَسَنَتَيْنِ لَشَهِدَ الْعِشَاءَ

എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണേ സത്യം! അവരിൽ ഒരാൾക്ക് തടിച്ച ഒരു കഷ്ണം മാംസമോ, അല്ലെങ്കിൽ നല്ല രണ്ട് ആട്ടിൻ കുളമ്പുകളോ കിട്ടുമെന്ന് അറിയുമായിരുന്നെങ്കിൽ അവൻ ഇശാ നിസ്കാരത്തിന് തീർച്ചയായും പങ്കെടുക്കുമായിരുന്നു.

ഇമാം മുസ്ലിമിന്റെ രിവായത്തിൽ ഇപ്രകാരമാണ്:

ثُمَّ أَنْطَلِقَ مَعِي بِرِجَالٍ مَعَهُمْ حُزَمٌ مِنْ حَطَبٍ إِلَى قَوْمٍ لاَ يَشْهَدُونَ الصَّلاَةَ فَأُحَرِّقَ عَلَيْهِمْ بُيُوتَهُمْ بِالنَّارِ

എന്നിട്ട് ഞാൻ, വിറകുകെട്ടുകളുമായി ചില ആളുകളുമായി, നമസ്കാരത്തിന് ഹാജരാകാത്ത ജനങ്ങളുടെ അടുത്തേക്ക് പോവുകയും, അവരുടെ വീടുകൾ അവർക്കുമേൽ കത്തിച്ചു കളയുകയും ചെയ്യാൻ ഉദ്ദേശിച്ചു പോയി.

8- ഇബ്നു അബ്ബാസ് ﵄ വിൽ നിന്നും നിവേദനം. നബി ﷺ പറഞ്ഞു:

مَنْ سَمِعَ النِّدَاءَ فَلَمْ يَأْتِهِ فَلاَ صَلاَةَ لَهُ إِلاَّ مِنْ عُذْرٍ

ബാങ്ക് വിളികേട്ടിട്ടും (പള്ളിയിലേക്ക്) വരാത്തവൻ, ഒഴികഴിവില്ലാതെ അവന് നിസ്കാരമില്ല.

അതായത്, പൂർണ്ണമായ പ്രതിഫലമുള്ള നിസ്കാരമില്ല.

9- അബൂഹുറൈറ ﵁ പറയുന്നു: ഒരു അന്ധനായ മനുഷ്യൻ നബി ﷺ യുടെ അടുക്കൽ വന്നു. എന്നിട്ട് പറഞ്ഞു:

يَا رَسُولَ اللَّهِ إِنَّهُ لَيْسَ لِي قَائِدٌ يَقُودُنِي إِلَى الْمَسْجِدِ .

അല്ലാഹുവിന്റെ റസൂലേ, എന്നെ പള്ളിയിലേക്ക് കൊണ്ടുപോകാൻ എനിക്ക് ഒരു സഹായിയില്ല.

فَسَأَلَ رَسُولَ اللَّهِ ﷺ أَنْ يُرَخِّصَ لَهُ فَيُصَلِّيَ فِي بَيْتِهِ فَرَخَّصَ لَهُ

അങ്ങനെ അദ്ദേഹം വീട്ടിൽ വെച്ച് നിസ്കരിക്കാൻ അനുവാദം നൽകണമെന്ന് റസൂൽ ﷺ യോട് ആവശ്യപ്പെട്ടു. റസൂൽ ﷺ അദ്ദേഹത്തിന് അനുവാദം നൽകി.

فَلَمَّا وَلَّى دَعَاهُ فَقَالَ " هَلْ تَسْمَعُ النِّدَاءَ بِالصَّلاَةِ " .

അദ്ദേഹം തിരിഞ്ഞു നടക്കവെ, നബി ﷺ അദ്ദേഹത്തെ വിളിച്ചിട്ട് ചോദിച്ചു: "നിങ്ങൾ നിസ്കാരത്തിനുള്ള ബാങ്ക് വിളി കേൾക്കാറുണ്ടോ?"

فَقَالَ نَعَمْ . قَالَ " فَأَجِبْ " .

അദ്ദേഹം പറഞ്ഞു: "അതെ." അപ്പോൾ നബി ﷺ പറഞ്ഞു: "എങ്കിൽ നിങ്ങൾ അതിന് ഉത്തരം നൽകുക (പള്ളിയിൽ വരിക)."

10- ജാബിർ ഇബ്നു അബ്ദില്ലാഹ് رضي الله عنه പറയുന്നു:

بَيْنَمَا النَّبِيُّ ﷺ يَخْطُبُ يَوْمَ الْجُمُعَةِ قَائِمًا إِذْ قَدِمَتْ عِيرٌ الْمَدِينَةَ فَابْتَدَرَهَا أَصْحَابُ رَسُولِ اللَّهِ ﷺ حَتَّى لَمْ يَبْقَ مِنْهُمْ إِلاَّ اثْنَا عَشَرَ رَجُلاً فِيهِمْ أَبُو بَكْرٍ وَعُمَرُ

"നബി ﷺ ഒരു ജുമുഅ ദിവസം ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു കച്ചവട സംഘം മദീനയിലേക്ക് എത്തി. അപ്പോൾ, അല്ലാഹുവിന്റെ റസൂൽ ﷺ യുടെ സ്വഹാബികൾ ആ സംഘത്തിന്റെ അടുക്കലേക്ക് ധൃതിപ്പെട്ട് പോയി. അങ്ങനെ, നബി ﷺ യോടൊപ്പം അബൂബക്കറും ഉമറും ഉൾപ്പെടെ പന്ത്രണ്ട് ആളുകളല്ലാതെ ബാക്കിയുണ്ടായിരുന്നില്ല."

وَنَزَلَتِ الآيَةُ :

അദ്ദേഹം തുടർന്നു: ആ പശ്ചാത്തലത്തിലാണ് ഈ ആയത്ത് അവതരിച്ചത്

﴿وَإِذَا رَأَوْا تِجَارَةً أَوْ لَهْوًا انْفَضُّوا إِلَيْهَا وَتَرَكُوكَ قَائِمًا﴾

അവർ ഒരു കച്ചവടമോ അല്ലെങ്കിൽ വിനോദമോ കണ്ടാൽ അതിലേക്ക് പിരിഞ്ഞുപോകുകയും നിന്ന നിൽപിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നതാണ്

അല്ലാഹുവിന്റെ അടിമകളേ, ഇത് സ്വഹാബിമാർക്കുള്ള അല്ലാഹുവിന്റെ ഒരു ശാസനയാണ്; ഇബാദത്ത് ഉപേക്ഷിച്ച് ദുനിയാവിന്റെ കാര്യങ്ങളിലേക്ക് തിരിഞ്ഞതിലുള്ള ശാസന. ശേഷം, അല്ലാഹു ആഖിറത്തിലെ കച്ചവടത്തിന് പ്രോത്സാഹിപ്പിക്കുകയും, അവൻ അല്ലാതെ യഥാർത്ഥത്തിൽ ഉപജീവനം നൽകുന്നവൻ മറ്റാരുമില്ലെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു تعالى പറഞ്ഞു

﴿ قُلْ مَا عِندَ اللَّهِ خَيْرٌ مِّنَ اللَّهْوِ وَمِنَ التِّجَارَةِ ۚ وَاللَّهُ خَيْرُ الرَّازِقِينَ ﴾

നീ പറയുക: അല്ലാഹുവിന്റെ അടുക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹു ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു.

അതായത്: നിസ്കാരത്തിന്റെ പ്രതിഫലവും നബി ﷺ യോടൊപ്പമുള്ള അടിയുറച്ച് നിൽക്കലുമാണ് വിനോദത്തേക്കാളും കച്ചവടത്തേക്കാളും ഉത്തമമാണ്.

അങ്ങനെ അവർ അല്ലാഹുവിന്റെ കൽപ്പനക്ക് ഉത്തരം നൽകി. അവർ കച്ചവടം നടത്തുകയും ചെയ്തിരുന്നു. എങ്കിലും, അല്ലാഹുവിനോടുള്ള ബാധ്യതകളിൽ ഏതെങ്കിലും ഒന്ന് അവർക്ക് മുന്നിൽ വരുമ്പോൾ, അത് നിർവ്വഹിക്കുന്നത് ഒരു കച്ചവടമോ വിൽപ്പനയോ അല്ലാഹുവിന്റെ സ്മരണയിൽ

നിന്നും അവരെ തെറ്റിച്ച് കളഞ്ഞിരുന്നില്ല. തങ്ങളുടെ യജമാനനായ അല്ലാഹുവിനോടുള്ള അനുസരണയ്ക്കും, അവന്റെ താൽപ്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കും അവർ തങ്ങളുടെ താൽപ്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കും മീതെ മുൻഗണന നൽകി. അങ്ങനെ അല്ലാഹു അവരെ ഇപ്രകാരം വിശേഷിപ്പിച്ചു

﴿ رِجَالٌ لَّا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ عَن ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ ﴾

അല്ലാഹുവിനെ സ്മരിക്കുന്നതിനും, നമസ്കാരം നിലനിർത്തുന്നതിനും, സകാത്ത് നൽകുന്നതിനും ഒരു കച്ചവടമോ വിൽപ്പനയോ ശ്രദ്ധതിരിച്ചുവിടാത്ത ആളുകൾ

അല്ലയോ മുസ്ലിമീങ്ങളെ, പള്ളിയിൽ വെച്ച് ജമാഅത്തായി നിസ്കാരം നിർവഹിക്കൽ നിർബന്ധമാണ് എന്നതിനുള്ള പത്ത് തെളിവുകളാകുന്നു ഇവിടെ പരാമർശിക്കപ്പെട്ടത്. അല്ലാഹു കൽപ്പിച്ചതുപോലെ അത് നിലനിർത്താൻ നാമെല്ലാവർക്കും അല്ലാഹു തൗഫീഖ് നൽകട്ടെ!

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹു നിങ്ങൾക്ക് കരുണ ചെയ്യട്ടെ!- പള്ളിയിൽ ജമാഅത്ത് നമസ്കാരത്തിന് ഹാജരാകുന്നത് ഈമാനിന്റെ ശാഖകളിൽ പെട്ടതും, ദീനിന്റെ അടയാളങ്ങളിൽ പെട്ടതുമാണെന്ന് നിങ്ങൾ അറിയുക.

അതുകൊണ്ട്, നിസ്കാരത്തിനായി ബാങ്ക് വിളിച്ചു കഴിഞ്ഞാൽ പള്ളിയിലേക്ക് ധൃതിപ്പെടുക എന്നതാണ് കടകളിലും സ്ഥാപനങ്ങളിലുമെല്ലാം ജോലി ചെയ്യുന്നവരുടെ മേൽ ബാധ്യതയായിട്ടുള്ളത്. അതുപോലെത്തന്നെ, ഔദ്യോഗികമായ ഒരു മീറ്റിംഗിൽ പങ്കെടുക്കുന്നവർ, നിസ്കാരത്തിന് വിളിച്ചാൽ ആ യോഗങ്ങളുടെ നടത്തിപ്പുകാർ അത് നിർത്തുകയും, നിസ്കരിച്ച ശേഷം അവരുടെ യോഗങ്ങളിലേക്ക് മടങ്ങുകയും ചെയ്യണം. കാരണം, ജമാഅത്തായി നിസ്കരിക്കുന്നത് ഒരു രണ്ടാം സ്ഥാനം നൽകപ്പെടേണ്ടതോ അല്ലെങ്കിൽ ഇച്ഛാനുസൃതമോ ആയ കാര്യമല്ല, മറിച്ച് അതൊരു ദൈവിക കൽപ്പനയാണ്. യാത്രാസമയം ആയതുകൊണ്ട് യാത്രക്ക് ഒരുങ്ങുക, രോഗിയെ പരിചരിക്കുക, മുറിവേറ്റയാളെ പരിചരിക്കുക, ഭയം, മഴ, അല്ലെങ്കിൽ ശക്തമായ കാറ്റ് പോലുള്ള അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ ജമാഅത്ത് നമസ്കാരത്തിൽ നിന്ന് വിട്ടുനിൽക്കാൻ പാടില്ല.

അല്ലാഹുവിന്റെ അടിമകളേ, ജമാഅത്ത് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, അതിനായി ബാങ്കും ഇഖാമത്തും വിളിക്കപ്പെടുന്ന ആദ്യത്തെ ജമാഅത്ത് ആകുന്നു.

ചില ആളുകൾ -അല്ലാഹു അവർക്ക് സന്മാർഗ്ഗം നൽകട്ടെ- ആദ്യത്തെ ജമാഅത്തിനെ തൊട്ട് വൈകുന്നതിനെ കൊണ്ട് പരീക്ഷിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പള്ളിയിൽ രണ്ടാമത്തെയും മൂന്നാമത്തെയും ജമാഅത്തുകൾ നടക്കുന്നത് കാണുന്നു. ഒരൊറ്റ ജമാഅത്തല്ലാതെ അനേകം ജമാഅത്തുകളിലായി ആളുകൾ നിസ്കരിക്കുന്നു. അല്ലാഹുവിനോടാണ് ഈ പരാതി ബോധിപ്പിക്കാനുള്ളത്!

അല്ലയോ മുസ്ലിംകളേ, തന്റെ ഈമാനിൽ സത്യസന്ധതയുള്ള ഒരു മുസ്ലിം നിർബന്ധമായും നിസ്കാരത്തെ കണക്കാക്കേണ്ട പ്രകാരം കണക്കാക്കുകയും, അതിനെ വേണ്ടവിധം ആദരിക്കുകയും ചെയ്യണം. അവൻ ഉടമപ്പെടുത്തിയ സ്വത്ത്, ജോലി എന്നിവയിലൂടെ അല്ലാഹു അവനെ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുമെന്നും അവൻ അറിയണം. അല്ലാഹു تعالى പറയുന്നു

﴿ يَا أَيُّهَا الَّذِينَ آمَنُوا لَا تُلْهِكُمْ أَمْوَالُكُمْ وَلَا أَوْلَادُكُمْ عَن ذِكْرِ اللَّهِ ۚ وَمَن يَفْعَلْ ذَٰلِكَ فَأُولَٰئِكَ هُمُ الْخَاسِرُونَ﴾

സത്യവിശ്വാസികളേ, നിങ്ങളുടെ സമ്പത്തും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധതിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവരത്രെ നഷ്ടക്കാർ.

അല്ലാഹു പറഞ്ഞു

﴿ فِي بُيُوتٍ أَذِنَ اللَّهُ أَن تُرْفَعَ وَيُذْكَرَ فِيهَا اسْمُهُ يُسَبِّحُ لَهُ فِيهَا بِالْغُدُوِّ وَالْآصَالِ﴾

ചില ഭവനങ്ങളിലത്രെ ﴿ആ വെളിച്ചമുള്ളത്.﴾ അവ ﴿ഭവനങ്ങൾ﴾ ഉയർത്തപ്പെടാനും അവയിൽ തന്റെ നാമം സ്മരിക്കപ്പെടാനും അല്ലാഹു ഉത്തരവ് നൽകിയിരിക്കുന്നു. അവയിൽ രാവിലെയും സന്ധ്യാസമയങ്ങളിലും അവന്റെ മഹത്വം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു.

﴿ رِجَالٌ لَّا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ عَن ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ ۙ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالْأَبْصَارُ﴾

ചില ആളുകൾ. അല്ലാഹുവെ സ്മരിക്കുന്നതിൽ നിന്നും, നമസ്കാരം മുറപോലെ നിർവഹിക്കുന്നതിൽ നിന്നും, സകാത്ത് നൽകുന്നതിൽ നിന്നും കച്ചവടമോ ക്രയവിക്രയമോ അവരുടെ ശ്രദ്ധതിരിച്ചുവിടുകയില്ല. ഹൃദയങ്ങളും കണ്ണുകളും ഇളകിമറിയുന്ന ഒരു ദിവസത്തെ അവർ ഭയപ്പെട്ടു കൊണ്ടിരിക്കുന്നു.

﴿ لِيَجْزِيَهُمُ اللَّهُ أَحْسَنَ مَا عَمِلُوا وَيَزِيدَهُم مِّن فَضْلِهِ ۗ وَاللَّهُ يَرْزُقُ مَن يَشَاءُ بِغَيْرِ حِسَابٍ﴾

അല്ലാഹു അവർക്ക് അവർ പ്രവർത്തിച്ചതിനുള്ള ഏറ്റവും നല്ല പ്രതിഫലം നൽകുവാനും, അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് കൂടുതലായി നൽകുവാനും വേണ്ടിയത്രെ അത്. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ തന്നെ നൽകുന്നു.

കച്ചവടത്തിലും ക്രയവിക്രയത്തിലും മുഴുകി നമസ്കാരത്തിൽ നിന്ന് അശ്രദ്ധരാകുന്നതിനെക്കുറിച്ച് ഈ ആയത്തുകളിലൂടെ അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. കൂടാതെ, ഉപജീവനം (രിസ്ഖ്) തന്റെ കയ്യിലാണെന്നും, താൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുമെന്നും അല്ലാഹു ഉയർത്തുന്നു. അതിനാൽ, നിസ്കാരം ഉപജീവനത്തെ തടസ്സപ്പെടുത്തുകയോ നിർത്തലാക്കുകയോ ചെയ്യുന്നില്ല, മറിച്ച് അത് ഉപജീവനം കൊണ്ടുവരുന്നതും, അതിൽ ബറക്കത്തിനും വളർച്ചയ്ക്കും വർദ്ധനവിനും കാരണമാകുന്നതുമാണ്. ഇതിന് വിപരീതമായി ആരെങ്കിലും ചിന്തിച്ചാൽ, അവൻ തന്റെ രക്ഷിതാവിനെക്കുറിച്ച് മോശം ധരിച്ചിരിക്കുന്നു.

സത്യവിശ്വാസികളേ, ഈ ഖുത്ബ അവസാനിപ്പിക്കുന്നത് ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ് ﵀ നൽകിയ ഒരു ഫത്വ കൊണ്ടായിരിക്കട്ടെ. അദ്ദേഹം പറയുന്നു:

"ബാങ്ക് വിളിക്കപ്പെടുന്ന അല്ലാഹുവിന്റെ ഭവനങ്ങളിൽ (പള്ളികളിൽ) വെച്ച് ജമാഅത്തായി നിസ്കാരം നിർവഹിക്കുക എന്നതാണ് എല്ലാ പുരുഷന്മാരുടെ

മേലും ബാധ്യതയായിട്ടുള്ളത്. ശറഇയ്യായ തെളിവുകൾ പ്രാവർത്തികമാക്കക്കൊണ്ടും, അല്ലാഹു തങ്ങൾക്ക് നിർബന്ധമാക്കിയ കാര്യം നിർവഹിക്കാൻ അവരെ സഹായിക്കുന്നതിന്റെ ഭാഗമായും, കടയുടമകളെയോ കച്ചവടക്കാരെയോ മറ്റുള്ളവരെയോ ജമാഅത്തിൽ നിന്ന് വിട്ടുനിൽക്കാൻ അനുവദിക്കാൻ ഭരണകൂടത്തിനോ നന്മ കൽപ്പിക്കുന്ന സമിതിയിലെ ആളുകൾക്കോ അനുവാദമില്ല. അല്ലാഹു സത്യവിശ്വാസികളെ വിശേഷിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണിത്

﴿ وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ ۚ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ ﴾

സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നു

അല്ലാഹുവിന്റെ അടിമകളെ, തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ് . അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു. അതുകൊണ്ട്, നിങ്ങൾ മഹാനായ അല്ലാഹുവിനെ ഓർക്കുക, എങ്കിൽ അവൻ നിങ്ങളെയും ഓർക്കും. അവൻ നിങ്ങൾക്ക് ചെയ്ത അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക, എങ്കിൽ അവൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചു നൽകും. അല്ലാഹുവിന്റെ സ്മരണയാണ് ഏറ്റവും വലിയത്. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു അറിയുന്നു.

നിസ്കാരത്തിലേക്ക് നേരത്തെ ചെല്ലുന്നതിന്റെ മഹത്വം

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

അല്ലയോ മുസ്ലിംകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, അവൻ നിങ്ങളെ സദാ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ടെന്ന ബോധ്യത്തിൽ പ്രവർത്തിക്കുക, അവനെ അനുസരിക്കുകയും, അവനോട് ധിക്കാരം കാണിക്കാതിരിക്കുകയും ചെയ്യുക. നിങ്ങളുടെ ഏറ്റവും ഉത്തമമായ കർമ്മങ്ങളിൽ പെട്ടതാണ് നിസ്കാരം എന്നത് നിങ്ങൾ അറിയുക. കാരണം, ആരാധനകളിൽ വെച്ച് നിസ്കാരത്തിന് മാത്രമായി നിരവധി പ്രത്യേകതകൾ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. അതിൽ ചിലതാണ്:

അല്ലാഹു നിസ്കാരം ആകാശത്ത് വെച്ചാണ് നിർബന്ധമാക്കിയത്,

നിസ്കാരം പ്രവർത്തനത്തിൽ അഞ്ച് മാത്രമാണെങ്കിലും തുലാസിൽ അമ്പതിന്റെ പ്രതിഫലം ആണ്

നിസ്കാരം പാപങ്ങളെ മായ്ച്ചുകളയും,

നിസ്കാരത്തിനായി പള്ളികളിലേക്ക് നടന്നുപോകുന്നതും തിരിച്ചു വരുന്നതും ഇബാദത്താണ് എന്നതെല്ലാം.

അതുപോലെ, നിസ്കാരത്തിന് വേണ്ടി ശുദ്ധിയാകൽ ﴿വുളൂഅ് എടുക്കൽ﴾ നിർബന്ധമാണ് എന്നത് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകതകളിൽ ഒന്നാണ്.

സത്യവിശ്വാസികളേ, നിസ്കാരം ഇത്രയേറെ പ്രാധാന്യമുള്ളതായതിനാൽ, അതിലേക്ക് നേരത്തെ എത്തിച്ചേരുക എന്നത് അല്ലാഹു നിയമമാക്കുകയും, അങ്ങനെ നേരത്തെ തന്നെ എത്തുന്നതിന് ധാരാളം പ്രതിഫലം അവൻ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

● അബൂഹുറൈറ ﵁ വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

خَيْرُ صُفُوفِ الرِّجَالِ أَوَّلُهَا وَشَرُّهَا آخِرُهَا

"പുരുഷന്മാരുടെ അണികളിൽ ഏറ്റവും ഉത്തമമായത് ഒന്നാമത്തേതും, ഏറ്റവും മോശമായത് അവസാനത്തേതുമാണ്."

● അബൂഹുറൈറ ﵁ തന്നെ നിവേദനം ചെയ്യുന്നു; നബി ﷺ പറഞ്ഞു:

لَوْ تَعْلَمُونَ – أَوْ يَعْلَمُونَ – مَا فِي الصَّفِّ الْمُقَدَّمِ لَكَانَتْ قُرْعَةً

ഒന്നാമത്തെ അണിയിലുള്ള പ്രതിഫലം എന്താണെന്ന് നിങ്ങളറിയുമായിരുന്നെങ്കിൽ, അതിനുവേണ്ടി നിങ്ങൾ നറുക്കിടുമായിരുന്നു.

● അദ്ദേഹം തന്നെ നിവേദനം ചെയ്യുന്നു; നബി ﷺ പറഞ്ഞു:

لَوْ يَعْلَمُ النَّاسُ مَا فِي النِّدَاءِ وَالصَّفِّ الأَوَّلِ، ثُمَّ لَمْ يَجِدُوا إِلاَّ أَنْ يَسْتَهِمُوا عَلَيْهِ لاَسْتَهَمُوا،

ബാങ്ക് കൊടുക്കുന്നതിലും ഒന്നാമത്തെ അണിയിലും ഉള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ, അതിന് വേണ്ടി നറുക്കിടാൻ അല്ലാതെ അവർക്ക് മറ്റു മാർഗ്ഗമില്ലെങ്കിൽ അവർ നറുക്കിടുമായിരുന്നു.

وَلَوْ يَعْلَمُونَ مَا فِي التَّهْجِيرِ لاَسْتَبَقُوا إِلَيْهِ،

നിസ്കാരത്തിനായി നേരത്തെ ചെല്ലുന്നതിൽ ഉള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നെങ്കിൽ അവർ അതിനായി മത്സരിച്ച് വരുമായിരുന്നു.

وَلَوْ يَعْلَمُونَ مَا فِي الْعَتَمَةِ وَالصُّبْحِ لأَتَوْهُمَا وَلَوْ حَبْوًا

ഇശാ നിസ്കാരത്തിലും സുബ്ഹി നിസ്കാരത്തിലും ഉള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നെങ്കിൽ, മുട്ടിലിഴഞ്ഞാണെങ്കിൽ പോലും അവർ അതിൽ പങ്കെടുക്കാൻ വരുമായിരുന്നു.

ബാങ്ക് വിളിക്കുന്നവന് ലഭിക്കുന്ന പ്രതിഫലത്തെയാണ് ആദ്യത്തിൽ സൂചിപ്പിച്ചത്.

● ബറാഅ് ഇബ്നു ആസിബ് ﵁ നിവേദനം ചെയ്യുന്നു, അല്ലാഹുവിന്റെ റസൂൽ ﷺ ഇപ്രകാരം പറയാറുണ്ടായിരുന്നു:

إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى الصُّفُوفِ الأُوَلِ

അല്ലാഹുവും അവന്റെ മലക്കുകളും ഒന്നാമത്തെ അണികളിൽ ഉള്ളവർക്ക് മുകളിൽ സ്വലാത്ത് ചൊല്ലുന്നു.

"അവർ ഒന്നാമത്തെ അണിയിൽ 'സ്വലാത്ത് ചൊല്ലുന്നു" എന്നതിന്റെ അർത്ഥം: മലക്കുകൾ ഒന്നാമത്തെ അണികളിൽ ഉള്ളവർക്ക് വേണ്ടി കാരുണ്യത്തിന് വേണ്ടി പ്രാർത്ഥിക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു എന്നതാണ്. കാരണം, 'പ്രാർത്ഥന' എന്നത് സ്വലാത്തിന്റെ അർത്ഥങ്ങളിൽ ഒന്നാണ്.

- ഇർബാള് ബ്നു സാരിയ്യ ﷺ നിവേദനം ചെയ്യുന്നു:

أَنَّ رَسُولَ اللَّهِ ـ ﷺ ـ كَانَ يَسْتَغْفِرُ لِلصَّفِّ الْمُقَدَّمِ، ثَلاَثًا، وَلِلثَّانِي، مَرَّةً

അല്ലാഹുവിന്റെ റസൂൽ ﷺ ഒന്നാമത്തെ സ്വഫ്ഫിന് വേണ്ടി മൂന്ന് തവണ പാപമോചനം തേടാറുണ്ടായിരുന്നു, രണ്ടാമത്തെ സ്വഫ്ഫിന് വേണ്ടി ഒരു തവണയും.

- ആഇശ ﷺ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

لاَ يَزَالُ قَوْمٌ يَتَأَخَّرُونَ عَنِ الصَّفِّ الأَوَّلِ حَتَّى يُؤَخِّرَهُمُ اللهُ

ഒരു കൂട്ടം ആളുകൾ ഒന്നാമത്തെ അണിയിൽ നിന്ന് പിന്നോട്ട് പോയിക്കൊണ്ടേയിരിക്കും, അല്ലാഹു അവരെയും പിന്നോട്ടാക്കി കളയുന്നത് വരെ.

അതായത്, മഹത്തായ അനുഗ്രഹത്തിൽ നിന്നും ഉയർന്ന സ്ഥാനത്തിൽ നിന്നും അവരെ അവൻ പിന്നോട്ടാക്കും.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹു നിങ്ങൾക്ക് കരുണ ചെയ്യട്ടെ! ഇസ്‌ലാമിൽ നിസ്കാരത്തിനുള്ള സ്ഥാനം മറ്റ് ഒരു ആരാധനയ്ക്കും തുല്യമല്ലാത്തത്ര വലുതാണെന്ന് നിങ്ങളറിയുക. നിസ്കാരം ദീനിന്റെ (മതത്തിന്റെ) തൂണാണ്, അത് കൊണ്ടല്ലാതെ ദീൻ നിലനിൽക്കുകയില്ല.

മുആദ് ബ്നു ജബൽ ﷺ നിവേദനം ചെയ്ത ഹദീസിൽ ഇപ്രകാരം പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ ചോദിച്ചു:

أَلاَ أُخْبِرُكَ بِرَأْسِ الأَمْرِ كُلِّهِ وَعَمُودِهِ وَذِرْوَةِ سَنَامِهِ

"നിങ്ങളുടെ എല്ലാ കാര്യങ്ങളുടെയും തല (മുഖ്യമായ ഭാഗം), അതിന്റെ തൂൺ, അതിന്റെ ഉന്നതി എന്നിവയെക്കുറിച്ച് ഞാൻ അറിയിക്കട്ടെയോ?"

قُلْتُ " بَلَى يَا رَسُولَ اللَّهِ "

ഞാൻ പറഞ്ഞു: "അതെ, അല്ലാഹുവിന്റെ റസൂലേ!"

رَأْسُ الأَمْرِ الإِسْلاَمُ وَعَمُودُهُ الصَّلاَةُ وَذِرْوَةُ سَنَامِهِ الْجِهَادُ"قَالَ

അവിടുന്ന് ﷺ പറഞ്ഞു: "കാര്യങ്ങളുടെ തല ഇസ്‌ലാമാണ്; അതിന്റെ തൂൺ നിസ്കാരമാണ്; അതിന്റെ ഉന്നതി ജിഹാദുമാണ്."

അല്ലാഹുവിന്റെ അടിമകളേ, നിസ്കാരം അടിമയും അവന്റെ റബ്ബും തമ്മിലുള്ള ഒരു രഹസ്യ സംഭാഷണത്തിനുള്ള (മുനാജാത്ത്) മാർഗ്ഗമാണ്. കാരണം, അതിൽ അല്ലാഹുവിനുള്ള പ്രാർത്ഥനകളും, സ്തുതികളും, ഖുർആൻ പാരായണവും, തസ്ബീഹ് (അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തൽ), തഹ്മീദ് (അവനെ സ്തുതിക്കൽ), തക്ബീർ (അവനെ മഹത്വപ്പെടുത്തൽ) എന്നിവയും ഉൾപ്പെടുന്നു. റുകൂഅ്, സുജൂദ്, വിനയത്തോടെയുള്ള നിൽപ്പ്, റബ്ബിന് മുന്നിൽ കീഴ്പ്പെടൽ, ഹൃദയ നൈർമല്യം, അല്ലാഹുവിന്റെ മുന്നിൽ ദൃഷ്ടി താഴ്ത്തി വെക്കൽ എന്നിവയിലൂടെ അവയവങ്ങൾ കൊണ്ടുള്ള ഭക്തിയും വിനയവും അതിൽ ഒരുമിക്കുന്നു.

അല്ലാഹുവിന്റെ വചനമായ

﴿ إِنَّ الصَّلَاةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ ۗ وَلَذِكْرُ اللَّهِ أَكْبَرُ ﴾

തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു. അല്ലാഹുവിനെ സ്മരിക്കുക എന്നതാണ് ഏറ്റവും വലുത്.

എന്നതിന്റെ തഫ്സീറിൽ ശൈഖ് അബ്ദുറഹ്മാൻ ബ്നു സഅ്ദി ﵀ പറയുന്നു: "നമസ്കാരത്തിൽ ഇതിനേക്കാൾ മഹത്തരവും വലുതുമായ ഒരു ഉദ്ദേശമുണ്ട്; അതെന്താണെന്ന് വെച്ചാൽ, ഹൃദയം കൊണ്ടും നാവ് കൊണ്ടും ശരീരം കൊണ്ടുമുള്ള അല്ലാഹുവിന്റെ സ്മരണ (ദിക്ർ) അതിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നതാണ്. കാരണം, അല്ലാഹു തന്റെ അടിമകളെ സൃഷ്ടിച്ചത് അവനെ ആരാധിക്കാൻ വേണ്ടിയാണ്. അവർ ചെയ്യുന്ന ആരാധനകളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് നിസ്കാരമാണ്. മറ്റുള്ള ഇബാദത്തുകളിൽ ഇല്ലാത്ത, എല്ലാ അവയവങ്ങളുടെയും ആരാധനകൾ ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടാണ് {وَلَذِكْرُ اللَّهِ أَكْبَرُ} {അല്ലാഹുവെ സ്മരിക്കുക എന്നതാണ് ഏറ്റവും വലുത്} എന്ന് പറഞ്ഞിട്ടുള്ളത്."

പിന്നീട് നിങ്ങളറിയുക,

അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

6

പുണ്യദിനങ്ങളിലെ ഇബാദത്തുകൾ

ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങളുടെ പ്രത്യേകതകളും ശ്രേഷ്ഠതകളും

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലഹുവിനെ സൂക്ഷിക്കുകയും, അവനെ ബഹുമാനിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും, ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങളറിയുക, സൃഷ്ടികൾക്ക് മുകളിലുള്ള അല്ലാഹുവിന്റെ റുബൂബിയ്യത് (കർത്തൃത്വം) പ്രകടമാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് അവയിൽ നിന്നും അവൻ ഉദ്ദേശിക്കുന്നതിനെ മഹത്വപ്പെടുത്തുന്നു എന്നത്. ചില വ്യക്തികളോ, സ്ഥലങ്ങളോ , സമയങ്ങളോ, ആരാധനാ കർമ്മങ്ങളോ, ഏതുമായിരിക്കാം ആ മഹത്വപ്പെടുന്നത്. അവന് അറിയുന്ന ഓരോ യുക്തി അടിസ്ഥാനപ്പെടുത്തിയാണ് അവയെല്ലാം നിർണ്ണയിക്കുന്നത് . അല്ലാഹു تعالى പറഞ്ഞു

﴿ وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ ﴾

നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ദുൽ ഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങൾക്ക് അല്ലാഹു تعالى നൽകിയ ചില പ്രത്യേകതകളെ കുറിച്ചും, മറ്റു ദിനങ്ങൾക്ക് മുകളിൽ ഈ ദിവസങ്ങൾക്കുള്ള ശ്രേഷ്ഠതയെ സംബന്ധിച്ചുമാണ് നാം ഈ ഖുത്ബയിൽ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്.

അതിൽ ഒന്നാമത്തേത്, അല്ലാഹു തന്റെ കിതാബിൽ ഈ ദിനങ്ങളെ പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നു എന്നതാണ്. അവൻ പറഞ്ഞു

﴿ لِّيَشْهَدُوا مَنَافِعَ لَهُمْ وَيَذْكُرُوا اسْمَ اللَّهِ فِي أَيَّامٍ مَّعْلُومَاتٍ عَلَىٰ مَا رَزَقَهُم مِّن بَهِيمَةِ الْأَنْعَامِ ﴾

അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും, അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽകാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചു കൊണ്ട് ബലികഴിക്കാനും വേണ്ടിയത്രെ അത്.

ഇബ്നു അബ്ബാസ് ﷺ വിൽ നിന്നും അദ്ദേഹം പറഞ്ഞതായി വന്നു: "നിശ്ചിത ദിനങ്ങൾ എന്നത് ഈ പത്ത് ദിനങ്ങളാകുന്നു ."

ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങളുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന തെളിവുകളിൽ പെട്ടതാണ്, അല്ലാഹു تعالى അതിലെ രാത്രികളെ കൊണ്ട് സത്യം ചെയ്തിരിക്കുന്നു എന്നത്.

﴿ وَالْفَجْرِ ﴾

പ്രഭാതം തന്നെയാണ സത്യം.

﴿ وَلَيَالٍ عَشْرٍ ﴾

പത്തു രാത്രികൾ തന്നെയാണ സത്യം.

ഇബ്നു കഥീർ رحمه الله പറഞ്ഞു: "പത്ത് രാത്രികളെ കൊണ്ടുള്ള ഉദ്ദേശം, ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങളാകുന്നു. ഇബ്നു അബ്ബാസ്, ഇബ്നു സ്സുബൈർ, മുജാഹിദ്, എന്നിവരും മുൻഗാമികളിലും പിൻഗാമികളിലും പെട്ട മറ്റു പലരും ഈ അഭിപ്രായം പറഞ്ഞിരിക്കുന്നു."

ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങളുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന തെളിവുകളിൽ പെട്ടതാണ്, മറ്റു ദിനങ്ങളിലെ സത്കർമ്മങ്ങളെക്കാൾ ഈ ദിനങ്ങളിലെ സൽകർമ്മങ്ങൾ ശ്രേഷ്ഠമാക്കപ്പെട്ടിരിക്കുന്നു എന്നത്. ഇബ്നു അബ്ബാസ് ﷺ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

مَا مِنْ أَيَّامٍ الْعَمَلُ الصَّالِحُ فِيهِنَّ أَحَبُّ إِلَى اللَّهِ مِنْ هَذِهِ الأَيَّامِ الْعَشْرِ

ഈ പത്ത് ദിനങ്ങളിലെ സത്കർമ്മങ്ങളെക്കാൾ അല്ലാഹുവിന് ഇഷ്ടമുള്ള മറ്റൊരു ദിനങ്ങളുമില്ല

فَقَالُوا يَا رَسُولَ اللَّهِ وَلاَ الْجِهَادُ فِي سَبِيلِ اللَّهِ

സ്വഹാബികൾ ചോദിച്ചു : അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് പോലും?

فَقَالَ رَسُولُ اللَّهِ ﷺ " وَلاَ الْجِهَادُ فِي سَبِيلِ اللَّهِ إِلاَّ رَجُلٌ خَرَجَ بِنَفْسِهِ وَمَالِهِ فَلَمْ يَرْجِعْ مِنْ ذَلِكَ بِشَيْءٍ "

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് പോലും അത്രത്തോളം വരികയില്ല. തന്റെ ശരീരം കൊണ്ടും സമ്പത്ത് കൊണ്ടും

യുദ്ധത്തിന് പോകുകയും അതിൽ നിന്നും യാതൊന്നുമില്ലാതെ തിരിച്ചെത്തിയവൻ ഒഴികെ.

ഈ ഹദീഥിന്റെ ആകെത്തുകയായി ഇബ്നു റജബ് رحمه الله പറഞ്ഞു: ഇത് മഹത്തായ ഒരു ഹദീഥാകുന്നു . മറ്റു ചില കർമ്മങ്ങളെ വെച്ച് നോക്കുമ്പോൾ അത്ര തന്നെ പ്രാധാന്യമില്ലാത്ത ചില കർമ്മങ്ങൾ ശ്രേഷ്ഠമാക്കപ്പെട്ട സമയങ്ങളിൽ നിർവഹിക്കപ്പെടുമ്പോൾ അവ മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമാക്കപ്പെടുന്നു എന്നതിന് തെളിവാണ് ഇത്. ദുൽ ഹിജ്ജയിലെ പത്ത് ദിവസങ്ങളിലെ പ്രവർത്തനങ്ങൾ മറ്റെല്ലാ ദിവസങ്ങളിലെ പ്രവർത്തനങ്ങളെക്കാളും ശ്രേഷ്ഠമാണ് എന്നതിനും തെളിവാണ്. ജിഹാദുകളിൽ തന്നെ ഏറ്റവും ഉത്തമമായത് മാത്രമാണ് അതിൽ നിന്നും ഒഴിവാക്കപ്പെടുക . തന്റെ ശരീരവും സമ്പത്തും കൊണ്ട് പുറപ്പെടുകയും അതൊന്നുമില്ലാതെ തിരികെയെത്തുകയും ചെയ്തവനാണത്.

ദുൽ ഹിജ്ജയിലെ പത്തിലെ സുന്നത്തായ കർമ്മങ്ങൾ റമദാനിലെ പത്തിലെ സുന്നത്തായ കർമ്മങ്ങളെക്കാൾ ഉത്തമമാണ് എന്നതും തെളിയിക്കുന്നു, അത് പോലെ തന്നെ ഈ പത്തിലെ ഫർദായ കർമ്മങ്ങൾ മറ്റു ഫർദുകളെക്കാൾ ഇരട്ടിയാക്കപ്പെടും.

ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങളുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്, അവയിലാണ് അറഫാ ദിനമുള്ളത് എന്നത്. അല്ലാഹു തന്റെ ദീൻ പൂർത്തിയാക്കികൊണ്ട് ആ ദിനത്തിൽ ഈ ആയത്ത് അവതരിപ്പിച്ചു

﴿ الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ﴾

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.

ദുൽ ഹിജ്ജയിലെ പത്തിന്റെ ശ്രേഷ്ഠതയുടെ തെളിവുകളിൽ പെട്ടതാണ്, അതിലാണ് അറവിന്റെ ദിവസമുള്ളത് എന്നത്. ഏറ്റവും മഹത്തായ ഹജ്ജി (الحج الأكبر) ന്റെ ദിവസം. അറവ്, ത്വവാഫ്, സഅയ്, മുടി വടിക്കൽ അല്ലെങ്കിൽ ചെറുതാക്കൽ, ജംറയിലുള്ള കല്ലേറ്, എന്നിങ്ങനെയുള്ള അനേകം ഇബാദത്തുകൾ ഒരുമിക്കുന്ന ദിവസമാണത് . നബി ﷺ പറഞ്ഞിരിക്കുന്നു:

إِنَّ أَعْظَمَ الأَيَّامِ عِنْدَ اللَّهِ ﷻ يَوْمُ النَّحْرِ ثُمَّ يَوْمُ الْقَرِّ

അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മഹത്വമേറിയ ദിനം അറവിന്റെ ദിവസമാകുന്നു, പിന്നെ ഖർറിന്റെ ദിവസവും (ദുൽ ഹിജ്ജ പതിനൊന്ന്).

യൗമുൽ ഖർർ എന്ന പേര് നൽകപ്പെടാൻ കാരണം, ഹാജിമാർ മിനായിൽ ഇരിപ്പുറപ്പിക്കുകയും അവിടെ വിശ്രമിക്കുകയും ചെയ്യുന്ന ദിവസമാണ് എന്നത് കൊണ്ടാണ് .

● അല്ലയോ മുസ്ലിമീങ്ങളെ ,

ഈ പത്ത് ദിനങ്ങളിൽ ആറോളം ഇബാദത്തുകൾ പ്രത്യേകം പ്രാധാന്യമുള്ളതാകുന്നു.

ഒന്ന്: തഹ്മീതും - الحمد لله എന്ന് പറയൽ- , തഹ്ലീലും -لا إله إلا الله എന്ന് പറയൽ- , തക്ബീറും -الله أكبر എന്ന് പറയൽ- വർധിപ്പിക്കൽ. അബ്ദുല്ലാഹ് ബ്നു ഉമർ ﷺ വിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു:

ما من أيَّامٍ أعظمُ عندَ اللهِ ولا أحبُّ إليهِ العملُ فيهنَّ من هذِه الأيَّامِ العشرِ فأكثروا فيهنَّ منَ التَّهليلِ والتَّحميدِ والتسبيح والتَّكبيرِ

ഈ പത്ത് ദിനങ്ങളെക്കാൾ അല്ലാഹുവിന്റെ അടുക്കൽ ശ്രേഷ്ഠമായതും , അതിലുള്ള സത്കർമ്മങ്ങളെക്കാൾ അല്ലാഹുവിന് ഇഷ്ടമുള്ളതുമായ മറ്റു ദിനങ്ങളും സത്കർമ്മങ്ങളുമില്ല. അതുകൊണ്ട് തഹ്ലീലും , തക്ബീറും , തഹ്മീതും ആ ദിനങ്ങളിൽ നിങ്ങൾ വർധിപ്പിക്കുക.

ബുഖാരി ﷺ പറഞ്ഞു:

ഇബ്നു ഉമറും അബൂ ഹുറൈറയും ﷺ തക്ബീറുകൾ ചൊല്ലി അങ്ങാടികളിലേക്ക് പത്ത് ദിവസങ്ങളിൽ പോകുമായിരുന്നു, അങ്ങനെ അവിടെയുള്ള ജനങ്ങളും അവരുടെ തക്ബീറുകൾ കേട്ട് ഏറ്റ് ചൊല്ലുമായിരുന്നു .

തക്ബീറിന്റെ രൂപം ഇപ്രകാരമാണ് ;

الله أكبر، الله أكبر لا إله إلا الله، والله أكبر الله أكبر ولله الحمد

ഇബാദത് പ്രകടമാക്കിക്കൊണ്ടും അല്ലാഹുവിന്റെ മഹത്വം പ്രഖ്യാപിച്ചുകൊണ്ടും മസ്ജിദുകൾ, ഭവനങ്ങൾ ‘വഴികൾ, എന്നിങ്ങനെ അല്ലാഹുവിന്റെ ദിക്ർ ചൊല്ലൽ അനുവദിനീയമാകുന്ന ഏത് സ്ഥലങ്ങളിലും തക്ബീറും, തഹ്മീതും, തഹ്ലീലും ചൊല്ലലും അത് മറ്റുള്ളവർ കേൾക്കുന്ന രൂപേണ ശബ്ദം ഉറക്കെ ആകലും നിയമമാക്കപ്പെട്ടിരിക്കുന്നു.. പുരുഷന്മാർ അവ ശബ്ദം ഉയർത്തിക്കൊണ്ട് പറയുക, എന്നാൽ സ്ത്രീകൾ മറ്റു പുരുഷന്മാർക്ക് ഒപ്പമാണെങ്കിൽ ശബ്ദം താഴ്ത്തി പതുക്കെയും പറയുക .

തക്ബീറുകൾ ഇങ്ങനെ ചൊല്ലുക എന്നത് ഈ കാലത്ത് വിസ്മരിക്കപ്പെട്ട സുന്നത്തായിരിക്കുന്നു. വളരെ ചുരുക്കം ആളുകളിൽ നിന്നുമല്ലാതെ നീ അത് കേൾക്കുകയില്ല. സുന്നത്തിനെ ജീവിപ്പിച്ചുകൊണ്ടും, അശ്രദ്ധയിലായിപ്പോയവർക്ക് ഓർമപ്പെടുത്തലായിക്കൊണ്ടും, ജനങ്ങൾ തക്ബീറുകൾ ഓർത്തെടുക്കുവാൻ വേണ്ടിയും നാം തക്ബീറുകൾ ഉറക്കെ പറയുക എന്നത് അനിവാര്യമാണ്. ഓരോരുത്തരും ഒറ്റക്കൊറ്റക്കായി തക്ബീറുകൾ പറയുക. എല്ലാവരും ഒരേ

ശബ്ദത്തിൽ കൂട്ടമായി ചൊല്ലുക എന്നതല്ല ഉദ്ദേശം, അങ്ങനെ ചെയ്യൽ ശരിയായ രീതിയുമാണ്.

രണ്ട്: ഈ പത്തിൽ പ്രത്യേകം നിയമമാക്കപ്പെട്ട പ്രവർത്തനങ്ങളിൽ പെട്ടതാണ്, നോമ്പ് നോൽക്കുക എന്നത്. ഒരു മുസ്ലിം ഏറെ പ്രോത്സാഹിക്കപ്പെട്ട സുന്നത്താത്താണ് ദുൽ ഹിജ്ജയിലെ ഒൻപത് ദിവസങ്ങളിലും നോമ്പെടുക്കുക എന്നത്. നബി ﷺ ദുൽ ഹിജ്ജയിൽ ഒൻപത് ദിവസങ്ങളിലും നോമ്പെടുക്കാറുണ്ടായിരുന്നു. നബി ﷺ യുടെ ചില പത്നിമാർ പറഞ്ഞതായി ഹുനൈദ് ബിൻത് ഖാലിദ് പറയുന്നു :

أَنَّ رَسُولَ اللَّهِ ﷺ كَانَ يَصُومُ تِسْعًا مِنْ ذِي الْحِجَّةِ وَيَوْمَ عَاشُورَاءَ وَثَلاَثَةَ أَيَّامٍ مِنْ كُلِّ شَهْرٍ أَوَّلَ اثْنَيْنِ مِنَ الشَّهْرِ وَخَمِيسَيْنِ

നബി ﷺ ദുൽ ഹിജ്ജയിൽ ഒൻപത് ദിവസങ്ങളിലും, ആശൂറാഇന്റെ ദിവസവും, എല്ലാ മാസവും മൂന്ന് ദിവസങ്ങളും -ആദ്യത്തെ തിങ്കളാഴ്ചയും രണ്ട് വ്യാഴാഴ്ചകളും- നോമ്പെടുക്കാറുണ്ടായിരുന്നു.

അബൂ ഉമാമ അൽ ബാഹിലീ ﷺ അല്ലാഹുവിന്റെ റസൂൽ ﷺ യോട് ചോദിച്ചു :

مُرْنِي بِأَمْرٍ يَنْفَعُنِي اللَّهُ بِهِ

എനിക്ക് അല്ലാഹു ഉപകാരമുണ്ടാക്കുന്ന ഒരു കാര്യം കൊണ്ട് നിങ്ങളെന്നെ കല്പിച്ചാലും.

قال: عَلَيْكَ بِالصِّيَامِ فَإِنَّهُ لاَ مِثْلَ لَهُ

അവിടുന്ന് പറഞ്ഞു : നീ നോമ്പ് അനുഷ്ഠിക്കുക, കാരണം അതിനോളം വരുന്ന മറ്റൊന്നും തന്നെയില്ല.

മൂന്ന്: ഈ പത്തിൽ പ്രത്യേകം നിയമമാക്കപ്പെട്ട പ്രവർത്തനങ്ങളിൽ പെട്ടതാണ്, അറഫാ ദിനത്തിലെ നോമ്പ്. നബി ﷺ പറഞ്ഞു:

صِيَامُ يَوْمِ عَرَفَةَ أَحْتَسِبُ عَلَى اللَّهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبْلَهُ وَالسَّنَةَ الَّتِي بَعْدَهُ

അറഫാ ദിനത്തിലെ നോമ്പ്, മുമ്പുള്ള ഒരു വർഷത്തെയും ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ അതു മുഖേന അല്ലാഹു പൊറുക്കുമെന്നാണ് ഞാൻ കരുതുന്നത്.

നാല്: ഈ പത്ത് ദിവസങ്ങളിൽ നിയമമാക്കപ്പെട്ട പ്രവർത്തനങ്ങളിൽ പെട്ടതാണ്, പെരുന്നാൾ നിസ്കാരം. അതിന്റെ വിധിവിലക്കുകൾ അറിയപ്പെട്ടതാണല്ലോ.

അഞ്ച്: ഈയുള്ള പത്തിൽ നിയമമാക്കപ്പെട്ട പ്രവർത്തനങ്ങളിൽ പെട്ടതാണ്, ബലി കർമ്മം. സാധിക്കുന്നവർക്ക് വളരെ പ്രധാനപ്പെട്ട സുന്നത്താണത്.0. പെരുന്നാൾ ദിവസം തന്നെ അറവ് നടത്തുന്നതാണ് തശ്രീഖിന്റെ മറ്റു ദിവസങ്ങളിലേക്ക് നീട്ടി വെക്കുന്നതിനേക്കാൾ ഉത്തമമായത് . കാരണം,

പെരുന്നാളിന്റെ ദിവസം ദുൽ ഹിജ്ജയിലെ പവിത്രമാക്കപ്പെട്ട പത്ത് ദിനങ്ങളിലെ അവസാന ദിനമാണ് എന്നത് കൊണ്ടും വർഷത്തിലെ ഏറ്റവും ശ്രേഷ്ഠമായ ദിനമാണത് എന്നത് കൊണ്ടുമാണ്. എന്നാൽ തശ്രീഖിലെ ബാക്കിയുള്ള ദിവസങ്ങൾ ആ പത്തിൽ ഉൾപെടുന്നതല്ല. അതുപോലെ തന്നെ പെരുന്നാൾ ദിവസത്തിലെ അറവിൽ നന്മകളിലേക്ക് മുന്നിട്ട് ചെല്ലുക എന്നതും സാക്ഷാത്കരിക്കപ്പെടുന്നു.

ആറ്: ഈ പത്തിൽ പ്രത്യേകം നിയമമാക്കപ്പെട്ട പ്രവർത്തനങ്ങളിൽ പെട്ടതാണ്, ഹജ്ജും ഉംറയും നിർവഹക്കൽ. ഈ പത്ത് ദിവസങ്ങളിൽ അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം അതാണ്. ആർക്കാണോ അല്ലാഹു തന്റെ ഭവനം ലക്ഷ്യമാക്കി കല്പിക്കപ്പെട്ട രീതിയിൽ മ്ലേച്ഛതകളും പാപങ്ങളും തർക്കവും വെടിഞ്ഞ്ഹ ജ്ജ് ചെയ്യാൻ തൗഫീഖ് നൽകിയത്, അവൻ അല്ലാഹുവിന്റെ റസൂൽ വാഗ്ദാനം നൽകിയ ഈ പ്രതിഫലം നേടിയെടുക്കാൻ ഏറെ സാധ്യതയുണ്ട് .

അവിടുന്ന് ﷺ പറഞ്ഞു:

والحجُّ المبرورُ ليس له جزاءٌ إلَّا الجنَّةُ

പുണ്ണ്യമാക്കപ്പെട്ട ഹജ്ജിന് സ്വർഗ്ഗമല്ലാതെ പ്രതിഫലമായി മറ്റൊന്നില്ല.

അല്ലാഹുവിന്റെ അടിമകളെ, ആറ് ഇബാദത്തുകളാകുന്നു ഇവ. ഈ പത്തിൽ സുന്നത്തായ കർമ്മങ്ങളുടെ മുൻപന്തിയിൽ നിൽകുന്നതാകുന്നു ഇവ. മറ്റു സമയങ്ങളേക്കാൾ ഈ പത്തിന്റെ ശ്രേഷഠത കാരണം ഇബാദത്തുകൾ ഈയുള്ള ദിനങ്ങളിൽ പ്രത്യേകമാക്കപ്പെട്ടിരിക്കുന്നു. പരാമർശിക്കപ്പെട്ട ഇബാദത്തുകൾ ഈ ദിനങ്ങളിൽ ഒരുമിച്ച് കൂടുന്നു എന്ന് മനസ്സിലാക്കുമ്പോൾ തന്നെ , എന്ത് കൊണ്ടാണ് ഈ പത്ത് ദിനങ്ങൾ പവിത്രമാക്കപ്പെട്ടത് എന്നതിന്റെ കാരണം മനസ്സിലാക്കാമല്ലോ! ഇബാദത്തുകളുടെ മാതാക്കൾ എന്നറിയപ്പെടുന്ന നിസ്കാരം, നോമ്പ്, ദാനം, മറ്റു കാലങ്ങളിൽ നിർവഹിക്കാൻ സാധിക്കാത്ത ഹജ്ജ് എന്നിങ്ങനെയുള്ളതും പ്രധാനപ്പെട്ട ഇബാദത്തുകൾ ഒരുമിക്കുന്നു എന്നത് കൊണ്ടാണത്.

അല്ലാഹുവിന്റെ അടിമകളെ, റമദാനിലെ അവസാന പത്തിൽ ഏവരിലും ഇബാദത്തുകളിൽ ഉത്സാഹം കാണുകയും എന്നാൽ ഈ പത്ത് ദിവസങ്ങളിൽ- ഇവയാണ് കൂടുതൽ ശ്രേഷ്ഠമായത് എന്നിരിക്കെ- അത് കാണുന്നില്ല എന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ് .

സഈദ് ബിൻ ജുബൈർ رحمه الله എന്ന മഹാനായ താബിഈ ഈ പത്തിലേക്ക് പ്രവേശിച്ചാൽ തന്നെക്കൊണ്ട് താങ്ങുകയില്ല എന്ന് തോന്നുമാർ കഠിനമായി ഇബാദത്തുകളിൽ പ്രയത്നിക്കുമായിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു "ഈ പത്ത് രാത്രികളിൽ നിങ്ങൾ വിളക്കുകൾ

അണയ്ക്കാതിരിക്കുക". നിസ്കാരത്തെയും ഖുർആൻ പാരായണത്തെയുമാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്.

ഇവിടെ പറയപ്പെട്ട ഇബാദത്തുകൾ വർധിപ്പിക്കുന്നതിൽ നാം അല്ലാഹുവോട് സഹായം തേടുക. പ്രതിഫലം കാംക്ഷിച്ചുകൊണ്ട് അവയിൽ നാം പരസ്പരം മാത്സര്യമുള്ളവരാകുക. കാരണം, ഇത് പ്രവർത്തനങ്ങളുടെ ദിനമാണ് ഇവിടെ വിചാരനായില്ല, നാളെയാകട്ടെ വിചാരണയാണ് പ്രവർത്തനങ്ങളില്ല .

﴿ سَابِقُوا إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا كَعَرْضِ السَّمَاءِ وَالْأَرْضِ أُعِدَّتْ لِلَّذِينَ آمَنُوا بِاللَّهِ وَرُسُلِهِ ﴾

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുങ്കടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

ഇബ്നു റജബ് رحمه الله പറഞ്ഞു :

വിശ്വാസികളുടെ ഹൃദയങ്ങളിൽ തന്റെ പവിത്രമാക്കപ്പെട്ട ഭവനം നേരിൽ കാണാനുള്ള അതിയായ ആഗ്രഹം അല്ലാഹു ഇട്ടു നൽകിയപ്പോൾ, എന്നാൽ ഏവർക്കും എല്ലാ വർഷവും അത് സാധിക്കുകയില്ല എന്നുമായപ്പോൾ, സാധിക്കുന്നവർക്ക് ആയുസ്സിൽ ഒരു തവണ മാത്രമാണ് അവൻ നിർബന്ധമാക്കിയത്, അത് പോലെ ദുൽ ഹിജ്ജയിലെ പത്ത് ദിനങ്ങൾ ഹജ്ജിന് പോകുന്നവർക്കും, പോകാൻ സാധിക്കാത്തവർക്കും ഒരുപോലെ നന്മകൾ നേടിയെടുക്കാവുന്ന സമയങ്ങളുമാക്കി. ആർക്കാണോ ഹജ്ജ് ചെയ്യാൻ സാധിക്കാത്തത്, എന്നാൽ ഹജ്ജിനെക്കാൾ മഹത്വമുള്ള ജിഹാദിനെക്കാൾ ഉത്തമമായ പ്രവർത്തനങ്ങൾ തന്റെ വീട്ടിൽ നിന്ന് തന്നെ ഈ ദിനങ്ങളിൽ പ്രവർത്തിക്കാൻ അവൻ സാധിക്കുന്നതാണ്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

നിങ്ങളറിയുക, ദുൽ ഹിജ്ജയിലെ ഈ പത്ത് ദിനങ്ങൾ റമദാനിലെ പത്ത് ദിനങ്ങളെക്കാൾ ശ്രേഷ്ഠമാക്കപ്പെട്ടതാണ്. അതുകൊണ്ട് നിങ്ങൾ ഇബാദത്തുകളിൽ കഠിനമായി പ്രയത്നിക്കുക. ഇബ്നു കഥീർ رحمه الله പറഞ്ഞു : ചുരുക്കത്തിൽ, ഈ പത്ത് ദിനങ്ങൾ ബാക്കിയുള്ള ദിനങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് പറയപ്പെട്ടിരിക്കുന്നു, ഹദീഥിൽ വന്നത് പോലെ . അത് കൊണ്ട് തന്നെ റമദാനിലെ അവസാന പത്തിനേക്കാൾ ഈ പത്ത് പലരും ശ്രേഷ്ഠമായി വിലയിരുത്തി. അത് കൊണ്ട് തന്നെ ഈ പത്തിലും അതിൽ നിയമമാക്കപ്പെട്ടത് പോലെ നോമ്പും, നിസ്കാരവും, ദാനവും മറ്റുള്ളതും നിയമമാക്കപ്പെട്ടു .എന്നാൽ ഈ പത്തിൽ നിർബന്ധമായി ഹജ്ജും പ്രത്യേകമാക്കപ്പെട്ടു.

മറ്റൊരു അഭിപ്രായം- ആയിരം മാസങ്ങളേക്കാൾ പുണ്ണ്യമുള്ള ലയലത്തുൽ ഖദ്ർ ഇതിലാണ് എന്നത് കൊണ്ട് റമദാനിലെ പത്താണ് ശ്രേഷ്ഠതയേറിയത് എന്നതാണ്.

എന്നാൽ മറ്റു ചിലർ മാധ്യമ നിലപാട് സ്വീകരിച്ച് കൊണ്ട് പറഞ്ഞു : ഈ പത്തിലെ പകലുകളും ആ പത്തിലെ രാത്രികളുമാണ് ശ്രേഷ്ഠമായത്. അങ്ങനെ അവർ തെളിവുകളെ തമ്മിൽ കൂട്ടിയോജിപ്പിച്ചു.

പിന്നീട് നിങ്ങളറിയുക , ബലിയറുക്കാൻ ഉദ്ദേശിച്ചവർ അത് കഴിയുന്നത് വരെ തന്റെ രോമത്തിൽ നിന്നും നഖത്തിൽ നിന്നും തൊലിയിൽ നിന്നും ഒന്നും തന്നെ എടുക്കൽ അനുവദിനീയമല്ല. നബി ﷺ പറഞ്ഞു:

إِذَا رَأَيْتُمْ هِلاَلَ ذِي الْحِجَّةِ وَأَرَادَ أَحَدُكُمْ أَنْ يُضَحِّيَ فَلْيُمْسِكْ عَنْ شَعْرِهِ وَأَظْفَارِهِ

ദുൽ ഹിജ്ജയുടെ ഹിലാൽ കണ്ടു കഴിഞ്ഞാൽ, ആരാണോ ബലിയറുക്കാൻ ഉദ്ദേശിക്കുന്നത്, അവൻ തന്റെ മുടിയും നഖങ്ങളും പിടിച്ചു വെക്കട്ടെ.

ഇമാം മുസ്ലിമിന്റെ മറ്റൊരു രിവായത്തിൽ :

إِذَا دَخَلَتِ الْعَشْرُ وَأَرَادَ أَحَدُكُمْ أَنْ يُضَحِّيَ فَلاَ يَمَسَّ مِنْ شَعَرِهِ وَبَشَرِهِ شَيْئًا

പത്ത് ദിനങ്ങൾ പ്രവേശിച്ചാൽ, ബലിയറുക്കാൻ ഉദ്ദേശിക്കുകയും ചെയ്താൽ, തന്റെ മുടിയും തൊലിയും ഒന്നുകൊണ്ടും അവൻ തൊടാതിരിക്കട്ടെ.

അല്ലയോ വിശ്വാസികളെ, ഇസ്ലാമിന്റെ നിയമ സംഹിതയുടെ പ്രത്യേകതകളിൽ പെട്ടതാണ് പ്രയാസങ്ങളെ നീക്കം ചെയ്യുക എന്നത് . അതു കൊണ്ട് ആർക്കാണോ തന്റെ മുടിയും നഖവും തൊലിയിൽ നിന്നും നീക്കം ചെയ്യാൻ ആവശ്യമായിട്ടുള്ളത് അവന് അത് ചെയ്യാവുന്നതാണ് .

ഇബ്നു ഉഥൈമീൻ ﵀ പറഞ്ഞു : ആർക്കാണോ തന്റെ മുടിയും നഖവും തൊലിയിൽ നിന്നും നീക്കം ചെയ്യലും ആവശ്യമാവുകയും അങ്ങനെ അത് ചെയ്യുകയും ചെയ്തത്, അവന്റെ മേൽ യാതൊരു പ്രശ്നവുമില്ല. ഉദാഹരണമായി, വല്ലവനും ഒരു മുറിവുണ്ടാകുകയും അങ്ങനെ അതിനടുത്തുള്ള രോമങ്ങൾ നീക്കം ചെയ്യാൻ ആവശ്യമായി, അല്ലെങ്കിൽ തന്റെ നഖം മുറിയുകയും അവനെ അത് വേദനിപ്പിക്കുകയും ചെയ്യുന്നു, എങ്കിൽ ആവശ്യമായത് അവൻ മുറിക്കാവുന്നതാണ്. അല്ലെങ്കിൽ, തൊലിയിൽ നിന്നും പൊഴിഞ്ഞു കിടന്ന് തന്നെ വേദനിപ്പിക്കുന്നതും അവൻ നീക്കം ചെയ്യാവുന്നതാണ്. അതിലൊന്നും തന്നെ യാതൊരു പ്രശ്നവുമില്ല.

അല്ലയോ മുസ്ലിമീങ്ങളെ, ഹജ്ജ് ചെയ്യുന്നവരും ബലിയറുക്കാൻ ഉദ്ദേശിച്ചാൽ ഇതേ വിധി തന്നെയാണ്. ഉംറ ചെയ്യുന്നത് വരെ തന്റെ തൊലിയിൽ നിന്നും മുടിയിൽ നിന്നും ഒന്നും നീക്കം ചെയ്യൽ അവൻ അനുവദിനീയമല്ല. ഉംറ ചെയ്തു കഴിഞ്ഞാൽ നിർബന്ധമായും മുടി ചെറുതാക്കേണ്ടതുണ്ട്. തന്റെ സ്വദേശത്താണ് ബലിയറുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കൂടി അവൻ മുടി ചെറുതാക്കണം. കാരണം ഉംറയിലെ മുടിയെടുക്കൽ അതിന്റെ ഭാഗമാണ്. ഇബ്നു ബാസും ഇബ്നു ഉതയ്മീനും ﵉ അപ്രകാരമാണ് പറഞ്ഞത്.

നിങ്ങൾ അറിയുക അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കൽപ്പിച്ചിരിക്കുന്നു.

അവൻ പറഞ്ഞു :

﴿ إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി ﷺ ക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അവിടുത്തെ മേൽ സ്വലാത്തും, സലാമും ചോദിക്കുക.

അറഫാ ദിനത്തിന്റെ പത്ത് സവിശേഷതകൾ

إن الحمدلله، نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا ومن سيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمداً عبده ورسوله.أما بعد،

മുസ്‌ലിംകളേ, നിങ്ങൾ അല്ലാഹുവെ ഭയപ്പെടുകയും അവനെ നിരീക്ഷിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അവനോട് മറുതലിക്കരുത്. അല്ലാഹു തനിക്ക് ഇഷ്ടമുള്ള വ്യക്തികൾക്കോ, സ്ഥലങ്ങൾക്കോ, സമയങ്ങൾക്കോ, ഇബാദത്തുകൾക്കോ നൽകുന്ന ആദരവ് അവന്റെ രക്ഷിതാവായുള്ള അധികാരത്തിന്റെ അടയാളമാണെന്ന് മനസ്സിലാക്കുക. അല്ലാഹു പറയുന്നു:

﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ مَا كَانَ لَهُمُ الْخِيَرَةُ﴾

"നിന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ല."

ഈ പ്രസംഗത്തിൽ അല്ലാഹു അറഫാ ദിനത്തിന് നൽകിയ ആദരവിനെക്കുറിച്ചും അതിന് മാത്രമുള്ള പത്ത് പ്രത്യേകതകളെക്കുറിച്ചുമാണ് നമ്മൾ സംസാരിക്കുന്നത്:

1. ദീൻ പൂർത്തീകരിക്കപ്പെട്ട ദിവസം:

അറഫാ ദിനം ഇസ്‌ലാം മതം പൂർത്തിയാക്കപ്പെടുകയും അല്ലാഹുവിന്റെ അനുഗ്രഹം പരിപൂർണ്ണമാവുകയും ചെയ്ത ദിവസമാണ്. ഉമർ ബിൻ ഖത്താബ് رضي الله عنه വിനോട് ഒരു ജൂതൻ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ, നിങ്ങളുടെ ഗ്രന്ഥത്തിലെ ഒരു വചനം അത് ഞങ്ങളുടെ മേലാണ് അവതരിച്ചിരുന്നതെങ്കിൽ ആ ദിവസം ഞങ്ങൾ ഒരു പെരുന്നാളാക്കുമായിരുന്നു." അപ്പോൾ ഉമർ رضي الله عنه ചോദിച്ചു: "ഏതാണത്?" അദ്ദേഹം ഈ സൂക്തം ഓതി:

﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا﴾

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും മതമായി ഇസ്‌ലാമിനെ നിങ്ങൾക്ക് ഞാൻ തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു."

അപ്പോൾ ഉമർ رضي الله عنه പറഞ്ഞു: "ആ വചനം എവിടെ വെച്ച്, ഏത് സമയത്താണ് നബി ﷺ ക്ക് അവതരിച്ചതെന്ന് എനിക്ക് കൃത്യമായി അറിയാം. അത് ഒരു വെള്ളിയാഴ്ച ദിവസം അറഫയിൽ വെച്ചാണ് അവതരിച്ചത്."

2. അല്ലാഹു സത്യം ചെയ്ത ദിവസം:

അല്ലാഹു ഖുർആനിൽ രണ്ടിടങ്ങളിൽ ഈ ദിവസത്തെക്കുറിച്ച് സത്യം ചെയ്യുന്നു. ഇത് 'മശ്ഹൂദ്' (സാക്ഷ്യം വഹിക്കപ്പെട്ടത്) ആണ്. നബി ﷺ പറഞ്ഞു:

الشَّاهِدُ يَوْمُ الْجُمُعَةِ ، وَالْمَشْهُودُ يَوْمُ عَرَفَةَ ، وَالْمَوْعُودُ يَوْمُ الْقِيَامَةِ

"സാക്ഷി എന്നത് വെള്ളിയാഴ്ചയും, സാക്ഷ്യം വഹിക്കപ്പെടുന്നത് അറഫാ ദിനവും, വാഗ്ദാനം ചെയ്യപ്പെട്ടത് ഖിയാമത്ത് നാളുമാണ്."

അതുപോലെ അല്ലാഹു സത്യം ചെയ്ത 'വിത്ർ' (ഒറ്റ) ഈ ദിവസമാണെന്ന് നബി ﷺ വിശദീകരിച്ചിട്ടുണ്ട്:

إِنَّ الْعَشْرَ عَشْرُ الْأَضْحَى، وَالْوَتْرَ يَوْمُ عَرَفَةَ، وَالشَّفْعَ يَوْمُ النَّحْرِ

"തീർച്ചയായും പത്ത് എന്ന് പറഞ്ഞാൽ അത് ബലിപെരുന്നാളിന്റെ (ദുൽഹിജ്ജയിലെ) പത്ത് ദിനങ്ങളാണ്. വിത്ർ എന്നാൽ അറഫാ ദിനവും ശഫ്അ് എന്നാൽ ബലിദിനവുമാണ്."

3. രണ്ട് വർഷത്തെ പാപമോചനം:

അറഫാ ദിനത്തിലെ നോമ്പിനെക്കുറിച്ച് നബി ﷺ പറഞ്ഞു:

صِيَامُ يَوْمِ عَرَفَةَ ، أَحْتَسِبُ عَلَى اللَّهِ أَنْ يُكفر السَّنَةَ الَّتِي قَبْلَهُ وَالسَّنَةَ الَّتِي بَعْدَهُ

"അറഫാ ദിനത്തിലെ നോമ്പ് അതിന് മുമ്പത്തെ വർഷത്തെയും ശേഷമുള്ള വർഷത്തെയും പാപങ്ങൾ പൊറുപ്പിക്കുമെന്ന് ഞാൻ അല്ലാഹുവിനെക്കുറിച്ച് പ്രതീക്ഷിക്കുന്നു."

4. യുദ്ധം നിഷിദ്ധമായ മാസത്തിൽ:

ഈ ദിവസം യുദ്ധം നിഷിദ്ധമായ മാസത്തിലാണ് വരുന്നത്. അതിന് മുമ്പും ശേഷവും യുദ്ധം നിഷിദ്ധമായ മാസങ്ങളാണ് (ദുൽഖഅദ്, ദുൽഹിജ്ജ, മുഹറം).

5. നരകമോചനവും അല്ലാഹുവിന്റെ അഭിമാനവും:

ഈ മൂന്ന് സവിശേഷതകളും ഒരു ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു. നബി ﷺ പറഞ്ഞു:

مَا مِنْ يَوْمٍ أَكْثَرُ مِنْ أَنْ يُعْتِقَ اللَّهُ ﷻ فِيهِ عَبْدًا مِنَ النَّارِ مِنْ يَوْمِ عَرَفَةَ ، وَإِنَّهُ لَيَدْنُو ثُمَّ يُبَاهِي بِهِمُ الْمَلَائِكَةَ فَيَقُولُ: مَا أَرَادَ هَؤُلَاءِ؟

"അറഫാ ദിനത്തേക്കാളധികം അല്ലാഹു തന്റെ അടിമകളെ നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന മറ്റൊരു ദിവസവുമില്ല. തീർച്ചയായും അവൻ അടുക്കുകയും എന്നിട്ട് അവരെക്കുറിച്ച് മലക്കുകളോട് അഭിമാനം കൊള്ളുകയും ചെയ്യും. എന്നിട്ട് ചോദിക്കും: ഇവർ എന്താണ് ആഗ്രഹിക്കുന്നത്?"

അബ്ദുല്ലാഹിബ്നു അംറ് ബിൻ ആസ് ﵁ വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

إِنَّ اللَّهَ ﷻ يُبَاهِي مَلَائِكَتَهُ عَشِيَّةَ عَرَفَةَ بِأَهْلِ عَرَفَةَ، فَيَقُولُ: انْظُرُوا إِلَى عِبَادِي أَتَوْنِي شُعْثًا غُبْرًا

"തീർച്ചയായും അല്ലാഹു അറഫാ ദിനത്തിന്റെ സായാഹ്നത്തിൽ അറഫയിൽ ഹാജരായവരെക്കുറിച്ച് മലക്കുകളോട് അഭിമാനം കൊള്ളും. എന്നിട്ടവൻ പറയും: എന്റെ അടിമകളിലേക്ക് നിങ്ങൾ നോക്കൂ, അവർ മുടി ചിതറിയവരും പൊടിപുരണ്ടവരുമായി (ക്ഷീണിതരായി) എന്റെ അടുക്കൽ വന്നിരിക്കുന്നു."

ഇബ്നു റജബ് ﵀ പറയുന്നു: "അറഫാ ദിനം നരകമോചനത്തിന്റെ ദിവസമാണ്. അറഫയിൽ നിൽക്കുന്നവർക്കും അല്ലാത്തവരുമായ മുസ്ലിംകൾക്കും അന്ന് നരകമോചനം ലഭിക്കുന്നു. അതുകൊണ്ടാണ് അതിന്റെ പിറ്റേദിവസം ലോകമെമ്പാടുമുള്ള മുസ്ലിംകൾക്ക് പെരുന്നാളായി മാറിയത്."

6. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയം: നബി ﷺ പറഞ്ഞു:

خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ ، وَخَيْرُ مَا قُلْتُ أَنَا وَالنَّبِيُّونَ مِنْ قَبْلِي : لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ ، وَلَهُ الْحَمْدُ ، وَهو عَلَى كُلِّ شَيْءٍ قَدِيرٌ

"ഏറ്റവും ഉത്തമമായ പ്രാർത്ഥന അറഫാ ദിനത്തിലെ പ്രാർത്ഥനയാകുന്നു. ഞാനും എനിക്ക് മുൻപുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും ഉത്തമമായ കാര്യം (ഇതാകുന്നു): 'അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവന് പങ്കുകാരില്ല, ആധിപത്യം അവന്നുള്ളതാണ്, സ്തുതിയും അവന്നുള്ളതാണ്, അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനുമാകുന്നു'."

7. ദുൽഹിജ്ജയിലെ പത്ത് ദിനങ്ങൾ: നബി ﷺ പറഞ്ഞു:

مَا مِن أَيَّامٍ الْعَمَلُ الصَّالِحُ فِيهِنَّ أَحَبُّ إِلَى اللَّهِ مِنْهُ فِي هَذِهِ الْأَيَّامِ الْعَشْرِ. قَالُوا: وَلَا الْجِهَادُ فِي سَبِيلِ اللَّهِ؟ قَالَ: وَلَا الْجِهَادُ فِي سَبِيلِ اللَّهِ، إِلَّا رَجُلٌ خَرَجَ بِنَفْسِهِ وَمَالِهِ وَلَمْ يَرْجِعْ مِنْ ذَلِكَ بِشَيْءٍ

"ഈ പത്ത് ദിവസങ്ങളിൽ (ദുൽഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങൾ) ചെയ്യുന്ന സൽക്കർമ്മങ്ങളേക്കാൾ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടതായ മറ്റൊരു ദിവസങ്ങളിലെയും സൽക്കർമ്മങ്ങളില്ല. അനുചരന്മാർ ചോദിച്ചു: അല്ലാഹുവിന്റെ

മാർഗ്ഗത്തിലുള്ള ജിഹാദിനേക്കാളും പ്രിയപ്പെട്ടതാണോ? നബി ﷺ പറഞ്ഞു: അതെ, അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദിനേക്കാളും. എന്നാൽ സ്വന്തം ശരീരവും സമ്പത്തുമായി യുദ്ധത്തിന് പുറപ്പെടുകയും അതിൽ നിന്ന് യാതൊന്നും തിരിച്ചു കൊണ്ടു വരാത്തവന്റെ (രക്തസാക്ഷിയായവന്റെ) കാര്യം ഇതിൽ നിന്ന് ഒഴിവാകുന്നു."

8. ഹജ്ജിന്റെ പ്രധാന കർമ്മം: നബി ﷺ പറഞ്ഞു:

الْحَجُّ عَرَفَةُ

"ഹജ്ജ് എന്നാൽ അറഫയാണ്"

9. മുസ്ലിംകളുടെ ഒത്തുചേരൽ:

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള മുസ്ലിംകൾ ഒരേ സമയം, ഒരേ സ്ഥലത്ത്, ഒരേ കർമ്മം നിർവ്വഹിക്കാനായി ഒത്തുകൂടുന്നു എന്നത് അറഫാ ദിനത്തിന്റെ സവിശേഷതയാണ്. മറ്റേതൊരു ദിവസത്തിലോ, സ്ഥലത്തോ, ആരാധനയിലോ ഇത്തരമൊരു ഒത്തുചേരൽ സംഭവിക്കുന്നില്ല. ഇത് ഇസ്ലാമിന്റെ ചിഹ്നങ്ങളുടെ വെളിപ്പെടുത്തലും, അതിന്റെ ഔന്നത്യത്തിന്റെ അടയാളവുമാണ്. അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുന്നതും പാപങ്ങൾ പൊറുക്കപ്പെടുന്നതും കാണുമ്പോൾ പിശാച് നിന്ദ്യനായിത്തീരാൻ ഇത് കാരണമാകുന്നു. അല്ലാഹുവിന്റെ ദാസന്മാരേ, അറഫാ ദിനത്തെ ആദരിക്കാനും ബഹുമാനിക്കാനുമായി അല്ലാഹു പ്രത്യേകമായി നൽകിയ പത്ത് സവിശേഷതകളാണിവ. അതിനാൽ, ഈ ദിവസത്തിലെ പുണ്യങ്ങൾ സൽക്കർമ്മങ്ങളിലൂടെ നേടിയെടുക്കാൻ നമ്മൾ അല്ലാഹുവിനോട് സഹായം തേടുകയും, അവ സ്വന്തമാക്കാൻ മത്സരിക്കുകയും ചെയ്യുക. ഈ പ്രതിഫലവും പുണ്യവും നമ്മൾ അല്ലാഹുവിൽ നിന്ന് ആഗ്രഹിക്കുക. ഇന്ന് പ്രവർത്തനത്തിന്റെ ദിവസമാണ്, വിചാരണയില്ല. നാളെ വിചാരണയുടെ ദിവസമാണ്, പ്രവർത്തനമില്ല. അല്ലാഹു പറയുന്നു:

﴿سَابِقُوا إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا كَعَرْضِ السَّمَاءِ وَالْأَرْضِ أُعِدَّتْ لِلَّذِينَ آمَنُوا بِاللَّهِ وَرُسُلِهِ﴾

"നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗ്ഗത്തിലേക്കും നിങ്ങൾ മുൻകൂട്ടി ഓടിയെത്തുക. അതിന്റെ വീതി ആകാശത്തിന്റെയും ഭൂമത്തിന്റെയും വീതി പോലെയാകുന്നു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചവർക്ക് വേണ്ടി അത് ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു."

രണ്ടാം ഖുത്ബ

الحمدلله على فضله وإحسانه، والشكر له على توفيقه وامتنانه، وأشهد أن لا إله إلا الله وحده تعظيماً لشأنه، وأشهد أن محمداً عبده ورسوله، صلى الله عليه وعلى آله وأصحابه، وسلم تسليماً كثيراً، أما بعد،

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും ഔദാര്യങ്ങൾക്കും അവനെ സ്തുതിക്കുന്നു. അവന്റെ തൗഫീഖിനും ഉപകാരങ്ങൾക്കും അവന് നന്ദി പറയുന്നു. അവന്റെ മഹത്വത്തെ ആദരിച്ചുകൊണ്ട് 'അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല' എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തെയും കുടുംബത്തിന്റെയും സ്വഹാബത്തിന്റെയും മേൽ അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ.

അതിനുശേഷം, വിശ്വാസികളേ, നിങ്ങൾ അറിഞ്ഞിരിക്കുക; അറഫാ ദിനത്തിലെ പ്രാർത്ഥനയുടെ മഹത്വം എല്ലാ സ്ഥലങ്ങളിലുമുള്ളവർക്കുള്ളതാണ്, അത് അറഫയിലുള്ള ഹാജിമാർക്ക് മാത്രമുള്ളതല്ല. കാരണം ഇതിന്റെ ശ്രേഷ്ഠത ആ 'സമയത്തിനാണ്'. തീർച്ചയായും അറഫയിലുള്ള ഹാജിമാർക്ക് ആ സമയത്തിന്റെ ശ്രേഷ്ഠതയും സ്ഥലത്തിന്റെ ശ്രേഷ്ഠതയും ഒത്തുചേരുന്നു എന്ന് മാത്രം.

അല്ലാഹുവിന്റെ ദാസന്മാരേ, അറഫാ ദിനത്തിൽ പ്രാർത്ഥനയിലും ദിക്റിലും മുഴുകാൻ സഹായിക്കുന്ന പ്രധാന കാര്യം ളുഹർ മുതൽ മഗ്രിബ് വരെ കഴിവിനനുസരിച്ച് പള്ളികളിൽ ചിലവഴിക്കുക എന്നതാണ്. അറഫാ ദിനത്തിൽ ഫർള് നിസ്കാരങ്ങൾക്ക് ശേഷം പ്രത്യേകമായ തക്ബീറുകൾ (التكبير المقيد) സുന്നത്തുണ്ട്. ഹാജിമാരല്ലാത്തവർക്ക് ഇത് അറഫാ ദിനത്തിലെ സുബ്ഹി മുതൽ അയ്യാമുത്തശ്രീഖിന്റെ അവസാന ദിവസം (ദുൽഹിജ്ജ 13) അസർ വരെ നീണ്ടുനിൽക്കുന്നു. എന്നാൽ ഹാജിമാർ അറഫാ ദിനത്തിലെ ളുഹർ, അസർ നിസ്കാരങ്ങൾക്ക് ശേഷമാണ് തക്ബീർ ആരംഭിക്കേണ്ടത്. നിസ്കാരത്തിന് ശേഷം മൂന്ന് തവണ ഇസ്തിഗ്ഫാർ ചെയ്യുകയും

"اللهم أنت السلام ومنك السلام، تباركت يا ذا الجلال والإكرام"

എന്ന് ചൊല്ലുകയും ചെയ്ത ശേഷം തക്ബീർ തുടങ്ങുക:

الله أكبر، الله أكبر، لا إله إلا الله، الله أكبر، الله أكبر، ولله الحمد

വിശ്വാസികളേ, ഇതൊരു വലിയ അവസരമാണ്. വർഷത്തിലൊരിക്കൽ മാത്രം ലഭിക്കുന്ന അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹമാണിത്. അതിനാൽ നമ്മൾ സൽപ്രവൃത്തികളിലൂടെ അല്ലാഹുവിനെ സന്തോഷിപ്പിക്കുക. ഇബാദത്തിലും ദിക്റിലും പ്രാർത്ഥനയിലും മുഴുകുക. ഒരു ദാസൻ അല്ലാഹുവിലേക്ക് ഒരു ചാണളവ് അടുത്താൽ അല്ലാഹു അവനിലേക്ക് ഒരു മുഴം അടുക്കും. അവൻ ഒരു മുഴം അടുത്താൽ അല്ലാഹു അവനിലേക്ക് ഒരു മാറ് അടുക്കും. അവൻ നടന്നു വന്നാൽ അല്ലാഹു അവന്റെ അടുത്തേക്ക് ഓടി വരും. അല്ലാഹുവിന്റെ അതിരറ്റ കാരുണ്യത്തെയും, ദാസന്മാർ സൽക്കർമ്മങ്ങളുമായി അവനിലേക്ക് വരുന്നതിനേക്കാൾ വേഗത്തിൽ അവൻ ദാനധർമ്മങ്ങളുമായി അവരിലേക്ക് എത്തുമെന്നുമാണ് ഈ ഹദീസ് സൂചിപ്പിക്കുന്നത്.

അല്ലാഹുവേ, നിന്റെ ദാസനും ദൂതനുമായ മുഹമ്മദ് ﷺ യുടെ മേൽ സ്വലാത്തും സലാമും വർഷിക്കേണമേ.

ബലിപെരുന്നാൾ ഖുതുബ ; 20 പാഠങ്ങൾ

الله أكبر الله أكبر كبيرًا، والحمد لله كثيرًا، وسبحان الله بكرةً وأصيلاً.

(അല്ലാഹു അക്ബർ,

അല്ലാഹു അക്ബർ കബീറാ, വൽഹംദുലില്ലാഹി കസീറാ,

വസുബ്ഹാനല്ലാഹി ബുക്റത്തൻ വ അസീലാ) 9 തവണ

الحمد لله ﷻ، وعظُم ثناؤه، وتقدَّست أسماؤه، سبحانه وبحمده لا تُحصى نعماؤه، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبدُه ورسولُه، بعثه الله بالهدى ودينِ الحقِّ، اللهم صلِّ وسلِّم وبارك عليه، وعلى آله وصحبه وسلِّم تسليما كثيرا.

أما بعد،

അല്ലാഹുവിനെ ഭയപ്പെടുക (തഖ്വ), അതാണ് പരലോകത്തേക്കുള്ള ഏറ്റവും നല്ല വിഭവം.

പ്രധാന വിഷയങ്ങൾ:

1. മുസ്ലിംകളേ, നിങ്ങൾ അല്ലാഹുവിന്റെ മഹത്തായ ദിനങ്ങളിലൊന്നായ 'യൗമുന്നഹ്റിൽ' (ബലിദിനം) ആണ്. ഹജ്ജ് എന്ന മഹത്തായ കർമ്മത്തിന് ശേഷമാണ് ഇത് വരുന്നത്. നബി ﷺ പറഞ്ഞു:

إِنَّ أَعْظَمَ الأَيَّامِ عِنْدَ اللَّهِ ﷻ يَوْمُ النَّحْرِ ثُمَّ يَوْمُ الْقَرِّ

അല്ലാഹുവിന്റെ അടുക്കൽ ദിവസങ്ങളിൽ വെച്ച് ഏറ്റവും മഹത്തരമായത് ബലിപെരുന്നാൾ ദിനവും (നഹ്ർ), ശേഷം മിനായിൽ ഹാജിമാർ താമസിക്കുന്ന 'ഖർറ്' ദിവസവുമാണ്.

ഹജ്ജിന്റെ പ്രധാന കർമ്മങ്ങളായ ജംറയിലെ കല്ലേറ്, ബലി അറുക്കൽ, മുടി കളയൽ, ത്വവാഫ്, സഅ്യ് എന്നിവയെല്ലാം ഈ ദിനത്തിൽ ഒരുമിച്ചു വരുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

الله أكبر، الله أكبر، لا إله إلا الله، والله أكبر، الله أكبر، ولله الحمد.

(അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്)

2. അല്ലാഹുവിന്റെ ദാസന്മാരേ, ഇസ്ലാമിലെ പെരുന്നാളുകൾ അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കാനും വിശ്വാസികൾക്ക് സന്തോഷം നൽകാനും വേണ്ടിയുള്ളതാണ്. നബി ﷺ പറഞ്ഞു:

يَوْمُ عَرَفَةَ وَيَوْمُ النَّحْرِ وَأَيَّامُ التَّشْرِيقِ عِيدُنَا أَهْلَ الإِسْلاَمِ وَهِيَ أَيَّامُ أَكْلٍ وَشُرْبٍ

അറഫാ ദിനവും, ബലിപെരുന്നാൾ ദിനവും, അയ്യാമുത്തശ്രീഖും നമ്മൾ മുസ്ലിംകളുടെ പെരുന്നാൾ ദിനങ്ങളാണ്. അവ ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും ദിനങ്ങളാണ്

3. വിശ്വാസികളേ, ഈ ദിനത്തിൽ അല്ലാഹുവിലേക്ക് അടുക്കാൻ ചെയ്യുന്ന ഏറ്റവും വലിയ കർമ്മം ഉള്ഹിയ്യത്ത് (ബലി അറുക്കൽ) ആണ്. ഇത് ഇബ്രാഹീം നബി ﷺ യുടേയും മുഹമ്മദ് നബി ﷺ യുടേയും ചര്യയാണ്.

4. അറുക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ: മൃഗത്തെ ഖിബ്‌ലയിലേക്ക് തിരിക്കുക, അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക, ശേഷം ഇപ്രകാരം പറയുക:

اللهم هذا منك ولك، اللهم هذا عني وعن أهل بيتي، اللهم تقبل مني.

(അല്ലാഹുമ്മ ഹാദാ മിൻക വ ലക്, അല്ലാഹുമ്മ ഹാദാ അന്നീ വ അൻ അഹ്‌ലി ബൈത്തീ, അല്ലാഹുമ്മ തഖബ്ബൽ മിന്നീ)

5. കഴിവുണ്ടെങ്കിൽ ബലി അറുക്കുന്നയാൾ സ്വന്തം കൈകൊണ്ട് തന്നെ അറുക്കുന്നതാണ് ഉത്തമം.

6. മറ്റൊരാളെ അറുക്കാൻ ഏൽപ്പിക്കുകയാണെങ്കിൽ (വകീൽ), അദ്ദേഹം ഇപ്രകാരം പറയണം:

اللهم تقبل منه.اللهم هذا منك ولك، اللهم هذا عن فلان **പേര് പറയുക**

(അല്ലാഹുമ്മ ഹാദാ മിൻക വ ലക്, അല്ലാഹുമ്മ ഹാദാ അൻ ഫുലാൻ..., അല്ലാഹുമ്മ തഖബ്ബൽ മിൻഹു)

7. അറുക്കുന്ന കത്തി നന്നായി മൂർച്ച കൂട്ടണം, മൃഗത്തിന് വേദന കുറയ്ക്കണം. നബി ﷺ പറഞ്ഞു:

إنَّ اللهَ كتبَ الإحسانَ على كلِّ شيءٍ، فإذا قتلتم فأحسنوا القِتْلةَ، وإذا ذبحتم فأحسنوا الذبحَ، وليُحِدَّ أحدُكم شَفْرَتَه، وليُرِحْ ذبيحتَه

തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളിലും 'ഇഹ്സാൻ' (നന്മ/മികവ്) നിർബന്ധമാക്കിയിട്ടുണ്ട്. അതിനാൽ നിങ്ങൾ കൊല്ലുകയാണെങ്കിൽ നല്ല രീതിയിൽ കൊല്ലുക, അറുക്കുകയാണെങ്കിൽ നല്ല രീതിയിൽ അറുക്കുക. അറുക്കുന്നവൻ തന്റെ കത്തി മൂർച്ച കൂട്ടുകയും മൃഗത്തിന് ആശ്വാസം നൽകുകയും ചെയ്യട്ടെ.

മൃഗത്തിന്റെ മുന്നിൽ വെച്ച് കത്തി മൂർച്ച കൂട്ടാനോ, മറ്റു മൃഗങ്ങൾ കാണുന്ന രീതിയിൽ അറുക്കാനോ പാടില്ല.

8. അറുക്കാനുള്ള സമയം പെരുന്നാൾ ദിവസം മുതൽ അയ്യാമുത്തശ്രീഖിലെ അവസാന ദിവസം വരെയുള്ള നാല് ദിവസങ്ങളാണ്. ഏറ്റവും ഉത്തമം പെരുന്നാൾ ദിവസമാണ്.

9. നബി ﷺ ലക്ഷണയുക്തമായ രണ്ട് ആടുകളെയാണ് അറുത്തത്. ബലി മൃഗത്തിന് താഴെ പറയുന്ന നാല് വൈകല്യങ്ങൾ ഉണ്ടാകാൻ പാടില്ല:

أَرْبَعٌ لَا تَجُوزُ فِي الْأَضَاحِيِّ: الْعَوْرَاءُ الْبَيِّنُ عَوَرُهَا، وَالْمَرِيضَةُ الْبَيِّنُ مَرَضُهَا، وَالْعَرْجَاءُ الْبَيِّنُ ظَلْعُهَا، وَالْكَسِيرَةُ الَّتِي لَا تُنْقِي

നാല് തരം മൃഗങ്ങൾ ഉള്ഹിയ്യത്തിന് അനുവദനീയമല്ല: കാഴ്ച വൈകല്യം വ്യക്തമായ കണ്ണ് പൊട്ടിയത്, രോഗം വ്യക്തമായ രോഗി മൃഗം, മുടന്ത് വ്യക്തമായ മുടന്തുള്ളത്, മജ്ജയില്ലാത്ത വിധം അത്യധികം മെലിഞ്ഞത്.

(വ്യക്തമായ കാഴ്ച വൈകല്യമുള്ളത്, പ്രകടമായ രോഗമുള്ളത്, വ്യക്തമായ മുടന്തുള്ളത്, തീരെ മജ്ജയില്ലാത്ത വിധം മെലിഞ്ഞത്).

10. നബി ﷺ പെരുന്നാൾ ദിവസം തന്റെ ഉള്ഹിയ്യത്ത് മാംസത്തിൽ നിന്നല്ലാതെ ഒന്നും കഴിക്കാറില്ലായിരുന്നു.

11. അല്ലാഹുവിന്റെ ദാസന്മാരേ, ഉള്ഹിയ്യത്തിന് ഏറ്റവും നല്ലതും തടിച്ചതുമായ മൃഗത്തെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുക.

ഇമാം ഇബ്നു തൈമിയ്യ رحمة الله പറഞ്ഞു: അറുക്കുന്ന മൃഗത്തിന്റെ മൂല്യത്തിനനുസരിച്ച് പ്രതിഫലവും വർദ്ധിക്കും.

12. ബലി മാംസം വിനിയോഗിക്കുന്നതിൽ പ്രത്യേക പരിധിയില്ല. നമുക്ക് ഭക്ഷിക്കാം, യാത്രക്കായി കരുതാം, പാവപ്പെട്ടവർക്ക് നൽകാം. അല്ലാഹു പറഞ്ഞു:

﴿فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ﴾

എന്നിട്ട് അതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, യാചിക്കാതെ സംതൃപ്തിയടഞ്ഞു കഴിയുന്നവന്നും, സഹായം ചോദിച്ചു വരുന്നവന്നും നിങ്ങൾ ആഹാരം നൽകുകയും ചെയ്യുവിൻ.

13. ഉള്ഹിയ്യത്തിന്റെ മാംസമോ തോലോ വിൽക്കാൻ പാടുള്ളതല്ല.

14. ഇസ്ലാമിനോട് താല്പര്യം തോന്നിക്കാൻ അമുസ്ലിംകൾക്കും ഇതിൽ നിന്ന് നൽകാവുന്നതാണ്.

15. കശാപ്പുകാരന് അവന്റെ ജോലിക്കുള്ള കൂലിയായി ബലി മാംസമോ തോലോ നൽകരുത്. പകരം അവന് പണമായി കൂലി നൽകണം.

16. പെരുന്നാൾ കഴിഞ്ഞുള്ള മൂന്ന് ദിവസങ്ങളാണ് 'അയ്യാമുത്തശ്രീഖ്'. അല്ലാഹുവിനെ ധാരാളം സ്മരിക്കാൻ കൽപ്പിച്ച ദിവസങ്ങളാണിവ. ഈ ദിവസങ്ങളിൽ സുന്നത്ത് നിസ്കാരങ്ങൾക്ക് ശേഷവും അല്ലാതെയും തക്ബീറുകൾ ചൊല്ലേണ്ടതാണ്:

الله أكبر الله أكبر لا إله إلا الله، والله أكبر الله أكبر ولله الحمد

(അല്ലാഹു അക്ബർ അല്ലാഹു അക്ബർ ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്)

17. പെരുന്നാൾ ദിവസവും അയ്യാമുത്തശ്രീഖ് ദിവസങ്ങളിലും നോമ്പ് നോൽക്കൽ നിഷിദ്ധമാണ്. നബി ﷺ പറഞ്ഞു:

أَيَّامُ التَّشْرِيقِ أَيَّامُ أَكْلٍ وَشُرْبٍ وَذِكْرٍ لِلَّهِ

അയ്യാമുത്തശ്രീഖ് ദിനങ്ങൾ ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും അല്ലാഹുവിനെ സ്മരിക്കേണ്ടുന്നതിന്റെയും ദിനങ്ങളാണ്

18. പെരുന്നാളിന്റെ പ്രധാന ലക്ഷ്യം മുസ്ലിംകൾക്കിടയിലെ സ്നേഹവും ഐക്യവുമാണ്. നബി ﷺ പറഞ്ഞു:

مَثَلُ الْمُؤْمِنِينَ فِي تَوَادِّهِمْ وَتَرَاحُمِهِمْ وَتَعَاطُفِهِمْ مَثَلُ الْجَسَدِ، إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى

വിശ്വാസികൾ പരസ്പര സ്നേഹത്തിലും കരുണയിലും ആർദ്രതയിലും ഒരു ശരീരം പോലെയാണ്. ശരീരത്തിലെ ഒരു അവയവത്തിന് വേദനിച്ചാൽ ശരീരം മുഴുവൻ പനിച്ചും ഉറക്കമിളച്ചും അതിനോട് പ്രതികരിക്കും.

കുടുംബബന്ധങ്ങൾ ചേർക്കുക എന്നത് നിർബന്ധമാണ്. കുടുംബബന്ധം മുറിക്കുന്നവനെ അല്ലാഹുവും കൈവെടിയും. ആരോടെങ്കിലും പിണക്കമുണ്ടെങ്കിൽ ഇന്ന് അത് തീർത്ത് മാപ്പുകൊടുക്കുക.

19. പെരുന്നാൾ ആശംസകൾ കൈമാറുന്നത് സ്വഹാബികൾ ചെയ്തിരുന്ന നല്ല കാര്യമാണ്. "തഖബ്ബലല്ലാഹു മിന്നാ വ മിൻകും" (അല്ലാഹു ഞങ്ങളിൽ നിന്നും നിങ്ങളിൽ നിന്നും സ്വീകരിക്കട്ടെ) എന്ന് ആശംസിക്കാം.

20. അല്ലാഹു നൽകിയ ഈ അനുഗ്രഹങ്ങളെ തെറ്റായ കാര്യങ്ങൾക്കോ അനാചാരങ്ങൾക്കോ വേണ്ടി ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

الله أكبر، الله أكبر، الله أكبر، لا إله إلا الله، والله أكبر، الله أكبر، الله أكبر، ولله الحمد. الله أكبر كبيرًا، والحمد لله كثيرًا، وسبحان الله بُكرةً وأصيلاً.

(അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്. അല്ലാഹു അക്ബർ കബീറാ, വൽഹംദുലില്ലാഹി കസീറാ, വസുബ്ഹാനല്ലാഹി ബുക്റത്തൻ വ അസീലാ.)

രണ്ടാം ഖുത്ബ

الله أكبر ، الله أكبر كبيرًا، والحمد لله كثيرًا، وسبحان الله بُكرةً وأصيلاً

(അല്ലാഹു അക്ബർ കബീറാ, വൽഹംദുലില്ലാഹി കസീറാ,
വസുബ്ഹാനല്ലാഹി ബുക്റത്തൻ വ അസീലാ) 7തവണ

الحمد لله وحده، والصلاة والسلام على من لا نبي بعده، أما بعد،

21. വിശ്വാസിനികളോടുള്ള ഉപദേശം:

സത്യവിശ്വാസികളുടെ മാതാക്കൾക്ക് നൽകിയ നിർദ്ദേശമുണ്ട്:

﴿وقَرْنَ في بيوتكن ولا تبرَّجنَ تبرجَ الجاهليةِ الأولى وأقمنَ الصلاةَ وآتينَ الزكاةَ وأطعنَ الله ورسولَه﴾

നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിയിരിക്കുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ (ജാഹിലിയ്യത്ത്) പ്രദർശന ശൈലിയിൽ നിങ്ങൾ സൗന്ദര്യം വെളിപ്പെടുത്തി നടക്കരുത്. നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുക.

ഈ നിർദ്ദേശം ഉമ്മഹാത്തുൽ മുഅ്മിനീങ്ങൾക്കും (വിശ്വാസികളുടെ മാതാക്കൾ) ഖിയാമത്ത് നാൾ വരെ അവരുടെ പാത പിന്തുടരുന്ന വിശ്വാസിനികൾക്കുമുള്ളതാണ്. അതിനാൽ, അല്ലാഹുവിനെ റബ്ബായും ഇസ്ലാമിനെ ദീനായും മുഹമ്മദ് നബി ﷺ യെ പ്രവാചകനായും തൃപ്തിപ്പെട്ടവരേ; നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുക. മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളുടെ ചുവടുവെപ്പുകളെയും, സൗന്ദര്യ പ്രദർശനം, പുരുഷന്മാരുമായുള്ള സങ്കലനം എന്നീ ഫിത്നകളിൽ അകപ്പെടുന്നതിനെയും നിങ്ങൾ സൂക്ഷിക്കുക.

അല്ലാഹു പറഞ്ഞു:

﴿ولا تبرجن تبرج الجاهلية الأولى﴾

പഴയ അജ്ഞാനകാലത്തെ പ്രദർശന ശൈലിയിൽ നിങ്ങൾ സൗന്ദര്യം വെളിപ്പെടുത്തി നടക്കരുത്.

സുരക്ഷിതത്വം ആഗ്രഹിക്കുന്നവർ ഉപകാരപ്രദമായ കാര്യങ്ങളിൽ വ്യാപൃതരാവുകയും പാവങ്ങളേയും അധർമ്മകാരികളേയും പിന്തുടരുന്നത് ഉപേക്ഷിക്കുകയും ചെയ്യട്ടെ. കാരണം അവരെ പിന്തുടരുന്നത് ഹൃദയത്തെ നശിപ്പിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തും. അല്ലാഹു പറഞ്ഞു:

﴿والله يريدُ أن يتوبَ عليكم ويريدُ الذين يتبعونَ الشهواتِ أن تميلوا ميلًا عظيمًا﴾

അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ തന്നിഷ്ടങ്ങളെ ﴾ശഹ്‌വത്തുകളെ﴿ പിന്തുടരുന്നവരാകട്ടെ, നിങ്ങൾ (നേർവഴിയിൽ നിന്ന്) വൻതോതിൽ തെറ്റിപ്പോകാനാണ് ആഗ്രഹിക്കുന്നത്.

നിങ്ങൾക്കേവർക്കും എന്റെ പെരുന്നാൾ ആശംസകൾ! അല്ലാഹു നിങ്ങളിൽ സന്തോഷവും സമാധാനവും എക്കാലവും നിലനിർത്തട്ടെ. നിങ്ങളുടെ എല്ലാ ഇബാദത്തുകളും സ്വീകരിക്കുകയും പാപങ്ങൾ പൊറുത്തു തരികയും ഹൃദയങ്ങളിൽ നന്മകൾ നിറയ്ക്കുകയും ചെയ്യട്ടെ. നിങ്ങളുടെ പ്രതീക്ഷകൾ യാഥാർത്ഥ്യമാക്കാനും സൽകർമ്മങ്ങൾ ചെയ്യാൻ തൗഫീഖ് നൽകുകയും ചെയ്യട്ടെ.

നിങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ ﷺ മേൽ സ്വലാത്തും സലാമും ചൊല്ലുക. ആരെങ്കിലും അദ്ദേഹത്തിന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അതിന് പകരമായി പത്ത് സ്വലാത്തുകൾ ചൊല്ലുന്നതാണ്.

اللهم صلِّ وسلِّم وبارك على عبدك ورسولك نبينا محمد، وعلى آله وصحبه أجمعين

മുഹർറം മാസത്തിന്റെ മഹത്ത്വവും, ആശൂറാഅ് ദിവസത്തെ നോമ്പിന്റെ ശ്രേഷ്ഠതയും

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലഹുവിനെ സൂക്ഷിക്കുകയും, അവനെ ബഹുമാനിക്കുകയും ചെയ്യുക. നിങ്ങൾ അവനെ അനുസരിക്കുകയും, ധിക്കരിക്കാതിരിക്കുകയും ചെയ്യുക.

നിങ്ങളറിയുക, സൃഷ്ടികൾക്ക് മുകളിലുള്ള അല്ലാഹുവിന്റെ റുബൂബിയ്യത് (കർത്തൃത്വം)ന്റെ തെളിവുകളിൽ പെട്ടതാണ് അവൻ ചില സമയങ്ങളെ തെരഞ്ഞെടുക്കുകയും മറ്റുള്ളവയേക്കാൾ അവയ്ക്ക് മഹത്ത്വം നൽകുന്നു എന്നത്. അങ്ങനെയുള്ള സമയങ്ങളിൽ പെട്ടതാണ് അല്ലാഹുവിന്റെ മാസമായ മുഹർറം, ഏറെ അനുഗ്രഹീതമായ മാസമാണത്. ഹിജ്രി വർഷത്തിലെ ആദ്യ മാസമാകുന്നു അത്. നാല് പവിത്രമാക്കപ്പെട്ട മാസങ്ങളിൽ ഒന്ന് മുഹർറം ആണ്. അല്ലാഹു تعالى പറഞ്ഞു

﴿ إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ۚ ذَٰلِكَ الدِّينُ الْقَيِّمُ ۚ فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ ۚ ﴾

ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ടമാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ നാല് മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്.

കാരണം അവയിലെ പാപങ്ങൾ മറ്റു മാസങ്ങളിലെ പാപങ്ങളെക്കാൾ ഗൗരവമേറിയതാണ്.

ഇബ്നു അബ്ബാസ് ﷺ "അതിനാൽ ആ നാല് മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്" എന്നതിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞു : "എല്ലാ മാസങ്ങളിലും അപ്രകാരമാണ്, പിന്നീട് മാസങ്ങളിൽ നിന്നും നാലെണ്ണം അവൻ പ്രത്യേകമായി തിരഞ്ഞെടുക്കുകയും അവയെ പവിത്രമാക്കുകയും ആ പവിത്രതയെ മഹത്ത്വപ്പെടുത്തുകയും ചെയ്തു, അവയിലെ പാപങ്ങളെ ഗൗരവമേറിയതാക്കുകയും സൽപ്രവർത്തനങ്ങളെ മഹത്തരമായ പ്രതിഫലമുള്ളതാക്കുകയും ചെയ്തു.

ഖതാദ رحمه الله അതേ ആയത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞു: പവിത്രമാക്കപ്പെട്ട മാസങ്ങളിലെ അക്രമം മറ്റു മാസങ്ങളിലെ അക്രമത്തെക്കാൾ വലിയ തിന്മയാണ്, എല്ലാ അവസ്ഥകളിലും അക്രമം ഗൗരവമുള്ളതാണെങ്കിൽ കൂടി, പക്ഷെ അല്ലാഹു അവൻ ഉദ്ദേശിക്കുന്നതിനെ മഹത്വപ്പെടുത്തുന്നു.

അദ്ദേഹം പറഞ്ഞു: അല്ലാഹു അവന്റെ സൃഷ്ടികളിൽ നിന്ന് ഉത്തമമായതിനെ തിരഞ്ഞെടുക്കുന്നു. മലക്കുകളിലും നിന്നും ജനങ്ങളിൽ നിന്നും ദൂതരെ അവൻ തിരഞ്ഞെടുത്തു, സംസാരങ്ങളിൽ നിന്നും അവന്റെ ദിക്റിനെ തിരഞ്ഞെടുത്തു, ഭൂമിയിൽ നിന്നും മസ്ജിദുകൾ തിരഞ്ഞെടുത്തു, മാസങ്ങളിൽ നിന്നും റമദാനിനെയും പവിത്രമാക്കപ്പെട്ട മാസങ്ങളെയും തിരഞ്ഞെടുത്തു, ദിനങ്ങളിൽ നിന്നും വെള്ളിയാഴ്ചയെ തിരഞ്ഞെടുത്തു, രാത്രികളിൽ നിന്നും ലയലത്തുൽ ഖദ്റിനെ തിരഞ്ഞെടുത്തു, അതുകൊണ്ട് അല്ലാഹു മഹത്വപ്പെടുത്തിയതിനെ നിങ്ങളും മഹത്വപ്പെടുത്തുക. കാരണം, നേരായ ബുദ്ധിയുടെയും അവഗാഹത്തിന്റെയും ആളുകളുടെ അടുക്കൽ കാര്യങ്ങൾ മഹത്വവത്കരിക്കപ്പെടുന്നത് അല്ലാഹു മഹത്വപ്പെടുത്തുന്നതിനെ അനുസരിച്ചാണ്.

അബൂ ബക്ര ﷺ വിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു :

السَّنَةُ اثْنَا عَشَرَ شَهْرًا، مِنْهَا أَرْبَعَةٌ حُرُمٌ، ثَلاَثَةٌ مُتَوَالِيَاتٌ ذُو الْقَعْدَةِ وَذُو الْحِجَّةِ وَالْمُحَرَّمُ، وَرَجَبُ مُضَرَ الَّذِي بَيْنَ جُمَادَى وَشَعْبَانَ

ഒരു വർഷം പന്ത്രണ്ട് മാസങ്ങളാകുന്നു, അതിൽ നാലെണ്ണം പവിത്രമായ മാസങ്ങളാണ്, തുടരെത്തുടരെയുള്ള മൂന്നെണ്ണം; ദുൽ ഖഅദ, ദുൽ ഹിജ്ജ, മുഹർറം പിന്നെ ജുമാദയ്ക്കും ശഅബാനിനും ഇടയിലുള്ള മുദർ ഗോത്രത്തിന്റെ റജബും.

മുഹർറം എന്ന് ആ മാസത്തിന് പേര് നൽകപ്പട്ടതിന്റെ കാരണം അതിന്റെ പവിത്രത കൊണ്ടാണ്, പവിത്രതയെയും മഹത്വത്തെയും ഉറപ്പിക്കാൻ വേണ്ടിയാണ്.

മുദറിന്റെ റജബ് എന്ന പറയപ്പെട്ടതിന്റെ കാരണം, അവർ അതിനെ അതിന്റെ സമയത്തെ തൊട്ട് തെറ്റിക്കാറില്ലായിരുന്നു. എന്നാൽ, ബാക്കിയുള്ള അറബികൾ യുദ്ധങ്ങളുടെ അവസ്ഥകൾ പരിഗണിച്ച് മാസങ്ങൾക്കിടയിൽ മറ്റുമായിരുന്നു. അതാണ് نسيئ (നസീ') എന്ന് അറിയപ്പെടുന്നത്.

അല്ലാഹു ഈ മാസങ്ങളെ പവിത്രമാക്കിയതിനാൽ, ആ പവിത്രതയെ കാത്തു സൂക്ഷിക്കൽ ഏറെ അനിവാര്യമാണ്. അങ്ങനെ കാത്തു സൂക്ഷിക്കുന്നതിൽ പെട്ടതാണ് ആ മാസങ്ങളിൽ യുദ്ധത്തിന് തുടക്കം കുറിക്കൽ ഹറാമാക്കപ്പെട്ടതും, പാപങ്ങൾ സംഭവിച്ചു പോകുന്നതിൽ നിന്നും കരുതൽ ഉണ്ടാവുക എന്നതെല്ലാം.

അല്ലയോ മുസ്ലിമീങ്ങളെ, മുഹർറം മാസത്തിൽ സുന്നത്തായ നോമ്പ് വർധിപ്പിക്കുന്നതിന്റെ ശ്രേഷ്ഠത സ്ഥിരപ്പെട്ടതാണ്. അബൂ ഹുറൈറ ﵁ വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

أَفْضَلُ الصِّيَامِ بَعْدَ رَمَضَانَ شَهْرُ اللَّهِ الْمُحَرَّمُ

റമദാനിന് ശേഷം ഏറ്റവും ഉത്തമമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറത്തിലെ നോമ്പാണ്.

മുഹർറം മാസത്തെ അല്ലാഹുവിലേക്ക് ചേർത്തി പറഞ്ഞത് അതിന്റെ മഹത്വത്തെ തെളിയിക്കുന്നു.

ഓ വിശ്വാസികളെ, അല്ലാഹുവിന്റെ റുബൂബിയ്യത്തിന്റെ തെളിവുകളിൽ പെട്ടതാണ് അവൻ ചില ദിനങ്ങളെ തിരഞ്ഞെടുക്കുകയും ആ ദിനത്തിലെ ആരാധനയ്ക്ക് മറ്റുള്ളവയിലേക്കാൾ മഹത്ത്വം നൽകുന്നു എന്നതും. അതിൽ പെട്ടതാണ് ആശൂറാഇന്റെ ദിവസം, മുഹർറം മാസത്തിലെ പത്താമത്തെ ദിവസമാകുന്നു അത്. ഈ ദിവസം മഹത്വപ്പെടുത്തപ്പെട്ടതിന് പിന്നിൽ കാരണമുണ്ട്. അതെന്തെന്നാൽ, മൂസാ നബി ﵇ യെ കടലിൽ മുങ്ങുന്നതിൽ നിന്നും അല്ലാഹു രക്ഷിക്കുകയും ഫിർഔനിനെയും അവന്റെ സംഘത്തെയും നശിപ്പിക്കുകയും ചെയ്തതിന് നന്ദി സൂചകമായി മൂസാ നബി നോമ്പ് നോക്കുകയുണ്ടായി, പിന്നീട് ഈ നോമ്പ് നസ്വാറാക്കളും യഹൂദരുമായ വേദക്കാർ അനുഷ്ഠിച്ചു, വേദക്കാരല്ലാത്ത

വിഗ്രഹാരാധകർ പിന്നീട് ഇത് കടമെടുത്തു, ജാഹിലിയ്യാ കാലത്ത് മക്കക്കാരായ ഖുറൈശികൾ ഇത് അനുഷ്ഠിക്കാറുണ്ടായിരുന്നു. അങ്ങനെ പിന്നീട് റസൂൽ ﷺ മദീനത്തേക്ക് പാലായനം ചെയ്ത് വന്നെത്തിയപ്പോൾ യഹൂദികൾ ഈ നോമ്പ് നോക്കുന്നതായി കാണുകയും അതിന്റെ കാരണം അവരോട് അന്വേഷിക്കുകയും ചെയ്തു.

അവർ പറഞ്ഞു :

هَذَا يَوْمٌ عَظِيمٌ أَنْجَى اللَّهُ فِيهِ مُوسَى وَقَوْمَهُ وَغَرَّقَ فِرْعَوْنَ وَقَوْمَهُ فَصَامَهُ مُوسَى شُكْرًا فَنَحْنُ نَصُومُهُ .

ഇത് മഹത്തരമായ ഒരു ദിവസമാകുന്നു, മൂസാ നബിയെയും തന്റെ അനുയായികളെയും അല്ലാഹു രക്ഷിക്കുകയും, ഫിർഔനിനെയും അവന്റെ സംഘത്തെയും നശിപ്പിക്കുകയും ചെയ്ത ദിനമാണിത്. അങ്ങനെ അതിന് നന്ദിയായി മൂസാ നബി നോമ്പെടുത്തു, നമ്മളും അതുകൊണ്ട് നോമ്പെടുക്കുന്നു.

റസൂൽ ﷺ അവരോട് പറഞ്ഞു:

فَنَحْنُ أَحَقُّ وَأَوْلَى بِمُوسَى مِنْكُمْ

നിങ്ങളെക്കാൾ മൂസാ عليه السلام യോട് അടുപ്പം ഉള്ളവർ നാമാകുന്നു.

അങ്ങനെ റസൂൽ ﷺ ആ ദിവസം നോമ്പ് അനുഷ്ഠിക്കുകയും, അനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു.

യഹൂദികൾ ആ ദിനം ഒരു ആഘോഷമായി കണക്കാക്കാറുണ്ടായിരുന്നു. ആ ദിവസം തങ്ങളുടെ സ്ത്രീകളെ ആഭരണങ്ങളും നല്ല വസ്ത്രങ്ങളും ധരിപ്പിക്കുകയും ചെയ്യുമായിരുന്നു.

അബ്ദുല്ലാഹ് ബിൻ അബ്ബാസ് رضي الله عنهما പറഞ്ഞു:

إِنَّهُ يَوْمٌ تُعَظِّمُهُ الْيَهُودُ وَالنَّصَارَى

ആശൂറാഇന്റെ ദിനം യഹൂദികളും നസ്വാറാക്കളും മഹത്ത്വപ്പെടുത്തുന്ന ദിവസമാണത്.

ആഇശ رضي الله عنها പറഞ്ഞു :

كَانَ يَوْمُ عَاشُورَاءَ تَصُومُهُ قُرَيْشٌ فِي الْجَاهِلِيَّةِ، وَكَانَ رَسُولُ اللَّهِ ﷺ يَصُومُهُ، فَلَمَّا قَدِمَ الْمَدِينَةَ صَامَهُ، وَأَمَرَ بِصِيَامِهِ، فَلَمَّا فُرِضَ رَمَضَانُ تَرَكَ يَوْمَ عَاشُورَاءَ، فَمَنْ شَاءَ صَامَهُ، وَمَنْ شَاءَ تَرَكَهُ.

ജാഹിലിയ്യാ കാലത്ത് ഖുറൈശികൾ ആശൂറാഇന്റെ ദിവസം നോമ്പ് അനുഷ്ഠിക്കാറുണ്ടായിരുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ യും നോക്കാറുണ്ടായിരുന്നു. മദീനയിലേക്ക് ഹിജ്റ പോയപ്പോൾ നോമ്പ് അനുഷ്ഠിക്കുകയും, അനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു. റമദാൻ മാസത്തെ നോമ്പ് നിർബന്ധമായപ്പോൾ അവിടുന്ന് ﷺ പറഞ്ഞു: "ആരാണോ ആശൂറാഇന്റെ നോമ്പ് എടുക്കാൻ ഉദ്ദേശിക്കുന്നത് അവൻ അങ്ങനെ ചെയ്തുകൊള്ളട്ടെ, ആർ

അത് ഉപേക്ഷിക്കുവാൻ ഉദ്ദേശിക്കുന്നുവോ അവൻ അങ്ങനെയും ചെയ്തു കൊള്ളട്ടെ.

ആഇശ ﵂ തുടർന്ന് പറയുന്നു: കഅബയെ പുതപ്പിക്കുന്നു ദിവസമായിരുന്നു അത്. അഥവാ, തുണികൾകൊണ്ടും മറ്റും പുതപ്പിച്ചുകൊണ്ട് കഅബയെ ആദരിക്കുമായിരുന്നു.

റമദാനിലെ നോമ്പ് നിർബന്ധമായപ്പോൾ, ആരാണോ ആശൂറാഇന്റെ നോമ്പ് നോക്കുവാൻ ഉദ്ദേശിക്കുന്നത് അവൻ അങ്ങനെയും, ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നവൻ അങ്ങനെയും ചെയ്തു കൊള്ളട്ടെ എന്ന് നബി ﷺ മുസ്ലിമീങ്ങളെ അറിയിച്ചു. അഥവാ, റമദാനിലെ നോമ്പ് പോലെ ഈ നോമ്പ് നിർബന്ധം അല്ല എന്ന്. എന്നാൽ ഏറെ പ്രോത്സാഹിക്കപ്പെടുകയും അനുഷ്ഠിച്ചവന് മഹത്തായ പ്രതിഫലവും കരസ്ഥമാക്കാവുന്ന നോമ്പാണ്.

നബി ﷺ യോട് ഒരു വ്യക്തി ചോദിച്ചു:

كيف تصوم؟

എപ്രകാരമാണ് നോമ്പ് നോക്കേണ്ടത്?

അവിടുന്ന് പറഞ്ഞു:

ثَلاَثٌ مِنْ كُلِّ شَهْرٍ وَرَمَضَانُ إِلَى رَمَضَانَ فَهَذَا صِيَامُ الدَّهْرِ كُلِّهِ صِيَامُ يَوْمِ عَرَفَةَ أَحْتَسِبُ عَلَى اللَّهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبْلَهُ وَالسَّنَةَ الَّتِي بَعْدَهُ وَصِيَامُ يَوْمِ عَاشُورَاءَ أَحْتَسِبُ عَلَى اللَّهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبْلَهُ

എല്ലാ മാസങ്ങളിൽ നിന്നും മൂന്ന് ദിവസങ്ങൾ, റമദാനുകൾ, ഇങ്ങനെ നോമ്പെടുത്തവൻ കാലം മുഴുവനും നോമ്പെടുത്തവനെ പോലെയാണ്. അറഫാ ദിനത്തിലെ നോമ്പ്, അതിന് മുമ്പുള്ള ഒരു വർഷത്തെയും ശേഷമുള്ള വർഷത്തെയും പാപങ്ങൾ അല്ലാഹു പൊറുക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആശൂറാ ദിവസത്തെ നോമ്പ്, മുമ്പുള്ള ഒരു വർഷത്തെ പാപങ്ങളും പൊറുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ വർഷം ഒരു മനുഷ്യൻ ചെയ്തു പോയ ചെറിയ തിന്മകൾ ഈ ദിവസത്തെ നോമ്പ് കാരണമായി അല്ലാഹു പൊറുത്ത് നൽകും. ഒരു ദിവസത്തെ നോമ്പ് കാരണം ഒരു വർഷത്തെ തന്നെ പാപങ്ങൾ നമ്മുക്ക് അല്ലാഹു പൊറുത്തു നൽകുന്നു എന്നത് അവന്റെ മഹത്തായ അനുഗ്രഹത്തിൽ പെട്ടതാകുന്നു. എന്നാൽ വലിയ തിന്മകൾ സത്യസന്ധമായ തൗബകൊണ്ട് മാത്രമേ അല്ലാഹു പൊറുക്കുകയുള്ളു. അവൻ മഹത്തായ അനുഗ്രഹത്തിന്റെ ഉടമയാകുന്നു.

അല്ലയോ മുസ്ലിമീങ്ങളെ, ആശൂറാഇന്റെ നോമ്പ് ഇത്രയേറെ പ്രതിഫലാർഹമായത് കൊണ്ട് തന്നെ, നബി ﷺ അത് അനുഷ്ഠിക്കാൻ ഏറെ താൽപര്യം കാണിച്ചിരിന്നു. ഇബ്നു അബ്ബാസ് ﵄ പറഞ്ഞത് പോലെ:

مَا رَأَيْتُ النَّبِيَّ ﷺ يَتَحَرَّى صِيَامَ يَوْمٍ فَضَّلَهُ عَلَى غَيْرِهِ، إِلاَّ هَذَا الْيَوْمَ يَوْمَ عَاشُورَاءَ وَهَذَا الشَّهْرَ. يَعْنِي شَهْرَ رَمَضَانَ.

ഈ ദിവസം, ആശൂറാഅ് ദിനം, ഈ മാസം, അതായത് റമദാൻ മാസം ഒഴികെ, മറ്റേതൊരു ദിവസവും നോമ്പെടുക്കാനും അതിന് മുൻഗണന നൽകാനും ഇത്രയധികം ആഗ്രഹിക്കുന്നതായി റസൂലിനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ആ നോമ്പ് നഷ്ടപ്പെട്ട് പോകുമോ എന്ന് ഭയന്ന് ചില മുൻഗാമികൾ യാത്രയിൽ പോലും നോമ്പെടുക്കുമായിരുന്നു. ഇബ്നു റജബ് رحمه الله പറഞ്ഞു: മുൻഗാമികളിൽ പെട്ട ചിലർ യാത്രയിൽ പോലും ആശൂറാഇന്റെ നോമ്പ് എടുക്കുമായിരുന്നു. ഇബ്നു അബ്ബാസ്, അബൂ ഇസ്ഹാഖ് അസ്സബീഈ, അസ് സുഹ്രി എന്നിവരെല്ലാം അങ്ങനെ ചെയ്യുന്നവരിൽ പെട്ടവരാണ്.

അസ്-സുഹ്രി പറഞ്ഞു: "റമദാനിന് നോമ്പെടുത്ത് വീട്ടാൻ മറ്റു ദിനങ്ങളുണ്ട്, എന്നാൽ ആശൂറാഇന്റെത് നഷ്ടപ്പെട്ടത് തന്നെ". യാത്രയിൽ പോലും ആ നോമ്പെടുക്കാം എന്ന് ഇമാം അഹ്മദ് വ്യക്തമായി അഭിപ്രായപ്പെട്ടിരിക്കുന്നു ഇബ്നു റജബിന്റെ വാചകങ്ങൾ ഇവിടെ വരെ.

നോമ്പെടുക്കുന്നതിൽ പരിശീലിപ്പിച്ചുകൊണ്ട് സ്വഹാബാക്കൾ തങ്ങളുടെ കുട്ടികളെ പോലും ആ ദിവസം നോമ്പെടുപ്പിക്കുമായിരുന്നു. റുബെയ്യിഅഃ ബിൻത് മുഅവ്വിദ് رضي الله عنها യിൽ നിന്നും നിവേദനം: ആശൂറാഇന്റെ പകലിൽ അൻസ്വാരികളുടെ ഗ്രാമങ്ങളിലേക്ക് ഇപ്രകാരം പറയാനായി നബി ﷺ ആളെ അയച്ചു;

من أصبح منكم مفطرًا فليُتِمَّ بقيةَ يومه، ومن أصبح صائما فليصن

"നിങ്ങളിൽ ആരാണോ നോമ്പില്ലാത്തവനായി പ്രഭാതത്തിലേക്ക് പ്രവേശിച്ചത് അവൻ തന്റെ ദിവസത്തിന്റെ ബാക്കി പൂർത്തീകരിച്ച് കൊള്ളട്ടെ, എന്നാൽ ആരാണോ നോമ്പുകാരനായത് അവൻ നോമ്പെടുത്ത് കൊള്ളട്ടെ."

സ്വഹാബി വനിത തുടർന്ന് പറയുന്നു: അതിന് ശേഷം നാം ആ ദിവസം നോമ്പെടുക്കുമായിരുന്നു, കുട്ടികളെ കൊണ്ട് നോമ്പെടുപ്പിക്കുമായിരുന്നു. പഞ്ഞികൊണ്ട് കളിസാധനങ്ങൾ നാം അവർക്ക് ഉണ്ടാക്കി നൽകുമായിരുന്നു. ഭക്ഷണത്തിന് വേണ്ടി അവർ കരഞ്ഞാൽ നോമ്പ് മുറിക്കുന്ന സമയമാകുന്നത് വരെ ആ കളിസാധനങ്ങൾ നാം അവർക്ക് നൽകുമായിരുന്നു.

അല്ലാഹുവിന്റെ അടിമകളെ, ആശൂറാ ദിവസത്തെ നോമ്പിന്റെ സുന്നത്തുകളിൽ പെട്ടതാണ് ഒൻപതാമത്തെ ദിവസം കൂടി നോമ്പെടുക്കുക എന്നത്. അതിനുള്ള തെളിവ്, നബി ﷺ പറഞ്ഞു :

لَئِنْ بَقِيتُ إِلَى قَابِلٍ لأَصُومَنَّ التَّاسِعَ

അടുത്തതിലേക്ക് ഞാൻ ബാക്കിയാകുമെങ്കിൽ ഒൻപത് കൂടെ ഞാൻ നോമ്പെടുക്കും.

അഥവാ, അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുമെങ്കിൽ പത്തിന്റെ കൂടെ ഒൻപതും ഞാൻ നോമ്പെടുക്കും. പക്ഷെ അടുത്ത വർഷം വരുന്നതിന് മുമ്പ് നബി ﷺ മരണപ്പെട്ടുപോയി.

അല്ലയോ ജനങ്ങളെ, പത്തിന്റെ കൂടെ ഒൻപത് കൂടി നോമ്പെടുക്കുക എന്നതിന് പിന്നിലെ കാരണം മുസ്ലിമീങ്ങൾ യഹൂദികളോട് സാമ്യമില്ലാതിരിക്കുക എന്നതാണ്. യഹൂദികൾ പത്തിന് നോമ്പെടുക്കാറുണ്ടായിരുന്നു, അങ്ങനെ അവരുടെ ആരാധനയിൽ അവരോട് സാദൃശ്യപ്പെടുന്നതിനെ നബി ﷺ വെറുക്കുകയും ഒൻപത് കൂടി നോമ്പെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇങ്ങനെ ഇസ്ലാമിന്റെ വക്താക്കൾ മറ്റു കക്ഷികളുടെ ആരാധനകളോട് വേറിട്ട് നിൽക്കുക എന്നത് ഇസ്ലാമീക ശരീഅത്തിന്റെ പ്രത്യേകതകളിൽ പെട്ടതാണ്. ആശൂറാഇന്റെ നോമ്പ് മാത്രമായി പത്തിന് മാത്രം നോമ്പെടുക്കൽ അനുവദിനീയമാണോ? എന്ന് ചോദിക്കപ്പെട്ടാൽ, ഉത്തരം: അതെ, അനുവദിനീയമാണ് എന്നതാണ്. പക്ഷെ ഏറ്റവും ഉത്തമമായത് അതിന് മുമ്പത്തെ ദിവസം കൂടെ എടുക്കുക എന്നതാണ്. കാരണം മുകളിൽ പരാമർശിപ്പിക്കപ്പെട്ട ഹദീഥിലൂടെ നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ടത് അതാണ്.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലയോ മുസ്ലിമീങ്ങളെ, മഹത്തായ ഒരു യുക്തിക്ക് വേണ്ടിയാകുന്നു ദിനങ്ങളെയും രാത്രികളെയും അല്ലാഹു സൃഷ്ടിച്ചത്, പ്രവർത്തനം എന്നതാണ് ആ യുക്തി. വെറുതെ വ്യഥാ സൃഷ്ടിച്ചതല്ല അവൻ ദിനരാത്രങ്ങളെ. അല്ലാഹു പറഞ്ഞു :

﴿ وَهُوَ الَّذِي جَعَلَ اللَّيْلَ وَالنَّهَارَ خِلْفَةً لِّمَنْ أَرَادَ أَن يَذَّكَّرَ أَوْ أَرَادَ شُكُورًا﴾

അവൻ തന്നെയാണ് രാപകലുകളെ മാറി മാറി വരുന്നതാക്കിയവൻ. ആലോചിച്ച് മനസ്സിലാക്കാൻ ഉദ്ദേശിക്കുകയോ, നന്ദികാണിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നവർക്ക് ദൃഷ്ടാന്തമായിരിക്കുവാനാണത്.

അല്ലാഹു അവനെ തന്നെ കുറിച്ച് പറഞ്ഞു:

﴿ الَّذِي خَلَقَ الْمَوْتَ وَالْحَيَاةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ﴾

നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ.

തിർമിദി ﵀ അബൂ ബർസത് അൽ അസ്ലമി ﵁ വിനെ തൊട്ട് ഉദ്ധരിക്കുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു :

لاَ تَزُولُ قَدَمَا عَبْدٍ يَوْمَ الْقِيَامَةِ حَتَّى يُسْأَلَ عَنْ عُمْرِهِ فِيمَا أَفْنَاهُ وَعَنْ عِلْمِهِ فِيمَا فَعَلَ وَعَنْ مَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَا أَنْفَقَهُ وَعَنْ جِسْمِهِ فِيمَا أَبْلاَهُ

അന്ത്യദിനത്തിൽ ഒരു അടിമയുടെ കാലുകൾ അനങ്ങുകയില്ല. അവന്റെ ജീവിതത്തെക്കുറിച്ച് അവൻ അത് എങ്ങനെ തീർത്തുവെന്നും, അവന്റെ അറിവിനെക്കുറിച്ച് അവൻ അത് ഉപയോഗിച്ച് എന്തു ചെയ്തുവെന്നും, അവന്റെ സമ്പത്തെക്കുറിച്ച് അവൻ അത് എവിടെ നിന്ന് നേടി, എങ്ങനെ ചെലവഴിച്ചുവെന്നും, അവന്റെ ശരീരത്തെക്കുറിച്ച് അവൻ അത് എങ്ങനെ വിനിയോഗിച്ചെന്നും അവനോട് ചോദിക്കപ്പെടുന്നത് വരെ.

ഓ വിശ്വാസികളെ, ഈ ദിനങ്ങളിൽ നാം ഒരു വർഷത്തെ കൂടി യാത്രയയക്കുന്നു, ഒരു പുതിയ വർഷത്തെ നാം വരവേൽക്കുന്നു. നാമൊന്ന് ചിന്തിച്ചേ, കഴിഞ്ഞ വർഷത്തിൽ നാമെന്താണ് കർമ്മങ്ങളിൽ നിന്നും ചെയ്തു വെച്ചിട്ടുള്ളത്? ഏതെല്ലാം കർമ്മങ്ങളോട് കൂടിയാണ് നാം ഈ പുതുവർഷത്തെ വരവേൽക്കാൻ പോകുന്നത്? വർഷങ്ങളിതാ വേഗതയിൽ കടന്നു പോകുന്നു, ഒരു ദിവസം പോയത് പോലെ, അല്ല, ഒരു മണിക്കൂർ കഴിയുന്ന വേഗതയിൽ ഒരു വർഷം നമ്മിൽ നിന്നും പോയിരിക്കുന്നു. അതുകൊണ്ട് നാം ആത്മവിചാർണക്ക് തയ്യാറാവുക. സ്വർഗത്തിലേക്ക് അടുപ്പിക്കുകയും നരകത്തിൽ നിന്നും

അകലെയാക്കുന്നതുമായ കാര്യങ്ങളിൽ എത്രെയാണ് നാം സമയം വിനിയോഗിച്ചത്? അല്ലാഹുവിനുള്ള അനുസരണയിൽ നാമെത്ര മുൻകടന്നു? നിർബന്ധമായതിന് പുറമെ സുന്നത്തായ എത്ര നിസ്കാരങ്ങളും നോമ്പുകളുമാണ് നമ്മുക്ക് നിർവഹിക്കാൻ സാധിച്ചത്? കഴിഞ്ഞ ദിനരാത്രങ്ങളിൽ എത്ര നാം അല്ലാഹുവിനെ സ്മരിച്ചിട്ടുണ്ട്? എത്ര നാം മസ്ജിദുകളിലേക്ക് നേരത്തെ പുറപ്പെട്ടിട്ടുണ്ടാവും? പാപങ്ങളിൽ നിന്നും നാം വിട്ടു നിന്നുവോ? നിഷിദ്ധമായവയെ തൊട്ട് നാം ദൃഷ്ടി താഴ്ത്തിയോ? പരദൂഷണത്തെ തൊട്ടും അനാവശ്യമായ സംസാരങ്ങളെ തൊട്ടും നമ്മുടെ നാവിനെ നാം സംരക്ഷിച്ചുവോ? വെറുപ്പിൽ നിന്നും വിദ്വേഷത്തിൽ നിന്നും അസൂയയിൽ നിന്നുമെല്ലാം നമ്മുടെ ഹൃദയങ്ങളെ നാം ശുദ്ധീകരിച്ചുവോ? അയൽവാസികളോടും കുടുംബങ്ങളോടും തൊഴിലാളികളോടുമുള്ള ബന്ധങ്ങൾ ശെരിയാക്കിയോ? ഹിജാബ്, ലജ്ജ എന്നിവയെക്കൊണ്ടും സൗന്ദര്യ പ്രകടനത്തെയും അന്യപുരുഷന്മാരുമായി കൂടിക്കലരുന്നതിനെയും വിലക്കിക്കൊണ്ടും എത്ര നാം നമ്മുടെ സ്ത്രീകളോടും പെണ്മക്കളോടും കല്പിച്ചിട്ടുണ്ട്?

അല്ലയോ ജനങ്ങളെ, ഒരു വർഷത്തിന്റെ കൊഴിഞ്ഞു പോക്കും മറ്റൊരു വർഷത്തിന്റെ ആകമനവും മൂന്ന് കാര്യങ്ങൾ നമ്മിൽ നിർബന്ധമാക്കുന്നു. ഒന്നാമത്തേത്; ആയുസ്സ് നീട്ടിക്കിട്ടിയതിൽ അല്ലാഹുവിനുള്ള നന്ദി. രണ്ടാമത്തേത്; കഴിഞ്ഞു പോയതിനെ കുറിച്ചുള്ള ആത്മവിചാരണ. മൂന്നാമത്തേത്; വരാനിരിക്കുന്നതിലേക്ക് സ്വന്തത്തെ ശരിയാക്കി തയ്യാറാക്കുക എന്നത്. ഉമർ ﵁ വിനെ തൊട്ട് അദ്ദേഹം പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

حَاسِبُوا أَنْفُسَكُمْ قَبْلَ أَنْ تُحَاسَبُوا وَتَزَيَّنُوا لِلْعَرْضِ الأَكْبَرِ وَإِنَّمَا يَخِفُّ الْحِسَابُ يَوْمَ الْقِيَامَةِ عَلَى مَنْ حَاسَبَ نَفْسَهُ فِي الدُّنْيَا

നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നതിന് മുമ്പ് സ്വയം വിചാരണ ചെയ്യുക, ഏറ്റവും വലിയ വിചാരണയ്ക്ക് തയ്യാറെടുക്കുക. ദുനിയാവിൽ സ്വയം വിചാരണ ചെയ്തവന് ആകുന്നു ഖിയാമത്തിന്റെ ദിവസത്തിലെ വിചാരണ ലഘൂകരിക്കപ്പെടുന്നത്.

ആയുസ്സിന്റെ അവസാനം വന്നെത്തുന്നതിനെ മുന്നേ നിങ്ങൾ കർമ്മങ്ങളുടെ കാര്യം ശ്രദ്ധിച്ചുകൊള്ളുക.

നിങ്ങളറിയുക,

അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

നബി ﷺ പറഞ്ഞു:

إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ قُبِضَ وَفِيهِ النَّفْخَةُ وَفِيهِ الصَّعْقَةُ فَأَكْثِرُوا عَلَيَّ مِنَ الصَّلاَةِ فِيهِ فَإِنَّ صَلاَتَكُمْ مَعْرُوضَةٌ عَلَيَّ

നിങ്ങളുടെ ദിവസങ്ങളിൽ വെച്ച് ഏറ്റവും നല്ലത് ജുമുഅ ദിവസമാകുന്നു. ആ ദിവാസിതത്തിലാണ് ആദം സൃഷ്ടിക്കപ്പെട്ടതും മരണപ്പെട്ടതും. അതിലാണ് കാഹളത്തിൽ ഊതപ്പെടുകയും ഘോരമായ ശബ്ദം മുഖേന മനുഷ്യരെല്ലാവരും മരിക്കുകയും ചെയ്യുക. അതുകൊണ്ട് എന്റെ പേരിൽ നിങ്ങൾ സ്വലാത്തുകൾ അധികരിപ്പിക്കുക, കാരണം നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാണ്.

7

റമദ്വാൻ

റമദാന് മാസം - പത്ത് യുക്തികൾ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾.

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار

മുസ്ലിമീങ്ങളേ,

തഖ്വയുടെ കാര്യത്തിൽ ഞാൻ സ്വന്തത്തെയും നിങ്ങളെയും ഉപദേശിക്കുന്നു. മുൻഗാമികൾക്കും പിൻഗാമികൾക്കുമുള്ള അല്ലാഹുവിന്റെ ഉപദേശമാകുന്നു അത്.

അല്ലാഹു പറഞ്ഞു:

{وَلَقَدْ وَصَّيْنَا ٱلَّذِينَ أُوتُواْ ٱلْكِتَٰبَ مِن قَبْلِكُمْ وَإِيَّاكُمْ أَنِ ٱتَّقُواْ ٱللَّهَ}

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അല്ലാഹുവിന് തഖ്വയുള്ളവരാവുകയും അവനെ ഭയപ്പെടുകയും ചെയ്യുക, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക. അറിയുക, അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിൽ പെട്ടതാകുന്നു അവൻ തന്റെ അടിമകൾക്ക് വേണ്ടി നന്മകളുടെ പ്രത്യേക ദിനങ്ങൾ ഒരുക്കിയിരിക്കുന്നു എന്നുള്ളത്. സൽകർമങ്ങൾ ആ ദിനങ്ങളിൽ ഇരട്ടിയാക്കപ്പെടുന്നു, പാപങ്ങൾ പൊറുക്കപ്പെടുന്നു, വിശ്വാസിയുടെ സ്വർഗ്ഗത്തിലെ പദവികൾ ഉയർത്തപ്പെടുന്നു, ഇതെല്ലാം അല്ലാഹുവിന്റെ മഹത്തായ യുക്തിയിൽ പെട്ടതാകുന്നു. കാരണം, അല്ലാഹു تعالى അവന്റെ കല്പനകളിലും പ്രവർത്തനങ്ങളിലും വിധിനിർണയത്തിലുമെല്ലാം ഏറെ യുക്തിയുള്ളവൻ ആകുന്നു.

അല്ലാഹുവിന്റെ അടിമകളെ,

യുക്തിപൂർണ്ണമായ അല്ലാഹുവിന്റെ കല്പനകളിൽ പെട്ടതാകുന്നു അവൻ തന്റെ അടിമകൾക്ക് റമദാൻ മാസം നിശ്ചയിച്ചു നൽകിയിരിക്കുന്നു എന്നുള്ളത്. ആ ദിനങ്ങളിലാകുന്നു സൂര്യോദയം മുതൽ അസ്തമയം വരെ അന്നപാനീയങ്ങളിൽ നിന്നും ഭാര്യമാരുമായുള്ള ശാരീരിക ബന്ധത്തിൽ നിന്നും മുസ്ലിം അവനെ തടഞ്ഞു വെക്കുന്നത്.

യുക്തിപൂർണ്ണമായ നേട്ടങ്ങൾക്ക് വേണ്ടിയാണ് അല്ലാഹു ഈ ദിനങ്ങളിലെ നോമ്പ് നിയമമാക്കിയിട്ടുള്ളത്. അവയിൽ ഏറ്റവും പ്രധാനമായത് തഖ്വ നേടിയെടുക്കുക എന്നതാകുന്നു.

അല്ലാഹു പറഞ്ഞു:

﴿يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ﴾

സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്വയുള്ളവരാകുവാൻ വേണ്ടിയത്രെ അത്.

നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തി തഖ്വയുടെ സാക്ഷാത്കാരം ആണെന്ന് ഈ ആയത്തിൽ നിന്നും വ്യക്തമാണ്. തഖ്വ എന്ന് വെച്ചാൽ:

അല്ലാഹു കൽപിച്ച കാര്യങ്ങൾ പ്രവർത്തിച്ച്കൊണ്ടും അവൻ വിലക്കിയ കാര്യങ്ങൾ വെടിഞ്ഞു കൊണ്ടും അടിമ അവന്റെയും അല്ലാഹുവിന്റെ ശിക്ഷിക്കുമിടയിൽ രക്ഷാകവചം സ്വീകരിക്കുക എന്നതാണ്.

1- നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് അത് അനുഗ്രഹങ്ങൾക്കുള്ള നന്ദിയിലേക്കുള്ള പാതയാണ് എന്നത്. അന്നപാനീയങ്ങളിൽ നിന്നും ലൈംഗീക ബന്ധത്തിൽ നിന്നും സ്വന്തത്തെ തടഞ്ഞു വെക്കുക എന്നതാണല്ലോ നോമ്പ്, ഈ പറയപ്പെട്ട മൂന്ന് കാര്യങ്ങളാകട്ടെ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ തന്നെ ഏറ്റവും മഹത്തരമായ അനുഗ്രഹങ്ങളാണ്. ചെറിയ നേരത്തേക്ക് ഈ കാര്യങ്ങളിൽ നിന്നും തടഞ്ഞു വെക്കപ്പെട്ടവനെ സംബന്ധിച്ച് അവന് അവയുടെ മൂല്യം തിരിച്ചറിയാൻ സാധിക്കും. കാരണം അനുഗ്രഹങ്ങൾ മറക്കപ്പെടുന്നവയാണ്, അവ നഷ്ടപ്പെട്ടതിന് ശേഷമാണ് അവയെ കുറിച്ചും അവയുടെ മൂല്യങ്ങളെ കുറിച്ചുമുള്ള തിരിച്ചറിവ് ഉണ്ടാവുക. അങ്ങനെ നോമ്പ് അല്ലാഹുവിനുള്ള അകമഴിഞ്ഞ ശുക്രിലേക്ക് അവനെ നയിക്കുന്നു.

2- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് ഹറാമുകൾ വെടിയാൻ അവ സഹായിക്കും എന്നത്. കാരണം, നഫ്സിന്റെ ആഗ്രഹങ്ങൾക്കുള്ള തടയാണ്

നോമ്പ് എന്നുള്ളത്, അങ്ങനെ അവയിൽ നിന്നും വിട്ടുനിൽക്കവേ അവൻ സത്യത്തോട് വിനയമുള്ളവനും സഹജീവികൾക്ക് നൈർമല്ല്യമുള്ളവനുമാകുന്നു. എന്നാൽ എപ്പോഴും വയറുനിറഞ്ഞവനായിരിക്കുക എന്നതും നിരന്തരമുള്ള ലൈംഗീകബന്ധങ്ങളും അവനെ നന്ദികേടിലേക്കും അഹങ്കാരത്തിലേക്കുമാണ് എത്തിക്കുക.

3- അതുപോലെ തന്നെ നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ്, അവ നഫ്സിന്റെ ദേഹേച്ചകളെ നിയന്ത്രിക്കാൻ നമ്മെ സഹായിക്കും എന്നത്. കാരണം വയറുനിറഞ്ഞ അവസ്ഥയിൽ ശരീരം ഹറാമുകളെ ആഗ്രഹിക്കും, പക്ഷെ വിശപ്പ് അതിന്റെ ആഗ്രഹങ്ങളെ തൊട്ട് തടയും. അതുകൊണ്ടാണ് നബി ﷺ പറഞ്ഞത്:

"ഓ യുവാക്കളെ, ആർക്കാണോ കഴിവ് വന്നെത്തിയത് അവൻ വിവാഹം ചെയ്തുകൊള്ളുട്ടെ. കാരണം, അവന്റെ കണ്ണിനെ വിലക്കപ്പെട്ടതിൽ നിന്ന് അടച്ചു പിടിക്കുവാനും ഗുഹ്യാവയവത്തെ സംരക്ഷിക്കുവാനും അത് സഹായിക്കുന്നതാണ്. ആർക്കാണോ വിവാഹം സാധിക്കാത്തത് അവൻ നോമ്പ് നോറ്റുകൊള്ളട്ടെ, അത് അവന് ഒരു വിജാഅ ആകുന്നു."

വിജാഅ എന്നു വെച്ചാൽ ദേഹേച്ചകളിൽ നിന്നുള്ള സുരക്ഷ എന്നതാണ്.

4- നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ്, ദാരിദ്ര്യരോട് കാരുണ്യം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കും എന്നുള്ളത്. അല്പ സമയം വിശപ്പ് അനുഭവിച്ച നോമ്പുകാരൻ, അധിക സമയവും ഈ വിശപ്പ് അനുഭവിക്കുന്ന പട്ടിണിപ്പാവങ്ങളെ ഓർക്കും, അങ്ങനെ അവർക്ക് വേണ്ടത് ചെയ്ത് നൽകാൻ ധൃതി കാണിക്കുകയും അവരോട് ഏറെ അനുകമ്പയോട് കൂടി വർത്തിക്കുകയും ചെയ്യും. സമൂഹത്തിൽ പരസ്പരമുള്ള കാരുണ്യത്തിനും അനുകമ്പക്കും നോമ്പ് അങ്ങനെ കാരണമായിത്തീരുന്നു.

5- അതുപോലെ തന്നെ നോമ്പിന് പിന്നിലുള്ള യുക്തിയാണ് അതിലൂടെ ശൈത്താൻ ദുർബലപ്പെടുന്നു എന്നത്. അവന്റെ വസ്വാസുകൾ ദുർബലപ്പെടും. അങ്ങനെ പാപങ്ങൾ കുറയും. എങ്ങനെയെന്നു വെച്ചാൽ നബി ﷺ പറഞ്ഞതുപോലെ;

ശൈത്താൻ മനുഷ്യന്റെ രക്തമോടും സ്ഥലങ്ങളിലൂടെ സഞ്ചരിക്കുന്നതാണ്.

നോമ്പിലൂടെ അവന്റെ സഞ്ചാരം ഇടുങ്ങും, സ്വാധീനം കുറയും, അതു മുഖേന ഹൃദയങ്ങൾ നന്മകൾ പ്രവർത്തിക്കുന്നതിലേക്കും തിന്മകൾ വെടിയുന്നതിലേക്കും മുൻകടക്കും.

6- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് അവ അല്ലാഹുവിനെ കുറിച്ചുള്ള ഓർമയിൽ നഫ്സിനെ പരിശീലിപ്പിച്ചെടുക്കും എന്നത്. ആഗ്രഹമനുസരിച്ച് വിലക്കപ്പെട്ടവ ചെയ്യാൻ കഴിവുണ്ടായിരിക്കെ തെന്നെ അവൻ അതിൽ നിന്നും മാറിനിൽക്കുന്നു, അല്ലാഹു തന്നെ സദാ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ട് എന്ന ഒരൊറ്റ ബോധത്താൽ.

7- നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് സൽകർമങ്ങൾ അധികരിപ്പിക്കാൻ വിശ്വാസിയെ പരിശീലിപ്പിക്കുന്നു എന്നത്. നോമ്പുകാർ ഭൂരിപക്ഷവും സൽകർമങ്ങൾ അധികാരപ്പിക്കുന്നവർ ആയിരിക്കും. നിസ്കാരവും ഖുർആൻ പാരായണവും ദിക്റുകളും പോലെയുള്ളതെല്ലാം റമദാനിലും അല്ലാതെയും അവൻ ചര്യയായി മാറും.

8- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് ദേഹേച്ഛയോടും ദുനിയാവിനോടുമുള്ള വിരക്തിയിലും, അല്ലാഹുവിന്റെ അടുക്കലുള്ളതിനോടുള്ള ആശയിലും അത് നമ്മെ പ്രേരിപ്പിക്കും എന്നുള്ളത്.

9- നോമ്പിന് പിന്നിലുള്ള യുക്തിയിൽ പെട്ടതാണ് ലോകമെമ്പാടും അല്ലാഹുവിന് വേണ്ടിയുള്ള ആരാധനകൾ പ്രകടമാകുന്നു എന്നത്. ലോകത്ത് ആകമാനമുള്ള മുസ്ലിമീങ്ങളും ഈ മാസത്തെ നോമ്പ് നോൽക്കുന്നതിൽ ഒരുമിക്കുന്നതായി നിനക്ക് കാണാൻ സാധിക്കും. എത്രത്തോളം എന്ന് വെച്ചാൽ, നോമ്പ് നോറ്റിട്ടില്ലാത്ത ഒരു പാപിക്ക് പോലും അവന് ഭക്ഷിക്കുന്നതും കുടിക്കുന്നതുമൊന്നും പരസ്യമായി ചെയ്യാൻ സാധിക്കുകയില്ല. മുസ്ലിമീങ്ങളോടുള്ള ബഹുമാനസൂചകമായി ഒരു അവിശ്വാസി പോലും അത് പരസ്യമാക്കുകയില്ല. ഇതെല്ലാം മഹത്തായ ഈ ഇബാദത്തിന്റെ പ്രകടതയേയും പ്രതാപത്തേയും കാണിക്കുന്നതാണ് എന്നതിൽ യാതൊരു സംശയവുമില്ല.

10- ഇതൊന്നും കൂടാതെ തന്നെ ശാരീരികമായ അനേകം നേട്ടങ്ങളും സാധ്യമാകുന്നു. ഹൃദയമിടുപ്പിനെ ശരിയായ ക്രമത്തിലേക്ക് എത്തിക്കാൻ സഹായിക്കുന്നു, അപകടകാരികളായ കൊഴുപ്പിൽ നിന്നും മറ്റു പദാർത്ഥങ്ങളിൽ നിന്നെല്ലാം രക്തത്തെ ശുദ്ധീകരിക്കുന്നു, ആമാശയത്തിന് സാവധാനവും ആശ്വാസവും നൽകുന്നു, അതുപോലെ തന്നെ അമിതഭാരത്തിൽ നിന്നും

സംരക്ഷിക്കുന്നു, രക്തത്തിൽ അടങ്ങിയിരിക്കുന്ന പഞ്ചസാരയുടെ അളവ് ക്രമീകരിക്കാനെല്ലാം വ്യതത്തിലൂടെ സാധ്യമാകുന്നു.

നോമ്പ് നിയമമാക്കിയതിന് പിന്നിലുള്ള അല്ലാഹുവിന്റെ അപാരമായ പത്ത് യുക്തികൾ ആകുന്നു ഇവ.

നമ്മുക്ക് വേണ്ടിയുള്ള നിയമസംഹിത തന്റെ മഹത്തരമായ യുക്തിയാൽ യുക്തിപൂർണ്ണമാക്കിയ അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.

അല്ലാഹു തൃപ്തിപ്പെടുന്ന രൂപേണ റമദാനിലെ നോമ്പുകൾ നോൽക്കാൻ അവനോട് നാം തൗഫീഖിനെ ചോദിക്കുന്നു. അവനെ സ്മരിക്കുവാനും നന്ദി ചെയ്യുവാനും സൽകർമ്മങ്ങൾ ചെയ്യുവാനും അവനോട് സഹായവും ചോദിക്കുന്നു.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക സഹോദരങ്ങളെ

നബി യുടെ ചര്യയിൽ പെട്ടതാകുന്നു മാസപ്പിറവി കണ്ടുകഴിഞ്ഞാൽ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു എന്നത്

അല്ലാഹുവേ! നീ ഈ ചന്ദ്രനെ ഞങ്ങളുടെ മീതെ ഉദിപ്പിക്കുന്നത് ഈമാനും അഭിവൃദ്ധിയും ഇസ്ലാമും സമാധാനവും കൊണ്ടാക്കേണമേ. എന്റെയും നിന്റെയും (ചന്ദ്രൻ) റബ്ബ് അല്ലാഹുവാകുന്നു.

ഈ പ്രാർത്ഥന റമദാനിലും അല്ലാതെയുള്ള മാസങ്ങളുടെ പിറവികളിലും നബി ﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നു . പ്രേത്യേകിച്ചും സൽകർമ്മങ്ങൾ പ്രവർത്തിക്കാനുള്ള സഹായതേട്ടം ഈ ദുആഇൽ ഉണ്ട് എന്നിരിക്കെ നാം നിർബന്ധമായും ചെയ്യേണ്ട പ്രാർത്ഥന ആണിത്.

അല്ലാഹുവിന്റെ അടിമകളെ,

ആർക്കാണോ അല്ലാഹു ഈ മാസം തന്നിലേക്ക് നൽകി അനുഗ്രഹിച്ചത്, അവൻ മനസ്സിലാക്കേണ്ടത് ഇത് അല്ലാഹു വൃഥാ അവനിലേക്ക് നൽകിയതല്ല. പകരം ഇതൊരു പരീക്ഷണമാണ്. ആരാണ് ഈ മാസത്തിലെ താൽപര്യങ്ങൾ അനുസരിച്ച് നോമ്പിലും നിസ്കാരത്തിലും നേരായ രീതിയിൽ തന്റെ നഫ്സിനെ ഉറപ്പിച്ച് നിർത്തിയും പ്രവർത്തിക്കുന്നത് എന്നും, അതല്ലാതെയുള്ളവൻ ആരാണ് എന്നും പരീക്ഷിച്ചറിയുവാൻ വേണ്ടിയാണ്. അതുകൊണ്ട് സൽക്കർമങ്ങളിൽ കഠിനമായി പ്രയത്നിക്കുക. ഏതാനും ചില എണ്ണപ്പെട്ട ദിനങ്ങൾ മാത്രമാകുന്നു ഇവ, പിന്നീടങ്ങനെ റമദാൻ അവസാനിക്കും.

വഴിമധ്യേയുള്ള കൊള്ളക്കാരെ നിങ്ങൾ കരുതിയിരിക്കുക, ദേഹേച്ഛകളുടെ വക്താക്കളും മനുഷ്യരിൽ പെട്ട ശൈത്താനുമാരും ആകുന്നു അവർ. പവിത്രമായ റമദാനിൽ പോലും ശെരിയായ വഴിയിൽ നിന്ന് തെറ്റിക്കുന്ന പരിപാടികളും സീരിയലുകളും ആയി അവർ ജനങ്ങളെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും തടയാൻ കഠിനമായി പണിയെടുത്തുകൊണ്ടിരിക്കുന്നു.

നമ്മുടെ മുൻഗാമികൾ റമദാനിൽ കൂടുതൽ നിസ്കാരത്തിനും ദിക്റിനും ഖുർആൻ പാരായണത്തിനും വേണ്ടിയെല്ലാം ഒഴിഞ്ഞിരിക്കുവാൻ വേണ്ടി അവരുടെ അധ്യാപന സദസ്സുകൾ പോലും നിർത്തിവെക്കാറുണ്ടായിടുന്നു. അങ്ങനെയെങ്കിൽ ഈ ദിനങ്ങളിൽ പോലും കളിയിലും വിനോദങ്ങളിലും ആയി സമയം നശിപ്പിച്ച് കളയുന്നവന്റെ അവസ്ഥയെന്താണ്?!

നിങ്ങളറിയുക,

അല്ലാഹു നിങ്ങളോട് മഹത്തായ ഒരു കാര്യം കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

റമളാൻ മാസത്തിന്റെ മുപ്പത് പ്രത്യേകതകൾ -1

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰه إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

أما بعد،

മുസ്ലിമീങ്ങളെ, ആദ്യകാലക്കാർക്കും അവസാനകാലക്കാർക്കും അല്ലാഹു നൽകിയ വസ്വിയത്തായ തഖ് വ കൊണ്ട് ഞാൻ നിങ്ങളെ വസ്വിയ്യത്ത് ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ولقد وصينا الذين أوتوا الكتاب من قبلكم وإياكم أن اتقوا الله﴾،

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, അല്ലാഹു അവന്റെ യുക്തിയനുസരിച്ച് അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു,

അങ്ങനെ അവൻ ചില മലക്കുകളെയും ചില ഗ്രന്ഥങ്ങളെയും ചില പ്രവാചകന്മാരെയും ചില സ്ഥലങ്ങളെയും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠമാക്കി. അപ്രകാരം റമദാൻ മാസത്തെ മറ്റുള്ള മാസങ്ങളേക്കാൾ അവൻ ശ്രേഷ്ഠമാക്കി.

ഇത് അല്ലാഹുവിന്റെ അടിമകളോട് കാണിച്ച കാരുണ്യമാണ്. കാരണം ഈ മാസത്തിൽ നന്മകൾ പെരുകുകയും പുണ്യങ്ങൾ ഇരട്ടിയാക്കപ്പെടുകയും തിന്മകൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നു.

റമദാനിലെ നോമ്പിന് 30 പ്രത്യേകതകൾ ഉണ്ട്;

1. അത് ഇസ്ലാമിന്റെ റുക്ക്നുകളിൽ നാലാമത്തെ റുക്ക്നാണ്. നബി ﷺ പറഞ്ഞു :

"ഇസ്ലാം 5 സ്തംഭങ്ങളിലായാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്, ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുള്ള എന്ന ശഹാദത്തും നിസ്കാരം മുറപ്രകാരം നിർവഹിക്കലും സക്കാത്ത് നൽകലും ഹജ്ജ് നിർവഹിക്കലും നോമ്പ് അനുഷ്ഠിക്കലും ആണവ.".

2. മുമ്പുള്ള മതനിയമങ്ങളിലും നോമ്പ് നിയമമായിരുന്നു. ഇത് ഇബാദത്തിന്റെ ശ്രേഷ്ഠതയെ അറിയിക്കുന്നു. . അല്ലാഹു പറയുന്നു

﴿يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمْ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ﴾.

"മുഅ്മിനീങ്ങളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കിയത് പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു നിങ്ങൾ തഖ്വയുള്ളവരാകാൻ വേണ്ടിയാകുന്നുഅത്"

3. നോമ്പിനെ അല്ലാഹു സ്വന്തത്തിലേക്ക് ചേർത്തി പറഞ്ഞു.

നബി ﷺ പറഞ്ഞു : അല്ലാഹു പറയുന്നു : "മനുഷ്യന്റെ എല്ലാ കർമ്മങ്ങളും അവനുള്ളതാണ് അത് എനിക്കുള്ളതാണ് ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്."

ഇത് നോമ്പിന്റെ ശ്രേഷ്ഠത അറിയിക്കുന്നു. നോമ്പ് സൃഷ്ടാവിനും സൃഷ്ടിക്കും ഇടയിലുള്ള രഹസ്യമായ ഇബാദത്താണ്. അവൻ യഥാർത്ഥത്തിൽ നോമ്പുകാരൻ ആണോ എന്ന് അവന്റെ റബ്ബിന് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. നോമ്പുകാരൻ ഒറ്റക്കാവുമ്പോഴും അല്ലാഹു മാത്രം കാണുന്ന സന്ദർഭങ്ങളിലും വെള്ളവും ഭക്ഷണവും അവന്റെ മുമ്പിൽ ഉണ്ടായിരുന്നാലും രഹസ്യങ്ങൾ അറിയുന്ന അല്ലാഹുവിനെ കുറിച്ചുള്ള ബോധം ഉള്ളതുകൊണ്ട് അവനത് ഭക്ഷിക്കുന്നില്ല. ഈ ഇഖ്ലാസിനുള്ള പ്രതിഫലമാണ് ഹദീസിൽ പ്രസ്താവിച്ചത്.

4. പ്രത്യേക എണ്ണമോ മറ്റോ നിശ്ചയിക്കാതെ ഞാൻ പ്രതിഫലം നൽകുമെന്ന് നോമ്പിന്റെ പ്രതിഫലം അല്ലാഹു സ്വന്തത്തിലേക്ക് ചേർത്തി പറഞ്ഞിരിക്കുന്നു. മറ്റു കർമ്മങ്ങളെ പോലെ പത്തിരട്ടി എന്നോ മറ്റോ പ്രതിഫലം നിശ്ചയിക്കാതെ

ഔദാര്യവാനായ അല്ലാഹു അതിന്റെ പ്രതിഫലം നൽകുന്നതാണ്. ഇത് നോമ്പിന്റെ ശ്രേഷ്ഠതയത്രേ.

5. നോമ്പിൽ 3 ഇനം ക്ഷമകളും യോജിച്ചു വരുന്നുണ്ട്. അല്ലാഹുവിനെ സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് ആവശ്യമായ ക്ഷമയും തിന്മകളിൽ നിന്ന് വിട്ടുനിൽക്കാൻ ആവശ്യമായ ക്ഷമയും വിശപ്പ് ദാഹം ക്ഷീണം പോലുള്ള ശാരീരികമായ പ്രയാസങ്ങളിലുള്ള ക്ഷമയും നോമ്പിൽ ഒരുമിക്കുന്നു. അതു മുഖേന നോമ്പുകാരൻ ശരിയായ ക്ഷമാലുക്കളിൽ ഉൾപ്പെടുന്നു. അല്ലാഹു പറയുന്നു:

﴿إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُمْ بِغَيْرِ حِسَابٍ﴾

“തീർച്ചയായും ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ നൽകപ്പെടുന്നതാണ്.”

6. നോമ്പുകാർക്ക് മാത്രമായി ഒരു പ്രത്യേക കവാടം സ്വർഗ്ഗത്തിന് ഒരുക്കിവെക്കപ്പെട്ടിട്ടുണ്ട് എന്നതും നോമ്പിന്റെ പ്രത്യേകതയാണ്.

നബി ﷺ പറഞ്ഞു “സ്വർഗ്ഗത്തിൽ റയ്യാൻ എന്ന് പറയുന്ന ഒരു കവാടമുണ്ട് ഖിയാമത്ത് നാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കും നോമ്പുകാർ അല്ലാതെ മറ്റൊരാളും അതിലൂടെ പ്രവേശിക്കുകയില്ല. നോമ്പുകാർ എവിടെ എന്ന് വിളിച്ചു ചോദിക്കപ്പെടും അപ്പോൾ അവർ എഴുന്നേറ്റു വരികയും അവരല്ലാതെ മറ്റൊരാളും അതിലൂടെ പ്രവേശിക്കാതിരിക്കുകയും ചെയ്യും. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ വാതിലുകൾ അടക്കപ്പെടും.”

7. നോമ്പ് നരകത്തിൽ നിന്നുള്ള പരിചയും സംരക്ഷണവുമാണ്.

നബി ﷺ പറഞ്ഞു : “യുദ്ധത്തിലുള്ള പരിച പോലെ നരകത്തിൽ നിന്നുള്ള പരിചയാണ് നോമ്പ്.”

8. ഈമാനോടുകൂടിയും പ്രതിഫലയോച്ചയോടു കൂടിയും നോമ്പ് അനുഷ്ഠിക്കുന്നവർക്ക് മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.

നബി ﷺ പറഞ്ഞു : “ആരെങ്കിലുംഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും നോമ്പ് അനുഷ്ഠിച്ചാൽ അവനു മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.”

“നബി ﷺ ഒരിക്കൽ മിമ്പറിൽ കയറിയപ്പോൾ മൂന്നുതവണ ആമീൻ എന്ന് പറഞ്ഞു. സഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ താങ്കൾ മിമ്പറിൽ കയറിയപ്പോൾ മൂന്നുതവണ ആമീൻ എന്ന് പറഞ്ഞുവല്ലോ ?

അപ്പോൾ നബി ﷺ പറഞ്ഞു : “ജിബ്‌രീൽ എന്റെ അടുക്കൽ വന്നു: റമദാൻ ലഭിച്ചിട്ട് പാപങ്ങൾ പൊറുക്കപ്പെടാതെ നരകത്തിൽ പ്രവേശിക്കുന്നവരെ അല്ലാഹു അവന്റെ കാരുണ്യത്തിൽ നിന്ന് അകറ്റട്ടെ എന്ന് പ്രാർത്ഥിച്ചു അപ്പോൾ ഞാൻ ആമീൻ എന്ന് പറഞ്ഞു.”

നബി പറഞ്ഞു : “അഞ്ചുനേരത്തെ നിസ്കാരവും അടുത്തടുത്ത രണ്ട് ജുമുഅകളും രണ്ട് റമദാനുകളും വൻ പാപങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ അവയ്ക്കിടയിലുള്ള പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്.”

9. നോമ്പിന്റെ പ്രത്യേകതകളിൽ പെട്ടതാണ് അത് മുസ്ലിമീങ്ങൾക്കെല്ലുപ്പമുണ്ടാക്കുന്നു എന്നത്. നോമ്പുകാരൻ തന്റെ സമൂഹത്തിലുള്ളവർ മുഴുവനും നോമ്പ് നോൽക്കുന്നവരായി കാണുമ്പോൾ അവനു നോമ്പ് അനുഷ്ഠിക്കൽ എളുപ്പമാവുകയും ഇബാദത്ത് ശരിയായ രൂപത്തിൽ നിർവഹിക്കാനുള്ള ഉന്മേഷം ലഭിക്കുകയും ചെയ്യുന്നു.

10. നോമ്പുകാരന്റെ പ്രാർത്ഥനക്കുത്തരം ലഭിക്കും

നബി ﷺ പറഞ്ഞു : “മൂന്നു പ്രാർത്ഥനകൾ തള്ളപ്പെടുകയില്ല. പിതാവിന്റെ പ്രാർത്ഥനയും നോമ്പുകാരന്റെ പ്രാർത്ഥനയും യാത്രക്കാരന്റെ പ്രാർത്ഥനയും.”

നബി ﷺ പറഞ്ഞു :

“മൂന്നാളുകളുടെ പ്രാർത്ഥന തള്ളപ്പെടുകയില്ല. നീതിമാനായ ഭരണാധികാരി, നോമ്പുകാരൻ നോമ്പുതുറക്കുന്നത് വരെ, മർദ്ദിതന്റെ പ്രാർത്ഥന.”

അള്ളാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ നോമ്പ് അനുഷ്ഠിക്കാൻ അവൻ നമുക്ക് തൗഫീഖ് നൽകട്ടെ. അവനെ ചെയ്യാനും നന്ദികാണിക്കാനും നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യുവാനും അവൻ സഹായിക്കട്ടെ.

.

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക നിങ്ങൾ അറിയുക, നോമ്പിന്റെ പ്രത്യേകതകളിൽ പെട്ടതാണ്;

11. ഈമാനോടുകൂടിയും പ്രതിഫലയോച്ചയോടു കൂടിയും റമദാനിൽ രാത്രി നിസ്കരിക്കുന്നവർക്ക് മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.

നബി ﷺ പറഞ്ഞു : "ആരെങ്കിലുംഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും റമദാനിൽ ആരെങ്കിലും രാത്രി എഴുന്നേറ്റു നിസ്കരിച്ചാൽ അവനു മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും."

12. റമദാനിൽ രാത്രി നിസ്കരിക്കുന്നവർക്ക് അതിമഹത്തായ പ്രതിഫലം ഉണ്ട്.

നബി ﷺ പറഞ്ഞു

" ആരെങ്കിലും ഇമാമിന്റെ കൂടെ അവസാനം വരെ നിസ്കരിച്ചാൽ അവന് രാത്രി മുഴുവൻ നിസ്കരിച്ചതിന്റെ പ്രതിഫലം രേഖപ്പെടുത്തപ്പെടും"

13. സ്വദക്ക പ്രത്യേകം പുണ്യകർമ്മമാക്കപ്പെട്ട മാസമാണ് റമദാൻ.

"അല്ലാഹുവിന്റെ റസൂൽ ﷺ ജനങ്ങളിൽ ഏറ്റവും ഉദാരനായിരുന്നു അവിടുന്ന് ഏറ്റവും കൂടുതൽ ഔദാര്യം കാണിക്കുക റമദാനിൽ ആയിരുന്നു."

14. റമദാനിലെ ഉംറക്ക് പല ഇരട്ടി പ്രതിഫലം നൽകപ്പെടും.

അൻസാരികളിൽ പെട്ട ഒരു സ്ത്രീയോട് നബി ﷺ പറഞ്ഞു: "റമദാൻ സമാഗതമായാൽ നീ ഉംറ ചെയ്യുക റമദാനിലെ ഉംറ ഹജ്ജിന് തുല്യമാണ്."

15. റമദാനിലെ ഓരോ രാത്രികളിലും അല്ലാഹു അവന്റെ അടിമകളെ നരകത്തിൽ നിന്ന് മോചിപ്പിക്കും.

നബി ﷺ പറയുന്നു : "റമദാനിലെ ആദ്യത്തെ രാത്രി മുതൽ പിശാചുക്കളും ജിന്നുകളിലെ മോട്ട് കാണിക്കുന്നവരും ബന്ധിക്കപ്പെടുകയും നരകത്തിന്റെ

കവാടങ്ങൾപൂർണ്ണമായും അടക്കപ്പെടുകയും സ്വർഗ്ഗത്തിന്റെ കവാടങ്ങൾ പൂർണ്ണമായും തുറക്കപ്പെടുകയും ഒരാൾ ഇപ്രകാരം വിളിച്ചു പറയുകയും ചെയ്യും നന്മ ആഗ്രഹിക്കുന്നവനെ നീ മുന്നേറി കൊള്ളുക തിന്മ ഉദ്ദേശിക്കുന്നവരെ നിങ്ങൾ കുറക്കുക. റമദാനിലെ എല്ലാ രാത്രികളിലും അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ആളുകൾ ഉണ്ടായിരിക്കും."

നബി ﷺ പറഞ്ഞു : "എല്ലാ ദിവസത്തെ നോമ്പ് തുറക്കുമ്പോഴും അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ആളുകൾ ഉണ്ടായിരിക്കും ഇത് എല്ലാ രാത്രികളിലും ഉണ്ട്."

റമദാനിലെ 15 പ്രത്യേകതകളാണ് ഇവിടെ സൂചിപ്പിച്ചത്. ഇത് ഓർമ്മയിൽ ഉണ്ടായിരിക്കുന്നത് റമളാനിൽ ഈമാനോടെയും പ്രതിഫലേച്ചയോടും കൂടി നോമ്പനുഷ്ഠിക്കാൻ നമ്മെ സഹായിക്കും. അടുത്ത ഖുതുബയിൽ ശേഷമുള്ള 15 പ്രത്യേകതകൾ കൂടി വിശദീകരിക്കാം.

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ, നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

റമളാൻ മാസത്തിന്റെ മുപ്പത് പ്രത്യേകതകൾ -2

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

أما بعد،.

മുസ്ലിമീങ്ങളെ, ആദ്യകാലക്കാർക്കും അവസാനകാലക്കാർക്കും അല്ലാഹു നൽകിയ വസ്വിയത്തായ തഖ് വ കൊണ്ട് ഞാൻ നിങ്ങളെ വസ്വിയ്യത്ത് ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ولقد وصينا الذين أوتوا الكتاب من قبلكم وإياكم أن اتقوا الله﴾،

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, അല്ലാഹു അവന്റെ യുക്തിയനുസരിച്ച് അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു,

അങ്ങനെ അവൻ ചില മലക്കുകളെയും ചില ഗ്രന്ഥങ്ങളെയും ചില പ്രവാചകന്മാരെയും ചില സ്ഥലങ്ങളെയും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠമാക്കി. അപ്രകാരം റമദാൻ മാസത്തെ മറ്റുള്ള മാസങ്ങളേക്കാൾ അവൻ ശ്രേഷ്ഠമാക്കി.

ഇത് അല്ലാഹുവിന്റെ അടിമകളോട് കാണിച്ച കാരുണ്യമാണ്. കാരണം ഈ മാസത്തിൽ നന്മകൾ പെരുകുകയും പുണ്യങ്ങൾ ഇരട്ടിയാക്കപ്പെടുകയും തിന്മകൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നു.

റമദാനിലെ നോമ്പിന് 30 പ്രത്യേകതകൾ ഉണ്ട്; അവയിൽ 15 എണ്ണം കഴിഞ്ഞ ഖുതുബയിൽ നമ്മൾ സൂചിപ്പിച്ചു. . ബാക്കി 15 എണ്ണം ഈ ഖുതുബയിൽ സൂചിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

റമദാനിലെ പ്രത്യേകതകളിൽ പെട്ടതാണ് അതിൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ കൊട്ടിയടക്കപ്പെടുകയും ചെയ്യുമെന്നത്.

നബി ﷺ പറഞ്ഞു : "റമളാൻ സമാഗതമായാൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്യും."

18. പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടും. മുകളിൽ പരാമർശിച്ച ഹദീസിൽ അത് സൂചിപ്പിക്കപ്പെട്ടു. മറ്റു മാസങ്ങളിൽ പിശാച് ഉണ്ടാക്കുന്ന കുഴപ്പങ്ങൾ പോലെ കുഴപ്പങ്ങൾ ഉണ്ടാക്കാൻ സാധിക്കാത്ത വിധം അവൻ ബന്ധിക്കപ്പെടുമെന്നാണ് ഹദീസിന്റെ ഉദ്ദേശം. അങ്ങനെ അവൻ മുഖേനയുള്ള ഉപദ്രവം കുറയുകയും ചെയ്യും. പിശാചുകളിലെ അതിക്രമകാരികളും മൂത്തു കാണിക്കുന്നവരുമായവരെ മാത്രമാണ് ബന്ധിക്കപ്പെടുക എന്നും അഭിപ്രായമുണ്ട്.

19. ഖുർആൻ പാരായണം വർദ്ധിപ്പിക്കൽ ഈ മാസത്തിൽ പ്രത്യേകം പുണ്യകർമ്മം ആണെന്നതും റമദാനിലെ പ്രത്യേകതകളിൽ പെട്ടതാണ്.

നബി ﷺ ജിബിരീലുമായി ഖുർആൻ മുഴുവൻ പാരായണം ചെയ്തു തീർക്കും ആയിരുന്നു എന്നതിനെ അനുധാവനം ചെയ്തുകൊണ്ട് സലഫുകളും ഈ മാസത്തിൽ ഖുർആൻ പാരായണം ചെയ്ത് തീർക്കാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു.

20. നോമ്പ് ഖയാമത്ത് നാളിൽ നമുക്ക് പദവികൾ ഉയർത്താനും പാപങ്ങൾ മായിക്കപ്പെടാനും വേണ്ടി ശുപാർശകനായി വരും. നബി ﷺ പറഞ്ഞു: "നോമ്പും ഖുർആനും ഖിയാമത്ത് നാളിൽ അടിമകൾക്ക് വേണ്ടി ശുപാർശ പറയും. നോമ്പ് പറയും : റബ്ബേ, ഇദ്ദേഹത്തിന് ഞാൻ ഭക്ഷണവും ദേഹേച്ഛകളും തടഞ്ഞു. അതുകൊണ്ട് അദ്ദേഹത്തിന്റെ കാര്യത്തിൽ എന്റെ ശുപാർശനി സ്വീകരിക്കേണമേ.

ഖുർആൻ പറയും : റബ്ബേ, ഇദ്ദേഹത്തിന് ഞാൻ രാത്രിയിൽ ഉറക്കം തടഞ്ഞിട്ടുണ്ട് അതുകൊണ്ട് അദ്ദേഹത്തിന്റെ കാര്യത്തിൽ എന്റെ ശുപാർശ നീ സ്വീകരിക്കേണമേ. അങ്ങനെ അവരുടെ ശുപാർശ സ്വീകരിക്കപ്പെടും."

21. നോമ്പുകാരന്റെ വായിലെ ഗന്ധം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയുടെ സുഗന്ധത്തേക്കാൾ വിശിഷ്ടമാണ്. നബി ﷺ പറഞ്ഞു : "എന്റെ ആത്മാവിന്റെ നിയന്ത്രണം ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, നോമ്പുകാരന്റെ വായിലെ ഗന്ധം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയെക്കാൾ വിശിഷ്ടമാണ്."

22. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട് . നോമ്പു തുറക്കുമ്പോൾ ഉള്ള സന്തോഷവും അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ ഉള്ള സന്തോഷവും. നബി ﷺ പറഞ്ഞു: "നോമ്പുകാരൻ രണ്ട് അവസരങ്ങളിൽ സന്തോഷിക്കുന്നു. നോമ്പ് തുറക്കുമ്പോൾ അവൻ സന്തോഷിക്കുന്നു. നോമ്പ് എടുത്തത് കാരണത്താൽ റബ്ബിനെ കണ്ടുമുട്ടുമ്പോഴും അവൻ സന്തോഷിക്കുന്നു."

23. റമദാനിലാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടത്. അല്ലാഹു പറയുന്നു :

﴿شهر رمضان الذي أنزل فيه القرآن﴾

"ഖുർആൻ അവതരിപ്പിക്കപ്പെട്ട റമദാൻ മാസം"

റമദാനിലെ ലൈലത്തുൽ ഖദറിൽ ആയിരുന്നു ഖുർആൻ അവതരിച്ചത്. അല്ലാഹു പറയുന്നു :

﴿إنا أنزلناه في ليلة القدر﴾

"ലൈലത്തുൽ ഖദറിൽ ഖുർആനിനെ നാം അവതരിപ്പിച്ചിരിക്കുന്നു."

ഖുർആൻ ലൗഹുൽ മഹ്ഫൂദിൽ നിന്ന് ഒന്നാം ആകാശത്തിലെ ബൈത്തുൽ ഇസ്സയിലേക്ക് ഖുർആൻ മൊത്തമായി അവതരിച്ച മഹത്തായ രാത്രിയാകുന്നു അത്. ശേഷം അവിടെ നിന്ന് സന്ദർഭങ്ങൾ അനുസരിച്ച് മുഹമ്മദ് നബി ﷺ ക്ക് പലഭാഗങ്ങളായി അവതരിക്കുകയും ചെയ്തു.

അതിമഹത്തായ രാത്രി ആയതുകൊണ്ടാണ് ലൈലത്തുൽ ഖദർ എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്.

കാര്യങ്ങൾ ആ രാത്രിയിൽ കണക്കാക്കപ്പെടുന്നത് കൊണ്ടാണ് എന്നും അഭിപ്രായമുണ്ട്. കാരണം ഒരു വർഷത്തേക്കുള്ള കാര്യങ്ങൾ കണക്കാക്കപ്പെടുന്നത് ആ രാത്രിയിലാണ് അല്ലാഹു പറയുന്നു:

﴿فيها يفرق كل أمر حكيم﴾

"യുക്തിമുക്തമായ എല്ലാ കാര്യങ്ങളും അന്ന് വേർതിരിച്ച് നിശ്ചയിക്കപ്പെടുന്നു."

ഇബ്നുൽ ഖയ്യിം -റഹിമഹുള്ളാഹ്- പറഞ്ഞു : "ഇതാണ് ശരിയായ അഭിപ്രായം."

ലൈലത്തുൽ ഖദറിനെ അനുഗ്രഹീതമായ രാത്രി എന്ന് അല്ലാഹു വിശേഷിപ്പിച്ചിട്ടുണ്ട്. അവൻ പറഞ്ഞു:

﴿إنا أنزلناه في ليلة مباركة﴾.

“അനുഗ്രഹീതമായ രാത്രിയിലാകുന്നു നാം അതിനെ അവതരിപ്പിച്ചത്.”

24. ഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും ലൈലത്തുൽ ഖദറിന്റെ രാത്രിയിൽ എഴുന്നേറ്റു നിസ്കരിക്കുന്നവർക്ക് അവരുടെ മുൻ കഴിഞ്ഞ മുഴുവൻ പാപങ്ങളും പൊറുക്കപ്പെടും

അഥവാ ഈ രാത്രിയിൽ അല്ലാഹു നിശ്ചയിച്ചിട്ടുള്ള പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് പ്രസ്തുത രാത്രിയെ നിസ്കാരം കൊണ്ട് സജീവമാക്കിയാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടും എന്നാണ് ഉദ്ദേശം. . നബി ﷺ പറഞ്ഞു: “ആരാണോ ലൈലത്തുൽ ഖദറിനെ ഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും എഴുന്നേറ്റ് നിസ്കരിക്കുന്നത് അവനെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടും.”

25. ലൈലത്തുൽ ഖദറിൽ നിസ്കരിക്കുന്നത് ആയിരം മാസങ്ങൾ നിസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠകരമാണ്. അഥവാ 83 വർഷത്തെ ഇബാദത്തുകളെക്കാൾ ശ്രേഷ്ഠം. അല്ലാഹു പറഞ്ഞു:

﴿ليلة القدر خير من ألف شهر﴾.

“ലൈലത്തുൽ ഖദർ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമാണ്.”

നബി ﷺ പറഞ്ഞു:

“നിങ്ങൾക്ക് ഇതാ റമദാൻ വന്നിരിക്കുന്നു, അനുഗ്രഹീതമായ മാസം, അതിൽ അല്ലാഹു നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു, സ്വർഗ്ഗത്തിന്റെ കവാടങ്ങൾ അതിൽ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യുന്നു, മോട്ടു കാണിക്കുന്ന പിശാചുക്കൾ അതിൽ ബന്ധിക്കപ്പെടുന്നു. ആയിരം മാസങ്ങളേക്കാൾ പുണ്യകരമായ ഒരു രാത്രിയുണ്ടതിൽ. അതിന്റെ പുണ്യം തടയപ്പെട്ടവൻ ആണ് യഥാർത്ഥത്തിൽ നന്മ തടയപ്പെട്ടവൻ.”

ഇബിനു സഅദി റഹിമഹുല്ലാഹ് പറഞ്ഞു :

“ആലോചിച്ചാൽ അത്ഭുതപ്പെടുകയും അന്താളിച്ചു പോവുകയും ചെയ്യുന്ന കാര്യമാണിത്. ആയിരം മാസത്തേക്കാൾ ചെയ്യുന്ന കർമ്മങ്ങൾ ശ്രേഷ്ഠമായി തീരുന്ന ഒരു രാത്രി നൽകിക്കൊണ്ട് അല്ലാഹു ഈ ഉമ്മത്തിനെ അനുഗ്രഹിച്ചിരിക്കുന്നു. ആയിരം മാസം എന്നാൽ അത്യാവശ്യം ആയുസ്സ് ലഭിച്ച ഒരാളുടെ ആയുഷ്കാലമാണ് ഏകദേശം എൺപത്തി ചില്ലാനം വർഷം”

26. റമദാനിൽ അവസാനത്തെ പത്തിൽ ഇഅ്തികാഫിരിക്കൽ സുന്നത്താണ്. ഇഅ്തികാഫ് എന്നാൽ അല്ലാഹുവിനെ ഇബാദത്ത് ചെയ്യുവാനായി

പള്ളിയിൽ തന്നെ കഴിഞ്ഞുകൂടലാണ്. ആഇഷ റളിയല്ലാഹു അൻഹ പറയുന്നു : "നബി ﷺ റമദാനിലെ അവസാനത്തെ പത്തിൽ മരണപ്പെടുന്നത് വരെ ഇഅ്തികാഫ് ഇരുന്നിരുന്നു. അവിടുത്തെ മരണത്തിനുശേഷം നബി ﷺ യുടെ ഭാര്യമാരുംഅവിടുത്തെ മരണത്തിനുശേഷം നബി ﷺ യുടെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നു."

ലൈലത്തുൽ ഖദർ അന്വേഷിച്ചു കൊണ്ടാണ് നബി ﷺ ഇഅ്തികാഫ് ഇരുന്നത്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : "അവിടെ ഞാൻ ആദ്യത്തെ 10 ദിവസങ്ങൾ ലൈലത്തുൽ ഖദർ അന്വേഷിച്ചു കൊണ്ട് ഇഅ്തികാഫ് ഇരുന്നു. ശേഷം നടുവിലത്തെ 10 ദിവസങ്ങൾ ഇഅ്തികാഫ് ഇരുന്നു. പിന്നീട് അത് അവസാനത്തെ പത്തിൽ ആണെന്ന് എനിക്ക് അറിയിക്കപ്പെട്ടു.അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും ഇഅ്തികാഫ് ഇരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ ഇഅ്തികാഫ് ഇരുന്നു കൊള്ളുക."

രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക നിങ്ങൾ അറിയുക, നോമ്പിന്റെ പ്രത്യേകതകളിൽ പെട്ടതാണ്;

27. ഫിത്വ്ർ സക്കാത്ത്. നോമ്പുകാരൻ അത് സംഭവിച്ചു പോയ അബദ്ധങ്ങളിൽ നിന്നുള്ള ശുദ്ധീകരണമാണ്. ഇബ്നു അബ്ബാസ് -റളിയള്ളാഹു അൻഹു- പറയുന്നു: "അല്ലാഹുവിന്റെ റസൂൽ ﷺ നോമ്പുകാരന് മ്ലേച്ഛതകളിൽ നിന്നും തിന്മകളിൽ നിന്നുമുള്ള ശുദ്ധീകരണം ആയിക്കൊണ്ടുംപാവപ്പെട്ടവർക്ക് ഭക്ഷണം ആയിക്കൊണ്ടും ഫിത്വ്ർ സക്കാത്ത് നിർബന്ധമാക്കി".

28. റമദാന് ശേഷം അല്ലാഹു പെരുന്നാൾ നിശ്ചയിക്കുകയും നിയമമാക്കുകയും ചെയ്തിരിക്കുന്നു. മഹത്തായ രണ്ട് മത ചിഹ്നങ്ങളായ ഇബാദത്തുകൾക്ക് ശേഷം അല്ലാഹു പെരുന്നാൾ നിശ്ചയിച്ചിരിക്കുന്നു. ഹജ്ജും നോമ്പും ആണവ. നോമ്പ് പൂർത്തിയാക്കിയതിനു ശേഷം മുസ്ലിമീങ്ങൾ ഫിത്വ്ർ പെരുന്നാൾ ആഘോഷിക്കുന്നു. അവർ നരകത്തിൽ നിന്ന് മോചിപ്പിക്കപ്പെടാൻ കാരണമാകുന്ന നോമ്പ് പൂർത്തിയാക്കാൻ സാധിച്ചതിന്റെ നന്ദി എന്നോണം ആണ് ഫിത്വ്ർ സക്കാത്തും പെരുന്നാളും നിശ്ചയിച്ചിട്ടുള്ളത്.

പെരുന്നാൾ ദിവസത്തിൽ മറ്റേത് ദിവസത്തേക്കാളും വലിയ സംഗമം മുസ്ലിമീങ്ങൾ സംഗമിക്കുകയും അവരുടെ ശക്തിയും പ്രതാപവും ഈ മതത്തിന്റെ അടയാളത്തിലൂടെ പ്രകടമാവുകയും ചെയ്യുന്നു.

അതുകൊണ്ടുതന്നെ കുട്ടികളും സ്ത്രീകളും ഹൈളുകാരികളുമടക്കം മുസല്ലയിലേക്ക് പുറപ്പെടണം മുസ്ലിമീങ്ങളുടെ കൂടെ അവർ സന്നിഹിതരാവുകയും എന്നാൽ ഹൈളുകാരികൾ നിസ്കാരത്തിൽ നിന്ന് വിട്ടു നിൽക്കുകയും വേണം. പെരുന്നാളിന്റെ അന്ന് റമദാൻ പൂർത്തിയാക്കാൻ സാധിച്ചതിലും പെരുന്നാൾ ലഭിച്ചതിലുമുള്ള സന്തോഷം പ്രകടമാകണം.

ഇതുപോലെതന്നെ ഹജ്ജ് കർമ്മത്തിൽ അറഫയിൽ നിൽക്കുന്നതിലൂടെ അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുകയും പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്തതിന്റെ അടുത്ത ദിവസങ്ങളിൽ അല്ലാഹു പെരുന്നാൾ നിശ്ചയിച്ചിരിക്കുന്നു. അതാണ് വലിയ പെരുന്നാൾ.

29. റമദാൻ തീരുന്നതോടുകൂടി തക്ബീർ ചൊല്ലി തുടങ്ങണം. റമദാനിലെ അവസാനത്തെ രാത്രി സൂര്യനസ്തമിച്ചു കഴിഞ്ഞാൽ പെരുന്നാളിന്റെ രാവ് പ്രവേശിച്ചു കഴിഞ്ഞു. പിന്നീട് പെരുന്നാൾ നിസ്കാരം കഴിയുന്നതുവരെ തക്ബീർ മുഴക്കുക.

അല്ലാഹു പറയുന്നു :

﴿وَلِتُكْمِلُوا العِدَّةَ وَلِتُكَبِّرُوا اللهَ عَلَى مَا هَدَاكُمْ ولعلكم تشكرون﴾

“നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ ഇങ്ങനെ കൽപിച്ചിട്ടുള്ളത്.”

തക്ബീർ ചൊല്ലേണ്ട രൂപം ഇപ്രകാരമാണ്;

الله أكبر، الله أكبر، لا إله إلا الله، والله أكبر، الله أكبر، ولله الحمد،

അല്ലാഹു അക്ബർ അല്ലാഹു അക്ബർ ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്.

പുരുഷന്മാർ വീടുകളിലും അങ്ങാടികളിലും തക്ബീർ മുഴക്കുമ്പോൾ സ്ത്രീകൾ പുരുഷന്മാരുടെ സാന്നിധ്യത്തിൽ ആണെങ്കിൽ ശബ്ദം താഴ്ത്തുക.

ഉമ്മു അതിയ്യ -റളിയള്ളാഹു അൻഹ- പറയുന്നു :

“പെരുന്നാളിന് മുസല്ലയിലേക്ക് പുറപ്പെടാൻ ഞങ്ങൾ കൽപ്പിക്കപ്പെട്ടിരുന്നു. എത്രത്തോളം എന്നാൽ വീടിന്റെ ഉള്ളിലിരിക്കുന്ന കന്യകയെ പോലും കൊണ്ടുപോകാൻ ഞങ്ങളോട് കൽപ്പിച്ചിരുന്നു . അപ്രകാരം തന്നെ ഹൈള്കാരിയും, അവർ ജനങ്ങളുടെ പിറകിൽ നിൽക്കുകയും അവരോടൊത്ത് തക്ബീറും പ്രാർത്ഥനയും നിർവഹിച്ചുകൊണ്ട് ആ ദിവസത്തെ അനുഗ്രഹവും പരിശുദ്ധിയും പ്രതീക്ഷിക്കുകയും ചെയ്യണം.”

പെരുന്നാളിന് തക്ബീറത്തുൽ ഇഹ്റാമിന് ശേഷം ഒന്നാമത്തെ റക്അത്തിൽ ആറ് തക്ബീറുകളും രണ്ടാമത്തെ റക്അത്തിൽ റുകൂഇൽ നിന്ന് ഉയർന്ന തക്ബീറിനു ശേഷം അഞ്ചു തക്ബീറുകളും ആണുള്ളത്. പെരുന്നാളിലെക്ബീറിൽ വളരെ വലിയ യുക്തി അടങ്ങിയിട്ടുണ്ട്. അത് അല്ലാഹുവിനെയും അവനോടുള്ള കടമകളെയും മഹത്വപ്പെടുത്തുകയും അവനോടുള്ള ബാധ്യതകളുടെ ഗൗരവം അറിയിക്കുകയും ചെയ്യുന്നു. അവനാണ് ഏറ്റവും വലിയവൻ എന്നും അവന്റെ വിശേഷണങ്ങൾ ഏറ്റവും വലുതാണെന്നും അവനോടുള്ള കടമകൾ ഗൗരവമേറിയതാണെന്നും തക്ബീർ

സൂചിപ്പിക്കുന്നു. തക്ബീർ ചൊല്ലിക്കൊണ്ട് പെരുന്നാളിന് ഒരുമിച്ചു കൂടുന്നതിലൂടെ മുസ്ലിമീങ്ങളുടെ പ്രതാപവും ശക്തിയും പ്രകടമാവുകയും ചെയ്യുന്നു.

30. റമദാനിൽ നോമ്പ് അനുഷ്ഠിച്ച ശേഷം ശവ്വാലിൽ നിന്ന് ആറു ദിവസം കൂടി നോമ്പ് എടുത്താൽ അവൻ വർഷം മുഴുവൻ നോമ്പ് എടുത്തവനെ പോലെയാണ്. കാരണം നന്മകൾക്ക് പത്തിരട്ടിയാണ് പ്രതിഫലം. അപ്രകാരം 36 ദിവസം നോമ്പ് എടുത്തവൻ വർഷം മുഴുവൻ നോമ്പ് എടുത്തവനെ പോലെ ആയിത്തീരുന്നു. നബി ﷺ പറഞ്ഞു : "ആരെങ്കിലും റമദാനിൽ നോമ്പ് എടുക്കുകയും അതിനെ തുടർന്ന് ശവ്വാലിൽ നിന്ന് ആറു ദിവസം നോമ്പെടുക്കുകയും ചെയ്താൽ അവൻ കാലം മുഴുവൻ നോമ്പ് എടുത്തവനെ പോലെയാണ്."

റമദാനിലെ 30 പ്രത്യേകതകളാണ് ഇവിടെ സൂചിപ്പിച്ചത്. ഇത് ഓർമ്മയിൽ ഉണ്ടായിരിക്കുന്നത് റമളാനിൽ ഈമാനോടെയും പ്രതിഫലേച്ചയോടും കൂടി നോമ്പനുഷ്ഠിക്കാൻ നമ്മെ സഹായിക്കും. അടുത്ത ഖുതുബയിൽ ശേഷമുള്ള 15 പ്രത്യേകതകൾ കൂടി വിശദീകരിക്കാം.

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

റമദാന് മാസം - ഖുർആൻ പാരായണം അധികരിപ്പിക്കുക.

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

أما بعد،

മുസ്ലിമീങ്ങളെ,

സ്വന്തത്തെയും നിങ്ങളെയും ഞാൻ തഖ്വകൊണ്ട് ഉപദേശിക്കുന്നു. ആഖിറത്തിലേക്ക് അടുത്ത്കൊണ്ടിരിക്കുന്ന യാത്രക്കാരന് ഒരുക്കിവെക്കാൻ സാധിക്കുന്ന ഏറ്റവും നല്ല പാഥേയം അതാകുന്നു. അല്ലാഹു പറഞ്ഞു:

﴿وَتَزَوَّدُوا فَإِنَّ خَيْرَ الزَّادِ التَّقْوَى وَاتَّقُونِ يَا أُولِي الْأَلْبَابِ﴾

നിങ്ങൾ യാത്രയ്ക്കുവേണ്ട വിഭവങ്ങൾ ഒരുക്കിവെക്കുക. എന്നാൽ യാത്രയ്ക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് തഖ്വയാകുന്നു.

മുൻഗാമികൾക്കും പിൻഗാമികൾക്കുമുള്ള അല്ലാഹു വസ്വിയ്യത്താകുന്നു അത്. അവൻ പറഞ്ഞു:

﴿وَلَقَدْ وَصَّيْنَا الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَإِيَّاكُمْ أَنِ اتَّقُوا اللَّهَ﴾

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

തഖ്വയോട് കൂടി ജീവിച്ചവർക്കാകുന്നു അല്ലാഹു സ്വർഗ്ഗം ഒരുക്കി വെച്ചത്. അവൻ പറഞ്ഞു:

﴿وَلَنِعْمَ دَارُ ٱلْمُتَّقِينَ﴾

തഖ്വ പാലിക്കുന്നവർക്കുള്ള ഭവനം എത്രയോ നല്ലത്!

അല്ലാഹുവിന്റെ അടിമകളെ,

റമദാന് ഖുർആനിന്റെ മാസമാണ്. ബൈത്തുൽ ഇസ്സയിൽ നിന്നും ഒന്നാം ആകാശത്തിലേക്ക് ഖുർആൻ അവതരിപ്പിച്ചത് ഈ മാസത്തിലാണ്. പിന്നീട് വിവിധ സന്ദർഭങ്ങളിലായി നബി ﷺ യ്ക്ക് അല്പാല്പം ഇറക്കി നൽകുകയുണ്ടായി. ഖുർആനല്ലാത്ത മറ്റിതര ഗ്രന്ഥങ്ങളും അല്ലാഹു ഇറക്കിയത് റമദാൻ മാസത്തിൽ തന്നെയാകുന്നു. വാഥില ഇബ്നുൽ അസ്ഖഃ' ഉദ്ധരിക്കുന്ന ഹദീഥിൽ നബി ﷺ പറഞ്ഞതായി കാണാം:

ഇബ്രാഹീം ﷺ ന്റെ ഏടുകൾ റമദാനിലെ ഒന്നാം രാവിൽ ഇറക്കപ്പെട്ടു, തൗറാത്ത് റമദാനിലെ ആറു ദിനങ്ങൾ കഴിഞ്ഞപ്പോഴും, ഇൻജീൽ മതിമൂന്നു ദിനങ്ങൾ കഴിഞ്ഞപ്പോഴും, വിശുദ്ധ ഖുർആൻ ഇരുപത്തിനാല് ദിനങ്ങൾ കഴിഞ്ഞപ്പോഴും ഇറക്കപ്പെട്ടു.

ഓ മു:മിനീങ്ങളെ,

റമദാനിലെ പ്രധാനപ്പെട്ട ഇബാദത്തുകളിൽ പെട്ടതാകുന്നു ഖുർആൻ പാരായണം. അത് അധികരിപ്പിക്കൽ ഏറെ പുണ്ണ്യമാക്കപ്പെട്ട മാസവുമാകുന്നു ഇത്. റമദാനിൽ ഒരുപാട് തവണ ഖുർആൻ ഖതം തീർക്കുക എന്നത് സച്ചരിതരായ മുൻഗാമികളുടെ ചര്യയിൽ പെട്ടതായിരുന്നു. നാല് ദിവസങ്ങൾ കൊണ്ട് ഖതം തീർക്കുന്നവരും മൂന്നു ദിവസങ്ങൾ കൊണ്ട് തീർക്കുന്നവരും അതിൽ കൂടുതൽ തീർക്കുന്നവരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

അല്ലാഹുവിന്റെ അടിമകളെ,

ഖുർആൻ പാരായണം ഏറ്റവും ഉത്തമമായ പ്രവർത്തനങ്ങളിൽ പെട്ടതും അല്ലാഹുവിലേക്ക് സാമീപ്യം നേടിത്തരുന്ന മഹത്തായ കർമ്മങ്ങളിൽ പെട്ടതുമാകുന്നു. അല്ലാഹു പറഞ്ഞു:

﴿إِنَّ الَّذِينَ يَتْلُونَ كِتَابَ اللَّهِ وَأَقَامُوا الصَّلَاةَ وَأَنفَقُوا مِمَّا رَزَقْنَاهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَارَةً لَّن تَبُورَ﴾

തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം കൊടുത്തിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർ ആശിക്കുന്നത് ഒരിക്കലും നഷ്ടം സംഭവിക്കാത്ത ഒരു കച്ചവടമാകുന്നു.

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ﷺ വിൽ നിന്നും നിവേദനം ചെയ്യപ്പെട്ട ഹദീഥിൽ റസൂലുല്ലാഹി ﷺ പറഞ്ഞു:

"ആരെങ്കിലും അല്ലാഹുവിന്റെ ഖുർആനിൽ നിന്ന് ഒരു ഹർഫ് പാരായണം ചെയ്താൽ അവന് ഒരു നന്മയുണ്ടായിരിക്കും. നന്മകളാകട്ടെ അവയുടെ പത്തിരട്ടി ആയാണ് പ്രതിഫലം നൽകപ്പെടുക. അലിഫ് ലാം മീം എന്നത് ഒരു ഹർഫാണെന്ന് ഞാൻ പറയില്ല; മറിച്ച് അലിഫ് ഒരു ഹർഫാണ്. ലാം മറ്റൊരു ഹർഫ്, മീം മറ്റൊരു ഹർഫ്."

അബൂ മൂസ അൽ അശ്അരി ﷺ ഉദ്ധരിക്കുന്ന ഹദീഥിൽ റസൂലുല്ലാഹി ﷺ പറഞ്ഞു:

ഖുർആൻ പാരായണം ചെയ്യുന്ന വിശ്വാസിയുടെ ഉപമ നാരങ്ങ പോലെയാണ്, അതിന്റെ ഗന്ധവും രുചിയും നല്ലതാണ്. ഖുർആൻ പാരായണം ചെയ്യാത്ത വിശ്വാസിയുടെ ഉപമ കാരക്ക പോലെയാണ്, അതിന് ഗന്ധമില്ല എന്നാൽ രുചി മാധുര്യവുമാണ്. ഖുർആൻ പാരായണം ചെയ്യുന്ന കപട വിശ്വാസി റയ്ഹാന ചെടി പോലെയാണ്, നല്ല ഗന്ധമാണ് പക്ഷെ രുചി കയ്പ്പാണ്. ഖുർആൻ പാരായണം ചെയ്യാത്ത കപട വിശ്വാസി ആട്ടങ്ങ പോലെയാണ്, ഗന്ധവുമില്ല രുചിയാകട്ടെ കയ്പ്പാണ്.

അബൂ ഹുറൈറ ﷺ വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

രണ്ട് കാര്യങ്ങളിലല്ലാതെ അസൂയ പാടുള്ളതല്ല. ഒരുവന് അല്ലാഹു ഖുർആൻ പഠിപ്പിച്ച് നൽകി എന്നിട്ട് രാത്രി സമയങ്ങളിലും പകൽ സമയങ്ങളിലും അവൻ പാരായണം ചെയ്യുന്നു. അങ്ങനെ അവന്റെ അയൽവാസി ഇത് കേൾക്കുകയും എന്നിട്ട് ഇങ്ങനെ പറയുന്നു "അവൻ ഖുർആനിന്റെ അറിവ് നൽകപ്പെട്ടത് പോലെ എനിക്കും നല്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു, എനിക്കും അവനെ പോലെ പ്രവർത്തിക്കാമായിരുന്നല്ലോ."

രണ്ടാമന് അല്ലാഹു സമ്പത്ത് നൽകുകയും ശരിയായ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരുവൻ പറയുന്നു "അവന് നൽകപ്പെട്ടത് പോലെ സമ്പത്ത് എനിക്കും നല്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അവൻ പ്രവർത്തിക്കുന്നത് പോലെ എനിക്കും പ്രവർത്തിക്കാമായിരുന്നല്ലോ."

ആഇശ ﷺ യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഹദീഥിൽ നബി ﷺ പറഞ്ഞു:

വിശുദ്ധ ഖുർആനിനെ കുറിച്ച് മനഃപ്പാടമാക്കി അത് പാരായണം ചെയ്യുന്നവർ സമാദരണീയരും പുണ്യാത്മാക്കളുമായവരുടെ, മലക്കുകളുടെ കൂടെയാണ്. പ്രയാസത്തോടെ തപ്പിത്തടഞ്ഞ് കൊണ്ട് ഖുർആൻ പാരായണം ചെയ്യുന്നവന് രണ്ട് പ്രതിഫലമുണ്ട്.

അബൂ ഹുറൈറ ¢ വിൽ നിന്ന് നിവേദനം, റസൂലുല്ലാഹി ﷺ പറഞ്ഞു:

തന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ അവിടെ മൂന്നു തടിച്ച പെൺ ഒട്ടകങ്ങളെ കാണുന്നത് നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുന്നുണ്ടോ? സ്വഹാബികൾ പറഞ്ഞു: അതെ. നബി ﷺ പറഞ്ഞു: നിസ്കാരത്തിൽ പാരായണം ചെയ്യുന്ന മൂന്നു ആയത്തുകൾ ഈ പറയപ്പെട്ട മൂന്നു ഒട്ടകങ്ങളെക്കാളും ഉത്തമമാകുന്നു.

ഉക്ബത് ബിൻ ആമിർ رضي الله عنه പറയുന്നു:

നമ്മൾ മസ്ജിദിൽ ഇരിക്കവേ അല്ലാഹുവിന്റെ റസൂൽ ﷺ നമ്മിലേക്ക് വന്നു. എന്നിട്ട് പറഞ്ഞു: എല്ലാ ദിവസവും ബുത്ത്ഹാഇലേക്കോ അല്ലെങ്കിൽ അഖീഖിലേക്കോ (മദീനയിലെ രണ്ട് താഴ്വാരങ്ങൾ) ചെന്ന് അവിടെ നിന്ന് ഒരു തെറ്റും ചെയ്യാതെ ഒരു ബന്ധവും മുറിക്കാതെ രണ്ട് കൊഴുത്ത ഒട്ടകങ്ങളെ സ്വന്തമാക്കി കൊണ്ടുവരാൻ നിങ്ങളിൽ ആരാണ് താൽപര്യപ്പെടുന്നത്? സ്വഹാബികൾ പറഞ്ഞു: ഞങ്ങൾ അത് താല്പര്യപ്പെടുന്നുണ്ട് അല്ലാഹുവിന്റെ റസൂലേ!

അപ്പോൾ നബി ﷺ പറഞ്ഞു: ഒരുവൻ മസ്ജിദിലേക്ക് ചെന്ന് അവിടുന്ന് രണ്ട് ആയത്തുകൾ പടിക്കുന്നതോ പാരായണം ചെയ്യുന്നതോ ആണ് രണ്ട് ഒട്ടകങ്ങളെക്കാൾ അവന് നല്ലത്. മൂന്നു ആയത്തുകൾ മൂന്നു ഒട്ടകങ്ങളെക്കാളും നാല് ആയത്തുകൾ നാല് ഒട്ടങ്കങ്ങളെക്കാളും, എത്ര ആയത്തുകളാണോ അത്രെയും ഒട്ടകങ്ങളെക്കാളും ഉത്തമമാണ് അത്.

അബൂ ഉമാമ അൽബാഹിലി رضي الله عنه പറഞ്ഞു: റസൂലുല്ലാഹി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു:

നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക, കാരണം അന്ത്യദിനത്തിൽ അതിന്റെ കൂട്ടർക്ക് ശിപാർശകനായി ഖുർആൻ വരുന്നതാണ്.

റമദാൻ മാസത്തിലും അല്ലാതെയുമുള്ള ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠത നമ്മുക്ക് കാണിച്ചുതരുന്ന പ്രധാനമായ ഹദീഥുകൾ ആകുന്നു ഇവിടെ പരാമർശിപ്പിക്കപ്പെട്ടത്.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

നിങ്ങളറിയുക,

ഖുർആൻ പാരായണവും നോമ്പും ആരാണോ ഒരുമിപ്പിച്ചത്, അന്ത്യദിനത്തിൽ ഈ രണ്ട് പ്രവർത്തങ്ങളും പദവികൾ ഉയർത്തപ്പെടാനും പാപങ്ങൾ പൊറുക്കപ്പെടാനും വേണ്ടി ശിപാർശ ചെയ്യാൻ ഏറെ സാധ്യതയുണ്ട്. അബ്ദുല്ലാഹ് ബിൻ അംറ് നിന്ന് ഉദ്ധരിക്കപ്പെട്ട ഹദീഥിൽ റസൂലുല്ലാഹി ﷺ പറഞ്ഞു:

നോമ്പും ഖുർആനും അന്ത്യദിനത്തിൽ അടിമക്ക് വേണ്ടി ശിപാർശ ചെയ്യുന്നതാണ്. നോമ്പ് പറയും "റബ്ബേ, പകൽ സമയങ്ങളിൽ ഭക്ഷണത്തിൽ നിന്നും ഇച്ഛകളിൽ നിന്നും ഞാൻ അവനെ തടഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കണെ." ഖുർആൻ പറയും "രാത്രിയിൽ ഉറക്കിൽ നിന്നും ഞാൻ ഇവനെ തടഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കണെ."

അല്ലാഹുവിന്റെ അടിമകളെ,

സൽകർമ്മങ്ങളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. ഇതാ ഈ മാസത്തിന്റെ പകുതിയും പിന്നിട്ടിരിക്കുന്നു, അവസാനത്തെ പത്ത് അടുത്തുകൊണ്ടിരിക്കുന്നു. രണ്ട് തരം ജിഹാദുകൾ തമ്മിൽ ഒരുമിപ്പിക്കാൻ സാധിക്കുക എന്നത് ഒരു വിശ്വാസിക്ക് അല്ലാഹു ചെയതു നൽകുന്ന അനുഗ്രഹങ്ങളിൽ പെട്ടതാകുന്നു. പകലിലെ നോമ്പെന്ന ജിഹാദും രാത്രിയിലെ നിസ്കാരമെന്ന ജിഹാദും ആകുന്നു അവ. ആരാണോ ഈ രണ്ട് ജിഹാദും ഒരുമിപ്പിച്ച് അതിൽ ക്ഷമിച്ച് കൊണ്ട് നിലനിന്നത് അവൻ അല്ലാഹുവിന്റെ

﴿إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُم بِغَيْرِ حِسَابٍ﴾

ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്.

എന്ന വാഗ്ദാനത്തിൽ ഉൾപ്പെടുമെന്ന് ഏറെ പ്രതീക്ഷിക്കാവുന്നതാണ് .

പിന്നീട് നിങ്ങളറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കല്പിച്ചിരിക്കുന്നു. അവൻ **പറഞ്ഞു:**

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

നബി ﷺ പറഞ്ഞു:

നിങ്ങളുടെ ദിവസങ്ങളിൽ വെച്ച് ഏറ്റവും നല്ലത് ജുമുഅ ദിവസമാകുന്നു. ആ ദിവാസിതത്തിലാണ് ആദം സൃഷ്ടിക്കപ്പെട്ടതും മരണപ്പെട്ടതും. അതിലാണ് കാഹളത്തിൽ ഊതപ്പെടുകയും ഘോരമായ ശബ്ദം മുഖേന മനുഷ്യരെല്ലാവരും മരിക്കുകയും ചെയ്യുക. അതുകൊണ്ട് എന്റെ പേരിൽ നിങ്ങൾ സ്വലാത്തുകൾ അധികരിപ്പിക്കുക, കാരണം നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാണ്.

ലയ്‌ലത്തുൽ ഖദ്ർ - പത്ത് പ്രത്യേകതകൾ

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰه إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار. أما بعد،

മുസ്ലിമീങ്ങളേ ,

തഖ്‌വയോട് കൂടി ജീവിക്കാൻ എന്നെയും നിങ്ങളെയും ഞാൻ ഉപദേശിക്കുന്നു. മുൻഗാമികൾക്കും പിൻഗാമികൾക്കുമുള്ള അല്ലാഹുവിന്റെ വസിയ്യത്താകുന്നു അത്. അല്ലാഹു പറഞ്ഞു:

﴿وَلَقَدْ وَصَّيْنَا الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَإِيَّاكُمْ أَنِ اتَّقُوا اللَّهَ﴾

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക. അറിയുക, അവൻ ചില കാലങ്ങൾക്ക് മറ്റു ചിലതിനേക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അവന്റെ മഹത്തായ യുക്തിക്ക് അടിസ്ഥാനപ്പെടുത്തിയാകുന്നു അങ്ങനെ ചെയതത്. ദുൽ ഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങൾക്ക് വർഷത്തിലെ മറ്റെല്ലാ ദിനങ്ങളെക്കാളും ശ്രേഷ്ഠത കല്പിച്ചു, അത് പോലെ തെന്നെ അറഫാ ദിനം മറ്റെല്ലാ ദിനങ്ങളെക്കാളും റമദാൻ മാസം മറ്റെല്ലാ മാസങ്ങളെക്കാളും ശ്രേഷ്ഠത കല്പിച്ചത് പോലെ ലയലത്തുൽ ഖദ്റിന്റെ രാവിന് റമദാനിലെ മറ്റെല്ലാ രാത്രിയെക്കാളും ശ്രേഷ്ഠത നൽകിയിരിക്കുന്നു. ലയലത്തുൽ ഖദ്റിന് പത്തോളം പ്രത്യേകതകൾ ഉണ്ട്:

ഒന്ന് : വിശുദ്ധ ഖുർആനിന്റെ അവതരണത്തിന് തുടക്കം കുറിക്കപ്പെട്ട രാത്രിയാകുന്നു അത്. അല്ലാഹു പറഞ്ഞു:

﴿إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ﴾

തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു.

ഈ രാത്രിയിൽ ലൗഹുൽ മഹ്ഫൂദിൽ നിന്നും ഭൂമിയോട് അടുത്ത് നിൽക്കുന്ന ആകാശത്തിലെ ബൈത്തുൽ ഇസ്സയിലേക്ക് ഇറക്കപ്പെട്ടു. പിന്നീട് ഓരോരോ സന്ദർഭങ്ങളിലായി ഇറക്കപ്പെട്ടു.

ലയ്ലത്തുൽ ഖദ്ർ എന്ന പേര് നൽകപ്പെടാൻ കാരണം അതിന്റെ മഹത്ത്വം സൂചിപ്പിച്ചുകൊണ്ടാണ്. അങ്ങനെയാകുമ്പോൾ ലയ്ലത്ത് രാത്രി എന്നത് അതിന്റെ വിശേഷണത്തോട് ചേർക്കപ്പെട്ടടകുന്നു ലയ്ലത്തുൽ ഖദ്ർ എന്ന് നൽകപ്പെട്ടത്. അതല്ലാതെ ആ രാത്രിയിലാണ് വരും വർഷത്തിലെ വിധികളെല്ലാം നിർണയിക്കപ്പെടുന്നത് അതുകൊണ്ടാണ് അങ്ങനെ പേര് നൽകപ്പെട്ടത് എന്നും പറയെപ്പെട്ടിട്ടുണ്ട്. അല്ലാഹു പറഞ്ഞത് പോലെ:

{فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ}

ആ രാത്രിയിൽ യുക്തിപൂർണ്ണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു.

ഈ പറഞ്ഞ രണ്ടാമത്തെ അഭിപ്രായമാണ് ഇബ്നുൽ ഖയ്യിം رحمه الله ശെരിയായി രേഖപ്പെടുത്തയത്.

വരും വർഷത്തിലെ എല്ലാ കാര്യത്തിന്റെയും വിധികൾ ഈ രാവിൽ നിർണയിക്കപ്പെടുന്നു, അങ്ങനെ അവ മലക്കുകൾക്ക് കാണിക്കപ്പെടുന്നു. അവരുടെ ഓരോരുത്തരുടെയും ജോലികൾ ചെയ്യാൻ അവർ കല്പിക്കപ്പെടുകയും ചെയ്യും. ആ വർഷത്തിലെ മനുഷ്യരിൽ ഓരോരുത്തരുടെയും ആയുസ്സിനെ സംബന്ധിച്ചും അവരുടെ ഉപജീവനം, ദാരിദ്ര്യം അല്ലെങ്കിൽ ധന്യത, പട്ടിണി, ആരോഗ്യം, രോഗം, യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ അങ്ങനെ വേണ്ട എല്ലാ കാര്യത്തെ കുറിച്ചും മലക്കുകൾ അറിയിക്കപ്പെടും.

ഇബ്നു അബ്ബാസ് رضي الله عنه പറഞ്ഞു: "ലൗഹുൽ മഹ്ഫൂദിലെ കിതാബിൽ നിന്നും ലയ്ലത്തുൽ ഖദ്റിൽ ആ വർഷത്തെ മരണവും ജീവിതവും ഉപജീവനവും മഴയും, എത്രത്തോളമെന്ന് വെച്ചാൽ ആ വർഷം ഇന്ന ഇന്ന വ്യക്തി ഹജ്ജ് ചെയ്യും എന്ന് വരെ എഴുതി വെക്കപ്പെടും."

രണ്ട് : ലയ്ലത്തുൽ ഖദ്റിൽ മലക്കുകൾ ഭൂമിയിലേക്ക് ഇറങ്ങി വരും. അല്ലാഹു പറഞ്ഞു:

﴿تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ﴾

മലക്കുകളും റൂഹും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു.

റൂഹ് എന്നത് കൊണ്ട് ഉദ്ദേശിച്ചത് ജിബ്‌രീൽ ﷺ ആണ്. ഇബ്നു കഥീർ ﷺ ഈ ആയത്തിന്റെ തഫ്സീറിൽ പറഞ്ഞു: "ആ രാവിന്റെ ബറകത്ത് കാരണം മലക്കുകളുടെ വരവ് വർധിക്കും. ഖുർആൻ പാരായണം ചെയ്യുമ്പോൾ അവർ ഇറങ്ങുന്നത് പോലെ, ദിക്റിന്റെ സദസ്സുകളെ അവർ വലയം ചെയ്യുന്നത് പോലെ, അറിവ് അന്വേഷിക്കുന്ന വിദ്യാർഥിക്ക് അവർ ചിറകുകൾ താഴ്ത്തിക്കൊടുക്കുന്നത് പോലെ, റഹ്മത്തും ബറക്കത്തും ഇറങ്ങുന്നതിന്റെ കൂടെ അവരും ഭൂമിയിലേക്ക് ഇറങ്ങുന്നതാണ്.

മൂന്ന് : ലയ്‌ലത്തുൽ ഖദ്റിനെ സംബന്ധിച്ച് അത് ധാരാളം ബറകത്ത് ചെയ്യപ്പെട്ട രാവാണ് എന്ന് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞു:

﴿إِنَّا أَنزَلْنَاهُ فِي لَيْلَةٍ مُّبَارَكَةٍ﴾

തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു.

നാല് : പകൽ ഉദിക്കുന്നത് വരെ അത് സമാധാനമാണ് എന്ന് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. എന്ന് വെച്ചാൽ എല്ലാ വിധ വിപത്തിൽ നിന്നും തിന്മയിൽ നിന്നുമുള്ള രക്ഷയാണ് എന്ന്. ആ രാവിലെ ധാരാളമായ നന്മകൾ കാരണമാകുന്നു അത്.

അഞ്ച് : അല്ലാഹുവിന്റെ അടുക്കലുള്ള പ്രതിഫലം കാംക്ഷിച്ച് കൊണ്ട് ആരാണോ ആ രാത്രിയെ നിന്ന് നിസ്കരിച്ച് കൊണ്ട് ജീവിപ്പിച്ചത് അവന് കഴിഞ്ഞു പോയ പാപങ്ങളെല്ലാം പൊറുത്തു നൽകപ്പെടും. അബൂ ഹുറൈറ ¢ വിൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു:

"ആരാണോ ലയ്‌ലത്തുൽ ഖ്ദിറിൽ ഈമാനോട് കൂടിയും പ്രതിഫലം കാംക്ഷിച്ച് കൊണ്ടും നിന്ന് നിസ്കരിച്ചത്, കഴിഞ്ഞു പോയ അവന്റെ പാപങ്ങളെല്ലാം പൊറുക്കപ്പെടും."

ആറ് : ആ രാത്രി നിസ്കാരത്തെ കൊണ്ട് ജീവിപ്പിക്കുക എന്നത് ആയിരം വർഷങ്ങൾ നിസ്കരിക്കുന്നതിനേക്കാൾ ഉത്തമമാണ്. എന്ന് വെച്ചാൽ എൺപത്തി മൂന്ന് വർഷങ്ങളേക്കാൾ കൂടുതൽ. അല്ലാഹു പറഞ്ഞു:

﴿لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ﴾

നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.

നബി ﷺ പറഞ്ഞു: "ഇതാ റമദാൻ നിങ്ങളിലേക്ക് ആഗതമായിരിക്കുന്നു. അനുഗ്രഹങ്ങൾ ചെയ്യപ്പെട്ട മാസം. അതിലെ നോമ്പ് അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും ശൈത്താനുമാർ ബന്ധിക്കപ്പെടുകയും

ചെയ്യും. ആയിരം മാസങ്ങളേക്കാൾ പുണ്ണ്യമുള്ള ഒരു രാവുണ്ട് അതിൽ, ആർക്കാണോ ആ രാവിന്റെ നന്മകൾ തടയപ്പെട്ടത് അവന് അത് തടയപ്പെട്ടിരിക്കുന്നു."

ഇബ്നു സിഇദീ ﵀ പറഞ്ഞു: "വിവേകികൾ അമ്പരന്ന് പോകുന്ന കാര്യമാണിത്, മനസ്സുകൾ ആശ്ചര്യയപ്പെടുകയും ചെയ്യുന്നത്. ഒരൊറ്റ രാത്രിയുടെ പ്രവർത്തനങ്ങൾക്ക് ആയിരം മാസങ്ങളേക്കാൾ പുണ്യം കല്പിക്കപ്പെട്ടിരിക്കുന്നു എന്നത്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാകുന്നു ഇത്. ആയുസ്സ് വർധിപ്പിക്കപ്പെട്ട ഒരു മനുഷ്യന്റെ വയസ്സിന്റെ അത്ര, എൺപത്തി മൂന്നു വർഷത്തേക്കാളും ഉപരി."

ഏഴ്: നബി ﷺ മറ്റൊരു സമയത്തും ചെയ്യാത്ത അത്ര കഠിനാധ്വാനം ഈ രാവിനെ പ്രധീക്ഷിച്ചുകൊണ്ട് അവസാന പത്തിൽ ചെയ്യാറുണ്ടിയിരുന്നു. ആഇശ ~ യിൽ നിന്ന് നിവേദനം : "മറ്റൊരു സന്ദർഭത്തിലും ചെയ്യാത്ത കഠിനാധ്വാനം നബി ﷺ അവസാന പത്തിൽ ചെയ്യാറുണ്ടായിരുന്നു."

ആഇശ ﵂ തന്നെ ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ

"അവസാന പത്തിലേക്ക് കടന്നാൽ നബി ﷺ അവിടുത്തെ രാത്രികളെ ജീവിപ്പിക്കുമായിരുന്നു, കുടുംബത്തെ വിളിച്ചുണർത്തുമായിരുന്നു, കഠിനമായി പ്രയത്നിക്കുകയും ഉടുമുണ്ട് മുറുക്കി ഉടുക്കുകയും ചെയ്യുമായിരുന്നു."

ഉടുമുണ്ട് മുറുക്കി ഉടുക്കുമായിരുന്നു എന്നത് കൊണ്ട് ഉദ്ദേശിച്ചത് മുൻപൊന്നും കാണാത്തവണ്ണം ഇബാദത്തുകളിൽ സജീവമാകുമായിരുന്നു എന്നും, തന്റെ ഭാര്യമാരുമായുള്ള ശാരീരിക ബന്ധത്തിൽ നിന്നും മാറിനിൽക്കുമായിരുന്നു എന്നും രണ്ട് അഭിപ്രായങ്ങൾ പറയപ്പെട്ടിട്ടുണ്ട്.

എട്ട് : ആ രാത്രി പ്രധീക്ഷിച്ച് കൊണ്ട് നബി ﷺ റമദാനിലെ അവസാന പത്തിൽ മസ്ജിദിൽ ഇതികാഫ് ഇരിക്കാറുണ്ടായിരുന്നു. ആഇശ ﵂ യിൽ നിന്ന് നിവേദനം

"നബി മരിക്കുന്നത് വരെ റമദാനിലെ അവസാന പത്തിൽ ഇതികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുത്തെ മരണത്തിന് ശേഷം ഭാര്യമാരും ഇരുന്നു."

അബൂ സഈദ് അൽ ഖുദ്രി ﵁ വിൽ നിവേദനം ചെയ്യുന്ന ഹദീഥിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

"ഈ രാത്രി പ്രധീക്ഷിച്ചുകൊണ്ട് ഞാൻ റമാദാനിലെ ആദ്യ പത്ത് ഇതികാഫ് ഇരിക്കുകയുണ്ടായി പിന്നീട് രണ്ടാമത്തെ പത്തും, പിന്നീട് അത് അവസാനത്തെ പത്തിലാണെന്ന് ഞാൻ അറിയിക്കപ്പെട്ടു. അതുകൊണ്ട് നിങ്ങളിൽ ആരാണോ ഇതികാഫ് ഇരിക്കാൻ ആഗ്രഹിക്കുന്നത് അവൻ അതിൽ ഇരുന്നുകൊള്ളട്ടെ."

അല്ലാഹുവിന്റെ അടിമകളെ,

റസൂലുല്ലാഹി ﷺ യുടെ ഈ കഠിന പ്രയത്നം നമ്മുക്ക് കാണിച്ചുതരുന്നത്, ശ്രേഷ്ഠമാക്കപ്പെട്ട ദിനങ്ങളിൽ എത്രമാത്രം പ്രാധാന്യത്തോട് കൂടിയാണ് അവിടുന്ന് ഇബാദത്തുകൾ ചെയ്തത് എന്നതാണ്. അതുകൊണ്ട്, എല്ലാ മുസ്ലിമീങ്ങളും റസൂലിനെ പിൻപറ്റേണ്ടിയിരിക്കുന്നു. അദ്ദേഹമാണ് നമ്മുടെ മാതൃക. ഇബാദത്തുകളിൽ കഠിനാധ്വാനം ചെയ്യുക. ഈ രാപ്പകലുകളിൽ വെറുതെ സമയം നഷ്ടപ്പെടുത്തിക്കളയുന്നതിനെ നിങ്ങൾ സൂക്ഷിക്കുക. കാരണം ഇനി ഒരിക്കൽ കൂടി ഇങ്ങനെ ഒരു അവസരം കിട്ടും എന്ന് ആർക്കും ഉറപ്പ് പറയാവുന്നതല്ലല്ലോ. സർവ്വ സുഗങ്ങളെയും മുറിച്ച് കളയുന്ന ആ കാര്യം നമ്മെയും തേടി വന്നേക്കാമല്ലോ. ഖേദം ഉപകാരപ്പെടാത്ത ആ ദിവസം ഖേദിക്കേണ്ടി വരും.

ഒൻപത് : ആ രാത്രിയെ വിട്ടുവീഴ്ചക്കും പാപമോചന പ്രാർഥനക്കും പ്രത്യേകമാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഉമ്മ ആഇശ ~ ഉദ്ധരിക്കുന്ന ഹദീഥിൽ അവർ നബി ﷺ യോട് ചോദിച്ചു: "ഓ അല്ലാഹുവിന്റെ നബിയെ, ലയ്ലത്തുൽ ഖദ്റാണ് എന്ന് മനസ്സിലാക്കിയാൽ ഞാൻ എന്താണ് പ്രാർത്ഥിക്കേണ്ടത്? അവിടുന്ന് പറഞ്ഞു: നീ ഇപ്രകാരം പറയുക:

اللهم إنك عفو تحب العفو فاعف عني

"അല്ലാഹുവെ നീ വിട്ടുവീഴ്ച ചെയ്യുന്നവനാണ് വിട്ടുവീഴ്ച ഏറെ ഇഷ്ടപ്പെടുന്നവനാണല്ലോ, അതുകൊണ്ട് നീ എനിക്ക് വിട്ടുവീഴ്ച ചെയ്ത നൽകേണമേ."

പത്ത് : ഈ രാത്രിയുടെ കാര്യത്തിൽ മാത്രമായി അന്ത്യ ദിനം വരെ പാരായണം ചെയ്യപ്പെടുന്ന ഒരു സൂറത്ത് അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു. എന്തുകൊണ്ടാണ് ഇത്രയേറെ മഹത്ത്വം നൽകപ്പെടാൻ കാരണം എന്നത് അവൻ thanne വ്യക്തമാക്കി, അത് ഖുർആൻ അവതരിക്കപ്പെട്ടത് ആ മാസമാണ് എന്നത് കൊണ്ടാണ്. മലക്കുകളുടെ വരവിനെ കുറിച്ച് ആ സൂറത്തിൽ പ്രതിപാദിച്ചു. നിസ്കാരം കൊണ്ടും ഇബാദത്തുകൾ കൊണ്ടും ആ രാവിനെ ജീവിപ്പിച്ചവരുടെ പ്രതഫലത്തെ സംബന്ധിച്ചും പരാമർശിച്ചു. തുടക്കം എപ്പോഴാണ് ഒടുക്കം എപ്പോഴാണ് എന്നും അറിയിച്ചു തന്നു. നന്മകളുടെ കാലങ്ങളെ കൊണ്ട് തന്റെ അടിമകളോട് അനുകമ്പ കാണിക്കുന്ന അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.

അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ റമദാനിലെ നോമ്പുകൾ അനുഷ്ഠിക്കാൻ തൗഫീഖ് ചെയ്യാൻ അല്ലാഹുവിനോട് നാം ചോദിക്കുന്നു. അവനെ ദിക്ർ ചെയ്യാനും നന്ദി ചെയ്യാനും ഏറ്റവും നല്ല രൂപത്തിൽ ഇബാദത്തുകൾ നിർവഹിക്കാനും നമ്മുക്ക് സഹായം ചെയ്യാനും അവനോട് നാം ചോദിക്കുന്നു.

രണ്ടാമത്തെ ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അറിയുക,

അല്ലാഹുവിന്റെ യുക്തി കാരണമായി അവൻ ലയ്ലത്തുൽ ഖദ്റിന്റെ രാവ് നമ്മിൽ നിന്നും മറച്ചുവെച്ചിരിക്കുന്നു, അതിനെ പ്രധീക്ഷിച്ചുകൊണ്ട് പത്ത് ദിവസവും മുസ്ലിം ഉന്മേഷത്തോട് കൂടി ഇബാദത്ത് ചെയ്യുക എന്നതാണ് ആ യുക്തി. അങ്ങനെ ഒരു മുസ്ലിമിന് ധാരാളം നന്മകൾ നേടിയെടുക്കാൻ കഴിയുന്നു. മറിച്ച് അല്ലാഹുവെങ്ങാനും വ്യക്തമായ തിയതിയും സമയവും നമ്മുക്ക് അറിയിച്ച് തന്നിരുന്നെങ്കിൽ ആ ദിവസത്തിൽ മാത്രമായി നാം ഇബാദത്തുകൾ ഒതുക്കുമായിരുന്നു. അതുപോലെ തന്നെ ലയ്ലത്തുൽ ഖദ്റിന്റെ സമയം നമ്മുക്ക് അറിയിക്കപ്പെട്ടതായിരുന്നെങ്കിൽ നബി ﷺ പത്ത് ദിവസം മുഴുവനായി ഇതികാഫ് ഇരിക്കുമായിരുന്നില്ല, ആ രാവിൽ മാത്രമാക്കുമായിരുന്നു.

അല്ലാഹുവിന്റെ അടിമകളെ,

ലയ്ലത്തുൽ ഖദ്റാകാൻ ഏറെ സാധ്യതയുള്ളത് ഒറ്റയിട്ട രാത്രികളിലാണ്. ആഇശ رضي الله عنها യിൽ നിന്ന് നിവേദനം റസൂലുള്ളാഹി ﷺ പറഞ്ഞു:

"അവസാന പത്തിലെ ഒറ്റയിട്ട രാവുകളിൽ നിങ്ങൾ ലയലത്തുൽ ഖദ്റിനെ പ്രധീക്ഷിച്ച് കൊള്ളുക."

അല്ലാഹുവിന്റെ അടിമകളെ,

പ്രമാണങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് ഓരോരോ വർഷങ്ങളിലും ലയലത്തുൽ ഖദ്റിന്റെ ദിനം മാറിക്കൊണ്ടിരിക്കും എന്നതാണ്. എന്നാൽ അവസാന പത്തിൽ തന്നെ ആയിരിക്കും. അതുകൊണ്ട് തന്നെ വിശ്വാസി പത്ത് ദിവസവും ഇബാദത്തുകളെ കൊണ്ട് ധന്യമാക്കേണ്ടതുണ്ട്. ഈ രാവിനെ സംബന്ധിച്ച് അത് ഇന്ന ദിവസം തന്നെയാണ് എന്നിങ്ങനെയുള്ള സമയം പാഴാക്കപ്പെടുന്ന അനാവശ്യ സംസാരങ്ങൾ സാമൂഹിക മാധ്യമങ്ങളിലും അല്ലാതെയും ഒഴിവാക്കപ്പെടേണ്ടതാണ്.

അല്ലാഹുവിന്റെ അടിമകളെ,

രണ്ട് കാരണങ്ങളാൽ ഓരോ വിശ്വാസിയും അവസാന പത്തിൽ കർമ്മങ്ങൾ അധികാരിപ്പിക്കേണ്ടതാണ്;

ഒന്നാമത്തേത്: ലയലത്തുൽ ഖദ്റിനെ പ്രധീക്ഷിച്ചുകൊണ്ട്,

രണ്ടാമത്തേത്: ഈ മാസം നമ്മോട് വിട പറയാൻ പോകുകയാണ് എന്നുള്ളത് കൊണ്ട്, ഒരിക്കൽ കൂടി നമ്മിലേക്ക് തിരിച്ചു വരുമോ എന്ന് നമ്മുക്ക് അറിയില്ലല്ലോ.

പിന്നീട് നിങ്ങളറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക

ഈദ് ഫിത്ർ ഖുതുബ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰه إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

أما بعد،

അല്ലാഹുവിന്റെ അടിമകളെ,

മുറപ്രകാരം നിങ്ങൾ അവനെ സൂക്ഷിക്കുക. ഇസ്‌ലാമിന്റെ ബലവത്തായ കയറിൽ നിങ്ങൾ മുറുകെ പിടിക്കുക. ഈ മാസം നമ്മുക്ക് പൂർത്തീകരിച്ച് തന്നു എന്ന അനുഗ്രഹത്തിന് നിങ്ങൾ അല്ലാഹുവിന് ഹംദ് പറയുക. അതൊരു വലിയ അനുഗ്രഹം തന്നെയാണ്. അല്ലാഹു പറഞ്ഞു:

﴿ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللَّهَ عَلَىٰ مَا هَدَاكُمْ وَلَعَلَّكُمْ تَشْكُرُونَ ﴾

നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെപേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ ഇങ്ങനെ കൽപിച്ചിട്ടുള്ളത്.

ഇതാ നാം എണ്ണപ്പെട്ട ദിനങ്ങൾ പൂർത്തിയാക്കിയിരുന്നു, അല്ലാഹുവിന് തക്ബീറുകൾ മുഴക്കുകയും ചെയ്തിരിക്കുന്നു, ഇനി നമ്മുക്ക് ചെയ്യാൻ ബാക്കി ഉള്ളത് ശുക്ർ എന്ന ഇബാദത്താണ്.

ഓ മുസ്ലിമീങ്ങളെ, അല്ലാഹു പറഞ്ഞത് എത്ര സത്യമാണ്!

﴿ أَيَّامًا مَّعْدُودَاتٍ ﴾

എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം.

എത്ര പെട്ടെന്നാണ് ഈ ദിനങ്ങൾ നമ്മിൽ നിന്ന് കടന്ന് പോയത്.

1- മുസ്ലിമീങ്ങളെ, നിങ്ങൾക്ക് മംഗളങ്ങൾ, ഇതാ നിങ്ങൾ ഈ മാസം നോമ്പ് അനുഷ്ഠിച്ചിരിക്കുന്നു, രാത്രി നിസ്കരിച്ചിരിക്കുന്നു. നിങ്ങൾക്ക് മംഗളങ്ങൾ, ഇതാ

ഇതിന്റെ അവസാനവും നിങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു. അതേസമയം ചില ആളുകൾക്ക് മരണം വന്നെത്തുകയും ഇത് പൂർത്തീകരിക്കാൻ സാധിച്ചിട്ടുമില്ല. അല്ലാഹുവിനാകുന്നു അവന്റെ എല്ലാ അനുഗ്രഹങ്ങൾക്കും സർവ്വ സ്തുതികളും.

2- മുസ്ലിമീങ്ങളെ, ഇസ്ലാമിന്റെ അഞ്ച് സ്തംഭങ്ങളിൽ ഒന്നായ നോമ്പ് പൂർത്തിയാക്കി നാം എത്തി നിൽക്കുന്ന ഈ സന്തോഷ വേളയിലെ ഈദിന്റെ പേരിൽ നിങ്ങൾക്ക് ആശംസകൾ. നിങ്ങൾ അല്ലാഹുവിന് തക്ബീറുകൾ മൊഴിയുന്നു, അവനെ ഇബാദത്തുകളിൽ ഏകനാക്കുന്നു, അവനെ പ്രകീർത്തിക്കുന്നു. ഇൻ ഷാ അല്ലാഹ് നിങ്ങളുടെ നന്മകൾ വർധിച്ചിരിക്കുന്നു, പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു, സ്ഥാനങ്ങൾ ഉയർത്തപ്പെട്ടിരിക്കുന്നു.

3- അല്ലാഹുവിന്റെ അടിമകളെ, രണ്ട് മഹത്തായ സന്ദർഭങ്ങളിലായി അവൻ നമ്മുക്ക് രണ്ട് ആഘോഷങ്ങൾ നിർണ്ണയിച്ചു തന്നിരിക്കുന്നു. നോമ്പ് പൂർത്തിയാക്കിയതിന് ശേഷമുള്ള ഈദുൽ ഫിത്തറും, ഹജ്ജിന് ശേഷമുള്ള ഈദുൽ അദ്ഹയും. നമ്മുടെ ആഘോഷങ്ങൾ നമ്മുടെ ദീനിന്റെ ഭാഗമാണ്, അവ ഇബാദത്തുകളാണ്, നിസ്കാരവും തക്ബീറുകളുമാണ്, സകാത്തുൽ ഫിത്തറും നഫ്സിന്റെ സംസ്കരണവുമാണ്, ആനന്ദവും കുടുംബ ബന്ധങ്ങൾ ചേർക്കലുമാണ്, പരസ്പരമുള്ള സന്ദർശനങ്ങളും സ്നേഹവുമാണ്, കഴിഞ്ഞുപോയ എല്ലാത്തിനുമുള്ള വിട്ടുവീഴ്ചയും ബന്ധങ്ങളെ പുതുക്കളുമാണ്, വിദ്വേഷവും വെറുപ്പുമെല്ലാം നാം മറക്കുന്നു. അടുത്ത ബന്ധക്കാരുമായിട്ടോ കൂട്ടുകാരുമായിട്ടോ വെറുപ്പോ ബന്ധങ്ങളിൽ വിള്ളലുകളോ ഉള്ളവരെല്ലാം ഈ ഈദ് ദിനത്തെ അതെല്ലാം മാറ്റിവെച്ച് ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള ഒരവസരമായി എടുക്കേണ്ടതുണ്ട്.

4- ഓ വിശ്വാസികളെ, നിങ്ങൾക്ക് മംഗളങ്ങൾ. ശിർക്കിന്റെയും വഴികേടിന്റെയും ആളുകളുടെ തിന്മകളും അല്ലാഹുവിൽ നിന്നുള്ള അകൽച്ചയും മാത്രം സമ്മാനിക്കുന്ന അആഘോഷങ്ങൾ പോലെയല്ല നമ്മുടെ ഈ ആഘോഷങ്ങൾ.

അല്ലാഹുവിന്റെ അടിമകളെ, അവന്റെ ഈ കാരുണ്യങ്ങളെക്കൊണ്ട് നിങ്ങൾ സന്തോഷിച്ചു കൊള്ളുക. അല്ലാഹു تعالى പറഞ്ഞിരിക്കുന്നു:

﴿ قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ ﴾

പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടികൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്.

അവനോട് വർദ്ധനവിനെ ചോദിച്ചുകൊള്ളുക.

5- മുസ്ലിമീങ്ങളെ, നിങ്ങൾ ഭംഗി സ്വീകരിക്കുക, സുഗന്ധങ്ങൾ ഉപയോഗിക്കുക. ഇമാം മാലിക് رحمه الله പറഞ്ഞു: "എല്ലാ ഈദിലും അലങ്കാരവും സുഗന്ധങ്ങളും സ്വീകരിക്കുന്ന മുസ്തഹബ്ബായ കാര്യമാണ് എന്ന് പണ്ഡിതന്മാർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്."

6- ഓ വിശ്വാസികളെ, നിങ്ങളുടെ ഹൃദയങ്ങളും ഭവനങ്ങളും തുറന്നിരിക്കട്ടെ, റമദാനിൽ ചെയ്ത കർമ്മങ്ങൾ സ്വീകരിക്കപ്പെടാൻ പരസ്പരം പ്രാർത്ഥിക്കുക, പരസ്പരം ആശംസകൾ നേരുക, സ്വഹാബാക്കൾ പരസ്പരം ഇപ്രകാരം പറയാറുണ്ടായിരുന്നു:

تقبل الله منا ومنكم

നമ്മിൽ നിന്നും നിങ്ങളിൽ നിന്നും അല്ലാഹു സ്വീകരിക്കട്ടെ

7- മുസ്ലിമീങ്ങളെ, കഴിഞ്ഞു പോയെതെല്ലാം മാപ്പു ചെയ്ത് നൽകുക എന്നത് ഉത്തമമായ ഇബാദത്തുകളിൽ പെട്ടതാണ്, അങ്ങനെ ചെയ്ത് നൽകുന്നവർക്ക് അല്ലാഹു അളവ് നിശ്ചയിക്കാത്ത പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. അവൻ പറഞ്ഞു:

﴿ فَمَنْ عَفَا وَأَصْلَحَ فَأَجْرُهُ عَلَى اللَّهِ ﴾

എന്നാൽ ആരെങ്കിലും മാപ്പുനൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു.

പ്രതിഫലം അവൻ വാഗ്ദാനം ചെയ്തു എന്നാൽ അളവ് നിശ്ചയിച്ചില്ല, അതിനാൽ ഇതൊരു മഹത്തായ കർമ്മം തന്നെയാണ്.

വിശ്വാസികളെ, സ്വന്തത്തിന്റെ സംസ്കരണവും ശുദ്ധീകരണവും മഹത്തായ ഇബാദത്തുകളിൽ പെട്ടതാണ്, അങ്ങനെ സംസ്കരിച്ചെടുക്കുന്നവർക്ക് അല്ലാഹു വിജയം നൽകുന്നതാണ്. അവൻ പറഞ്ഞു:

﴿ قَدْ أَفْلَحَ مَن زَكَّاهَا ﴾

തീർച്ചയായും അതിനെ അസ്തിത്വത്തെ പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു.

﴿ وَقَدْ خَابَ مَن دَسَّاهَا ﴾

അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.

അല്ലാഹുവിന്റെ അടിമകളെ, വെറുപ്പും വിദ്വേഷങ്ങളുമെല്ലാം മനസുകളിൽ നിന്ന് കഴുകി കളയുക എന്നതും നമ്മുടെ സാമൂഹിക ബന്ധങ്ങൾ പുതുക്കുകയും ഉറപ്പിക്കുകയും ചെയ്യുക എന്നതുമെല്ലാം ഈ ഈദ് ദിനത്തിലെ സന്തോഷത്തെ വർധിപ്പിക്കുന്നതാണ്. വേർപ്പെട്ടു നിൽക്കുന്ന ഭാര്യഭർത്താക്കന്മാർക്കിടയിലും അകന്നുപോയ രണ്ട് ഹൃദയങ്ങൾക്കിടയിലുമെല്ലാം രഞ്ജിപ്പുണ്ടാക്കി അല്ലെങ്കിൽ കടം വിട്ടുനൽകിക്കൊണ്ടെല്ലാം ആ കുടുംബങ്ങളെ സന്തോഷജീവിതത്തിലേക്ക് തിരികെയെത്തിക്കുന്നവർക്ക് മംഗളങ്ങൾ.

രണ്ടാം ഖുത്ബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിന്റെ അടിമകളെ,

8- നിങ്ങളറിയുക, നമ്മുടെ സൽപ്രവർത്തങ്ങളുമായി അല്ലാഹുവെ കണ്ടുമുട്ടുന്ന ദിവസമാണ് ഏറ്റവും വലിയ സന്തോഷത്തിന്റെ ദിവസം.

അവിടെ വെച്ച് സ്വർഗ്ഗനിവാസികളെ അല്ലാഹു വിളിക്കുന്നതാണ്. അവർ ഉത്തരം പറയും: "നിന്റെ വിളിക്കിതാ നാം ഉത്തരം നൽകിയിരിക്കുന്നു." അങ്ങനെ അല്ലാഹു ചോദിക്കും: "നിങ്ങൾ തൃപ്തരാണോ?" അവർ പറയും:"നിന്റെ മറ്റു സൃഷ്ടികൾക്കൊന്നും നീ നൽകാത്തത് നമ്മുക്ക് നൽകി എന്നിരിക്കെ നമ്മൾ എങ്ങനെ തൃപ്തരല്ലാതിരിക്കും അല്ലാഹുവെ!" അല്ലാഹു പറയും: "അതിനേക്കാളെല്ലാം മഹത്തായത് ഞാൻ നിങ്ങൾക്ക് നൽകാൻ പോകുകയാണ്." അവർ പറയും:"ഇതിനേക്കാളെല്ലാം മഹത്തായി മറ്റെന്താണ് റബ്ബേ ഉള്ളത്?" അല്ലാഹു പറയും: "എന്റെ തൃപ്തി ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു, ഇനി ഒരിക്കലും ഞാൻ നിങ്ങളോട് ദേഷ്യപ്പെടുകയില്ല."

9- വിശ്വാസികളെ, നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വഴി ശരിയാക്കാനുള്ള അവസരമായിരുന്നു റമദാൻ. അല്ലാഹുവുമായുള്ള നമ്മുടെ ബന്ധത്തെ ശക്തിപ്പെടുത്താനുള്ള അവസരവുമായിരുന്നു റമദാൻ. അതുകൊണ്ട് നാം ഇബാദത്തുകളിലായിത്തന്നെ തുടരുക. ഇബാദത്തുകൾ റമദാനിന്റെ അവസാനത്തോട് കൂടി കഴിയുന്നതല്ല, പകരം മരണത്തോട് കൂടി മാത്രമാണ് അവ നിലയ്ക്കുന്നത്. അല്ലാഹു പറഞ്ഞത് പോലെ:

﴿ وَاعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ الْيَقِينُ ﴾

ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക.

നബി ﷺ പറഞ്ഞു: "അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനങ്ങൾ സ്ഥിരതയുള്ളവയാണ്, കുറച്ചാണെങ്കിലും."

മുസ്ലിമീങ്ങളെ, റമദാനിന് ശേഷവും സൽകർമ്മങ്ങൾ സ്ഥിരതയോട് കൂടി പ്രവർത്തിക്കുക എന്നത് തൗഫീഖ് നൽകപ്പെട്ടിരിക്കുന്നു എന്നതിന്റെയും കർമ്മങ്ങൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നത്തിന്റെയും സൂചനയാണ്. എന്നാൽ ഇത്തരത്തിൽ പ്രത്യേകത നൽകപ്പെട്ട ദിനങ്ങളിൽ മാത്രം കർമ്മങ്ങളിൽ ഉത്സാഹം കാണിക്കുക

എന്നത് അറിവിലേയും തൗഫീഖിലെയും കുറവിനെയാണ് കാണിക്കുന്നത്. റമദാനിന്റെ റബ്ബ് തന്നെയാണ് മറ്റെല്ലാ മാസങ്ങളുടെയും റബ്ബ്. റമദാനിൽ മാത്രം ഇബാദത്തുകളിൽ ഉത്സാഹം കാണിക്കുന്ന ഒരുവനെ കുറിച്ച് മുൻകാമികളിൽ പെട്ട ഒരാളോട് ചോദിക്കപ്പെട്ടു, അദ്ദേഹം പറഞ്ഞു: "എത്ര നീചരാണവർ, റമദാനിൽ മാത്രമല്ലാതെ അവർ അല്ലാഹുവിനെ അറിയുന്നില്ല."

വിശ്വാസികളെ, 'ഖാനിതീങ്ങളിൽ' ഉൾപ്പെടുക എന്നത് ഒരു മുസ്ലിമിന്റെ വിശേഷണങ്ങളിൽ പെട്ട ഏറ്റവും നല്ല വിശേഷണമാണ്. ഇബാദത്തുകളിൽ സ്ഥിരതരായി തുടരുന്നവർക്കാണ് ഖാനിതീങ്ങൾ എന്ന് പറയുക. അല്ലാഹു ഇങ്ങനെ ഉള്ളവരെ പ്രശംസിച്ചിട്ടുണ്ട്. അവൻ പറഞ്ഞു:

﴿إِنَّ الْمُسْلِمِينَ وَالْمُسْلِمَاتِ وَالْمُؤْمِنِينَ وَالْمُؤْمِنَاتِ وَالْقَانِتِينَ وَالْقَانِتَاتِ وَالصَّادِقِينَ وَالصَّادِقَاتِ وَالصَّابِرِينَ وَالصَّابِرَاتِ وَالْخَاشِعِينَ وَالْخَاشِعَاتِ وَالْمُتَصَدِّقِينَ وَالْمُتَصَدِّقَاتِ وَالصَّائِمِينَ وَالصَّائِمَاتِ وَالْحَافِظِينَ فُرُوجَهُمْ وَالْحَافِظَاتِ وَالذَّاكِرِينَ اللَّهَ كَثِيرًا وَالذَّاكِرَاتِ أَعَدَّ اللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا﴾

അല്ലാഹുവിന് കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ, 'ഖാനിതീങ്ങളായ' പുരുഷൻമാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷൻമാർ, സ്ത്രീകൾ വിനീതരായ പുരുഷൻമാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ - ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.

10- അല്ലാഹുവിന്റെ അടിമകളെ, റമദാനിന് ശേഷം ശവ്വാലിലെ ആറ് ദിവസങ്ങൾ കൂടി നോമ്പ് അനുഷ്ഠിക്കുക എന്നത് ഏറെ പ്രാധാന്യമുള്ള സുന്നത്താണ്. ആ നോമ്പിന് അല്ലാഹു നിശ്ചയിച്ച പ്രതിഫലം വളരെ വലുതാണ്. അബൂ അയ്യൂബ് ¢ ഉദ്ധരിക്കുന്ന ഹദീഥിൽ വന്നത് പോലെ, റസൂലുല്ലാഹി ﷺ പറഞ്ഞു: "ആരാണോ റമദാനിലെ നോമ്പ് അനുഷ്ഠിക്കുകയും അതിനെ തുടർന്ന് ശവ്വാലിലെ ആറ് നോമ്പ് അനുഷ്ഠിക്കുകയും ചെയ്തത്, ഒരു വർഷം മുഴുവൻ നോമ്പ് അനുഷ്ഠിച്ചത് പോലെയാണ് അത്."

ശവ്വാലിലെ ഈ ആറ് നോമ്പുകൾക്ക് പിന്നിലുള്ള മറ്റൊരു ലക്ഷ്യം, അത് നിർബന്ധമായ റമദാനിലെ നോമ്പുകളിൽ വന്ന വീഴ്ചകൾക്കുള്ള പരിഹാരം കൂടിയാണ് എന്നതാണ്. കാരണം, എങ്ങനെയൊക്കെ ആയാലും വല്ല വീഴ്ചകളും പാപങ്ങളുമെല്ലാം നിർബന്ധ നോമ്പിൽ വന്നുപോയിട്ടുണ്ടാകും, എന്നാൽ ഈ സുന്നത്ത് നോമ്പുകൾ അവയെ പരിഹരിക്കും.

8

മസ്ജിദുൽ അഖ്സാ

ബൈത്തുൽ മഖ്ദിസിന്റെയും മസ്ജിദുൽ അഖ്സയുടെയും പത്ത് സവിശേഷതകൾ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്ലിംകളേ, അല്ലാഹുവിനെ ഭയപ്പെടുവാൻ എന്നോടും നിങ്ങളോടും ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു. മുൻഗാമികൾക്കും പിൻഗാമികൾക്കും അല്ലാഹു നൽകിയ വസ്വിയ്യത്ത് അതാണല്ലോ. അല്ലാഹു പറഞ്ഞു:

﴿وَلَقَدْ وَصَّيْنَا الَّذِينَ أُوتُوا الْكِتَابَ مِن قَبْلِكُمْ وَإِيَّاكُمْ أَنِ اتَّقُوا اللَّهَ﴾

"നിങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരോടും നിങ്ങളോടും അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് നാം കൽപിച്ചിരിക്കുന്നു."

അതിനാൽ അല്ലാഹുവിനെ സൂക്ഷിക്കുകയും അവനെ പേടിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അവനെ ധിക്കരിക്കരുത്. അല്ലാഹു അവന്റെ ഹിതമനുസരിച്ച് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവൻ ചില മലക്കുകളെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠമാക്കി, ചില ഗ്രന്ഥങ്ങളെ മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമാക്കി, ചില പ്രവാചകന്മാരെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠമാക്കി, ചില സമയങ്ങളെ മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമാക്കി, ചില സ്ഥലങ്ങളെ മറ്റു സ്ഥലങ്ങളേക്കാൾ ശ്രേഷ്ഠമാക്കി. അതിൽ പെട്ടതാണ് ബൈത്തുൽ മുഖദ്ദസിനെയും അതിന് ചുറ്റുമുള്ളതിനെയും ഉൾക്കൊള്ളുന്ന അനുഗൃഹീത ഭൂമിക്ക് മറ്റു സ്ഥലങ്ങളേക്കാൾ നൽകിയ ശ്രേഷ്ഠത. ഇത് അല്ലാഹുവിന്റെ യുക്തിയും ഉത്തമമായ തിരഞ്ഞെടുപ്പുമാണ്.

﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ ۗ مَا كَانَ لَهُمُ الْخِيَرَةُ﴾

"നിന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാൻ അധികാരമില്ല."

ബൈത്തുൽ മുഖദ്ദസ് എന്നാൽ ശിർക്കിന്റെ അടയാളങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ട വീട് എന്നാണ് അർത്ഥം.

അല്ലാഹുവിന്റെ ദാസന്മാരേ, ബൈത്തുൽ മുഖദ്ദസിന് പത്ത് പ്രത്യേകതകളുണ്ട്:

1. ഒന്നാമത്തെ പ്രത്യേകത: അല്ലാഹു ഖുർആനിൽ അതിനെ 'മുബാറക്' ﴾അനുഗൃഹീതം﴿ എന്ന് വിശേഷിപ്പിച്ചു. അല്ലാഹു പറഞ്ഞു:

﴿سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ لَيْلًا مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى الَّذِي بَارَكْنَا حَوْلَهُ﴾

"തന്റെ ദാസനെ ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സയിലേക്ക് -അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു- കൊണ്ടുപോയവൻ എത്ര പരിശുദ്ധൻ!"

ബൈത്തുൽ മുഖദ്ദസ് എന്നത് മസ്ജിദിന് ചുറ്റുമുള്ള പ്രദേശമാണ്.

2. രണ്ടാമത്തെ പ്രത്യേകത: അല്ലാഹു അതിനെ 'മുഖദ്ദസ്' (പരിശുദ്ധമായത്) എന്ന് വിശേഷിപ്പിച്ചു.

മൂസാ ﷺ തന്റെ ജനതയോട് പറഞ്ഞതായി ഖുർആനിൽ കാണാം:

﴿يَا قَوْمِ ادْخُلُوا الْأَرْضَ الْمُقَدَّسَةَ الَّتِي كَتَبَ اللَّهُ لَكُمْ﴾

"എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചുതന്ന പരിശുദ്ധ ഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ.".

പരിശുദ്ധ ഭൂമി എന്നാൽ ബൈത്തുൽ മുഖദ്ദസ് ആണ്.

3. മൂന്നാമത്തെ പ്രത്യേകത: ബൈത്തുൽ മുഖദ്ദസിലുണ്ടായിരുന്ന ബഹുദൈവാരാധകരായ അമാലിഖത്തുകളോട് യുദ്ധം ചെയ്യാനും അവരിൽ നിന്ന് അത് പിടിച്ചെടുത്ത് തൗഹീദ് പ്രചരിപ്പിക്കാനും ശിർക്ക് നീക്കം ചെയ്യാനും അല്ലാഹു മൂസാ ﷺ യോട് കൽപ്പിച്ചു. അദ്ദേഹം തന്റെ ജനതയോട് പറഞ്ഞു:

﴿يَا قَوْمِ ادْخُلُوا الْأَرْضَ الْمُقَدَّسَةَ الَّتِي كَتَبَ اللَّهُ لَكُمْ وَلَا تَرْتَدُّوا عَلَىٰ أَدْبَارِكُمْ فَتَنقَلِبُوا خَاسِرِينَ﴾

"എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചുതന്ന പരിശുദ്ധ ഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ. നിങ്ങൾ പിന്നോട്ട് തിരിഞ്ഞുപോകരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി മാറും."

4. നാലാമത്തെ പ്രത്യേകത: നബി ﷺ അറിയിച്ചതുപോലെ, മൂസാ عليه السلام മരണസമയത്ത് ബൈത്തുൽ മുഖദ്ദസിനോട് ഒരു കല്ലേറ് ദൂരമെങ്കിലും അടുപ്പിക്കാൻ അല്ലാഹുവിനോട് ആവശ്യപ്പെട്ടു. ബൈത്തുൽ മുഖദ്ദസിനോടുള്ള അദ്ദേഹത്തിന്റെ സ്നേഹമാണ് ഇത് കാണിക്കുന്നത്. അബൂഹുറൈറ رضي الله عنه നിവേദനം ചെയ്ത ഹദീസിൽ ഇപ്രകാരം കാണാം:

أن موسى عليه الصلاة والسلام سأل ربه لَمّا حضرته الوفاة أن يُدْنِيَهُ مِنْ الْأَرْضِ الْمُقَدَّسَةِ رَمْيَةً بِحَجَرٍ

മൂസാ عليه الصلاة والسلام ക്ക് മരണം ആസന്നമായപ്പോൾ തനിക്ക് പരിശുദ്ധ ഭൂമിയോട് ഒരു കല്ലേറ് ദൂരമെങ്കിലും അടുത്ത് മരിക്കാൻ തന്റെ റബ്ബിനോട് ചോദിച്ചു. അന്നേരം അത് അമാലിഖത്തുകളുടെ കയ്യിലായിരുന്നതിനാൽ അദ്ദേഹത്തിന് അവിടെ പ്രവേശിക്കാൻ സാധിക്കുമായിരുന്നില്ല.

തുടർന്ന് നബി ﷺ പറഞ്ഞു:

فلوْ كُنْتُ ثَمَّ لَأَرَيْتُكُمْ قَبْرَهُ، إلى جَانِبِ الطَّرِيقِ، عِنْدَ الكَثِيبِ الأَحْمَرِ

ഞാൻ അവിടെ ഉണ്ടായിരുന്നെങ്കിൽ പാതയോരത്തെ ചുവന്ന മണൽക്കുന്നിന് അടുത്തുള്ള അദ്ദേഹത്തിന്റെ ഖബർ ഞാൻ നിങ്ങൾക്ക് കാണിച്ചു തരുമായിരുന്നു.

5. അഞ്ചാമത്തെ പ്രത്യേകത: യൂശഅ് ബിൻ നൂൻ عليه السلام അമാലിഖത്തുകളോട് ബൈത്തുൽ മുഖദ്ദസിൽ വെച്ച് യുദ്ധം ചെയ്തപ്പോൾ അല്ലാഹു സൂര്യനെ തടഞ്ഞുനിർത്തി. ഇരുട്ടാകുന്നതിന് മുമ്പ് ബൈത്തുൽ മുഖദ്ദസ് കീഴടക്കാൻ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചതനുസരിച്ചായിരുന്നു ഇത്.

അബൂഹുറൈറ رضي الله عنه ഉദ്ധരിക്കുന്നു: നബി ﷺ പറഞ്ഞു:

إن الشمس لم تُحبس على بشر إلَّا على يوشَعٍ، ليالِيَ سارَ إلى البيتِ المُقَدَّسِ

"യൂശഅ് عليه السلام ബൈത്തുൽ മുഖദ്ദസിലേക്ക് നീങ്ങിയ രാത്രിയിലല്ലാതെ മറ്റൊരാൾക്കും സൂര്യൻ തടഞ്ഞുനിർത്തപ്പെട്ടിട്ടില്ല".

6. ആറാമത്തെ പ്രത്യേകത: ബൈത്തുൽ മുഖദ്ദസിന്റെ വിജയം അന്ത്യദിനത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.

ഔഫ് ബിൻ മാലിക് رضي الله عنه പറയുന്നു: തബൂക്ക് യുദ്ധവേളയിൽ നബി ﷺ ഒരു ചർമ്മ കൂടാരത്തിലിരിക്കെ ഞാൻ അദ്ദേഹത്തിനടുത്ത് ചെന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു:

أُعدُد سِتًّا بين يدي الساعة: مَوتي، ثم فتح بيت المقدس

"അന്ത്യദിനത്തിന് മുമ്പുള്ള ആറ് കാര്യങ്ങളെ എണ്ണുക: എന്റെ മരണം, പിന്നീട് ബൈത്തുൽ മുഖദ്ദസ് വിജയം..."

7. ഏഴാമത്തെ പ്രത്യേകത: ദജ്ജാലിന് അവിടെ പ്രവേശിക്കാൻ കഴിയില്ല. അതിനടുത്തുള്ള 'ലുദ്ദ്' എന്ന സ്ഥലത്ത് വെച്ച് ഈസാ ﷺ അവനെ കൊല്ലും.

8. എട്ടാമത്തെ പ്രത്യേകത: കുഫ്റിന്റെയും അതിന്റെ നേതാക്കളുടെയും അന്ത്യം ഫലസ്തീനിലായിരിക്കും. ദജ്ജാലിനെ ഈസാ ﷺ വധിക്കുന്നത് അവിടെ വെച്ചാണ്. സത്യവിശ്വാസികളല്ലാത്തവരെയും കുരിശിനെയും അവിടെ വെച്ച് അദ്ദേഹം ഇല്ലാതാക്കും.

9. ഒമ്പതാമത്തെ പ്രത്യേകത: അന്ത്യകാലത്ത് മുസ്ലിംകളും യഹൂദികളും തമ്മിലുള്ള യുദ്ധത്തിൽ മരങ്ങളും കല്ലുകളും സംസാരിക്കും.

അബൂഹുറൈറ ﷺ റിപ്പോർട്ട് ചെയ്യുന്നു: നബി ﷺ പറഞ്ഞു:

لا تَقُومُ السَّاعَةُ حتَّى يُقاتِلَ المُسْلِمُونَ اليَهُودَ، فَيَقْتُلُهُمُ المُسْلِمُونَ حتَّى يَخْتَبِئَ اليَهُودِيُّ مِن وراءِ الحَجَرِ أو الشَّجَرِ، فيَقولُ الحَجَرُ أوِ الشَّجَرُ: يا مُسْلِم، يا عَبْدَ اللهِ، هذا يَهُودِيٌّ خَلْفِي، فَتَعالَ فاقْتُلْهُ، إلَّا الغَرْقَدَ، فإنَّه مِن شَجَرِ اليَهُود

"മുസ്ലിംകൾ യഹൂദികളോട് യുദ്ധം ചെയ്യുന്നത് വരെ അന്ത്യദിനം സംഭവിക്കില്ല. മുസ്ലിംകൾ അവരെ കൊല്ലും. അപ്പോൾ മരങ്ങൾക്കും കല്ലുകൾക്കും പിന്നിൽ അവർ ഒളിച്ചിരിക്കും. കല്ലോ മരമോ പറയും: 'ഓ മുസ്ലിമേ, അല്ലാഹുവിന്റെ ദാസനേ, ഇതാ എന്റെ പിന്നിൽ ഒരു യഹൂദിയുണ്ട്, വന്ന് അവനെ കൊല്ലുക'. എന്നാൽ 'ഗർഖദ്' മരം പറയില്ല, കാരണം അത് യഹൂദികളുടെ മരമാണ്."

10. പത്താമത്തെ പ്രത്യേകത: അതിൽ മസ്ജിദുൽ അഖ്സ സ്ഥിതിചെയ്യുന്നു. ഖുർആനും ഹദീസും ആദരിച്ച മൂന്ന് മസ്ജിദുകളിൽ ഒന്നാണത്. അതിന്റെ ശ്രേഷ്ഠതകൾ താഴെ പറയുന്നവയാണ്:

ഒന്ന്: നബി ﷺ മസ്ജിദുൽ ഹറാമിൽ നിന്ന് ഇവിടേക്കാണ് ഇസ്റാഅ് നടത്തിയത്. അല്ലാഹു പറഞ്ഞു:

﴿سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ لَيْلًا مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى﴾

തന്റെ ദാസനെ (മുഹമ്മദ് നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന്, ചുറ്റുപാടും നാം അനുഗ്രഹീതമാക്കിയ മസ്ജിദുൽ അഖ്സായിലേക്ക് കൊണ്ടുപോയവൻ എത്ര പരിശുദ്ധൻ!

രണ്ട് തവണ നബി ﷺ അവിടെ പ്രവേശിച്ചു എന്നത് അതിന്റെ മഹത്വത്തിന് തെളിവാണ്.

രണ്ട്: ഇസ്റാഅ് രാത്രിയിൽ നബി ﷺ എല്ലാ പ്രവാചകന്മാർക്കും അവിടെ വെച്ച് ഇമാമായി നിന്നു.

നബി ﷺ പറഞ്ഞു:

فحانت الصلاة فأممتهم

നമസ്കാര സമയമായപ്പോൾ ഞാൻ അവർക്ക് ഇമാമായി നിന്നു.

മൂന്ന്: ഖുറൈശികൾ ഇസ്റാഅ് നിഷേധിച്ചപ്പോൾ അല്ലാഹു മസ്ജിദുൽ അഖ്സയെ നബി ﷺ ക്ക് കാണിച്ചുകൊടുത്തു.

ജാബിർ ؓ പറയുന്നു: നബി ﷺ പറഞ്ഞു:

لَمَّا كَذَّبَتْنِي قُرَيْشٌ قُمْتُ فِي الحِجْرِ فَجَلَّى اللَّهُ لِي بَيْتَ المَقْدِسِ، فَطَفِقْتُ أُخْبِرُهُمْ عن آياتِهِ وأنا أنْظُرُ إلَيْه

ഖുറൈശികൾ എന്നെ കളവാക്കിയപ്പോൾ ഞാൻ ഹിജ്റിൽ നിന്നു. അപ്പോൾ അല്ലാഹു എനിക്ക് ബൈത്തുൽ മുഖദ്ദസിനെ വെളിപ്പെടുത്തി. ഞാൻ അത് നോക്കിക്കൊണ്ട് അതിന്റെ അടയാളങ്ങളെക്കുറിച്ച് അവർക്ക് വിവരിച്ചു കൊടുത്തു.

നാല്: അത് മുസ്ലിംകളുടെ ഒന്നാമത്തെ ഖിബ്ലയാണ്. ബറാഅ് ബിൻ ആസിബ് ؓ പറയുന്നു:

صَلَّيْنَا مع رَسولِ اللهِ ﷺ نَحْوَ بَيْتِ المَقْدِسِ سِتَّةَ عَشَرَ أوْ سَبْعَةَ عَشَرَ شَهْرًا، ثُمَّ صُرِفْنَا نَحْوَ القبلة

നബി ﷺ യോടൊപ്പം ഞങ്ങൾ 16 അല്ലെങ്കിൽ 17 മാസം ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിച്ചു. പിന്നീട് കഅ്ബയിലേക്ക് തിരിക്കപ്പെട്ടു.

അഞ്ച്: ആരാധനക്കായി യാത്ര ചെയ്യാൻ അനുവാദമുള്ള മൂന്ന് പള്ളികളിൽ ഒന്നാണിത്.

നബി ﷺ പറഞ്ഞു:

لا تشد الرحال إلا إلى ثلاثة مساجد: المسجد الحرام، ومسجد الأقصى، ومسجدي هذا

മൂന്ന് പള്ളികളിലേക്കല്ലാതെ യാത്രകൾ പാടില്ല: മസ്ജിദുൽ ഹറാം, മസ്ജിദുൽ അഖ്സ, എന്റെ ഈ പള്ളി.

ആറ്: അവിടുത്തെ നമസ്കാരം മറ്റ് സ്ഥലങ്ങളിലെ 250 നമസ്കാരത്തേക്കാൾ ശ്രേഷ്ഠമാണ്. അബൂദർറ് ؓ ഉദ്ധരിക്കുന്നു: മസ്ജിദുന്നബവിയാണോ ബൈത്തുൽ മുഖദ്ദസാണോ ശ്രേഷ്ഠം എന്ന് ഞങ്ങൾ ചർച്ച ചെയ്തപ്പോൾ നബി ﷺ പറഞ്ഞു:

صلاة في مسجدي هذا أفضل من أربع صلوات فيه، ولَنِعْم المصلى

എന്റെ ഈ പള്ളിയിലെ ഒരു നമസ്കാരം അവിടുത്തെ നാല് നമസ്കാരത്തേക്കാൾ ശ്രേഷ്ഠമാണ്. അത് എത്ര നല്ല നമസ്കാര സ്ഥലമാണ്!.

ഏഴ്: ഭൂമിയിൽ നിർമ്മിക്കപ്പെട്ട രണ്ടാമത്തെ പള്ളിയാണത്.

അബൂദർറ് ﵁ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഭൂമിയിൽ ആദ്യമായി നിർമ്മിക്കപ്പെട്ട പള്ളി ഏതാണ്?'. അദ്ദേഹം പറഞ്ഞു: മസ്ജിദുൽ ഹറാം. ഞാൻ ചോദിച്ചു: 'പിന്നീട് ഏതാണ്?'. അദ്ദേഹം പറഞ്ഞു: മസ്ജിദുൽ അഖ്സ. ഞാൻ ചോദിച്ചു: 'അവ രണ്ടും തമ്മിൽ എത്ര കാലത്തെ വ്യത്യാസമുണ്ട്?'. അദ്ദേഹം പറഞ്ഞു: നാൽപത് വർഷം.

എട്ട്: സുലൈമാൻ ബിൻ ദാവൂദ് ﵇ അത് പുനർനിർമ്മിക്കുകയും അവിടെ നമസ്കരിക്കുന്നവർക്ക് പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. ആ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചു.

ഒമ്പത്: സുലൈമാൻ ﵇ ക്ക് മുമ്പ് ഇബ്രാഹിം ﵇, യഅ്ഖൂബ് ﵇ തുടങ്ങിയ പ്രവാചകന്മാരും അത് പുനർനിർമ്മിച്ചിട്ടുണ്ട്.

പത്ത്: ഖലീഫ ഉമർ ബിൻ ഖത്താബ് ﵁ ആണ് അത് വിജയകരമായി തുറന്നുകൊടുത്തത്. ഹിജ്റ 15-ൽ (ക്രി. 636) അബൂ ഉബൈദ ആമിർ ബിൻ ജർറാഹ് ﵁ യുടെ നേതൃത്വത്തിലുള്ള സൈന്യം ജെറുസലേം ഉപരോധിച്ചു. ആറ് മാസത്തിന് ശേഷം മുസ്ലിംകളുടെ ഖലീഫ നേരിട്ട് വന്നാൽ കീഴടങ്ങാമെന്ന് ക്രിസ്ത്യാനികളുടെ നേതാവ് സമ്മതിച്ചു. ഹിജ്റ 16-ൽ ഉമർ ﵁ അവിടെ എത്തുകയും താക്കോൽ ഏറ്റുവാങ്ങുകയും ചെയ്തു. ഇസ്റാഅ് രാത്രിയിൽ നബി ﷺ പ്രവേശിച്ച അതേ വാതിലിലൂടെ അദ്ദേഹം മസ്ജിദുൽ അഖ്സയിൽ പ്രവേശിച്ചു. മിഹ്റാബ് ദാവൂദിൽ വെച്ച് അദ്ദേഹം നമസ്കരിക്കുകയും അടുത്ത ദിവസം സുബ്ഹിക്ക് മുസ്ലിംകൾക്ക് ഇമാമായി നിൽക്കുകയും ചെയ്തു. ഒന്നാമത്തെ റക്അത്തിൽ 'സ്വാദ്' സൂറത്തും രണ്ടാമത്തെ റക്അത്തിൽ 'ബനീ ഇസ്രാഈൽ' (അൽ-ഇസ്റാഅ്) സൂറത്തും അദ്ദേഹം പാരായണം ചെയ്തു. തുടർന്ന് 'ഉമരിയ്യ കരാർ' എഴുതപ്പെട്ടു. മുസ്ലിം ഭരണത്തിന് കീഴിൽ ഫലസ്തീനിൽ താമസിക്കാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾക്ക് സംരക്ഷണവും അന്തസ്സും ഉറപ്പുനൽകുന്ന വ്യവസ്ഥകൾ അതിലുണ്ടായിരുന്നു.

അല്ലാഹുവിന്റെ ദാസന്മാരേ, ബൈത്തുൽ മുഖദ്ദസിനും മസ്ജിദുൽ അഖ്സക്കും അല്ലാഹു നൽകിയ പത്ത് വീതം പ്രത്യേകതകളാണിവ. ഓരോ മുസ്ലിമും ഇത് പഠിക്കുകയും തന്റെ മക്കളെ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഫലസ്തീൻ വിഷയം വെറും ഭൗതികമോ രാഷ്ട്രീയമോ ആയ ഒന്നല്ല, മറിച്ച് അതൊരു അഖീദ (വിശ്വാസപരമായ) കാര്യമാണ്. അതിൽ കാണിക്കുന്ന അശ്രദ്ധ ദീനിൽ വരുത്തുന്ന വീഴ്ചയാണ്. ഭൂമിയിലെ ഉത്തമരായ രാജാക്കന്മാർ അത് മോചിപ്പിക്കാൻ കഠിനമായി ശ്രമിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഇറാനിലെ റാഫിദികൾ (ശിയാക്കൾ) അത് മോചിപ്പിക്കാൻ എന്ന വ്യാജേന അവിടെ ശിർക്കിന്റെ കൊടികൾ ഉയർത്താൻ ആഗ്രഹിക്കുന്നു. എന്നാൽ ഉമർ ﷺ വും സ്വലാഹുദ്ദീനും തുറന്നുകൊടുത്ത ഫലസ്തീൻ, അവരെ ശപിക്കുന്നവർക്ക് ഒരിക്കലും വീണ്ടെടുക്കാൻ കഴിയില്ല!

രണ്ടാം ഖുത്ബ

الحمد لله وكفى، وسلام على عباده الذي اصطفى، أما بعد،

അല്ലാഹുവിന്റെ ദാസന്മാരേ, സുലൈമാൻ ﷺ ആണ് അത് നിർമ്മിച്ചത് എന്നും അതിനാൽ തങ്ങൾക്കാണ് അതിൽ അവകാശമെന്നും യഹൂദികൾ വാദിക്കുന്നു. ഇത് ഏഴ് കാരണങ്ങളാൽ തെറ്റാണ്:

ഒന്ന്: സുലൈമാൻ ﷺ മസ്ജിദുൽ അഖ്സയുടെ അടിസ്ഥാനം സ്ഥാപിക്കുകയല്ല ചെയ്തത്, മറിച്ച് അദ്ദേഹം അത് പുനർനിർമ്മിക്കുക (പുതുക്കിപ്പണിയുക) മാത്രമാണ് ചെയ്തത്. അത് ആദ്യമായി സ്ഥാപിച്ചത് ആദം ﷺ ആണെന്നും അതല്ല മറ്റുള്ളവരാണെന്നും അഭിപ്രായങ്ങളുണ്ട്.

രണ്ട്: സുലൈമാൻ ﷺ ക്ക് മുമ്പ് ഇബ്രാഹിം ﷺ, യഅ്ഖൂബ് ﷺ തുടങ്ങിയ പ്രവാചകന്മാർ അത് പുനർനിർമ്മിച്ചിട്ടുണ്ട്. അത് മുവഹിദുകൾക്ക് (ഏകദൈവ വിശ്വാസികൾക്ക്) അല്ലാഹുവെ ആരാധിക്കാൻ വേണ്ടിയായിരുന്നു, യഹൂദികളുടെ ഒരു ആരാധനാലയമായിരിക്കാനല്ല.

മൂന്ന്: സുലൈമാൻ ﷺ ഒരു മുവഹിദ് (ഏകദൈവ വിശ്വാസി) ആയിരുന്നു. എന്നാൽ യഹൂദികൾ തങ്ങളുടെ പ്രവാചകന്മാരുടെ മാർഗ്ഗത്തിലല്ല സഞ്ചരിച്ചത്. മറിച്ച് അവർ അവരെ ശത്രുക്കളായി കാണുകയും തൗറാത്തും ഇൻജീലും വികലമാക്കുകയും കാഫിറുകളാവുകയും ചെയ്തു. നൂഹ് ﷺ വും മകനും തമ്മിലും, ഇബ്രാഹിം ﷺ വും പിതാവ് ആസറും തമ്മിലും, മുഹമ്മദ് ﷺ യും അമ്മാവൻ അബൂലഹബും തമ്മിലും വേർപിരിഞ്ഞതുപോലെ, കുഫ്ർ (സത്യനിഷേധം) മുസ്ലിംകളും കാഫിറുകളും തമ്മിലുള്ള ബന്ധം മുറിച്ചു കളയുന്നു. അതിനാൽ ബനീ ഇസ്രാഈല്യർക്ക് ഉണ്ടായിരുന്ന ശ്രേഷ്ഠതകളിൽ യഹൂദികൾക്ക് യാതൊരു പങ്കുമില്ല; അവരുടെ കുഫ്ർ അവരെ അതിൽ നിന്ന് തടഞ്ഞിരിക്കുന്നു.

നാല്: സുലൈമാൻ ﷺ ആണ് പള്ളി പണിതത് എന്നത് വംശീയമായ അവകാശത്തിന് കാരണമാകുന്നില്ല. പ്രവാചകന്മാരുടെ പ്രബോധനം വികലമാക്കപ്പെട്ട യഹൂദ മതത്തെപ്പോലെ വംശീയമല്ല; മറിച്ച് അത് തൗഹീദിലും തഖ്വയിലും അധിഷ്ഠിതമാണ്. വംശഭേദമന്യേ ആളുകൾക്ക് നമസ്കരിക്കാനാണ് അദ്ദേഹം അത് പണിതത്.

അഞ്ച്: ഉമർ ﵁ ബൈത്തുൽ മുഖദ്ദസ് കീഴടക്കിയപ്പോൾ ഉണ്ടാക്കിയ സമാധാന കരാർ ഇന്നും നിലനിൽക്കുന്നു. മുസ്ലിംകൾ അത് ഒരിക്കലും വിട്ടുനൽകിയിട്ടില്ല, നൽകുകയുമില്ല. ഫലസ്തീൻ മുസ്ലിംകളുടേതാണ്, അതിന്റെ അധികാരവും പരമാധികാരവും അവർക്കാണ്. യഹൂദികൾക്ക് അവിടെ താമസിക്കാൻ അവകാശമുണ്ട്, എന്നാൽ മുസ്ലിം ഭരണത്തിന് കീഴിൽ അവർ ജിസ്യ നൽകേണ്ടതുണ്ട്.

ആറ്: ഭൂമി അല്ലാഹുവിന്റേതാണെന്നും അത് തന്റെ സദ്‌വൃത്തരായ ദാസന്മാർക്ക് അവൻ അനന്തരാവകാശമായി നൽകുമെന്നും അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ വിധിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു:

﴿وَلَقَدْ كَتَبْنَا فِي الزَّبُورِ مِن بَعْدِ الذِّكْرِ أَنَّ الْأَرْضَ يَرِثُهَا عِبَادِيَ الصَّالِحُونَ﴾

"തീർച്ചയായും ഉപദേശത്തിന് (ദിക്കറിന്) ശേഷം സബൂറിൽ നാം ഇപ്രകാരം എഴുതിയിരിക്കുന്നു: ഭൂമിയെ എന്റെ സദ്‌വൃത്തരായ ദാസന്മാർ അനന്തരമെടുക്കുന്നതാണ്."

ഇസ്‌ലാം ദീൻ പിന്തുടരുന്നവരല്ലാതെ സദ്‌വൃത്തരായി മറ്റാരുമില്ല. എന്നാൽ യഹൂദികൾ പ്രവാചകന്മാരുടെ ശത്രുക്കളും അവരെ കൊലപ്പെടുത്തിയവരുമാണ്. ഇബ്നു ഉഥൈമീൻ ﵀ പറഞ്ഞതിന്റെ സാരം ഇപ്രകാരമാണ്: ബനീ ഇസ്രാഈല്യർ വിശ്വാസികളായിരുന്ന കാലത്താണ് പരിശുദ്ധ ഭൂമി അവർക്ക് നിശ്ചയിക്കപ്പെട്ടത്. അവർ ബനീ ഇസ്രാഈലായതുകൊണ്ടല്ല, മറിച്ച് മുഅ്മിനീങ്ങൾ ആയതുകൊണ്ടാണ് അത് ലഭിച്ചത്. മൂസാ ﵇ യുടെ കാലത്ത് അവർ ഭൂമിയിലെ ഉത്തമരായ ആളുകളായിരുന്നു എന്നതിൽ സംശയമില്ല. അല്ലാഹു മുസ്ലിംകൾക്കും മുഹമ്മദ് ﷺ യിൽ വിശ്വസിച്ചവർക്കും ബനീ ഇസ്രാഈല്യരുടെ ഭൂമി അനന്തരമായി നൽകി.

ഏഴ്: പള്ളികളുടെ, പ്രത്യേകിച്ച് ഈ മൂന്ന് പള്ളികളുടെ അധികാരം സത്യവിശ്വാസികൾക്കാണ്, കാഫിറുകൾക്കല്ല. അല്ലാഹു പറഞ്ഞു:

﴿مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا مَسَاجِدَ اللَّهِ شاهدين على أنفسهم بالكفر أولئك حبطت أعمالهم وفي النار هم خالدون * إنما يعمر مساجد الله من آمن بالله واليوم والآخر وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَمْ يَخْشَ إِلَّا اللَّهَ﴾

"ബഹുദൈവാരാധകർക്ക് തങ്ങൾ സത്യനിഷേധികളാണെന്ന് സ്വയം സാക്ഷ്യം വഹിച്ചുകൊണ്ട് അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാൻ അവകാശമില്ല. അത്തരക്കാരുടെ കർമ്മങ്ങൾ നിഷ്ഫലമായിരിക്കുന്നു. നരകത്തിൽ അവർ

നിത്യവാസികളുമാകുന്നു. അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കേണ്ടത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ മാത്രമാണ്."

അല്ലാഹുവിന്റെ ദാസന്മാരേ, സുജൂദ് ചെയ്യുന്ന നെറ്റികൾക്കും, തൗഹീദുള്ള ഹൃദയങ്ങൾക്കും, വുദൂഅ് ചെയ്യുന്ന കൈകൾക്കും, സത്യസന്ധമായ നാവുകൾക്കും അല്ലാഹുവിന്റെ സഹായം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലാഹു തന്റെ വാഗ്ദാനത്തിൽ സത്യസന്ധനാണ്. അവൻ വാഗ്ദാനം ലംഘിക്കില്ല. അല്ലാഹു പറഞ്ഞു:

﴿وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ﴾

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുൻഗാമികൾക്ക് അധികാരം നൽകിയതുപോലെ ഭൂമിയിൽ അവരെ അവൻ പിൻഗാമികളാക്കുക തന്നെ ചെയ്യുമെന്ന്."

പിന്നീട് അല്ലാഹു കൽപ്പിച്ച വലിയൊരു കാര്യം നിങ്ങൾ അറിഞ്ഞിരിക്കുക:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

അല്ലാഹുവേ, നിന്റെ ദാസനും റസൂലുമായ മുഹമ്മദ് ﷺ യുടെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ.

9

ഭൂമിയിലെ കുഴപ്പങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്.

ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

മുസ്‌ലിംകളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും പേടിക്കുകയും ചെയ്യുക. അവനെ അനുസരിക്കുക, അവനെ ധിക്കരിക്കരുത്ചെയ്യുകയും ചെയ്യുക. അവനെ അനുസരിക്കുക, അല്ലാഹു പരിഷ്കരണത്തിന് (ഇസ്‌ലാഹ്) കൽപ്പിക്കുകയും നാശമുണ്ടാക്കുന്നതിനെ (ഫസാദ്) വിരോധിക്കുകയും ചെയ്തിരിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുക.

ശുഐബ് عليه السلام തന്റെ ജനതയോട് പറഞ്ഞു:

﴿إِنْ أُرِيدُ إِلَّا الْإِصْلَاحَ مَا اسْتَطَعْتُ وَمَا تَوْفِيقِي إِلَّا بِاللَّهِ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ﴾

"എനിക്ക് സാധ്യമായത്ര സുധാരണയല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹുവിന്റെ സഹായം കൊണ്ട് മാത്രമാണ് എനിക്ക് (അതിന്) സാധിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവങ്കലേക്ക് ഞാൻ മടങ്ങുകയും ചെയ്യുന്നു."

നന്മ ചെയ്യുന്നവർക്ക് (മുസ്‌ലിഹീങ്ങൾ) അല്ലാഹു വലിയ പ്രതിഫലം വാഗ്ദാനം ചെയ്തു കൊണ്ട് പറഞ്ഞു:

﴿وَالَّذِينَ يُمَسِّكُونَ بِالْكِتَابِ وَأَقَامُوا الصَّلَاةَ إِنَّا لَا نُضِيعُ أَجْرَ الْمُصْلِحِينَ﴾

"വേദഗ്രന്ഥത്തെ മുറുകെ പിടിക്കുകയും പ്രാർത്ഥന (നമസ്കാരം) മുറപോലെ നിർവ്വഹിക്കുകയും ചെയ്യുന്നവരാരോ, ആ സൽക്കർമ്മകാരികൾക്കുള്ള (മുസ്‌ലിഹീങ്ങൾക്കുള്ള) പ്രതിഫലം നാം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല."

ഒരു നാട്ടിലെ ആളുകൾ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു ആ നാടിനെ നശിപ്പിക്കില്ലെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്:

﴿وَمَا كَانَ رَبُّكَ لِيُهْلِكَ الْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ﴾

"നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അക്രമപൂർവ്വം നിന്റെ രക്ഷിതാവ് ജനപഥങ്ങളെ നശിപ്പിക്കുകയില്ല."

മുസ്‌ലിംകളേ, പരിഷ്കരണത്തിന് (ഇസ്‌ലാഹ്) വിരുദ്ധമായ കാര്യമാണ് നാശമുണ്ടാക്കൽ (ഫസാദ്). അല്ലാഹു ഫസാദിനെയും ഫസാദുണ്ടാക്കുന്നവരെയും വെറുത്തിരിക്കുന്നു:

﴿وَاللَّهُ لَا يُحِبُّ الْمُفْسِدِينَ﴾

"അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല."

നാശമുണ്ടാക്കുന്നതിനെ വിരോധിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു:

﴿وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ﴾

"ഭൂമിയിൽ കുഴപ്പക്കാരായിക്കൊണ്ട് നിങ്ങൾ അതിക്രമം കാട്ടരുത്."

കുഴപ്പക്കാർക്ക് അല്ലാഹു താക്കീത് നൽകി:

﴿فَانظُرْ كَيْفَ كَانَ عَاقِبَةُ الْمُفْسِدِينَ﴾

"ആ കുഴപ്പക്കാരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക."

കുഴപ്പമുണ്ടാക്കിയ ഒട്ടേറെ സമുദായങ്ങളെ അല്ലാഹു നശിപ്പിച്ചു. ഫിർഔനെക്കുറിച്ച് അല്ലാഹു പറഞ്ഞു:

﴿إِنَّ فِرْعَوْنَ عَلَا فِي الْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَائِفَةً مِّنْهُمْ يُذَبِّحُ أَبْنَاءَهُمْ وَيَسْتَحْيِي نِسَاءَهُمْ إِنَّهُ كَانَ مِنَ الْمُفْسِدِينَ﴾

"തീർച്ചയായും ഫിർഔൻ ഭൂമിയിൽ അഹങ്കരിച്ചു നടന്നു. അതിലെ നിവാസികളെ അവൻ വിവിധ കക്ഷികളാക്കി. അവരിൽ ഒരു വിഭാഗത്തെ അവൻ അടിച്ചമർത്തുന്നു. അവരുടെ ആൺമക്കളെ അവൻ അറുക്കുകയും അവരുടെ പെൺമക്കളെ ജീവിക്കാൻ വിടുകയും ചെയ്യുന്നു. തീർച്ചയായും അവൻ കുഴപ്പക്കാരുടെ കൂട്ടത്തിലാകുന്നു."

അതുപോലെ അല്ലാഹു കപടവിശ്വാസികളെ കുഴപ്പക്കാരെന്ന് വിശേഷിപ്പിച്ചു. അവർ തങ്ങളുടെ കുഴപ്പങ്ങളെ പരിഷ്കരണം എന്നാണ് വിളിക്കുന്നതെന്ന് അല്ലാഹു വ്യക്തമാക്കി:

﴿وإذا قيل لهم لا تفسدوا في الأرض قالوا إنما نحن مصلحون * ألا إنهم هم المفسدون ولكن لا يشعرون﴾

"ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് അവരോട് പറയപ്പെട്ടാൽ 'ഞങ്ങൾ നന്മ വരുത്തുന്നവർ മാത്രമാണല്ലോ' എന്നായിരിക്കും അവരുടെ മറുപടി.

എന്നാൽ അറിഞ്ഞേക്കുക: അവർ തന്നെയാകുന്നു കുഴപ്പമുണ്ടാക്കുന്നവർ. പക്ഷേ അവരത് ഗ്രഹിക്കുന്നില്ല."

സൽക്കർമ്മകാരികൾക്കും കുഴപ്പക്കാർക്കും ഇടയിലുള്ള വ്യത്യാസം അല്ലാഹു വിവരിച്ചു:

﴿أَمْ نَجْعَلُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ كَالْمُفْسِدِينَ فِي الْأَرْضِ أَمْ نَجْعَلُ الْمُتَّقِينَ كَالْفُجَّارِ﴾

"അതല്ല, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുമോ? അതല്ല, സൂക്ഷ്മത പാലിക്കുന്നവരെ ദുഷ്ടന്മാരെപ്പോലെ നാം ആക്കുമോ?"

സത്യവിശ്വാസികളേ, ഈ നാശം വിശ്വാസങ്ങളിലും ആരാധനകളിലും സ്വഭാവങ്ങളിലും ഇടപാടുകളിലും കടന്നുവരാം. അല്ലാഹു അല്ലാത്തവരിലേക്ക് മനസ്സ് ചായുക, അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുക, അല്ലാഹുവിന്റെ നിയമമല്ലാത്തവ കൊണ്ട് വിധി തേടുക എന്നിവ വിശ്വാസത്തിലെ നാശത്തിന്റെ രൂപങ്ങളാണ്.

ആരാധനകളിലെ ഫസാദിന്റെ ഉദാഹരണങ്ങളാണ് സൂര്യൻ ഉദിച്ചതിന് ശേഷം മനഃപൂർവ്വം സുബ്ഹി നമസ്കരിക്കുക എന്നത്. അതുപോലെ നബിദിനാഘോഷം പോലുള്ള പുത്തൻ കാര്യങ്ങളിലൂടെ (ബിദ്അത്തുകൾ) അല്ലാഹുവിലേക്ക് അടുക്കാൻ ശ്രമിക്കുന്നതും ഇതിൽ പെടുന്നു.

സ്ത്രീകൾ അന്യപുരുഷന്മാർ കാണുന്ന രീതിയിൽ വസ്ത്രധാരണം ചെയ്യുന്നതും, തൊഴിലിടങ്ങളിൽ പുരുഷന്മാരും സ്ത്രീകളും ഇടകലരുന്നതും, നാവുകൊണ്ടുള്ള തിന്മകൾ, സംഗീതവും പാട്ടുകളും കേൾക്കൽ എന്നിവ സ്വഭാവങ്ങളിലെ നാശമാണ്. നബി ﷺ പറഞ്ഞു:

ليكونن من أمتي أقوام يستحلون الحِرَ والحرير والخمر والمعازف.

"എന്റെ സമുദായത്തിൽ ചിലർ വരും; അവർ വ്യഭിചാരത്തെയും പട്ടിനെയും മദ്യത്തെയും സംഗീത ഉപകരണങ്ങളെയും അനുവദനീയമായി കാണും." ﴿ബുഖാരി﴾

ഇടപാടുകളിലെ ഫസാദിന്റെ ഒരു രൂപം പലിശയാണ്. അല്ലാഹു പറയുന്നു:

﴿يا أيها الذين آمنوا لا تأكلوا الربا أضعافا مضاعفة واتقوا الله لعلكم تفلحون﴾

"സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയികളായേക്കാം."

നബി ﷺ പലിശ തിന്നുന്നവനെ ശപിച്ചു കൊണ്ട് പറഞ്ഞു:

لعن الله آكل الربا ومُوكله وكاتبه وشاهديه. وقال: هم سواء.

"പലിശ തിന്നുന്നവനെയും അത് നൽകുന്നവനെയും അത് എഴുതുന്നവനെയും അതിന് സാക്ഷ്യം നിൽക്കുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു. അവരെല്ലാവരും തുല്യരാണ്." അതായത് ശപിക്കപ്പെടുന്ന കാര്യത്തിൽ അവരെല്ലാം ഒരേപോലെയാണ്", കാരണം അവർ അതിന് പരസ്പരം സഹായിക്കുന്നു.

ഇടപാടുകളിലെ മറ്റൊരു വലിയ കുഴപ്പമാണ് കൈക്കൂലി. ഒരാൾ തനിക്ക് അർഹതയില്ലാത്തത് നേടിയെടുക്കാനോ താൻ ചെയ്യേണ്ട ബാധ്യത ഒഴിവാക്കാനോ മറ്റൊരാൾക്ക് പണം നൽകുന്നതിനെയാണ് കൈക്കൂലി എന്ന് പറയുന്നത്. അബ്ദുല്ലാഹിബ്നു അംറ് ﷺ വിൽ നിന്ന് നിവേദനം:

لَعَنَ رَسُولُ اللَّهِ ﷺ الرَّاشِي وَالْمُرْتَشِي.

"കൈക്കൂലി കൊടുക്കുന്നവനെയും അത് വാങ്ങുന്നവനെയും അല്ലാഹുവിന്റെ ദൂതൻ ﷺ ശപിച്ചിരിക്കുന്നു."

കൈക്കൂലിയെ 'ഗുലൂൽ' (വഞ്ചന) എന്നും വിശേഷിപ്പിക്കാറുണ്ട്. ബുറൈദ ﷺ വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

مَنْ اسْتَعْمَلْنَاهُ عَلَى عَمَلٍ فَرَزَقْنَاهُ رِزْقًا فَمَا أَخَذَ بَعْدَ ذَلِكَ فَهُوَ غُلُول.

"നാം ഒരാളെ ഒരു ജോലി ഏൽപ്പിക്കുകയും അതിന് ശമ്പളം നൽകുകയും ചെയ്താൽ, അതിന് ശേഷം അയാൾ ആ ജോലി വഴി വാങ്ങുന്നത് വഞ്ചനയാണ്."

ഈ ഹദീസിന്റെ അർത്ഥം ഇതാണ്: നാം ഒരാളെ ഒരു ജോലിക്ക് നിയമിക്കുകയും ശമ്പളം നൽകുകയും ചെയ്താൽ, ആ ജോലിയുടെ പേരിൽ മറ്റൊരാളിൽ നിന്ന് ഒന്നും വാങ്ങാൻ അയാൾക്ക് പാടില്ല. വാങ്ങിയാൽ അത് വഞ്ചനയാണ്. സർക്കാരിലോ സ്വകാര്യ മേഖലയിലോ ശമ്പളം വാങ്ങി ജോലി ചെയ്യുന്ന ഒരാൾക്ക് തന്റെ ഔദ്യോഗിക പദവി കാരണം ഒരാളിൽ നിന്ന് പണമോ സമ്മാനമോ വാങ്ങാൻ പാടില്ലെന്ന് ഈ ഹദീസ് തെളിയിക്കുന്നു. കൈക്കൂലിയുടെ പേര് മാറ്റുന്നത് കൊണ്ട് അതിന്റെ സ്വഭാവം മാറില്ല. സമ്മാനമെന്നോ പാരിതോഷികമെന്നോ പേരിട്ട് കൈക്കൂലി വാങ്ങുന്നവൻ യഥാർത്ഥത്തിൽ കൈക്കൂലിക്കാരൻ തന്നെയാണ്.

അല്ലാഹു ഖുർആനിലൂടെ എനിക്കും നിങ്ങൾക്കും അനുഗ്രഹം നൽകട്ടെ.

രണ്ടാം ഖുത്ബ

الحمد لله وكفى، وسلام على عباده الذي اصطفى، أما بعد،

ബനൂ സുലൈം ഗോത്രത്തിൽ നിന്നും സകാത്ത് പിരിക്കാനായി ഇബ്നുൽ ലുത്ബിയ്യ എന്ന് വിളിക്കപ്പെടുന്ന ഒരാളെ നബി ﷺ നിയോഗിച്ചു. ജോലി കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: "ഇത് നിങ്ങൾക്ക് ഉള്ളതാണ്, ഇത് എനിക്ക് സമ്മാനമായി ലഭിച്ചതാണ്."

അപ്പോൾ നബി ﷺ ചോദിച്ചു:

أَفَلا قَعَدْتَ في بَيْتِ أبِيكَ وأُمِّكَ، فَنَظَرْتَ أيُهْدَى لكَ أمْ لا؟

"നിന്റെ ഉമ്മയുടെയും ഉപ്പയുടെയും വീട്ടിൽ ഇരുന്നിരുന്നെങ്കിൽ നിനക്ക് ഈ സമ്മാനം ലഭിക്കുമായിരുന്നോ എന്ന് നീ നോക്കിയോ?"

തുടർന്ന് നബി ﷺ നമസ്കാരാനന്തരം എഴുന്നേറ്റു നിന്ന് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പറഞ്ഞു:

أمَّا بَعْدُ، فَما بالُ العامِلِ نَسْتَعْمِلُهُ، فَيَأْتِينا فيَقولُ: هذا مِن عَمَلِكُمْ، وهذا أُهْدِيَ لِي، أفَلا قَعَدَ في بَيْتِ أبِيهِ وأُمِّهِ فَنَظَرَ هلْ يُهْدَى له أمْ لا، فَوالذي نَفْسُ مُحَمَّدٍ بيَدِهِ، لا يَغُلُّ أحَدُكُمْ مِنْها شيئًا إلَّا جاءَ به يَومَ القِيامَةِ يَحْمِلُهُ علَى عُنُقِهِ، إنْ كانَ بَعِيرًا جاءَ به له رُغاءٌ، وإنْ كانَتْ بَقَرَةً جاءَ بها لها خُوارٌ، وإنْ كانَتْ شاةً جاءَ بها تَيْعَر، فقَدْ بَلَّغْتُ.

"നാം ഒരാളെ ജോലിക്ക് നിയോഗിക്കുന്നു, അപ്പോൾ അയാൾ വന്ന് പറയുന്നു 'ഇത് നിങ്ങൾക്കുള്ളതും ഇത് എനിക്ക് കിട്ടിയ സമ്മാനവുമാണ്' എന്ന്. അയാൾ തന്റെ മാതാപിതാക്കളുടെ വീട്ടിൽ ഇരുന്നിരുന്നെങ്കിൽ അയാൾക്ക് ഈ സമ്മാനം ലഭിക്കുമായിരുന്നോ? മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, ഇതിൽ നിന്നും വഞ്ചനയിലൂടെ ആരെങ്കിലും എന്തെങ്കിലും കൈക്കലാക്കിയാൽ ഖിയാമത്ത് നാളിൽ അത് തന്റെ കഴുത്തിൽ ചുമന്നുകൊണ്ടായിരിക്കും അവൻ വരിക. അതൊരു ഒട്ടകമാണെങ്കിൽ അത് ഒച്ച വെച്ചുകൊണ്ടിരിക്കും, പശുവാണെങ്കിൽ അത് കരഞ്ഞു കൊണ്ടിരിക്കും, ആടാണെങ്കിൽ അത് കരഞ്ഞുകൊണ്ടിരിക്കും. തീർച്ചയായും ഞാൻ എത്തിച്ചുകൊടുത്തു."

അബൂ ഹുമൈദ് ﷺ പറയുന്നു: "ഇതു പറഞ്ഞുകൊണ്ട് നബി ﷺ തന്റെ കൈകൾ ഉയർത്തി, അദ്ദേഹത്തിന്റെ കക്ഷത്തിലെ വെളുപ്പ് ഞങ്ങൾ കാണുന്നതുവരെ."

അല്ലാഹുവിന്റെ ദാസന്മാരേ, സ്രഷ്ടാക്കളിൽ ഉത്തമനായ മുഹമ്മദ് നബി ﷺ യുടെ മേൽ നിങ്ങൾ സ്വലാത്ത് ചൊല്ലുക. അല്ലാഹു കൽപ്പിച്ചിരിക്കുന്നു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

അല്ലാഹുവേ, നിന്റെ ദാസനും റസൂലുമായ മുഹമ്മദ് ﷺ യുടെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ.

10

കൊറോണ : രോഗവും ചികിത്സയും.

കൊറോണ, രോഗവും പ്രതിവിധിയും

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إله إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

﴿يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إِلاَّ وَأَنتُم مُّسْلِمُونَ﴾

﴿يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيراً وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبا﴾

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيداً * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزاً عَظِيما﴾

അല്ലാഹുവിന്റെ ദാസന്മാരേ,

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനെ ഭയപ്പെടുകയും ചെയ്യുക. അവനെ അനുസരിക്കുക, തന്റെ ദാസന്മാർക്ക് അല്ലാഹു നിശ്ചയിക്കുന്ന ഗുണത്തിലും ദോഷത്തിലും, സന്തോഷത്തിലും പ്രയാസത്തിലും വലിയ യുക്തികളുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുക. അല്ലാഹുവെ അനുസരിക്കുന്നതിലും പാപങ്ങൾ വെടിയുന്നതിലും ഉള്ള അവരുടെ ക്ഷമ പരീക്ഷിക്കുക എന്നത് ആ യുക്തികളിൽ പെട്ടതാണ്. അതുപോലെ ജീവനിലും സമ്പത്തിലും ഫലങ്ങളിലും അല്ലാഹു വരുത്തുന്ന കുറവുകളിൽ അവർ എത്രത്തോളം ക്ഷമിക്കുന്നു എന്ന് പരീക്ഷിക്കാനും അവൻ ഉദ്ദേശിക്കുന്നു.

അല്ലാഹു പറയുന്നു:

﴿وَنَبْلُوكُم بِالشَّرِّ وَالْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ﴾

"ഒരു പരീക്ഷണമെന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരീക്ഷിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നത്."

അതായത്, ഐശ്വര്യം കൊണ്ടും ദാരിദ്ര്യം കൊണ്ടും, പ്രതാപം കൊണ്ടും നിന്ദ്യത കൊണ്ടും, ജീവിതം കൊണ്ടും മരണം കൊണ്ടും, ആരോഗ്യവും രോഗവും കൊണ്ടും, മഹാമാരിയും ആശ്വാസവും കൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നു - നിങ്ങളിൽ ആരാണ് നല്ല രീതിയിൽ പ്രവർത്തിക്കുന്നതെന്ന് അറിയാൻ വേണ്ടി. അങ്ങനെ അവൻ മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നു. എന്നാൽ ചിലർ തന്റെ പാപങ്ങളിൽ തുടർന്നുപോകുന്നു, അല്ലാഹുവിന്റെ ഈ നിശ്ചയത്തിന് പിന്നിലെ ലക്ഷ്യത്തെക്കുറിച്ച് അവൻ അശ്രദ്ധനായിരിക്കും.

സത്യവിശ്വാസികളേ, ഈ കാലഘട്ടത്തിൽ അല്ലാഹു ജനങ്ങളിൽ നിശ്ചയിച്ച വലിയ പരീക്ഷണങ്ങളിൽ ഒന്നാണ് കൊറോണ മഹാമാരി. ജനങ്ങളുടെ ജോലികൾ തടസ്സപ്പെടാനും മരണങ്ങൾ സംഭവിക്കാനും സാമ്പത്തികവും മാനുഷികവുമായ നഷ്ടങ്ങൾക്കും ഇത് കാരണമായി. ഉൾക്കാഴ്ചയുള്ള മുസ്ലിം ഇതിനെ സ്വന്തം ആത്മാവിനുള്ള ഒരു ഗുണപാഠമാക്കണം.

ഈ മഹാമാരി ഉണ്ടായത് വെറുതെയല്ല മറിച്ച് മഹത്തായ ഒരു യുക്തിക്കുവേണ്ടിയാണ് അവൻ ഇത് നിശ്ചയിച്ചത്. വിശുദ്ധ ഖുർആനിൽ പലയിടത്തും അല്ലാഹു അത് പരാമർശിച്ചിട്ടുണ്ട്; അതായത് ജനങ്ങൾ പാപങ്ങളിലും തെറ്റുകളിലും മുഴുകുമ്പോൾ, അവർ ചെയ്ത പ്രവർത്തനങ്ങളുടെ ഫലം ദുനിയാവിൽ തന്നെ അവർക്ക് നൽകുന്നു, അവർ മടങ്ങാൻ വേണ്ടി. അല്ലാഹു പറയുന്നു:

﴿ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاسِ لِيُذِيقَهُم بَعْضَ الَّذِي عَمِلُوا لَعَلَّهُمْ يَرْجِعُونَ﴾

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് രുചിപ്പിക്കാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം."

അല്ലാഹു പറയുന്നു:

﴿وَمَا أَصَابَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُو عَن كَثِيرٍ﴾

"നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തമാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു."

അതുകൊണ്ട് ഈ പൊതുവായ പരീക്ഷണം ഉണ്ടായത് ആ ധിക്കാരവും അനുസരണക്കേടും കാരണമാണ്. അത് പ്രകടമാണ്, മറച്ചു വെക്കപ്പെട്ടതല്ല. മാധ്യമങ്ങളിലെ അശ്ലീലം വ്യാപിച്ചു, പാട്ടിന്റെയും പേക്കൂത്തുകളുടെയും മതത്തെ

പരിഹസിക്കുന്നവരുടെയും ശബ്ദം റമദാനിൽ പോലും ഉയർന്നു. പലിശ ഇടപാടുകൾ സ്വാഭാവികമായ ഒന്നായി മാറി, അത് ഒരു തിന്മയായി പോലും കാണാതായി. തൊഴിലിടങ്ങളിലും അങ്ങാടികളിലും നഗ്നതയും സ്ത്രീ-പുരുഷ കൂടിക്കലരലുകളും വ്യാപിച്ചു. സ്ത്രീകൾ ഹിജാബിന്റെ കാര്യത്തിൽ വീഴ്ച വരുത്തി, ആകർഷകമായ വസ്ത്രധാരണ രീതികൾ സ്വീകരിച്ചു. നമസ്കാരത്തിന് എഴുന്നേൽക്കാതെ ഉറങ്ങുന്നതും പള്ളികൾ വെടിയുന്നതും കച്ചവടങ്ങളിൽ വ്യാപൃതരാകുന്നതും പറയേണ്ടതില്ലല്ലോ. എന്നിരിക്കെ ഒരു പൊതുവിപത്ത് ഉണ്ടാകുന്നതിൽ അത്ഭുതമുണ്ടോ?

അല്ലാഹുവിന്റെ ദാസന്മാരേ, രോഗങ്ങളും പീഡനങ്ങളും നിശ്ചയിക്കുന്നതിലെ അവന്റെ ഒരു യുക്തി, ദാസന്റെ ഹൃദയം എപ്പോഴും അല്ലാഹുവുമായി ബന്ധപ്പെട്ടിരിക്കാൻ വേണ്ടിയാണ്. താൻ അനുഭവിക്കുന്ന അനുഗ്രഹങ്ങളും ഐശ്വര്യവും അല്ലാഹുവിൽ നിന്നുള്ളതാണെന്നും ഏതു നിമിഷവും അല്ലാഹുവിന് അത് മാറ്റാൻ കഴിയുമെന്നും അവൻ മനസ്സിലാക്കണം. അങ്ങനെ ദാസൻ അല്ലാഹുവിന്റെ കല്പനകളിൽ മുറുകെ പിടിക്കുകയും അവന്റെ അനുഗ്രഹം നഷ്ടപ്പെടാതിരിക്കാൻ പാപങ്ങളിൽ നിന്ന് ജാഗ്രത പാലിക്കുകയും ചെയ്യുന്നു. കാരണം അനുഗ്രഹങ്ങൾ നന്ദി കാണിച്ചാൽ നിലനിൽക്കും, നന്ദികേട് കാണിച്ചാൽ ഓടിപ്പോകും.

രോഗങ്ങളും പീഡനങ്ങളും നൽകുന്നതിലെ മറ്റൊരു യുക്തി, അശ്രദ്ധയിലും പാപത്തിലും കഴിയുന്നവർക്ക് തങ്ങളുടെ രക്ഷിതാവിലേക്ക് മടങ്ങാനും പശ്ചാത്തപിക്കാനും ഉള്ള ഒരു ഓർമ്മപ്പെടുത്തലാണ്. തങ്ങൾക്ക് മേൽ നിരീക്ഷകനായ ഒരു രക്ഷിതാവുണ്ടെന്നും അവൻ പാപത്തിന് ശിക്ഷിക്കുമെന്നും അവർ അറിയാൻ വേണ്ടിയാണത്. അല്ലാഹു പറയുന്നു:

﴿وَبَلَوْنَاهُم بِالْحَسَنَاتِ وَالسَّيِّئَاتِ لَعَلَّهُمْ يَرْجِعُونَ﴾

"നന്മകൾ കൊണ്ടും തിന്മകൾ കൊണ്ടും നാം അവരെ പരീക്ഷിച്ചു; അവർ മടങ്ങിയേക്കാം."

അല്ലാഹു പറയുന്നു:

﴿فَلَوْلَا إِذْ جَاءَهُم بَأْسُنَا تَضَرَّعُوا﴾

"നമ്മുടെ ശിക്ഷ അവർക്ക് വന്നപ്പോൾ അവർ വിനീതരായി പ്രാർത്ഥിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ!"

ഈ പരീക്ഷണം വഴി പാപികളായ ചിലരുടെ ഹൃദയകാഠിന്യം വെളിപ്പെടുന്നു. പിശാച് അവർക്ക് അവരുടെ പ്രവർത്തികളെ അലങ്കരിച്ചു കാണിക്കുന്നു, തങ്ങൾ ചെയ്യുന്നത് നല്ലതാണെന്നും ഇത് ലോകത്തെ തകിടം മറിക്കില്ലെന്നും അവർ ധരിക്കുന്നു. അല്ലാഹു അവരെ പടിപടിയായി നാശത്തിലേക്ക് കൊണ്ടുപോകുന്നു (ഇസ്തിദ്റാജ്). അവർ പാപത്തിൽ തുടരുമ്പോഴും അല്ലാഹു അവർക്ക് അനുഗ്രഹങ്ങൾ നൽകി നീട്ടിക്കൊടുക്കുന്നു, ഒടുവിൽ അപ്രതീക്ഷിതമായി അവരെ പിടികൂടുന്നു. അല്ലാഹു പറയുന്നു:

﴿سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ * وَأُمْلِي لَهُمْ ۚ إِنَّ كَيْدِي مَتِينٌ﴾

"അവർ അറിയാത്ത വിധത്തിലൂടെ നാം അവരെ പടിപടിയായി പിടികൂടും. അവർക്ക് നാം നീട്ടിക്കൊടുക്കുകയും ചെയ്യും. തീർച്ചയായും എന്റെ തന്ത്രം അതിശക്തമാണ്."

അല്ലാഹു പറയുന്നു:

﴿فَلَمَّا نَسُوا مَا ذُكِّرُوا بِهِ فَتَحْنَا عَلَيْهِمْ أَبْوَابَ كُلِّ شَيْءٍ حَتَّىٰ إِذَا فَرِحُوا بِمَا أُوتُوا أَخَذْنَاهُم بَغْتَةً فَإِذَا هُم مُّبْلِسُونَ﴾

"അങ്ങനെ തങ്ങളെ ഓർമ്മിപ്പിച്ച കാര്യങ്ങൾ അവർ മറന്നപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നുകൊടുത്തു. അങ്ങനെ തങ്ങൾക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശരായിത്തീരുന്നു."

അല്ലാഹു പറയുന്നു:

﴿وَلَقَدْ أَخَذْنَاهُم بِالْعَذَابِ فَمَا اسْتَكَانُوا لِرَبِّهِمْ وَمَا يَتَضَرَّعُونَ * حَتَّىٰ إِذَا فَتَحْنَا عَلَيْهِم بَابًا ذَا عَذَابٍ شَدِيدٍ إِذَا هُمْ فِيهِ مُبْلِسُونَ﴾

"നാം അവരെ ശിക്ഷ മുഖേന പിടികൂടി. എന്നിട്ടും അവർ തങ്ങളുടെ രക്ഷിതാവിന് കീഴ്പെട്ടില്ല. അവർ വിനീതരായി പ്രാർത്ഥിക്കുന്നുമില്ല. അങ്ങനെ കഠിനമായ ശിക്ഷയുള്ള ഒരു വാതിൽ നാം അവർക്ക് മുന്നിൽ തുറന്നുകൊടുത്താൽ അവരതാ അതിൽ നിരാശരായി കഴിയുന്നു." (അതായത് അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് അവർ നിരാശരാകുന്നു).

ഇത്തരം പ്രയാസങ്ങൾ നിശ്ചയിക്കുന്നതിലെ മറ്റൊരു യുക്തി, ക്ഷമയോടെ അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ചു കഴിയുന്നവർക്ക് ലഭിക്കുന്ന പുണ്യമാണ്.

നബി ﷺ പറഞ്ഞു:

عَجَبًا لِأَمْرِ الْمُؤْمِنِ، إِنَّ أَمْرَهُ كُلَّهُ خَيْرٌ، وَلَيْسَ ذَاكَ لِأَحَدٍ إِلَّا لِلْمُؤْمِنِ، إِنْ أَصَابَتْهُ سَرَّاءُ شَكَرَ فَكَانَ خَيْرًا لَهُ، وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فَكَانَ خَيْرًا لَهُ

"സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ എല്ലാ കാര്യങ്ങളും അവന് നന്മയാണ്. ഇതൊരു വിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവന് ഒരു സന്തോഷം ബാധിച്ചാൽ അവൻ നന്ദി കാണിക്കുന്നു, അത് അവന് നന്മയായി ഭവിക്കുന്നു. അവന് ഒരു പ്രയാസം ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു, അത് അവന് നന്മയായി ഭവിക്കുന്നു."

അബൂഹുറൈറ ﷺ നിവേദനം ചെയ്യുന്നു, നബി ﷺ പറഞ്ഞു:

مَا يَزَالُ الْبَلاءُ بِالْمُؤْمِنِ وَالْمُؤْمِنَةِ فِي نَفْسِهِ وَوَلَدِهِ وَمَالِهِ حَتَّى يَلْقَى اللَّهَ وَمَا عَلَيْهِ خَطِيئَةٌ

"ഒരു വിശ്വാസിക്കോ വിശ്വാസിനിക്കോ തന്റെ ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും, പാപങ്ങളൊന്നുമില്ലാതെ അവൻ അല്ലാഹുവെ കണ്ടുമുട്ടുന്നത് വരെ."

അല്ലാഹുവിന്റെ മറ്റൊരു യുക്തി, ഈ ചെറിയ വൈറസിന് മുന്നിൽ മനുഷ്യന്റെ ബലഹീനത വെളിവാക്കുക എന്നതാണ്. വിജ്ഞാനത്തിലും സാങ്കേതികവിദ്യയിലും വലിയ പുരോഗതി നേടിയ രാഷ്ട്രങ്ങൾ ഈ കൊച്ചു പരീക്ഷണത്തിന് മുന്നിൽ സ്തംഭിച്ചുപോയി. "ഞങ്ങളെക്കാൾ കരുത്തർ ആരുണ്ട്?" എന്ന് ചോദിച്ച രാഷ്ട്രങ്ങളുടെ അഹങ്കാരം ഈ മഹാമാരി തകർത്തു. അല്ലാഹു പറയുന്നു:

﴿وَلَا يَزَالُ الَّذِينَ كَفَرُوا تُصِيبُهُم بِمَا صَنَعُوا قَارِعَةٌ أَوْ تَحُلُّ قَرِيبًا مِّن دَارِهِمْ حَتَّىٰ يَأْتِيَ وَعْدُ اللَّهِ ۚ إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ﴾

"അവർ ചെയ്ത കർമ്മങ്ങൾ കാരണം സത്യനിഷേധികൾക്ക് ഏതെങ്കിലും വിപത്ത് ബാധിച്ചുകൊണ്ടേയിരിക്കും. അല്ലെങ്കിൽ അത് അവരുടെ വീടിന് സമീപത്തായി ഇറങ്ങും. അല്ലാഹുവിന്റെ വാഗ്ദാനം വരുന്നത് വരെ. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല."

അല്ലാഹു പറയുന്നു:

﴿فَكُلًّا أَخَذْنَا بِذَنبِهِ ۖ فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا وَمِنْهُم مَّنْ أَخَذَتْهُ الصَّيْحَةُ وَمِنْهُم مَّنْ خَسَفْنَا بِهِ الْأَرْضَ وَمِنْهُم مَّنْ أَغْرَقْنَا ۚ وَمَا كَانَ اللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوا أَنفُسهمَ يَظْلِمُونَ﴾

"അങ്ങനെ എല്ലാവരെയും അവരവരുടെ പാപങ്ങൾ കാരണം നാം പിടികൂടി. അവരുടെ കൂട്ടത്തിൽ ചരൽമഴ അയക്കപ്പെട്ടവരുണ്ട്, ഘോരശബ്ദം പിടികൂടിയവരുണ്ട്, ഭൂമിയിൽ ആഴ്ത്തപ്പെട്ടവരുണ്ട്, മുക്കി കൊല്ലപ്പെട്ടവരുണ്ട്. അല്ലാഹു അവരോട്

അക്രമം കാണിക്കുകയായിരുന്നില്ല, മറിച്ച് അവർ സ്വന്തത്തോടുതന്നെ അക്രമം കാണിക്കുകയായിരുന്നു."

അല്ലാഹു പറയുന്നു:

﴿وَكَمْ أَهْلَكْنَا مِن قَرْيَةٍ بَطِرَتْ مَعِيشَتَهَا﴾

"തങ്ങളുടെ ജീവിത സൗകര്യങ്ങളിൽ അഹങ്കാരം കാണിച്ച എത്രയോ രാജ്യങ്ങളെ നാം നശിപ്പിച്ചു കളഞ്ഞു."

മുസ്ലിംകളേ, ഈ മഹാമാരിയെ കേവലം ഭൗതിക കാരണങ്ങളിലേക്ക് (മരുന്നിന്റെ കുറവ്, പ്രതിരോധത്തിലെ വീഴ്ച) മാത്രം ചേർത്തു പറയുന്നവർ അത്ഭുതമാണ്. വിധിയിൽ വിശ്വസിക്കാത്തവരാണ് ഇത് പറയുന്നത്. ഇത് അപൂർണ്ണമായ ഭൗതിക കാഴ്ചപ്പാടാണ്. അല്ലാഹുവാണ് ഇത് നിശ്ചയിച്ചത്, അവന് മാത്രമേ ഇത് മാറ്റാൻ കഴിയൂ. അല്ലാഹു പറയുന്നു:

﴿أَفَأَمِنَ أَهْلُ الْقُرَىٰ أَن يَأْتِيَهُم بَأْسُنَا بَيَاتًا وَهُمْ نَائِمُونَ * أَوَأَمِنَ أَهْلُ الْقُرَىٰ أَن يَأْتِيَهُم بَأْسُنَا ضُحًى وَهُمْ يَلْعَبُونَ * أَفَأَمِنُوا مَكْرَ اللَّهِ ۚ فَلَا يَأْمَنُ مَكْرَ اللَّهِ إِلَّا الْقَوْمُ الْخَاسِرُونَ﴾

"ആ രാജ്യങ്ങളിലെ ജനങ്ങൾ രാത്രിയിൽ ഉറങ്ങിക്കൊണ്ടിരിക്കെ നമ്മുടെ ശിക്ഷ അവർക്ക് വന്നെത്തുന്നതിനെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? അല്ലെങ്കിൽ ആ രാജ്യങ്ങളിലെ ജനങ്ങൾ പകൽ വെളിച്ചത്തിൽ കളിച്ചുകൊണ്ടിരിക്കെ നമ്മുടെ ശിക്ഷ വന്നെത്തുന്നതിനെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? അപ്പോൾ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? എന്നാൽ നഷ്ടം പറ്റിയ ജനവിഭാഗമല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരാവുകയില്ല."

അല്ലാഹു പറയുന്നു:

{قُلْ هُوَ الْقَادِرُ عَلَىٰ أَن يَبْعَثَ عَلَيْكُمْ عَذَابًا مِّن فَوْقِكُمْ أَوْ مِن تَحْتِ أَرْجُلِكُمْ أَوْ يَلْبِسَكُمْ شِيَعًا وَيُذِيقَ بَعْضَكُم بَأْسَ بَعْضٍ ۗ انظُرْ كَيْفَ نُصَرِّفُ الْآيَاتِ لَعَلَّهُمْ يَفْقَهُونَ}

"പറയുക: നിങ്ങളുടെ മുകൾഭാഗത്തു നിന്നോ നിങ്ങളുടെ കാലുകളുടെ ചുവട്ടിൽ നിന്നോ നിങ്ങളുടെ മേൽ ശിക്ഷ അയക്കാൻ, അല്ലെങ്കിൽ നിങ്ങളെ ഭിന്നകക്ഷികളായി ഇടകലർത്താൻ, നിങ്ങളിൽ ചിലർക്ക് ചിലരുടെ പീഡനം രുചിപ്പിക്കാൻ അവൻ കഴിവുള്ളവനാകുന്നു. നോക്കൂ, അവർക്ക് കാര്യം ഗ്രഹിക്കാൻ വേണ്ടി നാം തെളിവുകൾ വിവിധ രൂപത്തിൽ വിവരിച്ചുകൊടുക്കുന്നത് എങ്ങനെയാണെന്ന്."

ഭരണാധികാരികളെ അനുസരിക്കുന്നതിലും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിലും വലിയ നന്മയുണ്ട്. വീടുകളിൽ ഇരിക്കുന്നതും ആരോഗ്യ നിർദ്ദേശങ്ങൾ പാലിക്കുന്നതും ഈ രോഗം പടരാതിരിക്കാൻ സഹായിക്കും.

അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക. ഗഫ്ലത്തിനെ (അശ്രദ്ധ)സൂക്ഷിക്കുക. അല്ലാഹു പറയുന്നു:

﴿وَاعْلَمُوا أَنَّ اللَّهَ يَعْلَمُ مَا فِي أَنفُسِكُمْ فَاحْذَرُوهُ﴾

"നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുക. അതിനാൽ അവനെ നിങ്ങൾ ഭയപ്പെടുക."

നമ്മുടെ ചുറ്റുമുള്ളവർക്ക് രോഗം നൽകിയ അല്ലാഹുവിന് നമുക്കും അത് നൽകാൻ കഴിയും. അതുകൊണ്ട് തൗബ ചെയ്യുക. ഉമർ ﷺ ക്ഷാമകാലത്ത് പ്രാർത്ഥിച്ചത് ഇപ്രകാരമാണ്: "അല്ലാഹുവേ, പാപം കാരണമാല്ലാതെ ഒരു പരീക്ഷണവും ഇറങ്ങുകയില്ല, തൗബ കൊണ്ടല്ലാതെ അത് നീങ്ങുകയുമില്ല. പാപങ്ങൾ ഏറ്റുപറഞ്ഞ് ഞങ്ങളുടെ കൈകൾ നിന്നിലേക്കാണ്, തൗബയുമായി ഞങ്ങളുടെ നെറുകകൾ നിന്നിലേക്കാണ്."

അല്ലാഹു എനിക്കും നിങ്ങൾക്കും വിശുദ്ധ ഖുർആൻ കൊണ്ട് അനുഗ്രഹം നൽകട്ടെ. അവനിലേക്ക് പശ്ചാത്തപിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നവനാണ്.

രണ്ടാം ഖുത്ബ

الحمد لله وكفى، وسلام على عباده الذي اصطفى، أما بعد،

മുസ്ലിംകളേ, കൊറോണയിൽ നിന്നും മറ്റ് വിപത്തുകളിൽ നിന്നും രക്ഷ നേടാൻ പ്രധാനമായും ആറ് കാര്യങ്ങളുണ്ട്:

അല്ലാഹുവിൽ ഭരമേൽപ്പിക്കുക (തവക്കുൽ): അതോടൊപ്പം മുൻകരുതലുകൾ എടുക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ﴾

"ആരെങ്കിലും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്."

വിധിയിലുള്ള വിശ്വാസം: ഈ പരീക്ഷണം ബാധിക്കുന്നതും ബാധിക്കാത്തതും അല്ലാഹുവിന്റെ നിശ്ചയമാണ്. അല്ലാഹു പറയുന്നു:

﴿وَإِن يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ ۖ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ﴾

"നിനക്ക് അല്ലാഹു വല്ല ദോഷവും ഏല്പിക്കുന്ന പക്ഷം അതൊഴിവാക്കാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല നന്മയും ഏല്പിക്കുന്ന പക്ഷം അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു."

ഇബാദത്തുകൾ (ആരാധനകൾ) വർദ്ധിപ്പിക്കുക: അല്ലാഹു പറയുന്നു:

﴿أَلَيْسَ اللَّهُ بِكَافٍ عَبْدَهُ﴾

"അല്ലാഹു അവന്റെ ദാസന് മതിയായവനല്ലേ?" ദാസൻ ആരാധനകൾ വർദ്ധിപ്പിക്കുമ്പോൾ അല്ലാഹുവിന്റെ സംരക്ഷണം കൂടും.

സ്വലാത്ത് വർദ്ധിപ്പിക്കുക: ഉബയ്യുബ്നു കഅ്ബ് ﷺ പ്രവാചകനോട് തന്റെ പ്രാർത്ഥന മുഴുവൻ സ്വലാത്താക്കുമെന്ന് പറഞ്ഞപ്പോൾ നബി ﷺ പറഞ്ഞു:

﴿إِذًا تُكْفَى هَمَّكَ، وَيُغْفَرُ ذَنْبُكَ﴾

"എങ്കിൽ നിന്റെ വിഷമങ്ങൾക്ക് അത് മതിയാകും, നിന്റെ പാപം പൊറുക്കപ്പെടുകയും ചെയ്യും."

ളുഹാ നമസ്കാരം: നാല് റക്അത്ത് നമസ്കരിക്കുക. അല്ലാഹു ഹദീസുൽ ഖുദ്സിയിൽ പറയുന്നു:

ابْنَ آدَمَ، ارْكَعْ لِي أَرْبَعَ رَكَعَاتٍ مِنْ أَوَّلِ النَّهارِ أَكْفِكَ آخِرَهُ

"ആദമിന്റെ പുത്രാ, പകലിന്റെ തുടക്കത്തിൽ എനിക്ക് വേണ്ടി നീ നാല് റക്അത്ത് നമസ്കരിക്കുക, എന്നാൽ ആ പകലിന്റെ അവസാനം വരെ നിനക്ക് ഞാൻ മതിയായവനാകും (വിപത്തുകളിൽ നിന്ന് നിന്നെ കാക്കും)"

രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ:

സൂറത്തുൽ ഇഖ്ലാസും മുഅവ്വിദതൈനിയും മൂന്ന് തവണ ഓതുക. നബി ﷺ പറഞ്ഞു: "ഇത് നിനക്ക് എല്ലാ കാര്യത്തിനും മതിയാകും."

അബ്ദുല്ലാഹിബ്നു ഉമർ ﷺ നിവേദനം ചെയ്ത പ്രാർത്ഥന:

اللَّهُمَّ إِنِي أَسأَلُكَ العافِيَةَ فِي الدُنيا والآخرة...

അല്ലാഹുവേ, ദുനിയാവിലും ആഖിറത്തിലും ഞാൻ നിന്നോട് സൗഖ്യം ചോദിക്കുന്നു... എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതുഭാഗത്തിലൂടെയും ഇടതുഭാഗത്തിലൂടെയും മുകളിൽ നിന്നും എന്നെ കാക്കേണമേ...

സൂറത്തുൽ ബഖറയുടെ അവസാന രണ്ട് ആയത്തുകൾ രാത്രി ഓതുക:

من قرأ بالآيتين من آخر سورة البقرة في ليلة كفتاه

"ആരെങ്കിലും രാത്രിയിൽ ബഖറയിലെ അവസാന രണ്ട് ആയത്തുകൾ ഓതിയാൽ അവന് അത് മതിയാകും."

വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ:

بِسْمِ اللَّهِ، تَوَكَّلْتُ عَلَى اللَّهِ، وَلا حَوْلَ وَلا قُوةَ إِلاَّ بِاللَّهِ

"അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല." അപ്പോൾ അവനോട് പറയപ്പെടും: "നീ സന്മാർഗ്ഗത്തിലായിരിക്കുന്നു, നിനക്ക് മതിയായിരിക്കുന്നു, നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു."

അബൂബക്കർ സിദ്ദീഖ് ﷺ നിവേദനം ചെയ്യുന്നു, നബി ﷺ പറഞ്ഞു:

اسْأَلُوا اللَّهَ العَفْوَ وَالعَافِيَةَ

"നിങ്ങൾ അല്ലാഹുവിനോട് പാപമോചനവും സൗഖ്യവും ചോദിക്കുക."

നബി ﷺ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

اللهم إني أعوذ بك من البرص والجنون والجذام ومن سيئ الأسقام

"അല്ലാഹുവേ, വെള്ളപ്പാണ്ട്, ഭ്രാന്ത്, കുഷ്ഠം, മോശമായ രോഗങ്ങൾ എന്നിവയിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു."

ഖുതുബയിലെ കവിതയുടെ സാരം: കൊറോണയെ സൃഷ്ടിച്ചവനായ അല്ലാഹു പരിശുദ്ധൻ. അവൻ ജനങ്ങളെ അവരുടെ ബലഹീനത കാണിച്ചുകൊടുക്കാൻ അതിനെ അയച്ചു. കണ്ണുകൊണ്ട് കാണാൻ കഴിയാത്ത അത്ര ചെറുതാണെങ്കിലും ലോകത്തിന്റെ ചലനങ്ങളെ അത് നിശ്ചലമാക്കി. സാമ്പത്തിക മേഖലകൾ തകർന്നു, ജനങ്ങൾ വീടുകളിൽ തടവിലായി. തങ്ങൾക്കുണ്ടായിരുന്ന അനുഗ്രഹങ്ങൾ നന്ദികേട് കാട്ടിയത് ഓർക്കാൻ ഇത് കാരണമാകട്ടെ. അല്ലാഹുവേ, പ്രയാസത്തിന് ശേഷം എളുപ്പം നൽകേണമേ.

മുസ്ലിംകളേ, ഈ മഹാമാരി ജീവന് ഭീഷണിയാണ്. അതിനാൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. നിങ്ങളുടെ ശരീരത്തോട് നിങ്ങൾക്ക് ബാധ്യതയുണ്ട്. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا﴾

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

അല്ലാഹുവേ, നിന്റെ ദാസനും റസൂലുമായ മുഹമ്മദ് ﷺ യുടെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ.

تمت بحمد الله